ഇൻഡ്യയിലെ മഹാന്മാർ

ടി.കെ. കൃഷ്ണമേനോൻ

ഇൻഡ്യയിലെ

മഹാന്മാർ.

മരിച്ചുപോയ മിസ്റ്റർ ജി. പി. പിള്ള
ഇംഗ്ലീഷിൽ എഴുതീട്ടുള്ള പുസ്തകത്തെ പലർക്കുടി
പരിഭാഷപ്പെടുത്തി
മഹാമഹിമശ്രീ വലിയ കോയിത്തമ്പുരാൻ
തിരുമനസ്സിലെ മുഖവുരയോടുകൂടി
പ്രസിദ്ധപ്പെടുത്തുന്നത്.

പ്രസാധകൻ:

ടി. കെ. കൃഷ്ണമേനോൻ.

പുസ്തകം ഫ.

(മൂന്നാം പതിപ്പ്.)

തൃശ്ശിവപേരൂർ
മംഗളോദയം അച്ചുക്കൂടം.

൧൯൨൦.

സമർപ്പണം.

പരലോകപ്രാപ്തനായ

മ. രാ. രാ., ജി. പരമേശ്വരൻപിള്ള,

ബി. എ., ബാരിസ്റ്റർ അറ്റ്ലാ,

അവർകളുടെ ഓർമ്മയ്ക്കായിക്കൊണ്ടു് ഈ

പരിഭാഷയെ സമർപ്പിക്കുന്നു.

പ്രസാധകന്റെ

മുഖവുര.

ഈ പുസ്തകത്തിന്റെ മൂലകൃതിയെ പ്രസിദ്ധപ്പെടുത്തിയ ഉടനെ, അതിനെ പരിഭാഷപ്പെടുത്തുവാൻ എന്നെ അനുവദിക്കേണമെന്നു ഞാൻ പരമേശ്വരൻപിള്ള അവർകളോട് ആവശ്യപ്പെട്ടു. അദ്ദേഹം എന്റെ അപേക്ഷയെ കൈക്കൊണ്ടു എങ്കിലും, തജ്ജമ വേഗത്തിൽ തീർക്കുന്നതിനായി, ബുക്കിന്റെ ഓരോ ഭാഗം മ. രാ. രാ., എം. രാജരാ രാജവമ്മ അവർകളേയും, മ. രാ. രാ., പി. വേലു അവർകളേയും എന്നേയും ഏല്പിച്ചു. കുറെ മാസം കഴിഞ്ഞതിനുശേഷം, അദ്ദേഹം മറ്റ് ഇരുവരും തീർത്തിരുന്ന പരിഭാഷ എന്നെ ഏല്പിക്കുകയും ബാക്കിയുള്ളതെല്ലാം ഞാൻതന്നെ നോക്കേണമെന്നു പറയുകയും ചെയ്തു. പക്ഷെ, എന്റെ സ്നേഹിതന്റെ ഹിതമനുസരിച്ചു പ്രവർത്തിപ്പാൻ എനിക്കു സൗകര്യം പോരാതെ വന്നതു കാരണം, വേറെ ചിലരുടെ സഹായത്താൽകൂടിയാണു ഞാൻ എന്റെ കൃത്യത്തെ നിർവ്വഹിച്ചതു്.

എതാനും ചില ഭാഗങ്ങളൊഴിച്ചുള്ള ഈ പരിഭാഷയെല്ലാം ഇതിനു് ഒരു ആമുഖോപന്യാസം എഴുതിട്ടുള്ള ആ മാന്യപുരുഷൻ പരിശോധിച്ചിട്ടുണ്ടു്.

മൂലകൃതിയിലില്ലാത്ത ദിവാൻ ശങ്കുണ്ണിമേനവന്റേയും കേശവപിള്ള ദിവാന്റേയും ജീവചരിത്രങ്ങൾ ഇതിൽ ചേർത്തിരിക്കുന്നതു് ആ തിരുമനസ്സിലെ അഭിപ്രായം അനുസരിച്ചാകുന്നു. അവ രണ്ടും ഞാൻ ഓരോ അവസരങ്ങളിൽ ചെയ്ത പ്രസംഗങ്ങളുടെ പരിഭാഷകളാകുന്നു. തജ്ജമ ചെയ്തു

കിട്ടുവാൻ തരമുണ്ടാകുന്നതിനു രാജാ കേശവദാസന്റെ ചരിതം കൂടുവിൽ ചേർക്കുവാൻ എടയായതു്.

ഈ പുസ്തകം പ്രസിദ്ധപ്പെടുത്തുന്നതിൽ എന്നെ സഹായിച്ചിട്ടുള്ള എല്ലാവരോടും ഞാൻ എന്റെ നന്ദിപൂർവ്വമായ വന്ദനം പറഞ്ഞുകൊള്ളുന്നു. ഈ കൂട്ടത്തിൽ സദയം പ്രൂഫ് പരിശോധിച്ചു തെറ്റു തീർത്ത മ-ര-രാ ക്കുനേഴത്തു പരമേശ്വരമേനോൻ അവർകളുടെ സഹായം പ്രത്യേകം പ്രസ്താവയോഗ്യമാണു്.

ആമുഖോപന്യാസം.

എല്ലാ ദേശങ്ങളിലും എല്ലാകാലങ്ങളിലും മഹാന്മാർ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ട്. 'മഹാൻ' എന്ന പേരിനു് അവകാശം സിദ്ധിപ്പിക്കുന്നതായ അവരിൽ ഉള്ള വിശേഷഗുണം ഏതാതു ദേശത്തിനും കാലത്തിനും അനുരൂപമായിരിക്കുമെന്നേ ഉള്ളൂ. പുരാണകാലങ്ങളിലേപ്പോലെ ആധുനികകാലങ്ങളിൽ മഹാന്മാർ ഈ ലോകത്തെ അലങ്കരിക്കാറില്ലെന്നു ചില 'മഹാന്മാർ'കൂടി അഭിപ്രായപ്പെടാറില്ലെന്നില്ല. എന്നാൽ ഇതു സ്ഥൂലദൃഷ്ടിയിൽ സാധാരണ നമുക്കു തോന്നുന്ന വിചാരമെന്നേ ഉള്ളൂ. തൽക്കാലം നടക്കുന്ന സ്ഥിതിയെ ഉദ്ദേശത്തോടുകൂടി ദൃഷ്ടിക്കുകയും കഴിഞ്ഞ കാലങ്ങളെ ഉൽക്കണ്ഠയോടുകൂടി തിരിഞ്ഞുനോക്കി പ്രശംസിക്കുകയും ചെയ്യുന്നതു മനുഷ്യബുദ്ധിയുടെ ഒരുവക ചാപല്യമാകുന്നു. പണ്ടു് അനുഭവിച്ചിട്ടുള്ള കാര്യാകാര്യ സുഖങ്ങളെ അനുസ്മരിച്ചു രസിക്കാത്തവർ ആരെങ്കിലും ഉണ്ടോ എന്നു സംശയംതന്നെ. ഇപ്രകാരമുള്ള പ്രതിനിധി കാരണം ആലോചിക്കുന്നതായാൽ, ഇതു ബുദ്ധിയുടെ പ്രകൃത്യാ സിദ്ധിച്ചിട്ടുള്ള ഒരു പക്ഷപാതദോഷമെന്നു പറയേണ്ടിയിരിക്കുന്നു. കൃതത്രേതാദിയുഗങ്ങളെ കല്പിച്ചു് അവയിൽ ക്രമേണ വൃഷഭരൂപിയായ ധർമ്മത്തിന്റെ കാര്യകാരണാകാലായി കുടിയുന്നു എന്നും മറ്റും ധർമ്മസിദ്ധാന്തങ്ങളെ സ്ഥാപിക്കുന്നതിൽ ബുദ്ധിയുടെ സഹജമായ ഈ പക്ഷപാതദോഷംകൂടി നമ്മുടെ പൂർവ്വികന്മാരെ സഹായിച്ചിട്ടില്ലെ എന്നു സംശയിക്കാനിടയുണ്ടു്.

യന്ത്രമാനുഷന്മാരും ഭ്രതൃരാജ്യവും എല്ലാ നാട്ടുകാരും ചെയ്യാറുണ്ടു്. എന്നാൽ ഹിന്ദുക്കളിൽ ഇതു് ഒരു ദൃഷ്ടാന്തംപോലെ പിടിപെട്ടിരിക്കുന്നു. ഹിന്ദുക്കൾ മഹാപുരുഷവന്ദ

നം, അല്ലെങ്കിൽ പൂവിൻകേസരി എന്നതിനെ അനുഷ്ഠിക്കുന്നവരാണ്. അസാധാരണമായ ഗുണപരിപൂർത്തി ഒരു പുരുഷനിൽ കാണുന്നതായാൽ അവർ അവനെ ഒരു അവതാരപുരുഷനാക്കാൻ ശ്രമിക്കും. അവനിലുള്ള ദോഷങ്ങളെ കണ്ടാലും കാണുകയില്ല. എന്നു മാത്രമല്ല, കലിവിഡംബനകാരൻ മന്ത്രവാദിയെപ്പറ്റി പ്രസ്താവിക്കുംപോലെ അവന്റെ ദോഷങ്ങളെത്തന്നെ ഗുണങ്ങളാക്കിത്തീർക്കുകയില്ലേ എന്നുകൂടി സംശയമുണ്ട്. എന്നാൽ ഇങ്ങനെയുള്ള മഹാപുരുഷത്വം ഒരുവനും തന്റെ ജീവിതകാലത്തിൽ കിട്ടുന്നതു പ്രയാസമാകുന്നു. രണ്ടു മൂന്നു തലമുറയുടെ അന്തഃകൊണ്ടു അവിശ്വാസികളുടെ ആക്ഷേപങ്ങൾക്കുള്ള ശക്തിക്ഷയിച്ചതിന്റെ ശേഷമേ ഒരുവനു മഹാപുരുഷനെന്നുള്ള കീർത്തിക്കു പൂർണ്ണാവകാശം സിദ്ധിക്കുകയുള്ളൂ. ഇങ്ങനെ യോഗ്യന്മാരായ ചില പൂവിൻകേസരന്മാർ ഏതോ ഒരു ഭാഗ്യവിശേഷത്താൽ ദേവകലയുള്ളവരായിത്തീരുന്നു. ഇവരോടു താരതമ്യപ്പെടുത്തി നോക്കുമ്പോൾ, നമ്മുടെ സഹജീവികളിൽ ഏതൊരുവൻ എങ്കിലും 'മഹാൻ' എന്ന പേരിനെ അർഹിക്കുന്നതായി നമുക്കു തോന്നുമെന്നോ?

ജീവചരിത്രങ്ങൾ എഴുതി സൂക്ഷിക്കുന്ന സമ്പ്രദായം നമ്മുടെ ഇടയിൽ നടപ്പുണ്ടായിരുന്നു എങ്കിൽ, ഈ സംഗതിയെപ്പറ്റി നമുക്ക് ഇത്രത്തോളം അനുശോചിപ്പാൻ ഇടവരികയില്ലായിരുന്നു. വാസ്തവമായ പൂവ്വചരിത്രത്തിന്റെ ജ്ഞാനം മനുഷ്യന് ഉപയുക്തബുദ്ധിയ്ക്ക് എത്രത്തോളം ആവശ്യകമാണെന്നുള്ളതു പൌരസ്ത്യജാതിക്കാരിൽ മിക്കവരും ധരിച്ചിട്ടില്ലായിരുന്നു. പാശ്ചാത്യന്മാർക്ക് ഇപ്പോൾ സിദ്ധിച്ചിട്ടുള്ള ഉൽകൃഷ്ടത്തിന്റെ സാധകങ്ങളിൽ ഒന്നു പൂവ്വസ്ഥിതിയുടെ അറിവുതന്നെ ആണെന്നു നിസ്സംശയം പ്രതിപാദിക്കാം. ഒരു സ്ഥിതിയിൽനിന്നു മറെറാന്നിലേക്കു മാറുമ്പോൾ, പുതുതായ സ്ഥാനം പൂവ്വസ്ഥാനത്തെക്കാൾ ഉപരിയോ താഴെയോ എന്നറിയുന്നതിനു തന്നെ അതാതുസ്ഥാനങ്ങളുടെ സ്വഭാവജ്ഞാനം ആവശ്യകമല്ലയോ?

ശങ്കരാചാര്യപ്രഭൃതികളായ ചില മഹാന്മാരുടെ ജീവചരിത്രം സഹജീവികളാൽ എഴുതപ്പെട്ടതായി നമുക്ക് ലഭിച്ചിട്ടില്ലെന്നില്ല. എന്നാൽ ആ വക മഹാന്മാർ മുൻ വിവരിച്ചപ്രകാരം ഈശ്വരാംശജാതന്മാർ എന്നു വിചാരിക്കപ്പെട്ടവരിൽ ഉൾപ്പെട്ടവരാകുന്നു. അവരുടെ അത്ഭുതവൃത്താന്തങ്ങൾ അമാനുഷങ്ങളാകയാൽ നമുക്ക് അനുകരിക്കാവുന്നവയല്ല. നമ്മെപ്പോലെ തന്നെ സർവ്വാത്മനാ മനുഷ്യധർമ്മികളായവരുടെ ചരിത്രമേ നമുക്ക് ഉപയോഗപ്പെടുന്നുള്ളു. നമ്മുടെ ഇടയിൽ തന്നെ ചിലർ തങ്ങളുടെ വ്യവസായത്തിന്റേയും ബുദ്ധിശക്തിയുടേയും മാഹാത്മ്യത്താൽ സാധിച്ചിട്ടുള്ള ശ്രേയസ്സുകളെ ആ വക ഗ്രന്ഥങ്ങളിൽ പ്രതിപാദിച്ചു കാണുമ്പോൾ, അവർ പോയ വഴിയെ അനുഗമിക്കുന്നതിനു നമുക്ക് ആശയും ഉത്സാഹവും ധൈര്യവും തോന്നുന്നു. ഇതിഹാസനായകന്മാരുടെ കഥാശ്രവണം അവരിൽ നമുക്ക ഭക്തിയെ ജനിപ്പിക്കുന്നതല്ലാതെ, അവരുടെ ചരിതാനുകരണത്തിൽ ഇഷ്ടയെ ഉണ്ടാക്കുന്നതല്ല.

പ്രകൃതപുസ്തകത്തിലെ * നായകന്മാരിൽ രണ്ടുപേരൊഴികെ എല്ലാവരും ഇപ്പോൾ അവസാനിച്ചിരിക്കുന്ന ഛൻ്റാം നൂറാണ്ടിൽ ഉണ്ടായവരാകുന്നു. ഇവരിൽ കാരോരുത്തരുടേയും മഹത്വം കാരാരോ വിഷയത്തിലാകുന്നു. സർ സാലർജംഗ്, സർ ദിനകരറാവു, സർ മാധവറാവു, വി. രാമയ്യങ്കാർ, രംഗാചാർലു മുതൽപേരുടെ ജീവചരിത്രം ഇൻഡ്യാവാസികൾക്ക രാജ്യഭരണതന്ത്രത്തിൽ ഉണ്ടാകാവുന്ന സാമർത്ഥ്യാതിശയത്തിനു ലക്ഷ്യങ്ങളാകുന്നു. ഹൈദരാബാദ്, ഗവാളിയർ, ബറോഡാ, മൈസൂർ, തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങൾക്ക് ഇപ്പോൾ കാണുന്ന ഉൽകൃഷ്ടസ്ഥിതിയുടെ അടിവാരം ഈ മഹാന്മാർ കെട്ടിട്ടുള്ളതേ ഉള്ളു. ധർമ്മാ

---

* കഴിഞ്ഞുപോയ മ. രാ. രാ. ജി. രാഘവയ്യൻ പിള്ള അവർകളുടെ പുസ്തകത്തിലെ ചരിത്രങ്ങളുടെ പരിഭാഷ രണ്ടു പുസ്തകങ്ങളിലായി പ്രസിദ്ധപ്പെടുത്തുവാനാണ് വിചാരിക്കുന്നത്.

സനത്തിൽ ഇരുന്നു വ്യവഹാരദർശനം ചെയ്യുന്നതിലുള്ള നൈപുണ്യത്തെക്കുറിച്ചു വിചാരിക്കുന്നതായാൽ, ചാരകാനഥമിത്രൻ, മുത്തുസ്വാമിഅയ്യർ, ടിലാങ്ങ്, മാണ്ഡലികർ ഇവരുടെ കീഴ്ക്കിടയെ അതിക്രമിക്കുന്നതിനു് ആളുകൾ അപൂർവ്വമായിരിക്കും. ഇവർ മുംബൈ കൽക്കത്ത, ബാംബേ, മദ്രാസ് ഈ സംസ്ഥാനങ്ങളിലെ ഹൈക്കോടതികളെ എപ്രകാരം അലങ്കരിച്ചിരുന്നു എന്നു നാം ഓർക്കുന്നുണ്ടല്ലോ. മാണ്ഡലികർ ജഡ്ജിപദവിയെ കീഴ്ക്കിടമാക്കിയെന്നു നിർവ്വഹിച്ചതിനു പുറമേ, ഹിന്ദുലാവിഷയത്തിൽ രണ്ടു പ്രധാനപ്പെട്ട പുസ്തകങ്ങൾകൂടി എഴുതിട്ടുണ്ടു്. രാജ്യഭരണത്തിൽ അസാധാരണസാമർത്ഥ്യത്തോടുകൂടിയിരുന്ന ശ്രീവിശാഖരാമവർമ്മമഹാരാജാവു്, കൃഷ്ണമോഹൻബാനർജ്ജി, രംഗനാഥശാസ്ത്രി, രാജേന്ദ്രലാൽമിത്രർ, രംഗനാഥമുതലിയാർ മുതലായവർ പാണ്ഡിത്യപരിഷയത്തിൽ അദ്വിതീയന്മാരായിരുന്നു. ദേശഭാഷകളിലും ഇംഗ്ലീഷിലും കണക്കുപോലെ വൈദുഷ്യം സമ്പാദിച്ചിരുന്ന ഈ മഹാന്മാരെ സ്വതന്ത്രസ്വതന്ത്രന്മാരെന്നു വിളിക്കുന്നതിനു യാതൊരുത്തനും സംശയിക്കുന്നതല്ല. ലൌകികവൈദികാചാരങ്ങളെ പരിശീലിക്കാൻ പുറപ്പെട്ടിട്ടുള്ളവരിൽ രാമ്മോഹൻറായിയും, കേശവചന്ദ്രസേനനും പ്രഥമഗണനീയന്മാരാകുന്നു. നാട്ടുകാര്യങ്ങളിൽ പ്രവേശം സമ്പാദിക്കുന്നതിനും രാജ്യവാസികളുടെ സങ്കടങ്ങളെ വൈദേശികന്മാരായ രാജ്യാധിപതികളെ ഗ്രഹിപ്പിച്ചു് അവയ്ക്കു നിവൃത്തിവരുത്തുന്നതിനും വേണ്ടിയായിരുന്നു രാമ്ഗോപാൽഘോഷി, ലക്ഷ്മിനരസുചെട്ടി, അയോധ്യാനാഥപണ്ഡിതർ, മനോമോഹൻഘോഷി തുടങ്ങിയവരുടെ ആജീവനാന്തമുള്ള വ്യവസായം. ഹരിശ്ചന്ദ്രമുകർജ്ജി സ്വദേശവർത്തമാനപത്രങ്ങളുടെ പിതൃസ്ഥാനം വഹിച്ചു; കൃഷ്ണദാസ്പാലന്റെ സംരക്ഷണയിൽ അവ പ്രൌഢദശയെ പ്രാപിച്ചു. കൈത്തൊഴിൽ ചേലകളിൽ ഇൻഡ്യാവാസികൾക്കു യഥാർത്ഥമായ ഉൽകൃഷ്ടം ഇതേവരെ സിദ്ധിച്ചതായി പറയുവാൻ പാടി

ല്ലെങ്കിലും, ഈ വിഷയത്തിലും ചില മഹാന്മാർ ഉണ്ടായിട്ടുണ്ട്. ബാംബെയിൽ ദാദാഭായ്നവറോജിയും, മദ്ധ്യദേശങ്ങളിൽ ഗോപാലറാവു ഹരിദേശിയും. നാട്ടുകാർക്ക് കൈത്തൊഴിൽ വിദ്യകളിൽ അഭിരുചി ജനിപ്പിക്കുവാൻ വേണ്ടി മഹാപ്രയത്നങ്ങൾ ചെയ്തവരാകുന്നു.

രാജൻ, വിക്രമാദിത്യൻ, ഭട്ടി, ഭർത്തൃഹരി, കുമാരിലഭട്ടൻ, ബുദ്ധമുനി, ശങ്കരാചാര്യർ മുതലായവരുടെ ജന്മഭൂമിയായ ഈ ഭാരതഖണ്ഡത്തിൽ മഹാന്മാരെ ജനിപ്പിക്കുന്നതിൽ ഇന്നും യാതൊരു കുറവും സംഭവിച്ചിട്ടില്ലെന്നുള്ളതിലേക്ക് ഈ പുസ്തകത്തിൽ കൊടുത്തിട്ടുള്ള ജീവചരിത്രങ്ങൾ പൂർണ്ണലക്ഷ്യങ്ങളാകുന്നു. ഇടക്കാലങ്ങളിൽ അന്യാന്തരകലഹാഷ്മാവിനാലും ബാഹ്യാക്രമണപരിതാപത്താലും മങ്ങിമയങ്ങികിടന്നിരുന്ന ഇൻഡ്യാവാസികളുടെ പ്രതിഭാവിലാസം ബ്രിട്ടിഷ്കാരുടെ ഏകാതപത്രമായ ആധിപത്യത്തിൻകീഴ് പ്രശാന്തരമണീയമായ രായയിൽ പൂർവ്വാധികം ഉന്മേഷത്തോടുകൂടി ഉയർന്നു പ്രകാശിക്കുവാൻ തുടങ്ങിയതിൻറെ ഏതാനും ചില ഫലങ്ങളെ ആണ പ്രകൃതപുസ്തകം സംഗ്രഹിക്കുന്നതു്. ഇംഗ്ലിഷ്കാർ ഇൻഡ്യാ കൈവശപ്പെടുത്തിയതിൻറെ ശേഷം, കിഴടക്കപ്പെട്ട പ്രജകളുടെ വിദ്യാഭിവൃദ്ധിക്കുവേണ്ടി വിജ്ഞാനസവ്സന്നിധാനഭൂതമായ സഭാഷയെ ഈ നാട്ടിൽ പ്രചരിപ്പിച്ചതിൻറെ ഫലം എത്രവിധം പരിണമിച്ചു എന്നു് ഇവിടെ കൊടുത്തിട്ടുള്ള ഏതു ജീവചരിത്രം വായിച്ചാലും ഒരുവനു ബോധ്യപ്പെടും. അതുതന്നെയുമല്ല, പ്രകൃതപുസ്തകനായകന്മാരിൽ പ്രധാനികളുടെ അപദാനങ്ങളെ വായിച്ചുനോക്കുമ്പോൾ, ഇവരിൽ ചിലർ തിരിയിഞ്ഞിന്നു കൊളുത്തിയ പന്തംപോലെ ഉജ്ജ്വലന്മാരെ അതിശയിച്ചു പ്രകാശിച്ചിട്ടില്ലയോ എന്നുകൂടി സംശയം തോന്നിപ്പോകുന്നു. സാലർജംഗ്, മിൻകർറാവു, മാധവറാവു ഇവരോടു സമാനമായ രാജനീതിനൈപുണ്യവും ഭരണശക്തിയും ഇൻഡ്യാഖണ്ഡങ്ങളെ ഭരിച്ചിട്ടുള്ള യൂറോപ്യൻ

സിവിലിയന്മാരിൽ കരുവനും പ്രദർശിപ്പിച്ചിട്ടുള്ളതായി കാണുന്നില്ല. ഹൈദരാബാദ്, ഗവാളിയർ, ബറോഡാ ഇവടേ രാജസ്ഥാനങ്ങളിൽ ഇവർ ചെയ്ത കൃത്യം ഒരു യൂറോപ്യൻ ഉദ്യോഗസ്ഥനാൽ കരിക്കലും സാധ്യമല്ല. നേരേ മറിച്ച്, മദ്രാസ് മുതലായ ബ്രിട്ടിഷ് പ്രസിഡൻസികളിൽ ഒന്നിന്റെ ചാർജ്ജ് ഇവരിൽ ഒരുവനെ ഏൽപ്പിച്ചിരുന്നു എങ്കിൽ, ആയാൾ അതിനെ ഗവർണർമാരിൽ അഗ്രഗണ്യൻ എന്നു കീർത്തികേട്ട ഗവർണർ ഭരിച്ചതിനേക്കാൾ ഒട്ടും താഴാത്ത രീതിയിൽ ഭരിക്കുമായിരുന്നു എന്നുള്ളതു സിദ്ധവുമാണ്. അതിൻവണ്ണം തന്നെ ശ്രീ വിശാഖരാമവർമ്മമഹാരാജാവു്, രംഗനാഥമുതലിയാർ മുതൽപേർക്കു് ഇംഗ്ലിഷ്ഭാഷയിൽ സിദ്ധിച്ച സ്വാതന്ത്ര്യം ഒരു യൂറോപ്യപണ്ഡിതനും ഒരു നാട്ടുഭാഷയിൽ സമ്പാദിച്ചതായി കാണുന്നില്ല. ഇതിനാൽ നാട്ടുകാർ ഏതുവിഷയത്തിലും യൂറോപ്യന്മാരോടു് ഒറയ്ക്കു നിൽക്കുവാൻ മതിയായവരാണെന്നു സ്പഷ്ടമാകുന്നു.

എന്നാൽ ദേശ്യമഹാപുരുഷന്മാർക്കു് അവരുടെ യൂറോപ്യസഹോദരന്മാരെ അപേക്ഷിച്ചു് ഒരു അംശത്തിൽ മാത്രം ന്യൂനത പറയേണ്ടിയിരിക്കുന്നു. ഇതു് അത്യന്തശോചനീയമായ ഒരു ന്യൂനതയും ആകുന്നു. നമ്മുടെ മഹാന്മാരിൽ നൂറുക്കു് അഞ്ചുവീതമെങ്കിലും തങ്ങളുടെ ഷഷ്ടിപൂർത്ത്യുത്സവം ആഘോഷിച്ചുവർ ഉണ്ടോ എന്നു സംശയമാണ്. ഗ്ലാഡ്സ്റ്റനേയും മറ്റും പോലെ എണ്പത്തൊൻപതു വയസ്സുകാലം ജീവിച്ചിരുന്നതായി ഇവരിൽ എത്ര ചുരുക്കം ആളുകളെ ഉള്ളു. അപൂർവ്വം ചിലർക്കു ദീർഘായുഷ്യമോഗ്യം ലഭിച്ചതായി പറയാമെങ്കിൽ, അവരുടെ പ്രതിഭാവിലാസം യൌവനവയസ്സോടുകൂടി യാത്രപറഞ്ഞതായി കാണുന്നു. സർ മാധവറാവുവിന്റെ വാർദ്ധക്യം പ്രായേണ 'ദ്വിതീയബാല്യം' എന്നു് ആ വയസ്സിനു സിദ്ധിച്ചിട്ടുള്ള പേരിനു് അനുരൂപമായിരുന്നു. ദീർഘായുസ്സും ആരോഗ്യവും ബുദ്ധിശക്തിയും എ

ല്ലാം കൂടി ചേർത്തുള്ള പ്രയാസംപോലെ തന്നെയാണ് കാണുന്നത്.

'എല്ലാം തികഞ്ഞിട്ടൊരു മനുഷ്യപോലും
തണ്ടോർമകൻ ഛന്ദശ്ചമച്ചതുണ്ടോ?'

യെഴുവനകാലങ്ങളിലെ ജാതിവ്യവസ്ഥയും ആരോഗ്യരക്ഷാമാർഗ്ഗങ്ങളിലെ അശ്രദ്ധയും ദേശധർമ്മവും കൂടിയിരിക്കാം ഈ ശോചനീയമായ അവസ്ഥയുടെ കാരണം.

നാനാപ്രകാരങ്ങളായ പ്രകൃതിവൈചിത്ര്യങ്ങൾകൊണ്ടും വലിപ്പംകൊണ്ടും ഒരു മഹാഖണ്ഡം എന്നു വിചാരിക്കപ്പെടാവുന്നതായ ഈ ഭാരതഖണ്ഡത്തിൽ സസ്യാദികൾ കുള്ളതുപോലെ മഹാപുരുഷന്മാർക്കും ദേശഭേദത്തെ ബാഹുല്യവും വൈരളിയും കാണുന്നുണ്ട്. രാജനീതിനിപുണന്മാർക്ക് മദ്രാസ് പ്രസിഡൻസി വിശേഷപ്പെട്ടതായികാണുന്നു. ബാംഗ്ലാപ്രസിഡൻസി പരോപകാരശീലന്മാരെ കൂടുതൽ അധികം ജനിപ്പിച്ചിട്ടുള്ളതാണ്. മഹാരാഷ്ട്രപ്രവർത്തകന്മാർ, അതിലും വിശേഷിച്ച് ആചാരപരിഷ്കാരകന്മാർ, ബംഗാളിൽ കൂടുതൽ അധികം ഉണ്ടായിട്ടുള്ളതാണ്. ദേശപാരമ്പര്യമായ ഈ വിശേഷം ഇന്നും നിലനില്ക്കുന്നതായികാണുന്നു. ബാംഗ്ലാക്കാരിൽ പരോപകാരികളുടെ സംഖ്യ ഇന്നും വർദ്ധിച്ചുകൊണ്ടുതന്നെ വരുന്നു.

ഈ പുസ്തകത്തിൽ വർണ്ണിച്ചിട്ടുള്ള മഹാന്മാരുടെപേർ വിവരപ്പട്ടിക വായിക്കുമ്പോൾ മിത്രൻ, ദത്ത്, ഘോഷി റാവു, ആചാരി, അയ്യർഎന്നാല്ലാതെ മേനോൻ, പിള്ള, പണിക്കർ മുതലായ യാതൊരു മലയാളപ്പേരും കാണുന്നില്ലല്ലോ എന്നു സ്വദേശാഭിമാനികളായ വായനക്കാർക്ക് തോന്നാവുന്നതാണ്. എന്നാൽ അവർക്ക് സ്ഥൂലദൃഷ്ടിയിൽ തോന്നുന്ന മനസ്താപം ഏറെ നേരം നില്ക്കുന്നതല്ല. സർവ്വരാമവർമ്മ എന്നുള്ള ഒരു തിരുനാമം സാധാരണക്കാരിൽ ഉള്ള പത്തു പേരുകളുടെ ഫലം ചെയ്യുന്നതാണ്. മഹാപുരുഷ

പരിഗണനയിൽ മലയാളികളുടെ പ്രതിനിധിയായ ആൾ അവരുടെ മഹാരാജാവു തന്നെയാണു്. രാജകുടുംബത്തിൽ ജനിച്ചു രാജഗൃഹത്തിലുള്ള വിഭവാഡംബരങ്ങളുടെ അനിവാര്യമായ ആകർഷണത്തെ വകവെക്കാതേയും, ജന്മനാ ദുർബ്ബലമായ ശരീരത്തിൽ ബാല്യംമുതൽ വ്യാധികൾ പെയ്തുകൊണ്ടിരുന്ന വിഷമങ്ങളെ ക്ഷുദ്രാക്കാതെയും, പഠനാലയപ്രവേശം മുതലായ പ്രമോചനാമാർഗ്ഗങ്ങൾ ഒന്നും ആവശ്യപ്പെടാതേയും ആ മഹാപുരുഷൻ സമ്പാദിച്ച പാണ്ഡിത്യകീർത്തിനേപ്പറ്റി വായിക്കുമ്പോൾ മലയാളികൾക്കു ബുദ്ധിശക്തി എത്രത്തോളം വ്യാപിക്കുമെന്നും വ്യവസായശീലത അവക്കു സുഖസാധ്യയാണെന്നും തെളിയാതിരിക്കയില്ലല്ലോ. ഇത്രമാത്രമല്ല, തൽക്കാലത്തിൽ ജീവിച്ചിരിക്കുന്ന മഹാന്മാരുടെ ചരിത്രങ്ങളെ പല അനാചാരസ്വാതന്ത്ര്യങ്ങളേയും വിചാരിച്ചു് ഈ പുസ്തകത്തിൽ ചേർത്തിട്ടില്ല. മേലാൽ ഒരവസരത്തിൽ ഈ മാതിരി ഒരു ജീവചരിത്രപുസ്തകം പുറപ്പെടുന്ന സമയം നിശ്ചയമായിട്ടു് ഒരു നായരുടേയും ഒരു പിള്ളയുടേയും പേർ അതിൽ മുഖ്യസ്ഥാനത്തെ അലങ്കരിക്കാതിരിക്കയില്ല. അതിൽ പിള്ള എന്നു പറഞ്ഞതു് ഈ പുസ്തകത്തിന്റെ മൂലകർത്താവായ മരിച്ചുപോയ ജി. പരമേശ്വരൻപിള്ളതന്നെ ആകുന്നു. ഇയാൾ എത്രയോ അപ്രശസ്തമായ ഒരു നായർ കുടുംബത്തിൽ ജനിച്ചു താന്റെ അനന്യസാധ്യമായ വ്യവസായവിലാസത്താൽ സമുദായത്തിൽ പ്രഥമപരിഗണനിയനായി തീർന്നു സഹജീവികൾക്കുവേണ്ടി ചെയ്ത പരിശ്രമത്തേയും തന്റെ തൊഴിലായ പത്രാധിപത്യത്തെ നിർവഹിക്കുന്നതിൽ വലിയവരുടെ എള്ളോളപുള്ളോളവും എളിയവരുടെ വലിപുള്ളോളവും പറഞ്ഞു ഒന്നുപോലെ നിഷ്പക്ഷപാതമായി പ്രസ്താവിച്ചുകൊണ്ടു സ്വന്തയോഗക്ഷേമങ്ങൾക്കു തല്ക്കാലം സംഭവിച്ച ക്ഷതികളെ കൂടി ഗണിക്കാതെ തന്റെ അത്യന്നതയായ വൃത്തിയുടെ ഗൗരവത്തെ സംരക്ഷിക്കുന്നതിൽനിന്നു ലേശംപോലും സ്ഖലിക്കാതെ ഇരുന്നതിൽ പ്രകടിപ്പി

മ്മ സല്ലായ്മ്മവിഷയമൈധ്യത്തെയും പറയുന്നക്കാർ വേണ്ടുംവ
ണ്ണം അഭിനന്ദിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

സ ജാതോ യേന ജാതേന
യാതി വംശഃ സമുന്നതിം ।
പരിവർത്തിനി സംസാരേ
മൃതഃ കോ വാ ന ജായതേ ॥

കേരളവർമ്മ, സി. എസ്സ്. രഎ.

അനുക്രമണിക.

സർ രാമവർമ്മ മഹാരാജാവു് ൧

പി. വേലു അവർകൾ, ബി. എ,

രാജാ സർ ടി. മാധവരായർ ൫൧

ടി. ടി.

ടിയാൻ ശങ്കുണ്ണിമേനോൻ ൫൩

ടി. രാമൻകുട്ടിമേനോൻ അവർകൾ, ബി. എ.

രാമയ്യംകാർ ൬൭

പി. വേലുഅവർകൾ, ബി. എ.

രംഗാചാർലു ൭൧൦

ടി. ടി.

സി. വി. രംഗനാഥശാസ്ത്രി ൭൫൪

ടി. ടി.

സർ ടി മുത്തുസ്വാമി അയ്യർ ൭൯൧

ടി. ടി.

ഗോപാലറാവു ൮൯൨

ടി. നാരായണമേനോൻ അവർകൾ, ബി. എ.

രംഗനാഥമുതലിയാർ ൯൦൪

ടി. ടി.

സേലംരാമസ്വാമിമുതലിയാർ ൯൮൪

കെ. ഗോവിന്ദമേനോൻ അവർകൾ, ബി. എ.,

ലക്ഷ്മിനരസുച്ചെട്ടി ൯൯൩

ടി. നാരായണമേനോൻ അവർകൾ, ബി. എ.

സർ ശേഷയ്യാശാസ്ത്രി ൧൦൩൦

ടി. കെ കൃഷ്ണമേനോൻ

സർ കെ. ശേഷാദ്രി അയ്യർ ൧൨൫

എം. ഭഭയവമ്മതമ്പുരാൻ, ബി. എ.,

തിരുമനസ്സുകൊണ്ടു്

പണ്ഡിതൻ അയ്യാനാഥൻ ൧൪൪

എം. രാജരാജവർമ്മ എം. എ., ബി. എൽ.

തിരുമനസ്സുകൊണ്ടു്

ഗോപാലറാവു ഛിതെടി ൨൫൯

ടി. ടി.

സർ സാലാർ ജംഗ് ൨൬൦

ടി. ടി.

രാജാ സർ ടി നകരറാവു ൨൬൧

ശ്രീമതി സാഹിത്യസഹി ടി. സി. കല്യാണിഅമ്മ,

എം. ആർ. എ. ഏസ്.

സർ സയ്യദ് അഹമ്മദ് ൨൬൨

ശ്രീമതി എം. ഭഗീരഥി അമ്മ തമ്പുരാൻ

തിരുമനസ്സുകൊണ്ട്.

രാജാ കേശവദാസ് ൨൬൩

ടി. മാധവരമണറാവ് അവർകൾ ബി. എ.



സർ. രാമവർമ്മമഹാരാജാവു്.

ശ്രീമൂലം തിരുനാൾ മഹാരാജാവിനു് അടുത്തു മുമ്പു്, തിരുവിതാംകൂർ രാജ്യം ഭരിച്ചവന്ന, ഹവ്വവ്വ-ൽ നാടുനീങ്ങിയ സർ രാമവർമ്മ മഹാരാജാവു്, ഹവ്വന-ൽ മേയ് മാസം ഹൻ-ാംനു- ജനിച്ചു. തിരുവിതാംകൂറിൽ തിരുവല്ലാ എന്ന സ്ഥലത്തുള്ള കോയിത്തമ്പുരാക്കന്മാരുടെ ഗോത്രത്തിൽ ജനിച്ച കരാളായ തൻെറ അച്ഛൻ, സംസ്കൃതഭാഷയിൽ അപാരമായ പാണ്ഡിത്യവും, ഇംഗ്ലിഷ് ഭാഷയിൽസാമാന്യം നല്ല അറിവും, സമ്പാദിച്ചിട്ടുള്ള ഒരു പുരുഷനായിരുന്നു. തിരുമനസ്സിലെ അമ്മയായ രുക്മിണീഭായിയും, സംസ്കൃതഭാഷയിൽ ലളിതമായും അർത്ഥചമല്ക്കാരത്തോടുകൂടിയും പദ്യങ്ങൾ രചിക്കുന്നതിനു വേണ്ടിടത്തോളമുള്ള വൈദുഷ്യം സമ്പാദിച്ചിട്ടുള്ള ഒരു സ്ത്രീയായിരുന്നു. രാമവർമ്മരാജകുമാരൻ ഏഴു സഹോദരന്മാരിൽ കനിഷ്ഠസഹോദരനായിരുന്നു. ഇവരിൽ മൂന്നാമൻ ബാല്യത്തിൽ തന്നെ മരിച്ചു. രണ്ടാമൻ ബുദ്ധിക്കു സ്ഥിരതയില്ലാത്തവരായും തീർന്നു. മരിച്ച മൂന്നാളുകളിൽ ഒരാൾ മരിച്ചതു്, രാമവർമ്മ രാജകുമാരൻ ജനിക്കുന്നതിനു് ആറുദിവസം മാത്രമുള്ളപ്പോഴായിരുന്നു. ഈ നിർഭാഗ്യസംഭവത്താൽ അമ്മയായ രുക്മിണീഭായിക്കു സ്വാഭാവികമായി ദുസ്സഹമായ മനോവ്യസനം വന്നു. അന്നുണ്ടായ ഈ മനോവ്യസനം, ആ അമ്മയുടെ ആ സമയം പ്രസവിക്കപ്പെടാറായിരുന്ന കുട്ടിയുടെ ശരീരപ്രകൃതിക്കും പക്ഷേ തട്ടീട്ടുണ്ടായിരിക്കണം. രാമവർമ്മരാജകുമാരനെ പ്രസവിച്ചു രണ്ടുമാസം കഴിഞ്ഞപ്പോൾ, അമ്മയായ രുക്മിണീഭായി മരിച്ചു. ജനനവശാലെ ബലഹീനനായ രാമവർമ്മരാജകുമാരൻെറ ശരീരപ്രകൃതിയെ ഈ സംഭവവും കൂടെക്കൂടി ബലഹീനമാക്കിച്ചെയ്തിരിക്കണം. അമ്മ മരിച്ചശോകത്താൽ, രാമവർമ്മരാജകുമാരനെ ബാല്യകാലത്തിൽ വേണ്ടപോലെ പരിപാലി

ച്ചു വളത്തേണ്ട ഭാരം, തന്റെ മാതാമഹിയുടെ സഹോദരി യായ പാർവ്വതീഭായിയിലും, തന്റെ അച്ഛനിലും ആയിത്തീ ന്നു. ഈ രണ്ടാളുകളെക്കുറിച്ചും രാമവർമ്മരാജകുമാരൻ മരണ പര്യന്തം അത്യന്തം സ്നേഹത്തോടുകൂടിയ സ്മരണയുള്ളായി രുന്നു. തന്റെ അച്ഛനെക്കുറിച്ചു തനിക്കുണ്ടായിരുന്ന ആ ദരവു് അതിരില്ലാത്തതായിരുന്നു. തന്റെ അച്ഛൻ, സ്വമനോവികാരങ്ങളെ നിയന്ത്രണം ചെയ്യുന്നതും, സ്വമനോവാക്കായകൃത്യങ്ങളിൽ സുസ്ഥിരമായും, നിഷ്പക്ഷപാതമായും, സത്യത്തോടുകൂടിയിരിക്കുന്നതും, എങ്ങനെയാണെന്നു കാണിക്കുന്നതിലേക്കു സാക്ഷാൽ ഒരു മാതൃകയായിരുന്നുവെന്നു തന്നാൽ എപ്പോഴും വിചാരിക്കപ്പെട്ടിരുന്നു. രാമവർമ്മരാജകുമാരന്റെ ബാല്യകാലത്തെ വിദ്യാഭ്യാസത്തെ നേർവഴിക്കു മുഖ്യമായി നയിപ്പിച്ചതു്, തന്റെ അച്ഛനായിരുന്നു. സാധാരണനടപ്പനുസരിച്ചു്, രാമവർമ്മരാജകുമാരൻ തന്റെ അഞ്ചാമത്തെ വയസ്സിൽ മലയാളവും സംസ്കൃതവും അഭ്യസിക്കുന്നതിനു് ആരംഭിച്ചു. തന്റെ ഒൻപതാമത്തെ വയസ്സിൽ, അക്കാലത്തു പെൻഷൺ വാങ്ങി സ്ഥിരതാമസമായിരുന്ന തിരുവിതാംകൂറിലെ ഒരു പൂർവ്വദിവാൻജിയായ സുബ്ബരായർ തന്നെ ഇംഗ്ലീഷ് ഭാഷയിലുള്ള അക്ഷരാഭ്യാസം പഠിപ്പിച്ചു. രാമവർമ്മരാജകുമാരന്റെ മാതുലന്മാരെ ഇംഗ്ലീഷ് പഠിപ്പിച്ചതിനാൽ മേല്പറഞ്ഞ സുബ്ബരായരെ 'ഇംഗ്ലീഷ് സുബ്ബരായർ' എന്നാണ് ഇന്നും തിരുവിതാംകൂറിൽ പറഞ്ഞു വരുന്നതു്. രാമവർമ്മരാജകുമാരന്റെ ബാല്യകാലത്തെ പഠിപ്പിനു തന്റെ ശരീരത്തിനു സംഭവിച്ചുകൊണ്ടിരുന്ന കാരണ രോഗങ്ങളാൽ പലപ്പോഴും പ്രതിബന്ധം നേരിട്ടിട്ടുണ്ടായിരുന്നു. എങ്കിലും, പഠിക്കുന്നതിനു തന്നാൽ സാദ്ധ്യമായിരുന്നപ്പോഴൊക്കെയും, അത്യന്തം ശ്രദ്ധാന്തിയോടുകൂടിയാണു് താൻ പഠിച്ചതു്. തന്റെ കർത്തവ്യകർമ്മങ്ങളിൽ യാതൊന്നിനെയെങ്കിലും അപൂർണ്ണമായി ചെയ്യുന്നതു തന്റെ സ്വഭാവത്തിനു് അത്യന്തം വിരുദ്ധമായിട്ടുള്ള ഒരു കാര്യമായിരുന്നു. തന്റെ അച്ഛന്റെ ശാസ

നയുടെ നിശ്ചയിയാൽ അതു കുറേക്കൂടി അസാദ്ധ്യമായി ഭവിച്ചു. ഇങ്ങനെ സച്ചരിതസാദ്ധ്യത്തിലേക്കായി അനിവാര്യയായുള്ള ഒരു മനഃപ്രേരണ രാമവർമ്മ രാജകുമാരനിൽ ക്രമേണ അങ്കുരിതയായി ഭവിച്ചു. ഈ മനഃപ്രേരണയാൽ തന്റെ മേൽ ന്യായമായി അധികാരമുള്ളവരോടു താൻ അനുസരണമുള്ളവനായിരുന്നുവെങ്കിലും, തനിക്കു് അധികാരമുള്ള വല്ല കാര്യങ്ങളിലും ആരെങ്കിലും അന്യായമായി ആക്രമിച്ചാൽ, ആ ആക്രമണത്തെ താൻ വളരെ ശാന്തത്തോടുകൂടി തിരസ്കരിച്ചു. പ്രവർത്തനാം വർഷത്തിൽ, ക്ഷയരോഗത്തിന്റെ ആരംഭചിഹ്നങ്ങളാൽ തനിക്കു് ആസ്വാസ്ഥ്യം ദീനമായി. ഈ ദീനം തന്റെ ദേഹബലത്തെ ക്ഷീണിപ്പിച്ചുവെങ്കിലും, മനോബലത്തെ ദൃഢീകരിക്കയാണു ചെയ്തതു്.

രാമവർമ്മരാജകുമാരനെ പഠിപ്പിക്കുന്നതിനു് ഒരു സമർത്ഥനായ ഗുരുനാഥന്റെ ആവശ്യം ഇപ്പോൾ നേരിട്ടു. അതിനു തിരുവിതാംകൂറിൽനിന്നു മദ്രാസ് ഗവർമ്മെൻറിനോടു് ആവശ്യപ്പെട്ടപ്പോൾ, ആ ഗവർമ്മെൻറു് മിസ്റ്റർ രാജാ. സർ. ടി. മാധവരായരെ തിരഞ്ഞെടുത്തയച്ചു. മാധവരായർ അക്കാലത്തു പഠിപ്പുള്ളവരുടെ കൂട്ടത്തിൽ അഗ്രഗണ്യനായ ഒരാളായിരുന്നു. എന്നുമാത്രമല്ല, അദ്ദേഹം തിരുവിതാംകൂറിലെ ഒരു ദിവാൻജിയുടെ മകനും മറെറാരു ദിവാൻജിയുടെ സഹോദരന്റെ മകനും ആയിരുന്നതിനാൽ, തിരുവിതാംകൂറിൽ ഒരു ഉദ്യോഗത്തിനു പ്രത്യേകം അവകാശം ഉള്ള കുടുംബം ആയിരുന്നു. പ്രവർത്തനാൽ ആഗസ്റ്റു് മാസത്തിൽ മാധവരായർ രാമവർമ്മ രാജകുമാരന്റെ ഗുരുനാഥനായി നിശ്ചയിക്കപ്പെട്ടു. ഏകദേശം നാലുകൊല്ലംവരെ മാധവരായർ രാമവർമ്മ രാജകുമാരനെ പഠിപ്പിച്ചു. ഈ പഠിപ്പിക്കൽ ശരിയായ ഒരു സ്കൂളിലെ പഠിപ്പിക്കലിന്റെ അതു കൃത്യമായ ഒരു രീതിയിലുള്ളതായിരുന്നുവെന്നു പറവാൻ പാടില്ല. എങ്കിലും പഠിപ്പിക്കപ്പെട്ട വിഷയങ്ങൾ വിവിധങ്ങളും സമുചിതങ്ങളും ആയിരുന്നു. സ്വരവ്യഞ്ജനങ്ങൾ, ഭാഷയെക്കുറിച്ചു്

ആകപ്പാടേയുള്ള ഒരു പരിജ്ഞാനം വരുത്തുന്നതിലേക്കും, പരീക്ഷാജ്ഞേയശാസ്ത്രങ്ങളിലെ പ്രധാനസംഗതികളെ അറിയുന്നതിലേക്കും, ഉപയുക്തങ്ങളായിരുന്നു. പഠിക്കുന്നതിനു സ്വാഭാവികമായിത്തന്നെ വാസനയുള്ള ഒരു മനസ്സിനെ വിവിധങ്ങളായ മാർഗ്ഗങ്ങളിൽ ലോകോപകാരപ്രദങ്ങളായിത്തീരുന്ന ഓരോ പ്രവൃത്തികളിലേക്കായി ഉദ്യമിപ്പിക്കുന്നതിനു, മേല്പറഞ്ഞ വിധത്തിലുള്ള പഠിപ്പിക്കൽ അത്യന്തം ഉപയുക്തമായ ഒരു ഉപകരണമായിരുന്നു. ഈ പഠിപ്പിക്കലിൽ രാമവർമ്മരാജകുമാരന്റെ അച്ഛൻ പൂന്നൂഴ്ഭട്ടയത്തോടുകൂടി സാഹായ്യം ചെയ്തു. അദ്ദേഹത്തിനു മകനായ രാമവർമ്മ രാജകുമാരന്റെ മേലുണ്ടായിരുന്ന അധികാരം, അദ്ദേഹത്താൽ തന്നെ ആ മകനിൽ ശൈശവത്തിലെ അങ്കുരിപ്പിക്കപ്പെട്ട സ്വഭാവസ്ഥൈര്യത്തെ എപ്പോഴും അധികമാക്കിക്കൊണ്ടിരുന്നു. ക്രിസ്തു-ാബ്ദം ൧൮൫൭ ജൂലായിമാസത്തിൽ മാധവരായർ തിരുവിതാംകൂറിൽ രാജ്യഭരണസംബന്ധമായ സാധാരണ ഉദ്യോഗങ്ങളിൽ ഒന്നിനെ സ്വീകരിച്ചു. അതോടുകൂടി രാമവർമ്മരാജകുമാരന്റെ ഗുരുമുഖേനയുള്ള പഠിപ്പിന്റെ കാലം കഴിഞ്ഞുവെന്നു പറയേണ്ടതാണ്. എന്നാൽ ഇക്കാലത്തുള്ള മിക്കവാറും വിദ്യാർത്ഥികളിൽനിന്നു വ്യത്യസ്തമായി, രാമവർമ്മരാജകുമാരൻ, ഗുരുമുഖേനയുള്ള തന്റെ പഠിപ്പു തീർന്നതിനു ശേഷമാണു്, അതു തീരുന്നതിനു മുമ്പിലത്തേക്കാളും, എഴുതുകയും വായിക്കുകയും ചെയ്യുന്നതിലേക്കായി തന്റെ സമയത്തെ അധികം ഉപയോഗിച്ചതു്. വാസ്തവത്തിൽ, രാമവർമ്മരാജകുമാരൻ തന്റെ ആയുഷ്കാലം മുഴുവനും വിദ്യാർത്ഥിയായിത്തന്നെ ഇരുന്നു. മരണാനന്തരം, തന്റെ വകയായിക്കാണപ്പെട്ട ഗ്രന്ഥങ്ങളുടെ ബാഹുല്യംകൊണ്ടും, ആ ഗവേഷണശക്തിക്കു് ഏതെല്ലാം സംഗതികൾ വിഷയങ്ങളായി ഭവിച്ചിട്ടുണ്ടോ, ആ സംഗതികളെ കുറിച്ചു് പലമാതിരിയിലുള്ള ഗ്രന്ഥങ്ങൾ തന്റെ ഗ്രന്ഥശാലയിൽ ഉണ്ടായിരുന്നതുകൊണ്ടും, ആ ഗ്രന്ഥങ്ങൾ സ്വന്തങ്ങളിലും,

അവ തന്നാൽ വേണ്ടപോലെ വായിക്കപ്പെട്ടവയാണെന്നു കാണിക്കുന്നവയായ പല ലക്ഷ്യങ്ങളും ഉണ്ടായിരുന്നതുകൊണ്ടും, രാമവർമ്മരാജകുമാരന്റെ പാണ്ഡിത്യം എത്ര വിശാലമായും പരിപൂർണ്ണമായും ഉള്ളതായിരുന്നുവെന്നു്, ധാരാളമായി പ്രത്യക്ഷപ്പെടുന്നു. യാചകമെഴുത്തിൽ രാമവർമ്മരാജകുമാരനു് ഒരു പ്രത്യേകവാസനയുണ്ടായിരുന്നു. അതിൽ പ്രസിദ്ധി സമ്പാദിക്കേണ്ടതിനു തനിക്കു വളരെ ഉൽകണ്ഠയും ഉണ്ടായിരുന്നു. ഇക്കാര്യത്തിൽ താൻ ആദ്യമായി ചെയ്ത പരിശ്രമത്തിന്റെ ഫലം, ക്രിമിയാരാജ്യത്തിൽ യുദ്ധം നടന്നുകൊണ്ടിരുന്ന സമയം 'യുദ്ധത്തിന്റെ ഘോരതകളും, സമാധാനത്തിന്റെ ഗുണങ്ങളും' എന്ന തലവാചകത്തോടുകൂടി എഴുതപ്പെട്ട ഒരു പ്രസംഗമായിരുന്നു. ആ പ്രസംഗത്തെക്കുറിച്ചു്, അക്കാലത്തു തിരുവിതാംകൂറിലെ ബ്രിട്ടിഷ് റസിഡൻറും, പഠിപ്പുകൊണ്ടു വളരെ പ്രസിദ്ധി സമ്പാദിച്ചിട്ടുള്ളതും ആയിരുന്ന ജനറൽ കല്ലൻ സായ്പ് വളരെ സ്തുത്യമായിപ്പറഞ്ഞിരുന്നു. ഈ സ്തുത്യം മേല്പറഞ്ഞ പ്രസംഗം എഴുതിയ കാലത്തു രാമവർമ്മരാജകുമാരനു് എത്ര വയസ്സുണ്ടായിരുന്നുവോ, അത്ര വയസ്സു പ്രായമുള്ള യാതൊരു വിദ്യാർത്ഥിക്കും പാത്രമായ അഭിമാനം തോന്നത്തക്കവിധത്തിലുള്ളതായിരുന്നു. ഇതു് ഫ്രഞ്ചിൽ-ലാണു് സംഭവിച്ചതു്. ഈ സംഭവത്താൽ പ്രോത്സാഹിതനായി ഭവിക്കയാൽ, രാമവർമ്മരാജകുമാരൻ അക്കാലത്തുള്ള പ്രധാനവർത്തമാനക്കടലാസ്സുകളിലേക്കു് കാരോലേഖനങ്ങൾ എഴുതി അയച്ചു്, തന്റെ പാണ്ഡിത്യത്തെ പരീക്ഷിച്ചു നോക്കുന്നതിനു പിന്നെ സന്നദ്ധനായി. മദ്രാസിൽ അക്കാലത്തുണ്ടായിരുന്ന എല്ലാവർത്തമാനക്കടലാസ്സുകളിലും വെച്ചു വിശിഷ്ടമായതു്, ഇൻഡ്യയിലുള്ള ബ്രഹ്മജനങ്ങളുടെ ബന്ധുവെന്നു സർവ്വരാലും സമ്മതിക്കപ്പെട്ടവനായ ജാൻബ്ലൂസ് നാട്ടൻ എന്ന സായ്പിനാൽ നടത്തപ്പെട്ടിരുന്ന 'അന്തിനിയം' എന്ന വർത്തമാനക്കടലാസ്സായിരുന്നു. ഈ കടലാസ്സിലേക്കു രാമവർമ്മരാജകു

മാൻ ആദ്യം അയച്ചതു 'തിരുവിതാംകൂർ രാജ്യഭരണസംബന്ധമായ ഒരു സംക്ഷേപവിവരണം' എന്ന തലവാചകത്തോടുകൂടിയ ഒരു ലേഖനം ആയിരുന്നു. ഇതു വാസ്തവമായി വിലയേറിയ ഒരു ലേഖനമാണെന്നു പത്രാധിപർ തന്നെ സമ്മതിച്ചു പറഞ്ഞു. അന്നുമുതൽ ദൃഢമായും ദീർഘമായും ഉള്ള ഒരു സ്നേഹം, രാമവർമ്മ രാജകുമാരനും മേല്പറഞ്ഞ പത്രാധിപക്കും തമ്മിൽ സംഭവിക്കയും, യന്ത്രമാനുഷചാസ്ത്രകർത്താലേക്കു ലേഖനങ്ങൾ എഴുതി അയയ്ക്കുന്നതു രാമവർമ്മ രാജകുമാരന്റെ ഏറക്കുറെ ഇടവിടാതേകണ്ടുള്ള ഒരു പ്രവൃത്തിയായിത്തീരുകയും, ചെയ്തു. എന്നാൽ മറുള്ള ജോലികളിൽ നിർഭാഗ്യവശാൽ ചിലപ്പോൾ കാണപ്പെട്ടവരുന്നതുപോലെ, മേല്പറഞ്ഞ വിധത്തിലുള്ള ഭാഷാസംബന്ധപരിശ്രമങ്ങളാൽ, തത്വശാസ്ത്രങ്ങളേയോ, അവശ്യം അറിഞ്ഞിരിക്കേണ്ടവയായ മറ്റു ഗൌരവമുള്ള വിഷയങ്ങളേയോ, പഠിക്കുന്നതിലേക്കായി രാമവർമ്മരാജകുമാരനുണ്ടായിരുന്ന ശ്രദ്ധയാതൊരു വിധത്തിലും പ്രതിബന്ധിക്കപ്പെട്ടതായി കാണിച്ചില്ല. പഠിക്കാഞ്ഞേയശാസ്ത്രങ്ങളെക്കുറിച്ചു രാമവർമ്മ രാജകുമാരനു വാസ്തവത്തിലുണ്ടായിരുന്ന പ്രതിപത്തി, ലഘുവായ ഭാഷാരസപ്രസക്തിയാൽ ദൂഷിതയായി ഭവിക്കത്തക്കവിധത്തിലുള്ളതല്ലായിരുന്നു. അതിനാൽ ജ്യോതിശ്ശാസ്ത്രം, പ്രകൃതിശാസ്ത്രം, രസതന്ത്രം എന്നിവയെ അത്യാസക്തിയോടും അത്യുത്സാഹത്തോടും കൂടി പഠിച്ചുകൊണ്ടിരുന്നു. പിൻകാലങ്ങളിൽ മേല്പറഞ്ഞവയോടുകൂടി ചരാചരശരീരശാസ്ത്രങ്ങളേയും, അവയിൽ വിശേഷിച്ചു സസ്യശാസ്ത്രത്തെയും, തന്റെ പഠിപ്പിന്റെ വിഷയങ്ങളാക്കിത്തീർത്തു.

ഇതിനിടയിൽ, രാമവർമ്മരാജകുമാരനു തന്റെ കുടുംബത്തിലുള്ളവരുടെ മരണം ഹേതുവായി പലപ്രാവശ്യവും വ്യസനം നേരിട്ടു. പ്രഥമതഃ തന്റെ അമ്മയെക്കാളും തനിക്കു വലുതായിരുന്ന തന്റെ മാതാമഹിയുടെ സഹോദരിയായ മാവുത്തീരമ്മയിരാണി അതിനു. പിന്നെ അങ്കുടേ

ബർ മാസത്തിൽ തന്റെ ഏകസഹോദരിയായ ലക്ഷ്മിഭായി റാണി ശ്രീമൂലം തിരുനാൾ മഹാരാജാവിനെ പ്രസവിച്ച പതിനെന്നാം ദിവസം കഴിഞ്ഞപ്പോൾ മരിച്ചു. ഫ്രഞ്ചുവഴ്-ൽ, തന്റെ സദാചാരവൃത്തിയിൽ വല്ല മേന്മയോ നന്മയോ ഉണ്ടെങ്കിൽ അതിനൊക്കെയും കാരണഭൂതനെന്നു താൻ വിചാരിക്കപ്പെട്ട തന്റെ പ്രിയപ്പെട്ട അച്ഛനും മരിച്ചു.

ഫ്രഞ്ചുൻ-ൽ രാമവർമ്മരാജകുമാരനു പന്ത്രണ്ടു വയസ്സു തികയുകയാൽ തന്നാൽതന്നെ തിരഞ്ഞെടുക്കപ്പെട്ട ഒരു സ്ത്രീയെ താൻ വിവാഹം കഴിച്ചു. ആ സ്ത്രീയുടെ ഗോത്രത്തിൽ നിന്നു തന്റെ മൂവ്വികന്മാരായ മഹാരാജാക്കന്മാരിൽ ഒന്നിലധികം ആളുകൾ തങ്ങളുടെ ഭാര്യമാരായ സ്ത്രീകളെ തിരഞ്ഞെടുത്തിട്ടുണ്ടായിരുന്നു.

മേല്പറഞ്ഞ സംഗതികൾ സംഭവിച്ചതിനിടക്കു, തിരുവിതാംകൂർ രാജ്യഭരണസംബന്ധമായി വളരെ മാറ്റങ്ങൾ സംഭവിച്ചു. ഫ്രഞ്ചിൽ ഡിസംബരിൽ കൃഷ്ണരായർ ദിവാൻജി മരിച്ചു. അതിനു പകരം മാധവരായർ ദിവാൻജിയായി നിയമിക്കപ്പെട്ടു. ബ്രിട്ടീഷ് റസിഡൻറായ കല്ലൻ സായ്പിനു മാറ്റമായി. അതിനു പകരം മാൽട്ട്ബി സായ്പ് ബ്രിട്ടീഷ് റസിഡൻറായി വന്നു. ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ പ്രതിനിധിയായി മാൽട്ട്ബി സായ്പിനെക്കാളും പ്രാപ്തനായ ഒരു റസിഡൻറ് തിരുവിതാംകൂറിൽ വന്നിട്ടില്ലെന്നു തന്നെ പറയാം. ഇക്കാലത്തു തിരുവിതാംകൂറിൽ പല കാര്യങ്ങളിലും പരിഷ്കാരം അവശ്യാപേക്ഷിതമായിരുന്നു. മാൽട്ട്ബി സായ്പും മാധവരായരും പരിഷ്കാരകന്മാരായിരുന്നു. അവർ രണ്ടാളും പൂർണ്ണഹൃദയത്തോടുകൂടി തങ്ങളുടെ പ്രവൃത്തി നടത്തുന്നതിനു തുടങ്ങി. അവരുടെ പ്രശംസനീയങ്ങളായ എല്ലാ പരിശ്രമങ്ങളിലും രാമവർമ്മരാജകുമാരൻ വിലയേറിയ ബുദ്ധിയുപദേശംകൊണ്ടും, സ്നേഹപൂർവ്വമായ ഗുണദോഷപ്രഖ്യാപനംകൊണ്ടും, അവരെ സഹായിക്കുന്നവരാളായിത്തീർന്നു. ജേ.

ബീ. നാട്ടൻ സായ്പു് അക്കാലം നടത്തിവന്ന 'ഇൻഡ്യൻ സ്പെറ്റേറ്റർ' എന്ന വർത്തമാനക്കടലാസ്സിൽ 'ബ്രൂട്ടസ്' എന്ന പേരുവെച്ചു്, 'മിസ്സർ എഫ്. എൻ. മാർട്ടിൻ ബീ ആലോചിക്കേണ്ടവയായ കാര്യങ്ങൾ' എന്ന തലവാചകത്തോടുകൂടി രാമവർമ്മ രാജകുമാരൻ പ്രക്ഷോഭകങ്ങളായ കാരോ ലേഖനങ്ങൾ ഇടവിടാതെ എഴുതിക്കൊണ്ടിരുന്നു. ഈ ലേഖനങ്ങളാൽ അക്കാലത്തു കുറച്ചല്ല പ്രക്ഷോഭം ഉണ്ടായതു്. മാർട്ടിൻ സായ്പു തന്നെ ഈ ലേഖനങ്ങളിൽ പ്രസ്താവിക്കപ്പെട്ട കാര്യങ്ങളെ സന്തോഷത്തോടുകൂടി സ്വീകരിച്ചു. രാമവർമ്മ രാജകുമാരന്റെ മേല്പറഞ്ഞ വിധത്തിലുള്ള അഭിപ്രായപ്രസിദ്ധീകരണത്താൽ തിരുവിതാംകൂർ ഗവർമ്മെൻറു്, ദക്ഷിണതിരുവിതാംകൂറിൽ ചില പാതിരിമാർ, തങ്ങളുടെ മതാതിസക്തി ഹേതുവായിട്ടു്, രാജ്യഭരണസംബന്ധമായി സംഭവിപ്പിച്ച കുഴപ്പത്തെപ്പോലെയുള്ള അനേകം കാര്യവിഷമതകളിൽനിന്നു രക്ഷിക്കപ്പെട്ടു. വിദ്യാഭ്യാസവിഷയത്തിൽ തിരുവിതാംകൂർ ഗവർമ്മെൻറു് എല്ലാ മതക്കാരേയും ഒരേവിധത്തിൽ സഹായിക്കയല്ലാതെ, ഒരു മതക്കാരെ അധികവും, മറ്റൊരു മതക്കാരെ കാര്യവും, സഹായിക്കുന്നില്ലെന്നും, ഇങ്ങനെ നിഷ്പക്ഷപാതമായിരിക്കുന്നതു ന്യായമാണെന്നും, കാണിച്ചു്, സർ. ജാർജ്ജ് ക്ലാർക്ക് സായ്പിനു രാമവർമ്മ രാജകുമാരനാൽ ഏകദേശം ഇക്കാലത്തു് അയയ്ക്കപ്പെട്ടതായ ഒരു ലേഖനം ഇനി എല്ലാവരാലും വായിക്കപ്പെടത്തക്കയോഗ്യതയോടുകൂടിയതായിരിക്കുന്നു. അതുപോലെ തന്നെയാണു സംസ്കൃതവിദ്യാഭ്യാസത്തിന്റെ മാഹാത്മ്യത്തെക്കുറിച്ചു് ജേ. ബീ. നാട്ടൻ സായ്പിനയച്ച മറ്റൊരു ലേഖനവും.

ഫ്രഞ്ചുഫ്രാഗം കൊല്ലത്തിന്റെ അവസാനത്തിൽ രാമവർമ്മ രാജകുമാരൻ ഇൻഡ്യയിലെ ദക്ഷിണസംസ്ഥാനത്തിന്റെ തലസ്ഥാനമായ മദ്രാസ് പട്ടണത്തെ സന്ദർശിച്ചു. ഇതു തിരുവിതാംകൂർ രാജഗോത്രത്തിലുള്ള ഒരു രാജകുമാരനു് അക്കാലത്തു് എളുപ്പത്തിൽ സാധിക്കത്തക്ക ഒരു കാര്യമല്ലായി

രുന്നു. തിരുവിതാംകൂർ രാജവംശത്തിൽനിന്നു ബ്രിട്ടീഷു സാമ്രാജ്യപ്രതിനിധിയായ ഒരു ഗവർണ്ണരെ അദ്ദേഹത്തിന്റെ അധികാരസ്ഥലത്തു ചെന്നു് ആട്ടിപ്പം കണ്ടതു രാമവർമ്മ രാജകുമാരനായിരുന്നു. അക്കാലം മദ്രാസ് ഗവർണ്ണരായിരുന്ന സർ വില്യം ഡെനിസൺ സായ്പിന്റെ മനസ്സിൽ രാമവർമ്മ രാജകുമാരൻ ജനിപ്പിച്ച അഭിപ്രായത്തെപ്പറ്റി ആ സായ്പ് മാൾട്ടിലെ സായ്പിനു് ഇപ്രകാരം എഴുതി:—'ഞാൻ കണ്ടിട്ടുള്ള ഈ നാട്ടുകാരിൽ എല്ലാവരിലും വെച്ചു് ഇദ്ദേഹം എത്രയോ അധികം ബുദ്ധിയുള്ള ഒരാളായിരിക്കുന്നു. ഇദ്ദേഹത്തിന്റെ സഹോദരനായ ഇപ്പോൾ രാജ്യഭാരം ചെയ്തുകൊണ്ടിരിക്കുന്ന മഹാരാജാവും ഇദ്ദേഹത്തെപ്പോലെതന്നെയാണെങ്കിൽ, തിരുവിതാംകൂറിന്റെ ഭാവിഷ്യൽ കാലലക്ഷണങ്ങൾ എത്രയും ശുഭസൂചകങ്ങൾ തന്നെ.'

മേല്പറഞ്ഞ അഭിപ്രായത്തിന്റെ ഫലമായി രാമവർമ്മരാജകുമാരനു 'മദ്രാസ് സംസ്കൃതകലാശാലാസാമാജികത്വം' എന്ന സ്ഥാനം ഉടനെ ലഭിച്ചു. ഈ സ്ഥാനം അന്നത്തെക്കാലങ്ങളിൽ നാട്ടുകാർക്കു ലഭിക്കുന്നതു വളരെ അപൂർവ്വമായ ഒരു കാര്യമായിരുന്നു. മേല്പറഞ്ഞ യാത്രയിൽ രാമവർമ്മരാജകുമാരൻ അനേകം ആളുകളെ തന്റെ സ്നേഹിതന്മാരാക്കിത്തീർത്തു. അവരിൽ ഗവർണ്ണരും, ഗവർണ്ണരുടെ ആഭ്യന്തരചാരസഭയുടെ അംഗങ്ങളായ ചില സായ്പന്മാരും, ഉൾപ്പെട്ടിരുന്നു. അവരെല്ലാവരുമായി അന്നുമുതൽ രാമവർമ്മ യുവരാജാവു മരിക്കുന്നതുവരെ എഴുത്തുകുത്തു നടത്തിക്കൊണ്ടിരുന്നു. ദേശസഞ്ചാരസംബന്ധമായിച്ചെയ്ത ഈ ആദ്യപരിശ്രമത്തിനു ശേഷം, രാമവർമ്മ രാജകുമാരൻ തന്റെ സ്വതന്ത്രാജ്യത്തിൽ ഇടവിടാതെ ചുറ്റിസ്സഞ്ചരിക്കാൻ തുടങ്ങി. തന്നാൽ കാണപ്പെടാത്തതായി തിരുവിതാംകൂറിൽ യാതൊരു മലയാകട്ടേ, പുഴയാകട്ടേ, പ്രസ്രവണമാകട്ടേ, ഇല്ല. കാലാധിക്യത്താൽ ജീർണ്ണം ഭവിച്ച വല്ല ക്ഷേത്രത്തെയോ, അസ്പഷ്ടങ്ങളായ വല്ല ശിലാലേഖനങ്ങളേയോ, പൊളിഞ്ഞുകിടക്ക

ന്ന വല്ല കോട്ടയേയോ, രാജ്യത്തിന്റെ പൂർവ്വചരിത്രത്തെ സൂചിപ്പിക്കുന്നവയായ മറ്റു വല്ല പ്രധാനലക്ഷ്യങ്ങളേയോ, പുതുതായിക്കണ്ടെത്തീട്ട്, അവയെക്കുറിച്ചു് അന്വേഷിക്കുന്നതിനായി ഇങ്ങനെ ശ്രാംക്ഷിയായ ആരെങ്കിലും കരുതുമ്പോൾ, അവ മുമ്പേതന്നെ വിശാഖം തിരുനാൾ തിരുമനസ്സിലെ (ഈ നാമധേയത്താലാണു് ഈ ഉപന്യാസത്തിലെ നായകനായ രാമവർമ്മ മഹാരാജാവിനെ ഇനിമേൽ തിരുവിതാംകൂറിൽ വിളിച്ചുവരാറു്) ദൃഷ്ടിഗോചരങ്ങളായി ചേർന്നിട്ടുണ്ടെന്നു ഗ്രാമനിവാസികൾ ആയാളെ ധരിപ്പിച്ചതായിരിക്കുന്നതല്ല. ഇങ്ങനെ കാടോരിക്കൽ സഞ്ചരിച്ചു മടങ്ങുമ്പോഴൊക്കെയും രാമവർമ്മരാജകുമാരൻ അനേകവിധങ്ങളായ സസ്യങ്ങളും, വിത്തുകളും, ഇലകളും, പൂക്കളും, കല്ലുകളും, ലോഹങ്ങളും ഈച്ചകളും പുഴുക്കളും, തുന്നിനിറച്ച പക്ഷികളും, പലമാതിരി ഇഴജന്തുക്കളും, അവയോടുകൂടി, തന്നാൽ മാസപ്പടി കൊടുത്തു പെരുപ്പെടുത്തിട്ടുള്ള ചിത്രമെഴുത്തുകാരാൽ അതിവിശേഷമായി എഴുതപ്പെട്ട കാരോ സ്ഥലങ്ങളിടേയും, നാട്ടൊഷധങ്ങളുടേയും, പുഷ്പങ്ങളുടേയും, ഫലങ്ങളുടേയും, ചിത്രങ്ങളും, ചുമടു ചുമടായി ശേഖരിച്ചു കൊണ്ടുവരിക പതിവായിരുന്നു. കൂടുകകരങ്ങളും, എപ്പോഴെപ്പോഴും അഭിവർദ്ധിച്ചുകൊണ്ടിരുന്നവയും, ആയ മേൽപറഞ്ഞ സാധനശേഖരങ്ങളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ചില മാതൃകകളെ പ്രകൃതിശാസ്ത്രജ്ഞന്മാരെന്നു വിഖ്യാതന്മാരായ, ഠായൽ കൃഷിത്തോട്ടത്തിലെ സർ. ജോസഫ് ഹുക്കർ, കല്ക്കത്തായിലെ ഡാക്ടർ ആൻഡർസൻ, ഡാക്ടർ കിങ്ങ്, എന്നവർക്കും, ബംഗളൂരിലെ കണ്ണൽ പക്കിളിനും, സിലോണിലെ ഡാക്ടർ തേയ്ച്ചറിനും, ആസ്ത്രേലിയായിലെ ഡാക്ടർ ബെന്നറിനും, മറ്റും, രാമവർമ്മ രാജകുമാർൻ അയയ്ക്കുകയും, അവയ്ക്കു പകരം അവരിൽ നിന്നു് അവരുടെ രാജ്യത്തുള്ള കാരോ സാധനമാതൃകകളെ വരുത്തുകയും, ചെയ്തുകൊണ്ടിരുന്നു.

രാമവർമ്മ രാജകുമാരന്റെ തത്വശാസ്ത്രപരിജ്ഞാനം

അനുഭവത്തിൽ ഉപയോഗപ്പെടാത്ത വിധത്തിലുള്ളതായിരുന്നില്ല. സസ്യശാസ്ത്രത്തിൽ താൻ അപരിമിതപരിജ്ഞാനത്തോടുകൂടിയവനായിരുന്നുവെങ്കിലും, കൃഷിയെക്കുറിച്ചു തനിക്കു് ഒരു പ്രത്യേകവാസനയുണ്ടായിരുന്നു. രാമവർമ്മയുവരാജാവിന്റെ കാലത്തു്, തന്റെ സ്വന്ത ഇഷ്ടപ്രകാരം ഉണ്ടാക്കിക്കപ്പെട്ടതും, തന്റെ ആയുഷ്കാലത്തിന്റെ ഏറിയ ഭാഗവും തന്നാൽ അധിവസിക്കപ്പെട്ടതും, ആയ 'പടക്കേക്കൊട്ടാരത്തെ (എന്നുവെച്ചാൽ യുവരാജാവിന്റെ രാജധാനിയെ) കണ്ടിട്ടുള്ള യാതൊരുത്തനും, അതു കൃഷിസംബന്ധമായ ഓരോ കാര്യങ്ങളെ പരിക്ഷിച്ചറിയുന്നതിനായി, അത്യുത്സാഹത്തോടുകൂടി തന്നാൽ ചെയ്യപ്പെട്ട ഓരോ അഭിവൃദ്ധികളും സ്വയംകൃതങ്ങളും ആയ സൂത്രപ്രവൃത്തികളാൽ നിറയ്ക്കപ്പെട്ടതായ ഒരു വിശേഷകൃഷിസ്ഥലത്തിന്റെ ലക്ഷണങ്ങളോടുകൂടിയതായിരുന്നുവെന്നു് ഓർക്കാതിരിക്കുന്നതു് അസാദ്ധ്യമാണു്. വേറെ യാതൊന്നിനേയും കുറിച്ചല്ലെങ്കിലും, തിരുവിതാംകൂർ മുഴുവനും വേഗത്തിൽ പരന്നുകൊണ്ടിരിക്കുന്ന മരച്ചീനി (അല്ലെങ്കിൽ മൂളകിഴങ്ങു) കൃഷിയെ പുതുതായി ഏർപ്പെടുത്തി നടപ്പാക്കിയെന്നുള്ള ഏകസംഗതിയെക്കുറിച്ചു തിരുവിതാംകൂർ രാജ്യവാസികൾ എല്ലാവരും രാമവർമ്മരാജകുമാരന്റെ നേർക്കു് എന്നെന്നേക്കും നന്ദിയുള്ളവരായിരിക്കുന്നതാണു്. തിരുവിതാംകൂറിലെ കാട്ടുപ്രദേശങ്ങളിലുള്ള മിക്കവയോധികന്മാരും, തങ്ങളുടെ ബാല്യകാലത്തു വെളുത്ത കാക്കയെപ്പോലെ അപൂർവ്വമായിരുന്നതും, ഇപ്പോൾ അടുത്തുള്ള പുഴയിലെ നിർമ്മലമായ വെള്ളംപോലെ തങ്ങളുടെ നിത്യാഹാരത്തിനു കൂടിയേ കഴിയൂ എന്നു തങ്ങളാൽതന്നെ വിചാരിക്കപ്പെട്ടു വരുന്നതും, ആയ മേൽപറഞ്ഞ മരച്ചീനിയുടെ അനേകങ്ങളായ ഗുണങ്ങളെ അഭിമാനത്തോടുകൂടി വർണ്ണിച്ചു പറയുന്നതു് ഇന്നും കേൾക്കാവുന്നതാണു്. അടുത്തുള്ള പുഴയിൽ വെള്ളം വറ്റിപ്പോകയും, ക്ഷാമത്താൽ ജനങ്ങൾ മെലിഞ്ഞുഴലുകയും ചെയ്യുമ്പോൾ, കായബലമുള്ള വ

നായ തിരുവിതാംകൂറിന്റെ കാട്ടുപ്രദേശക്കാരൻ, ഇതരരാജ്യങ്ങളിൽ ക്ഷാമത്താലുള്ള കഷ്ടത തന്റെ കൂട്ടക്കാണു് ആദ്യം തട്ടുന്നതെങ്കിലും, തന്നാൽ പുഷ്ടതായി കാടുവെട്ടിത്തെളിച്ചിടപ്പെട്ട സ്ഥലത്തു്, തന്റെ നാട്ടിലെ സ്വാഭാവികമായ തണുപ്പുള്ള വായുവിന്റെ നനവുകൊണ്ടു മാച്ചീനി വാടിപ്പോകാതിരിക്കുന്ന കാലത്തോളം, ക്ഷാമത്തെ ലേശവും ഗണ്യമാക്കുന്നതല്ല. ഇപ്പോൾ തിരുവിതാംകൂർ രാജ്യത്തിന്റെ മിക്ക ഭാഗങ്ങളിലുമുള്ള ദരിദ്രന്മാരുടെ മുഖ്യമായ ഭക്ഷണം മാച്ചീനിക്കിഴങ്ങാണു്. ക്ഷാമകാലങ്ങളിൽ മറു ഭക്ഷണസാധനങ്ങൾക്കു ദുർലഭത വരുമ്പോൾ അത്യന്തം ഉപകരിക്കുന്നതായ വിലയേറിയ ധാന്യം മാച്ചീനിക്കിഴങ്ങിനെന്നു രാമവർമ്മരാജകുമാരനു ദൃഢബോധം വന്നതിനാൽ അതിനെ കൃഷിചെയ്യുന്നതിനു ജനങ്ങളെ ഉത്സാഹിപ്പിക്കുന്നതു് അത്യാവശ്യമാണെന്നു തോന്നി ഗവർമ്മെന്റിലേക്കു് എഴുതുകയുണ്ടായി. അക്കാര്യത്തിൽ ഗവർമ്മെന്റു് എന്തു ചെയ്തുവെന്നു് ഇതുവരെ അറിഞ്ഞിട്ടില്ല. മനില്ലാപ്പുകയിലമുതലായി, പരദേശങ്ങളിൽ കൃഷിചെയ്യുന്നതായ വിവിധങ്ങളായ ചെടികളെ തിരുവിതാംകൂറിൽ കൃഷിചെയ്യുന്നതിനു രാമവർമ്മരാജകുമാരൻ പരിശ്രമിച്ചു. എന്നാൽ തന്നാൽതന്നെ കൃഷിചെയ്തു പരീക്ഷിച്ചു നോക്കപ്പെട്ട ചെടികളെയൊക്കെയും ഏറ്റക്കുറവു വരുത്തുകണ്ടുവെങ്കിലും, അവയുടെ കൃഷി തിരുവിതാംകൂറിൽ സാധാരണമായിപ്പരന്നില്ല.

ശില്പവിദ്യകളിൽ, രാമവർമ്മരാജകുമാരനാൽ പ്രോത്സാഹിപ്പിക്കപ്പെട്ടതു് എണ്ണച്ചായത്തിലും തണ്ണിച്ചായത്തിലും ഉള്ള ചിത്രമെഴുത്തും, ദന്തത്തിലും മരത്തിലുമുള്ള കൊത്തുപണിയും, ഉരുക്കുകൊണ്ടും മറ്റും ഉണ്ടാക്കപ്പെട്ടിട്ടുള്ള സാധനങ്ങളിൽ സ്വർണ്ണംകൊണ്ടും മറ്റും ഉള്ള അലങ്കാരപ്പണിയും, ആയിരുന്നു. ഈ വിദ്യകളിലെല്ലാം, വിശേഷിച്ചു്, ആദ്യം പറയപ്പെട്ടതായ ചിത്രമെഴുത്തിൽ, തന്നാൽ പ്രോത്സാഹി

പ്പിക്കപ്പെട്ട യുവാക്കന്മാർ പിൻകാലങ്ങളിൽ വളരെ പ്രസിദ്ധി സമ്പാദിച്ചിട്ടുണ്ടു്. എന്നാൽ എഴുതുകയും വായിക്കുകയും ചെയ്യുന്നതിലേക്കായിരുന്നു, രാമവർമ്മരാജകുമാരൻ തന്റെ സമയത്തെ മുക്കാലേഅരയ്ക്കാലും ഉപയോഗിച്ചതു്. തന്റെ വായന വളരെ വിശാലമായിട്ടുള്ളതായിരുന്നു. ആത്യന്തം വിനോദകരങ്ങളായ ഗ്രന്ഥങ്ങളും, ഏറ്റവും കായ്ക്കഗൌരവമുള്ള ഗ്രന്ഥങ്ങളും, തന്റെ വായനയ്ക്കു വിഷയങ്ങളായിരുന്നു. അധികം പുസ്തകങ്ങളെ വായിക്കയാൽ തന്റെ വാചകരീതി ദിവസംതോറും അധികം പരിഷ്കൃതയായും സ്വാഭാവികതയുള്ളതായും ഭവിച്ചു. ആദ്യകാലങ്ങളിൽ തനിക്കു ലാർഡ് മെക്കാളേയുടെ വാചകരീതിയിൽ വളരെ ഭ്രമം ഉണ്ടായിരുന്നു. അതിനാൽ ആദ്യകാലങ്ങളിൽ തന്നാൽ എഴുതപ്പെട്ട പുസ്തകങ്ങളിൽ മെക്കാളേയുടെ വാചകരീതി ചുവയ്ക്കുന്നതായി കാണാം. എന്നാൽ മോടിക്കുട്ടി വാചകങ്ങൾ എഴുതുന്നതിനു രാമവർമ്മരാജകുമാരനുണ്ടായിരുന്ന മോഹം അധികം കാലം നിലനിന്നില്ല. പിൻകാലങ്ങളിൽ അധികം ഗ്രന്ഥങ്ങളെ വളരെ മനസ്സിരുത്തി വായിക്കുകയാൽ ഒതുക്കംഭംഗി കൂടിയ ഒരു വാചകരീതി തന്റെ ഹൃദയത്തിൽ പതിഞ്ഞുവശമായി. 'മനുഷ്യമാഹാത്മ്യം' 'പ്രകൃതിക്കും ശില്പത്തിനും തമ്മിലുള്ള സംബന്ധം', 'നമ്മുടെ സന്താക്കുത്യങ്ങൾ', 'നമ്മുടെ പരിശ്രമഫലിതി' എന്നിങ്ങിനെ കാര്യവിഷയങ്ങളെക്കുറിച്ചുള്ള തന്റെ പ്രസംഗങ്ങളും, അനിതരരാജ്യസാധാരണങ്ങളായ 'മുറജപം', 'തുലാഭാരം', 'ഹിരണ്യഗർഭം' എന്ന വിശേഷകർമ്മങ്ങളെക്കുറിച്ചു താൻ എഴുതിട്ടുള്ള വിവരണങ്ങളും, തന്റെ ഈ വാചകരീതിയുടെ ദൃഷ്ടാന്തങ്ങളാണു്. വാചകവൈശിഷ്ട്യത്തെക്കുറിച്ചും ആലോചനാസ്വാതന്ത്ര്യത്തെക്കുറിച്ചും താല്പര്യമുള്ള ആളുകളാൽ മേല്പറഞ്ഞ പുസ്തകങ്ങൾ അവശ്യം വായിക്കപ്പെടേണ്ടവയാണു്.

ഇതിനിടയ്ക്കു, തിരുവിതാംകൂർ വിട്ടുപോകുന്നതിനു മാധ

വരായക്ക് സംഗതിവന്നു. ആ സമയം, കൃതജ്ഞതയും സ്നേഹവും ഉള്ള ഒരു ശിഷ്യൻ ചെയ്യേണ്ടതുപോലെ, രാമവർമ്മരാജകുമാരൻ, 'ഒരു നാട്ടുകാരനായ രാജ്യഭരണതന്ത്രജ്ഞൻ' എന്ന ശീലവാചകത്തിൽ 'കൽക്കത്താറിവ്യൂ' എന്ന പത്രത്തിലേക്ക്, ടിഗ്ബമായും, മാധവരായരുടെ രാജ്യഭരണനീതിയുടെ സ്വീകാരയോഗ്യതയെ പ്രത്യക്ഷീകരിക്കുന്നതായും, ഉള്ള ഒരു ലേഖനം അയച്ചു. അതു് ഒരിക്കും ഊഹിച്ചറിയാവുന്നവയായ കാരണങ്ങളാൽ ലേഖകന്റെ പേരു വെക്കാതെ ആ പത്രത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ആ ലേഖനത്തെക്കുറിച്ചു സജ്ജനങ്ങളും സ്തുതിച്ചു പറഞ്ഞു. മുഖ്യമായി ആ ലേഖനത്താൽ തന്നെയായിരുന്നു, ഹോൾക്കാർ മഹാരാജാവ്, തന്റെ രാജ്യകാര്യങ്ങളെ നടത്തുന്നതിനു പ്രാപ്തനായ ഒരാളെ തിരഞ്ഞെടുത്തയയ്ക്കുന്നതിനായി ഈ ധ്യാഗവർമ്മേണ്ടാട്' ആവശ്യപ്പെട്ടപ്പോൾ, ഗവർണ്ണർ ജനറലായ ലാർഡ് നാത്ത്ബ്രൂക്കിന്റെ ശ്രദ്ധ മാധവരായരുടെ മേൽ ആകർഷിക്കപ്പെട്ടതു്. ഏകദേശം ഈ സമയമായിരുന്നു ഇന്ത്യാ ഗവർമ്മേണ്ടിന്റെ നിയമനിർമ്മാണസഭയിൽ ഉദ്യോഗസ്ഥനല്ലാത്ത ഒരു സാമാജികനായിരിക്കുന്നതിനു രാമവർമ്മ രാജകുമാരനോടു ഗവർണ്ണർ ജനറൽ ആവശ്യപ്പെട്ടതു്. മേല്പറഞ്ഞ ബഹുമാനസ്ഥാനത്തെ സ്വീകരിക്കുന്നതിനു സുഖഹീനതയാൽ രാമവർമ്മരാജകുമാരനു സാധിച്ചില്ല.

ഫ്ലൂറ്റ്-ൽ രാമവർമ്മരാജകുമാരനും കുലശേഖരായ ദീനം സംഭവിച്ചു. രക്ഷപ്പെടുവാൻ പ്രയാസമാണെന്നുപോലും നിനച്ചധികം തവണ വിചാരിക്കപ്പെടുകപോലും ചെയ്തുപോയി. എന്നാൽ അസന്തോഷകാരണങ്ങളായ സംഗതികളാൽ സമാവൃതനായും, ശരീരസുഖഹീനതയാൽ ക്ലിഷ്ടനായും, ഇരുന്നിട്ടും, രാമവർമ്മരാജകുമാരന്റെ ബുദ്ധിക്ക് എപ്പോഴും ഒരുപോലെയുള്ള ഉത്സാഹശക്തിയുണ്ടായിരുന്നു. വായിക്കുന്നതിനായി മലയാളഭാഷയിൽ നല്ല പുസ്തകങ്ങളൊന്നും വളരെ ദുർല്ലഭങ്ങളാണെന്നറിഞ്ഞിട്ടു് രാമവർമ്മരാജകുമാരൻ, മാധവരായർ ടി

യാൻജിയായിരുന്ന കാലത്തു് ഏർപ്പെടുത്തപ്പെട്ട ബുക്കുകമ്മിറ്റിയെ, ഹൃദയപൂർവ്വമായി സഹായിക്കുകയും, ആ ബുക്കുകമ്മിറ്റിയാൽ പ്രസിദ്ധപ്പെടുത്തപ്പെട്ട പുസ്തകങ്ങൾക്കു പുറമേ താൻ തന്നെ 'സത്യം', 'വിദ്യാഭ്യാസം', 'ആരോഗ്യം', 'സൽകൃത്യങ്ങൾ' എന്നിങ്ങനെ ബഹുജനങ്ങൾക്കു സാധാരണോപയോഗമുള്ളവയായ വിഷയങ്ങളെക്കുറിച്ചു ചില നല്ല ചെറിയ പുസ്തകങ്ങളെ എഴുതി പ്രസിദ്ധപ്പെടുത്തി. കരകൌശലപ്പണികളേയും കൃഷിയേയും ഉത്സാഹിപ്പിക്കുന്നതിലേക്കുള്ള പ്രശ്നങ്ങളിൽ രാമവർമ്മമഹാരാജകുമാരനു വളരെ താല്പര്യമുണ്ടായിരുന്നു. ഇന്ത്യയിലും യൂറോപ്പിലും ഉള്ള പല പ്രശ്നങ്ങളിലേക്കും താൻ തന്നെ കാരണോപാധികളെ അയയ്ക്കുക പതിവായിരുന്നു. 'പീയന്നാ'വിലെ വിചിത്രദേശീയപ്രശ്നത്തിൽ തനിക്കു മറ്റു സമ്മാനമുദ്രകൾ കിട്ടി. കൂടാതെ വിശേഷതരമായ വക്കുനാരിനും, മറ്റേതു് ഇൻഡ്യയിലെ പുരാതനവൈദ്യശാസ്ത്രോക്തങ്ങളായ ഗ്രന്ഥങ്ങൾക്കും, ആയിരുന്നു. കൃഷിസംബന്ധമായി മദ്രാസിൽ വെച്ചുണ്ടായ ഒരു പ്രദർശനത്തിൽ ഇൻഡ്യയിൽ ഒന്നാംതരമായ കാപ്പിക്കുരുവിനായി തനിക്കു് ഒരു സ്വർണ്ണസമ്മാനമുദ്ര കിട്ടി. പ്രവൃത്തിയെടുക്കുന്നതു ബഹുമാനകരമാണെന്നും, പരാശ്രയത്തെയല്ല, സ്വാശ്രയത്തേയാണു് ബുദ്ധിയുള്ളവർ സ്വീകരിക്കുന്നതെന്നും പ്രത്യക്ഷപ്പെടുത്തിക്കാണിച്ചു്, ഹിന്ദുക്കളുടെ സ്വഭാവത്തിലുള്ള മേലുതായ ഒരു ന്യൂനതയെ ദൂരീകരിക്കുന്നതിനായി മാധവരായരും താനും ചേർന്നു് ആദ്യം അശമ്പുമലയിൽ ആരംഭിച്ച ഒരു കാപ്പിത്തോട്ടത്തെ താൻ തന്നെ നടത്തി. തന്റെ അനദ്ധ്യായസമയമൊക്കയും ബുദ്ധിയുള്ളവരുടെ കൂട്ടത്തിൽ കഴിച്ചുകൂട്ടുന്നതായിരുന്നു തനിക്കു സന്തോഷം. തിരുവനന്തപുരം കോളേജിലുള്ള വിദ്യാർത്ഥികളിൽ ദരിദ്രന്മാരെങ്കിലും ബുദ്ധിയുള്ളവരെന്നു കാണപ്പെട്ട കുട്ടികളെ, അവരുമായി സഹവാസം ചെയ്യുന്നതിലും അവരെ ഉത്സാഹിപ്പിക്കുന്നതിലും തനിക്കുണ്ടായിരുന്ന സന്തോഷം ഹേതുവായിട്ടു്, താൻ

തന്റെ കൊച്ചാരത്തിൽ ക്ഷണിച്ചുവരുത്തുക പതിവായിരുന്നു. തിരുവിതാംകൂറിൽ ഇപ്പോൾ ഉയർന്ന ഉദ്യോഗങ്ങളിൽ ഇരിക്കുന്ന അനേകം ആളുകളുടെ ആദ്യത്തെ സഹായദാതാവു രാമവർമ്മരാജകുമാരനായിരുന്നു.

തിരുവിതാംകൂറിനു പുറത്തു്, തനിക്കു സ്നേഹമുണ്ടായിരുന്ന ആളുകളെക്കുറിച്ചു വിചാരിക്കുന്നതുകൊണ്ടു്, മാധവരായരുടെ മേൽ തനിക്കുണ്ടായിരുന്ന ആദരവും ബഹുമാനവും എത്രമാത്രം ഹൃദയപൂർവ്വവും സുസ്ഥിരവും ആയിരുന്നുവെന്നു്, ഇതിനു മുമ്പിൽത്തന്നെ പറഞ്ഞിട്ടുണ്ടു്. രാമയ്യങ്കാർ തന്റെ മറ്റൊരു ആദ്യസ്നേഹിതനായിരുന്നു. രാമയ്യങ്കാരുമായിട്ടുള്ള സ്നേഹം എത്ര ദൃഢമായിട്ടുള്ളതായിരുന്നുവെന്നു വഴിയേ പ്രസ്താവിക്കുന്നതാണു്. തങ്ങളുടെ അഭിവൃദ്ധിയിങ്കൽ രാമവർമ്മ രാജകുമാരനാൽ അത്യന്തം താൽപര്യവും വാത്സല്യമായ സ്നേഹവും കാണിക്കപ്പെട്ടവരായി ബ്രിട്ടീഷ്ഗവർമ്മേൻറിന്റെ കീഴിൽ ബുദ്ധിമാന്മാരായ ഉദ്യോഗസ്ഥന്മാർ എത്രയോ അധികം ഉണ്ടായിരുന്നു. ടിപ്പുസുൽത്താൻ-മൈസൂർ രാജ്യം, ആ രാജ്യത്തെ രാജവംശത്തിലേക്കു തിരിയെ ഏല്പിക്കപ്പെട്ടതിനുശേഷം, ആ രാജ്യത്തെ ആദ്യദിവാൻജിയും, പിന്നത്തെ എല്ലാ ദിവാൻജിമാരേക്കാളും പ്രമാണപ്പെട്ടാളും, ആയ രംഗാചാർലു, രാമവർമ്മ രാജകുമാരനാലാണു് ആ രാജ്യത്തേക്കു നിശ്ചയപ്പെട്ടതെന്നു്, പക്ഷേ എല്ലാവരും അറിഞ്ഞിട്ടുള്ള ഒരു കാര്യമല്ലായിരിക്കാം. തന്റെ അത്യന്തസ്നേഹിതനും മൈസൂർ ചീഫ് കമ്മിഷണരും ആയ ബ്രൌണിങ്ങ് സായ്പിനോടു് രാമവർമ്മരാജകുമാരൻ ചെയ്ത ശിപാർശയാലാണു്, ആ സായ്പ് രംഗാചാർലുവിനു മൈസൂർ ഗവർമ്മേൻറിന്റെ കീഴിൽ ആദ്യം ഒരു ഉദ്യോഗം കൊടുത്തതു്. ക്രിസ്താബ്ദം ൧൮൦൦ വർഷം ജൂൺമാസം ക്രി.പി. ൧൮൦൧-ാമതു രാമവർമ്മ യുവരാജാവു് തിരുവിതാംകൂർ മഹാരാജാവായി അഭിഷേകം ചെയ്യപ്പെട്ടു. ഇതിലധികം സൂക്ഷ്മനസമ്മതനായി യാതൊരു രാജാവും അഭിഷേകം

ചെയ്യപ്പെട്ടിട്ടില്ല. അഭിഷേകസമയം ബ്രിട്ടീഷ്ഗവർമ്മെന്റായ മാഗ്രിഗർ സായ്പു് താഴെ പറയും പ്രകാരം എഴുതി:—

'പലതായ കക്ഷിപേർ സമ്പാദിക്കുന്നതിനു തിരുമനസ്സിലേക്കാൾ അധികം സൗകര്യമുള്ള യാതൊരു യുവരാജാവും യാതൊരിക്കലും രാജ്യാവകാശിയായി അഭിഷേകം ചെയ്യപ്പെട്ടിട്ടില്ലെന്നു ഞാൻ ദൃഢമായി വിശ്വസിക്കുന്നു. തിരുമനസ്സിലേക്കുള്ള യോഗ്യതകളെ തിരുമനസ്സിലെ പ്രജകൾക്കു ഗ്രഹണം ചെയ്യേണമെന്നുള്ള ഏകകാര്യത്തിലേക്കായി മാത്രം ഉപയോഗിക്കുന്നതായിരുന്നാൽ (തിരുമനസ്സുകൊണ്ടു് അങ്ങനെ ചെയ്യുമെന്നുതന്നെ ഞാൻ വിശ്വസിക്കുന്നു), അതിന്റെ ഫലം തിരുവിതാംകൂറിലേക്കു മാത്രമല്ല സിദ്ധിക്കുന്നതു്, ഹിന്ദുസ്ഥാനരാജ്യം മുഴുവനും അതു പ്രതിഫലിച്ചു കാണുന്നതാണു്'.

മേൽപ്രകാരം എഴുതിയതിന്റെ കൂടവിൽ മാഗ്രിഗർ സായ്പു് താഴെ പറയുന്നതുകൂടി പ്രസ്താവിച്ചതു് ഏറ്റവും ശരിയായിരിക്കുന്നു:—

'ഇങ്ങനെ ഞാൻ പറയുന്നതു രാജാക്കന്മാരോടു പറയുമ്പോൾ സാധാരണ അനുഷ്ഠിക്കേണ്ടതായ മര്യാദയെ അനുസരിച്ചു പറയുന്നതല്ല; എന്നാൽ തിരുമനസ്സിലെ ഇതുവരെയുള്ള ജീവിതക്രമത്താലും, സജ്ജനങ്ങൾക്കു് ആദിയുള്ളതായ തിരുമനസ്സിലെ പരിപ്പിനാലും സ്വഭാവധർമ്മങ്ങളാലും നിർണയപ്പെട്ടിരിക്കുന്ന പ്രബലമായ അടിസ്ഥാനത്തിന്മേൽ സ്ഥാപിക്കപ്പെട്ടതായ എന്റെ അഭിപ്രായത്തെ ഞാൻ പറയുകയാണു്'.

ഈ അഭിപ്രായം മാഗ്രിഗർ സായ്പിനുമാത്രമല്ല ഉണ്ടായിരുന്നതു്. ദക്ഷിണേന്ത്യയിലുള്ള സകല ജനങ്ങൾക്കും ഈ അഭിപ്രായം തന്നേയാണു് ഉണ്ടായിരുന്നതു്. രാമവർമ്മരാജകുമാരനെ എപ്പോഴെങ്കിലും കാണുന്നതിനിടവന്നിട്ടുള്ള എല്ലാ ആളുകളും, ഇതുവരെ പരിപ്പും ബുദ്ധിസാമർത്ഥ്യവും ഉള്ള കക്ഷി രാജാവിന്റെ രാജ്യഭരണത്തിൽനിന്നു മഹത്തമങ്ങളായ ഫലങ്ങൾ സംഭവിക്കാതിരിക്കയില്ലെന്നുള്ള വിശ്വാ

സത്തോടും, അപ്രകാരം സംഭവിച്ചു കാണുന്നതിനുള്ള പ്രതീക്ഷയോടും, കൂടി തിരുവിതാംകൂറിനെ നോക്കിക്കൊണ്ടിരിക്കയായിരുന്നു. രാമവർമ്മ മഹാരാജാവിന്റെ ആദ്യത്തെ രാജ്യഭാരകൃത്യങ്ങളിൽ ഒന്നു രാമയ്യങ്കാരെ തന്റെ ദിവാൻജിയായി നിശ്ചയിച്ചതായിരുന്നു; രാമയ്യങ്കാരുമായി ഇങ്ങനെ ഒന്നാം കൊല്ലത്തിനു മുമ്പു മുതല്ക്കു രാമവർമ്മ മഹാരാജാവിനു പരിചയമുണ്ടായിരുന്നു. ചിലകാര്യങ്ങളിൽ അദ്ദേഹത്തിനു തിരുമനസ്സിലെ സ്വഭാവസാദൃശ്യം ഉണ്ടായിരുന്നതിനാൽ, അദ്ദേഹം തിരുമനസ്സിലെ പ്രീതിക്കും ബഹുമാനത്തിനും പാത്രീഭവിച്ചു. രാമവർമ്മ മഹാരാജാവിന്റെ രാജ്യഭരണത്തിൽ മുഖ്യമായി ഉണ്ടായിരുന്ന ഒരു ഉദ്ദേശ്യം പരിഷ്കാരണം ആയിരുന്നു. ജുഡിഷ്യൽ, റവന്യൂ, പോലീസ്സ്, ഉപ്പ് ഇവതുടങ്ങി, അഞ്ചൽ, ആറാമേൽവിചാരം ഇവവരെ കാരോ ഡിപ്പാർട്ടുമെൻറുകളെ കാരോന്നായി എടുത്തു പരിഷ്കരിച്ചു. പരിഷ്കരണസമയം വിരോധാഭിപ്രായക്കാർ വളരെ നിലവിട്ടു കൂട്ടിയെങ്കിലും, പരിഷ്കരണശേഷം മേല്പറഞ്ഞ ഡിപ്പാർട്ടുമെൻറുകളിൽ കാരോന്നും, ആകപ്പാടെ നോക്കിയാൽ, കുറഞ്ഞതു തക്കതായ ഏർപ്പാടുകളോടു കൂടിയതായി, അല്ലെങ്കിൽ തക്കതായ ഉദ്യോഗസ്ഥന്മാരോടു കൂടിയതായി ഭവിച്ചിട്ടില്ലെന്നു് ആർക്കു പറവാൻ കഴിയും? ചില സമയങ്ങളിൽ കഠിനതയും അനുചിതയായ ത്വരയും ഈ പരിഷ്കരണകൃത്യങ്ങളിൽ ഉണ്ടായതു്, രാമവർമ്മ മഹാരാജാവിനേയും രാമയ്യങ്കാർ ദിവാൻജിയേയും പോലേയുള്ള രണ്ടാളുകൾ യോജിച്ചാൽ ഉണ്ടാകാതിരിക്കാൻ പാടില്ലാത്തതായിരുന്നതുകൊണ്ടാണു്. എന്നുമാത്രമല്ല, രാമവർമ്മമഹാരാജാവിനു താൻ വേഗത്തിൽ മരിച്ചുപോകുമെന്നുള്ള ഭയം എപ്പോഴും ഉണ്ടായിരുന്നുവെന്നു്, ആ മഹാരാജാവിന്റെ രാജ്യഭരണത്തിലുള്ള മേല്പറഞ്ഞ ന്യൂനതയെക്കുറിച്ചു പ്രഖ്യാപനം ചെയ്യുന്ന ദോഷൈകദൃക്കുകൾ കാണേണ്ടതാണു്. കരിക്കൽ രാമ

വർമ്മമഹാരാജാവുതന്നെ ഇപ്രകാരം എഴുതുകയുണ്ടായി:— *

'എനിക്കു് ഇപ്പോൾ തന്നെ രണ്ടു വയസ്സു പ്രായമായിരിക്കുന്നു. പണ്ടുണ്ടായിരുന്ന വയോധികനായ രാമരാജാവിനു ശേഷം എന്റെ പൂർവ്വികന്മാർ ആരും ൬൦ വയസ്സിലധികം ജീവിച്ചിരുന്നിട്ടില്ല. ഇനി ചെയ്യാമെന്നുള്ള യാതൊരുകാര്യത്തെയും നാളയ്ക്കായി നീക്കിവെക്കരുതു്'. ഒരുകപ്പാടെ നോക്കിയാൽ രാമവർമ്മ മഹാരാജാവിന്റെ രാജ്യഭരണകാലത്തു് ഏർപ്പെടുത്തപ്പെട്ട പരിഷ്കാരങ്ങൾ എല്ലാം ഔദ്യന്തം നിർദ്ദോഷങ്ങളും ഗുണപ്രദങ്ങളും ആയിരുന്നുവെന്നു യാതൊരു സംശയവും കൂടാതെ പറയാവുന്നതാകുന്നു.

മുമ്പുണ്ടായിരുന്ന കാരോ ഡിപ്പാർട്ടുമെൻറുകളെ പരിഷ്കരിച്ചു നന്നാക്കിയതുകൂടാതെ, രാമവർമ്മമഹാരാജാവിന്റെ രാജ്യഭാരകാലത്തു തിരുവിതാംകൂറിൽ പുതുതായി പല ഡിപ്പാർട്ടുമെൻറുകളും ഏർപ്പെടുത്തപ്പെട്ടു. അവയിൽ റവന്യൂ സർവ്വേയും സെറിൽമെൻറും എല്ലാറ്റിനും മുമ്പിട്ടു നില്ക്കുന്നതാകുന്നു. തിരുവിതാംകൂർ സംസ്ഥാനം ഇപ്പോൾ ഏതു സ്ഥിതിയിൽ കാണപ്പെടുന്നുവോ ആ സ്ഥിതിയിൽ അതു് ആയതിനുശേഷം, രാജ്യഭരണസംബന്ധമായുണ്ടായ എല്ലാ ഏർപ്പാടുകളേക്കാളും മേല്പറഞ്ഞ റവന്യൂസർവ്വേയും സെറിൽമെൻറും എത്രയോ പ്രാധാന്യവും പ്രാമാണ്യവും ഉള്ളതാകുന്നു. അതിനെ എത്രയും വേഗത്തിൽ ഏർപ്പെടുത്തുന്നതു് എത്ര അത്യാവശ്യമാണെന്നു് എല്ലാവരാലും വിചാരിക്കപ്പെട്ടിരുന്നോടത്തോളം തന്നെ, അതിനെ ഏർപ്പെടുത്തുന്നതിൽ ആരംഭത്തിൽ പ്രതിബന്ധങ്ങളും, ഉണ്ടായിരുന്നു. തിരുവിതാംകൂറിലെ ഭൂമികൾ എത്രയും ചെറിയ കാരാ അംശങ്ങളായി കാരോ ചില്ലറ ജന്മികളാൽ അനുഭവിക്കപ്പെട്ടുവരു

---

* (കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.)

ന്നവയാണെന്നുള്ള പ്രസിദ്ധമാണല്ലൊ. അവിടത്തെ നികുതി വസൂൽക്രമം, ഇംഗ്ലന്തിൽ 'ബെൻതം' സായ്പിനുമുമ്പിൽ 'കാമൺലാ' (സാധാരണനിയമം) എതുപ്രകാരത്തിലായിരുന്നുവൊ, അപ്രകാരം ക്രമേണ നശിച്ചു കേവലം ഇല്ലാതെയായിക്കൊണ്ടിരിക്കുന്ന പ്രാചീനകാലനിയമങ്ങളുടെ ജീർണ്ണോദ്ധാരമാണു്. കാലാനുബന്ധമില്ലാത്ത ഓരോ മുറകളുടെ കുഴമറിച്ചൽ എന്നല്ലാതെ വിചാരിക്കുവാൻ പാടില്ലാത്തതായ അവിടത്തെ വസ്തുവകഭേദക്രമം, വന്യകായ്ങ്ങളിൽ അതിപരിചിതനായ യാതൊരു ധിഷണയും അധൈര്യപ്പെടുത്തുന്നതിനും കുഴക്കുന്നതിനും മതിയായിട്ടുള്ളതാകുന്നു. അതിനാൽ ഈ കുഴപ്പങ്ങളെ ഒക്കെയും പരിഹരിക്കുന്നതായ ഒരു വന്യ സെറിൽമെർവ് എത്രയോ കൊല്ലങ്ങളായി ആലോചിക്കപ്പെട്ട വന്നതല്ലാതെ, ഏർപ്പെടുത്തുന്നതിനു സാദ്ധ്യമായില്ല. എന്നാൽ രാമവർമ്മമഹാരാജാവു തന്റെ പ്രത്യേകശ്രദ്ധയും കായ്യശ്രേഷ്ഠാന്തിയും കൊണ്ടു്, അതിനെ ഏർപ്പെടുത്തുന്നതിനു് ഉദ്യമിച്ചു. വയ്യാലോചന കഴിച്ചു ചെയ്തിട്ടുള്ള ആ ഏർപ്പാടു് ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. നടന്നേടത്തോളം ഗവർമ്മേൻറിനു് അതിനാൽ ആദായമാണു് ഉണ്ടായിട്ടുള്ളതെന്നുള്ള പ്രത്യക്ഷമായിരിക്കുന്നു. രാമവർമ്മമഹാരാജാവിന്റെ രാജ്യഭാരകാലത്തിന്റെ ആരംഭത്തിൽ ചെയ്യപ്പെട്ട മറെറാരു പ്രധാനകായ്യം, എത്രയോ കാലംമുമ്പു മുതല്ക്കു കൊച്ചിരാജ്യവുമായിട്ടുണ്ടായിരുന്ന ആതിത്തിക്കത്തെ മദ്ധ്യസ്ഥന്മാർ മുഖാന്തരം തീർച്ചപ്പെടുത്തിയതായിരുന്നു. ആ തീർച്ച ചെയ്യുന്നതിൽ സ്നേഹപൂർവ്വമായ യോജിപ്പിനുള്ള സാമർത്ഥ്യം കൂടെക്കൂടി ഉപയോഗിക്കപ്പെട്ടിരുന്നുവെങ്കിൽ ഇപ്പോഴത്തെക്കാളും അധികം ഗുണം തിരുവിതാംകൂറിലേക്കുണ്ടാകുമായിരുന്നു.

എന്നാൽ ഈ പരിഷ്കാരങ്ങളിലും പുതിയ ഏർപ്പാടുകളിലും യാതൊന്നും, തന്റെ സംസ്ഥാനത്തുള്ള സകല ഉദ്യോഗസ്ഥന്മാരിലും തന്റെ പ്രത്യേകസ്വഭാവഗുണത്താൽ

സംഭവിപ്പിച്ച ഗുണങ്ങളോടു് കൂടുതലോക്കിയാൽ അതു സാരമില്ലാത്തതായിരുന്നുവെന്നു വേണം വിചാരിക്കുവാൻ. രാമവർമ്മ മഹാരാജാവു് സിംഹാസനാരോഹണം ചെയ്തതിരുന്നു്, എത്രയോ ദൂരത്തുള്ള കുന്നുകളിൽ കിടക്കുന്ന മൂഢന്മാരായ വേടന്മാരെപ്പോലും, സർക്കാരുദ്യോഗസ്ഥന്മാരിൽ സകല അനീതികളിൽ വെച്ചും കഠിനമായതു കൈക്കൂലിയാണെന്നുള്ള ബോധം പെട്ടെന്നുണ്ടായി. കൈക്കൂലിയെന്നുള്ളതു, വ്യഭിചാരം പോലെ കണ്ടുപിടിയ്ക്കുവാൻ പ്രയാസമായിട്ടുള്ള ഒരു കാര്യമാണു്. കണ്ടുപിടിച്ചു കഴിഞ്ഞാൽ തെളിവുകൊടുക്കുന്നതു് അതിലും അധികം പ്രയാസമായിട്ടുള്ള കാര്യമാണു്. എന്നാൽ കൈക്കൂലിയുടെ ഗന്ധം കുറച്ചെങ്കിലും രാമവർമ്മമഹാരാജാവിനു കിട്ടിയാൽ തന്മൂലമുണ്ടാകുന്ന തന്റെ കോപത്തിൽനിന്നു് ആ കുറക്കാരനെ ഭൂലോകത്തിലുള്ള യാതൊന്നും രക്ഷിക്കുന്നതല്ല. ദോഷവാന്മാരെ ശിക്ഷിക്കുന്നതിൽ രാമവർമ്മമഹാരാജാവു് എത്രമാത്രം ജാഗ്രൂകനായിരുന്നുവോ, അത്രമാത്രം ഗുണവാന്മാരെ രക്ഷിക്കുന്നതിലും താൻ ജാഗ്രൂകനായിരുന്നു. കാര്യശ്രേഷ്ഠാന്തിയോടുകൂടിയും മുഷിയാതെകണ്ടും പണിയെടുക്കുന്നതു് എങ്ങനെയാണെന്നു കണ്ടുപഠിക്കുന്നതിനു, തിരുവിതാംകൂറിലുള്ള സകല ഉദ്യോഗസ്ഥന്മാർക്കും താൻ ഒരു മാതൃകയായിരുന്നു. തന്നെപ്പോലെ അദ്ധ്വാനിച്ചു പണിയെടുത്തവനായി തിരുവിതാംകൂറിൽ വല്ല ഉദ്യോഗസ്ഥനും ഉണ്ടായിരുന്നുവോ എന്നു സംശയമാണു്. തന്റെ ദിനചര്യ അനദ്ധ്യായപ്രവൃത്തിയോടുകൂടിയ ഒരു ദിനചര്യയായിരുന്നു. രാത്രിയിൽ താൻ പ്രവൃത്തിയെടുക്കുന്ന മേശയുടെ മുകളിലുണ്ടായിരുന്ന വിളക്കു കെടുത്തിയതിനുശേഷം കെടുത്തപ്പെട്ട വിളക്കാകട്ടെ, പുലച്ചുണ്ടു് ആ വിളക്കു കത്തിക്കുന്നതിനു മുമ്പിൽ കത്തിക്കപ്പെട്ട വിളക്കാകട്ടെ, തിരുവനന്തപുരം പട്ടണത്തിൽ യാതൊരാൾക്കും ഉണ്ടായിരുന്നില്ല. തെറ്റു കണ്ടുപിടിക്കുന്നതിൽ സമർത്ഥനായ ആ രാമയ്യങ്കാർ ദിവാൻജിയാൽ സൂചിതമായ തന്റെ സ്ഥിതിയെന്തിനാ

യി അയയ്ക്കപ്പെട്ട കാരോ കല്പനകളുടേയും മറുപകർപ്പുകളും കെട്ടുകെട്ടുകളായി പ്രതിദിവസവും വൈകുന്നേരം എഴുമണിക്കു തന്റെ കൊട്ടാരത്തിൽ എത്തും. പുലരുന്നതിനു മുമ്പിൽ അവ മുഴുവനും സമുചിതമാംവണ്ണം തിരുത്തീട്ടും അത്തുതകരമാംവണ്ണം നന്നാക്കീട്ടും ഹജൂരിലേക്കു മടക്കി അയയ്ക്കപ്പെടും. അതിന്റെ പിന്നാലെ, ഭൂലോകത്തിന്റെ നാനാഭാഗങ്ങളിലേക്കും മേൽവിലാസം എഴുതപ്പെട്ടവയായ കാരോ സചകായ്ക്കുത്തുകളുടെ കെട്ടുകൾ തപാലിൽ ഇടുന്നതിനായി ബദ്ധപ്പെട്ടു കൊണ്ടു പോകപ്പെടുന്നതു കാണാം. സൂര്യോദയത്തിൽ രാമവർമ്മമഹാരാജാവു പുറത്തേക്കു സവാരിയെഴുന്നെള്ളുന്നതായിക്കാണാം. തിരിയെ എഴുന്നള്ളുമ്പോൾ തന്റെ പിന്നാലെ കൊട്ടാരത്തിലേക്കു കൊണ്ടുവരപ്പെടുന്ന കാരോ സാധനങ്ങളെക്കണ്ടാൽ, പുറത്തേക്കുള്ള സവാരിയെഴുന്നള്ളത്ത്, സന്ന്യാസ്യസംബന്ധമായി കാരോ സാധനങ്ങളെ ശേഖരിച്ചുകൊണ്ടു വരുന്നതിലേക്കും ക്ലേശിയായിരുന്നുവോ എന്നു തോന്നിപ്പോകുന്നതാണ്. ഏകദേശം പുലർച്ചെ പതിനൊന്നുമണി സമയമാകുമ്പോൾ രാമവർമ്മമഹാരാജാവു് തന്റെ കുളി, ജപം മുതലായ നിത്യകർമ്മങ്ങളൊക്കയും കഴിഞ്ഞു പ്രവൃത്തിക്കു തയ്യാറാകും. തന്റെ നിത്യകർമ്മങ്ങളിൽ എല്ലാവരിലും തനിക്കു് അതിരില്ലാത്തതായ വിശ്വാസമുണ്ടായിരുന്നു. തന്റെ ബലഹീനമായ ശരീരത്തിനു സുഖക്കേടു പറ്റുന്നതിനിടയുണ്ടെന്നു് അറിവുള്ള സമയങ്ങളിൽ പോലും അവയെ താൻ അനുഷ്ഠിക്കാതിരുന്നില്ല. കാപ്പി കുഴിക്കാൻ സമയമായിയെന്നറിയിക്കുന്നതിനായി മണി അടിക്കുന്നതുവരെ, തന്റെ കൊട്ടാരത്തെ സംബന്ധിച്ചും, അതോടു ചേർന്ന ക്ഷേത്രത്തിലേയും മറും മാസപ്പടിക്കാരെ സംബന്ധിച്ചും, ഉള്ള കാര്യങ്ങളേക്കുറിച്ചു്, എന്തും ചില്ലറയായ സംഗതിയെപ്പോലും ഉപേക്ഷിക്കാതെ, താൻ ശ്രദ്ധിക്കും. പിന്നെയുള്ള പകൽ സമയം, രാജ്യഭാരസംബന്ധങ്ങളായ റിപ്പോർട്ടുകൾ കേട്ടിട്ടും, ഉദ്യോഗസ്ഥന്മാരെ കണ്ടിട്ടും, കഴിയും. വൈകുന്നേരമായാൽ പിന്നേയും തന്റെ നിത്യകർമ്മങ്ങ

ളെ അനുഷ്ഠിച്ചും. ഒരിക്കലും തെറ്റിപ്പോകാതെ ഈ ദിനചര്യ്യ താൻ ദിവസംതോറും കൃത്യമായി നടത്തിവന്നു. ഗവണ്മെർ സായ്പിന്റെ വരവൊ, ക്ഷേത്രത്തിൽ ഉത്സവമൊ, ബ്രഹ്മജനസദ്യയൊ, മറ്റുവല്ല വിശേഷസംഗതികളൊ, ഉണ്ടാകുമ്പോൾ, അവയെ സംബന്ധിച്ചുള്ള കാര്യങ്ങൾ തന്റെ വിശ്രമസമയത്തെ കുറച്ചുമല്ലാതെ, തന്റെ ദിനചര്യ്യക്കു വിഘ്നം വരുത്തിയില്ല.

ഇങ്ങനെത്തഞ്ചു കൊല്ലത്തിലധികം രാമവർമ്മ മഹാരാജാവു തന്റെ പ്രധാനവിചാരങ്ങളേയും പ്രവൃത്തികളേയും ഒരു ഡയറിയിൽ കുറിച്ചു വെക്കുക പതിവായിരുന്നു. തന്റെ പ്രവൃത്തികൾ തന്റെ സംസ്ഥാനത്തിന്റെ ആത്മ വലിപ്പമുള്ളവയായിത്തീർന്നതിനു ശേഷവും, തന്റെ ഡയറി ദിവസംപ്രതിയും താൻ ഉറങ്ങുവാൻ പോകുന്നതിനു മുമ്പിൽ, എഴുതിവെക്കാതിരുന്നില്ല. തന്റെ പ്രകൃതിക്കുണ്ടായിരുന്ന നിഷ്കൊണ്ടും, തന്റെ സമയത്തെ വിഭജിച്ചു വെച്ച മാതിരികൊണ്ടും, ആയിരുന്നു, തന്റെ ആനവരതങ്ങളായ നിത്യകൃത്യങ്ങളുടെ ഇടയ്ക്കു, തന്റെ രാജ്യത്തുള്ള ഓരോ ഡിപ്പാർട്ടുമെൻറുകളുടെ പരിഷ്കാരത്തെ സംബന്ധിച്ചുള്ള സാധാരണ വിഷയത്തെക്കുറിച്ചും, തന്റെ കൊട്ടാരത്തിന്റെ മൻവശത്തു കുഴിച്ചുനോക്കപ്പെട്ടതും, പ്രത്യേകപരിചയമുള്ളവരാൽ മാത്രം വിചരിക്കപ്പെടുവാൻ സാധിക്കുന്നതും, ആയ അക്ഷയജലകൂപം മുതലായ അസാധാരണ വിഷയങ്ങളെക്കുറിച്ചുപോലും, അതിവിശേഷങ്ങളായ ഓരോ മെമ്മൊരാണ്ടങ്ങൾ എഴുതുന്നതിനു തനിക്കു സാധിച്ചതെന്നുള്ളതിലേക്കു യാതൊരു സംശയവും ഇല്ല. ഇതിനെക്കാളും ആശ്ചര്യ്യജനകമാണ്, തനിക്കു മുമ്പേതന്നെ എഴുതുകയും വായിക്കുകയും ചെയ്യുന്നതിനുണ്ടായിരുന്ന പതിവു മുടങ്ങാതെ നടത്തിക്കൊണ്ടു പോകുന്നതിനു വേണ്ട സമയം, താൻ സമ്പാദിച്ചതു്. കാര്യ്യശാലൊ, പതിവനുസരിച്ചോ, തന്നെ കാണ്മാനായി വരുന്നവരിൽ പരിചയമുള്ളവരോടു, പുതുതായ ഓ

രോ പുസ്തകങ്ങളിൽ പഠിയപ്പെട്ടിട്ടുള്ള ഓരോ കാര്യങ്ങളെ ആ പുസ്തകങ്ങളിലുള്ള വാക്കുകളിൽതന്നെ എടുത്തുപറഞ്ഞു്, അവയെ ക്കുറിച്ചു തനിക്കുള്ള അഭിപ്രായത്തെ പ്രസ്താവിച്ചു്, അവരിൽ പലപ്പോഴും താൻ അത്ഭുതത്തെ ജനിപ്പിക്കാറുണ്ടായിരുന്നു. മലയാളത്തിൽ ഗ്രന്ഥങ്ങളെ രചിക്കുന്നതിനും തനിക്കു സമയം കിട്ടി. 'ഗാണ്ഡർ' എന്ന വിദ്വാനാൽ രചിക്കപ്പെട്ട 'മഹച്ചരിതസംഗ്രഹം' എന്ന പുസ്തകത്തിൽനിന്നു്, എല്ലാ കാലങ്ങളിലും എല്ലാ രാജ്യങ്ങളിലും എല്ലാവരാലും വലിയവരെന്നും നല്ലവരെന്നും വിചാരിക്കപ്പെട്ടവരുന്നവരായ ചില പുരുഷന്മാരുടേയും സ്ത്രീകളുടേയും ജീവിതചരിത്രത്തെ തിരഞ്ഞെടുത്തു് എളുപ്പത്തിൽ മനസ്സിലാകത്തക്കരീതിയിൽ മലയാളത്തിൽ താൻ തർജ്ജമചെയ്തു. ഇങ്ങനെ ചെയ്തതു് ആ ജീവിതചരിത്രങ്ങളെ മലയാളം സ്കൂളുകളിൽ പാഠപുസ്തകങ്ങളായി ഏർപ്പെടുത്തേണമെന്നും, അങ്ങനെ ഏർപ്പെടുത്തിയാൽ സത്പുരുഷന്മാരും മഹത്തുക്കളും ആയവരുടെ ദൃഷ്ടാന്തത്തെ കണ്ടിട്ടു നമ്മുടെ ബാലന്മാരുടെ ഹൃദയങ്ങളിൽ സ്വാഭാവികമായി ഉണ്ടായിരിക്കാവുന്ന മഹനീയത്വങ്ങളും സൽഗുണങ്ങളും ആയ ജ്ഞാനസ്ഫുലിംഗങ്ങൾ വിപുലീകരിക്കപ്പെടുന്നതാണെന്നും ഉള്ള വിചാരത്തോടുകൂടിയായിരുന്നു. 'വിദ്യാവിലാസിനീ' എന്ന പേരോടുകൂടി തന്റെ സഹായത്താൽ പ്രസിദ്ധപ്പെടുത്തപ്പെട്ട ഒരു മലയാള സഞ്ചികയിൽ, ഇംഗ്ലിഷ് ശാസ്ത്രവിഭാഗത്തിൽ ജ്യോതിശ്ശാസ്ത്രത്തെക്കുറിച്ചു പഠിച്ചിരിക്കുന്നതിനെ താൻ തന്നെ സംക്ഷേപമായി തർജ്ജമചെയ്തു പ്രസിദ്ധപ്പെടുത്തി. മഹാരാജാവായതിനു ശേഷവും ഇംഗ്ലിഷ് ഭാഷയെ സംബന്ധിച്ചു താൻ പരിശ്രമിച്ചുകൊണ്ടിരുന്നുവെന്നു കാണിക്കുന്നതിനു, തന്റെ സ്നേഹിതനായ 'ഗ്രാൻഡ് ഡഫ്' എന്ന ഗവർണർസായ്പിനു് 'ഉൽകൃഷ്ടയിര്യാഭ്യാസത്തെക്കുറിച്ചുള്ള അഭിപ്രായങ്ങൾ' എന്ന തലവാചകത്തോടുകൂടി തന്നാൽ അയയ്ക്കപ്പെട്ട ലേഖനത്തെ മാത്രം സൂചിപ്പിച്ചാൽ മതിയാകുന്നതാണെന്നു വിചാരിക്കുന്നു.

രാജ്യസഞ്ചാരം ചെയ്യുന്നതിലേയ്ക്കു തനിക്കു മുമ്പേ തന്നെയുള്ള അത്യാഗ്രഹം രാജാവാകുന്നതിനു ശേഷവും ലേശം പോലും കുറഞ്ഞില്ല. എന്നാൽ ഫൂവ്വർ-ൽ ആലപ്പുഴവെച്ചു ജനങ്ങളാൽ സമർപ്പിക്കപ്പെട്ട സ്വാഗതപത്രത്തിനു മറുപടിയായി, താൻ തന്നെ പറഞ്ഞതുപോലെ തന്റെ സ്വന്തസന്തോഷത്തിനുവേണ്ടി ഓരോ കാര്യങ്ങളെ ചെയ്യുന്നതിനുള്ള തന്റെ ആഗ്രഹത്തെ നിറവേറുന്നതിനു്, അഞ്ചു കൊല്ലങ്ങൾക്കു മുമ്പിൽ മഹാരാജാവല്ലാതിരുന്ന കാലത്തു തന്നാൽ എത്രത്തോളം സാദ്ധ്യമായിരുന്നുവോ, അത്രത്തോളം മഹാരാജാവായതിനു ശേഷം താനിക്കു സാദ്ധ്യമായിരുന്നില്ല. എങ്കിലും മഹാരാജാവായിരുന്നു അഞ്ചു കൊല്ലവും താൻ വളരെ രാജ്യസഞ്ചാരം ചെയ്തു. ഫ്രഞ്ചു ജനവാഴുന്നാംനേ ഉത്തര ഇൻഡ്യയിലേക്കായി താൻ മറ്റൊരു ദീർഘയാത്ര പുറപ്പെട്ടു. ആ യാത്രയിൽനിന്നു് ഇൻഡ്യയിലുള്ള മുന്നു സംസ്ഥാനങ്ങളുടേയും തലസ്ഥാനപട്ടണങ്ങളേയും, പൂനാ, അല്ലഹബാദ്, കാശി, പാറ്റ്നാ, ജബൽപൂർ, ഇൻഡോർ എന്നിങ്ങനേയുള്ള പ്രധാനനഗരങ്ങളേയും, സന്ദർശിച്ചതിനുശേഷം, മാച്ചു് ഫ്രാൻസു-യാണു് താൻ സ്വരാജ്യത്തേയ്ക്കു മടങ്ങിയതു്. താൻ ഇംഗ്ലിഷുമണ്ഡലത്തിൽ മിക്ക സ്ഥലങ്ങളിലേയും ബഹുജനങ്ങൾ അത്യന്തം പ്രശംസാപൂർണ്ണങ്ങളായ സ്വാഗതപത്രങ്ങളെ തനിക്കു സമർപ്പിച്ചു. അവയ്ക്കെല്ലാറ്റിനും താൻ സമുചിതമായി മറുപടി പറഞ്ഞു. വിദ്യാഭ്യാസവിഷയത്തിൽ തനിക്കുള്ള പ്രതിപത്തിയെ പ്രദർശിപ്പിക്കുന്നതിനായി തന്റെ യാത്രയിൽ മറ്റെല്ലാറ്റിലധികം പ്രാധാന്യം സ്കൂളുകളിലെ സമ്മാനദാനോത്സവങ്ങളിൽ താൻ അദ്ധ്യക്ഷസ്ഥാനം വഹിച്ചു. ഇവയിൽ മറ്റെങ്ങുമെന്നപോലെ കാളെജിൽ വെച്ചായിരുന്നു. അവിടെ വെച്ചു സമ്മാനദാനാനന്തരം ഉൽകൃഷ്ടവിദ്യാഭ്യാസത്തിനു് ഇന്നാട്ടിലത്തെപ്പോലെ ഇന്നിയും ഗവർമ്മേൻറു സഹായം ആവശ്യമാണെന്നുള്ളതിനെക്കുറിച്ചു വളരെ വാക്സാമർത്ഥ്യത്തോടുകൂടിയും ഹൃദയത്തിൽ പതിയത്തക്കതായും ഉള്ള

പ്രസംഗം താൻ ചെയ്തു. പ്രവൃത്തനത്തിൽ മദ്രാസിൽ പോകുന്നതിനു പിന്നേയും തനിക്കു് ഇടയായി. അപ്പോഴായിരുന്നു തന്റെ കാശിയാത്രയെ താൻ രാമേശ്വരദർശനത്താൽ പൂർത്തിയാക്കിയതു്. അത്ഭുതകരമായ രാമസേതുവിനെക്കുറിച്ചു താൻ ഇപ്രകാരം എഴുതിയിരിക്കുന്നു: — *

'കോപ്പർ ഫെയ്സിനോടുകൂടി ഞാൻ ഇന്നു രാവിലെ ഈ ഉടക്കടൽ കടന്നു. മഹനീയമായ രാമസേതുവിനെക്കണ്ടു. ലൌകികമായാകട്ടെ, ദൈവികമായാകട്ടെ, ഉണ്ടായിട്ടുള്ളതായാലും, ഇതു വാസ്തവമായി ആത്യന്തികമായ ആശ്ചര്യത്തെ ആരിലും ജനിപ്പിക്കുന്നതായ ഒരു സാധനമാണു്. ഇതു യാതൊരു വല്ലായ്മയും കൂടാത്തതായും, മറ്റേ യിതിയിലുള്ളതായും ഇരിക്കുന്നു. പുരാതനമാത്രമല്ല, ഇതു് ഇൻഡ്യാരാജ്യത്തിനും സിലോൺദ്വീപിനും തമ്മിൽ ഏറ്റവും അടുപ്പമുള്ള രണ്ടു സ്ഥലങ്ങളെ യോജിപ്പിച്ചിരിക്കുന്നു.'

മഹാരാജാക്കന്മാർക്കു സാധാരണ പതിവുള്ളതിലധികം തന്റെ സ്വന്തരാജ്യത്തിൽ രാമവർമ്മമഹാരാജാവു സഞ്ചരിച്ചു.

സ്വരാജ്യത്തുള്ള കരകൌശലപ്പണികളേയും മറ്റു വ്യവസായങ്ങളേയും കണ്ടു്, രാമവർമ്മമഹാരാജാവിനു മുമ്പേതന്നെയുള്ള പ്രതിപത്തി യാതൊരു കുറവും കൂടാതെ വർദ്ധിച്ചുകൊണ്ടിരുന്നു. അവയെ ഉത്സാഹിപ്പിക്കുന്നതിനു വല്ല സന്ദർഭവും ഉണ്ടാകുമ്പോൾ, ആ സന്ദർഭത്തെ താൻ അതിലേക്കായി ഉപയോഗിക്കാതെ ഇരുന്നില്ല. യുവരാജാവായിരുന്ന കാലത്തു തിരുവിതാംകൂറിൽ പ്രധാനങ്ങളായ എല്ലാ സ്ഥലങ്ങളേയും താൻ സന്ദർശിച്ചിട്ടുണ്ടായിരുന്നതിനാൽ, വിശേഷമായ വല്ല കരകൌശലപ്പണിയോ, മറ്റു വ്യവസായമോ ഉള്ള ഓരോ സ്ഥലങ്ങളോടേയും, അവയിൽ വൈദഗ്ദ്ധ്യം സമ്പാദിച്ചിട്ടുള്ളവരായ ആളുകളോടേയും പേരുകളെ തന്റെ ഡയ

(* കേരളവർമ്മ വലിയ കോയിത്തമ്പുരാൻ.)

റിയിൽ താൻ കുറിച്ചുവെച്ചിട്ടുണ്ടായിരുന്നു. ഓരോ സന്ദർ
ങ്ങളിൽ ആവശ്യപ്പെടുമ്പോൾ ആയാളുകളെ ഉത്സാഹിപ്പി
ക്കുന്നതിനുവേണ്ടി, അവരെക്കൊണ്ടു് ഓരോ പണിയെടുപ്പി
ക്കുന്നതിൽ തനിക്കു പ്രത്യേകതാല്പര്യം ഉണ്ടായിരുന്നു. സ്വ
ദേശത്തുള്ള കരകൌശലപ്പണിക്കാരെ ക്ഷണിച്ചുപോകാതെയി
രിക്കുന്നതിനും, അവയെ പുഷ്ടതായി ചെയ്യുന്നതിനും ആയി നല്ലതായ ഒരു കരകൌശലശാല ത
ന്നാൽ ഏർപ്പെടുത്തപ്പെട്ടു. അതിനെ വഴിയാംവണ്ണം വർദ്ധി
പ്പിച്ചാൽ അതു് അതിവിശേഷമായ ഒരു ശാസ്ത്രീയശില്പശാ
ലയായിത്തീരുന്നതാണു്.

മേല്പറഞ്ഞ കരകൌശലശാലയോളംതന്നെ (പക്ഷേ
അതിനെക്കാളും പ്രധാനമായി, സ്വരാജ്യത്തു തൊഴിലുകളെ
വർദ്ധിപ്പിക്കുന്നതിലുള്ള ഉത്സാഹം ഹേതുവായിട്ടു്, രാമവർമ്മ
മഹാരാജാവിനാൽ ചെയ്യപ്പെട്ട മറെറാരു കാര്യം, കവുവുർ
ഡിസെംബർ ഗ്രന്ഥാംശം ആദ്യം പ്രവൃത്തി തുടങ്ങുന്നതിലേ
യ്ക്കു തന്നാൽ ഉറപ്പാക്കപ്പെട്ട കൊല്ലത്തെ നൂൽയന്ത്രശാലയ്ക്കാ
യി താൻ പ്രത്യക്ഷത്തിൽ ചെയ്ത സഹായമാകുന്നു. തന്റെ
ശിപായിശ്ശമ്പളത്തിൽനിന്നു പൂനലൂരിൽ കടവാസ്സുണ്ടാക്കുന്നതിന്നായി
ഒരു കമ്പനിയുണ്ടാക്കുന്നതിനിടയായതു്.

തത്വശാസ്ത്രങ്ങളെക്കുറിച്ചു തനിക്കുണ്ടായിരുന്ന പ്രതിപ
ത്തിയും യാതൊരു കുറവും കൂടാതെ വർദ്ധിച്ചുകൊണ്ടുതന്നെ
ഇരുന്നു. പരീക്ഷാജ്ഞേയശാസ്ത്രങ്ങളെക്കുറിച്ചു വഴിയാം വ
ണ്ണം ജ്ഞാനമുണ്ടായിരിക്കുന്നതിനാലുള്ള ഗുണം തനിക്കുത
ന്നെ അനുഭവമുണ്ടായിരുന്നതിനാൽ, പ്രകൃതിശാസ്ത്രത്തെ
യും രസശാസ്ത്രത്തെയും പഠിപ്പിക്കുന്നതിനായി സ്ഥലത്തുള്ള
കുട്ടികളിൽ പുതുതായി ക്ലാസ്സുകൾ തന്നാൽ ഏർപ്പെടുത്ത
പ്പെട്ടു. ആ കാലത്തിൽ കാണപ്പെടുന്ന വിശേഷനക്ഷത്രങ്ങ
ളേയും, തന്റെ മുറിക്കുള്ളിൽ കാണപ്പെടുന്ന വിശേഷസ്വ
പ്നങ്ങളേയും, എന്നുവേണ്ട തന്റെ ചുറ്റുപാടിൽ ഉണ്ടാകുന്ന

സകലവിശേഷസാഹചര്യങ്ങളേയും സൂക്ഷിച്ചറിയുന്നതിൽ താൻ സദാ ജാഗ്രൽകനായിരുന്നതിനെ കാണിക്കുന്നവയായ തന്റെ കാലോചിതലേഖനങ്ങൾ തത്പശാസ്ത്രങ്ങളെക്കുറിച്ചു തനിക്കുണ്ടായിരുന്ന അനവരതതൽപരതയെ കൂടെക്കൂടി പ്രത്യക്ഷപ്പെടുത്തുന്നു. ഇതിനു ദൃഷ്ടാന്തം. ഫ്രഞ്ചുകാരുടെ സപ്തംബർ മാസത്തിന്റെ രണ്ടാമത്തെ ആഴ്ചയിൽ ഉദയാസ്തമയസമയങ്ങളിൽ സൂര്യനുണ്ടായിരുന്ന അസാധാരണമായ നീലിമയെ താനാണു് ആദ്യം കണ്ടതു്. ഇതിനെക്കുറിച്ചു, തന്റെ അത്യന്തസ്നേഹിതനായ * ഒരാൾക്കു താൻ ഇപ്രകാരം എഴുതിയിരിക്കുന്നു:—

'ഇക്കഴിഞ്ഞ മൂന്നാലു ദിവസങ്ങളായി ഉദിക്കുമ്പോഴും അസ്തമിക്കുമ്പോഴും സൂര്യനുണ്ടായിരുന്ന നീലച്ഛായയേയും ഉഷ്ണപ്രദേശത്തിന്റെ കാവ്യത്തേയും നിങ്ങൾ കണ്ടുവോ? ഞാൻ കഴിഞ്ഞ തിങ്കളാഴ്ച രാവിലെ ആദ്യം കണ്ടു. അപ്പോൾതന്നെ മദ്രാസിൽ മിസ്റ്റർ പാഗ്സനു് അതിനെക്കുറിച്ചു് ഒരു കമ്പി അയച്ചു.'

യൂറോപ്പിലുള്ള കാലോചിതശാസ്ത്രസംഘക്കാർ രാമവർമ്മമഹാരാജാവിനു് കാലോചിതമായുള്ള സംബന്ധിച്ചുണ്ടായിരുന്ന അഭിരുചിയെക്കുറിച്ചു് അഭിനന്ദിക്കുന്നതിനും, കാലോചിതസ്ഥാനാഭിധാനങ്ങൾ ആ മഹാരാജാവിനു നൽകുന്നതിനും, അശേഷവും താമസിച്ചില്ല. മുമ്പേതന്നെ തനിക്കു 'മദ്രാസ് സുവ്കലാശാലാസാമാജികൻ' എന്ന സ്ഥാനം കിട്ടിട്ടുണ്ടായിരുന്നു. ലണ്ടനിലെ ലീന്നിയൻസംഘക്കാർ അവരുടെ ഒരു സംഘാംഗമായി തന്നെ തിരഞ്ഞെടുത്തു. സസ്യശാസ്ത്രസംബന്ധമായി തനിക്കുണ്ടായിരുന്ന പാണ്ഡിത്യത്തെ കാൾ മേല്പറഞ്ഞ സംഘക്കാർ ഒരു പതിനഞ്ചു കൊല്ലങ്ങൾക്കു മുമ്പിൽതന്നെ രാമവർമ്മ മഹാരാജാവിനെ തങ്ങളുടെ ഒരു സംഘാംഗമായി തിരഞ്ഞെടുക്കേണ്ടതായിരുന്നു. ഭേ

(*കേരളവർമ്മ വലിയകോയിത്തമ്പുരാൻ)

ശസ്ത്രാഭ്യാസത്തിനായി തനിക്കുണ്ടായിരുന്ന അഭിരുചിയേയും, തിരുവിതാംകൂറിനെക്കുറിച്ചു തനിക്കുണ്ടായിരുന്ന സൂക്ഷ്മമായ ശ്രദ്ധോപരിജ്ഞാനത്തേയും, അഭിനന്ദിച്ചിട്ടു്, രാജകീയ ഭൂമിശാസ്ത്രസമാജക്കാർ അവരുടെ ഒരു സമാജാംഗമായി തന്നെ സ്വീകരിച്ചു. സംസ്കൃതഭാഷയിൽ തനിക്കുണ്ടായിരുന്ന പാണ്ഡിത്യവും, ഇൻഡ്യയിലെ പുരാതനമായ ശാസ്ത്രവൈദ്യത്തെ സംബന്ധിച്ചും മറ്റുള്ള ഓരോ പ്രാചീനകാര്യങ്ങളെ സംബന്ധിച്ചും താൻ ചെയ്തിട്ടുള്ള ഓരോ പരിശ്രമങ്ങളും ഹേതുവായിട്ടു്, താൻ ഗ്രേറ്റ്ബ്രിട്ടണിലേയും അയർലണ്ടിലേയും രാജകീയ ഏഷ്യാസമാജത്തിലെ ഒരു സാമാജികനായിത്തീർന്നു. ലണ്ടനിലെ ജനസ്ഥിതിഗണനസമാജക്കാരും, അവരുടെ സമാജവിഷയങ്ങളായ കാര്യങ്ങളിൽ തനിക്കുണ്ടായിരുന്ന അഭിരുചിയെ അഭിനന്ദിച്ചിട്ടു് അവരുടെ ഒരു സമാജാംഗമായി, തന്നെ സ്വീകരിച്ചു. യൂറോപ്പിലുള്ള മറ്റുള്ള പ്രബലരാജ്യക്കാരും തന്നെ ബഹുമാനിക്കുന്നതിൽ സന്തോഷമുള്ളവരായിരുന്നു. പ്രെഞ്ചുഗവർമ്മേൻറുകാർ 'ഡിഗ്യാഭ്യാ സംധികാരി' എന്ന സ്ഥാനത്തെ തനിക്കു നൽകി. ആ ഗവർമ്മേൻറുതന്നെ പിന്നെ 'പാരീസ്സിലേയും തദ്ധീന രാജ്യങ്ങളിലേയും വിദ്വൽസമാജത്തിലെ സാമാജികൻ' ആയി തന്നെ നിശ്ചയിച്ചു. ഈ സ്ഥാനങ്ങളെല്ലാം സിദ്ധിക്കുന്നതിനു മുമ്പായി വിക്ടോറിയാ മഹാരാജ്ഞി അവർകൾ തന്റെ വിശേഷഗുണങ്ങളെ അറിഞ്ഞിട്ടു തനിക്കു 'നൈറ്റ് ഗ്രാൻഡ് കമാൻഡർ ആഫ്ദി മോസ്റ്റ് എക്സ്കാൽട്ടെഡ് ആഡർ ആഫ് ദി സ്റ്റാർ ആഫ് ഇൻഡ്യാ' എന്ന സ്ഥാനത്തെ നൽകി. ഈ സ്ഥാനം ലഭിച്ചതിനെക്കുറിച്ചു മദ്രാസ് ഗവർണ്ണരായ സർ ഗ്രാൻഡഫ് സായ്പിനു് താൻ കമ്പി അയച്ചപ്പോൾ, ആ സായ്പ് അത്ഥപൂർണ്ണമായ ഈ മറുപടി അയച്ചു:—

'നിങ്ങളേയും നിങ്ങൾക്കു കിട്ടിയ സ്ഥാനത്തേയും ഞാൻ അഭിനന്ദിക്കുന്നു.' (സ്ഥാനത്തെക്കൊണ്ടു നിങ്ങൾക്കു നിങ്ങ

ളെക്കൊണ്ടു സ്ഥാനത്തിനും ബഹുമതി സിദ്ധിച്ചിരിക്കുന്നു എന്നു താല്പര്യം.)

ഈ സ്ഥാനം കിട്ടിയതു ക്രിസ്താബ്ദം ൧൮൫൫ വർഷത്തിന്റെ ആദ്യമായിരുന്നു. എന്നാൽ അടുത്ത സംവത്സരം ഫെബ്രുവരിമാസം ക്രിസ്താബ്ദം ൧൮൫൬ മാത്രമേ ആ സ്ഥാനത്തെ ദാനം ചെയ്യുന്നതിനായിട്ടുള്ള നടവടികൾ നടത്തപ്പെട്ടുള്ളൂ.

തന്റെ സ്വന്തരാജ്യത്തിലും, തിരുവിതാംകൂർരാജ്യഭാരം ചെയ്യുന്ന മഹാരാജാക്കന്മാർക്കു സാധാരണമായുള്ള 'കുലശേഖരപ്പെരുമാൾ' എന്ന സ്ഥാനത്തിനു്, ഈതികേമമായ 'തുലാപുരുഷദാനം' കഴിച്ചിട്ടു് (എന്നുവെച്ചാൽ തന്നെ ത്രാസിൽ തൂക്കി തന്റെ ഘനമിടെ സ്വർണ്ണം ദാനംചെയ്തിട്ടു്) രാമവർമ്മമഹാരാജാവു യോഗ്യതയുള്ളവനായി. രാജ്യഭോഗസംബന്ധമായും മതസംബന്ധമായും ഉള്ള 'പുത്രഗർഭം' എന്ന മറേ കർമ്മത്തെ അടുത്ത ആണ്ടിൽ അനുഷ്ഠിച്ചിട്ടു 'കിരീടപതി'യെന്ന സ്ഥാനത്തിനു യോഗ്യതയുള്ളവനാകേണമെന്നു താൻ വിചാരിച്ചുവെങ്കിലും, അതു സാധിക്കുന്നതിനിടയായില്ല. ക്രിസ്താബ്ദം ൧൮൫൬ വർഷം ആഗസ്റ്റുമാസം ൨൬൦൫൬ താൻ നാടുനീങ്ങി.

'ഈ കർമ്മങ്ങൾ ഈ കാലത്തു' ഉചിതങ്ങളായിട്ടുള്ളവയല്ലെന്നു വിചാരിക്കപ്പെടാം. എന്നാൽ ഇങ്ങനെയുള്ള ഏതു യോ കർമ്മങ്ങളുടെ ഇടയിൽ കഴിഞ്ഞാൽ ജീവിക്കുകയും, അതു യാതൊരു അബദ്ധമായിട്ടെങ്കിലും സുബദ്ധമായിട്ടെങ്കിലും അവയിൽ വിശ്വാസത്തോടുകൂടിയവനായിരിക്കുകയും ചെയ്യുമ്പോൾ, അവയിൽ ഏതാനുമൊക്കെ അനുഷ്ഠിക്കുകയും മറുള്ളവയെ പുച്ഛിക്കുകയും ചെയ്യുന്നതു കേവലം നിഷ്പ്രയോജനമാണു്.' ഏതുവിധമായാലും രാമവർമ്മമഹാരാജാവിനു മേല്പറഞ്ഞ കർമ്മാനുഷ്ഠാനങ്ങളുടെ ഫലത്തെക്കുറിച്ചു വാസ്തവമായ വിശ്വാസം ഉണ്ടായിരുന്നു. അവയെ പ്രത്യക്ഷമായ ശ്രദ്ധാഭക്തിയോടും അശേഷവും മതരാന്തരങ്ങളുള്ള ഭീരുതയോടും താൻ അനുഷ്ഠിക്കുകയും ചെയ്തിരുന്നു.

രാജാ, സർ.

ടി. മാധവരായർ.

മാധവരായർ ക്രിസ്തുവർഷം ൧൮൩൫-ാമാണ്ടിൽ കുംഭകോണം എന്ന നഗരത്തിൽ ജനിച്ചു. തന്റെ കുടുംബം അത്യന്തം ബഹുമാന്യമായിട്ടുള്ള ഒരു മഹാരാഷ്ട്രബ്രാഹ്മണ കുടുംബമായിരുന്നു. തന്റെ അച്ഛനായ ശ്രീ. രംഗരായർ തിരുവിതാംകൂർ ദിവാൻജി ഉദ്യോഗവും, തന്റെ അച്ഛന്റെ സഹോദരനായ രായ രായ രായ ശ്രീ. വെങ്കടരായർ തിരുവിതാംകൂർ ദിവാൻജി മൈസൂർ കമ്മിഷണരുടെ നേറിവ് അസിസ്റ്റന്റും, ഈ ഉദ്യോഗങ്ങളും,ഭരിച്ചിട്ടുള്ളവരായിരുന്നു. വിദ്യാഭ്യാസത്തിനായി മാധവരായരെ മദ്രാസിൽ അയച്ചു. അവിടെയായിരുന്നു തന്റെ ബാല്യകാലം താൻ കഴിച്ചുകൂട്ടിയതു്. മദ്രാസ് സർക്കാരാശാലയുടെ ഹൈസ്ക്കൂൾ എന്നു് അക്കാലം വിളിക്കപ്പെട്ടിരുന്ന പ്രസിഡൻസി കാളെജിൽ താൻ പഠിച്ചു. താൻ ആ കാളെജിന്റെ അദ്ധ്യക്ഷനായ പെഴ്സൽ സായ്പിന്റെ അറിവാകുന്ന അയവിയിൽ നിന്നു ധാരാളമായി ജ്ഞാനപാനം ചെയ്തവരായ (ഇപ്പോൾ ഒരുവരിൽ മിക്കവാറും എല്ലാവരും മരിച്ചുപോയിരിക്കുന്നു) ആ പ്രസിദ്ധപുരുഷന്മാരുടെ കൂട്ടത്തിൽ ഒരുത്തനായിരുന്നു. മാധവരായർ പഠിപ്പിൽ വിശേഷവിധിയായി തോന്നിച്ച ഒരു സ്കൂൾക്കുട്ടിയായിരുന്നില്ലെങ്കിലും, അത്യന്തശ്രദ്ധയും സൂക്ഷ്മവും ഉള്ള ഒരു വിദ്യാർത്ഥിയായിരുന്നു. കണക്കും പ്രകൃതിശാസ്ത്രവും തനിക്കു പ്രത്യേക വാസനയുള്ള വിഷയങ്ങളായിരുന്നു. പെഴ്സൽ സായ്പിന്റെ തെന്മൊഴിത്തിന്റെ മുകളിൽ വെച്ചായിരുന്നു താൻ ജ്യോതിശ്ശാസ്ത്രം പഠിച്ചതു്. ആ സമയം താൻ മൂളുകുഴലുകളും കണ്ണാടിക്കഷണങ്ങളും കൊണ്ടു ദ്രുതക്കണ്ണാടികളും ദൂരദർശിനിക്കണ്ണാടികളും ഉണ്ടാക്കിക്കാണിച്ചു് ആ സായ്പിനെ സന്തോഷി

പ്പിച്ചിരുന്നു. ഫ്രഞ്ചുഭാഷയിൽ താൻ ഒന്നാം ക്ലാസിൽ ഉൾകൃഷ്ടബുദ്ധിമതികളോടുകൂടി 'പ്രൊഫീഷിയൻറ്' (അഭിജ്ഞൻ) എന്ന സ്ഥാനം വാങ്ങി. അതോടുകൂടി തന്റെ സ്കൂൾപഠിപ്പു് അവസാനിച്ചു.

ശിഷ്യനായ മാധവരായരുടെ സാമർത്ഥ്യത്തെ കുറിച്ചു ഗുരുനാഥനായ പൌവൽ സായ്പിനു് പൂർണ്ണബോധം ഉണ്ടായിരുന്നതിനാൽ 'പ്രൊഫീഷിയൻറ്' എന്ന സ്ഥാനം വാങ്ങിയതിനു ശേഷവും, മാധവരായരെ സ്കൂൾവിട്ടു പോകുന്നതിനു് ആ സായ്പു സമ്മതിച്ചില്ല. കുറേക്കാലത്തേക്കു് ആ സ്കൂളിൽ തന്നെ തന്റെ കീഴിൽ കണക്കും പ്രകൃതിശാസ്ത്രവും പഠിപ്പിക്കുന്നതിനു മാധവരായരെ ഒരു ഉപാദ്ധ്യക്ഷനായി ആ സായ്പു നിശ്ചയിച്ചു. എന്നാൽ ആ പണിയിൽ പ്രവേശിച്ചു് അല്പകാലം കഴിഞ്ഞ ഉടനെ മധുരയിൽ അക്കൌണ്ടൻറ് ജനറലിന്റെ ആപ്പീസ്സിൽ ഒരു ഉദ്യോഗം കിട്ടി. ആ ഉദ്യോഗത്തിലിരിക്കുമ്പോഴായിരുന്നു, തിരുവിതാംകൂറിലെ രാജകുമാരന്മാരുടെ ഗുരുനാഥസ്ഥാനം വഹിക്കുന്നതിനു തഞ്ചിക്കു മന്ത്രസ്സുണ്ടോ എന്നു മാധവരായരോടു ചോദിക്കുകയും താൻ ആ സ്ഥാനത്തെ സ്വീകരിക്കുകയും, ചെയ്തതു്. ഇതു നാട്ടുരാജാക്കന്മാരുടെ രാജ്യങ്ങളിൽ ദീർഘകാലം ഉണ്ടായിരുന്ന തന്റെ ഉദ്യോഗഭരണത്തിന്റെ പ്രാരംഭമായിരുന്നു. വിദ്യാഭ്യാസത്തിനായി തന്റെ കീഴിൽ ഭരമേൽപ്പിക്കപ്പെട്ട തിരുവിതാംകൂറിലെ രാജകുമാരന്മാർ, ഇപ്പോഴത്തെ മഹാരാജാവിനു നേരെ മുമ്പ് ആ രാജ്യം ഭരിച്ച, വിശാഖം തിരുനാൾ തിരുമനസ്സുകൊണ്ടും, അതിനു നേരെ മുമ്പു് ആ രാജ്യം ഭരിച്ച സുശീലനായ ആയില്യം തിരുനാൾ തിരുമനസ്സുകൊണ്ടും, ആയിരുന്നു. ആധുനികകാലങ്ങളിൽ, തിരുവിതാംകൂർ രാജസിംഹാസനത്തി

ന്ന് അലങ്കാരഭൂതന്മാരായി ഭവിച്ച എല്ലാ മഹാരാജാക്കന്മാരേക്കാളും മാനനീയന്മാരായി മേല്പറഞ്ഞ രണ്ടു മഹാരാജാക്കന്മാരും ന്യായമായി ഗണിക്കപ്പെട്ടിരിക്കുന്നു. ആ രണ്ടു മഹാരാജാക്കന്മാരുടെയും യശസ്സിന്റെ അടിസ്ഥാനം തന്റെ പ്രജ്ഞതന്നാൽ ഇടപ്പെട്ടതാണെന്നുള്ള പ്രശംസയ്ക്കു മാധവരായർക്കു ധാരാളം അർഹതയുണ്ട്. നാലു കൊല്ലത്തോളം മാധവരായർ മേല്പറഞ്ഞ രാജകുമാരന്മാരുടെ ഗുരുനാഥനായിരുന്നു. പിന്നെ തിരുവിതാംകൂറിൽ ദിവാൻജിയുടെ കീഴിൽ ഒരു വസ്തു ഡിപ്പാർട്ടുമെന്റിൽ ഒരു പ്രധാന ഉദ്യോഗത്തിൽ താൻ നിശ്ചയിക്കപ്പെട്ടു. ആ ഉദ്യോഗത്തിൽനിന്നു താൻ ദിവാൻപേഷ്കാർ ആയി. ദിവാൻപേഷ്കാരായിരിക്കുമ്പോൾ വലുതായ സമാധാനലംഘനങ്ങളും ജനസമുദായദ്രോഹകർങ്ങളായ ബലാൽകാരകൃത്യങ്ങളും കൂടക്കൂടെ സംഭവിച്ചുകൊണ്ടിരുന്ന തന്റെ ഡിവിഷനായ തെക്കൻതിരുവിതാംകൂറിലെ കായ്ങ്ങളെ ഭംഗിയായി ഭരിച്ചതിനാൽ, താനിക്കു വളരെ ബഹുമതി സിദ്ധിച്ചു. ചെറുപ്രായക്കാരനായ മാധവരായർ മേല്പറഞ്ഞ ഉദ്യോഗത്തിലിരുന്നപ്പോൾ സമ്പാദിച്ച കായ്വിജയത്തെക്കുറിച്ച്, മരിച്ചുപോയ ജാൺബ്രൂസ് നാർട്ടൻസായ്പു പറഞ്ഞതിനെക്കാളും ഭംഗിയായിപ്പറവാൻ പ്രയാസമാണ്. അതിനാൽ ആ സായ്പു പറഞ്ഞതിനെ ഇവിടെ എടുത്തെഴുതുന്നു:—

'അല്പകാലമായ ഒരു വർഷത്തിനുള്ളിൽ മാധവരായർ അക്രമത്തിൽനിന്നു ക്രമത്തെ ഉണ്ടാക്കിയിരിക്കുന്നു. യാതൊരുത്തരുടേയും വിരോധത്തെ ഭയപ്പെടാതെകൊണ്ടും, യാതൊരുത്തരുടേയും സ്നേഹത്തെ ആഗ്രഹിക്കാതെകൊണ്ടും, ജനങ്ങളുടെ ഇടയിൽ നിഷ്പക്ഷപാതമായി നീതിയെ നടത്തിയിരിക്കുന്നു. കൂട്ടകവർച്ചക്കാരെ നാടുകടത്തിയിരിക്കുന്നു. മുതലെടുപ്പിനെ വർജ്ജിപ്പിച്ചിരിക്കുന്നു. കായ്സംബന്ധമായി തന്നാൽ എഴുതപ്പെട്ടിട്ടുള്ള കാരോറിപ്പോർട്ടുകളിലും മറ്റു രേഖങ്ങളിലും നിന്ന്, തന്റെ അഭിപ്രായങ്ങളും സ്വഭാവ

൪ *

ധർമ്മങ്ങളും എത്ര പരിഷ്കൃതങ്ങളും സമുചിതങ്ങളും രാജ്യ ഭരണവിചക്ഷണതയെ കാണിക്കുന്നവയും ആയിരിക്കുന്നുവെ ന്നുപ്രത്യക്ഷമാകുന്നുണ്ട്. തന്റെ മഹാരാജാവിന്റെ കൃതജ്ഞ തയ്ക്കു താൻ പാത്രീഭവിച്ചിരിക്കുന്നു. തന്റെ രാജ്യകാര്യഭാരം എത്രയും ഉത്തമമായിരിക്കുന്നുവെന്ന്, തനിക്കു വിരോധമാ യി ഒരുദ്യമം ഫലിച്ചു അവച്ച പാതിരിമാരിൽത്തന്നെ ചിലർ പിന്നെ സ്വയമേവ അറ്റുപ്പെട്ടു സമ്മതിച്ചു പറഞ്ഞിരി ക്കുന്നു. സ്വരാജ്യത്തുള്ള അരാജകതപ്രദോഷങ്ങളിലും അക്ര മങ്ങളിലും നിന്ന് അതിനെ രക്ഷിക്കുന്നതിനായി ഇതാ ഒരു പുരുഷൻ ആ അരാജകതപ്രദോഷങ്ങളുടേയും അക്രമങ്ങളുടേ യും മദ്ധ്യത്തിൽ നിന്ന് ഉത്ഥിതനെന്നപോലെ കാണപ്പെട്ട ന്നു. ഈ പുരുഷനെ ദിവാൻജിയായി നിശ്ചയിച്ചു, ത ന്റെ കീഴിൽ ഇപ്പോഴുള്ള രണ്ടു ഡിസ്ട്രിക്ടുകളിൽ തന്നാൽ ഏർപ്പെടുത്തപ്പെട്ടിരിക്കുന്ന രാജ്യഭരണരീതിയെ തിരുവിതാം കൂറിലുള്ള സകല ഡിസ്ട്രിക്ടുകളിലും ഏർപ്പെടുത്തിക്കുന്നതാ യാൽ, ഏറെത്താമസിയാതെ ബ്രിട്ടിഷ്രാജ്യത്തോടു ചേർത്ത ടക്കപ്പെട്ടുപോകുമെന്നുള്ള ഭയം തിരുവിതാംകൂറിൽ നിന്നു ദൂ രീകൃതമായി ഭവിക്കുന്നതാണ്. വിദ്യാഭ്യാസം ഒരു നാട്ടുകാ രനെ എങ്ങനെയാക്കിത്തീർക്കുമെന്നുള്ളതിന്നു ഈ പുരുഷൻ വാസ്തവത്തിൽ ഒരു വിശേഷമായ ദൃഷ്ടാന്തമായിരിക്കുന്നു.[1]

ജാൺബ്രൂസ് നാർട്ടന്റെ അഭിഗ്രഹം വേഗത്തിൽ ഫ ലിച്ചു. പ്രസ്തുതകാലത്തിൽ തിരുവിതാംകൂറിലെ രാജ്യഭാര കാര്യങ്ങൾ, ആ രാജ്യത്തിന്റെ അപ്പോഴത്തെ അവകട സ്ഥിതിയെ അറിയുന്നതിന് അപ്രാപ്തനായിരുന്ന ഒരു ദി വാൻജിയുടെ അധികാരത്തിൻകീഴിലായിരുന്നു. അപ്പോഴ ത്തെ മഹാരാജാവ്, തന്റെ കൊട്ടാരത്തേയും ക്ഷേത്രത്തേ യും സംബന്ധിച്ചു ചെയ്യേണ്ടവയായ സാധാരണ നിത്യകർ ത്തവ്യങ്ങൾക്കു പുറമെ, യാതൊരു കാര്യത്തെക്കുറിച്ചും വിചാരമി ല്ലാത്ത ഒരു ശേഷിക്കാരത്തെ രാജാവായിരുന്നു. തന്റെ രാ ജ്യത്തുള്ള ഉദ്യോഗസ്ഥന്മാരിൽ ഏതൊരാളുടെയും ഒ

ഴികെ ശേഷമുള്ളവരൊക്കെയും കൈക്കലാക്കി മുതലായ ദോഷങ്ങളോടുകൂടിയവരായിരുന്നു. അവരുടെ മാസപ്പടികൾ വളരെ കുറഞ്ഞവയും, ഒരു കൊല്ലത്തിലധികം കൊടുത്തുതീർക്കാതെ ബാക്കിയിൽ നിറുത്തപ്പെട്ടവയും, ആയിരുന്നു. ബ്രിട്ടീഷുഗവർമ്മേണ്ടിലേക്കുള്ള കപ്പവും കൊടുത്തുതീർക്കാതെ ബാക്കിയിലായിരുന്നു. ഖജാനപണമില്ലാതെ കഴിവായിരുന്നു. ഗമനാഗമനമാർഗ്ഗങ്ങളിലുണ്ടായിരുന്ന ബുദ്ധിമുട്ടുകൊണ്ട് എല്ലാ കച്ചവടങ്ങൾക്കും പ്രതിബന്ധം നേരിട്ടിരുന്നു. അന്യരാജ്യങ്ങളിൽനിന്നു കൊണ്ടുവരപ്പെട്ടുന്നവയും, സ്വരാജ്യത്തുനിന്നായി അവിടെത്തന്നെ അഴിയുന്നവയും, ആയ കാരോ ചരക്കുകളിന്മേലുണ്ടായിരുന്ന ചുങ്കം അധികമായിരുന്നുവെങ്കിലും, അതിനാൽ ആളുകൾക്ക് ദരിദ്രഭാവം വന്നതല്ലാതെ, ഗവർമ്മേണ്ടിലെ മുതലെടുപ്പിനായൊരു കൂട്ടുതലും സംഭവിച്ചിട്ടില്ലായിരുന്നു. തിരുവിതാംകൂറിലെ ഈ സ്ഥിതി ഗവർണ്ണർ ജനറലായ ഡൽഹൌസി പ്രഭുവിന്റെ ശ്രദ്ധയെ ആകർഷിച്ചു. ആ സായ്പ് കാഴ്ചയ്ക്കു ഭംഗിയും കായ്ക്കുന്നതു ഗുണവും ഉള്ള ആ രാജ്യത്തെ ബ്രിട്ടീഷു ഗവർമ്മേണ്ടിന്റെ നേരേ കീഴിലാക്കിത്തീർക്കുന്നതിനുവേണ്ട കാരോ ഏർപ്പാടുകൾ ആലോചിച്ചു തുടങ്ങി. അങ്ങനെ ചെയ്യുമ്പോൾ എന്തെല്ലാം കരാറുകളാണ് ഉറപ്പിക്കേണ്ടതെന്നു മദ്രാസു ഗവർമ്മേണ്ടുമായി ആലോചിക്കുന്നതിനു നീലഗിരിയിൽ വരികകൂടി ചെയ്തു. ഈ സന്ദർഭത്തിൽ തിരുവിതാംകൂർ മഹാരാജാവു മാധവരായരുടെ സഹായത്തെ സമ്പാദിച്ചു. തിരുവിതാംകൂർ രാജ്യഭരണത്തെ പരിഷ്കരിച്ചു നന്നാക്കുന്നതിനു് ഏഴകൊല്ലത്തെ ഇടതരണമെന്നു മാധവരായർ മദ്രാസുഗവർമ്മേണ്ടോടും അപേക്ഷിച്ചതിനെ ആ ഗവർമ്മേണ്ടു സമ്മതിക്കുകയും, പ്രവൃത്തിൽ മാധവരായർ തിരുവിതാംകൂർ ദിവാൻജി (പ്രധാനമന്ത്രി)യാകുകയും ചെയ്തു. ഇങ്ങനെ പ്രൌഢവയസ്സായ മുപ്പതാമത്തെ വയസ്സിൽ മാധവരായർ കേവലം തന്റെ പരമാർത്ഥതയുടേയും സാമർത്ഥ്യത്തിന്റേയും പരിശ്രമശീലത്തിന്റേയും ശ

കൂതികൊണ്ടു് ഒരു നാടുരാജ്യത്തിൽ ഒരു നാട്ടുകാരനു ലഭിക്കാവുന്ന എല്ലാ ഉദ്യോഗങ്ങളിലും വെച്ചു് ഔന്നത്യമുള്ളതായ ഒരു ഉദ്യോഗത്തെ സമ്പാദിച്ചു.

ആദ്യത്തെ ഏതാനും കൊല്ലങ്ങളിൽ മാധവരായരുടെ രാജ്യഭരണത്തിന്റെ പ്രധാനകൃത്യങ്ങൾ മുതലെടുപ്പിനെ സംബന്ധിച്ചു വരുത്തിയ വലുതായ കാരാ പരിഷ്കാരങ്ങളായിരുന്നു. അക്കാലത്തു തിരുവിതാംകൂറിലെ മുതലിന്റെ അവസ്ഥ വർദ്ധിപ്പിക്കാൻ കഴിയുന്നതാണെന്നുള്ള ആശകൊണ്ടു പോലും വഴിയില്ലാത്ത വിധത്തിലായിരുന്നു. മുതലെടുപ്പു കാര്യത്തിൽ ഗവർമ്മെന്റിൽനിന്നു് അനുഷ്ഠിച്ചുവന്ന നടവടിയുടെ അവ്യവസ്ഥയാൽ ജനങ്ങൾക്കു വളരെ ബുദ്ധിമുട്ടുണ്ടായിരുന്നു. രാജ്യം കുടിക്കു, ജനങ്ങൾക്കു് ഉപദ്രവകരങ്ങളായ കാരാ കുത്തകകളും, അസഹ്യതയെ നൽകുന്നവയായ കാരാ നികുതികളും, ഉണ്ടായിരുന്നു. ഇവയിൽ മറ്റുള്ളവയെ കൊണ്ടൊഴിക്കാൻ ജനങ്ങൾക്കു ബുദ്ധിമുട്ടു തോന്നിയിരുന്നതു കുരുമുളകു കുത്തകയെക്കുറിച്ചായിരുന്നു. മാധവരായർ ഈ കുത്തകസമ്പ്രദായത്തെ നിറുത്തി ചെയ്തു. അതിൽവെച്ചു ഗവർമ്മെന്റിനുണ്ടാകാവുന്ന നികുതിനഷ്ടത്തെ പരിഹരിക്കുന്നതിനായി, അന്യരാജ്യങ്ങളിൽനിന്നു കൊണ്ടുവന്നിറക്കുന്ന ചരക്കുകൾക്കു്, ആ ചരക്കുകളുടെ വിലയിൽ നൂറിനു പതിനഞ്ചുപ്രകാരം ഒരു ചുങ്കം ഏർപ്പെടുത്തി. ഈ ചുങ്കം പിന്നെ നൂറിനു് കമ്പനിപ്രകാരവും, അവസാനം അഞ്ചുപ്രകാരവും, ആയി കുറവു ചെയ്തു. പിന്നെ പുകയിലക്കുത്തകയിൽനിന്നുള്ള ബുദ്ധിമുട്ടുകളെ പരിഹരിക്കുന്നതിനു മാധവരായർ ആലോചിച്ചു. ഗവർമ്മെന്റിൽനിന്നു് കാരാ കൺട്രാക്ടുകാരോടു മൊത്തമായി പുകയില വാങ്ങി ചില്ലറയായി പ്രജകൾക്കു വില്ക്കുന്ന ഏർപ്പാടു മാറി, അന്യരാജ്യങ്ങളിൽനിന്നു പുകയില വാങ്ങി സ്വരാജ്യത്തു കൊണ്ടുവന്നിറക്കുമ്പോൾ അതിലേക്കു നിശ്ചയിക്കപ്പെട്ടതായ ഒരു ചുങ്കം അടയ്ക്കുന്നതായാൽ, എല്ലാ പ്രജകൾക്കും പുകയിലക്കച്ചവടം ചെയ്തുകൊ

ള്ളതെന്നുള്ള ഏഷ്പാട് ആദ്യം നടപ്പാക്കി. ഈ ചുങ്കത്തിന്റെ നിരക്ക് ആദ്യം കുറെ അധികമായിരുന്നു. അതുകൊണ്ടുള്ള ബുദ്ധിമുട്ടിന്റെ പരിഹാരത്തിനായി അന്യരാജ്യങ്ങളിൽനിന്നു പുകയില കൊണ്ടുവന്നിരുന്നവർക്ക് അവരുടെ കൈവശം തന്നെ ചരക്കുകളെ വെച്ചുകൊള്ളുന്നതിന് അനുവാദം കൊടുത്തു. ഈ അനുവാദം കൊടുത്തിട്ടില്ലായിരുന്നെങ്കിൽ പുകയിലക്കച്ചവടത്തിന് ഒരിക്കലും അഭിവൃദ്ധിയുണ്ടാകുന്നതല്ലായിരുന്നു. കുറച്ചുകാലം കഴിഞ്ഞശേഷം മേല്പറഞ്ഞ ചുങ്കം അല്പം കുറവു ചെയ്തു. പിന്നെ കുറെ കഴിഞ്ഞപ്പോൾ അതിലും അധികം കുറവു ചെയ്തു. ചുങ്കങ്ങളുടെ ലഘുത്വംകൊണ്ട് അന്യരാജ്യങ്ങളിൽനിന്ന് ഓരോ ചരക്കുകൾ വാങ്ങിക്കൊണ്ടുവന്നു ചെയ്യുന്ന കച്ചവടത്തിനു വളരെ വർദ്ധനയുണ്ടായി. കുത്തകകളെ ഒക്കെയും നിറുത്തൽ ചെയ്തതിനുശേഷം, രാജ്യത്തുള്ള സാധാരണ നികുതിക്രമത്തെ പരിഷ്കരിക്കുന്നതിൽ മാധവരായർ മനസ്സുവെച്ചു. ഗവർമ്മേണ്ടിലേക്കു യാതൊരു ആദായവും വരുത്താതെ പ്രജകൾക്കു വളരെ സൌകര്യത നൽകിയിരുന്നവയായ നൂറിൽ അധികം ചില്ലറ നികുതികളെ താൻ നിറുത്തൽ ചെയ്തു. ഒരു ഡിസ്ട്രിക്ടിൽ ഭൂനികുതി സാധാരണയിലധികം ഏറിയിരിക്കുന്നുവെന്നു കണ്ടിട്ട് അതിനെ വളരെ കുറവു ചെയ്തു. ഫ്രവ്നുമ്പ-നേറയും ഫ്രവ്നുര്-നേറയും മദ്ധ്യത്തിൽ ഏറിനിന്നിരുന്ന സകല ചുങ്കങ്ങളേയും ഏറവും ലഘുപ്പെടുത്തി. അടുത്തകൊല്ലം ബ്രിട്ടീഷുഗവർമ്മേണ്ടിനും തിരുവിതാംകൂർ, കൊച്ചിഗവർമ്മേണ്ടുകൾക്കും തമ്മിൽ കച്ചവടസംബന്ധമായ കരാർ ഉണ്ടായി. ഈ കരാറിനാൽ ബ്രിട്ടീഷിൻ ദ്ധ്യയിൽനിന്നോ, കൊച്ചിയിൽനിന്നോ, ആ രണ്ടു രാജ്യങ്ങളിൽക്കൂടിയോ, കൊണ്ടുവരപ്പെടുന്ന എല്ലാ ചരക്കുകളിന്മേലും (സ്വല്പം ചില ചരക്കുകൾ ഒഴികെ) ഉണ്ടായിരുന്ന ചുങ്കം ഇല്ലാതെയായി.

മേല്പറഞ്ഞ പ്രവൃത്തികൾക്ക് ഒരു പ്രതിഫലമായി ബ്രി

ട്ടീഷ് ഗവൺമെൻറ്, നാട്ടുകാരിൽ ഉല്ലേഖം ചിലക്കു മാത്രം കൊടുക്കപ്പെട്ടുന്നതായ "കേ. സീ. എസ്. ഐ." എന്ന സ്ഥാനം മാധവരായർക്കു നൽകി. മദ്രാസിൽവെച്ചു മേല്പറഞ്ഞ സ്ഥാനത്തിന്റെ മുദ്രയെ മാധവരായർക്കു ദാനം ചെയ്ത സമയം, മദ്രാസ് ഗവർണ്ണരായ നേപ്പിയർപ്രഭു മാധവരായരുടെ പ്രവൃത്തിയെക്കുറിച്ച് ഈ വിധം സ്തുത്യമായിപ്പറഞ്ഞു:

"അല്ലയോ സർ, മാധവരാമാ! മറ്റൊരു രാജ്യത്തിൽ ശോഭിക്കുന്നവരും, ആ രാജ്യത്തിനു് ഉപകാരത്തെ ചെയ്യുന്നവരും ആയ നിങ്ങളുടെ പ്രശംസനീയങ്ങളായ ഗുണങ്ങൾക്കൊക്കേയും യാതൊരു സ്ഥലത്തുവെച്ചാണോ നിങ്ങൾ അടിസ്ഥാനമിട്ടതു്, ആ സ്ഥലമായ മദ്രാസിലേക്കു നിങ്ങൾ വരികയാൽ നിങ്ങൾക്കു സ്വാഗതം പറയുന്നതിനായി മദ്രാസിലുള്ള ബ്രാഹ്മണങ്ങളും ഗവർമ്മേൻറും സന്തോഷത്തോടുകൂടിയവരായിരിക്കുന്നു. നിങ്ങൾക്കു് ഇന്നു ലഭിച്ചതായ മഹാരാജ്ഞിയുടെ പ്രീതിസൂചകമായ ഈ സ്ഥാനംകൊണ്ടു്, നമ്മുടെ ദയാശാലിനിയായ മഹാരാജ്ഞിയുടെ ശ്രദ്ധയും ദയാവും തങ്കൽനേരെ കീഴിലുള്ള ആശ്രിതന്മാരെക്കുറിച്ചു മാത്രമല്ല എന്നും, തൻറെ നേരെ കീഴിലുള്ള രാജ്യങ്ങൾക്കു പുറമേയുള്ള രാജാക്കന്മാർക്കും, ഇൻഡ്യയിലുള്ള മറ്റു ജനങ്ങൾക്കും, വേണ്ടി വിശ്വാസപൂർവ്വമായി പ്രവർത്തിക്കുന്നവരെക്കൂടിയും, തനിക്കുവേണ്ടിയും ഈ രാജ്യത്തുള്ള തങ്കൽ പ്രതിനിധികൾക്കുവേണ്ടിയും, പ്രവർത്തിക്കുന്നവരായി മഹാരാജ്ഞി കരുതുന്നുണ്ടെന്നും നിങ്ങൾക്കു ദൃഷ്ടാന്തമാകേണ്ടതാണു്. തിരുവിതാംകൂർ മഹാരാജാവിനുള്ള ബുദ്ധിവിശേഷത്തെയും സൽഗുണതല്പരതയേയും പ്രജകളിൽ വിശ്വസ്തതയോടുകൂടി പ്രതിഫലിപ്പിച്ചുകൊണ്ടു്, ആ മഹാരാജാവിനെ ബുദ്ധിപൂർവ്വമായും ഉത്സാഹത്തോടുകൂടിയും ഇത്ര നാളത്തെപ്പോലെ ഇനിയും നിങ്ങൾ സേവിക്കേണ്ടതാണു്."

മേല്പറഞ്ഞ വർഷം തന്നെ മാധവരായർക്കു 'മദ്രാസു സർവ്വകലാശാലാ സാമാജികൻ' എന്ന സ്ഥാനം കിട്ടി. ഇങ്ങനെ

തനിക്കുണ്ടായിരുന്ന ഉല്ക്കൃഷ്ടേച്ഛയുടെ പരമകാഷ്ഠയെ മാധവരായർ തിരുവിതാംകൂറിൽ ഇരുന്നു സാധിച്ചു. അനേകം സംവത്സരം വളരെ ശ്രദ്ധാപൂർവ്വം പണിയെടുത്തു രാജ്യകാര്യങ്ങളെ എല്ലാം നേരെയാക്കിയതിനുശേഷം, ഇനി സ്വസ്ഥതയോടെ കുടി രാജ്യഭോഗം ചെയ്യാനുള്ള കാലമാണു വരുന്നതെന്നു മാധവരായർ ആശംസിച്ചിരുന്നു. എന്നാൽ അതിനു തനിക്കു് ഇടയായില്ല. മഹാരാജാവിനു തന്നോടുണ്ടായിരുന്ന സ്നേഹത്തെ ദുരാലോചനക്കാർ ഭിന്നിപ്പിച്ചു. അതു ഹേതുവായിട്ടു തനിക്കും തന്റെ ശിഷ്യനായ മഹാരാജാവിനും തമ്മിൽ രസക്കേടുണ്ടാവുകയും, അതിനാൽ ഫ്രഞ്ചുവൈരം കൊല്ലത്തിൽ താൻ ഉദ്യോഗം രാജികൊടുക്കേണ്ടിവരികയും, ചെയ്തു.

ഇങ്ങനെ ഈ പ്രസിദ്ധനായ രാജ്യഭരണതന്ത്രജ്ഞന്റെ ജീവിതത്തിലെ ഭരണാധ്യായം അവസാനിച്ചു. അന്ധകാരം കൊണ്ടു നിറഞ്ഞിരുന്ന ഒരു രാജ്യത്തിൽ ഇദ്ദേഹം സൂര്യപ്രകാശത്തെ വരുത്തി. അരാജകരാജ്യത്തിലെന്നപോലെ ബുദ്ധിമുട്ടനുഭവിച്ചു കിടന്നിരുന്ന ഒരു ജനസമൂഹത്തിനു, സൌരാജ്യാനുഗ്രഹത്തെ താൻ നൽകി. വംശപരമ്പരയായി മോഷണവൃത്തി അനുഷ്ഠിച്ചുപോന്ന മോഷ്ടാക്കളെക്കൊണ്ടു സദാബുദ്ധിമുട്ടനുഭവിച്ചു കിടന്നിരുന്ന ജനങ്ങൾക്കു ദേഹരക്ഷയെയും ധനരക്ഷയേയും ദാനം ചെയ്തു. ചളികൊണ്ടുണ്ടാക്കപ്പെട്ട കുടിലുകളാൽ നിറഞ്ഞിരുന്ന നഗരത്തിൽ വളരെ വിലയേറിയവയായ കെട്ടിടങ്ങൾ ഉണ്ടാക്കിച്ചു. ബഹുജനങ്ങൾക്കു പ്രയോജനകരങ്ങളായ നിരത്തുകളും, പാലങ്ങളും, തോടുകളും, തുരങ്കങ്ങളും, ഉണ്ടാക്കിച്ചു്, അത്യന്തം ദുർഘടങ്ങളും, ഗമനാഗമനങ്ങൾക്കു പ്രയാസമുള്ളവയും, ആയ പ്രദേശങ്ങളെ ലഘുപ്രാപ്യങ്ങളാക്കിത്തീർത്തു. കാടുകളെ നാടുകളാക്കി തരിശുഭൂമികളെ കൃഷിചെയ്യിച്ചു. കാപ്പികൃഷി മുതലായ പുതിയ ഓരോ തൊഴിലുകളെ അഭിവർദ്ധിപ്പിച്ചു. രാജ്യമെങ്ങും സമാധാനവും സുരക്ഷയും വ്യാപിപ്പിച്ചു. മാധവരായരുടെ രാജ്യഭരണത്തിന്റെ ആരംഭത്തിൽ ബ്രിട്ടിഷ് രാജ്യത്തോടു

ചേർത്തടക്കപ്പെട്ടുപോകുമെന്ന പ്രതിഷ്ഠയും വിചാരിക്കപ്പെട്ടിരുന്നതായ തിരുവിതാംകൂർ, മാധവരായരുടെ രാജ്യഭരണത്തിന്റെ അവസാനത്തിൽ 'സാത്തന്ത്രികരാജ്യം' എന്ന പേരിനെ സമ്പാദിച്ചു. ചുരുക്കത്തിൽ (ശ്രീമൂലം തിരുനാൾ മഹാരാജാവിനു നേരെ മുമ്പു തിരുവിതാംകൂർ രാജ്യം ഭരിച്ച മഹാരാജാവിന്റെ വാക്കുകളിൽ പറയാം) 'ആത്തൻസ്' എന്ന രാജ്യത്തിനു പെരിക്ലീസ് എന്തു ചെയ്തുവോ, ഇംഗ്ലാണ്ടിനു ക്രാംവെൽ എന്തു ചെയ്തുവോ, അതു തിരുവിതാംകൂറിനു മാധവരായർ ചെയ്തു.'

മാധവരായർ നല്ല ഒരു സംഖ്യയായ ആയിരം ഉറുപ്പ! കു പെൻഷൺ വാങ്ങി തിരുവിതാംകൂറിലെ പണിയിൽനിന്നു പിരിഞ്ഞു. ആ പെൻഷൺ അദ്ദേഹം ഫൻ സംവത്സരത്തോളം അനുഭവിച്ചു. തിരുവിതാംകൂർ വിട്ട ശേഷം, മാധവരായർ ഇനിയുള്ള തന്റെ ജീവിതകാലം മുഴുവനും സ്ഥിരസ്ഥനായി ഒരു ദിക്കിൽ താമസിച്ചു മാനമായി കഴിച്ചുകൂട്ടേണ്ടതാണെന്നുറച്ചിട്ടു, മദ്രാസിൽ പാർത്തു. ഗവണ്മെർ ജനറൽ തന്റെ നിയമനിർമ്മാണസഭയിൽ ഒരു സാമാജികനായിരിക്കുന്നതിനു മാധവരായരോടു് ആവശ്യപ്പെട്ടു. മാധവരായർ ആ സ്ഥാനത്തെ സ്വീകരിച്ചില്ല. തിരുവിതാംകൂറിൽനിന്നു മാധവരായരെ നിർബ്ബന്ധിച്ചു പണിയിൽനിന്നു പിരിച്ചു പെൻഷൺ കൊടുത്തുവെന്നുള്ള വർത്തമാനം വേഗത്തിൽ ഇംഗ്ലണ്ടിൽ എത്തി. പാർലിമെന്റു മെമ്പരായിരുന്ന മരിച്ചുപോയ ഫൊർഡിഥ് സെഡ്ഗർ സായ്പിനു, മാധവരായരെപ്പോലെ സമർത്ഥന്മാരായ പുരുഷന്മാർക്കു തക്കതായ പ്രവൃത്തി കൊടുത്തു് അവരുടെ സാമർത്ഥ്യത്തെ ഉപകാരപ്രദമാക്കിത്തീർക്കാതെ വൃഥാവിൽ ഇട്ടുകളയുന്നതിനെക്കുറിച്ചു തോന്നിയ അമർഷം നിമിത്തം, ഇന്ത്യാഗവർമെന്റിനു മാധവരായർക്കു് ഒരു പണി കൊടുക്കുവാൻ കഴിയുന്നതല്ലയോ എന്നു് ഇൻഡ്യാ സ്റ്റേറ്റുസെക്രട്ടറിയോടു താൻ ചോദിച്ചു. പാർലിമെന്റു സഭയിൽ വെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ ആ സായ്പു് ഇപ്രകാരം പറഞ്ഞു:—

'സർ. മാധവരായർ തിരുവിതാംകൂർ രാജ്യകാര്യങ്ങളെ, ഇൻഡ്യയിലെ ടഫ്റ്റോ എന്നു വിചാരിക്കപ്പെട്ടതിനു ന്യായമായി അഗ്രഗണ്യമാക്കത്തക്ക സാമർത്ഥ്യത്തോടുകൂടി ഭരിച്ചു. ഫ്രഞ്ചുകാർ മാധവരായർ തിരുവിതാംകൂറിൽ ആദ്യം ചെന്നപ്പോൾ, ആ രാജ്യം എത്രയും നികൃഷ്ടമായ സ്ഥിതിയിൽ കിടക്കുന്നതായി താൻ കണ്ടു. അവിടെനിന്നു പോരുന്ന സമയം താൻ അതിനെ ഒരു മാതൃകാരാജ്യമാക്കിത്തീർത്തു. ഈ വിധത്തിലുള്ള ഒരു പുരുഷനെ കൊടുക്കുന്നതിനാണ്, നമ്മുടെ മുതലെടുപ്പ് ഇപ്പോഴുള്ളതിലധികം വർദ്ധിക്കുന്നതു പ്രയാസമാണെന്നും, അവിൻ നികുതി വസൂലായി വന്നിരുന്നില്ലെങ്കിൽ നമുക്കാവശ്യമുള്ള ധനം എവിടെനിന്നുണ്ടാകുമെന്നറിയാതെ നാം ഉഴലുന്നതാണെന്നും, വിചാരിച്ചുപോരുന്ന കാലത്തു തക്കതായ ഒരു ഉദ്യോഗം നമുക്കില്ലാത്തതാണ്.'

ഈ സമയം മാധവരായരെക്കുറിച്ചു 'നാട്ടുകാരനായ ഒരു രാജ്യഭരണതന്ത്രജ്ഞൻ' എന്ന തലവാചകത്തോടുകൂടി, തന്റെ പ്രസിദ്ധ ശിഷ്യനായ, ഫ്രഞ്ചുകാർ നാടുനീങ്ങിയ തിരുവിതാംകൂർ മഹാരാജാവിനാൽ അതി വിശേഷമായി എഴുതപ്പെട്ട ഒരു ലേഖനം 'കല്ക്കട്ടാ റിവ്യൂ' എന്ന പത്രത്തിൽ കാണപ്പെട്ടു. ആ ലേഖനത്തിൽ മാധവരായരുടെ സാമർത്ഥ്യങ്ങളെ പൂർണ്ണമായി വിശദപ്പെടുത്തിപ്പറഞ്ഞതിനു ശേഷം, ഇപ്രകാരം എഴുതിയിരുന്നു: — 'മാധവരായർ ഇപ്പോഴും പ്രൌഢപ്രായത്തിലിരിക്കുന്നു. തനിക്കു ൫൫ വയസ്സേ ഇനിയും തികഞ്ഞിട്ടില്ല. തന്റെ ശരീരത്തിന് ഇപ്പോഴും നല്ല ദാർഢ്യവും ശ്രമക്ഷമതയും ഉണ്ട്. രാജ്യഭരണം തനിക്കു ജനനവശാലെ വാസനയുള്ള ഒരു പ്രവൃത്തിയൊ എന്നു തോന്നത്തക്കവണ്ണം അതു സ്വാഭാവികമായി തീർന്നിരിക്കുന്നു. ഇനിയും ഒരു ഫ്രഞ്ചു കൊല്ലംകൂടി പ്രവൃത്തിയെടുക്കുന്നതിനു തനിക്കു ധാരാളം ശക്തിയുണ്ട്.' സ്റ്റേറ്റു സെക്രട്ടെരിയുടെ നിർബ്ബന്ധത്താൽ ഇൻഡ്യാഗവർമ്മേൻറ് മാധവരായർക്കു തക്കതായ ഒരു പണി കൊടുക്കുന്നതിനായി നോക്കിത്തുടങ്ങി. ഈ

സന്ദർഭത്തിലാണ് ഇൻഡ്യൂർ മഹാരാജാവായ തുക്കോജിറാവു ഹോൾക്കർ തന്റെ രാജ്യകാര്യങ്ങൾ നടത്തുന്നതിനു തക്ക പ്രാപ്തിയുള്ള ഒരു ഉദ്യോഗസ്ഥനെ അയയ്ക്കണമെന്ന് ഇൻഡ്യാഗവർമ്മേന്റോടു് ആവശ്യപ്പെട്ടതു്. മേല്പറഞ്ഞ ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മനസ്സുണ്ടോ എന്നു് ഇൻഡ്യാഗവർമ്മേൻറു് മാധവരായരോടു ചോദിക്കുകയും, മാധവരായർ ആ ഉദ്യോഗത്തെ സ്വീകരിക്കുകയും ഫെബ്രുവരി വർഷത്തിൽ അതിൽ പ്രവേശിക്കുകയും ചെയ്തു.

മാധവരായർ ഇൻഡ്യൂർ രാജ്യത്തെ രണ്ടു വർഷം മാത്രമേ ഭരിച്ചുള്ളൂ. ഈ രണ്ടു സംവത്സരങ്ങൾക്കുള്ളിൽ ബഹുജനപ്രയോജനകരങ്ങളായ പല കെട്ടിടങ്ങളും അവിടെ ഉണ്ടാക്കിച്ചതിനു പുറമെ, തനിക്കു ശേഷം ഇൻഡ്യൂർ ദിവാൻജിയും തന്റെ പിതൃവ്യപുത്രനും ആയ ദിവാൻ ബഹാദർ രഘുനാഥരായരാൽ പൂർണ്ണമാക്കപ്പെട്ട 'ഇൻഡ്യൂർ പീനൽ കോഡ്' എഴുതിത്തുടങ്ങിയെന്നുള്ളതു മാത്രമേ തന്റെ പ്രധാന പ്രവൃത്തികളായി പ്രസ്താവിക്കുവാനുള്ളൂ. ഇവ കൂടാതെ ഇൻഡ്യൂരിൽ തീവണ്ടിപ്രചാരത്തെ വർദ്ധിപ്പിക്കുന്നതിനെക്കുറിച്ചും അവിൻകാര്യത്തെക്കുറിച്ചും മറ്റും താൻ കാര്യമെന്തോരാണെങ്കിലും എഴുതീട്ടുണ്ട്. അവയെ തനിക്കു ശേഷം ആ രാജ്യത്തെ ദിവാൻജിയായവർ ഉപയോഗപ്പെടുത്തി. ഹോൾക്കർ മഹാരാജാവുമായി താൻ ചെയ്ത കരാർ ഫെബ്രുവരി-ൽ അവസാനിച്ചു. എന്നാൽ ആ മഹാരാജാവിന്റെ ആഗ്രഹപ്രകാരം പിന്നെയും ഒരു വർഷം കൂടി താൻ ഉദ്യോഗം ഭരിക്കേണ്ടിവന്നു. ഈകാലത്താണ് അനീതിയായ രാജ്യഭരണം ഹേതുവായിട്ടു ബറോഡാ ഗൈക്കവാറായ മൽഹർ രായർ രാജസ്ഥാനത്തിൽനിന്നു നീക്കപ്പെട്ടതു്. ബറോഡാ രാജ്യഭരണത്തെ നേരെയാക്കിക്കൊണ്ടു വരുന്നതിനു മാധവരായരുടെ സഹായം ആവശ്യപ്പെട്ടിരിക്കുന്നുവെന്നു് ഇന്ത്യാഗവർമ്മേൻറു് ഹോൾക്കർ മഹാരാജാവിനോടു് അപേക്ഷിക്കുകയും, ആയപേക്ഷയെ ആ മഹാരാജാവു് യഥോചിതം സ്വീകരിക്കുകയും, ഫെബ്രുവരി-ൽ മാധവരായർ ബറോ

ഡായിലെ ദിവാൻജിയും മാജരാവും ആയി നിയമിക്കപ്പെട്ടു യും ചെയ്തു.

ബറോഡായിലെ രാജ്യകാര്യങ്ങൾ അക്കാലത്തു ഭയങ്കരമായ കുഴപ്പത്തിലായിരുന്നു. അവിടെ അല്പകാലം മാത്രം നിലനില്ക്കുന്നതായ അധികാരത്തെക്കുറിച്ചുള്ള അത്യാഗ്രഹത്താൽ മതിമറന്നവരായ ജനങ്ങൾ ഉഭയ കക്ഷികൾക്കുമനാശകരങ്ങളായ പലതരം കാര്യങ്ങളെക്കുറിച്ചു സടാപി പിണങ്ങിക്കൊണ്ടിരുന്നു. ഈ പിണക്കങ്ങളെ അല്പമായെങ്കിലും നീതീകരിക്കുന്നതിനായി യാതൊന്നും തന്നെ ഉണ്ടായിരുന്നില്ല. സാധാരണമായി അവ യാതൊരു ഉദ്ദേശ്യവും കൂടാതെയവയായിരുന്നു. വല്ല ഉദ്ദേശ്യവും ഉണ്ടായിരുന്നെങ്കിൽ, അതു, കൊള്ളയിടുന്നതിനും സ്വാർത്ഥപുഷ്ടി വരുത്തുന്നതിനും ഉള്ള ദുർമ്മോഹത്തെ സാധിക്കേണമെന്നു മാത്രമായിരുന്നു. ഇങ്ങനെയുള്ള കുഴപ്പങ്ങളെ തീർത്തു രാജ്യത്തിൽ നീതിയെ സ്ഥാപിക്കുന്നതിന്, ഉദ്ദിഷ്ടകാര്യത്തെ സാധിപ്പിക്കുന്നതിൽ യാതൊന്നുകൊണ്ടും കുലുങ്ങാത്തതായ പ്രവൃത്തിസ്ഥയ്യവും മനോധൈര്യവും ആവശ്യകമായിരുന്നു. അങ്ങനെയുള്ള മനോധൈര്യം സർ. മാധവരായരിലും, പ്രവൃത്തിസ്ഥയ്യം റസിഡൻറിനെ ഫിലിപ്പ് സാൻഡിസ് മെൽവിൽ സായ്പിലും, ഉണ്ടായിരുന്നു. ആദ്യത്തിൽ അത്യന്തം ബുദ്ധിമുട്ടുണ്ടായ്തു രണ്ടു കാര്യങ്ങളെ നേരെയാക്കുന്നതിനായിരുന്നു. രാജ്യത്തുള്ള മുതലുടപ്പു മുഴവൻ കാരോ കാല വധി വെച്ചു സർദാരന്മാർ എന്നു പേരായ കാരോ പ്രഭുക്കന്മാർക്കു വീതിച്ചു കൊടുത്തിരുന്നു. ആ സർദാരന്മാർ അവരുടെ കാഹരിയെ തങ്ങളുടെ കീഴിലുള്ള കാരോ സൈന്യക്കാരന്മാർക്കു വീതിച്ചു കൊടുത്തിരുന്നു. ഈ സൈന്യക്കാരന്മാർ ആയുധപാണികളായ യോദ്ധാക്കന്മാർ തങ്ങളുടെ കീഴിൽ ഉണ്ടായിരുന്നതിനാൽ, അവർ പ്രജകളിൽ നിന്നു ധനം അപഹരിച്ചെടുത്തു. സ്വധനപുഷ്ടി വരുത്തുന്നതിനു തരം കിട്ടിയപ്പോഴൊക്കെയും ഈ പ്രകാരം ചെയ്യാതിരുന്നില്ല. ശിക്ഷിക്കപ്പെടുമെന്നുള്ള ഭയം

ലേശവും കൂടാതെ അവർ ധനികന്മാരേയും ദരിദ്രന്മാരേയും കരുപോലെ ബലാൽകാരമായി ബുദ്ധിമുട്ടിച്ചിരുന്നു. കൊള്ള യിടുന്നതും കയ്യേറ്റം പ്രവർത്തിക്കുന്നതും രാജ്യമെങ്ങും സാധാ രണ കൃത്യങ്ങളായിരുന്നു. സർദാരന്മാരിൽനിന്നു പ്രതിഫലം വാങ്ങിപ്പോയിരുന്നതിനാൽ, നികുതി പിരിക്കുന്നതിനുള്ള അ വകാശം അവരിൽനിന്നു മടക്കിയെടുക്കുന്നതായ യാതൊരുപാ ധത്തിലും നീതീകരിക്കുകയോ ചെയ്യുവാൻ വരുന്നതല്ലെന്നു ഗവർമ്മേൻറിലേക്കു തോന്നിയിരുന്നു. അതുകൊണ്ടു സർ, മാധവരായർ ഗവർമ്മേൻറിലെ പ്രത്യേകകൃത്യമായി, തക്കതായ പ്രതിഫലം വാങ്ങി തങ്ങൾക്കുള്ള അവകാശങ്ങ ളെ ഗവർമ്മേൻറിലേക്കു വിട്ടുകൊടുക്കുന്നതിനു സർദാരന്മാരെ നിർ ബ്ബന്ധിച്ചു. മഹാരാഷ്ട്രബ്രാഹ്മണജാതിയിൽ ജനിച്ചവരാകയാൽ സർദാരന്മാർ ഈ പുതിയ ഏർപ്പാടിനു അത്ര എളുപ്പത്തിൽ കീഴടങ്ങിയില്ല. സമർത്ഥന്മാരായ ലായർമാർ ഈ പുതിയ നി യമം നീതിവിരുദ്ധമാണെന്നു കാണിക്കുന്നതിനു നിയമങ്ങ ളും വിധികളും എടുത്തു കാണിക്കുകയും, സ്റ്റോറു സെക്ര ട്ടേരിക്കു അപ്പീൽ ചെയ്തു സങ്കടനിവൃത്തി വരുത്തുന്നതാണെ ന്നു പ്രസ്താവിക്കുകയും, ചെയ്തു. എന്നാൽ മാധവരായർ യാ തൊരു കൂലുക്കവും കൂടാതെ തൻെറ പുതിയ ഏർപ്പാടു നട ത്തി. നല്ലവാക്കു പറഞ്ഞിട്ടും, ഭയപ്പെടുത്തിട്ടും, ഉപദ്രവിക ളെ വാടകടത്തിട്ടും, രാജ്യകാര്യങ്ങളെ നീതിയിൽ കൊണ്ടുവ രുന്നതിനു സർ, മാധവരായർക്കു സാധിച്ചു.

സർദാരന്മാരെ സംബന്ധിച്ചു പിന്നേയും ഒരു ബുദ്ധിമു ട്ടുണ്ടായിരുന്നു. സർദാരന്മാരുടെ അധികാരം എത്രത്തോളമു ണ്ടായിരുന്നുവെന്നു കൃത്യപ്പെടുത്തിട്ടില്ലായിരുന്നു. യുറോപ്പിൽ ഫ്യൂഡെലിസം നടപ്പായിരുന്ന കാലത്തിൽ പതിവായിരുന്ന തുപോലെ, ആവശ്യപ്പെടുന്ന സമയം ഗവർമ്മേൻറിലേക്കു ധ നമൊ സൈന്യമൊ കൊടുത്തു കൊള്ളാമെന്നുള്ള കരാറി ന്മേൽ സർദാരന്മാർ ഗവർമ്മേൻറാട്ടു ഏറുവാങ്ങിട്ടുള്ള ഭൂ മിയിൽ അവർക്കു പൂർണ്ണമായ അവകാശം ഉണ്ടായിരുന്നു. ഈ

അവകാശം അവർക്കുണ്ടായിരുന്നാ കാലത്തോളം സ്വഭാവിക മായി രാജ്യഭാരം ചെയ്യുന്നതിനു സൌകര്യമില്ലായിരുന്നു. അവരുടെ അധീനതയിൽനിന്നു ഭൂമി കഴിപ്പിച്ചെടുക്കുന്നതു് എല്ലാ നീതിന്യായങ്ങൾക്കും വിരോധമായിട്ടുള്ള ഒരു കായ്മയായിരുന്നു. സർ, മാധവരായർ ഈ ബുദ്ധിമുട്ടു തിക്കുന്നതിനു ധൈര്യസമേതം തുനിയുകയും, സാമർത്ഥ്യത്തോടുകൂടി അതിനെ തിക്കുകയും ചെയ്തു. മുമ്പു് ഭാഗ്യം സമയങ്ങളിൽ ഗവർമ്മേൻറു ധനത്തിനാവശ്യപ്പെട്ടിരുന്നപ്പോൾ സർദാരന്മാർ കൊടുത്തിട്ടുണ്ടായിരുന്നില്ല. അതുകൊണ്ടു് അവരിൽനിന്നു വളരെ പണം ഗവർമ്മേണ്ടിലേക്കു വസൂലാക്കേണ്ടതായിട്ടുണ്ടായിരുന്നു. മാധവരായർ പഴയ റിക്കാർഡുകളൊക്കെയും എടുപ്പിച്ചു നോക്കി ഒരു കണക്കുണ്ടാക്കി. ആ കണക്കുപ്രകാരം ഗവർമ്മേണ്ടിലേക്കു വരാനുള്ള സകല പണവും പതിനേഴാം പതിനെട്ടാം കാലത്തെ പലിശയോടുകൂടി നോട്ടീസ്സു് കിട്ടിക്കൂട്ടുമ്പോൾ അടയ്ക്കേണ്ടതാണെന്നു മാധവരായർ സർദാരന്മാരോടു് ആവശ്യപ്പെട്ടു. അതുപ്രകാരം അടയ്ക്കാതിരുന്നവരുടെ അവകാശങ്ങളെയൊക്കെയും, ജപ്തിചെയ്തു. ജപ്തിക്കു കീഴടങ്ങാത്തവരിൽ ചിലരെ കാശിയിലേക്കും മറും നാടുകടത്തി. മറു ചിലരെ, അവരുടെ അവകാശങ്ങളെ മതിയായ പ്രതിഫലം വാങ്ങി കഴിയുന്നതിനു, സമ്മതിപ്പിച്ചു. ഇങ്ങനെ രാജ്യകായ്മങ്ങൾ മിക്കവാറും നീതിമാർഗ്ഗത്തിലായി എങ്കിലും സർദാരന്മാരെക്കൊണ്ടുള്ള ബുദ്ധിമുട്ടു മുഴുവനും തീർന്നില്ല. മൂന്നാമതായി ഒരു ബുദ്ധിമുട്ടുണ്ടായിരുന്നതു രാജ്യത്തിൽ പോറപ്പെട്ടിരുന്ന ശാശ്വതസൈന്യത്തെ സംബന്ധിച്ചായിരുന്നു. ഔപചാരികമായി രായരുടെ പേരുമാത്രം ഉണ്ടായിരുന്നു, അറബികളുടേയും എത്തിയോപ്യന്മാരുടേയും താതൊരു വ്യവസ്ഥയും ഇല്ലാത്തതായ ഒരു സൈന്യത്തെ ഗവർമ്മേണ്ടിൽനിന്നു സംരക്ഷണചെയ്തു വന്നിരുന്നു. അവർക്കു തോക്കുമേതലായ ആയുധങ്ങൾ കൊടുത്തിട്ടുണ്ടായിരുന്നു അവർ പോകുന്ന ദിക്കിലൊക്കെയും പരസ്യമായി അക്രമങ്ങൾ

നടത്തിവന്നിരുന്നു. ഈ അനാവശ്യകമായ ഭാരത്തെ കഴിച്ചു കളയുന്നതിനായി മാധവരായർ ഉറച്ചു. ഭാരോദ്വഹനത്തിനായി അതിലുണ്ടായിരുന്ന എല്ലാ ആളുകൾക്കും വേറെ ഭാരമോ ഉദ്യോഗങ്ങൾ കൊടുത്തു് ആ സൈന്യത്തെ മുഴവനും പിരിച്ചുകളഞ്ഞു.

സർ മാധവരായർ ബറോഡായിൽ നീതിന്യായക്കോടതികളും, സ്കൂളുകളും വായനശാലകളും, ഇണപ്രദങ്ങളായ മറ്റനേകം ഏർപ്പാടുകളും, സ്ഥാപിച്ചു. രാജ്യഭരണത്തിൽ സഹായിക്കുന്നതിനു മദ്രാസിൽനിന്നും ബാംബേയിൽനിന്നും ഭാരമോ യോഗ്യന്മാരെ വരുത്തി ഉദ്യോഗം കൊടുത്തു. നിഷ്പ്രയോജനങ്ങളായ നികുതികളെ നിറുത്തൽ ചെയ്തു. ഭാരമോ ഗോൽമാൽപാടുകളായ കടിലുകളോടുകൂടിയ ഇടുങ്ങിയ ഇടവഴികളെ നശിപ്പിച്ചു. അവയ്ക്കു പകരം ഗവർമ്മേൻറു ചിലവിനാൽ വൃത്തിയുള്ളവയായ വിടുകൾ വരിവരിയായിത്തീർപ്പിച്ചു. രാജ്യത്തിനു് അലങ്കാരത്തിനായി മനോഹരങ്ങളും വലുതെ വില പിടിച്ചവയും ആയ ഭാരമോ കെട്ടിടങ്ങൾക്കു് അടിസ്ഥാനമിട്ടു. ആളുകൾക്കു സന്തോഷത്തിനും അറിവിനും വേണ്ടി ഗവർമ്മേണ്ടിൽനിന്നു വലുതെ ധനവ്യയം ചെയ്തു, മൃഗശാലകളും കാഴ്ചബംഗ്ലാവുകളും ഉണ്ടാക്കി. തൽഫലം ആ വസ്തുതയെ രാജ്യഭരണരിപ്പോർട്ടിൽ സർ, മാധവരായർ ഈ പ്രകാരം എഴുതിയിരിക്കുന്നു:—

'ഇക്കഴിഞ്ഞ അഞ്ചുകൊല്ലങ്ങളിൽ നാം ചെയ്തിട്ടുള്ള പ്രവൃത്തി അത്യന്തം ബുദ്ധിമുട്ടും ഭാരവും ഉള്ളതായിരുന്നു. ഈ വാസ്തവത്തെ മറയ്ക്കുന്നതിനു് ആഗ്രഹിക്കുന്നതു് അനുചിതമായ വിനയപ്രകടനമെന്നായിരിക്കും. അതുകൊണ്ടാണു് ആ പ്രവൃത്തിയെ സംബന്ധിച്ചു പ്രത്യക്ഷമായിക്കാണുന്ന താമസത്തിനും ന്യൂനതകൾക്കും ഇടയായിട്ടുള്ളതു്. രാജ്യഭരണസംബന്ധങ്ങളായ സാധാരണ കാര്യങ്ങൾ മാത്രമല്ല നമ്മാൽ നടത്തപ്പെടേണ്ടതായിട്ടുണ്ടായിരുന്നതു്. നാം ഉദ്യോഗം ഏറ്റപ്പോൾ [illegible] രാജ്യങ്ങളിലുള്ള വ

യെ ഒക്കെക്കാളും സംഖ്യയിലും വിഷമതയിലും ആധിക്യമുള്ളവയായ അനേകം കായ്ങ്ങളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനും തീർച്ചപ്പെടുത്തുന്നതിനും ഉള്ള ഭാരം നമ്മുടെ പുരോഗാമികളായ ഉദ്യോഗസ്ഥന്മാരിൽനിന്നു നമുക്ക് അവകാശമായി സിദ്ധിച്ചു. രാജ്യഭരണയന്ത്രത്തെ നാം നിർമ്മിക്കേണ്ടി വന്നു. അത്യന്തം പ്രധാനങ്ങളായ കാര്യം പരിഷ്കാരങ്ങളെ നാം സൂക്ഷ്മാലോചന ചെയ്തു നടത്തേണ്ടി വന്നു. ഗഹനങ്ങളായും ശാഖോപശാഖകളായി വ്യാകലീഭവിച്ചും കിടന്നിരുന്ന അനേകം ധനവ്യയമാർഗ്ഗങ്ങളെ നമ്മുടെ നിയന്ത്രണയിൽ കൊണ്ടുവരേണ്ടി വന്നു. വിവിധങ്ങളായ അസംഖ്യം അയൽരാജ്യങ്ങളുമായി നമുക്കുണ്ടായിരുന്ന കായ്യബന്ധങ്ങളെ നാം സുബദ്ധീകരിക്കേണ്ടിവന്നു. ഈ വിഷയത്തിൽ കാലതാമസംകൊണ്ടും ഉപേക്ഷകൊണ്ടും കായ്യഗൌരവവും കഴക്കും ഉള്ളവയായ അനേകം നീതിവിരുദ്ധതകളും സംഭവിച്ചിട്ടുണ്ടായിരുന്നു. അവയെ സുബദ്ധീകരിക്കുന്ന കായ്യം പ്രത്യേകവിഷമതകളോടുകൂടിയതായിരുന്നു. നാം അവയെ അതാതു് അധികാരസ്ഥന്മാരുടെ അറിവിൽ കൊണ്ടുചെല്ലേണ്ടിയും, അവയെക്കുറിച്ചു വിവരിച്ചു പറയേണ്ടിയും, വാദിക്കേണ്ടിയും, ബോദ്ധ്യം വരുത്തിക്കൊടുക്കേണ്ടിയും, ചിലപ്പോൾ സാദരം ശാസിച്ചു പറയേണ്ടിയും വന്നു. ഇങ്ങനെ ഒക്കെയും ഉണ്ടായിരുന്ന അധികാദ്ധ്വാനത്തിന് ഇപ്പോൾ പ്രത്യക്ഷമായി കുറവുണ്ടായിത്തുടങ്ങിയിരിക്കുന്നു. അതിനാൽ ഇനിമേൽ സ്വരാജ്യാഭിവൃദ്ധിക്കു വേണ്ടവയായ കായ്യങ്ങളിൽ നമ്മുടെ സമയത്തേയും ശക്തിയേയും ഉപയോഗിക്കുന്നതിന് അധികം ഇടയാകുമെന്നു വിശ്വസിക്കുന്നു. ഈ വിഷയത്തിൽ ഇനിയും അനേകം കായ്യങ്ങൾ അദ്ധ്വാനിച്ചു നേരെയാക്കുന്നതിനുണ്ടെന്നു നാം ഹൃദയപൂർവ്വമായി സമ്മതിക്കുന്നു. നാഗരികത്വമുള്ള ഒരു ശബ്ദമുണ്ടു പ്രഥമമായിച്ചെയ്യേണ്ടവയായ കൃത്യങ്ങളെ ചെയ്തുവെന്നു പറയുന്നതിനു മാത്രമെ നാം ഇപ്പോൾ അവകാശപ്പെടുന്നുള്ളൂ.'

സർ മാധവരായർ ബറോഡായിലെ ദിവാൻജിയും രാജാവുമായിരിക്കുമ്പോഴായിരുന്നു ഠാണി മഹാരാജ്ഞി അവർകളുടെ മൂത്തമകനായ പ്രിൻസ് ആഫ് വേൽസ് ഇൻഡ്യയെ സന്ദർശിച്ചതു്. വില്യം ഹൊവെൽസ്റ്റാർസ്ലെൽസായ്പ് എഴുതിയ 'പ്രിൻസ് ആഫ് വെൽസിന്റെ പ്രയാണം, ഇൻഡ്യയെക്കുറിച്ചുള്ള ഒരു ഡയറി' എന്ന പുസ്തകത്തിൽ, സർ മാധവരായരുടെ ആദ്യകാലത്തെ ജീവിതവൃത്താന്തത്തെക്കുറിച്ചു സൂചിപ്പിച്ചശേഷം, ബറോഡായിൽ അദ്ദേഹം ചെയ്തിട്ടുള്ള പ്രവൃത്തികളെ ഈ വാക്കുകളിൽ സംക്ഷേപിച്ചു പറഞ്ഞിരിക്കുന്നു:—'ഇദ്ദേഹം ബറോഡായിലെ നികുതി വസൂൽക്രമത്തേയും, പോലീസ്സിനേയും നിർന്യായക്കോടതികളേയും ആകപ്പാടെ പുതുതാക്കിത്തീർത്തിരിക്കുന്നു. യോഗ്യന്മാരായ ആളുകളെ ഗവർമ്മേണ്ടുദ്യോഗങ്ങൾക്കായി സമ്പാദിക്കുകയും, യിന്ദുസ്ഥാനത്തിനു പുറത്തുള്ള രാജ്യങ്ങളിൽ എത്രയോ പ്രബലമായി പ്രചരിക്കുന്ന പരദ്രവ്യാപഹരണം, കൈക്കൂലി മുതലായ ദുഷ്കൃത്യങ്ങളിലേക്കുള്ള ദുർമ്മാർഗത്തെ കുറയ്ക്കുകയും ചെയ്യേണ്ടതിലേക്കായി, എല്ലാ ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർക്കും വളരെ കൂട്ടുതലായ മാസപ്പടി കൊടുക്കേണ്ടതാണെന്നുള്ള പ്രമാണത്തെ അനുസരിച്ചു് ഇദ്ദേഹം പ്രവർത്തിച്ചിരിക്കുന്നു. ഇദ്ദേഹം സ്ഥിരമായും ഖണ്ഡിതമായും ഉള്ള വിധത്തിൽ ന്യായത്തെ നടത്തുകയും ചട്ടത്തേയും ക്രമത്തേയും ഉറപ്പിച്ചു പരിപാലിക്കുകയും ചെയ്യുന്നു എന്നു് എത്രയും വിശ്വാസയോഗ്യമായ സാക്ഷ്യത്തോടുകൂടി പറഞ്ഞുകേൾക്കുന്നുണ്ടു്. ഗ്രാമത്തിലെ കാവൽക്കാരൻ ഇപ്പോഴും തന്റെ പ്രവൃത്തിയെ മുമ്പിലത്തെപ്പോലെ നടത്തിക്കൊണ്ടിരിക്കുന്നു. എന്നാൽ ഇപ്പോൾ അവനു നല്ല മാസപ്പടി കൊടുത്തും, അവനെ പ്രവൃത്തിക്കു് അവനെത്തന്നെ നേരെ ചുമതലക്കാരനാക്കിയും ഇരിക്കുന്നു. ഇങ്ങനെ, ഇങ്ങേ അറ്റംമുതൽ അങ്ങേ അറ്റംവരെ രാജ്യകാര്യസംബന്ധങ്ങളായ സകല ഡിപ്പാർട്ടുമെൻറുകളിലും മാധവരായർ പ്ര

വത്തിച്ചിരിക്കുന്നു. മാസപ്പടി കുറഞ്ഞുപോയി എന്നോ ശരിയായി കിട്ടുന്നില്ലെന്നോ ഉള്ള പരാധിക്കു് ഇടംകൊടുക്കാത്തവിധത്തിൽ മാധവരായർ സകല ആപ്പീസുകളേയും പരിഷ്കരിച്ചിരിക്കുന്നു. എന്നിട്ടും രാജ്യത്തിലെ മുതലെടുപ്പു വേഗത്തിലും വളരെയും വർദ്ധിച്ചുകൊണ്ടിരിക്കുന്നു. പഴയ ഏപ്പാടുകളേയും നടപടികളേയും അകപ്പാടെ അഴിച്ചുകളഞ്ഞിട്ടോ, പാരമ്പര്യത്തെ ഉന്മൂലനം ചെയ്തിട്ടോ, പുതിയ ഏപ്പാടുകളെ സങ്കടവും അസഹ്യതയും തോന്നാത്തവിധത്തിൽ ജനങ്ങളെക്കൊണ്ടു സമ്മതിപ്പിച്ചിട്ടോ അല്ല മാധവരായർ തന്റെ ഭരണത്തെ ആരംഭിച്ചിരിക്കുന്നതു്. പഴയ അടിസ്ഥാനത്തിന്മേൽ പുതിയ ഏപ്പാടുകളെ ഉറപ്പിക്കുകയും, പഴയ ഏപ്പാടുകളെ നന്നാക്കുകയും ആണു താൻ ചെയ്തിരിക്കുന്നതു്. റാങ്കിരാണ്ടിനെക്കുറിച്ചു പറയുമ്പോൾ 'ആയാൾ പൂർണ്ണയെപ്പോലെ ഇരിക്കുന്നു, അതു മിടുക്കനല്ലെന്നു മാത്രമേ ഉള്ളൂ' എന്നു പ്രസിദ്ധനായ ഒരു ഇംഗ്ലീഷുകാരനാൽ വർണ്ണിക്കപ്പെട്ട മൈസൂരിലെ ആ പൂർണ്ണയോടും ബുദ്ധിസാമർത്ഥ്യമുള്ള ഒരു പുരുഷനാണു നാം കാണുന്ന ഈ മാധവരായർ. എന്നാൽ സ്വഭാവഗുണംകൊണ്ടും നേരേ കാര്യം സാധിക്കുന്നതിനുള്ള സാമർത്ഥ്യംകൊണ്ടും, വെല്ലൂർ സ്കൂളിയിൽ ദീക്ഷാന്തീകരിക്കപ്പെട്ട മേല്പറഞ്ഞ ബ്രാഹ്മണമന്ത്രിയെക്കാളും സർ, മാധവരായർ എത്രയോ അധികം ഉത്കൃഷ്ടനായിരിക്കുന്നു.

ബറോഡായിൽ ഉദ്യോഗം ഭരിച്ചിരിക്കുമ്പോൾ സർ, മാധവരായക്കു 'ബാംബെ സൊസൈറ്റി ഓഫ് സോഷ്യൽ സയൻസിന്റെ' എന്ന സ്ഥാനം കിട്ടി. ഇൻഡ്യയിലെ ആര്യവ്യവഹാരമുമ്മാരി മുമ്പാകെ രാജ്യഭരണമായി അഭിപ്രായം പറയുന്നതിനു ഗവർണ്മെന്റ് ജനറലുടെ ഒരു ക്ഷണനവും തനിക്കു് ഇക്കാലം ലഭിച്ചു. എന്നാൽ മതവിരുദ്ധതയാൽ താൻ ആ ക്ഷണനത്തെ ഉപേക്ഷിക്കേണ്ടി വന്നു. പ്രൊവിൻഷൽ ഡെൽഹിയിൽ കൂടിയ രാജ്യയോഗത്തിൽ സർ, മാധവരായർ മൈസൂരായിരുന്ന തന്റെ

മഹാരാജാവോടുകൂടി ഥാജരാകയും, വിശേഷവിധിയായി ബഹുമാനിക്കപ്പെടുകയും, ചെയ്തു. ഈ സമയം ഗവണ്മെർ ജനറലായ ലിറ്റൺപ്രഭു 'രാജാ' എന്ന സ്ഥാനത്തെ മാധവരായർക്കു നൽകി. അക്ഷയശ്രുഷ്ഠാന്തിയോടും സാമർത്ഥ്യത്തോടുംകൂടി ഫ്രവുവരി ൨൦ വഷ്ംവരെ സർ മാധവരായർ ബറോഡാ രാജ്യഭാരം നടത്തിക്കൊണ്ടിരുന്നു. രാജ്യഭരണത്തിൽ തന്നെ സഹായിക്കുന്നതിനായി റസിഡെണ്ടും ഓരോ ഡിപ്പാർട്ടുമേണ്ടുകളിലെ മേലധികാരികളും ചേർന്നിട്ടുള്ള ഒരു സഭയെ താൻ ഏർപ്പെടുത്തി. മൈനറായിരുന്ന ഗൈക്കവാർ മഹാരാജാവിന്റെ വിദ്യാഭ്യാസം തന്റെ പ്രത്യക്ഷമായ മേലനേഷണത്തിലായിരുന്നു. ഗ്രന്ഥകർത്താവ് ബാംബെ സിവിൽസർവ്വിസുകാരനായ എഫ്. എ. എച്ച്. ഫ്രെല്ലിയട്ട് എന്ന സായ്പായിരുന്നു. എന്നാൽ സർ, മാധവരായരും രാജ്യത്തുള്ള പ്രധാന ഉദ്യോഗസ്ഥന്മാരും നേരിട്ട് ആ മഹാരാജാവിനു ഗുരുവും ഉപദേശിച്ചു. ഫ്രവുവരി-ൽ പ്രായം തികഞ്ഞതിനാൽ ആ ആണ്ടിൽത്തന്നെ ബാംബെ ഗവണ്മെറായ സർ ജേംസ് ഫെർഗ്രസ്സൻ സായ്പ് ആ മഹാരാജാവിനെ ക്രമപ്രകാരം സിംഹാസനാരോഹണം ചെയ്യിച്ചു. അതിനു ശേഷം അധികം താമസിയാതെ, മഹാരാജാവിനും ദിവാൻജിക്കും തമ്മിൽ അഭിപ്രായഭേദങ്ങൾ ഉണ്ടായിത്തുടങ്ങി. തിരുവിതാംകൂറിൽ വെച്ചു തനിക്കുണ്ടായ അനുഭവത്തിൽനിന്ന് അധികം കരുതലോടുകൂടിയിരിപ്പാൻ താൻ. പഠിച്ചതിനാൽ, പണിയിൽനിന്നു പിരിയുന്നതാണു നല്ലതെന്നു മാധവരായർ വിചാരിച്ചു. ഫ്രവുവരി സെപ്തംബറിൽ താൻ പണി രാജി കൊടുത്തു. പെൻഷനു പകരം മൂന്നു ലക്ഷം ഉറുപ്പിക മഹാരാജാവു മാധവരായർക്കു ബഹുമാനപാരിതോഷികമായിക്കൊടുത്തു. ഇങ്ങനെ സർ, മാധവരായരുടെ ജീവിതത്തിലെ രണ്ടാം അദ്ധ്യായം അവസാനിച്ചു.

രാജ്യഭരണഭാരത്തെ കഴിച്ചതിനുശേഷം തന്റെ ജീവാവസാനംവരെ, സർ, മാധവരായർ തനിക്ക് അഭിരുചിയുള്ള പ്രവൃത്തികളിലും പഠിപ്പിലും കാലയാപനം ചെയ്തുകൊ

ന്റെ സ്വസ്ഥനായി മദ്രാസിൽ താമസിച്ചു. വലുതായ ഒരു കുടുംബത്താൽ പരിവൃതനായിരുന്നതുകൊണ്ടും, നാട്ടുകാരും യൂറോപ്യന്മാരുമായി തനിക്ക് അനേകം സ്നേഹിതന്മാർ ഉണ്ടായിരുന്നതുകൊണ്ടും, തന്റെ സമയത്തെ വ്യയം ചെയ്യുന്നതു ഭാരമുള്ള ഒരു പ്രവൃത്തിയായി തനിക്കു തോന്നിയില്ല. രാജ്യഭരണകാര്യത്തിൽ താൻ ഒരിക്കലും താല്പര്യക്കുറവുള്ളവനായി ഭവിച്ചില്ല. സ്വരാജ്യത്തിലും അന്യരാജ്യങ്ങളിലും ഉള്ള സഞ്ചികകളും വർത്തമാനക്കടലാസ്സുകളും തന്റെ വായനയുടെ പ്രധാനവിഷയങ്ങളായിരുന്നു. ജനസമുദായക്ഷേമകരങ്ങളായ കാര്യങ്ങളെക്കുറിച്ചു തനിക്ക് അധികം താല്പര്യം ജനിച്ചുതുടങ്ങി. അവയിൽ വിശേഷിച്ചു സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചും ബാല്യവിവാഹദോഷങ്ങളെ പരിഹരിക്കുന്നതിനുള്ള ഉപായങ്ങളെക്കുറിച്ചും തനിക്കു മുഖ്യമായി ശ്രദ്ധയുണ്ടായിരുന്നു. ജനസമുദായനടവടികളെ പരിഷ്കരിക്കുന്നതു ശാസ്ത്രോക്തപ്രകാരം വേണ്ടതാണെന്നുള്ള അഭിപ്രായമല്ല തനിക്കുണ്ടായിരുന്നതു്. ജനസമുദായത്തിന്റെ ആധുനികാവസ്ഥയ്ക്കു ശാസ്ത്രങ്ങൾ വളരെ ദേഭപ്പെട്ടുനിന്നാലെ ഹാനപ്രദങ്ങളായി ഭവിക്കയുള്ളൂ എന്നുള്ള, അശാസ്ത്രീയമാണെങ്കിലും, ബുദ്ധിപൂർവ്വമായ, അഭിപ്രായമാണ് തനിക്കുണ്ടായിരുന്നതു്. തന്റെ അഭിപ്രായം ശാസ്ത്രങ്ങൾക്കു കേവലം വിരുദ്ധമായിട്ടോ, കേവലം അനുകൂലമായിട്ടോ, ഉള്ളതല്ലായിരുന്നു. രണ്ടിനും മദ്ധ്യേ, ശാസ്ത്രോക്തമാർഗ്ഗങ്ങളെ അനുസരിക്കുന്നതിൽ വെച്ചുള്ള ദോഷങ്ങളെ കഴിയുന്നതും കുറയ്ക്കുണമെന്നല്ലാതെ, അവയ്ക്കു രീതി വിരുദ്ധമായി പ്രവർത്തിക്കുന്നതു പാടില്ലാത്തതാണെന്നുള്ള അഭിപ്രായത്തെയാണു താൻ അനുഷ്ഠിച്ചതു്.

ഫെബ്രുവരിയിൽ സർ, ഗ്രാൻഡ് ഡഫ്സിന്റെ അപേക്ഷപ്രകാരം, സർ, മാധവരായർ മലയാളത്തിലെ വസ്തുവകകളെക്രമത്തെക്കുറിച്ചു റിപ്പോർട്ടു ചെയ്യുന്നതിനായി ഏർപ്പെടുത്തപ്പെട്ട കമ്മീഷനിയിലെ അദ്ധ്യക്ഷനായിത്തീർന്നു.

പ്പുറപ്പെട്ടു. കാണിക്കാ പ്രഭുവിന്റെ അപേക്ഷപ്രകാരം, മദ്രാസ് സർവ്വകലാശാലാസ്ഥാനത്തോടനുബന്ധത്തിൽ സ്ഥാനവാഹികളോടു ചെയ്യാനുള്ളതായ പ്രസംഗത്തെ താൻ ചെയ്തു. ഈ പ്രസംഗം ദക്ഷിണ ഇൻഡ്യ മുഴുവൻ കരിക്കൽ ശോഭിച്ചുകൊണ്ടിരുന്ന ശക്തിയേറിയ ബുദ്ധിദീപത്തിന്റെ കെടാൻപോകുന്ന സമയത്തുള്ള ചഞ്ചലമായ സ്ഫുരണത്തെ കാണിക്കുന്നവെന്നുള്ള ഒരു കാരണത്തൽമാത്രം പ്രാധാന്യമുള്ളതാകുന്നു. ആ വർഷം തന്നെ മാധവരായർ നാഷണൽ കാൺഗ്രസ്സിൽ ചേരുകയും, മൂന്നാമത്തെ കാൺഗ്രസ്സിൽ സഭാധ്യക്ഷനിരിയിലെ അദ്ധ്യാസനാധിപതിയായി നിന്നുകൊണ്ടിരിക്കപ്പെടുകയും, ചെയ്തു. ആ സമയം നിയമനിർമ്മാണസഭയിൽ സാമാജികന്മാർ അധികം വേണ്ടതാണെന്നുള്ള കാൺഗ്രസ്സിന്റെ അഭിപ്രായത്തെ താൻ അനുകൂലിച്ചു പറഞ്ഞു. മരിക്കുന്നതിനു മൂന്നുനാലു വർഷങ്ങൾക്കു മുമ്പിൽ താൻ ഹെർബർട്ട് സ്പെൻസർ എന്ന തത്വശാസ്ത്രിയുടെ ഗ്രന്ഥങ്ങളെ പഠിക്കുന്നതിനു മനസ്സുചെയ്തു. സ്വയമായി പുതുതായ ഓരോ കാര്യങ്ങളെക്കുറിച്ചു് ചിന്തിക്കുന്നതിനു വാസനയുണ്ടായിരുന്നതിശക്തനായ ആ മഹാനെക്കുറിച്ചു തനിക്കു വളരെ ബഹുമാനമുണ്ടായിരുന്നു. ജനസമുദായസംബന്ധമായും രാജ്യഭരണകാര്യങ്ങളെക്കുറിച്ചും തനിക്കുണ്ടായിരുന്ന കടുവിലത്തെ അഭിപ്രായങ്ങളും, ആ മഹാനാൽ ജനസമുദായത്തെക്കുറിച്ചും ഗവർമ്മേണ്ടിനെക്കുറിച്ചും എഴുതപ്പെട്ടിട്ടുള്ള കാര്യഗ്രന്ഥങ്ങളെ വായിക്കുവാൻ ഭേദപ്പെട്ടവയായി ഭവിച്ചവയാണു്. ഈ ഒരിപ്പിടയിൽ സർ, മാധവരായർ സ്ഥലത്തുള്ള വർത്തമാനക്കടലാസ്സുകളിലേക്കു മുടങ്ങാതെ എഴുതിക്കൊണ്ടിരുന്നു. അത്യുത്സാഹമായി രാജ്യഭരണം ചെയ്തുകൊണ്ടിരുന്ന കാലത്തുപോലും ചില സമയങ്ങളിൽ വർത്തമാനക്കടലാസ്സുകളിലേക്കു് ഓരോന്നു എഴുതി അയയ്ക്കുന്നതിനു താൻ സമയം സമ്പാദിച്ചിരുന്നു. അക്കാലങ്ങളിലെ തന്റെ ലേഖനങ്ങൾക്കു വളരെ കാര്യഗൗരവം ഉണ്ടായിരുന്നു. ഒരു ദ

ഷ്ഠാനം കാന്നിക്കുന്നതായാൽ, ഫ്രഞ്ച്-ൽ, ശുക്രന്റെ ഗതി കണ്ടിട്ട് അതിനെക്കുറിച്ചു താൻ എഴുതിയ ലേഖനം യൂറോപ്പിൽ പ്രസിദ്ധന്മാരായ ജ്യോതിശ്ശാസ്ത്രകാരന്മാരുടെ ബഹുമതിക്കു തന്നെ പാത്രീഭവിപ്പിച്ചു എന്നുള്ളതിനെ ഇവിടെ പറയാം. എന്നാൽ പിൻകാലങ്ങളിലെ തന്റെ ലേഖനങ്ങൾക്കു മുൻകാലങ്ങളിലെ ലേഖനങ്ങൾക്കുണ്ടായിരുന്ന ഔത്സുക്യം ഉണ്ടായിരുന്നില്ല. 'നാട്ടുകാരനായ ആലോചനക്കാരൻ' എന്നും 'നാട്ടുകാരനായ നോട്ടക്കാരൻ' എന്നും, പേരുവെച്ചിട്ട് 'ജർമ്മൻകാരുടെ ആഫ്രിക്കയിൽ കുടിയേറിപ്പാർപ്പ്' എന്നതുടങ്ങി 'നാട്ടുസ്ത്രീകൾ വസ്തുധാരണം ചെയ്യേണ്ടതിനു' എന്നതുവരെ വിവിധങ്ങളായ പലതരം വിഷയങ്ങളെക്കുറിച്ചുള്ള മാധവരായരുടെ പലതരം ചെറിയ ലേഖനങ്ങൾ സപ്രാഹ്യവർത്തമാനക്കടലാസ്സുകളിൽ ജനങ്ങൾക്കു വിനോദം തോന്നത്തക്കവിധം കാണുകയുണ്ടായി. അവയിൽ ചിലതു ലേഖകന് പലതരം വിഷയങ്ങളെക്കുറിച്ച് ആലോചിക്കുന്നതിനുണ്ടായിരുന്ന ശക്തിയുടെ അപര്യാപ്തതയും, പലതും കൂടുതൽ ഗ്രഹിക്കുന്നതിനുണ്ടായിരുന്ന ശക്തിയേയും പ്രദർശിപ്പിക്കുന്നവയായിരുന്നു.

ഫ്രഞ്ചുഭാഷ-ൽ ഡഫ്റിൻപ്രഭു തന്റെ നിയമനിർമ്മാണസഭയിൽ ഒരു സാമാജികനായിരിപ്പാൻ സർ, മാധവരായരോട് ആവശ്യപ്പെട്ടു. വാർദ്ധക്യവും രുഗ്ണതയും നിമിത്തം താൻ ആ സ്ഥാനത്തെ സ്വീകരിച്ചില്ല.

'നാട്ടുകൂട്ടികളെ വളർത്തുന്നതിനെക്കുറിച്ചുള്ള ഒരു നാട്ടാലോചനക്കാരന്റെ സൂചനകൾ' എന്ന ഒരു ചെറിയ പുസ്തകത്തെ ഫ്രഞ്ചുഭാഷ-ൽ സർ, മാധവരായർ എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തി. ഇതു് അനുഭവത്തിൽ വളരെ ഉപയോഗമുള്ള ഒരു ഗ്രന്ഥമായിരുന്നു. ഇപ്പോൾ ഈ പുസ്തകം മറാട്ടി, ഗുജറാത്തി, മലയാളം ഈ ഭാഷകളിൽ തർജ്ജമചെയ്യപ്പെട്ടിരിക്കുന്നു. ആഫ്രിക്കയിൽ ജർമൻകാർ കുടിയേറിപ്പാർക്കുന്നതിനെക്കുറിച്ച് ഒരു ചെറിയ കുറിമാനം എഴുതി പ്രിൻസ്

ബിസ്മാർക്കിനു താൻ അയച്ചുകൊടുത്തു. അതിൽ അടങ്ങിയിരുന്ന അനുഭവഗോചരങ്ങളായ സൂചനകളെക്കുറിച്ചു പ്രിൻസ് ബിസ്മാർക്കിനു വളരെ വിസ്മയം തോന്നിയതിനാൽ, താൻ മാധവരായരുടെ സഹസ്രാക്ഷരത്തിൽ ഒരു കത്തയച്ചു തന്റെ കൃതജ്ഞതയെ പ്രകാശിപ്പിച്ചതുകൂടാതെ, ആ കുറിമാനത്തെ ജർമൻഭാഷയിൽ തർജ്ജമചെയ്തിച്ചു ജർമൻ പൈതൃകത്തിലുള്ള സകല ഗ്രന്ഥകർത്താക്കൾക്കും താൻ കൊടുത്തു. സാഹിത്യവിഷയത്തിലും മാധവരായർക്കു വളരെ അഭിരുചിയുണ്ടായിരുന്നു. സംസ്കൃതത്തെ താൻ അതി ജാഗ്രതയോടുകൂടി പഠിച്ചു. ആ ഭാഷയിൽ അല്പം കവിതപ്പുറം താൻ സമ്പാദിച്ചു. തന്റെ പത്നിതൻ, തന്നാൽ തന്നെ അവയിൽ കുന്നിന്റെ മുഖചുരയിൽ പറയപ്പെട്ടിരിക്കുന്നതുപോലെ, സുഗമങ്ങളായിട്ടും, പ്രയാസമുള്ള വാക്കുകൾ ഇല്ലാത്തവയായിട്ടും, സ്ത്രീകൾക്കും കുട്ടികൾക്കും അറിവുപദേശിക്കുന്നതായിട്ടും, ഉള്ളവയായിരുന്നു.

ചെറുപ്രായം മുതല്ക്കുതന്നെ ബുദ്ധിയെ അത്യധികമായി ഉപയോഗിച്ച് അദ്ധ്വാനിച്ചതിനാൽ ഫെബ്രുവരി ഡിസംബർ ൨൫-൦൩- മാധവരായർക്കു പക്ഷവാതത്തിന്റെ ദിനം പിടിപെട്ടു. ആ ദിനത്തിൽ മൂന്നുമാസം കിടന്ന ശേഷം, ഫെബ്രുവരി ഏപ്രിൽമാസം ൫-൦൩- താൻ മരിച്ചു. മാധവരായരുടെ പ്രകൃതിയെക്കുറിച്ചുകൂടെ പ്രവൃത്തിയെ കുറിച്ചുകൂടെ, തന്റെ നാട്ടുകാരാൽ അറിയപ്പെടാത്തതായി യാതൊന്നും തന്നെ ഇല്ല. സർ, റിച്ചേർഡ് ടെമ്പിൾ മാധവരായരെ കുറിച്ച് ഇങ്ങനെ പറഞ്ഞിരിക്കുന്നു:—'മാധവരായരുടെ ജീവിതം മാറുള്ളവർക്കു കണ്ടുപഠിക്കുന്നതിനു ഒരു ദൃഷ്ടാന്തമായിരിക്കുന്നു. അദ്ദേഹത്തിന്റെ കായ്പ്രാപ്തി അത്യന്തം മേന്മയായ തരത്തിലുള്ളതായിരുന്നു. ഇംഗ്ലീഷുഭാഷയിൽ തനിക്കുണ്ടായിരുന്ന വിശേഷപരിജ്ഞാനംകൊണ്ടും, വിശാലമായുള്ള തന്റെ അനുഭവജ്ഞാനംകൊണ്ടും, ബഹുജനകായ്യങ്ങ

ളിൽ തനിക്കുണ്ടായിരുന്ന വലുതായ പരിചയംകൊണ്ടും, മാധവരായർ, ഒരുപ്പോടെ നോക്കിയാൽ, ഇൻഡ്യയിലുള്ള സകല നാട്ടുകാരിലും വെച്ച് വളരെ കേമ്പ്രജ്ഞാനമുള്ള ഒരുത്തനായിരുന്നു. ജനസമുദായത്തിന്റെ വിവൃദ്ധിക്കായി പരിശ്രമിക്കപ്പെടേണ്ടവയായ എല്ലാ വിഷയങ്ങളിലും താൻ നല്ല അറിവുള്ളവനായിരിക്കുന്നു. എന്നാൽ ജനസമുദായപരിശ്രമത്തെ ഉദ്ദേശിച്ച് ഇപ്പോൾ പ്രതിപാദിക്കപ്പെട്ടവരുന്ന ചില കാര്യങ്ങളെ താൻ പക്ഷേ ഹൃദയപൂർവ്വമായി സ്വീകരിക്കുന്നില്ലയായിരിക്കാം.' താൻ അത്യന്തം സഭ്രഷ്ടനായിരിക്കുന്നു. തന്റെ ഏതുയോ വലുതായ ധനസമ്പാദ്യത്തിൽ ഒരു കുറെക്കാശ്ശുപോലും അനീതിയായ മാർഗ്ഗത്തിൽ സമ്പാദിക്കപ്പെട്ടതല്ലായിരുന്നു. വളരെ ബാല്യത്തിലെ വലിയ ഉദ്യോഗം സിദ്ധിച്ചതുകൊണ്ടു തനിക്കു കുറെ പ്രഭുപദവിയും, അധികജനങ്ങളുമായി സംസർഗ്ഗം ചെയ്യുന്നതിൽ ഒരു വിധം മടിയും ഉണ്ടായിരുന്നു. എന്നാൽ തന്റെ സാധാരണ നടവടിക്രമം സർവ്വരാ സന്തോഷപ്രദവും വശീകരിക്കുന്നതായ വണ്ണത്തോടുകൂടിയതും ആയിരുന്നു. തന്റെ കീഴിലുള്ളവരോട് അവസ്ഥ കാണിച്ച് ഉയരുകയാകട്ടെ, മേലുള്ളവരോട് അവസ്ഥവിട്ട് കീഴിയുകയാകട്ടെ, താൻ ഒരിക്കലും ചെയ്തില്ല. തനിക്ക് അഭിരുചിയുള്ള കാര്യങ്ങൾ സാധാരണ ഈ നാട്ടുകാർക്കുള്ളതിൽനിന്നു വളരെ ഭേദപ്പെട്ടതായിരുന്നു. സ്വാഭാവികമായി ഉണ്ടാകുന്നവയും മനുഷ്യപ്രയത്നത്താൽ ഉണ്ടാക്കപ്പെടുന്നവയും ആയ കാര്യഭംഗിയുള്ള സാധനങ്ങൾ തന്റെ ചുറ്റിലും ഉണ്ടായിരിക്കുന്നതു തനിക്കു വളരെ സന്തോഷമായിരുന്നു. തന്നാൽ ശേഖരിക്കപ്പെട്ടിട്ടുള്ള ചിത്രങ്ങളും കരകൌശലവേലകളും മദ്രാസിൽ മറു സ്ഥലങ്ങളിൽ ഉണ്ടായിരുന്നവയേക്കാൾ കുറഞ്ഞവയായിരുന്നില്ല. ഈ വിഷയങ്ങളിൽ തനിക്കുണ്ടായിരുന്ന അഭിരുചി, ചിത്രങ്ങളുടേയും കരകൌശലവേലകളുടേയും ഗുണദോഷവിവേചനം ചെയ്യുന്നതിനു പ്രത്യേക സാമർത്ഥ്യമുള്ള യാതൊരുത്തരു

ടേയും അഭിരുചിയേക്കാൾ കാഞ്ഞതായിരുന്നില്ല. മതസംബന്ധമായും മറ്റുമുള്ള അനുമാനകായ്ക്കുങ്ങളെക്കുറിച്ചു താൻ ശ്രമപ്പെടാൻ പോയില്ല. ലോകം ഏതുസ്ഥിതിയിൽ ഇരിക്കുന്നുവോ, ആ സ്ഥിതിയിൽ അതിനെ അതിലുള്ള കാരോ ഭംഗികളോടും വശീകരണങ്ങളോടുംകൂടി, ആ വാസ്തവത്തിലുള്ളതായിരുന്നാലും, കേവലം തോന്നൽ മാത്രമായിരുന്നാലും, പരിഗണനം ചെയ്യേണ്ടതാണെന്നായിരുന്നു തന്റെ വലുതായ അഭിനിവേശം.

ദിവാൻ ശങ്കുണ്ണിമേനോൻ.

തോട്ടയ്ക്കാട്ടു ശങ്കുണ്ണിമേനോൻ ദിവാൻ ൻൻവ്യ_ാമാണ്ടു മേടമാസം വ്യ_ാംന- ഏറണാകുളത്തുവെച്ചു ജനിച്ചു. അദ്ദേഹത്തിന്റെ ശൈശവവും, അവസാനകാലവും പ്രാഗ്ഭ്യത്തോടുകൂടി ഫലവത്തായി ജോലിചെയ്ത കാലവും ഏറണാകുളത്തുതന്നെ കഴിഞ്ഞു.

തോട്ടയ്ക്കാട്ടു തറവാട്ടു വളരെ പുരാതനമായ ഒരു ചെറുകുടുംബത്തിൽനിന്നുതഴച്ചുവന്നതാണ്. ആ മൂലകുടുംബഗൃഹം മകുന്ദപുരം താലൂക്കിൽ വേങ്ങാനല്ലൂർ വില്ലേജിലെ മനോഹരമായ നെൽക്കുങ്ങുകൾക്കിടയിൽ ഒരു ഒഴിഞ്ഞിയ പ്രദേശത്താണു സ്ഥിതിചെയ്തിരുന്നതു്. ഇവിടെനിന്നും സ്ഥലം മാറിപ്പാർത്തിട്ടുള്ളവരാണു് ഇപ്പോഴത്തെ തോട്ടയ്ക്കാട്ടുകാർ. മഹാരാജാവിന്റെ പട്ടാളങ്ങളിൽ പെട്ട ഒരു ഉദ്യോഗസ്ഥൻ ആവിടത്തെ ഒരു സ്ത്രീക്കു സംബന്ധമായിരുന്നുവെന്നും, ആയാൾ അവരെ ഏറണാകുളത്തേക്കു കൊണ്ടുവന്നു കോട്ടയ്ക്കകത്തു് ഒരു സ്ഥലം പണിയിപ്പിച്ചു് ഇരുത്തിയെന്നും ആണു പഴമക്കാർ പറഞ്ഞുകേട്ടിട്ടുള്ളതു്. ഇങ്ങനെ കോട്ടയ്ക്കകത്തു സ്ഥലം പണിയിച്ചു പാർപ്പിക്കുവാൻ അനുവാദം, സ്വന്തം വിശ്വസ്തത്വംകൊണ്ടുമാത്രമേ മഹാരാജാവു സാധാരണ കല്പിച്ചനുവദിക്കുമായിരുന്നുള്ളൂ.

ശങ്കുണ്ണിമേനവന്റെ അമ്മയായിരുന്ന കുഞ്ഞിപ്പിള്ള അമ്മ മേൽപറഞ്ഞ ഗൃഹത്തിൽ ഉണ്ടായവരാണു്. അവക്ക് വിദ്യാഭ്യാസം പത്തി കുറഞ്ഞിരുന്നു എങ്കിലും, അസാമാന്യമായി ബുദ്ധിയും തൻറേടവും ഉണ്ടായിരുന്നു. തന്റെ ബാല്യകാലത്തുതന്നെ അമ്മ മരിക്കുകനിമിത്തം, മുത്തശ്ശിയായ ലക്ഷ്മിഅമ്മയെ ആണു് അമ്മ എന്നു വിളിച്ചുവരാറു്. ലക്ഷ്മിയമ്മ വളരെ ഈശ്വരവിചാരവും ധർമ്മശീലവും ഉള്ളവരായിരുന്നു. സൽപാത്രങ്ങൾക്കു തങ്ങളാൽ ആവുന്നതും അന്നദാനം ചെയ്യുകയുള്ളുണമെന്നു് അവർ ഇടക്കിടെ സ്വന്തരണ്ടു പെൺകുട്ടികളോടും ഉപദേശിക്കുക പതിവായിരുന്നു. ഈ ഉപദേശം അവർ രണ്ടുപേരും അനുജീവനാന്തം അനുവർത്തിക്കുകയും ചെയ്തിരുന്നു. ശങ്കുണ്ണിമേനവന്റെയും, ഗോവിന്ദമേനവന്റെയും ഗൃഹത്തിൽ നിത്യം എന്നപോലെ പലരും പലപ്രകാരത്തിലും അനായാസമായും സുലഭമായും കാലക്ഷേപം ചെയ്തിരുന്നു. ശങ്കുണ്ണിമേനവന്റെ അച്ഛൻ മഹാനായ ശങ്കരവാരിയർ ദിവാനായിരുന്നു. സ്വാർജ്ജിതമോ സ്വയമേയുള്ള ഭാഗ്യയോഗമോ കൂടാതെ സ്വഭാവഗുണംകൊണ്ടും, ബുദ്ധിസാമർത്ഥ്യംകൊണ്ടും, സ്വപ്രയത്നംകൊണ്ടും മാസത്തിൽ ഒരു ഒറ്റ ഉറുപ്പിക മാത്രം മാസപ്പടിയുള്ള ഒരു ഗുമസ്തന്റെ ഉദ്യോഗത്തിൽനിന്നു് ആയിരത്തി പതിനാലു് ഉറുപ്പിക ശമ്പളമുള്ള പ്രധാനമന്ത്രിപദത്തിൽ എത്തിയ ആളാണു ശങ്കരവാരിയർ. അനിഷ്ടങ്ങളും പ്രതികൂലങ്ങളും ആയ പലേ കഴപ്പുങ്ങളും തന്നെ അലട്ടിയിരുന്നു എങ്കിലും, യാതൊരു കൂസൽ കൂടാതെ അദ്ദേഹം സ്വന്തനാട്ടിനു പലേ നന്മകളും വരുത്തിവെച്ചു. ഇങ്ങനെ നിരുപണനിപുണന്മാരായ നാട്ടുകാരുടെ ഇടയിൽകൂടി ശങ്കരവാരിയർ എന്നെക്കും ബഹുമാനത്തിനു പാത്രമായിത്തീരുകയും ചെയ്തു.

ശങ്കുണ്ണിമേനോൻ ആദ്യമായി മലയാളവും സംസ്കൃതവും പഠിച്ചതു, കണ്ടഞ്ചൊത്തമ്പിള്ളി രാമൻമേനവന്റെ കീ

ഴിലും, ഇംഗ്ലീഷ് ഭാഷ അഭ്യസിച്ചതു ദിവാൻ വെങ്കട്ടറാവുവി ന്റെ മകളെ പഠിപ്പിച്ചിരുന്ന മിസ്റ്റർ ജോൺ അഗസ്റ്റസ് എന്നാളുടെ കീഴിലും ആയിരുന്നു.

മലയാംകൊല്ലം ൧൦൧൦-ൽ ശങ്കുണ്ണിമേനോൻ തിരുവനന്തപുരത്തേക്കു പോയി, മിസ്റ്റർ ജോസഫ് റോബട്ട്സ് എന്നാൾ സ്വന്തമായി നടത്തിവന്നിരുന്ന പാഠശാലയിൽ ചേർന്നു. അക്കാലത്തു കൊച്ചി തിരുവിതാംകൂർ എന്നീ സംസ്ഥാനങ്ങളിലെ ബ്രിട്ടീഷ് റസിഡന്മാരായിരുന്ന മിസ്റ്റർ കാസ്മേജർ കൊച്ചിയിലേക്കു വളരെ ദുർല്ലഭമായിട്ടേ വന്നിരുന്നുള്ളൂ. കൊച്ചിക്കായ്ക്കളെപ്പറ്റി തന്നോ സ്സഹായിക്കുന്നതിന് അവാളുടെ ആപ്പീസ്സിൽ ഈ രാജ്യത്തുനിന്നും ഒരാളെ നിയമിക്കുക പതിവായിരുന്നു ഹജൂർ ശിരസ്തദാരായിരുന്ന ശങ്കരവാര്യരെ ആണ് അക്കാലത്തു റസിഡൻസി ആപ്പീസ്സിൽ ആ ഉദ്യോഗത്തിനു നിയമിക്കുന്നതിനിടയായതു്. മിസ്റ്റർ കാസ്മേജർ ശങ്കരവാര്യരെ സ്നേഹബഹുമാനത്തോടുകൂടി കരുതിയിരുന്നു. ആയാൾ ശങ്കരവാര്യരുടെ മകനെ റോബട്ട്സിന്റെ പാഠശാലയിൽ ആക്കുന്നതിനു് ഉപദേശിക്കുകയും, ആ കുട്ടിയുടെ പഠിപ്പിനു വേണ്ട പീസ്സു കൊടുക്കുകയും ചെയ്തു ശങ്കരവാര്യർ തിരുവനന്തപുരം വിട്ടു പോന്നപ്പോൾ, ശങ്കുണ്ണിമേനവനേയും അദ്ദേഹത്തിന്റെ സഹോദരനായിരുന്ന ഗോവിന്ദമേനവനേയും ദിവാൻപേഷ്കാരായിരുന്ന കേശവപിള്ളയുടെ സംരക്ഷണയിൽ നിർത്തി.

മിസ്റ്റർ റോബട്ട്സ് ഒരു മാതൃകാദ്ധ്യാപകനായിരുന്നു. കുട്ടികളെ പഠിപ്പിക്കുന്നതിനുള്ള പ്രത്യേകവശത ആയാൾക്കു സ്വതസ്സിദ്ധമായിരുന്നു. മാസം തികയുമ്പോൾ തനിക്കു കിട്ടേണ്ടുന്ന ശമ്പളത്തുകമാത്രം കണക്കാക്കി തന്റെ ചെറുപ്രായത്തിൽ താൻ പഠിച്ചിട്ടുള്ളതു വല്ലതും നല്ലസമയം തോന്നുന്നപക്ഷം, കുട്ടികൾക്കു പറഞ്ഞുകൊടുക്കുന്നതാണു പഠിപ്പിക്കൽ എന്നല്ലായിരുന്നു ആ വിദ്വാന്റെ അഭിപ്രായം. കുട്ടികളോടു പിതൃസ്നേഹത്തോടുകൂടി പെരുമാറുന്നതിനും ആവ

ലെ വേണ്ടവിധത്തിൽ അതാതുവിഷയങ്ങളിൽ പരിശീലിപ്പിച്ചു പഠിപ്പിക്കുന്നതിനും തക്ക സാമർത്ഥ്യവും നൈപുണ്യവും ആ സായ്പിനുണ്ടായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ ശിക്ഷാക്രമം കഠിനം തന്നെയായിരുന്നു. കഠിക്കൽ ശങ്കുണ്ണിമേനവനും അതിന്റെ രുചി അറിയുകയുണ്ടായി. ശങ്കുണ്ണിമേനവനു ലഭിച്ച ശിക്ഷ അത്യധികമായിപ്പോയിയെന്നു കേശവപിള്ളയ്ക്കു തോന്നുകയും, മേലിൽ അയാളുടെ പാഠശാലയിലേക്കു പോകേണ്ടെന്നു് അദ്ദേഹം ശങ്കുണ്ണിമേനവനോടു പറയുകയും ചെയ്തു. "വെണ്ണിറിൽ വിളഞ്ഞ വിത്തിന്റെയും കണ്ണീറിൽ വിളഞ്ഞ വിദ്യയുടെയും" ഗുണം നല്ലവണ്ണം ഗ്രഹിച്ചിരുന്ന ശങ്കരവാരിയർ അങ്ങനെ വിട്ടുപോരുവാൻ സമ്മതിക്കായ്കനിമിത്തം, തിരികെ അതേ പാഠശാലയിൽതന്നെ ചെന്നു ചേരുവാൻ ശങ്കുണ്ണിമേനവനെ അദ്ദേഹത്തിന്റെ രക്ഷാകർത്തവ്യം അനുവദിച്ചു.

ഈ കഥ അനിഷ്ടസംഭവമൊഴിച്ചു, പാഠശാലയിലെ ശേഷം പഠിപ്പുകാലം മുഴുവൻ വളരെ കേമമായിരുന്നു. ശങ്കുണ്ണിമേനവൻ തന്റെ പഠനങ്ങൾ ക്രമാനുസാരമായി പഠിക്കുകയും സകലവിഷയങ്ങളും കരതീർത്തു ഗ്രഹിക്കുകയും ചെയ്തിരുന്നു. അദ്ദേഹത്തിനു താൽപര്യമേറിയിരുന്ന വിഷയം കണക്കായിരുന്നു. കണക്കിലുള്ള ഈ താൽപര്യം ജീവപര്യന്തം നിലനില്ക്കുകയും ചെയ്തിരുന്നു. ദിവാനായിരുന്ന കാലത്തുകൂടിയും ആ വിഷയത്തിൽ താൻ പരിശ്രമിച്ചിരുന്നു എന്നുള്ളതു് അദ്ദേഹത്തിന്റെ ഡയറികളിൽനിന്നു കാണ്മാനുണ്ട്. ഗണിതശാസ്ത്രത്തിലും മറ്റു കഠിനവിഷയമായ കണക്കുകളിലും അദ്ദേഹം അഭ്യസിച്ചിരുന്ന കയ്യെഴുത്തുപുസ്തകങ്ങൾ അദ്ദേഹത്തിന്റെ പുസ്തകശേഖരത്തിൽ കണ്ടെത്തിയിട്ടുണ്ട്. ഗണിതനിപുണന്മാരായ കാണിപ്പയ്യൂർ നമ്പൂതിരിപ്പാടും വേളൂനാഴി നമ്പൂതിരിയും മിക്കപ്പോഴും അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഉണ്ടായിരിക്കുകയും ആ സമയങ്ങളിൽ മുക്കേ അദ്ദേഹത്തിന്റെ ഉത്സവകാലം തന്നെ ആയിരിക്കുക

യും ചെയ്തിരുന്നു. രാത്രിമുതായി അദ്ദേഹത്തെ രസിപ്പിച്ചിരുന്നതു് ഇംഗ്ലീഷ് സാഹിത്യമായിരുന്നു. രാജ്യചരിത്രവും ജീവചരിത്രവും എത്ര വായിച്ചാലും അദ്ദേഹത്തിനു മടുക്കുന്നതല്ല. പുസ്തകം വായിക്കുന്നതിൽ അദ്ദേഹത്തിനെപ്പോലെ താൽപര്യം മറ്റാർക്കുമുണ്ടായിരുന്നില്ല. അദ്ദേഹം പഠിച്ചിരുന്ന സകല ക്ലാസ്സുകളിലേയും ഓരോ വിഷയങ്ങളിലും സമർത്ഥ്യം നേടുന്നതിനു സമ്മാനം നിശ്ചയിച്ചിരുന്ന എല്ലാ കീർത്തിമുദ്രകളും ശങ്കുണ്ണിമേനവൻതന്നെ മേടിച്ചിരുന്നു. ഒരിക്കൽ മറ്റൊരു വിദ്യാർത്ഥിക്കു കീർത്തിമുദ്ര കൊടുക്കേണമെന്നു മിസ്റ്റർ റോബർട്ട്സിനു തോന്നിയപ്പോൾ, ആ മുദ്രയ്ക്കു പകരം പുസ്തകങ്ങളാണു ശങ്കുണ്ണിമേനവനു സമ്മാനിച്ചതു.

അമ്മയുടെ മരണം നിമിത്തം പതിനഞ്ചു മാസത്തോളം പാഠശാലയിൽ ഇല്ലാതിരുന്ന കാലം ഒഴിച്ചു ശങ്കുണ്ണിമേനോൻ ഏകദേശം ആറു വർഷത്തോളം ആ പാഠശാലയിൽ കഴിച്ചുകൂട്ടി. അങ്ങനെ ഇല്ലാതിരുന്നിട്ടു് അദ്ദേഹം തിരിച്ചു ചെന്നപ്പോൾ, പതിവുപോലെ അദ്ദേഹത്തിനെ അതേ ക്ലാസ്സിൽതന്നെ ഇരുത്തി. ആ സമയംകൊണ്ടു തന്റെ കൂട്ടുകാർ മുകളിലത്തെ ക്ലാസ്സിൽ എത്തിയിരുന്നതുകൊണ്ടു്, സാമാന്യത്തിലധികം കുണ്ഠിതം അദ്ദേഹത്തിനുണ്ടെന്നുള്ളതു മിസ്റ്റർ റോബർട്ട്സിനു മനസ്സിലായി. ആദ്യത്തെ മണിക്കൂറിന്റെ അവസാനമായപ്പോഴയ്ക്കു ശങ്കുണ്ണിമേനവൻ തന്റെ ക്ലാസ്സിൽ ഒന്നാമനായിത്തീർന്നു. ഇതു കണ്ടു് ഉപരിയായിട്ടുള്ള ക്ലാസ്സിലും അദ്ദേഹം എത്രത്തോളം സാമർത്ഥ്യം കാണിക്കും എന്നറിയുവാനായി മിസ്റ്റർ റോബർട്ട്സ് ശങ്കുണ്ണിമേനവനെ ഉടനെ അടുത്ത മുകളിലത്തെ ക്ലാസ്സിലേയ്ക്കു അയച്ചു. അവിടെയും അതുപോലെ തന്നെ ആദ്യമണിക്കൂറിനിടയിൽ അദ്ദേഹം ഒന്നാമനായി. ഇതു കണ്ടു തൃപ്തിപ്പെട്ട ഗ്രന്ഥകാരൻ അദ്ദേഹത്തോടു് ആ ക്ലാസ്സിൽ തന്നെ ഇരുന്നുകൊള്ളുവാൻ പറഞ്ഞു. തിരുവിതാംകൂർ ദിവാൻജിയായിരുന്ന നാണുപിള്ളയും, ചൊക്കോടതി ജഡ്ജിയായിരുന്ന പേതാദ്രിശ

മുതലിയാരും, ചീഫ് സിക്രട്ടേറിയായിരുന്ന മിസ്റ്റർ ഹൈറും, തിരുവിതാംകൂർ ചരിത്രമെഴുതിയ ദിവാൻപേഷ്കാരായിരുന്ന പി. ശങ്കുണ്ണിമേനവനും അദ്ദേഹത്തിനേർ ആത്മമിത്രങ്ങളും സഹപാഠികളും ആയിരുന്നു.

ഫാർഫ്വ-ൽ പാഠശാല വിട്ട എങ്കിലും, അദ്ദേഹത്തിനേർ വിദ്യാരംഭം മുതൽ ജീവാവസാനംവരെ നിലനിന്നിരുന്നു. വിവിധവും വിശാലവും ആയ വിദ്യാവിഭാഗത്തിലേക്ക് അദ്ദേഹത്തിനേർ എഴുത്തുകുത്തുകളും ഡയറികളും ലക്ഷ്യങ്ങളാണ്. ഇൻഡ്യയിലെ എന്നല്ല യൂറോപ്പുഖണ്ഡത്തിലെക്കൂടി രാജ്യതന്ത്രകാര്യങ്ങളിൽ അദ്ദേഹം പ്രവീണനായിരുന്നു. ഓരോ ആളുകളെപ്പറ്റിയും ഓരോ സംഗതികളെപ്പറ്റിയും തനിക്കുള്ള അഭിപ്രായങ്ങളും, സ്ഥലങ്ങളെ പഴമയെ അടിസ്ഥാനപ്പെടുത്തി പല വിഷയങ്ങളെക്കുറിച്ചുമുള്ള കുറിപ്പുകളും അദ്ദേഹം ക്രമമായി എഴുതിവന്നിരുന്ന ഡയറികളിൽ എങ്ങും വ്യാപിച്ചു കാണാവുന്നതാണ്. അദ്ദേഹം ഇമ്പിരിയൽ ഗസറിയിലേക്കു കൊച്ചിരാജ്യത്തെക്കുറിച്ച് ഒരു ലേഖനമെഴുതുകയും "പെരുമാക്കന്മാരുടെ നാട്" എന്ന പുസ്തകമെഴുതുന്നതിൽ ഡോക്ടർ ഡേ എന്നാളെ സഹായിക്കുകയും ചെയ്തിട്ടുണ്ട്. തനേർ മനസ്സിൽ കരിക്കലും വെറുതേ കിടക്കുന്നതിന് അദ്ദേഹം അനുവദിച്ചിരുന്നില്ല.

എറണാകുളത്തുനിന്നു തിരിച്ചു വന്ന ശേഷം, രാജകുടുംബത്തിലെ ചെറിയ തമ്പുരാക്കന്മാരെ സംസ്കൃതം അഭ്യസിപ്പിച്ചിരുന്ന പട്ടത്തു കൃഷ്ണൻനമ്പ്യാർ എന്ന പണ്ഡിതരുടെ കീഴിൽ അദ്ദേഹം സംസ്കൃതം വായിക്കുകയുണ്ടായി. തമ്പുരാക്കന്മാരിൽ ചിലർ അദ്ദേഹത്തിനെ തങ്ങൾ പഠിപ്പിച്ചു. മഹാരാജാവു തിരുമനസ്സൊന്നിച്ചു കാശിക്കു പോയ അവസരത്തിൽ, പ്രസിദ്ധനായ പാച്ചു മുത്തതിനേർ അടുക്കൽ വ്യാകരണവും അഭ്യസിച്ചു. അദ്ദേഹത്തിനു സംസ്കൃതസാഹിത്യത്തിൽ അധികം പ്രീതിയുണ്ടായിരുന്നു. ഏറ്റവും ജോലിത്തിരക്കുള്ള കാലങ്ങളിൽക്കൂടി തനിക്ക് ഏറ്റവും ഇഷ്ടമായി

രുന്ന ഭാഗവതം, നാരായണീയം, ഭാരതചമ്പു, വാത്മീകിരാമായണം മുതലായ ചില കൃതികളും അദ്ദേഹം വായിച്ചു രസിച്ചുകൊണ്ടിരുന്നു.

പാഠശാല വിട്ടതിൽ പിന്നീട് അദ്ദേഹം കരുവൊളന്റിയരുടെ നിലയ്ക്കു കുറച്ചു കാലത്തെയ്ക്കു (മരാമത്ത്) പബ്ലിക്ക് വർക്സു ഡിപ്പാർട്ടുമെന്റിൽ ചേർന്നു. പ്രവൃത്തി ശീലിക്കുന്നതിനു തക്ക സൌകര്യങ്ങൾ. ഈ നിലയിൽ നിന്നു ലഭിക്കുന്നില്ലെന്നു മനസ്സിലായപ്പോൾ, ശങ്കരവാരിയർ അദ്ദേഹത്തെ ഫജ്ജരാപ്പീസ്സിലേയ്ക്കയയ്ക്കുകയും ഭരണവിഷയമായ സകല വകുപ്പുകളിലും സ്വന്തം മേൽനോട്ടത്തിൽ തന്നെ അദ്ദേഹത്തെ പരിശീലിപ്പിക്കുകയും ചെയ്തു. റസിഡണ്ടിന്റെ അനുമതിയോടുകൂടി ഫറോക്കിൽ അദ്ദേഹത്തെ ഡപ്യൂട്ടി കലക്ടരാക്കി നിയമിച്ചു. അവിടെ ജോലിയെടുത്തു നടക്കുന്നവർക്ക് ഇങ്ങനെയൊരു മീശമുളക്കുന്നതിനു മുമ്പുതന്നെ കുട്ടിയെ നിയമിച്ചതിൽ വാസ്തവമായി നിരസം തോന്നി. ആ നിയമനംകൊണ്ടു പലേ കഴപ്പുണ്ടും വന്നുചേരുമെന്നു അവർ ദുശ്ശങ്ക പറയുവാനും തുടങ്ങി. എന്നാൽ, തങ്ങൾക്കു രീതിതെറ്റിപ്പോയിയെന്നും ചെറുപ്പക്കാരനായ ആ പുതിയ ഉദ്യോഗസ്ഥൻ അസാമാന്യസാമർത്ഥ്യമുള്ളവനാണെന്നും അല്പദിവസങ്കൊണ്ടുള്ളിൽ അവർ സമ്മതിച്ചു.

ശങ്കുണ്ണിമേനവനെ കൊച്ചിരാജ്യത്തു് ഉദ്യോഗത്തിൽ ഇരിക്കണമെന്നല്ലായിരുന്നു മോഹം. കൂടുതൽ വിഷയങ്ങളിൽ പ്രവൃത്തി ശീലിക്കുവാനായിരുന്നു ഉത്സാഹം. കോഴിക്കോട്ടു ഡിസ്ട്രിക്ട് കോടതിയിലെ തർജ്ജമക്കാരന്റെ ഉദ്യോഗത്തിനു നിശ്ചയിച്ചിരുന്ന മത്സരപരീക്ഷയിൽ അദ്ദേഹം ചേരുകയും ഒന്നാമനായി ജയിക്കുകയും ചെയ്തു. വലിയ പ്രയാസം കൂടാതെ ഫറോക്കിൽ അദ്ദേഹത്തിനു് ആ ഉദ്യോഗം ലഭിക്കുകയും ചെയ്തു. എന്നാൽ, പുത്രൻ സമ്പാദ്യമുണ്ടാക്കിയിരിക്കണമെന്നായിരുന്ന ശങ്കരവാരിയരുടെ വിചാരം. കൊച്ചി കീ

ഴക്കോടതി ശിരസ്ഥദാരായിട്ട ശങ്കുണ്ണിമേനവനെ സ്ഥലം മാറ്റിച്ചു. ഇക്കാലത്തു അദ്ദേഹം മറ്റു ചില പരീക്ഷകളിൽ കൂടി ജയിച്ചു. ഫാഡ്ജ് അദ്ദേഹത്തെ വെളിയങ്കോട്ട ഡിസ്ട്രിക്ട് മുൻസിപ്പായി നിയമിച്ചു. തന്റെ ഭാഗ്യം പോലിരുന്ന കുറച്ചുനാൾ നാരായണിയമ്മയൊരുമിച്ചു വെളിയങ്കോട്ട താമസിച്ചിരുന്ന കാലമാണു തനിക്ക് ഏറ്റവും സൗഖ്യമായിരുന്ന കാലമെന്ന് അദ്ദേഹം ചിലപ്പോൾ പറയാറുണ്ട്.

കൊച്ചി മഹാരാജാവു പാരമിച്ചു കാശിക്കു പോകേണ്ട ആവശ്യത്തിലേയ്ക്കു ഫാഡ്ജ് മദിരാശി ഗവർമ്മേണ്ടു അദ്ദേഹത്തിന്റെ ശേഖരം ഒരു കൊല്ലത്തേയ്ക്കു കൊച്ചി സർക്കാരിലേയ്ക്ക് എല്പിച്ചുകൊടുത്തു. കോയമ്പത്തൂർ, ബങ്കളൂർ, പൂന, ഇന്ദോർ, ഭോപാൽ, എന്നീ സ്ഥലങ്ങളിൽ കൂടിയായിരുന്ന യാത്ര. അക്കാലത്തു തിവണ്ടി ധാരാളം നടപ്പായിട്ടില്ലാതിരുന്നതിനാൽ, കുതിരപ്പുറത്തും വല്ലുക്കിലും കയറിയും, നടന്നും ആണു സഞ്ചരിച്ചിരുന്നതു്. മഹാരാജാവു തിരുമനസ്സു കൊണ്ടു കാശിയിൽവെച്ചു തീപ്പെട്ടു. അനുജനായി വഴ്ത്തും ഭയന്നും മനസ്സിടിഞ്ഞും കിഴക്കൻവഴിക്കു തിരിച്ചുപോരുകയും ചെയ്തു. യാത്രയിൽ നേതൃസ്ഥാനം വഹിച്ചിരുന്ന ശങ്കുണ്ണിമേനവനു ബുദ്ധിമുട്ടും ധൈഷ്യവും ഏറിയ പ്രവൃത്തിയാണു നിർവ്വഹിക്കുവാനുണ്ടായിരുന്നതു്. ദുരവസ്ഥകളിൽ ബുദ്ധിപൂർവ്വവും യഥോചിതവും ആയും സർവ്വർക്കും തൃപ്തികരമായും അദ്ദേഹം വർത്തിച്ചിരുന്നുവെന്നു സുസമ്മതമായിരുന്നു.

അദ്ദേഹത്തിന്റെ ഡയറിയിൽ കരിടത്തു് ഈ രീത്ഥ യാത്രയെക്കുറിച്ചു തിക്കുറിച്ചു പറഞ്ഞിരിക്കുന്നതു സാരമായിട്ടുള്ളതാണു്. "ഞാൻ മൂന്നു കൊല്ലത്തോളം സർക്കാരിനെ സേവിച്ചു. മഹാരാജാവു തിരുമനസ്സൊന്നിച്ചു കാശിക്കു പോയി. കാശിയാത്രയിൽ എനിക്ക് അത്രകിടം ഉദ്യോഗിക്കയോളം ചിലവായി. എന്നാൽ മുപ്പായിരം രൂപ മാത്രമേ അവർ എനിക്കു തന്നുള്ളു. ഈ സന്ദർഭം സത്യത്തിൽ കുഴപ്പനി

ലയിൽ കൊണ്ടുവന്നതു് എന്റെ അച്ഛനാണു്. അദ്ദേഹത്തിന്റെ മരണം നിമിത്തം ആ ഉദ്യോഗം ഒഴിവായിരിക്കുന്നു. ആ സ്ഥാനത്തേക്കു തക്ക യോഗ്യതയുള്ളവർ മറ്റാരും ഈ രാജ്യത്തില്ല." ഡയറിയിൽ മറ്റൊരു ഭാഗത്തു താഴെ പറയുന്നപ്രകാരം എഴുതിയിരിക്കുന്നു:—"ഇന്നലെ,—അതായതു ഫ്രവ്വരി മേയി ക്രൊംനു-, ദിവാൻ വെങ്കിട്ടരായരുടെ മരിച്ചു. അദ്ദേഹം വളരെ പാവപ്പെട്ട മാതാപിതാക്കളുടെ മകനായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ ഒരു കുഷ്ഠരോഗിയും വളരെക്കാലത്തേക്കു പറങ്ങോട്ടു ചെറുക്കിടനും ആയിരുന്നു. ഡയറി എഴുതുകാരനാണിട്ടാണു് അയാൾ ചെറുപ്പത്തിൽതന്നെ ഉദ്യോഗത്തിൽ ചേർന്നതു്. ഫ്രഞ്ചിൽ പോലീസ് ഹേഡ് ഗുമസ്തനായി തീരുകയും ചെയ്തു. അയാൾ ജനറൽ കല്ലന്റെ പ്രീതി നേടുകയും ആ വിദ്വാന്റെ ശിപാർശിപ്രകാരം കാശിനിൽ തീപ്പെട്ട മഹാരാജാവു് അയാളെ ദിവാൻപേഷ്കാരായി നിയമിക്കുകയും ചെയ്തു. ഫ്രാൻസുവൽ എന്റെ അച്ഛൻ മരിച്ചപ്പോൾ അയാളെ ദിവാനാക്കി നിയമിച്ചു. പേഷ്കാരുടെ നിലയിൽ അയാൾ റസിഡണ്ടിന്റെ ആപ്പീസിലാണു പണിചെയ്തുകൊണ്ടിരുന്നതു്. എന്നെ പേഷ്കാരാക്കാതെ റസിഡണ്ടു വാശത്തം ചെയ്തിട്ടുണ്ടെന്നു് അയാൾ ഇവിടെ വന്നപ്പോൾ എന്നോടു പറഞ്ഞു. എന്നാൽ, മഹാരാജാവിന്റെ സേവനായ പരമശിവയ്യർക്കും റസിഡണ്ടിന്റെ സേവനായ വെങ്കട്ടരാവുവിനും മദ്ധ്യേ എന്നെ നിയമിക്കുന്നതു് അവരുടെ ഉദ്ദേശങ്ങൾക്കു വിപരീതമായി വരുമെന്നു് അവർ ധരിക്കയാൽ, ആ ഉദ്യോഗം ഒഴിവായി കിട്ടുകയുള്ളു. തന്റെ സ്ഥാനം ഭദ്രമായിയെന്നു കണ്ടു, വെങ്കിട്ടരാവു അതിൽനിന്നുള്ള ലാഭം മുഴുവൻ സ്വയം ഭുജിക്കുവാൻ തുടങ്ങിയപ്പോൾ, പരമേശ്വരയ്യർ മഹാരാജാവിന്റെ ചെവി കടിച്ചുതുടങ്ങി, ക്ഷണത്തിൽ അവരെ തിന്നിപ്പിച്ചു. ദിവാന്റെ അകൃത്യങ്ങളെപ്പറ്റി മഹാരാജാവു തിരുമനസ്സിൽനിന്നു റസിഡണ്ടിനു തിരുവെഴുത്തയച്ചു. റസിഡണ്ടു ദിവാനെ

താങ്ങി നിന്നു. അപ്പോൾ മഹാരാജാവു മഭിരാശി ഗവർമ്മേ
ണ്ടിലേക്കു തിരുവെഴുത്തയച്ചു. അതിൽവെച്ചു റസിഡണ്ടു രാ
ജിവെച്ചു. തിരുമനസ്സിലേക്കു് ഇഷ്ടമുള്ള ഒരാളെ ദിവാനാക്കു
ന്നതിനുള്ള അവകാശം മഹാരാജാവിനും ലഭിച്ചു."

വെളിയ്ങ്കോട്ടനിന്നു ഫ്രാൻസുവ-ൽ പൊന്താനിക്കും, അ
വിടെനിന്നും ഫ്രാൻസ്വ-ൽ ഏറനാട്ടിലേക്കും അദ്ദേഹം പോ
യി. ശേഷയ്യശാസ്ത്രി, രാമയ്യങ്കാർ എന്നിവരോടൊപ്പും ക
ടുഡെപ്യൂട്ടി കലക്ടരായി അദ്ദേഹത്തെ ഫ്രാൻസ്വ-ർ-മീനം
ഫ്രാൻസു-ഗസ്സറിൽ പെടുത്തി. മുൻസീപ്പായും ഡെ
പ്യൂട്ടി കലക്ടരായും അദ്ദേഹം മേലുദ്യോഗസ്ഥന്മാരുടെ ബ
ഹുമതിയും പ്രീതിയും സമ്പാദിച്ചു. വലിയ നിയമശാസ്ത്ര
ജ്ഞനായ മിസ്റ്റർ ഫോളൊവെ എന്ന ആൾ അദ്ദേഹത്തെ
അനന്യസാധാരണമായി പ്രശംസിക്കുകയും മലബാർ കാര്യ
ങ്ങളെ സംബന്ധിച്ചു മഭിരാശി ഗവർമ്മേന്റു് അദ്ദേഹത്തെ
പ്രമാണമായി കരുതുകയും ചെയ്തിരുന്നു.

ദുഃഖസമ്മിശ്രമല്ലാത്ത ഏകാന്തസുഖം ഇഹത്തിൽ ക
രിക്കലും ലഭിക്കുന്നതല്ല. മഹാരാജാവു പെട്ടന്നു
തീപ്പെട്ടതു ശങ്കുണ്ണിമേനവനെ ഏറവും വ്യസനിപ്പിച്ചു.
താൻ ഭക്തിസ്നേഹബഹുമാനങ്ങളോടുകൂടി ആദരിച്ചിരുന്ന
അച്ഛൻ ഫ്രാൻസു-ൽ മരിച്ചു. തന്റെ സഹധർമ്മചാരിണി
യായി താൻ ഏറവും സ്നേഹിച്ചിരുന്ന ഭാര്യയും ഫ്രാൻസ്വ-ൽ
കാലധർമ്മം പ്രാപിച്ചു. പ്രിയവിയോഗം തന്റെ ശിഷ്ടമു
ള്ള ജീവകാലം ദുഃഖഭൂയിഷ്ഠമാക്കിത്തീർത്തു. ആണ്ടുതോറും
അവരുടെ ശ്രാദ്ധദിവസം അദ്ദേഹം അവരെപ്പറ്റി സ്നേഹ
പൂർവ്വം സ്മരിക്കുക പതിവായിരുന്നു. അദ്ദേഹം വലിയ ഈ
ശ്വരവിചാരമുള്ളാളും പ്രാത്മനഫലത്തിങ്കൽ ദൃഢവിശ്വാ
സിയും ആയിരുന്നു. സങ്കടാവസ്ഥകളിൽ തനിക്കു സഹാ
യിയായി നിന്നു, തന്നെ വേണ്ടപ്രകാരം കൊണ്ടുനടത്തി,
തന്റെ രാജ്യത്തേക്കും രാജ്യവാസികൾക്കും എന്നെന്നേക്കും
നന്മവരുത്തുകവണ്ണം തന്നെക്കൊണ്ടു പ്രവർത്തിപ്പിച്ച ജന്മസം

ഥച്ച്യം കൈവരുത്തിക്കൊടുത്തത് ഈ പരിചാരം കൊണ്ടു മാത്രമാണ്.

ഫാസ്റ്റ് മീനം ഫാസ്റ്റ്- ശങ്കുണ്ണിമേനവനെ കൊച്ചി ദിവാനായി നിയമിച്ചു. ആ ഉദ്യോഗത്തിൽനിന്നും അദ്ദേഹം ഫാസ്റ്റ് ചിങ്ങം നാലാംതീയതി ഒഴിയുകയും ചെയ്തു.

ശങ്കുണ്ണിമേനോൻ രാജ്യഭാരം കയ്യേറുമ്പോൾ ഒരു വിഷമ ദശയിലായിരുന്നു. രാജ്യഭരണവിഷയത്തിൽ പാശ്ചാത്യസമ്പ്രദായം എപ്പെട്ടെന്നുവരാനുള്ള മനോഗതി എങ്ങും വ്യാപിച്ചിരുന്നു. എന്നാൽ മഹാരാജാവിനും ശേഷകത്തിൽ പരിചയവും ധാരണയും വന്നിരുന്ന പഴമക്കാർക്കും കീഴ്ക്കടപോലെ തന്നെ ഭരണകാര്യം നടത്തിയാൽ മതിയെന്നായിരുന്നു. പാശ്ചാത്യസമ്പ്രദായം തുടരുന്നതു പ്രോത്സാഹിപ്പിക്കുവാൻ ബ്രിട്ടിഷ് റസിഡണ്ടനുമാരും തുനിഞ്ഞു. ഇരുകക്ഷികളേയും മുഷിപ്പിക്കാതെ അന്യോന്യവിരുദ്ധമായ നാട്ടനടപടിയും പാശ്ചാത്യസമ്പ്രദായവും കൂട്ടിയിണക്കി കൊണ്ടുപോവുക എന്ന ദുസ്സാധ്യകൃത്യം ശങ്കുണ്ണിമേനവനാണു നിഷ്പ്രയാസേന നിർവഹിച്ചത്. ധൃതഗതി കൂടാതെയും സൂക്ഷ്മാവലോകനത്തോടുകൂടിയും പരിശ്രമിച്ചാൽ മാത്രമേ കാര്യസാദ്ധ്യമുള്ളുവെന്നു രണ്ടുകൂട്ടരേയും ധരിപ്പിച്ചു, ലവലേശം പരിഭ്രമമോ ആലോചനക്കുറവോ പിടിപെടാതെ രാജ്യഭരണനയം സാവകാശത്തിൽ പരിഷ്കൃതമാർഗ്ഗങ്ങളിൽ സഞ്ചരിക്കത്തക്കവണ്ണം വേണ്ട വഴികൾ അദ്ദേഹം ഉണ്ടാക്കിവെച്ചു. ഇങ്ങനെ നാട്ടുകാരുടെയും മേൽകോയ്മയുടെയും ബഹുമതിക്കും കൃതജ്ഞതയ്ക്കും കരുപോലെ പാത്രമായിക്കൊണ്ട് അദ്ദേഹം പത്തൊമ്പതു സംവത്സരത്തിൽ പരം കൊച്ചിരാജ്യം ഭരിക്കുകയുണ്ടായി.

ശങ്കുണ്ണിമേനവന്റെ ഉദ്യോഗകാലത്തു് അദ്ദേഹത്തെ ശല്യപ്പെടുത്തുവാൻ മറ്റു ചില സംഗതികൾകൂടി ഉണ്ടായിരുന്നു. പരമേശ്വരവട്ടർ കായ്ക്കാർ തന്നെ സഭാപി ഉപദ്രവിച്ചിരുന്നു. ശങ്കുണ്ണിമേനവനെ സ്വന്തമാളായി മഹാരാജാവു

സ്വയമേ നിയമിച്ചിതാണെന്നിരിക്കിലും, അവിടുന്ന് അദ്ദേഹത്തിനെ വളരെ കായ്മയാണെന്നിരിക്കിലും, അദ്ദേഹം തിരുമുമ്പിൽനിന്നു പോന്നു കഴിഞ്ഞാൽ, ടിപ്പാന്റെ സകല പ്രവൃത്തികളും വിപ്പും പരുത്തി അന്യഥാ ചെയ്യുവാൻ തന്നാലാവുന്ന വിദ്യ മുഴുവൻ ചാമേശ്വരപട്ടർ മഹാരാജാവിന്റെ അടുക്കൽ പ്രയോഗിക്കും. ടിപ്പാൻ താഴെ പറയുംപ്രകാരം റസിഡണ്ടിന് എഴുതി അയച്ചു:—"[illegible]വിലകം കായ്ക്കാർ എന്റെ മിത്രമല്ല; അയാൾ മഹാരാജാവിനെ പ്രേരിപ്പിച്ച് ന്യായരഹിതമായി പണം ആവശ്യപ്പെടിക്കുകയും ആയതു് അനുവദിച്ചാൽ താൻ മൂലമാണെന്നു മേനി നടിക്കുകയും, അനുവദിക്കാതിരുന്നാൽ എന്നെപ്പറ്റി ദുഷ്യങ്ങൾ പറഞ്ഞു തിരുമനസ്സിൽ ധരിപ്പിക്കുകയും ചെയ്യുന്നു". ഫ്രഞ്ചുകാർ മഹാരാജാവു തീപ്പെട്ടപ്പോൾ, അയാൾ കപടവ്യസനം നടിച്ച പിന്നത്തെ മഹാരാജാവിന്റെ സേവയ്ക്കു കൂടുവാൻ ഉദ്യമിച്ചു. എന്നാൽ, അവിടെ അടവൊന്നും ഫലിക്കായ്കയാലും തന്റെ ശുക്രദശ കഴിഞ്ഞുപോന്നു തോന്നിത്തുടങ്ങിയതിനാലും അയാൾ ഉദ്യോഗം രാജിവെച്ച് എളയരാജാവിന്റെ പിന്നിൽക്കൂടി. സർ, രാമവർമ്മ പുതിയ മഹാരാജാവിന്നു ശങ്കുണ്ണിമേനവനിൽ പൂർണ്ണ വിശ്വാസമായിരുന്നു. കൃത്രിമക്കാരനായ ബ്രാഹ്മണൻ തുപ്പുനിഞ്ഞാൽ ഇരിക്കുന്നതായാൽ രാജ്യത്തേക്കു ഹാനികരമായിരിക്കുമെന്നു ക്രമത്തിൽ തിരുമനസ്സിലേക്ക് അറിവാകുകയും താമസിയാതെ തന്നെ അയാളെ ചിറ്റൂർക്കു നാടുകടത്തുവാൻ ഫ്രഞ്ചുവർക്കു കല്പനയാവുകയും ചെയ്തു. ഇതു് ഇളയ തമ്പുരാൻ തിരുമനസ്സിലേക്കു രസിച്ചില്ലെന്നല്ല അതിന്റെ ഹേതു മുഴുവൻ ശങ്കുണ്ണിമേനവനാണെന്നു് അവിടന്നു തെറ്റിദ്ധരിക്കുകയും ചെയ്തു. ഇങ്ങനെ തോന്നിയ തിരുവുള്ളക്കേടു മറ്റൊരു സംഗതി നിമിത്തം കൂടി വർദ്ധിച്ചു. ഈ രണ്ടു കായ്യത്തിലും ശങ്കുണ്ണിമേനോൻ ഒരു നേരസ്ഥന്റെ നിലയിലും നീതിന്യായമായും സ്വന്തം സ്വാമിയുടെ ഉത്തമമന്ത്രിപ്പണിനിലയിൽ വർത്തിച്ചതല്ലാതെ,

സേച്ഛയായിയാതൊന്നും ചെയ്തിട്ടില്ല. ഇളയതമ്പുരാൻ തിരുമനസ്സിലേക്കും സംസ്ഥാനത്തെ പ്രഥമപ്രഭുവായ പാലിയത്തച്ചനും തമ്മിൽ കുഴൽ ക്ഷേത്രകായ്മങ്ങൾ സംബന്ധിച്ച വളരെ വഴക്കുണ്ടായിരുന്നു. തമ്മിൽ ഒതുക്കി തീർക്കുന്നതിനുള്ള ശ്രമം ഫലിച്ചില്ല. ഫ്രവുന്നുവ്. ൽ ആദ്യം ഈ ഇരു കക്ഷികളുടെയും ആളുകൾ തമ്മിൽ ഒരു കലഹമുണ്ടായി. ഇതും, സെഷൻ ജഡ്ജിമാരിൽ ഒരാളും ഇളയതമ്പുരാന്റെ സേവനം ആയിരുന്ന തിരുവേങ്കടചായ്യർ അന്തു സംബന്ധിച്ചുണ്ടായ കേസ്സു വിസ്തരിച്ചതും വളരെ ആക്ഷേപത്തിനിടയാക്കി തീർത്തു. മഹാരാജാവു തിരുമനസ്സുകൊണ്ടു തന്നെ സഹോദരനെ നിരവധി ഗുണദോഷിക്കയുണ്ടായെങ്കിലും, പ്രയോജനമൊന്നുമുണ്ടായില്ല. തന്നിമിത്തം മദിരാശി ഗവർമ്മേണ്ടു ഇടപെടേണ്ടതായി വന്നു. ദിവാൻ സമർപ്പിച്ച കരട് റിപ്പോർട്ടു അടിസ്ഥാനപ്പെടുത്തി മദിരാശി ഗവർമ്മേണ്ടു് ആ കായ്മും നിഷ്പക്ഷമായി തിരുമാനിക്കുകയും ദുർഘടാവസ്ഥയിൽ താൻ കൈക്കൊണ്ടിരുന്ന ഭാവത്തിനു ദിവാനെ കേമമായി സ്തുതിക്കുകയും ചെയ്തു. തദവസരത്തിൽ ഇളയരാജാവിനു ശങ്കുണ്ണിമേനവനോടു വലിയ കോപം തോന്നി. അടുത്ത രാജ്യാവകാശിയായി, താൻ സ്നേഹമകതി ബഹുമാനത്തോടുകൂടി സ്സേവിച്ചിരുന്ന മഹാരാജാവു തിരുമനസ്സിലെ ആത്മസഹോദരൻ ഈ വിധം തന്നെ തെറ്റിദ്ധരിക്കുന്നതുകൊണ്ടു ശങ്കുണ്ണിമേനവനു വാസ്തവമായ ഖേദമുണ്ടായി എന്നാൽ, സപ്രവൃത്തികൾ കളങ്കരഹിതമാണെന്നുള്ള ആത്മവിശ്വാസം ഉള്ളതുതന്നെ അദ്ദേഹത്തിനു സ്ഥൈര്യവും ധൈര്യവും നൽകി. കാലക്രമത്തിൽ ഈ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ടു തന്നെ ദിവാന്റെ യഥാർത്ഥഗുണങ്ങൾ നേരിട്ടറിയുന്നതിനും അവയെ അഭിനന്ദിക്കുന്നതിനും, ആ വിധ ഗുണങ്ങളിണങ്ങിയ മഹാനുമായി യോജിക്കുന്നതിനും ഇടയായി. ഈ സ്സംഗതിയെപ്പറ്റി അദ്ദേഹത്തിന്റെ സ്വകായ്യ ഡയറിയിൽനിന്നും അസരം താഴെ ചേർക്കാം.

"ഫൂന്യവ കെ൪ടാബ൪ ഫ൪-൦൦൯-—ഞാൻ മുഖം കാണിക്കുവാൻ ഇളയതമ്പുരാൻ തിരുമനസ്സുകൊണ്ട് അനുവദിക്കുന്നില്ല. അദ്ദേഹം മഹാരാജാവുമായി നല്ല ചേർച്ചയിലല്ല".

"ഫവ്വം ആഗസ്റ്റ് ഫന്ന-൦൦൯-—ഇളയ തമ്പുരാൻ തിരുമനസ്സിലേയും എന്നേയും കൂടി സന്ധിപ്പിക്കുവാൻ ശങ്കരയ്യർ ആലോചിക്കുന്നു. എനിക്ക് അതിൽ താല്പര്യമുണ്ടോ എന്നുള്ള കഥ അവിടെനിന്നും ശങ്കിക്കുന്നപോലെ തോന്നുന്നു. തെറ്റിദ്ധാരണയ്ക്കും കുഴപ്പങ്ങൾക്കും ഇടയായതിൽ എനിക്കു നന്നായി മനസ്താപമുണ്ടെന്നും തിരുമുമ്പാകെ മുഖം കാണിച്ചു രാജിയാകുന്നതിൽ എനിക്കു അത്യുത്സുക്യം ഉണ്ടെന്നും ഞാൻ ശങ്കരയ്യരോടു പറഞ്ഞു. എന്നാൽ ഞാൻ യാതൊരു തെറ്റും ചെയ്തതായി എനിക്കു ബോദ്ധ്യമില്ലാതിരിക്കെ മാപ്പു യാചിക്കുകയോ എന്റെ നടപടിയിൽ അബദ്ധം പിണഞ്ഞതായി സമ്മതിക്കുകയോ ചെയ്യുന്നതല്ല".

"ഫവ്വന്നെ ജൂലായി ഫ൪-൦൦൯-—എന്റെ കരുതായ അയച്ചുകൊടുക്കേണമെന്നു ഇളയ തമ്പുരാൻ കല്പിച്ചിരിക്കുന്നു. നേരിട്ടു മുഖം കാണിക്കുവാൻ അവിടന്നു താല്പര്യപ്പെടാത്ത കരുവന്നൂ തായയിൽ കാണുവാൻ തിരുവുള്ളമായിരിക്കുന്നവത്രെ."

"ഫവ്വും ജനവരി വ്യ-൦൦൯-—ഇളയരാജാ വേഷ്ടാർ തിരുമുമ്പാകെ ചെന്നപ്പോൾ ഇളയതമ്പുരാൻ എന്നെപ്പറ്റി സ്തുതിച്ചിരിക്കുന്നു. എനിക്കു ശരിയായി മറ്റൊരുത്തനില്ലെന്നു അരുളപ്പാടായിരിക്കുന്നു."

"ഫവ്വുമ്മ ഫിബ്രുവരി ഫ്ര-൦൦൯-. അത്തിഞ്ഞക്കും അനുകൂലമായി അവസാനിക്കണമെന്നു മഹാരാജാവു തിരുമനസ്സുകൊണ്ടു ഈശ്വരനെ പ്രാർത്ഥിക്കയാണെന്നും, ഇളയ തമ്പുരാനും മറ്റുള്ളവരും അതുപോലെതന്നെ ചെയ്യേണമെന്നും, ഉടിയറ പോയതു നഞ്ചപ്പയ്യൻ നിമിത്തമാണെന്നും അതു തിരിച്ചുകിട്ടുവാൻ വല്ല മാർഗ്ഗവും ഉണ്ടെങ്കിൽ അതിനും മറ്റുള്ളവ അനുകൂലമായി നില്ക്കുന്നതിനും ഹേതു

ഞാനാണെന്നും, ആകയാൽ ആ സ്സംഗതി ഇളയ തമ്പുരാനോ മറ്റുള്ള തമ്പുരാക്കന്മാരോ ഒരിക്കലും മറന്നുപോകരുതെന്നും മഹാരാജാവു തിരുമനസ്സുകൊണ്ട് ഇളയ തമ്പുരാനോടു് അരുളിച്ചെയ്തിരിക്കുന്നുവെന്നും എളയതു പറയുകയുണ്ടായി.”

“ഫ്രൂവുഫ ഏപ്രിൽ ൨൦നു—ഈ തുത്തിത്തക്കങ്ങൾ സംബന്ധിച്ചുള്ള കടലാസ്സുകൾ നോക്കേണ്ട ആവശ്യമുണ്ടെങ്കിൽ, അവിടുന്നതന്നെ എറണാകുളത്തേക്ക് എഴുന്നള്ളാമെന്നു എളയതമ്പുരാൻ തിരുമനസ്സുകൊണ്ടു തിരുവെഴുത്തയച്ചിരിക്കുന്നു. കുഴൽ കായ്യം കഴിഞ്ഞശേഷം ഇതു് ഒന്നാമത്തെ തിരുവെഴുത്താണു്.” “ഫ്രൂവുഫ ഏപ്രിൽ ൧൯നു. എന്തൊ കാണുവാൻ ഗൃഹത്തിലേക്കു എഴുന്നള്ളുന്നുണ്ടെന്നു കൂടി കല്പിച്ചിരിക്കുന്നു.”

“ഫ്രൂവുഫ ഒക്ടോബർ ൨൨നു. എന്റെ നേരെ അവിടേക്കു യാതൊരു തിരുവുള്ളക്കേടില്ല എന്നും അതുത്തിത്തക്കങ്ങളിൽ ഞാനിത്രത്തോളം പ്രയത്നിച്ചു ബുദ്ധിമുട്ടുന്നതുകൊണ്ടു തിരുമനസ്സിലേക്കു വളരെ സന്തോഷമായിരിക്കുന്നു എന്നും എളയ തമ്പുരാൻ തിരുമനസ്സുകൊണ്ടു പേഷ്കാരുടെ അടുക്കൽ കല്പിച്ചയച്ചിരിക്കുന്നു. അവിടുന്നും എന്റെ സഹോദരനും തമ്മിൽ രാജിയായിരിക്കുന്നു. അയാൾ മുഖം കാണിക്കുന്നതിലും വിരോധമില്ല. എന്നാൽ, പരമേശ്വരപട്ടരെ തുപ്പുണിഞ്ഞൂരയ്ക്കു വരുത്തുവാനാവശ്യപ്പെടുകയും അയ്യങ്കാർ ജഡ്ജിക്കു വല്ല ഗുണവും ചെയ്തുകൊടുക്കുകയും ചെയ്താൽ തിരുമനസ്സിലേക്കു വലിയ സന്തോഷമായിരിക്കുമത്രെ.”

അശുഭമായി തുടങ്ങിയ ഈ സംഭവം ഇങ്ങനെ യുക്തരൂപമായി കലാശിച്ചു.

നല്ല സവാരി ചെയ്യുന്നവനും വഞ്ചികളിക്കുന്നവനും ആയിരുന്നു എങ്കിലും, ശങ്കുണ്ണിമേനവൻ കരിക്കലും പൂർണ്ണശരീരസുഖം അനുഭവിച്ചിട്ടില്ല. ഫ്രൂവുഫ്-ൽ തിരുപ്പട്ട വലിയതമ്പുരാന്റെ ശിലായ്മയിൽ പരിചരണംകൊണ്ടു ശരീരസൌ

ഖ്യം കണക്കിലധികം കെട്ട. കുതിരസ്സവാരി നിന്ന്. ഇടക്കിടെ വഞ്ചികളി പതിവുണ്ടെങ്കിലും, ശേഷം കാലം മുഴുവൻ ആയാസത്തിനു ലാഞ്ഛനയുകൊണ്ടും, വിശ്രമത്തിനു ശീട്ടുകളികൊണ്ടും തൃപ്തിപ്പെടേണ്ടതായിവന്നു.

ഇങ്ങനെ കായക്ലേശവും മനോവ്യഥയും തന്നെ നന്നേ പീഡിപ്പിച്ചിരുന്നെങ്കിലും, രാജ്യസ്നേഹവും, ആയതു താൻ രാജ്യഭാരം കയ്യേറപ്പോഴത്തെ സ്ഥിതിയേക്കാൾ ഉന്നതപദവിയിൽ എത്തിക്കേണമെന്നും ഇൻഡ്യയിലെ നാട്ടുരാജ്യങ്ങളുടെ ഇടയിൽ പ്രഥമസ്ഥാനം അതിനു സമ്പാദിക്കേണമെന്നും ഉള്ള മോഹവും, ശങ്കുണ്ണിമേനവരെ നിരന്തരം ഉത്സാഹിപ്പിച്ചുകൊണ്ടിരുന്നു. ഇതു കാരണത്താൽ, അത്യദ്ധ്വാനശ്രമംകൊണ്ടും ഉൽകൃഷ്ടകൃത്യനിർവ്വഹണംകൊണ്ടും മഹത്തായി ഭാഗ്യവത്തായി അഭ്യസ്തപ്പെടത്തക്ക ഒരു ജീവിതാദർശം എന്നെന്നേക്കും പ്രതിഷ്ഠിക്കുവാൻ അദ്ദേഹത്തിനു സാധിച്ചു.

കൊച്ചിയുടെ ചരിത്രകാരനായി വിശ്രുതനായ ഗ്രന്ഥകാരൻ അദ്ദേഹത്തിന്റെ രാജ്യഭരണത്തെക്കുറിച്ചു താഴെ പറയും പ്രകാരം പറഞ്ഞിരിക്കുന്നു: "സംസ്ഥാനത്തു് ഇപ്പോഴുള്ള ഭരണരീതിയുടെ അസ്ഥിവാരം നിർമ്മിച്ചു് അടിസ്ഥാനമുറപ്പിച്ചതു ശങ്കുണ്ണിമേനവരും, അതിനുപരി കെട്ടിപ്പടുത്തതു ശങ്കുണ്ണിമേനവരും ആണു്. യോഗ്യരായിരുന്ന ആ വരുടെ പിൻഗാമികളിൽ മിക്കപേക്ഷും ഏകദേശം തേച്ചുമിനുക്കുക, വെള്ളയടിക്കുക, മോടിപിടിപ്പിക്കുക എന്നിത്യാദി ചില ചില്ലറ ജോലികൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ." രാജ്യഭരണത്തിലെ സകല വകുപ്പുകളും അദ്ദേഹം സൂക്ഷ്മതയോടെ പുതുക്കുകയും അതിലെ എല്ലാ ശാഖകളിലും സുസ്ഥിരമായ പരിഷ്കാരങ്ങൾ വരുത്തുകയും ചെയ്തു. സകല പഴയ ഏർപ്പാടുകളും സമ്പ്രദായങ്ങളും ഉല്ലായ്മചെയ്തോ മാമൂൽ തെറ്റിച്ചോ, പുതിയരീതികൾ എല്ലാപ്പുത്തിൽ പിടിക്കുവാൻ, ഉണ്ടായിരുന്നതു ചികിത്സിച്ചുമാറ്റി നാനാവിധം കാണിച്ചോ അല്ല അദ്ദേഹം അങ്ങനെ ചെയ്തതു്. എന്നാൽ, പഴയ അടി

സ്ഥാനത്തിന്മേൽതന്നെ പണിചെയ്തു മുമ്പുണ്ടായിരുന്നവയുടെ സമ്പ്രദായങ്ങൾ മാറി ക്രമവൽകരിക്കുകയാണു ചെയ്തത്."

നീതിന്യായവകുപ്പിലാണ് ഒന്നാമതായി അദ്ദേഹത്തിന്റെ ശ്രദ്ധ പതിഞ്ഞതു്. അതിൽ അഴിമതിയും പ്രാപ്തികേടും ഉള്ളവർ ധാരാളമുള്ളതായിക്കണ്ടു. മംഗലാപുരത്തു സബ്ജഡ്ജിയായിരുന്ന മിസ്റ്റർ മുത്തുസ്വാമി അയ്യരെ വരുത്തുവാൻ അദ്ദേഹം ശ്രമിച്ചു. അയ്യ ഫലിക്കായ്കയാൽ, തിരുവിതാംകൂർ വിശാഖം തിരുനാൾ മഹാരാജാവിന്റെ അഭിപ്രായപ്രകാരം, അപ്പീൽകോടതി ഒന്നാം ജഡ്ജിയായി മിസ്റ്റർ സുബ്രഹ്മണ്യൻചിള്ളയെ നിയമിച്ചു. മെസ്സേഴ്സ് ക്ലാക്ക്, സുബ്ബരായയ്യർ എന്നിവരെ ക്രമണ കോടതിയിൽ മറ്റുരണ്ടു ജഡ്ജിമാരായി നിയമിക്കുകയും ചെയ്തു. അഞ്ചിക്കയ്മൽ ജില്ലാക്കോടതിയും തൃശ്ശിവപേരൂർ ജില്ലാക്കോടതിയും ആളുകളെ മാറി പുതുക്കി. നാനാതാലൂക്കുകളിലും മുൻസിപ്പുകോടതികൾ ഏർപ്പെടുത്തി അവയിൽ പ്രാപ്തിയുള്ള മുൻസിപ്പന്മാരേയും വെച്ചു. നാട്ടുനടപ്പനുസരിച്ചും, നിയമം, നിഷ്പക്ഷത, സൽബോധം എന്നിത്യാദികളെപ്പറ്റി പരിഷ്കൃതരാജ്യങ്ങളിലുള്ള അഭിപ്രായങ്ങൾക്കനുസരണമായും നടപടിനിയമത്തേയും പ്രമാണനിയമത്തേയും സംബന്ധിച്ചു പല ഓർഡറുകളും ഉണ്ടാക്കുകയും ചെയ്തു. കോടതിമുമ്പാകെ ഹാജരായി വാദിക്കുവാൻ തുല്യയ്യപ്പെട്ടന്നവക്കു കുറെ പരീക്ഷ ഏർപ്പെടുത്തി. നമ്മുടെ കോടതികളിൽ ഹാജരാകുന്ന വക്കീലന്മാർക്കു നാട്ടുനടപ്പുകളുടെ നല്ല ഗ്രഹിതവും ദൃഢമായ നിയമപരിജ്ഞാനവും അവശ്യം വേണ്ടയോഗ്യതയായി അദ്ദേഹം കരുതി. മറ്റു മനുഷ്യരെപ്പോലേതന്നെ യൂറോപ്യന്മാരേയും ഈ നാട്ടുരാജ്യങ്ങളിലെ കോടതികളുടെ അധികാരത്തിൻകീഴിൽ ഉൾപ്പെടുത്തുന്നതിനു തിരുവിതാംകൂറിൽ മിസ്റ്റർ ശേഷയ്യശാസ്ത്രിയും, കൊച്ചിയിൽ മിസ്റ്റർ ശങ്കുണ്ണിമേനവനും സൈദ്ധ്യം യത്നിച്ചുനോക്കി. അവരുടെ പ്രയത്നം നിഷ്ഫലമാ

യതു് അവരുടെ തെറ്റുകൊണ്ടല്ല. എന്നാൽ ചില പ്രത്യേക സംഗതികളിൽ മഹാരാജാവിനു സ്വയം ഒരു രാജകോടതിയായിത്തീരുന്നതിനുള്ള സ്വതന്ത്രസ്ഥിതിവിശേഷം സ്ഥാപിക്കുന്നതിൽ ശങ്കുണ്ണിമേനോൻ വിജയം നേടി. മദിക്കൽ അപ്പീൽ കോടതിയിലെ ഒരു തിരുമാനം മഹാരാജാവു മാറ്റിയതിൽ ഒരു കക്ഷിയ്ക്കു് ആക്ഷേപമുണ്ടായപ്പോൾ, ദിവാൻജി താഴെ പറയുംപ്രകാരം റസിഡണ്ടിനു് എഴുതി. "കോടതികളിലെ വിധി നന്ന അപൂർവ്വം വല്ലപ്പോഴും മാത്രമേ തിരുമനസ്സുകൊണ്ടു ഭേദപ്പെടുത്താറുള്ളൂ. ഒരുപക്ഷേ അപൂർവ്വം വല്ലപ്പോഴും ഭേദപ്പെടുത്തുന്നതു തന്നെ ജനങ്ങളുടെ നന്മയ്ക്കുവേണ്ടിയാണെന്നുള്ള പൂർണ്ണവിശ്വാസത്തോടുകൂടിയുമാണു്. ഇങ്ങനെയിരിക്കെ ഒരു കക്ഷി ആക്ഷേപം പറയുന്ന ആ കല്പന മഹാരാജാവു തിരുമനസ്സിലേയ്ക്കുള്ള സ്വാധികാരം ന്യായമായി പ്രയോഗിച്ചിട്ടുണ്ടായതാണെന്നും അവിടത്തോടുകൂടി തങ്കളും സമ്മതിക്കുന്നതാണെന്നു തിരുമനസ്സുകൊണ്ടു വിശ്വസിക്കുന്നുവെന്നും അത്തരം കല്പന കൊടുക്കുവാൻ മതിയായ കാരണം കണ്ടിരിക്കുന്നുവെന്നു തിരുമനസ്സിലേയ്ക്കു വിശ്വാസമായിരിക്കെ, സ്വപ്രജകളുടെ ഇടയിൽ അവിടത്തെക്കുറിച്ചു മനഃഭംഗം തോന്നിയേക്കാമെന്നുള്ള തക്ക കാരണത്തിന്മേൽ ആയതു പിൻവലിക്കുവാൻ വിചാരിയ്പ്പിക്കുന്നു, മഹാരാജാവു തിരുമനസ്സിലെ വന്ദനത്തോടുകൂടി താങ്കളെ അറിയിക്കുവാൻ കല്പനയായിരിക്കുന്നു."

നിയമപരിപാലനം ഭേദപ്പെട്ടുവെന്നു ശങ്കുണ്ണിമേനോൻ തൃപ്തിപ്പെടുമ്പോഴേയ്ക്കു തങ്കളുടെ കാര്യങ്ങളിൽ തങ്കൾക്കു പൂർണ്ണസ്വാതന്ത്ര്യം വേണമെന്നു് അപ്പീൽകോടതി ജഡ്ജിമാർ പറയുവാൻ തുടങ്ങി. "സഹോദ്യോഗസ്ഥന്മാരുമായി സമാധാനത്തിൽ കഴിയണം എന്നാണു് എന്റെ ആഗ്രഹം. എന്നാൽ, കടിച്ചുകൂടാനാവാത്ത ഭാവം എന്നു വരികിൽ അവരെ തൃപ്തിയാക്കിക്കൊടുക്കാം." എന്നു ശങ്കുണ്ണിമേനോൻ അദ്ദേഹത്തിന്റെ ഡയറിയിൽ എഴുതിയിരിക്കുന്നു. അതുതന്നെ സംഭവിക്കുകയും ചെയ്തു.

ജഡ്ജിമാർക്ക് സ്വാതന്ത്ര്യമുണ്ടായിരിക്കണം എന്നതന്നെയായിരുന്നു ശങ്കുണ്ണിമേനവന്റേയും ബലമായ അഭിപ്രായം. നിയമസംഗതികളിൽ അവരുടെ സ്വാതന്ത്ര്യത്തിനു ഹാനി വരുത്തുകയോ അതു സംബന്ധിച്ചുള്ള നടപടികളിൽ കയറി പ്രവേശിക്കുകയോ ചെയ്യണമെന്നു് അദ്ദേഹത്തിനു തീരെ വിചാരമുണ്ടായിരുന്നില്ല. മറിച്ചു് ആവക അവരുടെ അധികാരപരിധിയെ പിൻതാങ്ങിയതേയുള്ളൂ. എന്നാൽ, ജഡ്ജിമാർ അവരുടെ ഇഷ്ടംപോലെ കോടതിക്കു വരികയും, തോന്നുമ്പോൾ എഴുന്നേറ്റു പോവുകയും, കേസ്സു വിസ്താരത്തിനിടയിൽ സുഖമായി നിദ്രയിൽ ലയിക്കുകയും, ആരേയും അറിയിക്കാതെ സ്ഥലം വിടുകയും കോടതിക്കു പുറത്തിരിക്കുകയും, തങ്ങൾ വാങ്ങുന്ന പൊതുജനമുതലിനു കണക്കു പറയാതിരിക്കുകയും സംസ്ഥാനത്തെ ഏറ്റവും ഉയർന്ന ഉദ്യോഗസ്ഥനെ കരുതിക്കൂട്ടി അനാദരിക്കുകയും ചെയ്യുമ്പോൾ, ആവക തെറ്റാണെന്നും അവയെന്നും സമ്മതിക്കുന്നതല്ലെന്നും ജഡ്ജിമാരോടു പറയേണ്ട ഘട്ടമായിരിക്കുന്നുവെന്നേ ദിവാൻ പറഞ്ഞുള്ളൂ. അബദ്ധം പിണഞ്ഞ ജഡ്ജിമാർ മാപ്പു ചോദിച്ചു. മിസ്റ്റർ ക്ലാക്ക് രാജിവെച്ചൊഴിഞ്ഞു. മിസ്റ്റർ സുബ്രഹ്മണ്യൻപിള്ള എതുത്തെഴുതിയ എഴുത്തുകൾ പിൻവലിക്കുകയും മാപ്പു ചോദിക്കുകയും ചെയ്തു.

സംസ്ഥാനത്തെ സകല ഉദ്യോഗസ്ഥന്മാരുമായി ശങ്കുണ്ണിമേനോൻ വലിയ വേണ്ടിയായിരുന്നു. അപ്പീൽകോടതി ജഡ്ജിമാർക്കുടി ശീട്ടുകളിയിൽ നാലിലൊരാൾ തികയുവാൻ വേണ്ടി ദിവസവും അദ്ദേഹത്തെ ചെന്നു കാണാറുണ്ടു്. എല്ലാ ഉദ്യോഗസ്ഥന്മാരിലും ആത്മസമസ്നേഹം കലശലായിരുന്നതിനാൽ, അവക്കെല്ലാം അദ്ദേഹത്തിന്റെ പേരിൽ യഥാർത്ഥവും അകൈതവും ആയ സ്നേഹബഹുമാനം തോന്നിയിരുന്നു. എന്നാൽ, സ്വന്തവികാരങ്ങളോ താനുമായുള്ള വല്ല ചേച്ചയോ രാജ്യഭരണവിഷയത്തിൽ കടന്നു പ്രവേശിക്കുവാൻ അദ്ദേഹം ഒരിക്കലും അനുവദിച്ചിരുന്നില്ല.

തന്റെ കാലത്തിനു മുമ്പു സർക്കാർ കെട്ടിടങ്ങൾ ദൈവ
ന്യേ അധികാരികളുടെ മേൽനോട്ടത്തിലാണു പണിചെയ്തി
ച്ചുവരാറു്. അദ്ദേഹം പബ്ലിക്ക് വർക്സ് ഡിപ്പാർട്ടുമേണ്ടു്
എപ്പെട്ടുത്തുകയും അതിലെ മേലധികാരിയായി കരു യൂറോ
പ്യനെ ചീഫ് എഞ്ചിനീയരാക്കി നിയമിക്കുകയും ചെയ്തു. അ
യാൾ വളരെ സമർത്ഥനും, മര്യാദക്കാരനും, ദിവാന്റെ കരു
സ്നേഹിതനും ആയിരുന്നു. എന്നാൽ സംസ്ഥാനത്തു് എ
ത്തിയശേഷം സമ്പാദിച്ച അമിതദുർവ്യയപരിശീലനങ്ങൾ
കൊണ്ടു സ്വന്തം ജോലി നിർവ്വഹിക്കുവാൻ സമയം പോരാ
തെ വരികയും തന്റെ കീഴുദ്യോഗസ്ഥന്മാരെ പണിയെടു
ക്കുവാൻ അനുവദിക്കാതിരിക്കുകയും ചെയ്യുന്നുവെന്നു കണ്ടതു
ടങ്ങിയപ്പോൾ, ശങ്കുണ്ണിമേനവൻ യാതൊരു ദാക്ഷിണ്യവും
കൂടാതെ അയാളെ പുറത്തു കളഞ്ഞു. പിന്നിട് ആ ഡിപ്പാർ
ട്ടുമേണ്ടിന്റെ മേലധികാരിയായി വേറൊരു ശേഷിയുള്ള എ
ഞ്ചിനിയരെ വരുത്തി. ശങ്കുണ്ണിമേനവൻ ദിവാൻജി ഉ
ദ്യോഗകാലത്തു പുഴയ നിരത്തുകൾ കല്ലിട്ടു തല്ലി ഉറപ്പിക്ക
കയും, അനവധി പുതിയ നിരത്തുകൾ ഉണ്ടാക്കുകയും, തോ
ടുകൾ കുത്തുകയും, നദികളിൽ പാലങ്ങൾ കെട്ടുകയും, പാ
ഠശാലകൾ, പബ്ലിക്കാപ്പീസ്സുകൾ, കച്ചേരികൾ, ആസ്പ
ത്രികൾ, മുസാവരി ബങ്കളാവുകൾ എന്നിത്യാദി പണിയി
ക്കുകയും ചെയ്തിട്ടുണ്ടു്. വയ്യ മുതലായ പ്രദേശങ്ങളിൽ കരു
ടലെടുത്തു പോകാതിരിപ്പാൻ സംരക്ഷണപ്പണികളും ചെയ്തു
വെച്ചു. ഈ രാജ്യത്തേയ്ക്കു തീവണ്ടി കൊണ്ടുവന്നാൽ കൊ
ള്ളാമെന്നു് അദ്ദേഹത്തിനു വലിയ മോഹമുണ്ടായിരുന്നു. ഈ
ഉദ്ദേശം കരുതിയാണു ചെറുവണ്ണൂർപാലം പണിചെയ്തിച്ചു
തു്. സർക്കാർ സ്വന്തം പണംകൊണ്ടു നിർവ്വഹിക്കാറാക
മ്പോൾ മാത്രം തീവണ്ടി എപ്പെട്ടുത്തിയാൽ മതിയെന്നായി
രുന്നു അന്നത്തെ മഹാരാജാവിന്റെ അഭിപ്രായം. തീവ
ണ്ടി എപ്പെട്ടുത്തുന്നതുകൊണ്ടുള്ള ഗുണങ്ങൾ കാണിച്ചും അ
തിനുവേണ്ടി യാത്രാ കൂടെ കൂടെ കൊടുത്തുകൊണ്ടും

മുഴുവൻ തിരുവാകൂറെന്നു വിചാരിച്ചും മലയാളത്തിൽ ഒരു മെമ്മോറാണ്ടം എഴുതിയുണ്ടാക്കി ശങ്കുണ്ണിമേനോൻ തിരുമുമ്പാകെ സമർപ്പിച്ചു; എന്നാൽ അവിടുന്ന് ഇളകിയില്ല. അതിന്റെ പ്രാധാന്യത്തെപ്പറ്റി മഹാരാജാവിനോടു ഗ്രഹണദോഷിച്ചു; എന്നിട്ടും അവിടത്തെ നിശ്ചയം മാറുവാൻ കാരണം കാണുന്നില്ലെന്നാണ് മറുവടിയായതു്. മഹാരാജാവിന്റെ അഭിപ്രായം ശരിയായിരുന്നില്ലെന്നു തീർച്ചപ്പെടുത്തി പറയുവാൻ സാധിക്കുമോ? ഈ ഒരൊറ്റ സംഗതിയിൽ അവിടുന്നു മുഴുത്തു നിന്നിരുന്നു എന്നുവെച്ചു സകലവിധ പരിഷ്കാരങ്ങൾക്കും മഹാരാജാവു വിരോധനായിരുന്നുവെന്നു വരുന്നതല്ല. കൊച്ചിരാജ്യത്തു വിദ്യാഭ്യാസം പരത്തുന്നതിൽ ദിവാന്റെ ശ്രമത്തെ തിരുമനസ്സുകൊണ്ടു സന്തോഷപൂർവ്വം സഹായിച്ചതേയുള്ളൂ. ഉദ്ദേശം ക്രൂ.ഠ-ൽ സംസ്ഥാനത്തു പല ഭാഗത്തായിട്ടും ഒരു മലയാളം പള്ളിക്കൂടങ്ങൾ എഴുപ്പെടുത്തി. അദ്ധ്യാപകന്മാർക്ക് മാസംതോറും നാലുരൂപയും ചില സംഗതികളിൽ മൂന്നു രൂപയും മാസപ്പടി കൊടുക്കുകയും ചെയ്തു. ക്രൂ.ന-ന-ൽ ഈ പള്ളിക്കൂടങ്ങൾ എല്ലാം നിർത്തൽചെയ്തു. ക്രൂ.ന.ഠ-ൽ പ്രധാനസ്ഥലങ്ങളിലായി ഒരു പാഠശാലകൾ എഴുപ്പെടുത്തി. ഇവിടെ കുട്ടികളെ എഴുത്തും, വായനയും, കണക്കും, സംസ്കൃതവും പഠിപ്പിച്ചുവന്നു. ക്രൂ.ന്ന.ഠ-ൽ തൃശ്ശിവപേരൂരും എറണാകുളത്തും ആയി രണ്ടു് ഇംഗ്ലീഷ് പാഠശാല മാത്രമേ ഉണ്ടായിരുന്നുള്ളൂ. ശങ്കുണ്ണിമേനവൻ ക്രൂ.ന.ഠ-ൽ മിസ്റ്റർ സ്മിത്തിയേയും ക്രൂ.ഠ്ര-ൽ മിസ്റ്റർ കൃഷ്ണാങ്കിനേയും വിദ്യാഭ്യാസവകുപ്പിൽ ഉദ്യോഗത്തിനു വെച്ചു. ഈ രാജ്യത്തു് ഇംഗ്ലീഷുവിദ്യാഭ്യാസം അഭിവൃദ്ധിയെ പ്രാപിപ്പിച്ചതു് ഈ രണ്ടു മഹാന്മാരുടേയും പ്രയത്നം കൊണ്ടാണു്. ഇവരുടെ സഹായസഹകരണങ്ങളും ഉപദേശവും കൊണ്ടു് ഇൻഡ്യയിലെ മറു നാട്ടുരാജ്യങ്ങൾ വിസ്മയിക്കുകയും അസൂയപ്പെടുകയും ചെയ്യത്തക്ക വിദ്യാഭിവൃദ്ധി നമ്മുടെ നാട്ടിനു് ഉണ്ടാക്കുവാൻ ശങ്കുണ്ണിമേനവനെ

ക്കൊണ്ടു സാധിച്ചു. അഛ്ഛനായ കൊച്ചിരാജ്യവിദ്യാർത്ഥി കളെ മദിരാശിയിൽ വൈദ്യത്തിനും എഞ്ചിനീയറിങ്ങിനും പഠിക്കുവാൻ ശക്യമാക്കുന്നതിലേയ്ക്കു സഹായധനം കൊടുക്കുവാൻ കൂടി അദ്ദേഹം ഏർപ്പാടുചെയ്തു. എറണാകുളത്തു് ഒരു പൊതുപുസ്തകശാലയും വായനശാലയും അദ്ദേഹം തുടങ്ങിവെയ്ക്കുകയും ചെയ്തു.

ഈവകയൊക്കെ വളരെ പണം ആവശ്യമായിരുന്നു. രാജ്യസ്നേഹം മൂലമുള്ള മഹൽകാംക്ഷ അത്യധികമായിരുന്നു. ധനത്തിന്റെ ചുരുക്കംകൊണ്ടു് ഒരിക്കലും അദ്ദേഹത്തിനു ധൈര്യക്ഷയമുണ്ടായില്ല. കരം വർദ്ധിപ്പിച്ചു പണം പെരുപ്പിക്കുവാനദ്ദേഹം ഇഷ്ടപ്പെട്ടില്ല. മുമ്പിലത്തെ കണക്കെഴുത്തിനുശേഷം കൃഷിചെയ്യാവുന്ന തരത്തിൽ കൊണ്ടുവന്നിട്ടുള്ള ഭൂമികൾ പതിച്ചുകൊടുക്കുവാൻ കല്പിച്ചു. നെല്ലിന്റെ വിലത്തരം കൂട്ടി. അക്കാലത്തെ വിലത്തരം ൯൯-ലേതായിരുന്നു. അതിനു ശേഷം നെല്ലുവില വളരെ കൂടിയിരുന്നു. മലംപ്രദേശങ്ങളും പാഴ്ഭൂമികളും തോട്ടക്കാർക്കു പാട്ടത്തിനു കൊടുത്തു. വെള്ളം വിട്ടു നനയ്ക്കുന്ന സമ്പ്രദായം ഏർപ്പെടുത്തി ചിറകളും മറ്റുമുള്ള ഭൂമികളുടെ വിളവു വർദ്ധിപ്പിച്ചു. കരിമ്പും കൊപ്രയും സർക്കാർ കുത്തകച്ചരക്കുകളാക്കി. കോർട്ടുഫീ റെഗുലേഷൻ ഭേദപ്പെടുത്തി. ആധാരങ്ങൾ റജിസ്റ്റർചെയ്യുന്ന സമ്പ്രദായവും ഏർപ്പെടുത്തി. നികുതി പിരിവിനുള്ള ചട്ടങ്ങൾ പരിഷ്കരിച്ചു വ്യവസ്ഥ വരുത്തി. ഇങ്ങനെ പലപല മാർഗ്ഗങ്ങളിലായി രാജ്യത്തെയ്ക്കു നന്മയും സർക്കാരിലേയ്ക്കു ധനവും അദ്ദേഹം സമ്പാദിച്ചു. സംസ്ഥാനത്തെ മുതലെടുപ്പ് എട്ടു ലക്ഷത്തിൽനിന്നു പതിനാലു ലക്ഷത്തോളമായി. മുതലെടുപ്പു വർദ്ധിപ്പിക്കുന്നതിനും പുറമെ നിവൃത്തിയുള്ളിടത്തൊക്കെ ചെലവു മുടക്കുവാനും അദ്ദേഹം ശ്രദ്ധിച്ചിരുന്നു. ഇങ്ങനെ ദ്രവ്യം കൂടാതെ ആവശ്യത്തിനു മതിയായ ചെലവു ചെയ്തും, സർക്കാർശേവകത്തിലുള്ള എല്ലാത്തരം ഉദ്യോഗസ്ഥന്മാർക്കും കഴിയുന്നതും ശമ്പളക്കൂടുതൽ കൊടുത്തും, മദി

രാശിഗവണ്മെന്റ്, തിരുവിതാംകൂർ മഹാരാജാവ് എന്നീ ബഹുമാനപ്പെട്ട അതിഥികളെ രാജപദവിയിൽ തന്നെ സൽക്കരിക്കുന്നതിനുള്ള സകല ചെലവുകളും സഹിച്ചും ബാക്കി കിട്ടും ചുരുങ്ങിയ കരമൊഴുകയല്ലാതെ ഖജനാവിലേയ്ക്ക് ലക്ഷത്തോളം ഉറുപ്പിക പലിശയ്ക്കിടുവാൻ ശങ്കുണ്ണിമേനവനെക്കൊണ്ടു സാധിച്ചു.

സ്വന്തശമ്പളം അദ്ദേഹം കൂട്ടിയില്ല. അതിനപ്പുറവും അദ്ദേഹത്തിന്റെ സ്വാമി താഴേ പറയും പോലെ റസിഡണ്ടിന് എഴുതി അയച്ചു: "നമ്മുടെ ദിവാൻജി ഗ്രന്ഥങ്ങളെപ്പറ്റി നമുക്കെന്നപോലെ നിങ്ങൾക്കും തോന്നുമെന്നു വിശ്വസിക്കുന്നു. പതിനാലു സംവത്സരത്തോളമായുള്ള അയാളുടെ ഭരണത്തിൻകീഴിൽ നമ്മുടെ രാജ്യം ക്ഷേമത്തോടും സമൃദ്ധിയോടും കൂടി വർത്തിക്കുന്നു. നമ്മുടെ പൂർവ്വികന്മാരുടെ കാലത്തു മഹാരാജാവും മന്ത്രിയും തമ്മിൽ അയോഗ്യമായ തെറ്റിദ്ധാരണയ്ക്കു വളരെ ഇടയായിട്ടുണ്ട്. അയാൾ രാജ്യഭാരം കയ്യേറ്റതിനുശേഷം നമ്മുടെ പ്രധാന ഉദ്യോഗസ്ഥന്മാരിൽ പലരുടേയും ശമ്പളം രണ്ടും മൂന്നും ഇരട്ടിച്ചിട്ടുണ്ട്. അയാളുടെ ഭരണനൈപുണ്യംകൊണ്ടുതന്നെ വർദ്ധിച്ചിരിക്കുന്ന മുതലെടുപ്പിൽനിന്നു് അയാൾക്കു മാത്രം യാതൊരു ഗ്രന്ഥവും സിദ്ധിച്ചിട്ടില്ല." അദ്ദേഹത്തിനു 1000 ക. ശമ്പളമുള്ളതിൽ കൊടുക്കണമെന്നു മഹാരാജാവിനും റസിഡന്റിനും വിചാരമുണ്ടായിരുന്നു. എന്നാൽ അദ്ദേഹം തന്നെ ആ തുകയിൽനിന്നു 500 ക. യാക്കി. അദ്ദേഹത്തിനു പണം ആവശ്യമില്ലാതിരുന്നിട്ടല്ല അങ്ങനെ ചെയ്തതു്. നിത്യം സ്വഗൃഹത്തിൽ വന്നുചേരുന്ന വഴിയാത്രക്കാർക്കുള്ള ഭക്ഷണം, വിവാഹസമ്മാനം, വിശ്രുതന്മാരായ പണ്ഡിതന്മാർ, കലാകൌശലക്കാർ എന്നിവർക്കു ദാനം, ദാനധർമ്മാദി മതവിഷയമായുള്ള ചെലവുകൾ എന്നിവകയാൽ അദ്ദേഹത്തിന്റെ സ്വകാര്യച്ചെലവു പ്രതിമാസം വർദ്ധിച്ചുകൊണ്ടുതന്നെ ഇരുന്നു. എന്നാൽ, സ്വന്തച്ചെലവിനുകൂടി പരമരമായ ഇ

ദ്ദേശങ്ങൾക്കു സർക്കാരിലേയ്ക്കു പണം അധികം ആവശ്യമായിരിക്കുകയാൽ, മറ്റു കാര്യങ്ങളിലെന്നപോലെ, തന്റെ ശമ്പളത്തിലും തനിക്കു ത്യാഗബുദ്ധിയുണ്ടായിരിക്കണമെന്നു് ആ ദ്ദേഹത്തിനു തോന്നി.

കൊച്ചിരാജ്യത്തിനു തൊട്ടു കിടക്കുന്ന ചില ബ്രിട്ടിഷ് ഗങ്ങളിൽ ക്ഷാമം ബാധിച്ചിരുന്നു. കൂട്ടം കൂട്ടമായി ആളുകൾ തൃശ്ശിവപേരൂക്കും ചിറയ്ക്കും വന്നുകൊണ്ടിരുന്നു. ഇവരെ സഹായിക്കുന്നതിനു് ആ താലൂക്കുകളിൽ സഹായവേലകൾ തുടങ്ങി. കൊച്ചിരാജ്യത്തേയ്ക്കു ക്ഷാമം ബാധിക്കാതിരിപ്പാൻ കൃഷിയും കൈത്തൊഴിലും നന്നാക്കുന്നതിനു് അദ്ദേഹം പ്രത്യേകം ശ്രദ്ധവെച്ചു. അങ്ങനെതന്നെ കച്ചവടത്തിന്റെ സ്ഥിതിയും നന്നാക്കി. ഉൾരാജ്യത്തു ചുങ്കം ചിലിക്കൽ, ചില സാധനങ്ങൾക്കു സർക്കാരിനു മാത്രം അവകാശമുണ്ടായിരിക്കു, തമ്മിൽതമ്മിലുള്ള എടപാടുകൾക്കു മൂന്നു ഗവർമ്മെണ്ടിനും യാതൊരു യോജിപ്പുമില്ലാതിരിക്കു എന്നി സംഗതികൾ ജനങ്ങൾക്കു നിത്യോപദ്രവകാരണങ്ങളായിരുന്നു. ഫ്രവുന്തർ കച്ചവടക്കാരെ ഇവയെ എപ്പോഴും ഇല്ലായ്മചെയ്തു. ഉൾരാജ്യചുങ്കവും പുകയിലക്കുത്തകയും നിറുത്തൽചെയ്യുന്നതിനു പകരമായി ബ്രിട്ടിഷ്കൊച്ചിയിലെ ചുങ്കം പകുതിലെടുപ്പിൽ കുറച്ചു ഭാഗം കൊച്ചിരാജ്യത്തേയ്ക്കു ബ്രിട്ടിഷ്ഗവർമ്മെണ്ടു കൊടുക്കുക എന്നുവെച്ചു. ആണ്ടുതോറും മറ്റു ചില സംഖ്യയും കൊടുത്തുകൊള്ളാമെന്നും, ബ്രിട്ടിഷ്ഭൂമികളിലേയ്ക്കു കൊണ്ടുപോകുന്ന നിശ്ചയങ്ങളിന്മേൽ തന്നെ കൊച്ചിസംസ്ഥാനത്തേക്കു് ഉപ്പുകൊണ്ടുപോകുവാൻ അനുവദിക്കാമെന്നും ആ ഗവർമ്മെണ്ടു കരാർ ചെയ്തു. എന്നാൽ, അതു താല്കാലികമാണെന്നും, കടവിൽ ആ കരാർ കൊച്ചിരാജ്യത്തേയ്ക്കു ഗുണകരമായിരിക്കുമെന്നും ദിവാൻ അറിഞ്ഞു. എങ്കിലും, അയയുകളിക്കച്ചവടംകൊണ്ടുള്ള ദോഷങ്ങൾ ഇല്ലായ്മചെയ്കയും ചുങ്ക ഉദ്യോഗസ്ഥന്മാരുടെ അക്രമങ്ങളിൽനിന്നു കച്ചവടക്കാരെ രക്ഷിക്കുകയും ചെയ്തു.

ജനങ്ങൾക്ക് അസഹ്യമായ മറ്റു കഷ്ടതകളും അദ്ദേഹം ഇല്ലായ്മചെയ്യുവാൻ അമാന്തിച്ചില്ല. സർക്കാർ വക അതിഥികളെ സൽക്കരിക്കുന്നതിനോ മഹാരാജാവിന്റെ കൊട്ടാരത്തിൽ അടിയന്തരങ്ങൾക്കോ ആയി പേരിനു മാത്രമുള്ളി പ്രതിഫലത്തിനോ അതോ തിരെ പ്രതിഫലം കൂടാതെയോ വില്ലേജ് ഉദ്യോഗസ്ഥന്മാർക്ക് സാധനങ്ങൾ സംഭരിച്ചുകൊടുക്കുകയോ കൂലിവേല ചെയ്തുകൊടുക്കുകയോ ചെയ്യുവാൻ ജനങ്ങളെ നിർബ്ബന്ധിക്കുന്ന ഉദ്യോഗസ്ഥന്മാരുടെ അതിക്രമപ്രവൃത്തികളും അദ്ദേഹം നിർത്തൽ ചെയ്തു. അടിമക്കച്ചവടം ശിക്ഷിക്കത്തക്കതാക്കി. അധഃകൃതവർഗ്ഗക്കാരെന്നു പറയുന്നവരുടെ സിവിൽ സങ്കടങ്ങൾ പലേ സംഗതികളിലും അദ്ദേഹം യുക്തിസാമർത്ഥ്യത്തോടുകൂടി ഇല്ലാതാക്കി. അഭിജനകുടുംബങ്ങളിൽ ഛിദ്രങ്ങൾ തീർക്കുന്നതിനും കുസ്ത്രീകളുടെ ഇടയിൽ പരിഷ്കാരം തീർക്കുന്നതിനും സദാപി അദ്ദേഹത്തിന്റെ അടുക്കൽ ആളുകൾ ചെന്നിരുന്നു. ഇങ്ങനെയുള്ള ജോലികളിൽ, അവ എത്രതന്നെ ബുദ്ധിമുട്ടും അലട്ടും ഉള്ളവയായിരുന്നാലും, അദ്ദേഹം ക്ഷണത്തോടുകൂടി പ്രവർത്തിക്കുവാൻ സന്നദ്ധനായിരുന്നു.

മലബാർ ഡിപ്പാർട്ടുമെന്റ് അദ്ദേഹം തിരെ ഉടച്ചുവാർത്തു വർദ്ധിച്ചുവരുന്ന മുതലെടുപ്പിനു വഴിയാക്കിത്തീർത്തു. അദ്ദേഹം തുടങ്ങിവെച്ച പാലപ്പള്ളി തേക്കിൻതോട്ടം അദ്ദേഹത്തിന്റെ ദീർഘദർശിതത്വത്തിനു് ഒരു ചെറിയ ഉദാഹരണം മാത്രമാണ്. സംസ്ഥാനത്തെ വൈദ്യവകുപ്പു ബ്രിട്ടിഷു കൊച്ചിയിലെ സിവിൽ സർജ്ജന്റെ മേൽനോട്ടത്തിൽ ആയിരുന്നു. താൻ ഒരു കായ്ശീലമുള്ള രാജ്യതന്ത്രജ്ഞനാകയാലും രാജ്യഭാണ്ഡരിപ്പോർട്ടിൽ കേമമായി കാണിക്കുവാൻ മാത്രമായി യാതൊരു സംഗതിയും താൻ ചെയ്യുമാറില്ലാത്തതിനാലും ആണ് ഈ വിഷയത്തിൽ മാത്രം അദ്ദേഹം അത്ര ശുഷ്കാന്തി കാണിക്കാഞ്ഞത്. ആസ്പത്രിക്കു പോകുന്നതിനു പകരം ആയുർവ്വേദസമ്പ്രദായത്തിലുള്ള ചികിത്സയിലാണു ജനങ്ങൾക്കു പ്രത്യക്ഷമായും അഭിനിവേശം എന്നദ്ദേഹത്തിനു്

അനുഭവസിദ്ധമായ അറിവുണ്ടായിരുന്നു. പൊതുജനങ്ങൾക്കു തീരെ ആവശ്യമില്ലായിരുന്നു, പണച്ചെലവധികമുള്ള, അന്യദൈവസമ്പ്രദായം പ്രോത്സാഹിപ്പിച്ചു് ആയുർവ്വേദവൈദ്യത്തേയും വൈദ്യന്മാരേയും കൊടുക്കേണ്ടതെന്നു് അദ്ദേഹത്തിനു തോന്നിയില്ല.

കൊച്ചിഗവർമ്മേണ്ടുഗസറ്റും ആണ്ടുതോറുമുള്ള ഭൂനിരിപ്പോർട്ടും മലയാളതർജ്ജമയിതം അദ്ദേഹം പ്രസിദ്ധപ്പെടുത്തുവാൻ തുടങ്ങി. അതേവരെ സർക്കാരാവശ്യങ്ങൾക്കു മാത്രം ഉപയോഗിച്ചിരുന്ന അഞ്ചൽ ജനങ്ങളുടെ ഗുണത്തിനായി പൊതുവെ തുറക്കി.

രാജഭക്തിയോടും, സമാധാനത്തോടും, സഹോദരസ്നേഹത്തോടും ഉപജീവിച്ചു പോന്നിരുന്ന നാട്ടുകാരുടെ ഇടയിൽ കലഹവും അതൃപ്തിയും ജനിപ്പിക്കുന്നതിനും അങ്ങനെ തങ്ങളുടെ ജന്മഭൂമി മലിനപ്പെടുത്തുന്നതിനും ഇന്നത്തെപ്പോലെ അന്നും പത്രമെഴുത്തുകാരിൽ ചിലർ ശ്രമിച്ചിരുന്നു. ഒരിക്കൽ ദിവാൻജി താഴെ പറയുംപ്രകാരം റസിഡണ്ടിനു് എഴുതി അയച്ചു: "പശ്ചിമതാരകയുടെ പത്രാധിപർ പറയുന്നതിൽ വാസ്തവം നന്ന അപൂർവ്വമേ ഉണ്ടാകാറുള്ളൂ. ആകയാൽ അതിൽ പറഞ്ഞുകാണുന്ന അടിസ്ഥാനരഹിതങ്ങളായ പ്രസ്താവങ്ങൾ അവ അർഹിക്കുംപോലെ തൃണവൽഗണിച്ചു നിർവികാരനായി ഞാൻ ഇതുവരെ ചെയ്തിട്ടുള്ളതു്. മറു തരത്തിൽ പ്രവർത്തിക്കുന്നതു ബുദ്ധിമുട്ടാണു്. എന്റെ മെയ്യാടകൊണ്ടു പകരം പോടിക്കുന്നില്ല. എന്നതന്നെയല്ല, അതിലെ ആക്ഷേപങ്ങൾക്കു മറുപടിയെഴുതുക എന്നുള്ള കാര്യമേ ഞാൻ ഗണ്യമാക്കിയിട്ടില്ല. പത്രങ്ങളിൽ എഴുത്തുകുത്തുകൾക്കു ചെലവിടാൻ മാത്രം എനിക്കു സമയം പോര. പത്രാധിപക്കു വേറെ ഗുണം ചെയ്യുവാനും ഇല്ല."

ഒരു സർക്കാരുദ്യോഗസ്ഥന്റെ നിലയിൽ ശങ്കുണ്ണിമേനോൻ അശേഷം സേവനോൽസുകത കാണിച്ചിരുന്നു. സ്വ

ന്ത മൂത്ത പുത്രന്റെ പക്ഷൽ നിന്നുമുള്ള ശിപാശിപോലും തൻ ഭരത്വന്തം അനാദരിക്കുകയാണു ചെയ്തിട്ടുള്ളതു് എന്നു വ്യക്തമാക്കത്തക്ക പലതും അദ്ദേഹത്തിന്റെ സ്വകാര്യഡയറികളിൽ എഴുതിയിരിക്കുന്നതു കാണാം. നേരുകെട്ട ഒരു ഉദ്യോഗസ്ഥനെ അദ്ദേഹം കരിക്കലും പെരുതെ വിടുകയുമില്ല. സ്വന്ത വീട്ടിലെ കാര്യമെങ്കിലും അദ്ദേഹം ഉദ്യോഗം കൊടുത്തിട്ടില്ല. തൃശ്ശിവപേരൂർ ഡിസ്ട്രിക്ട് ജഡ്ജിയെ ഉദ്യോഗത്തിൽനിന്നു തള്ളിയപ്പോൾ തന്റെ സഹോദരനെ ഒരു കഴിവിൽ വെക്കുവാൻ മഹാരാജാവു കല്പിച്ചു. എന്നാൽ, തന്നെ അതിനെ നിർബ്ബന്ധിക്കരുതെന്നും അങ്ങനെ ചെയ്യുന്നതായാൽ ഒരുത്തനെ ഉദ്യോഗത്തിൽനിന്നു തള്ളിയതിന്റെ ഗൌരവം പൊയ്പോകുന്നതാണെന്നും ശങ്കുണ്ണിമേനോൻ മറുപടി ബോധിപ്പിച്ചു. നേരും നിപുണതയും അദ്ദേഹത്തിന്റെ പ്രമാണവചനങ്ങളും മനസ്സാക്ഷിയും മഹാരാജാവും അദ്ദേഹത്തിന്റെ യജമാനന്മാരും ആയിരുന്നു. ഇങ്ങനെയൊക്കെ ആയിരുന്നിട്ടുകൂടി, ദിവാൻ അദ്ദേഹത്തിന്റെ ബന്ധുക്കൾക്കൊക്കെ ഉദ്യോഗം നൽകുകയാണെന്നു് ഒരു വാരോല ഹജ്ജി കരിക്കൽ ആരോ കാര്യം റസിഡണ്ടിനു് അയച്ചു. ഹജ്ജിയിൽ പ്രസ്താവിച്ചിരിക്കുന്നതു വ്യാജമായ കുറ്റാരോപണം മാത്രമാണെന്നു റസിഡണ്ടിനു നേരിട്ടറിയാമായിരുന്നു; എങ്കിലും അദ്ദേഹത്തിനുകൂടി ശത്രുക്കളുണ്ടെന്നു കാണിക്കേണ്ടതിനു് ആയതു ദിവാൻജിക്കു് അയച്ചുകൊടുത്തു. ഇത്ര അധികം കാലം താൻ രാജ്യം ഭരിച്ചതിനിടയിൽ ബന്ധുക്കൾ എന്നു പറയത്തക്കതായി ആകെ നാലുപേർ മാത്രമേ ഉദ്യോഗത്തിൽ ചേർന്നിട്ടുള്ളുവെന്നും, അവർ ഒന്നു് ഡാ. ശമ്പളത്തിന്മേൽ ഒരു എടക്കുന്നിവാരിയർ, (അപ്പീൽ കോടതി ഉദ്യോഗം കൊടുത്തു) കെ. ശമ്പളത്തിന്മേൽ വേറൊരു വാരിയർ, നാകെ. ശമ്പളത്തിന്മേൽ ഒരു കറുപ്പത്തു മേനോൻ, ഠകെ. ശമ്പളത്തിന്മേൽ ഭാഗം ചെയ്തു പിരിഞ്ഞ തോട്ടക്കാട്ടെ കാരാൾ—എന്നിവരാണെന്നും; ഇ

ർ പഠിച്ചറിവും പ്രാപ്തിയും ഉള്ളവരാണെന്നും, താനുമായു ള്ള ചായ്വ്യില്ലാതിരുന്ന എങ്കിൽ കൂടെക്കൂടി മെച്ചം ഇവക്ക ണ്ടായിരുന്നേനെ എന്നും ദിവാൻ അദ്ദേഹത്തിന്റെ മുപടി യിൽ കാണിക്കുകയും രാജ്യഭരണത്തിലെ മിക്ക എല്ലാ വക പ്പുകളിലും മറ്റൊരു സമുദായത്തിലെ ആളുകൾക്കു കൂടുതൽ ശമ്പളമുള്ള ഉദ്യോഗങ്ങൾ താൻ ധാരാളം കൊടുത്തിരിക്കെ ഇങ്ങനെയൊരു ആക്ഷേപം കൂടുതലും ഈ സംബന്ധവും ആ ണെന്നു പറയുകയും ചെയ്തു. ഭിന്നക്കൂട്ടെ ഇവക അപവാ ദങ്ങളോ വഷളത്തപങ്ങളോ അദ്ദേഹം ശ്രദ്ധിക്കുകയോ വക വെക്കുകയോ ചെയ്തതുപോലുമില്ല.

ഏറെ നാളായി അത്യുദ്രപാനത്തോടുകൂടി നിരന്തരം ജോലിചെയ്തതിനിമിത്തം അദ്ദേഹത്തിന്റെ ശരീരത്തിനു് അ സ്വസ്ഥത വന്നുതുടങ്ങി. ഉദ്യോഗത്തിൽനിന്നൊഴിഞ്ഞു് വിശ്രമസൌഖ്യം അനുഭവിച്ചാൽ കൊള്ളാമെന്ന മോഹമാ യി. എന്നാൽ, ശങ്കുണ്ണിമേനവനെ കഴിവുകെടുവാൻ മഹാ രാജാവിനു തീരെ മനസ്സുണ്ടായിരുന്നില്ല. കുറഞ്ഞതു മൂന്നു കൊല്ലത്തേക്കെങ്കിലും ഉദ്യോഗത്തിൽ ഇരിക്കേണമെന്നും, ചില്ലറ കാര്യങ്ങളിൽ മനസ്സു വെക്കേണ്ടതില്ലെന്നും, ഗഹന വരേറിയ കാര്യങ്ങളിൽ, അതല്ലെങ്കിൽ അതുത്തിരുമേനിയെ സംബന്ധിച്ച കാര്യങ്ങളിൽ മാത്രം ശ്രദ്ധവെച്ചാൽ മതിയെ ന്നും കല്പിച്ചുകൊണ്ടു മഹാരാജാവു തിരുവെഴുത്തയച്ചു. ഓസി ഡണ്ടും കഴിയുന്നതിനു സമ്മതിച്ചില്ല. ജനുവരിക്കു അദ്ദേ ഹം കഴിയുന്നതു വരെയായിരുന്നു കല്പന കേൾക്കുവാൻ ഉടൻകൂടുത്തുണ്ടായിരുന്നുവെങ്കിലും ശരീരം ക്ഷീണിച്ചുതുടങ്ങി യിരുന്നതിനാൽ കഴിയാതെ ഗത്യന്തരമുണ്ടായിരുന്നില്ല. ശ ങ്കുണ്ണിമേനവന്റെ വിണ്ടും പിന്നുമുള്ള അഭാവേക്ഷനിമിത്തം മ നസ്സില്ലാമനസ്സോടെ അവർ അദ്ദേഹത്തിന് ഉദ്യോഗം കഴി യുവാൻ അനുവാദം നൽകി. ഈ സംഗതിയെപ്പറ്റി ഹുസൻ-ൽ ഒഗസ്റ്റ് 12-ാംനു- അദ്ദേഹത്തിന്റെ ഡയ രിയിൽ ഇപ്രകാരം എഴുതിയിരിക്കുന്നു:—"ഞാൻ ഉദ്യോഗം

ഒഴിയുന്ന കാര്യത്തെപ്പറ്റി മഹാരാജാവു വ്യസനസമേതം അരുളിച്ചെയ്തു. തൃക്കണ്ണിൽ ബാഷ്പപൂരത്തോടുകൂടി എനിക്കു ഒരു സർട്ടിഫിക്കറു കല്പിച്ചുതരികയും ശിരസ്സിൽ തൃക്കൈവെച്ചു് എന്നെ അവിടുന്നു് അനുഗ്രഹിക്കുകയും ചെയ്തു.” രാജഭക്തിക്കോ രാജ്യസ്നേഹത്തിനോ തീരെ ഉടവുതട്ടാതെ ക്ഷേമമായും സാമർത്ഥ്യത്തോടുകൂടിയും ഇത്ര അധികം കാലം രാജ്യം ഭരിച്ചതിനു് ആ സർട്ടിഫിക്കറിൽ അദ്ദേഹത്തെ യഥാർത്ഥമായി സ്തുതിച്ചിരുന്നു. രാജ്യത്തിനു് അഗണ്യമായ നന്മയുണ്ടാക്കത്തക്കവണ്ണം അത്ര ദീർഘകാലം അശാസ്യമായി അഭിന്നഗതിയോടുകൂടിയ നീതിന്യായത്തോടും വിവേകത്തോടും നാടു ഭരിച്ചതിനു ദൈവാനുഗ്രഹംകൊണ്ടു സിദ്ധിച്ച ഫലം ആ നാട്ടിനു ശാശ്വതമായുണ്ടായ ഉൽകൃഷ്ടപദവിയാണെന്നു് അദ്ദേഹത്തെ പ്രശംസിച്ചുകൊണ്ടു, നാട്ടുകാരും അദ്ദേഹത്തിനു് ഒരു മംഗളപത്രം കൊടുത്തു.

ഉദ്യോഗം ഒഴിഞ്ഞശേഷം അദ്ദേഹം നാലു കൊല്ലത്തോളം ജീവിച്ചിരുന്നു. ഇക്കാലം പല പ്രകാരത്തിൽ നന്നെ പിഡിപ്പിച്ചിരുന്ന വേദനയോടും സുഖക്കേടോടും കൂടിയാണു കഴിച്ചിരുന്നതു്. മഹാരാജാവിന്റെ ഹാർദ്ദമായ സ്നേഹവും അനുകമ്പയും, സ്നേഹിതന്മാരുടെ ശ്രദ്ധയും ശുശ്രൂഷയും, നാട്ടുകാരുടെ കൃതജ്ഞതയും എന്തു ചെയ്യാനുമുള്ള ഒരുക്കവും സദാ അദ്ദേഹത്തെ ആശ്വസിപ്പിക്കുവാനും സമാധാനിപ്പിക്കുവാനും കാരണമുണ്ടായിരുന്നു. തന്നെക്കാൻ ചെന്നു മുഖം കാണിക്കുവാൻ അനുവദിക്കാതെ അദ്ദേഹത്തെ കാണുവാനും, കുന്നപ്പുടവ, വിഷുക്കൈനീട്ടം എന്നിത്യാദി സമ്മാനങ്ങൾ അദ്ദേഹത്തിനു കൊടുക്കുന്നതിനും, അദ്ദേഹത്തിന്റെ പുറത്താൽ സുഖം പങ്കുകൊള്ളുന്നതിനും തന്നെ മഹാരാജാവു തിരുമനസ്സുകൊണ്ടതന്നെ അവിടത്തെ ഏറ്റവും പ്രിയപ്പെട്ട മന്ത്രിയുടെ അടുക്കലേക്കു് എഴുന്നള്ളിയിരുന്നു. ഇതനുസരിച്ചുള്ള സ്നേഹബഹുമാനാദികൾ ശങ്കുണ്ണിമേനവനു് അങ്ങോട്ടു് എത്രത്തോളമുണ്ടായിരുന്നു എന്നതിനു കണക്കി

ല്ല. "അവിടന്നു ഇവിടെ എഴുന്നള്ളിയതുതൽ നിത്യവും എനിക്കു കാണുവാനിടയാകുന്ന നിഷ്കളങ്കവും സ്നേഹാകലവും ആയ ആ തിരുമുഖം അതിവ സന്തോഷം ജനിപ്പിക്കുന്നു." "മഹാരാജാവു തിരുമനസ്സിലെ മാഹാത്മ്യമേറിയ തിരുമുഖം കാണുമ്പോൾ എന്റെ തൊണ്ടയിടറുകയും കണ്ണിൽ വെള്ളം നിറയുകയും ചെയ്യുന്നു." ഇങ്ങനെ പാസ്പ്പം സ്നേഹബഹുമാനാതിശയത്താൽ മറേറതു മഹാരാജാവും മന്ത്രിയും തമ്മിൽ ഉണ്ടായിട്ടുണ്ടോ എന്നു വളരെ സംശയമാണ്.

സി. എസ്. ഐ. എന്ന സ്ഥാനം ആദ്യമായി അദ്ദേഹത്തിനു കൊടുക്കുവാൻ ഭാവിച്ചപ്പോൾ, മഹാരാജാവു തിരുമനസ്സിലേക്കു യാതൊരു മാന്യപദവിയും കൊടുക്കേണ്ടിവരികെതാൻ അതു കൈക്കൊള്ളുന്നതു ഭംഗിയായിരിക്കുകയില്ലെന്നു അദ്ദേഹം പറഞ്ഞു. ഇങ്ങനെ മഹാരാജാവു തിരുമനസ്സിലേക്കു കെ. സി. എസ്. ഐ. എന്ന ഉന്നതപദവി ബ്രിട്ടീഷ് ഗവർമ്മേണ്ടു കൊടുത്തതിനുശേഷം മാത്രമേ ശങ്കുണ്ണിമേനവൻ ഫ്രൂഫൈൽ സി. എസ്. ഐ. എന്ന സ്ഥാനം സ്വീകരിച്ചുള്ളൂ. ബ്രിട്ടീഷു റസിഡണ്ടായിരുന്ന മിസ്റ്റർ. മിഞ്ചിൻ ഈ സന്ദർഭത്തിൽ മദിരാശി ഗവർമ്മേണ്ടിലേക്കു എഴുതിയിരുന്ന ഒരെഴുത്തിൽ ദിവാനെപ്പറ്റി ഇങ്ങനെ എഴുതുകയുണ്ടായി. "ശങ്കുണ്ണിമേനവന്റെ ശ്രേഷ്ഠമായ സ്വഭാവത്തെയും ഭരണനൈപുണ്യത്തെയും പറ്റി എനിക്കുള്ള ബഹുമാനം ഈ അവസരത്തിൽ ഉപപ്പിച്ചുപറയുന്നതു യുക്തമായിരിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. അദ്ദേഹത്തിന്റെ വേർ അതു് ആഫ്ഗാനിസ്ഥാനോളം പൊങ്ങിയിട്ടില്ല. എന്നാൽ തിരുവിതാംകൂറിലേക്കു സർ. ടി. മാധവറാവു എത്രത്തോളം കായ്മയിരിക്കുന്നോ അത്രത്തോളം തന്നെ കൊച്ചിരാജ്യത്തേക്കു ഈ ഉദ്യോഗസ്ഥനും കായ്മയിട്ടുള്ളതാണ്." തരംകിട്ടിയാൽ സ്തുതിക്കുക ശീലമില്ലാത്ത ഇൻഡ്യാ സാമ്രാജ്യസിക്രട്ടറിയായിരുന്ന സാലിസ്ബറിപ്രഭു വാർല്ലിയമെണ്ടിലേക്കു ഇൻഡ്യയെപ്പറ്റി റിപ്പോർട്ടു ബോധിപ്പിച്ചപ്പോൾ താഴെ പറയും പ്രകാരം

പറഞ്ഞു. "തിരുവിതാംകൂർ മാധവരാവുവും, കൊച്ചി ശങ്കുണ്ണിമേനവനും ഭരിച്ചതുപോലെ എല്ലാ നാട്ടുരാജ്യങ്ങളും ഭരിച്ചിരുന്നെങ്കിൽ ബ്രിട്ടീഷ് ഗവൺമെന്റിലേക്കു അയക്കുടെ ബഹുമാനപദവി അനേഷിക്കേണ്ടിവരുമോന്നു. "ഇതു രണ്ടു മന്ത്രികളുടേയും പേരുകൾ കുറിച്ചാണ് അദ്ദേഹം പറയുന്നതിവു്.

കാലപ്പഴക്കം കൊണ്ടോ അവിവേകികളുടെ കണ്ണടച്ചുള്ള ശകാരംകൊണ്ടോ യാതൊരുതരത്തിലും മലിനപ്പെടുവാൻ നിവൃത്തിയില്ലാത്ത തരത്തിലുള്ള കീർത്തി ഒരു രാജ്യതന്ത്രജ്ഞന്റെ നിലയിൽ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുണ്ടു്. അദ്ദേഹത്തിന്റെ രാജ്യസ്നേഹത്തോടുകൂടിയ കൃത്യനിഷ്ഠ, വ്യക്തമായി ശാന്തമായി ആലോചനാപൂർവ്വമായുള്ള തീരുമാനങ്ങൾ, അതിസൂക്ഷ്മമായ കാര്യഗ്രഹണം, നാനാമുഖവും പ്രത്യഗ്രവുമായ മനശ്ശക്തി എന്നിവ ഒന്നുകൊണ്ടും മറഞ്ഞുപോകാത്ത നിലയിൽ കൊച്ചിരാജ്യചരിത്രത്തിൽ പതിഞ്ഞുപോയിട്ടുണ്ടു്. അപരിഷ്കൃതബുദ്ധികളായ അനഭിജ്ഞന്മാരുടെ അവിവേകമായ അലമുറകൾക്കു ചെവികൊടുക്കാതെ മഹാമനസ്കതയോടും വിശാലബുദ്ധിയോടും അദ്ദേഹം സകലകാര്യങ്ങളിലും പ്രശാന്തഗംഭീരമായ കൂടുതൽ അറിവും ധൈര്യവും കാണിച്ചിരുന്നു.

ശങ്കുണ്ണിമേനവൻ കൊച്ചിരാജ്യം സകലവിധത്തിലും പുഷ്ടിപ്പെടുത്തി മഹിമയേറിയ ഒരു പദവിയിലാക്കി നമ്മെ ഭരമേൽപിച്ചുപോയി. ആ ഭാരം അത്യന്തമായും ശോഷരഹിതമായും നമ്മുടെ പിൻഗാമികളെ ഏല്പിക്കുന്നതു നമ്മുടെ മുറയാണു്. ഉൽക്കൃഷ്ടത്തിന്നായി സ്ഥിരോത്സാഹം ചെയ്യുന്നതിനും എല്ലാവിധ കഷ്ടാരിഷ്ടങ്ങളും ക്ഷമാബലത്തോടുകൂടി പൊറുക്കുന്നതിനും അദ്ദേഹത്തിന്റെ ജീവിതാദർശം നമ്മെ പഠിപ്പിക്കുന്നു. "ഉത്സാഹത്തോടുകൂടിയിരിക്കേ. ഐശ്വര്യത്തിലും ഇതരമനുഷ്യരേപ്പറ്റിയുള്ള പ്രിയഭാവത്തിലും, എന്നല്ല, സ്വാതന്ത്ര്യത്തിൽക്കൂടിയും നാം മേൽക്കുമേൽ ഉയരു

ത്യം പ്രാപിച്ചാണ വരുന്നതു്. താല്ക്കാലികവിഘ്നങ്ങൾ വല്ലതുമുണ്ടായാൽ അവ ക്ഷണികങ്ങൾ മാത്രമാണ്. സകലവും നയിക്കുന്നതു് ദൈവശക്തിയാണ്. അറിവും ഗുണവും വരുത്തി നമ്മെ അനുഗ്രഹിച്ചു് ഇതുവരെ നയിച്ചിരുന്നതും, ഇപ്പോൾ നയിക്കുന്നതും, മേലിൽ നയിക്കുവാൻ ഭാവിക്കുന്നതും ആ ദൈവശക്തി തന്നെയാണ്. അല്പമെങ്കിലും മറ്റൊന്നുമല്ല.'' എന്നിത്യാദി സദുപദേശങ്ങൾകൊണ്ടു നമ്മെ സദാ ഗുണദോഷിക്കുന്നതോ എന്നു തോന്നത്തക്കവണ്ണം പവിത്രമാണു ശങ്കുണ്ണിമേനവന്റെ ജീവചരിത്രം.

———(o)———

വെമ്പാകം രാമയ്യങ്കാർ.

വെമ്പാകം രാമയ്യങ്കാർ ക്രിസ്താബ്ദം 1൭൭൭-ാം വർഷത്തിൽ മദ്രാസ് പട്ടണത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ സർ തോമസ് മൺറോ സായ്വിന്റെ രാജ്യഭരണകാലത്തിന്റെ അവസാനത്തെ കൊല്ലങ്ങളിൽ ഫോർട്ട് സെൻറ് ജാർജ്ജിലെ വന്യുബോർഡ് ആപ്പീസ്സിൽ ഒരു ക്ലാർക്കും, കുറവിൽ അവിടത്തെ റെക്കാർഡ് കീപ്പരും ആയിരുന്നു. തന്റെ അച്ഛനു മൂന്നു പുത്രന്മാരുണ്ടായിരുന്നവരിൽ രാമയ്യങ്കാർ കനിഷ്ഠപുത്രനായിരുന്നു. മറ്റു രണ്ടു പുത്രന്മാരും, ഈസ്റ്റിൻഡ്യാക്കമ്പനിയുടെ കാലങ്ങളിൽ മദ്രാസ് സംസ്ഥാനത്തിന്റെ കോറോമാണ്ഡൽ കടല്ക്കരയിലുള്ള രാജ്യങ്ങളിലെ സാധനങ്ങളെ ക്രയവിക്രയം ചെയ്തുകൊണ്ടിരുന്ന ഒരു ഹിന്ദു വ്യാപാരിയായ അവരുടെ മാതുലൻ വെമ്പാകം കൃഷ്ണയ്യങ്കാരുടെ കീഴിൽ ഓരോ പ്രവൃത്തിയുള്ളവരായിരുന്നു. ബാല്യത്തിൽ രാമയ്യങ്കാർ ദേഹബലമുള്ളവനായിരുന്നില്ല. അതിനാൽ ദേഹസുഖത്തിനായി, പാലാറിന്റെ തിഞ്ചിലുള്ള തന്റെ മാതുലന്റെ വാസസ്ഥലമായ ശിവരം എന്ന ഗ്രാമത്തിലേക്കും ചിങ്കൽപേട്ടയ്ക്കു സമീപം വെമ്പാകം എന്ന ഗ്രാമത്തിലുള്ള തന്റെ പൂർവ്വിക ഭവനത്തിലേക്കും, രാമയ്യങ്കാർ

കൂടക്കൂടെ അയക്കപ്പെട്ടിരുന്നു. മാസപ്പടികൊണ്ടു മുങ്ങിയിരുന്ന ഈ കാലത്തു വലുതായ കുടുംബമുള്ള ഒരുത്തനു തന്റെ മക്കളെ യഥേഷ്ടം വിദ്യാഭ്യാസം ചെയ്യിക്കുന്നതു വളരെ പ്രയാസമുള്ള ഒരു കാര്യമായിരുന്നു. എന്നാൽ അത്യുന്നതം സഹിഷ്ണുതയും സ്വഭാവശുദ്ധിയും ഉള്ള ഒരു സ്ത്രീയായ തന്റെ അമ്മയുടെ മിതവ്യയശീലവും മുൻകരുതലും കൊണ്ടു, രാമയ്യങ്കാക്ക് സാമാന്യം നല്ല വിദ്യാഭ്യാസം ലഭിക്കുന്നതിനു സാധിച്ചു.

ഫുവർ ഫാം വയ്സ് എഡ്വിൽമാസത്തിൽ, എൽഫിൻസ്റ്റൺ പ്രഭുവിന്റെ രാജ്യഭരണകാലത്തു, ഗവർമെൻറ് ഹൈസ്കൂൾ ആദ്യം സ്ഥാപിച്ചപ്പോൾ, അതിൽ ചേരുന്നതിനായിച്ചെന്ന ഇരുപതു വിദ്യാർത്ഥികളിൽ, രാമയ്യങ്കാർ ഒരുത്തനായിരുന്നു. രാമയ്യങ്കാരുടെ സഹാദ്ധ്യായികളും, രാജ്യഭരണതന്ത്രജ്ഞനായ സർ ടി. മാധവരായരും, നാട്ടുകാരിൽ ആദ്യത്തെ ഹൈക്കോർട്ടുവക്കീലും, അവരിൽ ആദ്യത്തെ മദ്രാസ് നിയമനിർമ്മാണസഭാംഗവും ആയ ശങ്കുപാചാര്യരും, യൂറേഷ്യന്മാരിൽ വിശ്രുതനായ വിദ്യാപദേഷ്ടാവായ മിസ്റ്റർ ബാസൽ ലഫിയും, വളരെക്കാലം തിരുവിതാംകൂറിലെ പ്രധാന നിതിന്യായക്കോടതിയിൽ ഒന്നാം ജഡ്ജിയായി പ്രസിദ്ധി സമ്പാദിച്ച, പി. സുബ്ബരായ പിള്ളയും, ശരീരത്തിനു് എല്ലായ്പോഴും നല്ല സുഖമില്ലാതെ ജീവിച്ചവനും, അധികമായ പഠിപ്പുകൊണ്ടും, ഒരു രോഗിയായിട്ടുണ്ടായ ബുദ്ധിയുടെ അസ്ഥിരതകൊണ്ടും അപ്രായുസ്സായി മരിച്ചവനും ആയ ഒരു മഹാപണ്ഡിതനായ ടീനയാലു നായുഡുവും ആയിരുന്നു. യാതൊരു മതത്തെയും അനാക്ഷേപിക്കാതെയും, കേവലം ലൗകികമായും ഉള്ള വിധത്തിൽ ഗവർമ്മെൻറിൽനിന്നു നടത്തിവരുന്ന വിദ്യാഭ്യാസരീതിയെ മദ്രാസ് പ്രെസിഡെൻസിയിൽ ആദ്യം ഏർപ്പെടുത്തിയ ആളും മേല്പറഞ്ഞ ഹൈസ്കൂളിലെ അക്കാലത്തെ ഹെഡ്മാസ്റ്ററും, ആയ മിസ്റ്റർ ഇ. ബി. ഐയൽസ്വാസ്റ്റ്, മേല്പറഞ്ഞ വിദ്യാർത്ഥികൾ

ളിൽ ഓരോരുത്തരുടേയും പ്രാപ്തിയേയും ശുഷ്കാന്തിയേയും അനുസരിച്ച്, അവരെ ഭാഷാവ്യുല്പത്തിയും ശാസ്ത്രപരിജ്ഞാനവും വരുത്തുന്നവയായ നാനാ കലാശാഖകളിലും, ഒരു കലാശാലയിലെ കുട്ടികളെപ്പോലെ, അഭ്യസിപ്പിച്ചതിനാൽ, അവർ ആറാളും ബഹുമതികളോടുകൂടി 'പ്രൊഫിഷിയൻറ്' (അഭിജ്ഞൻ) എന്ന സ്ഥാനം വാങ്ങി.

ഈ സന്ദർഭത്തിലായിരുന്ന രാമയ്യങ്കാർ തത്പശാസ്ത്രങ്ങളിൽ പരിചയവും, വിശേഷിച്ച പ്രകൃതിശാസ്ത്രത്തിലും ജ്യോതിശ്ശാസ്ത്രത്തിലും അഭിരുചിയും, സമ്പാദിച്ചത്. സ്കൂളിൽ പഠിച്ചിരുന്ന കാലത്തു രാമയ്യങ്കാർ, ബ്ലാക്കടെയണിൽ (ജോജ്ജ് ടെയൺ) നിന്നു പാർതിയൺ റോസ്സിൽ പ്രൈസി ഡെൻസി മജിസ്ട്രേറ്റ്കോടതിവരെ (അവിടെയായിരുന്ന ഗവർമ്മേൻറ് ഹൈസ്കൂൾ ആദ്യം പണ്ടുകൊല്ലംവരെ സ്ഥാപിക്കപ്പെട്ടിരുന്നതു) മുഴുവൻ ദൂരവും, തൻെറ പുസ്തകഭാണ്ഡവും പേറിക്കൊണ്ടു പ്രതിദിവസവും നടന്നു പോയിക്കൊണ്ടിരുന്നു. ഇങ്ങനെ നടന്നുപോകുമ്പോൾ രാമയ്യങ്കാരുടെ കൂട്ടുകാരനായിരുന്നതു് അദ്ദേഹത്തിൻെറ പിതൃവ്യപുത്രനായ വി. ശംകോപാചാർലുവായിരുന്നു. രാമയ്യങ്കാർ സ്കൂൾകെട്ടിയായിരുന്നപ്പോൾ തൻെറ കുടുംബത്തിലുള്ള സകല ആളുകൾക്കും വിഷണ്ണതയെ ജനിപ്പിച്ചതായ ഒരു വ്യസനകരമായ കാര്യം സംഭവിച്ചു. അതു രാമയ്യങ്കാരുടെ ജ്യേഷ്ഠസഹോദരനായ വി. പാർത്ഥസാരഥി അയ്യങ്കാർ മരിച്ചതായിരുന്നു. പാർത്ഥസാരഥി അയ്യങ്കാർ, കുറേക്കാലം കഴിഞ്ഞാൽ കേമനായിത്തീരാതിരിക്കയില്ലെന്നു തോന്നിക്കത്തക്ക ഗുണങ്ങളോടുകൂടിയ ഒരു യുവാവും, തന്നെ അറിഞ്ഞിട്ടുള്ള എല്ലാവരാലും അത്യന്തം സ്നേഹിക്കപ്പെട്ടവനും, ആയിരുന്നു. ജ്യേഷ്ഠൻെറ മരണാനന്തരം രാമയ്യങ്കാർക്കു മേല്പാഞ്ഞ പുത്രനഷ്ടത്താൽ വ്യസനാക്രാന്തരായിരുന്ന തൻെറ മാതാപിതാക്കന്മാർക്കു താൻ ഒരു ഭാരമായിത്തീരാതെ, തൻെറ പഠിപ്പിനെ സംബന്ധിച്ചേടത്തോളമുള്ള സകല ചെലവും താൻതന്നെ

കഴിച്ചുകൂട്ടുന്നതിനു ശ്രമിക്കുന്നതു്, ആവശ്യകമാണെന്നു തോന്നി. അതിനാൽ അത്യുത്സാഹത്തോടുകൂടി അല്പരാത്രിയോളം വിളക്കുവെച്ചു പഠിച്ചു, യോഗ്യതയുള്ള കുട്ടികളെ ഉൽകൃഷ്ടവിദ്യാഭ്യാസത്തിൽ ഉത്സാഹിപ്പിക്കുന്നതിനായി, പച്ചപ്പ ധർമ്മണ്ഡാരകാര്യവിചാരികളാൽ ഗവർമ്മേൻറ് ഹൈസ്കൂളിൽ ഭാഗ്യവശാൽ അക്കാലം സ്ഥാപിക്കപ്പെട്ട സ്കോളർഷിപ്പുകളിൽ ഒന്നിനെ, രാമയ്യങ്കാർ സമ്പാദിച്ചു. മാതാപിതാക്കന്മാരുടെ സഹായം ആവശ്യപ്പെടാതെ തൻെറ പഠിപ്പു നടത്തുന്നതിനു തന്നെ ശക്തനാക്കിത്തീർത്ത ഈ സ്കോളർഷിപ്പിനെക്കുറിച്ചു പിൽകാലങ്ങളിൽ പലപ്പോഴും രാമയ്യങ്കാർ നന്ദിയോടുകൂടി പ്രസ്താവിച്ചിട്ടുണ്ടു്. ഇങ്ങനെ വാങ്ങിയ പണത്തിൻെറ പ്രത്യുപ്പണത്തിനു താൻ ശക്തനായിത്തീർന്ന കാലം വന്നപ്പോൾ, തത്സംബന്ധമായി താൻതന്നെ ഒരു സ്കോളർഷിപ്പു് സ്ഥാപിച്ചു. ആയു പച്ചപ്പക്കാരെ ഇപ്പോൾ ബി. എ. ക്ലാസ്സിൽ പഠിക്കുന്ന ഒരു വിദ്യാർത്ഥിക്കു് ഇന്നും കൊടുത്തുവരുന്നുണ്ടു്.

രാമയ്യങ്കാരുടെ സ്കൂൾപഠിപ്പു തീർന്നശേഷം, അക്കാലം റവന്യൂബോർഡ് സെക്രട്ടറിയായിരുന്ന സർ താമസ് മൺറോ സായ്പു്, മദ്രാരാഷ്ട്രക്കച്ചേരിയിൽ ഒരു ട്രാൻസ്ലേറ്ററായി രാമയ്യങ്കാരെ നിയമിച്ചു. ആ കച്ചേരിയിലെ ശിരസ്തദാർ, കളക്ടർമാരിൽനിന്നു വരുന്ന ജമാബന്ദി റിപ്പോർട്ടുകളിന്മേലുള്ള തൻെറ അഭിപ്രായങ്ങളെ മഹാരാഷ്ട്രഭാഷയിലാണു് എഴുതിവന്നിരുന്നതു്. റവന്യൂകച്ചേരിയിലെ ഈ ട്രാൻസ്ലേറ്റർ ഉദ്യോഗം, രാമയ്യങ്കാർക്കു് ഈ സംസ്ഥാനത്തെ റവന്യൂ കാര്യങ്ങളുടെ ചരിത്രത്തെ മനസ്സിലാക്കുന്നതിനായി അനേകം സൌകര്യങ്ങൾ നൽകുകയും, പബ്ലിക്ക് സർവ്വീസ്സിൽ റവന്യൂഡിപ്പാർട്ടുമെൻറിലും ഫിനാൻഷ്യൽ ഡിപ്പാർട്ടുമെൻറിലും ഉയർന്ന താഴെക്കാരോ ഉദ്യോഗങ്ങളിൽ ഇരുന്നു്, ഉത്സാഹത്തോടുകൂടി പ്രവൃത്തി നടത്തുന്നതിനു തന്നെ സന്നദ്ധനാക്കുകയും, ചെയ്തു.

തന്റെ സാമർത്ഥ്യവും ജാഗ്രതയും കൊണ്ടു യൂറോപ്യന്മാരായ കളക്ടർമാരുടേയും സെക്രട്ടറിമാരുടേയും വിശ്വസ്തതയെ താൻ വേഗത്തിൽ സമ്പാദിച്ചു. ഫ്രഞ്ച്-ാം വർഷം സെപ്തംബർ മാസത്തിൽ നെല്ലൂർ കളക്ടർ കച്ചേരിയിൽ ഹെഡ് മുൻഷി ഉദ്യോഗത്തിലിരിക്കുന്നതിനു മനസ്സുണ്ടോ എന്നു്, ആ ജില്ലാകളക്ടർ രാമയ്യങ്കാരോടു ചോദിച്ചു. രാമയ്യങ്കാർ ആ ഉദ്യോഗത്തെ സ്വീകരിക്കുകയും, ഫ്രഞ്ച്-ാം വർഷം വരെ അതിൽ ഇരിക്കുകയും ചെയ്തു. ഫ്രഞ്ച്-ാം വർഷത്തിന്റെ ആരംഭത്തിൽ, രാജ്യഭരണത്തിന്റെ ഒരു പ്രത്യേകശാഖയായി പബ്ലിക്ക് വർക്സ് (രാമരത്തു്) ഡിപ്പാർട്ടുമെൻറ് ഏർപ്പെടുത്തിയപ്പോൾ ഗവർണ്മെൻറ് ചീഫ് സെക്രട്ടരിയുടെ കീഴിൽ ഡെപ്യൂട്ടി രജിസ്ട്രാർ ഉദ്യോഗത്തിൽ രാമയ്യങ്കാരെ നിയമിക്കുകയും ആ ഉദ്യോഗത്തിലിരുന്നു, പബ്ലിക്ക്വർക്സ് ഡിപ്പാർട്ടുമെൻറു കാര്യങ്ങളെ മാത്രമല്ല, ഫാമിസ്സ് പ്രഭുവിന്റെ രാജ്യഭരണകാലത്തു ചീഫ് സെക്രട്ടരിയുടെ കീഴിലുണ്ടായിരുന്ന മറ്റു ഡിപ്പാർട്ടുമെൻറു കാര്യങ്ങളെക്കൂടിയും, നടത്തുന്നതിനു, മരിച്ചുപോയ സർ ഫ്രെഡറിക് മൺറോ സായ്പിനെ രാമയ്യങ്കാർ സഹായിക്കുകയും ചെയ്തു. അടുത്താണ്ടിൽ താഴെ പറയുന്ന രണ്ടുദ്യോഗങ്ങളിൽ ഏതെങ്കിലും ഒന്നിനെ സ്വീകരിക്കുന്നതിനു രാമയ്യങ്കാർ അപേക്ഷിതനായി. ഒന്നു, നെല്ലൂർ ജില്ലയിലെ നാഞ്ചിഞ്ച് ശിരസ്തദാർ ഉദ്യോഗവും, മറ്റൊന്നു, കൃഷ്ണാജില്ലയിൽ അപ്പോൾ പുതുതായി ഏർപ്പെടുത്തിയ സബ്കളക്ടർ കച്ചേരിയിലെ സബ്ഡിവിഷൻ ശിരസ്തദാർ ഉദ്യോഗവും ആയിരുന്നു. രാമയ്യങ്കാർ തനിക്കു മുമ്പേതന്നെ പരിചയമുള്ള നെല്ലൂർ ജില്ലയിൽ പോകുകയാണു നല്ലതെന്നു തീർച്ചയാക്കി. അവിടെ പ്രത്യേകമായി തന്നെ ഭരമേൽപ്പിച്ച ആ ജില്ലാരാജ്യസംബന്ധങ്ങളായ ചില ഗവർണ്മെൻറു കാര്യങ്ങളിലും താൻ കളക്ടരുടെ വിശ്വസ്തനായ ഒരു ഉപദേഷ്ടാവായിത്തീർന്നു. ഈ ഉദ്യോഗത്തിൽ ഫ്രഞ്ച്-ാം വർഷം മാർച്ച് മാസംവരെ താൻ

ഇരുന്നു. പിന്നെ തഞ്ചാവൂർ ജില്ലയിലെ ഫെഡ്ശിരസ്തദാ
രായി തന്നെ നിശ്ചയിച്ചു. ഈ പുതിയ ഉദ്യോഗത്തെ സ്വീ
കരിക്കുന്നതിനായി താൻ നെല്ലൂർ വിട്ടസമയം മനസ്സാക്ഷി
ക്കു വിരോധമായി യാതൊന്നും യാതൊരിക്കലും പ്രവർത്തി
ക്കാത്ത ഒരു ഉദ്യോഗസ്ഥനായ ആ ജില്ലാകളക്ടർ എഫ്.
ബീ. എൽട്ടൻസായ്പ്, തനിക്ക് ഒരു കത്തയച്ചു. രാമയ്യങ്കാരു
ടെ സാമർത്ഥ്യത്തേയും സ്വഭാവത്തേയും കുറിച്ചു പ്രസ്താവിച്ച
ശേഷം, ആ കത്തിനെ ആ സായ്പ് താഴേ പറയുംപ്രകാരം
അവസാനിപ്പിച്ചിരിക്കുന്നു:—'ഇങ്ങിനേയുള്ള പുരുഷന്മാരാ
ണ് അവരുടെ രാജ്യത്തിന്റെ ചാരസ്ത്രീബന്ധുക്കളായിരിക്കു
ന്നത്. ഏതു സ്ഥിതിയിൽ ജീവിക്കുന്നതിനും ഇടവരുന്നു
വോ, ആ സ്ഥിതിയിൽ ഇരുന്നുകൊണ്ടു അവർ ചെയ്യുന്ന
താരോ പ്രവൃത്തികളാണ് അവരുടെ രാജ്യത്തെ ഇതരരാജ്യ
ങ്ങളേക്കാൾ ഉന്നതാവസ്ഥയിലാക്കിത്തീർക്കുകയും, സജ്ജന
ങ്ങളുടെ ബഹുമതിക്കു പാത്രീഭവിപ്പിക്കുകയും ചെയ്യുന്നത്.'

രാമയ്യങ്കാർ ഏകദേശം ഒരു വത്സരക്കാലം തഞ്ചാവൂർ
ഫെഡ് ശിരസ്തദാരായിരുന്നു. പിന്നെ ആ ജില്ലയിൽ ത
ന്നെ താൻ ഒരു ഡെപ്യൂട്ടി കളക്ടറായി നിശ്ചയിക്കപ്പെ
ട്ടു. ആ ഉദ്യോഗത്തിലിരിക്കുമ്പോഴും, തൻ കളക്ടർ സാ
യ്പിന്റെ വിശ്വസ്തനായ ഉപദേഷ്ടാവായിരുന്നു. പിന്നീ
ടു വർഷം (ക്രിസ്തീ) ഏകദേശം പകുതിയായപ്പോൾ, തഞ്ചാ
വൂർ ജില്ലയിലെ ഇനാം ഭൂമിയുടെ കാര്യം തീർപ്പുണ്ടാക്കു
ന്നതിനായി അപ്പോൾ മദ്രാസ്ഗവർണ്മെന്റായിരുന്ന സർ ചാർ
ലസ് ട്രെവല്യൻ സായ്പ് രാമയ്യങ്കാരെ ഇനാം കമ്മിഷണ
രുടെ ഒരു അസിസ്റ്റൻറായി നിയമിച്ചു. ഈ പുതിയ ഉ
ദ്യോഗത്തിൽ പ്രവേശിക്കുന്നതിനു മുമ്പായി, ഇനാം കമ്മി
ഷണറായ ജീ. എൻ. ട്ടെയിലർ സായ്പുമായി കാര്യാലോ
ചന ചെയ്യുന്നതിനു രാമയ്യങ്കാരെ മദ്രാസിൽ വിളിച്ചുവ
രുത്തി. ഇങ്ങിനെ മദ്രാസിൽ പ്രവൃത്തിനോക്കിക്കൊണ്ടിരി
ക്കുമ്പോൾ, തഞ്ചാവൂർ ജില്ലയിലെ പ്രധാനപ്പെട്ട ഒരു ഭാഗ

മായ കാവേരിനദീമുഖത്തിലുള്ള ഭൂമികളുടെ നികുതി സ്ഥിരപ്പെടുത്തുന്നതിന്നായി ആ ജില്ലയിലേക്ക് മടങ്ങിപ്പോകേണ്ടതാണെന്നു സർ ചാർളസ് ട്രെവല്യൻ സായ്പ് രാമയ്യങ്കാരോട് പറഞ്ഞു. മേല്പറഞ്ഞ കാവേരിനദീമുഖത്തിലുള്ള ഭൂമികൾക്ക് പ്രസ്തുതകാലത്തിൽ, അവയുടെ വിളവിന്റെ അളവിനേയും നെല്ലിന്റെ വിലയേയും അനുസരിച്ച് ആണ്ടുതോറും ഭേദപ്പെട്ടുകൊണ്ടിരുന്ന 'കഴങ്ക്' എന്ന പേരായ ഒരു ക്രമപ്രകാരമായിരുന്നു നികുതി ചുമത്തിയിരുന്നതു്. ഈ ക്രമത്തെ, ഗവർമ്മേണ്ടിൽനിന്നു നിശ്ചയിച്ച ചില പ്രമാണങ്ങളെ അനുസരിച്ച് ഓരോ ഗ്രാമത്തിലും ഓരോ ഭൂമി ഉടമസ്ഥനിലും നിന്നു ഗവർമ്മേൻറിലേക്ക് വസൂലാകേണ്ടതായ നികുതി ശാശ്വതമായി സ്ഥിരപ്പെടുത്തുകയോ ഒരു സംഖ്യയായിട്ടല്ലാതെ വർഷംതോറും മാറുന്നതായ ഒരു സംഖ്യയായി വരാത്ത വിധത്തിലുള്ള ഒരു ഏർപ്പാടായി, ഭേദപ്പെടുത്തേണമെന്നു ഗവർമ്മേണ്ടിൽനിന്നു നിശ്ചയിച്ചു. അതിനാൽ രാമയ്യങ്കാർ തഞ്ചാവൂരിലേക്ക് മടങ്ങി, കളക്ടർ സായ്പിന്റെ നേരെ കീഴിലിരുന്നു, ഏട്ടു വർഷംകൊണ്ടു 'കഴങ്ക്' എന്ന നികുതിവസൂൽക്രമം നടപ്പായിരുന്ന ഗ്രാമങ്ങളിൽ, ആ ക്രമത്തെ മാറ്റി, ഗവർമ്മേണ്ടിൽനിന്നു അനുജ്ഞാപിച്ചപ്രകാരമുള്ള ക്രമം ഏർപ്പെടുത്തി. ഈ പുതിയ നികുതി വസൂൽക്രമത്തെ രാമയ്യങ്കാർ ഏർപ്പെടുത്തിക്കൊണ്ടിരിക്കുമ്പോൾ, സർ ചാർളസ് ട്രെവല്യൻ സായ്പ്, മിസ്റ്റർ ജേ. ഡി. ബൂർഡ്ല്ലൻ് എന്ന തന്റെ സമർത്ഥനായ സെക്രട്ടരിയേയുംകൂടി, തഞ്ചാവൂരിലേക്കും മറ്റു തെക്കിണജില്ലകളിലേക്കുമായി സർക്കീട്ടു പുറപ്പെട്ടു. തഞ്ചാവൂരിൽ എത്തിയ സമയം, അവർ ആ സന്ദർഭത്തെ അനുവരെയുള്ള രാമയ്യങ്കാരുടെ പ്രവൃത്തിയെ പരിശോധിക്കുന്നതിനായി, ഉപയോഗിച്ചു. 'കഴങ്ക്' എന്ന നികുതി വസൂൽക്രമത്തെ ഭേദപ്പെടുത്തുന്ന കാര്യത്തിൽ മുഖ്യമായി ശ്രദ്ധയുള്ളവരായിരുന്ന ആ ജില്ലയിലെ റവന്യൂ ഉദ്യോഗസ്ഥന്മാരോടും ഭൂമിയുടമസ്ഥന്മാരോടും ദീർഘമായും ആവ

ത്തിച്ചും ആലോചന കഴിച്ചശേഷം സർ ചാർളസ് സായ്പ്, രാമയ്യങ്കാർ അയച്ചവരെ ചെയ്തിട്ടുള്ള പ്രവൃത്തി ശരിയായിട്ടുള്ളതാണെന്നു സമ്മതിച്ചു പറയുകയും, ഈ പ്രകാരം ആ പ്രവൃത്തിയെ മുഴുവൻ ചെയ്തതിൽക്കൊണ്ടതാണെന്ന് ആക്ഷേപിക്കുകയും, ചെയ്തു.

ഫുന്നാം പ്രൈസിഡൻസികാര്യത്തിലെ വാഷിംകോത്സവത്തിൽവച്ചു സർ ചാർളസ് ടെവല്യൻ സായ്പ് ഇപ്രകാരം പറഞ്ഞു:— 'അതേ കൂട്ടത്തിലുള്ള മറെറാരു നാട്ടുകാരനായ ഉദ്യോഗസ്ഥൻ തഞ്ചാവൂർ ജില്ലയിൽ വന്നു ഡിപ്പാർട്ടുമേണ്ടിൽ ഏറെറവും കായ്യഗൌരവമുള്ള കരു പ്രവൃത്തിയെ ഇപ്പോൾ തന്നെ ചെയ്തു തീർത്തിട്ടുള്ളതു. ആ ഉദ്യോഗസ്ഥന്റെ ശരിയായ കായ്യപ്രാപ്തിയും നേരായ നടത്തയും, ആയാൾക്കുമാത്രമല്ല, ആയാൾ ഏതു ജനസമൂഹത്തിൽ ചേർന്നിരിക്കുന്നുവോ ആ ജനസമൂഹത്തിനൊക്കെയും, വലുതായ ബഹുമാനത്തെ വരുത്തുന്നവയായിരിക്കുന്നു.' ഇങ്ങനെ പറഞ്ഞു പത്തുകൊല്ലം കഴിഞ്ഞശേഷം, ഇൻഡ്യയിലെ നാട്ടുകാർക്ക് ഇപ്പോഴത്തെക്കാളും അധികം ഉദ്യോഗങ്ങൾ കൊടുക്കേണ്ടതാണെന്നുള്ള നിയമത്തെക്കുറിച്ചു പാർളമെൻറുസഭയിൽ ആലോചന നടന്നുകൊണ്ടിരിക്കുമ്പോൾ, മേല്പറഞ്ഞ സായ്പുതന്നെ രാമയ്യങ്കാർക്കയച്ച കരുകത്തിൽ ഇപ്രകാരം എഴുതി:— 'ഇൻഡ്യയിലെ നാട്ടുകാർക്ക് ഇപ്പോഴുള്ളതിലധികം ഉദ്യോഗങ്ങൾ കൊടുക്കേണ്ടതാണെന്നുള്ള പ്രധാനകായ്യത്തെക്കുറിച്ചു വീണ്ടും ആലോചന തുടങ്ങിയിരിക്കുന്ന ഘട്ടത്തിൽ നാം എത്തിയിരിക്കുന്നു. ഇപ്പോൾ പാർളമെൻറുസഭയിൽ ആലോചന നടന്നുകൊണ്ടിരിക്കുന്ന നിയമം, ഇംഗ്ലീഷുകാരെയും ഇൻഡ്യയിലെ നാട്ടുകാരേയും ഭേദംകൂടാതെ ഗവർമ്മേണ്ടിൽനിന്നു വിചാരിക്കേണ്ടതാണെന്നും, വല്ല ഉദ്യോഗങ്ങളും കഴിവായി വരികയും അവയ്ക്കു നാട്ടുകാർ അത്യന്തം യോഗ്യതയുള്ളവരായിക്കാണപ്പെടുകയും ചെയ്യുമ്പോൾ, ആ യോഗ്യത മുമ്പേതന്നെ അവർ ഗവർമ്മേൻറുദ്യോഗത്തിൽ ഇ

രുന്നതുകൊണ്ടും, നിസ്സന്ദേഹമായും സ്വതന്ത്രമായും ഉള്ള അവരുടെ സാധാരണ ജീവിതക്രമംകൊണ്ടും, ഉണ്ടായിട്ടുള്ളതായിരുന്നാലും, അവരെ ആ ഉദ്യോഗങ്ങളിൽ നിയമിക്കുന്നതാണെന്നും, ഉള്ള ന്യായമായ സംഗതികളായ പ്രമാണങ്ങളെ ആസ്പദമാക്കി, കൊണ്ടുവരപ്പെട്ടിട്ടുള്ളതാണ്. ഈ നിയമം പാസ്സാക്കുമ്പോൾ, തന്മൂലം ഓരോ പ്രസിഡെൻസിയിലെ ഗവർമ്മേൻറിലേക്ക് ഇപ്പോഴത്തെക്കാളും അധികമായി സിദ്ധിക്കുന്ന അധികാരത്തിൻെറ ഭാഗ്യത്തെ ഗ്രഹണപ്രാപ്തരായ കൂടെ കൂട്ടത്തിൽ നിന്നും കുറഞ്ഞതായിത്തീർന്നില്ലെങ്കിൽ എനിക്ക് ഇപ്പോഴും വരുന്നതാണ്. ഒരു നൂറു കൊല്ലത്തോളം നിങ്ങളെ പ്രധാനപ്പെട്ട ഓരോ ഉദ്യോഗങ്ങളിൽ വെയ്ക്കുന്നതായിരുന്നാലും, തഞ്ചാവൂരിലെ 'കഴുക്ക്' എന്ന നികുതി വസൂൽക്രമത്തേക്കാളും പ്രയാസവും ചുമതലയും ഉള്ളതായ ഒരു പ്രവൃത്തി നിങ്ങളെ ഏൽപ്പിക്കുന്നതിനുദ്ദേശിക്കുന്നതല്ല. മേല്പറഞ്ഞ പ്രവൃത്തിക്കു മദ്രാസ് സംസ്ഥാനത്തിലുള്ള യൂറോപ്യന്മാരിലാകട്ടെ നാട്ടുകാരിലാകട്ടെ നിങ്ങളുടെ അത്ര യോഗ്യതയുള്ളവരായി യാതൊരുത്തരുമില്ലായിരുന്നു നിങ്ങളെക്കുറിച്ച് എൻെറ അടുക്കൽ ശിപാർശ ചെയ്യപ്പെട്ടതു്. തഞ്ചാവൂർ ജില്ലയിലെ മുഴുവൻ ധനത്തിൻെറ പകുതിയോളം നിങ്ങളുടെ കൈവശത്തിലായിരുന്നു എങ്കിലും, നിങ്ങൾക്കു മുമ്പുതന്നെയുള്ള ഗ്രഹണമാഹാത്മ്യത്തിനു് ഇഷ്ടമാത്രമെങ്കിലും കുറവു വരുത്തുന്നവരായ യാതൊരു സംശയങ്ങൾക്കും സംഗതി വരുത്താതേയും സകലർക്കും തൃപ്തി തോന്നത്തക്കവണ്ണവും, നിങ്ങൾ മേല്പറഞ്ഞ പ്രവൃത്തിയെ ചെയ്തിരിക്കുന്നു.'

തഞ്ചാവൂരിലെ കലക്ടർഷിപ്പിൽ പ്രവൃത്തി കഴിഞ്ഞശേഷം ഇനാം കമ്മിഷണിൽ ചേരുന്നതിനു രാമയ്യങ്കാർക്കു കല്പനയുണ്ടായിരുന്നുവെങ്കിലും, കളക്ടർ പ്രത്യേകമായി അപേക്ഷിക്കയാൽ തൻെറ പെഴ്സണൽ അസിസ്റ്റൻറായി തഞ്ചാവൂരിൽതന്നെ രാമയ്യങ്കാരെ വെച്ചുകൊള്ളുന്നതിനു കളക്ടർക്ക് അനുവാദം കിട്ടി. ഈ ഉദ്യോഗത്തിലിരിക്കെ

മ്പോൾ, ഫ്വ൫ഖ്വ-ലും, ഫ്വ൫ൻ-ലും മേല്പറഞ്ഞ ജില്ലയിലു ണ്ടായ വലുതായ വെള്ളപ്പൊക്കത്താൽ കൃഷിസംബന്ധങ്ങളായ കാരോ മാമത്തുപണികൾക്കു വളരെ കേട് പറ്റിയതിനാൽ, അവയെ നന്നാക്കുന്ന വകയ്ക്കായി പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിൽനിന്നു വലുതായ കാരോ ധനസംഖ്യകളെ മുൻക്കൂറായി വാങ്ങിട്ടുണ്ടായിരുന്ന ചില കൺട്രാക്ടുകാക്കും മിറാസിദാരന്മാർക്കും ഗവർമ്മെൻറുമായുണ്ടായിരുന്ന ഇടപാടുകളെക്കുറിച്ച് അന്വേഷണം നടത്തുന്നതിനും തീർപ്പുപ്പെടുത്തുന്നതിനുമായി ഗവർമ്മെൻറിൽനിന്നു ഫ്വന്നും ജൂൺമാസത്തിൽ രാമയ്യങ്കാരെ നിശ്ചയിച്ചു. ഈ പ്രവൃത്തി രാമയ്യങ്കാർ നടത്തി. മുൻക്കൂറായിക്കൊടുത്ത പണത്തിൽ ഗവർമ്മെൻറിലേയ്ക്കു മടങ്ങിവരേണ്ടതായി ഉണ്ടായിരുന്ന സംഖ്യയിൽ അധികഭാഗവും താൻ മുതലാക്കി. മേല്പറഞ്ഞ കൊല്ലംതന്നെ രഞ്ചപ്പേർജില്ലയിൽ നള്ളത്തടി എന്ന ഗ്രാമത്തിൻെറ നികുതി സ്ഥിരപ്പെടുത്തുന്ന കാര്യത്തേയും രാമയ്യങ്കാരെ ഭരമേൽപ്പിച്ചിട്ടുണ്ടായിരുന്നു. നള്ളത്തടി എന്ന ഗ്രാമം അസാധാരണമായ ഒരു അവകാശത്തിന്മേൽ മദ്രാസിൽ പണക്കാരായ ഒരു നാട്ടുകുഡുംബക്കാർക്കുള്ളതായിരുന്നു. നികുതിയുടെ കൂടുതൽകൊണ്ടു മേല്പറഞ്ഞ ഗ്രാമത്തിൻെറ ഉടമസ്ഥന്മാർ വളരെക്കാലമായി ഉപേക്ഷിച്ചിട്ടിരിക്കുകയായിരുന്നു. കളക്ടരുടേയും ഗവർമ്മെൻറിൻേറയും അനുമതിയോടുകൂടി രാമയ്യങ്കാർ ആ ഗ്രാമത്തിൻെറ നികുതിയെ ക്രമപ്പെടുത്തി ഉറപ്പിച്ചു. ഫ്വന്നൂറാം വർഷത്തിൻെറ ആരംഭത്തിൽ ഗവർമ്മെൻറിൽനിന്നു സേലം ജില്ലാ കളക്ടരുടെ പ്രധാന കച്ചേരിസ്ഥലം ഉസ്സൂർഗ്രാമത്തിലെ മലമുകളിലായിരുന്നതു് അവിടേനിന്നു സേലത്തേയ്ക്കും, സബ്കളക്ടരുടെ പ്രധാന കച്ചേരിസ്ഥലം നാമക്കൽഗ്രാമത്തിൽനിന്നു് ഉസ്സൂരിലേയ്ക്കും, മാറി. നാമക്കൽ സബ്കളക്ടർ ഉദ്യോഗത്തിനു്, ഗവർമ്മെൻറിൽനിന്നു രാമയ്യങ്കാരെ തിരഞ്ഞെടുത്തു്, അദ്ദേഹത്തിനു് ഒന്നാം ഗ്രേഡ് ഡെപ്യൂട്ടി ക

ളെകൂടരായി കയറാവും, കന്നാംക്ലാസ്സു മജിസ്ട്രേറിന്റെ പൂർണ്ണാധികാരങ്ങളും, കൊടുത്തു നിശ്ചയിച്ചു. ക്രമേണ മേയ്മാസത്തിൽ രാമയ്യങ്കാർ ഈ ഉദ്യോഗത്തിൽ പ്രവേശിക്കുകയും, ക്രമേണ ൪-൫ വർഷത്തിന്റെ അവസാനംവരെ അതിൽ ഇരിക്കുകയും, ചെയ്തു.

ഏകദേശം ഈ സമയമാണു്, ഇൻഡ്യാഗവർമ്മേൻറിന്നു നിന്നു കടലാസ്സു നാണ്യം നടപ്പാക്കിയതു്. ആ ഗവർമ്മേൻറിന്റെ ആവശ്യപ്രകാരം, മദ്രാസുഗവർമ്മേൻറു രാമയ്യങ്കാരെ ആ ഗവർമ്മേൻറിന്റെ നേരെ കീഴിലിരുന്നു പണിയെടുക്കുന്നതിനു് അനുവദിച്ചു. ന്യൂ ഉറുപ്പിക തുടങ്ങി വ൦൦ ഉറുപ്പിക വരെ കയറാമുള്ള മാസപ്പടിയിന്മേൽ കടലാസ്സുനാണ്യ ഡിപ്പാർട്ടുമെൻറിൽ അസിസ്റ്റൻറു കമ്മിഷണറായി തുശ്ശിനാപ്പള്ളിയിൽ പ്രവൃത്തിയെടുക്കുന്നതിനായി രാമയ്യങ്കാർ നിയോഗിക്കപ്പെട്ടു. ക്രമേണ ൪-൦ വർഷത്തിന്റെ ആരംഭത്തിൽ മേല്പറഞ്ഞ ഉദ്യോഗത്തിൽ താൻ പ്രവേശിച്ചു. ആ വർഷം അവസാനിക്കുന്നതിനു മുമ്പിൽ അസിസ്റ്റൻറു കമ്മിഷണറായിതനിക്കു വേണ്ടിടത്തോളം പണിയില്ലെന്നു താൻ അറിഞ്ഞു. ആ വിവരം താൻ മദ്രാസുഗവർമ്മേൻറിനെ അറിയിച്ചു. അതിനാൽ ഗവർമ്മേൻറു ചീഫ്സെക്രട്ടേറിയുടെ കന്നാം അസിസ്റ്റൻറായി തന്നെ നിശ്ചയിച്ചു. തുശ്ശിനാപ്പള്ളിയിൽ തനിക്കുണ്ടായിരുന്ന ഉദ്യോഗം എടുത്തു കളയുകയും ചെയ്തു. ക്രമേണ ജനവരിയിൽ രാമയ്യങ്കാർ ഗവർമ്മേൻറാപ്പീസ്സിലെ പണിയിൽ പ്രവേശിച്ചു. ആ കൊല്ലം മുഴുവനും അവിടെത്തന്നെ ഇരുന്നു. അടുത്ത കൊല്ലം ആരംഭത്തിൽ സ്റ്റാമ്പുസൂപ്രിൻറെൻഡൻറ് എന്ന ഉദ്യോഗം, ആ ഉദ്യോഗത്തിൽ അതുവരെ ഇരുന്ന കണ്ട്രൽ ടെമ്പിൾ മരിച്ചുപോകയാൽ, ഒഴിവായി. ആ ഒഴിവിലേക്കു ക്രമേണ ഉറുപ്പിക മാസപ്പടിയിന്മേൽ മദ്രാസുഗവർണരായ നേപ്പിയർപ്രഭു രാമയ്യങ്കാരെ നിശ്ചയിച്ചു.

ക്രമേണ-ൽ മേല്പറഞ്ഞ ഗവർണർസായ്പിന്റെ നിയമനിർമ്മാണസഭയിൽ ഒരു സാമാജികനായി രാമയ്യങ്കാരെ

നിയമിച്ചു. ആ സഭയിൽ മന്ത്രണ്ടു കൊല്ലത്തിലധികം താൻ ഒരു സാമാജികനായിരുന്നു. ആ കൊല്ലങ്ങളിൽ ആ സഭയാൽ ആലോചിക്കപ്പെട്ട് എപ്പോ പ്രധാന നിയമകാര്യങ്ങളെക്കുറിച്ചും ഉത്സാഹമായി പ്രവർത്തിയ്ക്കുന്നതിനുള്ള അധികാരം രാമയ്യങ്കാക്കുണ്ടായിരുന്നു. മേല്പറഞ്ഞ നിയമകാര്യങ്ങളിൽ എല്ലാറ്റിലുംവെച്ചു പരീക്ഷ പ്രമാണപ്പെട്ടവ മൻസിപ്പാലിറ്റി നികുതിയേയും ലോക്കൽഫണ്ടു നികുതിയേയും, സംബന്ധിച്ച ഗവൎമെൻറിൽനിന്നു മേല്പറഞ്ഞ ആലോചനാസഭയിൽ കൊണ്ടുവന്നിട്ടുള്ള രണ്ടു നിയമങ്ങളായിരുന്നു. ഈ രണ്ടു നിയമങ്ങളേയും നടപ്പാക്കുന്നതിനു ഗവർണർജനറലിൻെറ അനുമതി സിദ്ധിച്ചശേഷം, മദ്രാസുഗവൎമെൻറിൻെറ ഒരു മെംബറും, മേല്പറഞ്ഞ നിയമങ്ങളുടെ പ്രധാന ചുമതലക്കാരനും, ആയ സർ അലെക്സാണ്ടർ അർബത്നാട്ട്, രാമയ്യങ്കാർ ആ നിയമങ്ങളെ സംബന്ധിച്ചു ചെയ്തിട്ടുള്ള പ്രവൃത്തിയെക്കുറിച്ചു, താഴെ പറയുംപ്രകാരം അദ്ദേഹത്തിനു ഒരു കത്തയച്ചു:—'ഈ നിയമങ്ങൾ ഇപ്പോൾ പാസ്സായിരിക്കുന്ന സ്ഥിതിക്കു, ഇവയെ സംബന്ധിച്ചു, അദ്ധ്വാനം നിങ്ങൾ എനിക്കു നൽകീട്ടുള്ള വിലയേറിയ സഹായത്തിനും ഉപദേശങ്ങൾക്കും ഞാൻ നിങ്ങളോടു് എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു്, ഇതിനുമുമ്പിൽതന്നെ മുഖാന്തിരത്തിൽ നിങ്ങളോടു വാങ്മൂലമായി പറഞ്ഞിട്ടുള്ളതിനെ, ഇപ്പോൾ രേഖാമൂലമായി ആവശ്യപ്പെടുന്നതിനു നിങ്ങൾ എന്നെ അനുവദിക്കേണ്ടതാണു്. ഈ രണ്ടു നിയമങ്ങളേയും ഉണ്ടാക്കിയിരിക്കുന്നതു്, അവ നല്ലവണ്ണം നടത്തപ്പെടുന്നതായാൽ വളരെ ഗ്രാമപ്രദേശങ്ങളായിട്ടല്ലാതെ ഭവിക്കുവാൻ പാടില്ലാത്ത വിധത്തിലാണെന്നു ഞാൻ വിശ്വസിക്കുന്നു. ഇങ്ങനെ വരുന്ന പക്ഷം, അതു് ഈ നിയമങ്ങളെ എഴുതിയുണ്ടാക്കുന്നതിലും, പ്രത്യേകിച്ചു് അവയുടെ അവസാനത്തെ പരിശോധനയിലും മുഖ്യമായി നിങ്ങൾ ചെയ്തിട്ടുള്ള പരിശ്രമത്തിൻെറ ഫലമാണെന്നു്, തീർച്ചയായിപ്പറയാവുന്നതാണു്.'

പിന്നെ കരിക്കൽ മേല്പറഞ്ഞ സാസ്ത്രത്തെ കുറച്ച് ബ്ലിക്ക് സദസ്സിൽവെച്ച്, ഫ്രഞ്ച് ഗവർമെൻറിന്റെ പ്രതിനിധിയായി കാരൈക്കലിൽ സ്ഥാപിക്കപ്പെട്ടിട്ടുള്ള, രാമയ്യങ്കാർ പഠിച്ചതും, ആയ കാരൈക്കലിനെ സൂചിപ്പിച്ച് ഇപ്രകാരം പറഞ്ഞു: — 'ആ കാരൈക്കലായിരുന്നു നമ്മുടെ നിയമനിർമ്മാണസഭയിൽ (ഇങ്ങനെ ഒരു സഭ ഉണ്ടാകുമെന്ന് അക്കാലത്തു വിചാരിക്കപ്പെട്ടിട്ടുപോലും ഇല്ല) ഇപ്പോൾ സാമാജികനായിരിക്കുന്ന ഒരു നാട്ടുകാരൻ പഠിച്ചുകൊണ്ടിരുന്നതു്. ഇദ്ദേഹത്തിന്റെ പ്രകൃതിയുടെ നന്മയെക്കുറിച്ചാകട്ടെ, ആ ലോചനാശക്തിയുടെ മേന്മയെ കരുതിച്ചാകട്ടെ, ഉദ്ദേശ്യങ്ങൾക്കുള്ള പരമാർത്ഥതയെക്കുറിച്ചാകട്ടെ, പ്രവൃത്തിയിലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ചാകട്ടെ, വിചാരിച്ചാൽ ഈ വലുതായ ഇൻഡ്യാരാജ്യത്തിൽ ഇപ്പോഴുള്ള യാതൊരു നിയമനിർമ്മാണസഭയിലും ഇദ്ദേഹത്തെക്കാളും യോഗ്യന്മാരായി യാതൊരുത്തരും ഇല്ലെന്നു പറയുന്നതിന് എനിക്ക് അശേഷം അധൈര്യം തോന്നുന്നില്ല.

രാമയ്യങ്കാർ എട്ടു കൊല്ലത്തിലധികം മദ്രാസു പട്ടണത്തിൽ ഒരു മുനിസിപ്പൽ കമ്മീഷനറും ആയിരുന്നു. കരിക്കൽ, സർ വില്ലിയം റാമ്പിൻസൻ സായ്പ് ആകുടിങ്ങ് ഗവർണ്ണരായിരിക്കുമ്പോൾ, മേൽപ്പറഞ്ഞ മുനിസിപ്പാലിറ്റിയുടെ പ്രസിഡെണ്ടായിരിപ്പാൻ മനസ്സുണ്ടോ എന്നു രാമയ്യങ്കാരോടു ചോദിക്കയുണ്ടായി. എന്നാൽ ആ സ്ഥാനത്തെ താൻ സ്വീകരിച്ചില്ല. ഫ്രഞ്ചു മെയ്മാസത്തിൽ രാമയ്യങ്കാർക്ക് 'സി. എസ്. ഐ.' എന്ന ബഹുമാനസ്ഥാനം നൽകപ്പെട്ടു. ആ സമയം മദ്രാസ് ഗവർണ്ണരായ നേപ്പിയർപ്രഭു താഴേ പറയുംപ്രകാരം കുറിച്ചു രാമയ്യങ്കാർക്ക് അയച്ചു: — 'സി. എസ്. ഐ എന്ന ബഹുമാനസ്ഥാനമുദ്രയെ സാധാരണ നടപ്പനുസരിച്ചു ഗവർമ്മേൻറു ചീഫ് സെക്രട്ടറി നിങ്ങൾക്കു താമസിക്കാതെ അയക്കുന്നതാണെന്നു ഞാൻ വിശ്വസിക്കുന്നു. രാജ്ഞിയുടെ [illegible]

സ്സുരം നിങ്ങൾക്കു നൽകപ്പെട്ടിരിക്കുന്ന ഈ ബഹുമതിയെക്കുറിച്ച് എനിക്കുള്ള ഹൃദയപൂർവ്വമായ ആനന്ദമോദനത്തെ നിങ്ങളെ അറിയിക്കുന്നതിനും, നിങ്ങളുടെ സ്വഭാവശ്രേഷ്ഠതയും, സാമർത്ഥ്യവും ഗവൺമെന്റിലേക്കു വേണ്ടി എടുത്തിട്ടുള്ള പണിയും, കൊണ്ടു നിങ്ങൾക്കു ലഭിക്കുന്നതിനു ധാരാളം അർഹതയുള്ള മഹാരാജ്ഞി അവർകളുടെ പ്രീതിസൂചകമായ ഈ ബഹുമാനസ്ഥാനമുദ്രയായി നിങ്ങളെ തിരഞ്ഞെടുത്തതുകൊണ്ടും, എന്നെപ്പോലെ തന്നെ എന്റെ സഹോദ്യോഗസ്ഥർക്കും വാസ്തവമായി തൃപ്തി തോന്നിയിരിക്കുന്നുവെന്നു നിങ്ങളോടു ഉറപ്പായി പറയുന്നതിനും, ഞാൻ ഈ സന്ദർഭത്തെ കരിക്കൽകൂടി ഉപയോഗപ്പെടുത്തിക്കൊള്ളുന്നു.'

ഫ്രഞ്ചെ-ൽ പാർലിമെന്റിൽ നിന്നു ധനാഗമത്തെക്കുറിച്ച് ആലോചിക്കുന്നതിനായി ഏർപ്പെടുത്തപ്പെട്ട കമ്മറിക്കാർ കൂടിയിരിക്കുമ്പോൾ, ആ കമ്മിറ്റി മുമ്പാകെ ഹാജരായിത്തെളിവു കൊടുക്കുന്നതിന് ഇംഗ്ലണ്ടിലേക്കു പുറപ്പെടേണമെന്നു ഗവൺമെന്റിൽനിന്നു രാമയ്യങ്കാരോട് ആവശ്യപ്പെട്ടു. എന്നാൽ ആ ബഹുമാനത്തെ, തന്റെ പ്രസിദ്ധനായ സഹാദ്ധ്യായിയായ സർ മാധവരായരോട് അപ്രകാരം ആവശ്യപ്പെട്ടപ്പോൾ, അദ്ദേഹം എന്തു കാരണത്താലാണോ ഉപേക്ഷിച്ചത് ആതേകാരണത്താൽ രാമയ്യങ്കാരും ഉപേക്ഷിക്കേണ്ടിവന്നു. രണ്ടുകൊല്ലം കഴിഞ്ഞശേഷം, പൊതുവൽ സായ്പു ഡിറെക്ടർ ആഫ് പബ്ലിക് ഇൻസ്ട്രുക്ഷൻ എന്ന ഉദ്യോഗത്തിൽനിന്നു പിരിയുകയും, കണ്ണൽ മാക്ഡാനൽഡിനെ ആ കഴിവിലേക്കു നിശ്ചയിക്കയും, ചെയ്തപ്പോൾ, ഫോബാർട്ട് പ്രഭുവിന്റെ ഗവൺമെന്റു 'രാമയ്യങ്കാരെ, കണ്ണൽ മാക്ഡാനൽഡിനു പകരം, റജിസ്ട്രേഷൻ ഇൻസ്പെക്ടർ ജനറലായി നിശ്ചയിച്ചു ആ കൊല്ലത്തിന്റെ അവസാനത്തിൽ, ഫ്രഞ്ചു ജനറൽ ഫാംനു- ഡെൽഹിയിൽ കൂടുവാൻപോകുന്ന മഹാരാജ്യയോഗത്തിൽ ഹാജരാകുന്നതിനു ഡ്യൂക് ആഫ് ബക്കിംഗ്ഹാം ആൻഡ് ക്വൻ

ഡാസ് സായ്പ് രാമയ്യങ്കാരെ ക്ഷണിച്ചു. ആ സമയം ഗവർണ്ണർ ജനറലിൽ നിന്നു സ്മാണമുദ്ര ലഭിക്കുന്നതിനുള്ള ബഹുമാനം രാമയ്യങ്കാർക്കുണ്ടായി. പബ്ലിക് വർക്സ് ഡിപ്പാർട്ടുമെൻറിനെ നിർമ്മിക്കുന്നതിനും, മദ്രാസ് മുനിസിപ്പൽ ആക്കിടിനെ ഭേദപ്പെടുത്തുന്നതിനും, മുനിസിപ്പാലിറിയെ സംബന്ധിച്ചുള്ള വാക്സിനേഷൻ റിപ്പോർട്ട് തയ്യാറാക്കുന്നതിനും, മദ്രാസ് സംസ്ഥാനത്തിലുള്ള സ്കൂളുകളിൽ ഉപയോഗപ്പെടുത്തിവരുന്ന പാഠപുസ്തകങ്ങളെ മാറ്റി നിശ്ചയിക്കുന്നതിനും ഹിന്ദുമതസംബന്ധങ്ങളായ ക്ഷേത്രാദികാര്യങ്ങളെ ക്രമപ്രകാരം നടത്തുന്നതിനു് ഒരു നിയമം എഴുതിയുണ്ടാക്കുന്നതിനും, മുനിസിപ്പൽ തസ്തികകളെ പുതുതായവിധത്തിൽ നിശ്ചയിച്ചുറപ്പിക്കുന്നതിനും, ഷെരിഫിൻെറ കച്ചേരിയിലും അസ്സേ ആപ്പീസ്സിലും ഉള്ള തസ്തികളേയും സർതാമസ് മൺറോ സായ്പിൻെറ ഗ്രാമം മുൻസിഫ്മാരെ സംബന്ധിച്ചുള്ള നിയമങ്ങളേയും ഭേദപ്പെടുത്തി നന്നാക്കുന്നതിനും, ഇങ്ങനെ ബഹുജനോപകാരപ്രദങ്ങളായ കാര്യാകാര്യങ്ങളെക്കുറിച്ചു പര്യാലോചന ചെയ്യുന്നതിനായി, ഏർപ്പെടുത്തപ്പെട്ട അനേകം കമ്മറിറികളിൽ രാമയ്യങ്കാർ ഒരു സാമാജികനായിരുന്നു.

സ്റ്റാമ്പ് ആപ്പീസ്സു സൂപ്പറിൻറെൻഡെൻറായി നിയമിക്കപ്പെട്ടതിനു ശേഷം, രാമയ്യങ്കാരുടെ താമസം മദ്രാസിൽ സ്ഥിരമായി ഭവിച്ചപ്പോൾ, ജാൺ ബ്രൂസ് നാട്ടൻ സായ്പിൻെറ അപേക്ഷ അനുസരിച്ചു രാമയ്യങ്കാരെ പച്ചപ്പ ധർമ്മഭണ്ഡാരത്തിൻെറ കാര്യവാഹികളിൽ ഒരുത്തനായി നിശ്ചയിച്ചു. ഇങ്ങനെ പച്ചപ്പ ധർമ്മഭണ്ഡാരകാര്യവാഹികളിൽ ഒരുത്തനായിരിക്കുമ്പോൾ, ആ ഭണ്ഡാരത്തിൽനിന്നു നടത്തിവരുന്ന വിദ്യാഭ്യാസസംബന്ധങ്ങളായ സകല ഏർപ്പാടുകളുടേയും ഉന്നമനം വരുത്തത്തക്കതായ ഒരു വ്യവഹാരത്തിൽ താനും തൻെറ കൂട്ടുകാര്യവാഹികളും അകപ്പെട്ടപ്പോൾ സമുചിതമായ ഉപദേശംകൊണ്ടു രാമയ്യങ്കാർ മൊസ്സ [illegible]

രത്തിൽനിന്നു വിദ്യാഭ്യാസസംബന്ധമായി നടത്തിവരുന്ന കായ്യങ്ങളെ നേരെയാക്കിക്കൊണ്ടു വരുന്നതിൽ രാമയ്യങ്കാർ പ്രത്യേകതാല്പര്യത്തോടുകൂടി പ്രയത്നിക്കുകയും, ആ ഭണ്ഡാരകായ്യവാഹികളിൽ, ഹിന്ദുക്കളായ ബ്രാഹ്മണന്മാരിൽ വിശ്വാസവും, പള്ളിപ്പള്ളിക്കൂടങ്ങളിലെ യൂറോപ്യന്മാരും നാട്ടുകാരും ആയ മാസ്റ്റർമാരിൽ പ്രൊഫസ്സർമാരിൽ ബഹുമാനവും, തോന്നിക്കുകയും, ചെയ്തു. രാമയ്യങ്കാർ പള്ളിപ്പള്ളി ധർമ്മഭണ്ഡാരത്തിന്റെ കായ്യവാഹികളിൽ ഒരുത്തനായിരുന്ന കാലത്താണു്, ആ ധർമ്മഭണ്ഡാരം വകയായ ഹൈസ്കൂൾ, അതിന്റെ പ്രധാനാധ്യക്ഷനായി പുതുതായി നിയമിക്കപ്പെട്ട ഡീ. എം. ക്രുഷ്ണാങ്കീ സായ്പിന്റെ ഭരണത്തിൻകീഴിൽ, അഭിവൃദ്ധിമാർഗ്ഗത്തെ പ്രവേശിച്ചതു്. ക്രുഷ്ണാങ്കീ സായ്പു് ആ സ്കൂളിനെ കുറേ കഴിഞ്ഞപ്പോൾ ഒരു രണ്ടാംഗ്രേഡ് കാളേജിന്റെ നിലയിൽ കൊണ്ടുവന്നു മറിച്ചുപോയ ചെങ്കൽറായനായിക്കരുടെ വസ്തുക്കൾ പള്ളിപ്പള്ളി ധർമ്മഭണ്ഡാരകായ്യവാഹികളുടെ കൈവശത്തിൽ വന്നതും, അദ്ദേഹത്തിന്റെ മരണപത്രത്തിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്ന കായ്യങ്ങളെ നടത്തിയതും, ഏകദേശം ഈ സമയമായിരുന്നു. മേൽപറഞ്ഞ മരണപത്രം അത്യന്തം കുഴക്കുള്ള കായ്യവിഷമതകളെക്കൊണ്ടു നിറഞ്ഞിരുന്ന ഒരു ലക്ഷ്യമായിരുന്നു. ആ വിഷമതകളെത്തീർക്കുന്നതിലും, തങ്ങളുടെ ഭരണത്തിൻകീഴിൽ വന്നിട്ടുള്ള മറനേകം കായ്യങ്ങളെ നടത്തുന്നതിലും, രാമയ്യങ്കാരുടെ കായ്യപരിചയംകൊണ്ടും, ഉപദേശംകൊണ്ടും, തങ്ങൾക്കു സിദ്ധിച്ചിട്ടുള്ള വിലയേറിയ സഹായത്തെക്കുറിച്ചു, പള്ളിപ്പള്ളി ധർമ്മഭണ്ഡാരത്തിന്റെ അക്കാലത്തെ കായ്യവാഹികൾ കൃതജ്ഞതയോടുകൂടി അഭിനന്ദിച്ചു പറഞ്ഞു.

൧൮൬൮-ൽ രാമയ്യങ്കാർ മദ്രാസ്സു ഗവർമ്മെണ്ടിന്റെ സർവ്വീസ്സിൽനിന്നു പിരിഞ്ഞു്, നാടുനീങ്ങിയ തിരുവിതാംകൂർ വിശാഖം തിരുനാൾ മഹാരാജാവിന്റെ ക്ഷണനത്തെ അനുസരിച്ചു് ആ മഹാരാജാവിന്റെ ദിവാൻജിയും കാര്യോപദേഷ്ടാവും, ആയി. രാമയ്യങ്കാരുടെ [illegible]

വിദ്യാനൈപുണ്യത്തെക്കുറിച്ചും, പ്രവർത്തിക്കുന്നതിലുള്ള ബുദ്ധിശക്തിയും ഔടക്കുത്തിയും കുറിച്ചും ഒരു അഭിപ്രായം ജനിക്കുന്നതിന്, തനിക്കും രാമയ്യങ്കാക്കും തമ്മിൽ മുടങ്ങാതെ നടന്നു കൊണ്ടിരുന്ന എഴുത്തുകുത്തിനാൽ മേല്പറഞ്ഞ മഹാരാജാവിനു മുമ്പേതന്നെ അനേകം സന്ദർഭങ്ങൾ സിദ്ധിച്ചിട്ടുണ്ടായിരുന്നു. തിരുവിതാംകൂറിലുള്ള തന്റെ ഉദ്യോഗഭരണം, തന്നെ ആ ഉദ്യോഗത്തിൽ നിശ്ചയിച്ച സമയം, മേല്പറഞ്ഞ മഹാരാജാവിനുണ്ടായിരുന്ന ഉദ്ദേശ്യത്തെ പൂർണ്ണമായി നിറവേറി. രാമയ്യങ്കാർ ഏകദേശം ഏഴു വർഷത്തോളം തിരുവിതാംകൂർ ദിവാൻജിയായിരുന്നു. ഈ കാലംകൊണ്ടു തിരുവിതാംകൂർ രാജ്യഭരണത്തെ സംബന്ധിച്ചുള്ള സകല ഡിപ്പാർട്ടുമെൻറുകളേയും താൻ പൂർണ്ണമായി പരിശോധിച്ചു. സ്ഥലത്തുള്ള ക്രിമിനൽക്കോടതികൾ, കച്ചേരികളെ വ്യവസ്ഥപ്പെടുത്തുന്നതായോ അവയെ സംബന്ധിച്ചുള്ള നടപടികളെ ക്രമപ്പെടുത്തുന്നതായോ ഉള്ള യാതൊരു പ്രമാണവും കൂടാതെ പ്രവൃത്തി നടത്തിവരുന്നവയായി താൻ കണ്ടു. അതിനാൽ ഇൻഡ്യൻ പീനൽകോഡും (ശിക്ഷാനിയമം) ക്രിമിനൽ പ്രൊസീഡിയർ കോഡും (ശിക്ഷാനിയമനടപടിക്രമം) തിരുവിതാംകൂറിൽ താൻ നടപ്പാക്കി. സ്ഥലത്തുള്ള പോലീസുകാർ താന്നമാസപ്പടിയുള്ളവരും, നല്ല ശിക്ഷാക്രമമില്ലാത്തവരും, ആകപ്പാടെ പ്രയോജനമില്ലാത്തവരും ആണെന്നു കണ്ടിട്ട്, പോലീസ് സൈന്യത്തെ പൂർണ്ണമായി പരിഷ്കരിക്കുന്നതിനായി, മദ്രാസ് പോലീസ് ആക്ടിനെ അനുസരിച്ചു താൻ ഒരു റഗുലേഷൻ പാസ്സാക്കി. തിരുവിതാംകൂർ ദിവാൻജിയായതിനുശേഷം, രാമയ്യങ്കാരുടെ ശ്രദ്ധയെ ആദ്യമായി ആകർഷിച്ചതു ജുഡിഷ്യൽ ഡിപ്പാർട്ടുമെൻറായിരുന്നു. വ്യവഹാരങ്ങൾക്കുള്ള പീസ്സു വളരെ കൂടുതലാക്കി വെച്ചിരുന്നുവെങ്കിലും, വ്യവഹാരങ്ങൾ എപ്പോഴും വർദ്ധിച്ചുകൊണ്ടു തന്നെ ഇരുന്നു. ഇങ്ങിനെ വർദ്ധിച്ചുകൊണ്ടിരുന്ന വ്യവഹാരങ്ങളെ തീർപ്പുപ്പെടുത്തുന്ന പണി കോടതികൾക്കു ചെയ്തു തീർക്കാവു

ന്നതിനെക്കാളും അധികമായിരുന്നു. അതിനാൽ മുൻസിഫ് കോടതികളുടെ അധികാരത്തെ അധികപ്പെടുത്തിട്ടും, ആ കോടതികൾക്കു സ്മാൾക്കോസ് അധികാരം കൊടുത്തിട്ടും, ഇല്ലാ ജഡ്ജിമാരുടെ എണ്ണം കൂറച്ചിട്ടും, എല്ലാ ജുഡിഷ്യൽ ഉദ്യോഗസ്ഥന്മാരുടേയും മാസപ്പടികൾക്കു കയ്യറാം കൊടുത്തിട്ടും, പോലീസ്കാക്കും മജിസ്ട്രേറുമാക്കും അധികാരമുള്ള കായ്യങ്ങളെ വേറേ വേറേ ക്ലൂപ്തപ്പെടുത്തിട്ടും, മജിസ്ട്രേറന്മാരുടെ സംഖ്യയേ കൂറച്ചിട്ടും, അവരുടെ അധികാരങ്ങളെ അധികപ്പെടുത്തിട്ടും, സ്ഥലത്തുള്ള ഹൈക്കോടതി തൃപ്തികരമായും സ്വാതന്ത്ര്യത്തോടുകൂടിയും പ്രവൃത്തി നടത്തിക്കൊണ്ടിരിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉറപ്പിച്ചിട്ടും, ജുഡിഷ്യൽ ഡിപ്പാർട്ടമെൻറു മുഴുവനും താൻ പരിഷ്കരിച്ചു.

പിന്നെ സ്ഥലത്തുള്ള റവന്യൂ ഡിപ്പാർട്ടമെൻറിന്റെ കായ്യത്തിൽ രാമയ്യങ്കാർ ശ്രദ്ധവെച്ചു. ഈ ഡിപ്പാർട്ടമെൻറിന്റെ തൽക്കാലത്തെ ഏർപ്പാടുകൾ ജുഡിഷ്യൽ ഡിപ്പാർട്ടമെൻറിനെക്കാളും അത്രപൂർണ്ണതകുറഞ്ഞതും അപരിഷ്കൃതങ്ങളും ആയിരുന്നു. റവന്യൂ ഡിപ്പാർട്ടമെൻറിൽ കുടുക്കുണ്ടായിരുന്ന ദുർദോഷം മാസപ്പടികളുടെ ചുരുക്കവും, മാസപ്പടിക്കാർക്കു അവരുടെ പ്രവൃത്തികൾക്കു തമ്മിലുണ്ടായിരുന്ന ചേർച്ചക്കേടും, ആണെന്നു കാണുകയാൽ, മാസപ്പടിക്കാരുടെ എണ്ണം കുറച്ചിട്ടും, മാസപ്പടികൾ കൂട്ടുതലാക്കിട്ടും, താലൂക്കു കച്ചേരികളിലും ഡിവിഷൻ കച്ചേരികളിലും ഉള്ള സകല തസ്തികകളേയും ഭേദപ്പെടുത്തി, റവന്യൂ ഡിപ്പാർട്ടമെൻറു മുഴുവനും ഫലപ്രദയായ സ്ഥിതിയിൽ കൊണ്ടുവന്നു. ഉപ്പളങ്ങളേയും ഉപ്പു പാണ്ടികശാലകളേയും ശരിയായ മേലന്വേഷണത്തിൻ കീഴിൽ കൊണ്ടുവരത്തക്കവണ്ണം സാൾട്ട് ഡിപ്പാർട്ടമെൻറിനെ പൂർണ്ണമായി പരിഷ്കരിച്ചു. തിരുവിതാംകൂർ രാജ്യഭരണ സംബന്ധമായി രാമയ്യങ്കാർ ചെയ്ത അത്യന്തം പ്രധാനമായ പരിഷ്കാരം, അവിടെ റവന്യൂ സർവ്വേയും സെറ്റിൽമെൻറും ഏർപ്പെടുത്തിയതാണ്. ഇങ്ങനേയുള്ള ഒരു സർവേ ആവശ്യമാണെന്നു വളരെക്കാലം മുമ്പു മുതല്ക്കു, എല്ലാ രാജ്യഭരണ

കത്താക്കന്മാരാലും സമ്മതിക്കപ്പെട്ട ഒരു കായ്യമായിരുന്നു. പണ്ടത്തെ സർവേകൾക്കുണ്ടായിരുന്ന ന്യൂനതകളെക്കൊണ്ടും വസ്തു കണക്കുകൾക്കുണ്ടായിരുന്ന അപൂർണ്ണതയെക്കൊണ്ടും, സമുചിതമായി രാജ്യഭാരം ചെയ്യുന്നതിന്, അത്യന്തം ബുദ്ധിമുട്ടുണ്ടായിരുന്നു. ഈ ബുദ്ധിമുട്ട പ്രതിഷ്ഠവും വർദ്ധിച്ചു കൊണ്ടിരുന്നതിനാൽ, വസ്തുസംബന്ധങ്ങളായ ഏർപ്പാടുകളിലുണ്ടായിരുന്ന ന്യൂനതകളെ പരിഹരിക്കുന്നതിന്, ശരിയായ വിധത്തിൽ രാജ്യം മുഴുക്കെ സർവ്വേയും സെറ്റിൽമെൻറും നടത്തുകയല്ലാതെ, വേറെ യാതൊരു നിവൃത്തിയും ഇല്ലെന്നു ബോധം വന്നിട്ട്, അപ്രകാരം ചെയ്യുന്നതിനു രാമയ്യങ്കാർ ഉറച്ചു. ഈ സർവേയും സെറ്റിൽമെൻറും നടത്തുന്നതിൽ രാമയ്യങ്കാർക്കുണ്ടായിരുന്ന ഉദ്ദേശ്യം, വസ്തുക്കളേയും അവയുടെ അതിരുകളേയും സംബന്ധിച്ചുള്ള സകല തർക്കങ്ങളേയും തീർച്ചപ്പെടുത്തുന്നതിന് അവയെക്കുറിച്ചു വിശ്വാസയോഗ്യമായ ഒരു കണക്കുണ്ടായിരിക്കേണമെന്നു മാത്രമല്ല, എല്ലാ ഭൂസ്വത്തുക്കളുടേയും വിസ്തീർണ്ണത്തേയും വിലയേയും കൃത്യപ്പെടുത്തേണമെന്നും, ഗവർമ്മേൻറിലെ മുതലെടുപ്പു വർദ്ധിച്ചുകൊണ്ടിരിക്കുന്നതുകൊണ്ടു സ്ഥിതിയിൽ വരുത്തേണമെന്നും, ഗവർമ്മേൻറു ഖജാനയിൽ പണം വർദ്ധിപ്പിക്കേണമെന്നും, തന്മൂലം 'മാതൃകാരാജ്യം' എന്നു പേർ പൊരുതിയ തിരുവിതാംകൂറിൽ, ക്ഷേമാഭിവൃദ്ധികരങ്ങളായ സകല ഏർപ്പാടുകളും നടത്തുന്നതിനു സൌകര്യം വരുത്തേണമെന്നും, ആയിരുന്നു.

തിരുവിതാംകൂറിൽ രാമയ്യങ്കാർ നടപ്പാക്കിയ മറ്റു ഏർപ്പാടുകൾ, ജെയിലിനുള്ളിൽ വ്യവസ്ഥിതരീതിയിൽ കാരാവണികൾ ഏർപ്പെടുത്തിയതും, ജനങ്ങൾക്കു ബുദ്ധിമുട്ടു വരുത്തിയിരുന്നുവെങ്കിലും ഗവർമ്മേൻറിലേയ്ക്ക് അധികമായ ആദായം വരുത്താതിരുന്ന അനേകം ചില്ലറ നികുതികളെ നിറുത്തൽ ചെയ്തതും, സാധുക്കളായ കുടിയാന്മാർ പേരിനുമാത്രം വില വാങ്ങി ഗവർമ്മേൻറിലേയ്ക്കു ഭക്ഷണസാധനങ്ങളും മറ്റും കാരോ സമയങ്ങളിൽ ഏർപ്പിക്കേണമെന്നുണ്ടായിരുന്ന

എപ്പാടുകളിൽ ചിലതിനെ മുഴുവനായും, മറ്റു ചിലതിനെ മിശവാറും നിരുത്സാഹപ്പെടുത്തുന്നതിനും പരുത്തി നുല്പാദിപ്പിക്കുന്നതിനും ഉള്ള യന്ത്രങ്ങൾ സ്ഥാപിക്കുക, പഞ്ചസാരയുണ്ടാക്കുക, മുതലായി സ്വദേശത്തുള്ള കൈത്തൊഴിലുകളെ വർദ്ധിപ്പിച്ചതും, സ്റ്റാമ്പ് ആക്ടു നടപ്പാക്കിയതും, കാപ്പിത്തോട്ടങ്ങളിൽ നികുതി ഒഴിവാക്കിയതും, അനേകം ചില്ലറ സാമാനങ്ങളിലുണ്ടായിരുന്ന ഏറുമതിച്ചുങ്കങ്ങളെ നിറുത്തൽ ചെയ്തതും, കൃഷി സംബന്ധമായി ഓരോ പ്രശ്നങ്ങൾ ഏർപ്പെടുത്തിയതും, രാജ്യത്തുള്ള അനേകം സ്കൂളുകൾക്കു ഗ്രാൻറു കൊടുത്തു പ്രാഥമികവിദ്യാഭ്യാസത്തിനു പ്രചാരം വരുത്തിയതും, നാമ്മൽ സ്ത്രീകൾ സ്ഥാപിച്ചതും, അവരിൽനിന്നേലുണ്ടായിരുന്ന ഇറക്കുമതിച്ചുങ്കത്തെ എടുത്തു കളഞ്ഞതും, ഒടുവിൽ പറയുന്നതാണെങ്കിലും ഒട്ടും അപ്രധാനമല്ലാത്ത ഒരു കാര്യമായ, തിരുവിതാംകൂറിലെ കൃഷി മാർഗത്തിനെ വർദ്ധിപ്പിച്ചതും, ആയിരുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ, തിരുവിതാംകൂർ ഗവർമ്മേൻറിൻകീഴിലുള്ള ഡിപ്പാർട്ടുമേൻറുകളിൽ തന്നാൽ പരിശോധിച്ച പരിഷ്കരിക്കപ്പെടാത്തതായിയാതൊന്നുംതന്നെ ഉണ്ടായിരുന്നില്ല. ഗവർമ്മേൻറു പണത്തെ രാമയ്യങ്കാർ നിഷ്പ്രയോജനമായി വല്ല കാര്യങ്ങൾക്കായിട്ടും ചിലവുചെയ്തുവെന്നു വിചാരിക്കുന്നതിനു യാതൊരു സംഗതിയും ഇല്ലെന്നു നിസ്സംശയമായിപ്പറയാവുന്നതാണ്.

മേല്പറഞ്ഞ പ്രകാരമുള്ള പരിഷ്കാരങ്ങളൊക്കെയും വരുത്തിയതിനുശേഷം, അവയാൽ അത്യന്തം ധനസമൃദ്ധിയുണ്ടായ തിരുവിതാംകൂറിൽ ദീർഘകാലം മനസമായി ഉദ്യോഗഭരണം ചെയ്യാമെന്നു രാമയ്യങ്കാർ ആശംസിച്ചുകൊണ്ടിരുന്നു. എന്നാൽ രാജ്യഭരണസംബന്ധമായി താൻ ചെയ്ത പ്രയത്നത്തിൻെറ ഫലം അനുഭവിക്കത്തക്കവണ്ണം അവിടെ ഇരിക്കുന്നതിനു തനിക്ക് ഇടയായില്ല. ശ്രീമൂലം തിരുനാൾ മഹാരാജാവിനു കീഴിൽ രാമയ്യങ്കാർ ഒരു കൊല്ലത്തിലധികം ഇരുന്നു, തന്നാൽ അവിടെ മുമ്പേതന്നെ ഏർപ്പെട്ട

ത്തപ്പെട്ട സർവ്വേയും സെറ്റിൽമെൻറും അതി ശ്രഷ്ഠാന്തിയോടുകൂടി നടത്തിയതിനാൽ, താൻ തിരുവിതാംകൂർ വിട്ട സമയം, രണ്ടു താലൂക്കുകളിൽ സെറ്റിൽമെൻറു പ്രവൃത്തി മുഴുവൻ ചെയ്യപ്പെട്ടു. തിരുവിതാംകൂറിലെ ഉദ്യോഗത്തിൽനിന്നു രാമയ്യങ്കാർ പിരിഞ്ഞ സമയം, അദ്ദേഹം ഉദ്യോഗത്തിലിരുന്ന ആറു കൊല്ലംകൊണ്ടു തിരുവിതാംകൂർ രാജ്യവാസികളുടെ ക്ഷേമാഭിവൃദ്ധിക്ക് ഒരു ഉപജീവനത്തെ ഉണ്ടാക്കി എന്നും, അതിന്റെ ഫലം മേലാൽ അനുഭവത്തിൽ വരുന്നതാണ് എന്നും, അടുത്തു നാടു നീങ്ങിയ മഹാരാജാവു്, അദ്ദേഹത്തിനയച്ച ഒരു കത്തിൽ സമ്മതിച്ചു പറഞ്ഞു. രാമയ്യങ്കാരുടെ സ്ഥൈര്യത്തോടുകൂടിയ രാജ്യഭരണത്താൽ ഗവർമ്മേണ്ടുദ്യോഗസ്ഥന്മാരുടെ സാധാരണമായ ഉദ്യോഗഭരണക്രമവും അവരെക്കൊണ്ടുള്ള പ്രയോജനവും ഒരുപ്പാടെ പരിഷ്കൃതമായി ഭവിച്ചു എന്നു ബ്രിട്ടീഷ് റസിഡൻറും സമ്മതിച്ചു പറഞ്ഞു. ക്രമപ്രകാരം രാമയ്യങ്കാർ തിരുവിതാംകൂറിൽനിന്നും പെൻഷൻ വാങ്ങി പിരിഞ്ഞു. നല്ലവണ്ണം പ്രവൃത്തിയെടുത്തു സമ്പാദിച്ചതായ ഈ വിശ്രമസമയത്തെ, മതവിഷയങ്ങളായ ഗ്രന്ഥങ്ങളെ വായിച്ചിട്ടും വിദ്യാസംബന്ധമായി ഓരോ പ്രവൃത്തികളെ ചെയ്തിട്ടും, കഴിച്ചുകൂട്ടേണ്ടതാണെന്നു വിചാരിച്ചു, രാമയ്യങ്കാർ മദ്രാസിൽ വന്നു സ്ഥിരമായിത്താമസിച്ചു. എന്നാൽ മേയ്മാസത്തിലെ ഉഷ്ണക്കാഠിന്യത്താൽ തനിക്കു പെട്ടെന്നു് അജീർണകരമായ ഒരു ചെറിയ പനി തുടങ്ങി. അതിൽനിന്നു തന്നെ രക്ഷിക്കുന്നതിനു വൈദ്യന്മാരാൽ കഴിഞ്ഞില്ല. അതു വേഗത്തിൽ മരണഹേതുവായിത്തീരുകയാൽ, രാമയ്യങ്കാരുടെ വിശ്രമകാലപ്രവൃത്തികളുടേയും, വിവിധങ്ങളായ പരിചയജ്ഞാനങ്ങളുടേയും, ഫലങ്ങളെ അനുഭവിക്കുന്നതിനു മദ്രാസിനു സംഗതി വന്നില്ല.

രാമയ്യങ്കാർ പുസ്തകങ്ങളെ വായിക്കുന്നതിൽ അമിതയായ ആസക്തിയോടുകൂടിയവനായിരുന്നു. ഇംഗ്ലണ്ടിൽനി

ന്നു ചില നൂതനപുസ്തകങ്ങളെ വങ്ങുന്നതായോ, സ്ഥലത്തുള്ള പുസ്തകശാലകളിൽനിന്നു ചില പുതിയ പുസ്തകങ്ങളെ വാങ്ങുന്നതായോ, താൻ യാതൊരു മാസത്തിലും ഇരുന്നില്ല. തന്റെ പുസ്തകങ്ങൾ മുഴുവനും തന്റെ മരണാനന്തരം തന്റെ ജ്യേഷ്ഠൻ പല്ലവപ്പകാരുള്ളിലേക്കു സമ്മാനമായി നൽകപ്പെട്ടിരിക്കുന്നു. തന്റെ പ്രിയപ്പെട്ട പുസ്തകങ്ങളെ, അവ തന്നാൽ സൂക്ഷ്മത്തോടുകൂടി വായിക്കപ്പെട്ടവയാണെന്നു കാണിക്കുന്ന ലക്ഷണങ്ങളോടുകൂടി ആ കാരുള്ളിൽ ഇപ്പോഴും കാണാവുന്നതാണ്. രാമയ്യങ്കാർ വിചാരശീലനും, മിതഭാഷകനും, പഠനപ്രിയനും, പ്രവൃത്തി നടത്തുന്നതിൽ വളരെ കൃത്യത്തോടുകൂടിയവനും ആയിരുന്നു. സകല കാര്യങ്ങളും, നല്ല ക്രമത്തോടും, വ്യവസ്ഥയോടും കൂടി ചെയ്യുന്നതിൽ, തനിക്കു വളരെ പ്രതിപത്തിയുണ്ടായിരുന്നു. അപ്രകാരം ചെയ്യുന്നതിൽ വൈമുഖ്യമുള്ള ഗുണങ്ങളെക്കുറിച്ചു തന്റെ അധികാരത്തിൻ കീഴിൽ വന്നിട്ടുള്ള സകല ആളുകളോടും താൻ പ്രസംഗിച്ചിരുന്നു. തന്റെ സഭാവവും സംസാരവും എല്ലായ്പോഴും ന്യായാനുസാരണമായിട്ടുള്ളതായിരുന്നു. അനാവശ്യമായും അതിശയോക്തിയായും സംസാരിക്കുന്നതു തനിക്കു വിരോധമായിട്ടുള്ളതായിരുന്നു. തനിക്കു വേറെ ഒരു സ്വഭാവഗുണമുണ്ടായിരുന്നതു, യാതൊരു കാര്യത്തെയും പരിക്ഷിച്ചറിയാതെ വിശ്വസിക്കാത്തതായിരുന്നു. സ്വകാര്യസംബന്ധമായും ഉദ്യോഗസംബന്ധമായും താൻ എഴുതിട്ടുള്ള കടലാസുകളിൽനിന്നു, യാതൊരു കാര്യത്തെക്കുറിച്ചും താൻ ആദ്യമായി ആവശ്യപ്പെട്ടതു്, ഈതു വാസ്തവമാണെന്നു കാണിക്കുന്ന ലക്ഷ്യങ്ങളെ തന്നെ ബോധപ്പെടുത്തുന്നതിനായിരുന്നു എന്നു കാണാവുന്നതാണ്. തന്റെ ഇഷ്ടങ്ങളും അനിഷ്ടങ്ങളും പ്രബലങ്ങളായിട്ടുള്ളവയായിരുന്നു. എന്നാൽ തന്റെ തെറ്റുകളെക്കുറിച്ചു തനിക്കു ബോധമുണ്ടാകുമ്പോൾ, അവയെ തനിക്കു തിരുത്താൻ കഴിയുമെന്നുള്ള വിചാരം തനിക്കു പ്രീതികരമായിരുന്നു. തന്റെ കീഴിലുള്ളവർക്കു താൻ ശാസനാനിഷ്ഠയുള്ള ഒരു യജമാനനായിരുന്നു. മറ്റുള്ളവരെക്കുറിച്ചു താൻ അഭിപ്രായപ്പെടുന്നതു് എന്തായും നിർദ്ദാക്ഷിണ്യമാ

യ ഒരു പ്രമാണത്തെ അനുസരിച്ചായിരുന്നു. അതിനാൽ തന്നോട് ഇടപെട്ടിട്ടുള്ള ചില ആളുകൾക്ക്, അവരെ വേണ്ടിടത്തോളം മുഖാടയോടും ദയയോടും താൻ ഉപചരിച്ചില്ലെന്നു വാസ്തവമായി തോന്നുന്നതിനും, അതു ഹേതുവായിട്ടു താൻ അവരാൽ സ്നേഹിക്കപ്പെടാത്തവനായിത്തീർന്നതിനും സംഗതിയായിട്ടുണ്ട്.

സ്വഭാവവശാൽ രാമയ്യങ്കാർ ഒരു പ്രാചീന നടപടിപ്രിയനായിരുന്നുവെങ്കിലും, സാധാരണത്തിൽ ധൃതിപ്പെടുക എന്നുള്ളതായിരുന്നു താൻ അനുഷ്ഠിച്ച പ്രമാണം. താനായിരുന്നു, മദ്രാസിൽ യൂറോപ്യന്മാരുടെ മാതിരിയിൽ സ്വന്തം ഭവനത്തെ വെക്കുകയും, തന്റെ കുടുംബത്തിലുള്ള സ്ത്രീകളെ ഇംഗ്ലീഷ് ഭാഷയും ഇംഗ്ലീഷ് സംഗീതവും പഠിപ്പിക്കുകയും, യൂറോപ്യന്മാരെ തന്റെ ഗൃഹത്തിൽ ക്ഷണിച്ചുവരുത്തി വിരുന്നു കൊടുക്കുകയും, ചെയ്ത ആദ്യത്തെ നാട്ടുകാരൻ. യൂറോപ്യന്മാർക്കും നാട്ടുകാർക്കും തമ്മിൽ സംസർഗ്ഗം ചെയ്യുന്നതിന് അധികം സൗകര്യം ഉണ്ടാകുന്നതിലേക്കായി, മദ്രാസ് ഗവർണ്ണരായ നേപ്പിയർ പ്രഭുവിന്റെ അനുഗ്രഹപ്രകാരം, മദ്രാസ് കോസ്മോപ്പോളിറ്റൻ ക്ലബ്ബ് സ്ഥാപിച്ചതു പ്രധാനമായി തന്റെ പ്രയത്നംകൊണ്ടായിരുന്നു. താനായിരുന്നു ആ ക്ലബ്ബിന്റെ ആദ്യത്തെ സെക്രട്ടെറിയായിരുന്നതു്. എന്നു മാത്രമല്ല, താനായിരുന്നു നിയമനിർമ്മാണസഭയിൽ സാമാജികന്മാർ അധികം ചേരുന്നതാണെന്നും, ഗവർമ്മെൻറിലെ വരുമാനവിലവു കണക്കിനെക്കാളധികം വാടപ്രതിവാദം ചെയ്യുന്നതാണെന്നും, സാമാജികന്മാർക്കു ഗവർമ്മെന്റോടു ചോദ്യം ചോദിക്കുന്നതിനുള്ള അധികാരം കൊടുക്കുന്നതാണെന്നും, ആദ്യം ഗവർമ്മെന്റോടു് അപേക്ഷിച്ചതെന്നു പറയുന്നതിൽ അക്കാലം ആശ്ചര്യം തോന്നാതിരിക്കുന്നതല്ല. മേല്പറഞ്ഞ അധികാരങ്ങൾ പ്രജകൾക്കു നൽകുന്നതിനു ഗവർമ്മെന്റിന് എത്രയോ കാലം വേണ്ടിവന്നു. തിരുവിതാംകൂറിൽ തന്റെ ഭവനത്തിൽ താൻ ഇരിക്കുന്നതിന് എനിക്കായി ഇംഗ്ലീഷുകാരുടെ 'നമ്മുടെ ആശ്രയം' എന്നു സചിത്രപത്രികകളിൽ അച്ചടിച്ചതായ ഒരു ചിത്രം കടലാസ്സ് എപ്പോഴും പതിച്ചിട്ടുണ്ടായിരുന്നു.

സി. വി. രംഗാചാർലു.

ചെട്ടിപ്പുണിയം വീരവല്ലിംഗ ചാർലു എന്നവർ 1-ാം വർഷത്തിൽ നെല്ലൂർപ്പേട്ട ജില്ലയിലുള്ള ഒരു ഗ്രാമത്തിൽ ജനിച്ചു. താൻ നെല്ലൂർപ്പേട്ട ജില്ലാക്കോടതിയുടെ ആഫീസ്സിൽ ഒരു ക്ലാർക്കായിരുന്ന, സി. രാഘവാചാര്യരുടെ മകനായിരുന്നു. ശിശുവായിരുന്നപ്പോൾ യാദൃച്ഛികമായി സംഭവിച്ച ഒരു അപകടത്തിൽ, അല്പം തെറ്റിയെങ്കിൽ, താൻ അകപ്പെട്ടുപോകുമായിരുന്നു. തന്നോടുകൂടി തന്റെ അമ്മ ഒരു വണ്ടിയിൽ യാത്രചെയ്കയായിരുന്നു. ആ വണ്ടി അകപ്പാടെ മറിഞ്ഞുപോയി. വണ്ടി മറിയുന്നതിന് അല്പം മുമ്പിൽ തന്റെ സഹോദരൻ തന്റെ അമ്മയുടെ മടിയിൽ നിന്നു തന്നെ എടുത്തു മാറിയതുകൊണ്ടുമാത്രം, തന്റെ അംഗങ്ങൾക്കും ജീവനും വലുതായ അപായം സംഭവിക്കാതെ, താൻ രക്ഷപ്പെട്ടു. രംഗാചാർലുവിന്റെ അച്ഛനു തന്റെ ചുരുങ്ങിയ മാസപ്പടിയല്ലാതെ വേറെ യാതൊരു വിധത്തിലും യാതൊരു സ്വത്തും ഉണ്ടായിരുന്നില്ല. തനിക്കു തന്റെ മകനെ നല്ലവണ്ണം ഇംഗ്ലീഷു പഠിപ്പിക്കേണമെന്നു വലിയ ആഗ്രഹമുണ്ടായിരുന്നു എന്നാൽ തന്റെ പണത്തിന്റെ ചുരുക്കംകൊണ്ട് അതു തനിക്ക് അസാദ്ധ്യമാണെന്ന് ഏകദേശം തീർച്ചപ്പെടുത്തേണ്ടി വന്നു. അങ്ങനെയിരിക്കുമ്പോൾ, രംഗാചാർലുവിന്റെ ഭാഗ്യമെന്നു പറയണ്ടു, തന്റെ അച്ഛന്റെ സഹോദരന്മാരിൽ ഒരാൾ മരിക്കയും അദ്ദേഹത്തിന്റെ മരണാനന്തരക്രിയാദികൾ രംഗാചാർലുവിന്റെ പഠിപ്പിനെ സംബന്ധിച്ച ചെലവുചെയ്യേണ്ടതിലേയ്ക്കായി ഒരു കുറഞ്ഞ സംഖ്യയായ വീതം ഉറുപ്പിക ഒരു മുതലായി ലഭിക്കയും, ചെയ്തു. ഈ സംഖ്യ രംഗാചാർലുവിന്റെ അച്ഛന്റെ ധനാഭിവൃദ്ധിയെ കാണിക്കുന്നതിനു വളരെ ഉപകരിച്ചു എന്നുള്ളതിനു സംശയമില്ല; എങ്കിലും ഈ രംഗാചാർ

ളുവിനെ മദ്രാസിൽ അയച്ചു പഠിപ്പിക്കുന്നതിനു വേണ്ടിട്ടോളം മതിയായതായി വന്നില്ല. അതിനാൽ രംഗാചാർളുവിന്റെ അച്ഛൻ പിന്നേയും സംശയിച്ചിരുന്നു. അപ്പോൾ നാട്ടുകാരിൽ ആദ്യം മദ്രാസിൽ മാജിസ്ട്രേറായ വീ. രാഘവാചാര്യർ വേണ്ട സഹായവും സംരക്ഷയും നൽകാമെന്നു തക്കസമയത്തിൽ ചെയ്ത വാഗ്ദാനത്താൽ, രംഗാചാർളുവിന്റെ അച്ഛന്റെ അഭൈര്യം മുഴുവൻ നീങ്ങുകയും, വിദ്യാഭ്യാസത്തിനായി രംഗാചാർളു മദ്രാസിലേയ്ക്ക് അയക്കപ്പെടുകയും ചെയ്തു.

സ്കൂളിൽ പഠിച്ചിരുന്ന കാലത്തു രംഗാചാർളുവിനു പ്രായത്തിൽ കവിഞ്ഞ സാമർത്ഥ്യത്തോടുകൂടിയ ഒരു കുട്ടിയാണെന്നുള്ള പ്രശസ്തിയുണ്ടായിരുന്നു. തന്നെക്കാൾ പ്രായമുള്ളവരായ തന്റെ സംബന്ധക്കാർ ചതുരംഗം കളിക്കുമ്പോൾ, താൻ പലപ്പോഴും അവരുടെ അടുത്തു ചെന്നിരുന്നു നിശ്ശബ്ദമായി കളി നോക്കിക്കൊണ്ടിരിക്കും. ഈ രാജകീയമായ കളിയിൽ താൻ എത്രയും സമർത്ഥനായിത്തീർന്നതിനാൽ, വല്ല കുട്ടിക്കളേയും ഇളക്കിക്കളിക്കുന്നതിനു കളിക്കാരിൽ ആരെങ്കിലും വിഷമിച്ചു കഴങ്ങുമ്പോൾ, അവർ കളി നോക്കിക്കൊണ്ടിരിക്കുന്ന കുട്ടിയായ തന്നോട് എന്താണു നിവൃത്തിയെന്നു് ആലോചിക്കുകയും, താൻ തൽക്ഷണം നിവൃത്തിമാർഗ്ഗം പറഞ്ഞുകൊടുക്കുകയും, ചെയ്യാറുണ്ടായിരുന്നു. സ്കൂൾകുട്ടിയായിരുന്ന കാലത്തു രംഗാചാർളുവിനു പഠിക്കുന്നതിനേക്കാളും കളിക്കുന്നതിനായിരുന്നു അധികം ശ്രദ്ധയുണ്ടായിരുന്നതു്. എന്നാൽ തനിക്ക് അസാമാന്യമായ ബുദ്ധിശക്തിയുണ്ടായിരുന്നതിനാൽ, താൻ കഠിച്ച മാത്രമേ തന്റെ സമയത്തെ പഠിപ്പിലേയ്ക്കായി ഉപയോഗിച്ചുള്ളുവെങ്കിലും, ആ പഠിപ്പുകൊണ്ടു തന്റെ സഹപാഠികളിൽ മിക്കവാറും എല്ലാവരുടേയും എത്രയോ മുകളിൽ കയറുന്നതിനു തനിക്കു സാധിച്ചു. താൻ ആദ്യം പഠിച്ചതു പച്ചയ്യപ്പാ സ്കൂളിലും, തന്റെ ആദ്യത്തെ ഗുരുനാഥനായിത്തീർന്നതു പ്രിയജ്ഞാനതമു

ലിയർ എന്നൊരാളും, ആയിരുന്നു. തന്റെ ഈ ആദ്യഗുരുനാഥനെക്കുറിച്ചു തനിക്ക് എല്ലുംപോഴും സ്നേഹവും ബഹുമാനവും ഉണ്ടായിരുന്നു. എന്നു മാത്രമല്ല, അദ്ദേഹം മദ്രാസിലും മൈസൂറിലും ഉള്ള സ്കൂളുകളിൽ ചെറിയ കുട്ടികളെ പഠിപ്പിക്കുന്നതിനായി ഭരമേൽക്കുന്ന ഗ്രന്ഥകർത്താക്കൾ കണ്ടുപിടിക്കുന്നതിനുള്ള ഒരു ദൃഷ്ടാന്തമാണെന്നു താൻ പറയുകയും ചെയ്യാറുണ്ടായിരുന്നു. ഈ ഗുരുനാഥനു തന്റെ അവസാനത്തെ കൊല്ലങ്ങളിൽ വാർദ്ധക്യംകൊണ്ടു സ്കൂളിൽ പഠിപ്പിക്കുന്നതിനു കഴിയാതെയായിത്തീർന്നപ്പോൾ, തന്റെ ഗുരുതുല്യമുള്ള ശിഷ്യനായ രംഗാചാർയ്യ കുറച്ചകാലം തെറ്റാതെ തനിക്കു ധനസഹായം ചെയ്തുകൊണ്ടിരുന്നു. രംഗാചാർയ്യ പിന്നെ മദ്രാസു ഹൈസ്കൂളിലേയ്ക്കു മാറുകയുണ്ടായി. ആ സ്കൂളിലെ അദ്ധ്യക്ഷനായ പെഴ്വൽ സായ്പ് രംഗാചാർയ്യരുടെ ബുദ്ധിസാമർത്ഥ്യവും, മേലാൽ താൻ കേമനായിത്തീരുന്നതാണെന്നു കാണിക്കുന്ന ലക്ഷണങ്ങളും, ഉള്ള ഒരു വിദ്യാർത്ഥിയായിക്കണ്ടതിനാൽ, ആ കുട്ടിക്കു മാസംതോറും പതിനഞ്ചുറുപ്പിക സ്കോളർഷിപ്പു കൊടുക്കുകയും, ആ കുട്ടി അതിനെ സാധീകരിക്കുകയും, ചെയ്തു. പെഴ്വൽ സായ്പിന്റെ അദ്ധ്യാപനത്താൽ രംഗാചാർയ്യരുടെ ബുദ്ധി വികസിതയായിത്തീർന്നു. തന്റെ സഹാദ്ധ്യായികളേക്കാൾ തൻ വളരെ അധികം സമർത്ഥനായിരുന്നതിനാൽ, അവരുടെ ഉൽകണ്ഠയുടെ പാത്രമായതു തന്റെ രണ്ടാമനായിരുന്നാൽ മതിയെന്നു മാത്രമാഗ്രഹിച്ചിരുന്നു. ഫ്രവർ-ാം വർഷത്തിന്റെ ആദ്യംവരെ രംഗാചാർയ്യ മദ്രാസു ഹൈസ്കൂളിൽ പഠിച്ചു. അപ്പോൾ താൻ വളരെ മാന്യതയോടുകൂടി 'പ്രൊഫീഷിയൻസി' എന്ന സ്ഥാനപരീക്ഷയിൽ ജയിക്കുകയും, ഒരു ഒന്നാം ക്ലാസ്സു സർട്ടിഫിക്കേറ്റു വാങ്ങുകയും, ചെയ്തു. പെഴ്വൽ സായ്പിനു രംഗാചാർയ്യരുടെനേരെയുണ്ടായിരുന്ന ബഹുമാനം വളരെ വലുതായിരുന്നു; എന്തെന്നാൽ, പിൻകാലങ്ങളിൽ ഒരിക്കൽ ഒരു പബ്ലിക് പരീക്ഷയിൽ ചേരുവാൻ പോകു

ന്നു എന്ന് അദ്ദേഹം ആ സായ്പിനെ അറിയിച്ചു. അതും, ആ സായ്പ് താഴെ പറയുംപ്രകാരം അദ്ദേഹത്തിനു കത്തു മറുപടി അയച്ചു: — 'നിങ്ങൾ പരീക്ഷാപ്പോക്കിൽ കടക്കാതിരുന്നതും, ഈ സ്കൂളിന്റെ യശോരക്ഷാർത്ഥമായി യുദ്ധം ചെയ്യുന്നതിനും, തിരിച്ചുപോകാതിരിക്കുന്നതുകൊണ്ടു പ്രത്യേകിച്ച് എനിക്കു നിങ്ങളോടു കൃതജ്ഞത തോന്നുന്നു. നിങ്ങൾക്കു സാമർത്ഥ്യവും, അതോടുകൂടി ഉത്സാഹശക്തിയും വിവേകബുദ്ധിയും, ഉണ്ട്. നിങ്ങൾ വിജയിയായി ഭവിക്കുമെന്നുള്ളതിനു യാതൊരു സംശയവും ഇല്ല.'

രംഗാചാർയുവിന്റെ ശ്രോതോവാഹകൂടിയ സ്കൂൾഭരിപ്പും അനന്യസാധാരണബുദ്ധിശക്തിയാൽ അദ്ദേഹം സമ്പാദിച്ച യശസ്സും ഹേതുവായിട്ട്, മദ്രാസു സിവിൽസർവീസിലെ എല്ലീസു സായ്പിനു അദ്ദേഹത്തെക്കുറിച്ചു വളരെ നല്ല അഭിപ്രായം തോന്നിയതിനാൽ, അദ്ദേഹം സ്കൂൾ വിട്ട ഉടനെ, മദ്രാസു കളക്ടർ കച്ചേരിയിൽ ഒരു ഗുമസ്തന്റെ ക്ലാർക്കായി അദ്ദേഹത്തെ ആ സായ്പ് നിശ്ചയിച്ചു. ആ ആക്ടിങ്കാലം കഴിയുന്നതിനു മുമ്പിൽ അദ്ദേഹം ചെങ്കൽപ്പേട്ട കളക്ടർ കച്ചേരിയിൽ ഒരു സ്ഥിരം ക്ലാർക്കായി നിയമിക്കപ്പെട്ടു. ചെങ്കൽപ്പേട്ടയിൽനിന്ന് അദ്ദേഹത്തിനെ കയറാം കൊട്ടയ്ക്കു സേലത്തേയ്ക്കു മാറി. അവിടെ അദ്ദേഹം ഹെഡ് ക്ലെറാർയിത്തീർന്നു. ഏകദേശം ഈ സമയം അദ്ദേഹം രണ്ടു ചെറിയ പുസ്തകങ്ങൾ എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തി. ഒന്നു 'രചനാ ഡിപ്പാർട്ടുമെൻറിലുള്ള കൈക്കുലിയും കെടുമതിയും' എന്ന വിഷയത്തെക്കുറിച്ചും, മറ്റേതു്, അക്കാലത്തു വളരെ പ്രബലമായി വാദപ്രതിവാദം നടന്നുകൊണ്ടിരുന്ന 'ചെങ്കൽപ്പേട്ടജില്ലയിലും തഞ്ചാവൂർ ജില്ലയിലും ഉള്ള മിറാസി അവകാശങ്ങൾ' എന്ന വിഷയത്തെക്കുറിച്ചും, ആയിരുന്നു. രംഗാചാർയുവിനു പിന്നെ സിദ്ധിച്ച കയറാം സൈദാപ്പേട്ട താസിൽദാർ ഉദ്യോ

ഗം ആയിരുന്നു. ആ ഉദ്യോഗത്തിൽ അദ്ദേഹം രണ്ടു കൊ
ല്ലം ഇരുന്നു. സൈദാപ്പേട്ടയിൽനിന്ന് അദ്ദേഹത്തെ നെ
ല്ലൂർ കളക്ടർ കച്ചേരിയിൽ ശിരസ്തദാർക്കുടുത്ത ഒരു ഉദ്യോ
ത്തിലേയ്ക്കു മാറ്റുകയും, അവിടെ അദ്ദേഹം വേഗം ഫെഡ്
ശിരസ്തദാരായി നിശ്ചയിക്കപ്പെടുകയും, ചെയ്തു. പ്രവർത്തൻ-ാം
വർഷത്തിൽ അദ്ദേഹം മദ്രാസു പ്രൈസിഡൻസിയിൽ പുതു
തായി ഏർപ്പെടുത്തപ്പെട്ട ഇന്നാം കമ്മിഷന്റെ പ്രൈസി
ഡെൻറായ ജീ എൻ ടെയിലർ സായ്പിന്റെ സ്പെഷ്യൽ അ
സിസ്റ്റൻറായി നിശ്ചയിക്കപ്പെട്ടു. രംഗാചാർലു തന്റെ സാ
മർത്ഥ്യവും പാരമാർത്ഥ്യവുംകൊണ്ടു പ്രസിദ്ധനായിത്തീരുകയും,
ടെയിലർ സായ്പിന്റെ വിശ്വസ്തതയെ സമ്പാദിക്കുകയും,
ചെയ്തു. ഈ ഉദ്യോഗത്തിൽ അദ്ദേഹം ഒരു ഏഴു കൊല്ല
ത്തിലധികം പണിയെടുത്തു.

ഇന്നാം കമ്മിഷനെ സംബന്ധിച്ചുള്ള ടെയിലർ സായ്പി
ന്റെ പ്രവൃത്തി മുഴുവനും കഴിഞ്ഞ ശേഷം, മദ്രാസു ഗവ
ൺമേൻറിൽനിന്ന് ആ സായ്പിനെ തിരുത്തി നടത്തുന്ന കാര്യ
ത്തെക്കുറിച്ച് അന്വേഷിച്ചു റിപ്പോർട്ടുചെയ്യുന്ന പ്രത്യേകപ
ണിക്കായി നിശ്ചയിച്ചു. ഈ പുതിയ പണി നടത്തുന്നതി
നു കണക്കിൽ നല്ല പരിചയം ആവശ്യമാകയാൽ, ആ സാ
യ്പു രംഗാചാർലുവിനെ തന്റെ സഹായിയായി തിരഞ്ഞെടു
ത്തു. രംഗാചാർലു ഈ ഉദ്യോഗത്തെ, തന്റെ അത്യന്തം
സ്നേഹത്തിലും സംബന്ധത്തിലും ഉള്ളവരോടുപോലും ആലോ
ചിക്കാതെ സ്വീകരിച്ചു. എന്നാൽ അദ്ദേഹം ഗൃഹത്തിൽ
വന്ന ശേഷം, ടെയിലർ സായ്പിനോടു് അദ്ദേഹം ചെയ്ത യാ
ചനയെ അദ്ദേഹത്തെക്കൊണ്ടു ലംഘിപ്പിക്കുന്നതിനായി
അദ്ദേഹത്തിന്റെ ഭാര്യകൾ ശ്രമിച്ചു. മേല്പറഞ്ഞ യാചന
പ്രകാരം പ്രവർത്തിക്കുന്നതിനു സമുദ്രത്തിൽക്കൂടി യാത്രചെയ്യ
കല്പനയായിൽ പോകേണ്ടതായിരുന്നു. രംഗാചാർലുവിനെ
പ്പോലെ ഒരു ശ്രേഷ്ഠകുലത്തിലുള്ള ബ്രാഹ്മണൻ കല്പനയാ
ലേയ്ക്കു് ഒരു കപ്പലിൽ കയറി യാത്രചെയ്യുന്നതായിരുന്നാൽ,

അതു് അത്യന്തം ദോഷകരമായ ഒരു ദുഷ്പ്രചാരമായിത്തീരുന്നതാണെന്നു, രംഗാചാർലുവിനോടു പ്രബലമായി പ്രസ്താവിച്ചു. എന്നാൽ രംഗാചാർലു അക്കാലത്തുള്ളവരെക്കാളും എത്രയോ അധികം പരിഷ്കൃത ബുദ്ധിമാനായിരുന്നതിനാൽ ജാതിഭ്രഷ്ടതയാലുള്ള ഭയങ്കരഫലങ്ങളെ തൃണത്തോളം പ്രമാണിച്ചില്ല. അദ്ദേഹം ടെയിലർ സായ്പിന്റെ ഒരുവിധ കല്പനയായിട്ടേയ്ക്കും, പ്രവൃത്തി സംബന്ധമായി മറേറതു പ്രദേശങ്ങളിലേയ്ക്കു് അവർ പോകുമ്പോഴെല്ലാം, അവിടെക്കെല്ലാം പോകുകയും, തന്റെ പാരമാർത്ഥതയും ഉൽകൃഷ്ടമായ ബുദ്ധിസാമർത്ഥ്യത്തേയും വീണ്ടും വീണ്ടും കാട്ടി കായ്യങ്ങളെ സംബന്ധിച്ചു പുതുതായി ദൃഷ്ടാന്തപ്പെടുത്തിക്കൊണ്ടിരിച്ചു്, തന്റെ മേലധികാരിയുടെ മനസ്സിൽ താൻ മുമ്പെതന്നെ ജനിപ്പിച്ചിട്ടുണ്ടായിരുന്ന അനുകൂലാഭിപ്രായത്തെ പ്രബലീകരിക്കുകയും, ചെയ്തു. തന്റെ പ്രവൃത്തിയെ വിശ്വസ്തതയോടും തൃപ്തികരമാംവണ്ണവും ചെയ്തു തീർത്തിട്ടു്, താൻ മദ്രാസിലേയ്ക്കു മടങ്ങി രംഗാചാർലുവിനെക്കുറിച്ചു ടെയിലർ സായ്പിനു് എത്രമാത്രം സമ്മതമുണ്ടായിരുന്നുവെന്നു താഴെ ചേർക്കുന്ന ആ സായ്പിന്റെ ഒരു കത്തിലെ ഭാഗത്താൽ നല്ലവണ്ണം സ്പഷ്ടമാകുന്നു. 'രംഗാചാർലു ഫൂർൺ-ൽ സ്കൂൾ വിട്ടു ഗവർമ്മെൻറു ദോഗത്തിൽ ചേർന്ന കാലം മുതലേക്കു, അദ്ദേഹത്തിനും എനിക്കും തമ്മിൽ വളരെ അടുത്ത പരിചയമുണ്ടായിരുന്നു. ഞങ്ങൾക്കു് അന്യോന്യം ഉള്ള ആദരവിനു് അവസാനംവരെയായതൊരിക്കലും കുറവു ഭവിച്ചിട്ടില്ല. ആദ്യം ഉദ്യോഗത്തിൽ പ്രവേശിക്കുന്നതിനോ, പിന്നിടു് ഉദ്യോഗത്തിൽ കയറാം കിടുന്നതിനോ, ഞാൻ അദ്ദേഹത്തിനു സഹായം ചെയ്തതിനു് അദ്ദേഹം എനിക്കോടു വല്ല വിധത്തിലും കടപ്പെട്ടിട്ടുണ്ടെങ്കിൽ, ആ കടം അദ്ദേഹം, തന്റെ സ്ഥിരയായും അക്ഷീണയായും ഉള്ള പ്രവൃത്തിശക്തിയാൽ ധാരാളമായി വീട്ടിയിരിക്കുന്നു. ഉദ്യോഗസംബന്ധമായി ഞങ്ങൾ തമ്മിൽ കൂടെക്കൂടെ കാലം മുഴുവനും, നാളുകളുടെ സുഖദുഃഖങ്ങളെക്കുറിച്ചുള്ള അ

ദ്ദേഹത്തിന്റെ ചടിപുടിന്നജ്ഞാനവും, അദ്ദേഹത്തിന്റെ വിശിഷ്ടമായ വിവേകബുദ്ധിയും, അത്യുത്തമ ദേശനത്തക്ക വിധത്തിലുള്ള കായ്പ്രാപ്തിയും, സാമർത്ഥ്യത്തോടുകൂടിയും ലോഭിക്കാതേകണ്ടും ഉള്ള സാഹായ്യവും, എപ്പോഴും എനിക്കു സഹായിയമായിരുന്നു. ചുരുക്കിപ്പറയുകയാണെങ്കിൽ, ഞങ്ങൾ രണ്ടാളും ചേർന്നു ചെയ്ത വിവിധങ്ങളായ കായ്യങ്ങളിൽ വല്ല വിജയവും എനിക്കു സമ്പാദിക്കുന്നതിനു സാധിച്ചിട്ടുണ്ടെങ്കിൽ, അതു് ഈ ദ്വിതീയന്റെ സ്ഥിരമായും സന്നദ്ധതയോടുകൂടിയും ഉള്ള സാഹായ്യത്താലാണെന്നാണു ഞാൻ വിശ്വസിക്കുന്നതു്.' ടെയിലർ സായ്പു പിന്നെ ഗവർണ്മെന്റ് ജനറലിന്റെ ആലോചനാസഭയിൽ മദ്രാസു സംസ്ഥാനത്തിലെ സാമാജികനായിത്തീർന്നു. ആ സമയം ആ സഭമുമ്പാകെ കൊണ്ടുവരപ്പെട്ട നിയമസംബന്ധങ്ങളായ വിവിധകായ്യങ്ങളെക്കുറിച്ചു് ആ സായ്പു് രംഗാചാർലുവിന്റെ അഭിപ്രായം ചോദിക്കുകയും, ആ അഭിപ്രായങ്ങളെ ആ സഭമുമ്പാകെ പ്രസ്താവിക്കുകയും ചെയ്തു. മദ്രാസിൽ മടങ്ങിവന്നതിന്റെ ശേഷം, രംഗാചാർലു മദ്രാസു റെയിൽവേകമ്പനിയുടെ കമ്മിഷണറായി നിയമിക്കപ്പെട്ട ഫ്രെന്സർ സ്, കടവാസുനാരായണയഡിപ്പിള്ളർട്ടുമാർ എപ്പോഴെത്തിയപ്പോൾ, രംഗാചാർലു കോഴിക്കോട്ടു ബ്രാഞ്ച് ഡെപ്യൂട്ടിക്കളക്ടറായിനിയമിക്കപ്പെട്ടു. ആ ഉദ്യോഗത്തിലിരിക്കുമ്പോൾ, ആ സമയം അവിടത്തെ കളക്ടറും, പിന്നെ തിരുവിതാംകൂറിലേയും കൊച്ചിയിലേയും ബ്രിട്ടീഷു റസിഡെൻറും, ആയ ജി. എ. ബാലഡ് സായ്പിന്റെ ആദരവിനെ അദ്ദേഹം സമ്പാദിച്ചു.

ഇതിനിടയ്ക്കു മൈസൂരിലെ കായ്യങ്ങൾ ആകപ്പാടെ തിരിഞ്ഞുമറിഞ്ഞു വഷളായിരുന്നു. രാജസ്ഥാനത്തിൽനിന്നു നീക്കപ്പെട്ട കൃഷ്ണരാജഉടയാൽ ദത്തെടുക്കപ്പെട്ട പുത്രൻ ആ രാജസ്ഥാനത്തിനു് അവകാശിയായി സമ്മതിക്കപ്പെട്ടു. ആ പുത്രനു പ്രായപൂർത്തിയാകുമ്പോൾ അദ്ദേഹത്തിനു രാജ്യം ഏൽപ്പിച്ചുകൊടുക്കേണ്ടതാണെന്നു തീർച്ചപ്പെടുത്തി. ഏ

ന്ന മാത്രമല്ല, ഇന്ത്യാരാജ്യഭരണം പാരമ്പര്യവും സമാധാനപരവും ക്ലേശരഹിതവുമായ രീതിയിൽ ചെയ്യപ്പെടണമെന്നുള്ള അഭിപ്രായത്തെ പ്രമാണമാക്കി പ്രസ്താവമായി വാദിച്ചവനെന്ന പ്രസിദ്ധനായ വിസ്കൗണ്ട് ബെർക്കൻഹെഡ് പ്രഭുവിനാൽ പോലും മുന്നറിക്കൽ പ്രഭാഷത്തിനിടയായിത്തീർന്നതുപോലെയുള്ള അപകടം വീണ്ടും മൈസൂർ രാജ്യത്തിനു സംഭവിക്കാതിരിക്കുന്നതിനു വേണ്ടി, യുവരാജാവിന്റെ, ഇംഗ്ലീഷ് പ്രജകളോടുകൂടിയ കൂടുതൽ പരിചയത്തിനാൽ ഉറപ്പിക്കപ്പെടേണ്ടതായ ഭാവിയിലെ കൃത്യങ്ങളെ സമുചിതമായി അനുഷ്ഠിക്കുന്നതിനും, സപ്രജകൾക്കു യാസ്തവമായ ക്ഷേമവും ഐശ്വര്യവും വരുത്തുന്നതായ വിധത്തിൽ രാജ്യഭാരം ചെയ്യുന്നതിനും, യോഗ്യതയുള്ളവനായിത്തീരത്തക്കവണ്ണമുള്ള വിദ്യാഭ്യാസവും സ്വഭാവപരിശീലനവും നൽകേണമെന്നും, തീർച്ചപ്പെടുത്തി. ഇന്ത്യാസ്റ്റേറ്റ് സെക്രട്ടരിയുടെ ഈ കല്പനയാൽ മൈസൂർ രാജ്യഭരണത്തിൽ ഉടനെ ചില ഭേദഗതികൾ വരുത്തേണ്ടതു് ആവശ്യമായിത്തീർന്നു. ബ്രിട്ടീഷ് ഗവർമ്മേൻറിനു വേണ്ടി ഈ കാലത്തു മൈസൂർ രാജ്യകാര്യം ഭരമേറ്റു നോക്കി പന്നിരുന്ന എൽ. ബ്രൗണിംഗ് സായ്പ്, മൈസൂർ കൊട്ടാരം സർവ്വാധികാരി ഉദ്യോഗം വഹിക്കുന്നതിൽ വിശ്വാസ്യനായ കൂടെ മദാസുകാരനെ ആയക്കുന്നതിനു് എല്ലിസ് സായ്പിനു് എഴുതി. രംഗാചാർലു ആ ഉദ്യോഗത്തിനായി നിശ്ചയിക്കപ്പെട്ടു. അദ്ദേഹം ആ ഉദ്യോഗത്തെ സ്വീകരിച്ചു് ഏകദേശം മൈസൂർ ഗവർമ്മേൻറു സർവ്വീസിൽ ചേർന്നു. ഈ ഉദ്യോഗത്തിൽ പ്രവേശിച്ചു് അല്പം കഴിഞ്ഞ ഉടനെ, രംഗാചാർലുവിനെ സർവ്വാധികാരി ഉദ്യോഗം മാറിക്കുന്നതിനായിട്ടു കൊട്ടാരത്തിലുള്ള സകലജനസമക്ഷത്തുകൾക്കും, അവയിൽ കാരാന്നിന്റെയും ഉദ്ദേശവിലകൊണ്ടു്, കൂടെ കണക്കെഴുതിയുണ്ടാക്കുന്നതിനും ആ സത്തുകളിൽ പ്രധാനമായി മഹാരാജാവിന്റെ അനുഗ്രഹങ്ങളായ ആഭരണങ്ങളുടെയും മറ്റു വില പിടിച്ച സാധന

ങ്ങളേയും ഭദ്രമായി വെച്ചു സൂക്ഷിക്കുന്നതിനു വേണ്ട ഏർപ്പാടുകൾ ഉറപ്പിക്കുന്നതിനും, ആയി നിശ്ചയിച്ചു.

രംഗാചാർലു പിന്നെ കൊട്ടാരത്തിനുള്ളിലുള്ള കെയ്ങ്കര്യങ്ങളുടെ കുഴഞ്ഞ സ്ഥിതിയെ നേരെയാക്കുന്നതിൽ ശ്രദ്ധവെച്ചു. തന്റെ ഉദ്യോഗത്തെ സംബന്ധിച്ചു താനിതുവരെയിരുന്ന സ്ഥലമായ അധികാരത്തെ ഉപയോഗിച്ചു, കൊട്ടാരത്തിനുള്ളിൽ അധികമധികമായിക്കൊണ്ടിരുന്ന കെടുകെയ്ങ്കര്യങ്ങൾ കെല്ലാം അമർച്ച വരുത്തി. കൊട്ടാരം കെയ്യായ സ്വത്തുക്കളെക്കൊണ്ടു സമൃദ്ധിപുഷ്ടി വരുത്തിക്കൊണ്ടിരുന്ന കുട്ടനേകം ഉപയോഗമില്ലാത്ത മുഖസ്തുതിക്കാരെ കൊട്ടാരത്തിൽനിന്നു നീക്കി. ഇക്കാലം മൈസൂർ രാജകുമാരന്റെ ഗുരുനാഥനും സംരക്ഷകനും ആയിരുന്നതു കണ്ണൽ മാല്ലെസൺ സായ്പായിരുന്നു. ദുഷ്ടന്മാരായ ചില്ലറ ഉദ്യോഗസ്ഥന്മാരെ നീക്കി, കൊട്ടാരത്തെ ശുദ്ധമാക്കി വെക്കുന്നതിൽ രംഗാചാർലു പ്രദർശിപ്പിച്ച കയ്യുപ്രവൃത്തിയും അതിന്റെ സാഫല്യവും കണ്ടിട്ട്, മാല്ലെസൺ സായ്പിന് അദ്ദേഹത്തിന്റെ മേൽ സന്തോഷം തോന്നി. ആ സായ്പ് രംഗാചാർലുവിനു് അയച്ച താഴെ എഴുതുന്ന കത്തിൽ നിന്ന് അദ്ദേഹത്തെക്കുറിച്ച് ആ സായ്പിന് എത്ര വലുതായ ആദരവുണ്ടായിരുന്നു എന്നു കാണാവുന്നതാകുന്നു:— "നിങ്ങളുടെ എഴുത്തിൽനിന്നു് അപ്പുപ്പാടെ ധാനിക്കുന്ന മഹത്വത്തെക്കുറിച്ചു് എനിക്കു വിസ്മയം തോന്നി. അതു് എന്റെ ഹൃദയത്തിന്റെ അന്തർഭാഗത്തിലേയ്ക്കു നേരെ കടന്നു. മഹാരാജാവിന്റെ കരുതിച്ച നിലനിർക്കുവരുന്നതിനു നിങ്ങൾ തീർച്ചയാക്കിയിരിക്കുന്നുവെന്നു കേട്ടു ഞാൻ വളരെ സന്തോഷിക്കുന്നു. നിങ്ങൾ ചരിശ്രാന്തനായിരിക്കുമെന്നു് എനിക്കു് എളുപ്പത്തിൽ മനസ്സിലാക്കാവുന്നതാണു്. നിങ്ങൾ, നമ്മാൽ ചെയ്യപ്പെടേണ്ടതായ കാര്യത്തിന്റെ, ജീവനായിരിക്കുന്നു. നിങ്ങളോടു ഞാൻ എത്രമാത്രം കടപ്പെട്ടിരിക്കുന്നുവെന്നു് എനിക്കു പറവാൻ കഴിയുന്നതല്ല."

ഫ്രഞ്ചിൽ രംഗാചാർലു "ബ്രിട്ടിഷ് ഗവൺമെൻറിൻെറ മൈസൂർ രാജ്യഭരണം" എന്ന തലവാചകത്തിൽ പ്രശംസനീയമായ ഒരു ഉപന്യാസം എഴുതി ലണ്ടനിൽ പ്രസിദ്ധപ്പെടുത്തി. മേലാൽ ഉപയോഗമായിവരുന്ന സൂചനകൾ അടങ്ങിയ മറെറാരു ഉപന്യാസം പ്രസിദ്ധപ്പെടുത്തുന്നതാണെന്നു രംഗാചാർലു വാഗ്ദാനംചെയ്തു. എന്നാൽ ആ ഉപന്യാസം താൻ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. ഈ വാഗ്ദാനലംഘനത്തിനു പരസ്യമായ കാരണം മാത്രമേ ഉണ്ടായിരിക്കുവാൻ പാടുള്ളൂ അതു്, താൻ പ്രസിദ്ധപ്പെടുത്തേണമെന്നു വിചാരിച്ചിരുന്ന സൂചനകളെ തനിക്കുതന്നെ നേരിട്ടു നടത്തുന്നതിനു വേണ്ടുന്ന അധികാരവും സ്വാതന്ത്ര്യവും ഉള്ള ഒരു ഉദ്യോഗത്തിലേയ്ക്കു തനിക്കു കയറാം കിട്ടിയതായിരുന്നു മേല്പറഞ്ഞ ആദ്യത്തെ ഉപന്യാസം മൈസൂരിൽ പ്രസിദ്ധപ്പെടുത്തിയ ഉടനെതന്നെ ആ ഉപന്യാസകർത്താവു കേവലം കൊട്ടാരം സൂപ്രണ്ടിക്കാരിയപ്പോലെയായിത്തീർന്നു. അദ്ദേഹം പരിപൂർണ്ണമായ സാമർത്ഥ്യമുള്ള ഒരു പുരുഷനാണെന്നു സർവ്വരാലും സമ്മതിക്കപ്പെട്ടു. മൈസൂരിലെ ചീഫ് കമ്മിഷണറായ ഗാർഡൻ സായ്പു രംഗാചാർലുവിനെ തൻെറ റവന്യൂ സെക്രട്ടറിയായി തിരഞ്ഞെടുത്തു. അവർ രണ്ടാളുംകൂടി അനേകം പരിഷ്കാരങ്ങളും ഭേദഗതികളും നടപ്പാക്കി അതിനാൽ രാജ്യഭരണസംബന്ധമായ പണമെല്ലാം എത്രയോ ചുരുങ്ങി. മുമ്പിൽ ഒരോ പ്രവൃത്തി നടത്തുന്നതിനു മുമ്പു യൂറോപ്യന്മാരായ കമ്മീഷണർമാരെ നിശ്ചയിച്ചിരുന്ന അവശ്യകരം ആ പ്രവൃത്തി നടത്തുന്നതിനു റവന്യൂകമ്മീഷണറും സെക്രട്ടേറിയുമായി ഒരു നാട്ടുകാരനെ നിശ്ചയിച്ചു. ഡെപ്യൂട്ടി കമ്മീഷണർമാരുടെ മാസപ്പടി മുമ്പിൽ 1000 ഉറുപ്പിക മുതൽ പന്ത്രണ്ടു ഉറുപ്പിക വരെ ആയിരുന്നതിനെ 600 ഉറുപ്പിക മുതൽ 400 ഉറുപ്പിക വരെ ആക്കി കുറവു ചെയ്തു. മുമ്പിൽ ഒരു അസിസ്റ്റൻറ് കമ്മീഷണർ ഉദ്യോഗം ഉണ്ടായിരുന്നവയിൽ എട്ടെണ്ണം എടുത്തുകളഞ്ഞു. ബാക്കിയുള്ള ഫ്രഞ്ച് ഉദ്യോഗങ്ങൾക്കു ക്ലർക്കുതലായ മാസപ്പടിയോടു കൂടിയ യൂറോപ്യന്മാരുടെ പക

രം ക്രമമായ മാസപ്പടിയിൽ നാട്ടുകാരെ നിശ്ചയിച്ചു. മുമ്പിലത്തെ തോതനുസരിച്ച മാസപ്പടി വാങ്ങിയിരുന്ന ഡെപ്യൂട്ടി കമ്മിഷണർമാരിൽ നാലു പേരെ കഴിച്ചു മറ്റുള്ളവരെ കൈയൊഴിച്ചു. അവക്കു പകരം പ്രാപ്തന്മാരായ നാട്ടുകാരെ നിശ്ചയിച്ചു. ഇങ്ങനെ വലുതായ മാസപ്പടിയോടു കൂടിയ യൂറോപ്യന്മാക്കു പകരം ചുരുങ്ങിയ മാസപ്പടിയോടു കൂടിയവരെങ്കിലും കായ്പ്രാപ്തിയുള്ളവരായ നാട്ടുകാരെ നിശ്ചയിക്കേണമെന്നുള്ള പ്രമാണത്തെ അനുസരിച്ചു വിദ്യാഭ്യാസം, ഫാറസ്റ്റ് (വനം) മരാമത്തു മുതലായ രാജ്യഭരണത്തിന്റെ സകല ഡിപ്പാർട്ടുമെൻറുകളും പരിഷ്കരിക്കപ്പെട്ടു. ഇങ്ങനെ ഉദ്യോഗസ്ഥന്മാരുടെ എണ്ണവും മാസപ്പടിയും കുറച്ചതുകൊണ്ടും, പേരെ മാറ്റുന്നതിൽ അനേകം ചെലവുകളെ കുറച്ചതുകൊണ്ടും, രംഗാചാർലു സെക്രട്ടേരി ഉദ്യോഗം ഏറെ ആദ്യവർഷമായ ഫവുൽ-വും-ലെ ചിലവിനെ രണ്ടര ലക്ഷം ഉറുപ്പികയുടെ കുറവുണ്ടായിരുന്നു. ഇങ്ങനെ രംഗാചാർലുവിനെ റവന്യൂ സെക്രട്ടേറിയായി നിശ്ചയിച്ചു് അല്പകാലമായ കരുകൊല്ലം കഴിയുന്നതിനു മുമ്പിൽ, അദ്ദേഹത്തിനു ഗാർഡിൻ സാഹിബിന്റെ മേലന്വേഷണത്തിലും സാഹായ്യത്തോടുകൂടിയും, അനേകം പരിഷ്കാരങ്ങൾ ഏർപ്പെടുത്തുന്നതിനും, ചെലവു ചുരുക്കുന്നതിനും, സാധിച്ചു എന്നു കാണാവുന്നതാകുന്നു.

ഈ പ്രവൃത്തികളെ അഭിനന്ദിച്ചു് ഇൻഡ്യാഗവർമ്മേൻറു രംഗാചാർലുവിനു ഫവുവും-ൽ "സി. ഐ. ഇ." എന്ന ബഹുമാനസ്ഥാനം നൽകി. എന്നാൽ മൈസൂരിലെ ചില സ്വദേശികൾ അദ്ദേഹത്തിന്റെ ബുദ്ധിസാമർത്ഥ്യത്തെ താഴ്ത്തിപ്പറയുന്നതിനും അദ്ദേഹത്തിന്റെ വിശ്വസ്തകൃത്യങ്ങളെ ദോഷാരോപണം ചെയ്യുന്നതിനും തുനിഞ്ഞു. ഫവുലോ, ഫവുനെ-ലോ കൊട്ടാരത്തിൽനിന്നു ചില ആജ്ഞാങ്കൽ അദ്ദേഹത്തിനു സകായ്മയായി കൊണ്ടുപോയിക്കൊടുത്തു എന്നും, ആ സമയം കൊട്ടാരം സന്ദർശിക്കുവാനായിരുന്ന

ആയാൾ ആ കാര്യത്തിൽ തിരുമനസ്സിലെ ചുമതലക്കാരനാണെന്നും, ഫെബ്രുവരി മാസത്തിൽ വർത്തമാനക്കടലാസ്സുകൾ ആദ്യം പ്രസ്താവിച്ചുതുടങ്ങി. ഇതും, ഇതുപോലെയുള്ള മറ്റു പ്രസ്താവനകളും, പ്രത്യക്ഷത്തിൽ നേരില്ലാത്തവയായിരുന്നുവെങ്കിലും, അവ ആ കാലത്തു മൈസൂരിൽ വളരെ ഉൽക്കണ്ഠമുണ്ടാക്കിത്തീർത്തു. രംഗാചാർലുവിനെ മൈസൂരിൽ ഒരു ഉദ്യോഗത്തിനായി ശിപാർശ ചെയ്തവനും, മേജർ എല്ലിയട്ടിന്റെ അസിസ്റ്റൻറായി രംഗാചാർലു ചെയ്ത പ്രവൃത്തിയെക്കുറിച്ചു് അത്യന്തം പ്രശംസിച്ചു റിപ്പോർട്ടു ചെയ്തവനും, ആയ ബെഴറിംഗ് സായ്പ്, മൈസൂരിലെ ബ്രാഹ്മണന്മാരെക്കുറിച്ചു മേല്പറഞ്ഞ കാര്യത്തെക്കുറിച്ചു താൻ അക്കാലം ഒരു സമാധാനം പറയുന്നതിനു കടപ്പെട്ടവനാണെന്നു വിചാരിക്കുകയും, മൈസൂരിലുള്ള ഉദ്യോഗസ്ഥന്മാരിൽ കരാർക്കു താൻ കാരണക്കാരനല്ലെന്നു കാണിക്കുന്നവരായ ചിലരോടു കുപിതകനായിത്തീരുന്നതിനു് ഉടനടി ഉദ്യമിക്കുകയും ചെയ്തു. ഫെബ്രുവരി ആഗസ്റ്റു മദ്ധ്യം- ബെറിംഗ് സായ്പു താഴെ പറയുംപ്രകാരം ഒരു മൈസൂർ ഉദ്യോഗസ്ഥനു് എഴുതി.— "ഞാൻ രംഗാചാർലുവിനെ മദ്രാസ് ഗവർമ്മെണ്ടിന്റെ ശിപാർശയെ അനുസരിച്ചു മേജർ എല്ലിയട്ടിനെ സഹായിക്കുന്നതിനായി നിശ്ചയിച്ചപ്പോൾ, അദ്ദേഹം രാജ്യഭരണത്തിൽ ഉൽകൃഷ്ടമായ ഒരു ഉദ്യോഗം വഹിക്കേണമെന്നു ഞാൻ ഉദ്ദേശിച്ചിട്ടില്ലായിരുന്നു. എന്തുകൊണ്ടെന്നാൽ ഞാൻ അദ്ദേഹത്തെ നിശ്ചയിച്ചതു് അല്പകാലം മാത്രം നിലനില്ക്കുന്നതായ ഒരു ഉദ്യോഗത്തിലായിരുന്നു. പിന്നെ ഇതിടെ സംഭവിച്ച സംഗതികൾ അദ്ദേഹത്തെ ദിവാൻജിയായി തിരഞ്ഞെടുക്കുന്നതിനു് എന്നിൽ കൂടുതലായി വിസമ്മതം ജനിപ്പിക്കുമായിരുന്നു." ഫെബ്രുവരി—ഡിസംബർ മാസം- ആ സായ്പ് മേല്പറഞ്ഞ ഉദ്യോഗസ്ഥനുതന്നെ അയച്ച മറെറാരു കത്തിൽ ഇപ്രകാരം എഴുതി.—

"രംഗാചാർലുവിനെ മൈസൂരിൽ കൊണ്ടുവന്നതിനു നിങ്ങൾ പറയുന്നതുപോലെ ഞാൻ ഉത്തരവാദിതന്നെ. എ

ന്നാൽ ഞാൻ അദ്ദേഹത്തെ നിശ്ചയിച്ചത് ഒരു പ്രത്യേകകാര്യത്തിന്നായിട്ടാണെന്നും, ഇപ്പോൾ അദ്ദേഹം വഹിക്കുന്ന പ്രധാന ഉദ്യോഗത്തിൽ അദ്ദേഹം കയറുമെന്നുള്ള വിചാരം എനിക്ക് കഠിക്കലും ഉണ്ടായിരുന്നില്ലെന്നും, നിങ്ങൾക്ക് അറിവുള്ളതാണ്. പക്ഷെ ഇങ്ങനെ സംഭവിക്കുമെന്നു ഞാൻ മുൻകൂട്ടി കാണേണ്ടതായിരുന്നു എന്നു നിങ്ങൾ പറയുമായിരിക്കാം. എന്നാൽ അതിന്നു മറുപടിയായി, ഞാൻ ചീഫ് കമ്മീഷണറായിത്തന്നെ ഇപ്പോഴും ഇരുന്നിരുന്നുവെങ്കിൽ, പണ്ടുള്ളതിലധികം രാജ്യത്തിൽ തന്റെ അധികാരം നടത്തുന്നതിന്നു ഞാൻ അദ്ദേഹത്തെ സമ്മതിക്കുന്നതല്ലായിരുന്നു എന്നു് എനിക്കു പറയാവുന്നതാണ്. മേജർ എല്ലിയട്ടിനെ സഹായിക്കുന്നതിന്നായി അദ്ദേഹത്തെ കൊണ്ടുവന്നതുകൊണ്ടും എവിടെ വച്ചാത്തപിക്കാൻ പാടില്ല. എന്തുകൊണ്ടെന്നാൽ ആ പ്രവൃത്തി അദ്ദേഹം അതിവിശേഷമായി നടത്തിയിരിക്കുന്നു എന്നാൽ അദ്ദേഹംതന്നെ പിന്നെ സമ്പാദിച്ചുകൊണ്ടതായ സപ്രതാപത്തിന്നു ഞാൻ ഉത്തരവാദിയായിത്തീരുന്നതല്ല. ഒരു എൻജിനീയർ ഒരു തോട്ട വെട്ടിച്ചു എന്നും, അയാൾക്കു പിന്നീട് വന്ന എൻജിനീയറുടെ ഉപേക്ഷയാൽ ആ തോട്ടിന്റെ തീരങ്ങൾ പൊട്ടി രാജ്യത്തിൽ വെള്ളപ്പൊക്കമുണ്ടായി എന്നും വിചാരിക്ക. അതിന്റെ ഉത്തരവാദിയാരെന്നു നിങ്ങൾ അഭിപ്രായപ്പെടുമോ? ഇപ്രകാരമാണ് ഞാൻ വിചാരിക്കുന്നത്. അതുപോലെ രംഗാചാർലുവിനെ അമർച്ചപ്പെടുത്തി വെക്കാതിരുന്നതുകൊണ്ട് ദ്രോഹം ചെയ്തിട്ടുള്ള യാതൊരു പ്രവൃത്തികൾക്കും ഞാൻ കാരകാരനായി വരുന്നതല്ല. രംഗാചാർലുവിനെ ലിബറൽ ജിയായി നിശ്ചയിക്കുന്നവക്ഷം, അതു് എന്നിൽനിന്നുണ്ടായ സൂചനയെ അനുസരിച്ചായിരിക്കുന്നതല്ല.'

ബെറിംഗ് സായ്പിനെക്കുറിച്ച് അന്യഥാജ്ഞാനം ഉണ്ടാകാതിരിക്കുന്നതിനുവേണ്ടി, രംഗാചാർലു മരിച്ച സമയം ആ സായ്പിന് അദ്ദേഹത്തെക്കുറിച്ച് എഴുതി അഭിപ്രാ

യമാണ് ഉണ്ടായിരുന്നതെന്ന് ഇവിടെ പ്രസ്താവിക്കേണ്ടതു് ആവശ്യകമാണ്:—"രംഗാചാർലുവിന്റെ മരണം ഹേതുവായിട്ട് എനിക്കുള്ള ആഘാതത്തെ അറിയിക്കുന്നതിനു ഞാൻ ധൃതിപ്പെടുന്നു. ഈ പ്രകാരം അദ്ദേഹത്തിന്റെ കൂടെ ജനിച്ചിട്ടുള്ള സകല ആഭ്യന്തരശത്രുക്കളും സ്വാഭാവികമായി അത്യന്തം വ്യസനത്തെ വരുത്തുന്നതെന്നു മാത്രമല്ല, മൈസൂരിലുള്ള സകല ജനങ്ങളും തങ്ങളുടെ സന്തോഷത്തിനു് ആകപ്പാടെ ഉണ്ടായ ഒരു നിഗ്രഹമാണെന്നും വിചാരിച്ചു ഖേദിക്കുന്നതുകൂടാതെ അയാൾ ഒരു സംഭവമായിരിക്കുന്നു. മൈസൂർ രാജ്യത്തിന്റെ മുതലെടുപ്പിനെ നല്ല സ്ഥിതിയിൽ കൊണ്ടുവരുന്നതിനായി അദ്ദേഹം ചെയ്തിട്ടുള്ള പ്രയത്നങ്ങളേയും, ആ രാജ്യവാസികളുടെ ക്ഷേമാഭിവൃദ്ധി വരുത്തുന്നതിനായി അദ്ദേഹം ചെയ്തിട്ടുള്ള പ്രധാനീയകളായ കാര്യപ്രവൃത്തികളേയും, കുറിച്ചു് എനിക്കു പൂർണ്ണമായി അറിവുണ്ട്. അദ്ദേഹത്തിന്റെ അകാലമരണത്താൽ മൈസൂർ രാജ്യനിവാസികൾക്കു്, അവരുടെ ഉന്നതാഭിവൃദ്ധി വരുത്തുന്നതിൽ ഹൃദയപൂർവ്വമായ അഭിലാഷമുള്ളവനായിരുന്നവനും, ബുദ്ധിപൂർവ്വമായി അവരുടെ രാജ്യഭാരകാര്യങ്ങളെ നടത്തിയവനും ആയ ഒരു പുരുഷന്റെ നഷ്ടം സംഭവിച്ചിരിക്കുന്നു രാജ്യത്തിന്റെ ഭവിഷ്യൽ കാലസ്ഥിതി ഏതു വിധത്തിലായി വരുമോ എന്നു് എനിക്കു വളരെ സംശയമുണ്ട്. എന്തുകൊണ്ടെന്നാൽ, സമർത്ഥന്മാരായ ഉദ്യോഗസ്ഥന്മാർ അനേകമുള്ളവരുടെ കൂട്ടത്തിൽനിന്നു രംഗാചാർലുവിന്റെ ഉദ്യോഗം വഹിക്കുന്നതിനു തിച്ചയായി ഒരുത്തനെ തിരഞ്ഞെടുക്കാമെങ്കിലും, മഹാരാജാവിന്റെയും റസിഡെൻസിന്റെയും സാഹായ്യത്തെ ഒരുപോലെ സമ്പാദിക്കുന്നതിനു കഴിയുന്നവരായി അവരിൽ ആരും തന്നെ ഉണ്ടായിരിക്കുന്നതല്ലെന്നാണു് എനിക്കു തോന്നുന്നതു്. രാജ്യഭരണത്തിനുള്ള സാമർത്ഥ്യവും, അതോടുകൂടി നല്ല നടത്തയും, ജനങ്ങളുടെ സ്വഭാവപരിജ്ഞാനവും, ഒരുത്തനിൽ ഉണ്ടായിരിക്കുന്നതു് ഒരു അപൂർവ്വയോഗ്യതയാണു്. നല്ല നടത്തയും സ്വദേശാഭിമാനവും വ

സ്ഥലത്തിന്ന് അപൂർവ്വങ്ങളായ ഗുണങ്ങളായിത്തന്നെ ഇരിക്കുന്നു.

കോണന്നിലെ പരമപ്പെട്ടവയായ കൊട്ടാരംവകയായ ഉദ്യോഗങ്ങളിലിരിക്കുന്ന വിസൺ സായ്പും മറ്റു മാന്യന്മാരായ ഉദ്യോഗസ്ഥന്മാരും പൂർണ്ണമായും തൃപ്തികരമായും സമാധാനം പറഞ്ഞു. കേവലം കണക്കെഴുത്തിലുണ്ടായ തെറ്റുകൊണ്ടാണ് ആ ഉദ്യോഗങ്ങൾ കാണന്നിപ്പിന്നെയുള്ള പ്രസ്ഥാവത്തിന്ന് ഇടയായതെന്ന് കടവിൽ കണ്ടുപിടിച്ചു. അതിന്ന രംഗാചാർല്ല തിച്ചയായും ഉത്തരവാദിയാകുന്നതല്ല. രംഗാചാർല്ലുവിന്റെ സ്വഭാവത്തെക്കുറിച്ചും ബുദ്ധിസാമർത്ഥ്യത്തെക്കുറിച്ചും ഉള്ള മറ്റു ദോഷപ്രസ്ഥാവനകളും അശേഷവും അടിസ്ഥാനമില്ലാത്തവയും വിദ്വാൻമാർ പറഞ്ഞുണ്ടാക്കപ്പെട്ടവയും ആണെന്നുള്ള പ്രത്യക്ഷമായി തെളിഞ്ഞു. ഫെബ്രുവരി മാസം ൨൫-ാനു രംഗാചാർല്ല മൈസൂർ ദിവാൻജിയായി നിശ്ചയിക്കപ്പെട്ടു.

മൈസൂരിലെ ദിവാൻജിയായി രംഗാചാർല്ല ആ രാജ്യത്തെ ഏതു സാഹചര്യത്തോടുകൂടി ഭരിച്ചു എന്നുള്ള യഥാർത്ഥമായ വിധത്തിൽ അഭിപ്രായപ്പെടുന്നതിനു്, ആ രാജ്യം ആനിലെ രാജകുടുംബത്തിലേക്ക തിരിച്ചു് ഏല്പിക്കപ്പെട്ട സമയം അതിലെ മുതലെടുപ്പിനെയും, കൃഷിയേയും, വ്യവസായത്തെയും, സംബന്ധിച്ചുള്ള കാര്യങ്ങൾ ഏതു സ്ഥിതിയിലായിരുന്നു എന്നു് ആലോചിക്കേണ്ടതു് ആവശ്യമുണ്ടു്. രാജ്യഭരണത്തിന്റെ എല്ലാ ഡിപ്പാർട്ടുമെൻറുകളിലും, സമീപത്തുള്ള ബ്രിട്ടീഷുരാജ്യങ്ങളിലെ തൊഴിലാളികളെ അധികം മാസപ്പടിയായിട്ടു കൊടുക്കുന്നതിനാൽ, രാജ്യത്തുള്ള മുതലെടുപ്പു് ഏകദേശം മുഴുവനും ആ വകയ്ക്കായി ചെലവു ചെയ്യപ്പെടുകയാണു പതിവു്. ഇൻഡ്യയിൽ മറ്റു യാതൊരു പ്രദേശത്തും ഇത്ര കഠിനമായി ഇതിനുമുമ്പിൽ കഠിനമായും ഉണ്ടായിട്ടില്ലെന്നു പറയുന്നതിനുള്ള ഫലത്തെ ആ ഭയങ്കരമായ ക്ഷാമം, ബല്ലാരിയിൽ പ്രത്യക്ഷമാക്കി. ആ

ക്ഷാമത്താൽ ബാധിക്കപ്പെട്ട് കയ്യവസ്തുലക്ഷത്തോളം ജനങ്ങൾ മരിച്ചുപോയി. ഇങ്ങനെ നിർഭാഗ്യവശാൽ മരിച്ച ജനങ്ങളിൽ നിസ്സംശയം ദ്വിഗുണാത്മാവായ, സ്വപ്രയത്നത്താൽ സ്വന്ത ആവശ്യത്തിനു വേണ്ടതിനെക്കാളും അധികം പണം സമ്പാദിച്ചവനും, ആയിരുന്നതിനാൽ, അവരുടെ മരണം മേപ്പടി ഏതാനും വർഷങ്ങളോളം കൈതൊഴിലുകളുടെ പ്രചാരത്താലും സൗഭാഗ്യത്താലും രാജ്യത്തിനു വരാവുന്നവയായിരുന്ന ഗുണഫലങ്ങൾക്ക് കയ്യ പ്രതിബന്ധമായി ഭവിച്ചു. മേല്പറഞ്ഞ ക്ഷാമത്താൽ രാജ്യത്തുള്ള ഉല്പത്തി സാധനങ്ങൾക്കും മൃഗജാതങ്ങൾക്കും മറ്റു സചേതനകൾക്കും സംഭവിച്ച പ്രത്യക്ഷനഷ്ടത്തെക്കുറിച്ചു കണക്കെടുത്തതിൽ ഏകദേശം കയ്യോടി പവനോളമുണ്ടായിരുന്ന എ ര കണ്ട ഫ്ലവ്വെ, ഫ്ലവ്വൻ, ഫ്ലവ്വറം ഈ അഥിഷ്യൽ കൊല്ലത്തിൽ ഏപ്പെട്ടത്തിയ ചില ബുദ്ധിപൂർവ്വങ്ങളായ പരിഷ്കാരങ്ങളെക്കൊണ്ടും, ചിലവു ചുരുക്കേണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി നടത്തിയ ചില ഏപ്പാടുകളെക്കൊണ്ടും, ധനാഭാവം കൊണ്ടുണ്ടായി എങ്കിലും, അതു മുഴുവനും കുറെക്കുടിയും, ഫ്ലവ്വറം കൊല്ലത്തിന്റെ അവസാനത്തിൽ, മഹാരാജാവിന്റെ പട്ടംകെട്ടു മുതലായി കൊട്ടാരത്തെ സംബന്ധിച്ചും, രാജ്യം ഭദ്രസ്ഥിതിയിലാണെങ്കിലും ഏപ്പെട്ടതാതിരിക്കാൻ നിവൃത്തിയില്ലാതെ വന്ന ചില ചെലവേറിയ പരിഷ്കാരങ്ങളെ സംബന്ധിച്ചും, വിശേഷവിധിയായി ചെയ്യേണ്ടിവന്ന കൂടുതൽ ചെലവിലേക്കു വേണ്ടിവന്നു. രാജ്യത്തെ മുതലെടുപ്പ്, ക്ഷാമത്തിനുമുമ്പിൽ ഏകദേശം നാലിപ്പുണ്ട ലക്ഷം ഉറുപ്പികയായിരുന്നതു് ഏകദേശം ആ സംഖ്യയിലേക്കു ശരിപ്പെട്ട വരികയായിരുന്നു. കൂടുതലായ നികുതികളാൽ ആ സംഖ്യയെ അധികപ്പെടുത്തുന്നതിനു് അദ്ദേഹവും കഴിവുണ്ടായിരുന്നില്ല. ക്ഷാമത്തിനുശേഷം മൈസൂരിലെ വ്യവസായോത്സാഹം വളരെ കുറഞ്ഞുപോയി. ബ്രിട്ടിഷ് വക മേൽവിലക്ക് എണ്ണൂറു ലക്ഷം ഉറുപ്പിക കപ്പം വകയായി കൊടുക്കാനുണ്ടായിരുന്ന

ഉ സ്ഥിരമായ ഒരു കടമായി നിന്നിരുന്നതിനാൽ കൊല്ലം തോറും നാലു ലക്ഷം ഉറുപ്പിക അതിന്റെ വലിയ വകയായി രാജ്യത്തിൽനിന്നു പോയിക്കൊണ്ടിരുന്നു. മൈസൂരിലെ കാര്യങ്ങൾ അത്യന്തം സമർത്ഥനായ ഒരു രാജ്യഭാരിയെന്നപ്പോലും അധൈര്യപ്പെടുത്തുന്നതായ ഈ സ്ഥിതിയിലായിരുന്നപ്പോഴായിരുന്നു രംഗാചാർലു ആ രാജ്യത്തെ ദിവാൻജിയായത്. രംഗാചാർലുവിന് ഒരു സംഗതി മാത്രമേ അനുകൂലമായിട്ടുണ്ടായിരുന്നുള്ളു. അതു തന്റെ പ്രവൃത്തികളെ ചെറിയ മഹാരാജാവു ശരിയായി അറിഞ്ഞു് അഭിനന്ദിച്ചതും തന്നെ സഹായിച്ചതും ആയിരുന്നു. മഹാരാജാവിനു മറ്റുള്ളവരെ നോക്കി നടത്തിക്കൊണ്ടുപോകുന്നതിനു തക്ക പ്രായമായിട്ടില്ലായിരുന്നു എങ്കിലും, മറ്റുള്ളവരാൽ നോക്കി നടത്തിക്കൊണ്ടു പോകപ്പെടത്തക്ക പ്രായമായിട്ടുണ്ടായിരുന്നു.

ദിവാൻജിയായശേഷം രംഗാചാർലുവിന്റെ ശ്രദ്ധയെ ആദ്യം ആകർഷിച്ചതു്, മൈസൂർ കമ്മീഷനാൽ ഏല്പിക്കപ്പെട്ടവയും, കഴിഞ്ഞ രണ്ടു കൊല്ലങ്ങളിൽ എതാനുമൊക്കെ നടത്തപ്പെട്ടവയും, ആയ പരിഷ്കാരങ്ങളെ പൂർത്തിയാക്കിച്ചെയ്യുന്ന കാര്യമായിരുന്നു. സിവിൽ കാര്യങ്ങൾക്കും ക്രിമിനൽകാര്യങ്ങൾക്കും ഫോസ്സനും ചിറൽട്ടറും രണ്ടു പ്രത്യേക ജില്ലകളായിരുന്നതു് ഒരേ ജില്ലയാക്കിത്തീർത്തു. കമ്പളത്താമുക്കുകളെ ഡെപ്യൂട്ടി അമിൻമാരുടെ കീഴധീനതയിലാക്കി. നാലു മുൻസിഫ് കോടതികളേയും മൂന്നു സബ് കോടതികളേയും എടുത്തുകളഞ്ഞു. എട്ടു ജില്ലാജയിലുകളുണ്ടായിരുന്നവയിൽ അഞ്ചു ജയിലുകളേയും, കൂടുധികം മുഖ്യമായി ബംഗ്ലാവുകളെ സംബന്ധിച്ചുള്ള തസ്തികകളേയും എടുത്തുകളഞ്ഞു. ഇവയാൽ കൊല്ലംതോറും രണ്ടുലക്ഷം ഉറുപ്പികയുടെ ലാഭം ഉണ്ടായി. രംഗാചാർലു പിന്നെ ശ്രദ്ധിച്ചതു പ്രധാനമായി ഫാംസ്സ് (വരാം) ഡിപ്പാർട്ടുമെന്റിനെക്കുറിച്ചായിരുന്നു. ശരിയായ മരാമത്തിൻകീഴിലല്ലാതെയായിരു

ന്നതുകൊണ്ടും, കുറെയൊക്കെ രാജ്യത്തിന്റെ സ്വാഭാവിക സ്ഥിതിയും, വ്യാപാരത്തിനുണ്ടായിരുന്ന ബുദ്ധിമുട്ടുംകൊണ്ടു കാടുകളുടെ വിസ്തീർണ്ണത്തും മരത്തിനുണ്ടായിരുന്ന ആവശ്യത്തിനും തക്കവണ്ണമുള്ള വരവു മേല്പറഞ്ഞ ഡിപ്പാർട്ടുമെന്റിൽനിന്നു സിദ്ധിക്കുന്നില്ലായിരുന്നു. ചന്ദനത്തടി പുറമേയുള്ള ആളുകൾക്കു വില്പാൻ പാടില്ലെന്നും കൊട്ടാരത്തിനുള്ളിൽതന്നെ ചെലവു ചെയ്യേണമെന്നും വണ്ടുപണ്ടാരത്തുള്ള നടപ്പിനാൽ സ്ഥാപ്പെട്ടിരുന്ന ഏപ്പാട് നിറുത്തൽ ചെയ്തു. ഫാറസ്റ്റ് ഡിപ്പാർട്ടുമെന്റിലെ മുതലെടുപ്പിനെ പ്രതിരോധിപ്പാനുമായി. ഇങ്ങനെ ഉണ്ടായ ധനലാഭത്തിൽനിന്നു പതിനൊന്നുലക്ഷം ഉറുപ്പിക ചെലവു ചെയ്തു, വളരെക്കാലമായി പ്രസ്താവിക്കുകമാത്രം ചെയ്തുവന്ന മൈസൂർ തീവണ്ടിയുടെ കാര്യം നിർദ്ധാരണം ചെയ്തു. മൈസൂർരാജ്യത്തിനുള്ളിൽ തുടരെത്തുടരെയായി അനേകം തീവണ്ടികൾ നടപ്പാക്കി ഗമനാഗമനങ്ങൾക്കു സൌകര്യം വരുത്തണമെന്നും, മൈസൂർ രാജ്യത്തെ അടുത്തുള്ള ബ്രിട്ടീഷുരാജ്യങ്ങളോടു സംബന്ധിപ്പിച്ചു സ്വദേശവ്യവസായങ്ങൾക്ക് അഭിവൃദ്ധി വരുത്തേണമെന്നും ഉള്ളതാണു മറ്റെല്ലാ പരിശ്രമങ്ങളെക്കാളും അധികം ആവശ്യമായി രംഗാചാർലുവിനു തോന്നിയിരുന്നതു്. മൈസൂരിൽ കൃഷിക്കു വേണ്ട ജലസൌകര്യങ്ങളെക്കുറയും ഉണ്ടായിരുന്നു. എന്നിട്ടും വളരെ ഭൂമികൾ കൃഷി ചെയ്യപ്പെടാതെയും, അഥവാ, അസമീപീനമായി കൃഷി ചെയ്യപ്പെട്ടും, കിടന്നിരുന്നു. മൈസൂരിലെ കൃഷിവ്യവസായത്തെ സംബന്ധിച്ചു ഈ ന്യൂനത, കൃഷിക്കു വേണ്ടതായ ജലസൌകര്യം ഇല്ലാത്തതുകൊണ്ടല്ലെന്നും, ജനങ്ങൾക്കു കൃഷിയെ സംബന്ധിച്ചുള്ള ഉത്സാഹക്കുറവുകൊണ്ടാണെന്നും, ഈ ന്യൂനത തീവണ്ടി നടപ്പാക്കിയാൽ മാത്രമെ തീരുകയുള്ളു എന്നും, രംഗാചാർലു കണ്ടുപിടിച്ചു. രാജ്യത്തിൽ ധനദൃഷ്ടിക്കു അധികമായിരുന്നു എങ്കിലും, തീവണ്ടി നടപ്പാക്കുന്നതിനു വേണ്ടവണ്ണം, ജനങ്ങൾക്കു ബുദ്ധിമുട്ടു തോന്നാത്തവിധത്തിൽ, രം

ഗാചാർള ഉണ്ടാക്കി. വിചാരിക്കപ്പെട്ടിരിക്കുന്ന തിയണ്ടി നടപ്പായിത്തീരുന്നതുവരെ അതിലേക്കായി കൊല്ലംതോറും അഞ്ചു ലക്ഷം ഉറുപ്പിക വീതം ഗവർമ്മേണ്ടിൽനിന്നു ചെലവു ചെയ്യുന്നതാണെന്നു രംഗാചാർള മൈസൂരിലെ പ്രതിനിധിപുരുഷസഭയോട് ഒന്നിലധികം പ്രാവശ്യം ഉറപ്പായിപ്പറഞ്ഞു.

രംഗാചാർളയിന്റെ ശ്രദ്ധയെ പിന്നെ ആകർഷിച്ച പ്രധാന വിഷയം മൈസൂർ ഗവർമ്മേണ്ടിൽനിന്നു ബ്രിട്ടീഷു ഗവർമ്മേണ്ടിലേക്ക് അടക്കേണ്ടിയിരുന്ന വലുതായ കടത്തിന്റെ കാര്യമായിരുന്നു. രാജ്യത്തിന്റെ ധനാവസ്ഥ ഏതു വളരെ കൊല്ലം കഴിഞ്ഞാലും മേല്പറഞ്ഞ കടം ഒന്നായി കൊടുത്തു തീർക്കുന്നതിനു കഴിയുന്നതാണെന്നു വിശ്വസിക്കാൻ പാടില്ലാത്തവിധത്തിലായിരുന്നു. കടത്തിന്റെ മേലുള്ള പലിശതന്നെ ഒരു ഭയങ്കരസംഖ്യയായിരുന്നു. ആ പലിശയെ മുടങ്ങാതെ അടച്ചുകൊണ്ടിരിക്കുന്നതിനു മാത്രമെ ആ രാജ്യത്തിനു വളരെ കൊല്ലത്തോളം കഷ്ടിച്ചു ചെയ്യാൻ കഴിവുള്ളതായിരുന്നുള്ളൂ. ഇക്കാര്യത്തെ സംബന്ധിച്ചുള്ള ഏർപ്പാടുപ്രകാരം ഈ കടം തീർക്കുന്നതിനു ബ്രിട്ടീഷുഗവർമ്മേണ്ടിനു് എപ്പോഴെങ്കിലും ആവശ്യപ്പെടാവുന്നതായിരുന്നു. അങ്ങനെ ആവശ്യപ്പെടുന്ന പക്ഷം, രാജ്യത്തിന്റെ അഭിവൃദ്ധിക്കു നാശകരമല്ലാതെയുള്ള ഏതു ഏർപ്പാടുകളും നടത്തുകയല്ലാതെ, അതിലും സന്തോഷമുണ്ടാക്കുന്ന മാർഗ്ഗവും ഉണ്ടാകയില്ലായിരുന്നു. അങ്ങനെ വരാതിരിക്കുന്നതിനും, ബ്രിട്ടീഷുഗവർമ്മേണ്ടിനെക്കൊണ്ടു സമ്മതിപ്പിക്കുവാൻ കഴിവുള്ളടത്തോളം മറ്റു കാര്യലാഭങ്ങളെ വരുത്തുന്നതിനും വേണ്ടി രംഗാചാർള, മൈസൂർരാജ്യത്തിന്റെ ധനാഭിവൃദ്ധിസ്ഥിതിയെയും, ബ്രിട്ടീഷു ഗവർമ്മേണ്ടിന്റെ ഭരണത്തിൻകീഴിലായിരുന്നപ്പോൾ ആ രാജ്യത്തിൽ ക്ഷാമനിവാരണത്തിനായി ചെയ്ത പ്രവൃത്തികളെ ശരിയായി നടത്തിയിട്ടില്ലെന്നും, അതു വാസ്തവമാണെന്നു് അക്കാലത്തെ ഗവർണ്ണർ ജനറലായ ലിട്ടൺപ്രഭു സമ്മ

തിച്ചിട്ടുണ്ടെന്നും, ഉള്ള സംഗതിയെയും, പ്രബലകാരണങ്ങളുംകൂടി ബ്രിട്ടീഷുഗവർമ്മേണ്ടുമായി എഴുത്തുകുത്തു നടത്തി. ഈ എഴുത്തുകുത്തിന്റെ ഫലമായി മൈസൂർരാജ്യത്തിനു വളരെ കായ്ക്കുണം സിദ്ധിച്ചു. നൂറിനു് അഞ്ചുവീതമായിരുന്ന പലിശ, നൂറിനു നാലുവീതമായി കുറവു ചെയ്തുകിട്ടി. മുതൽ എണ്ണൂറു ലക്ഷമായിരുന്നതുകൊണ്ടു പലിശ ഈ വിധം കുറവു ചെയ്തുകിട്ടിയതു ചെറിയ ഒരു കായ്കമല്ല. മുതലും കൊല്ലം തോറും നാലു ലക്ഷം ഉറുപ്പിക പ്രകാരം നാല്പത്തൊന്നു കൊല്ലംകൊണ്ടു് അടച്ചാൽ മതിയെന്നുള്ള സമ്മതം ലഭിച്ചു. ഈ ഏർപ്പാടിനാൽ മേൽപറഞ്ഞ വലുതായ കടം, കൊല്ലം തോറും നാലു ലക്ഷം ഉറുപ്പിക വീതം, നാല്പത്തൊന്നു കൊല്ലം അധികച്ചിലവു ചെയ്താൽ തീരുമെന്നുള്ളതായി ഭവിച്ചു.

ഈ വലുതായ കടത്തെക്കുറിച്ചുണ്ടായിരുന്ന ഭയം മുഴുവനും മേല്പറഞ്ഞ ഏർപ്പാടിനാൽ തീർന്ന ശേഷം, രംഗാചാർളു, ബംഗളൂരിൽനിന്നു തിരുപ്പൂർവരെ തീവണ്ടി നടപ്പാക്കുന്നതിലേക്കു വേണ്ട ചെലവിന്റെ കായ്കത്തെക്കുറിച്ചു് ആലോചിച്ചു. രാജ്യം കടത്തിലായിരുന്ന എങ്കിലും, ഈ കായ്കത്തെ രംഗാചാർളു ഉപേക്ഷിക്കുകയാകട്ടെ, കാലാന്തരത്തിലേക്കു നീട്ടിവെക്കുകയാകട്ടെ, ചെയ്തില്ല. മേൽചൊന്ന തീവണ്ടി നടപ്പായാൽ വരാവുന്ന ലാഭത്തെക്കുറിച്ചുള്ള പരിഗണനത്താലുണ്ടായ പ്രശംസനീയമായ ധൈര്യത്തോടുകൂടി ആ തീവണ്ടി നടപ്പാക്കുന്നതിനു വേണ്ട ചെലവു കടം വാങ്ങിക്കൊള്ളുന്നതിനു ബ്രിട്ടീഷുഗവർമ്മേണ്ടിന്റെ അനുവാദത്തിന്നായി അപേക്ഷിക്കുകയും, ആ അനുവാദത്തെ സമ്പാദിക്കുകയും ചെയ്തു. ഇരുപതു ലക്ഷം ഉറുപ്പിക താൻ ഗവർമ്മേണ്ടിനുവേണ്ടി കടം വാങ്ങുകയും ഉത്സാഹത്തോടുകൂടി പണി നടത്തുകയും ചെയ്തു.

എന്നാൽ രംഗാചാർളുവിന്റെ രാജ്യഭരണത്തിൽ ചെയ്ത എല്ലാകായ്കങ്ങളിലും വെച്ചു പ്രധാനമായതു്, മൈസൂരിൽ

പ്രതിനിധിപുരുഷസഭയെ ഏർപ്പെടുത്തിയതാണ്. ഈ സഭയെ ഏർപ്പെടുത്തിപരീക്ഷിച്ചുനോക്കുന്ന കാര്യത്തിൽ (ഇതു പരീക്ഷിച്ചുനോക്കപ്പെടുന്നതുകൊണ്ടുമാത്രമേ അതു കാലത്തു് എല്ലാവർക്കും തോന്നിയിരിക്കുള്ളു) രംഗാചാർലുകാണിച്ച, രാജ്യഭരണതന്ത്രജ്ഞതയ്ക്കടുത്തതായ കരുതൽ അദ്ദേഹത്തിന്റെ ബുദ്ധിശക്തിയേയും മുൻനോട്ടത്തേയും കുറിച്ചു നമുക്കുള്ള അഭിപ്രായത്തെ അധികമാക്കിച്ചെയ്യാതിരിക്കുവാൻ പാടില്ല. പ്രസ്തുതത്തിലെ പ്രതിനിധിപുരുഷസഭയ്ക്കു രാജ്യഭാരകാര്യങ്ങളിൽ പ്രത്യക്ഷമായ പ്രയോഗനാധികാരം ഉണ്ടായിരുന്നില്ല; ഗവർമ്മെൻറിൽനിന്നു കീഴിൽ ചെയ്തിട്ടുള്ളവയും, മേലാൽ ചെയ്വാൻ വിചാരിക്കുന്നവയും, ആയ പ്രവൃത്തികളെക്കുറിച്ചുള്ള പ്രസ്താവനയെ കേട്ടുകൊള്ളുന്നതിനുള്ള അധികാരം മാത്രമേ ഉണ്ടായിരുന്നുള്ളു. ഗവർമ്മെൻറിൽ നിന്നു പ്രജകളുടെ വസ്തുവഹകളെയാണു ഏതേപ്രകാരമായി കാംക്ഷിക്കുന്നതെന്നും, അവരുടെ ക്ഷേമാഭിവൃദ്ധിക്കായിക്കൊണ്ടു പരിശ്രമിക്കുന്നതാണെന്നും, ഈ സഭയിൽവെച്ചു് അവർക്കു ഉറപ്പു വരുത്തും. പുതുതായി ഏർപ്പെടുത്തുവാൻ പോകുന്ന നിയമങ്ങളുടെ ഉദ്ദേശ്യസാദ്ധ്യങ്ങളെക്കുറിച്ചു്, അവയാൽ ഉണ്ടാകുന്ന ഉപകാരങ്ങൾ എന്തെല്ലാമാണെന്നു് അവർക്കു ബോധമുണ്ടാകുന്നതിലേക്കു വേണ്ടി, അവരെ പറഞ്ഞു മനസ്സിലാക്കും. ഗവർമ്മെൻറും പ്രജകളും തങ്ങളുടെ പരസ്പരകാര്യങ്ങളെ അറിഞ്ഞിരിക്കേണ്ടതു രണ്ടുകൂട്ടർക്കും ആവശ്യകവും ഗുണപ്രദവും ആണു്. 'ഈ ഏർപ്പാടു പ്രജകളെ ഗവർമ്മേൻറോടു നേരിട്ടു് ഇടപെടുന്ന സ്ഥിതിയിൽ കൊണ്ടുവരുന്നതുകൊണ്ടു ഗവർമ്മെൻറിന്റെ പ്രവൃത്തികളേയും വിചാരങ്ങളേയും കുറിച്ചു് അവർ വല്ലതും തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അതിനെ നിക്കുന്നതിനും, ഗവർമ്മെൻറിന്റെ ഗുണാഭിവൃദ്ധിയും പ്രജകളുടെ ഗുണാഭിവൃദ്ധിയും കൂടതന്നെയാണെന്നു് അവർക്കു ദൃഢബോധം വരുത്തുവാനും ഉപയോഗമായി വരുന്നതാണു്', എന്നു രംഗാചാർലുതന്നെ

എഴുതിയിരിക്കുന്നു. പ്രതിനിധിപുരുഷസഭ പ്രവൃത്തനത്തിൽ ഏർപ്പെടുന്നതിനുള്ള ധൈര്യം കൂടിയപ്പോൾ, അതിന്റെ ഉദ്ദേശ്യങ്ങളെക്കുറിച്ചു ശങ്കയുണ്ടാകുകയും, അതിന്റെ സാഫല്യത്തെക്കുറിച്ചു സംശയം തോന്നുകയും, അതിന്റെ യോഗനിബന്ധനകളെക്കുറിച്ചുവാദപ്രതിവാദം നടത്തി പ്രതികൂലാഭിപ്രായം പ്രസ്താവിക്കപ്പെടുകയും, അതുകൊണ്ടു ഈ സഭ, തന്റെ ഉപര്യുപരിയായിവർദ്ധിച്ചുകൊണ്ടിരുന്ന അത്യുത്സാഹവും, മദ്രാസുകാരെക്കുറിച്ചുള്ള ദാക്ഷിണ്യവിചാരവും, ചെട്ടന്മാരുടെ ഉദ്യോഗക്കയറവും കണ്ടിട്ടു, മൈസൂർക്കാരെ തന്റെ നേരെ തോന്നിയ ദ്വേഷത്തെ ശമിപ്പിക്കുന്നതിനായി, മൈസൂർ രാജ്യത്തെക്കുറിച്ചു തനിക്കു സ്നേഹമുണ്ടെന്നു വല്ലവിധത്തിലും കാണിക്കേണ്ടതു് ആവശ്യകമാണെന്നുള്ള വിചാരത്തോടുകൂടി കൌശലക്കാരനായ ദിവാൻജി അഗാധമായി ആലോചിച്ചുണ്ടാക്കിയ കുതന്ത്രമാണെന്നു വിചാരിക്കപ്പെടുകയും, ചെയ്തു. എന്നാൽ ഇങ്ങനേയുള്ള ദോഷപ്രവൃത്തനങ്ങൾ ഉണ്ടായിട്ടും മേല്പറഞ്ഞ സഭയില്ലാതെയായില്ല. അതു് ഏർപ്പെടുത്തിയ ആദ്യത്തെ രണ്ടു കൊല്ലങ്ങളിൽ രംഗാചാർക്കു, നടപ്പാക്കേണമെന്നു വിചാരിച്ചവരിയ്യാരങ്ങളിൽ ഏതാനും മാത്രമേ നടപ്പാക്കിയുള്ളു. അവയെ പൂർണ്ണമാക്കുന്നതിനും, മൈസൂർരാജ്യം തീവണ്ടിപ്പാതയാൽ വ്യാകീർണ്ണമായിത്തീരുന്നു കാണുന്നതിനും വേണ്ട കാലത്തോളം തനിക്കു് ആയുസ്സുണ്ടായിരിക്കുമെന്നു താൻ വിശ്വസിച്ചിരുന്നു. എന്നാൽ അതു സാധിച്ചയായില്ല. പ്രവൃത്തനത്തിന്റെ അവസാനത്തിൽ തനിക്കു കലശലായ ദീനം തുടങ്ങി. ആ ദീനത്താൽ ക്ഷീണിച്ചു കുറെ ദിവസം കിടന്നശേഷം മാറാനായി താൻ മദ്രാസിൽ കൊണ്ടുപോകപ്പെട്ടു. എന്നാൽ അവിടെ തന്റെ ദീനം അധികമാകയും, ക്ഷീണം ക്രമേണ വർദ്ധിക്കുകയും, അത്യന്തം ഉപകാരപ്രദവും ബഹുമാനയോഗ്യവും ആയ തന്റെ ജീവിതം അവസാനിക്കുകയും ചെയ്തു.

രംഗാചാര്യുവിന്റെ മരണത്തെക്കുറിച്ചു് അദ്ദേഹത്തി

ന്റെ പഴയ സ്നേഹിതനും ഉപകാരകനും ആയ ടെയിലർ സായ്പ് ഇപ്രകാരം എഴുതി:—'രംഗാചാർട്ടുവിന്റെ മരണത്തെക്കുറിച്ച് അദ്ദേഹത്തിന്റെ രാജ്യക്കാർക്കു വളരെക്കാലം കൊണ്ടും വ്യസനവും ഉണ്ടായിരിക്കുന്നതാണ്. അദ്ദേഹത്തിന്റെ സ്ഥാനത്തിൽ വേറെ ഒരുത്തനെ നിയമിക്കുന്നകാര്യം ഗവർമ്മെണ്ടിന് ഒരു എളുപ്പമുള്ളതായിരിക്കുന്നതല്ല.' തന്റെ പഴയ ഗുരുനാഥനായ പൌവ്വൽ സായ്പ് ഇപ്രകാരം പറഞ്ഞു:—'രംഗാചാർട്ടു എന്റെ ആദ്യകാലത്തെ ശിഷ്യന്മാരിൽ ഒരുത്തനും, ഒരു ഉത്തമശിഷ്യനും, ശ്ലാഘ്യനും സമർത്ഥനും ആയ ഒരു പുരുഷനും, ആയിരുന്നു. അദ്ദേഹത്തിന്റെ അപ്രാപ്തകാലമായ ഈ മരണം അദ്ദേഹത്തിന്റെ കുടുംബക്കാർക്കും സ്നേഹിതന്മാർക്കും വലുതായ ഒരു നഷ്ടമായിരിക്കുന്നതിനുപുറമെ, ഇൻഡ്യയ്ക്കു ആകപ്പാടെയും മൈസൂരിനു പ്രത്യേകിച്ചും വ്യസനകരമായ ഒരു നിർഭാഗ്യസംഭവവും ആയിരിക്കുന്നു. ഹിന്ദുക്കളിൽ ഒരുത്തൻ രാജ്യഭരണതന്ത്രജ്ഞന്മാരുടെ കൂട്ടത്തിൽ ഒരു പ്രധാനസ്ഥാനത്തിലേക്കു കയറുമ്പോൾ, ആ കയറ്റം രാജ്യത്തിനു ആകപ്പാടെ ഔന്നത്യം വരുത്തുന്നതും, സ്വരാജ്യവാസികളെ ഗുണകൃത്യങ്ങളിലേക്കു പ്രോത്സാഹിപ്പിക്കുന്നതും, ആണ്. രംഗാചാർട്ടുവിന്റെ ജീവിതം അത്യന്തം ഉപകാരപ്രദവും ശ്ലാഘ്യവും ആയിരുന്നു എന്നും, അദ്ദേഹത്തിന്റെ ദൃഷ്ടാന്തവും യശസ്സും സ്വരാജ്യവാസികളെ വളരെക്കാലത്തോളം ഉത്സാഹിപ്പിച്ചുകൊണ്ടിരിക്കുമെന്നും, ഉള്ള സംഗതി, രംഗാചാർട്ടുവിന്റെ മരണത്തെക്കുറിച്ചുള്ള വ്യസനത്തിന് ഒരു വിധം ആശ്വാസമായിരിക്കുന്നതാണ്. നിങ്ങളുടെ ആയുഷ്കാലം മുഴുവനും നിങ്ങൾ രംഗാചാർട്ടുവിനെ നിങ്ങളുടെ ഹൃദയങ്ങളിൽ (അദ്ദേഹം എത്ര മനസ്സാക്ഷിക്കുനുസരിച്ചും ഉത്സാഹശക്തിയോടുകൂടിയും തന്റെ ആയുഷ്കാലം മുഴുവനും തന്റെ പ്രവൃത്തി നടത്തിയും, അത്രയും ആ ഗുണം നിങ്ങളിൽ ഉണ്ടാകുന്നതിന്) ഒരു ദൃഷ്ടാന്തമായി വെച്ചുകൊ

ള്ളേണ്ടതാണെന്നു ഞാൻ നിങ്ങളോടുപദേശിക്കുന്നു.' രംഗാചാർട്ടുവിന്റെ മരണം മൈസൂരിനു യാതൊരിക്കലും തീരാത്തതായ ഒരു നഷ്ടമാണെന്നു പോർട്ടസായ്യു വിചാരിച്ചു. രംഗാചാർട്ടുവിന്റെ മകനു് എഴുതിയ ഒരു എഴുത്തിൽ പോർട്ടസായ്യു് ഇപ്രകാരം എഴുതി:—'തനിക്കു് എത്രമാത്രം പ്രവർത്തിക്കുന്നതിനു പ്രാപ്തിയുണ്ടെന്നു കാണിക്കുന്നതിനു മാത്രമേ ഈ ഉദ്യോഗത്തിനു സമയം ലഭിച്ചുള്ളൂ. അപ്പോഴേക്കു താൻ മരിച്ചുപോയി. മേലാൽ അനേകം ഗ്രന്ഥകർത്തൃക്കളുടെ കർത്തവ്യമായിത്തീരാതിരിക്കയില്ലെന്നു സകലക്കും ധാരാളമായിട്ടറിഞ്ഞുകൊണ്ടിരുന്ന ഒരു ജീവിതത്തിനു ഹാനി വരുത്തുന്നതോളം വ്യസനകരമായി വേറെ യാതൊന്നും എന്റെ അറിവിൽ പെട്ടിട്ടില്ല. എനിക്കു നിങ്ങളുടെ അച്ഛനെക്കുറിച്ചു് അസാധാരണമായ സ്നേഹമുണ്ടായിരുന്നു. ഞാൻ ഇൻഡ്യയിൽ കണ്ടിട്ടുള്ള എല്ലാ പുരുഷന്മാരിലും വെച്ചു് എല്ലാവിഷയങ്ങളെക്കുറിച്ചും നിങ്ങളുടെ അച്ഛനോടു സംഭാഷണം ചെയ്യുന്നതിനു് എനിക്കു രസമായിരുന്ന സന്തോഷത്താലും, വേറെ യാതൊരു പുരുഷന്മാരോടു സംഭാഷണം ചെയ്യുന്നതിനും, എനിക്കങ്ങനെയായിരുന്നില്ല. നിങ്ങളുടെ അച്ഛൻ കാരാകായ്മുകളെക്കുറിച്ചുള്ള ആലോചനകളെക്കൊണ്ടു പൂർണ്ണഹൃദയനായിരുന്നു. അദ്ദേഹത്തിന്റെ ആലോചനകൾ എല്ലായ്പ്പോഴും ജനങ്ങളുടെ സ്ഥിതിയെ നന്നാക്കുന്നതിലേക്കുള്ള കാരാ എടുപ്പുകളെക്കുറിച്ചായിരുന്നു. അദ്ദേഹത്തിന്റെ ജാഗ്രതയുള്ള മനസ്സു വല്ലപ്പോഴെങ്കിലും യാതൊരാലോചനയുംകൂടാതെ സ്വസ്ഥമായിരുന്നതായി എനിക്കു വിചാരിക്കുവാൻ കഴിയുന്നില്ല. പിന്നെ അദ്ദേഹത്തിന്റെ സ്വഭാവം ശ്ലാഘ്യമാംവണ്ണം നല്ലതായിരുന്നു. തന്റെ എല്ലാ നടവടികളും വളരെ രമ്യങ്ങളായിരുന്നു. ക്രോധം എന്നുള്ളതിന്റെ ലേശം പോലും തന്നിൽ ഉണ്ടായിരുന്നില്ല. തന്റെ മരണത്താൽ മൈസൂരിനു സംഭവിച്ച നഷ്ടം പരിഹരിക്കപ്പെടുവാൻ പാടില്ലാത്തതെന്നു് അദ്ദേഹത്തെക്കുറിച്ചു് എനിക്കുള്ള പരി

ചയത്താൽ എനിക്കു തോന്നിപ്പോകുന്നു. മരണംവരെ തന്റെ മനസ്സുകൊണ്ടു ക്ഷയം വെച്ചിട്ടില്ലെന്നു കേൾക്കുന്നതിൽ വളരെ സന്തോഷിക്കേണ്ടതാണു്. മൈസൂരിലെ ടിവാൻജി മരിച്ചതും ഹൈദ്രാബാദിലെ ടിവാൻജി മരിച്ചതും അല്പദിവസം മാത്രം മുമ്പുപിമ്പായിട്ടായിരുന്നുവെന്നുള്ളതു് കുറെ അത്ഭുതമായ ദൈവയോഗമാണെന്നു ടൈംസ്സ് എന്ന പത്രം പ്രസ്താവിക്കുകയുണ്ടായി.' മരിച്ചുപോയ മൈസൂർ മഹാരാജാവു്, രംഗാചാർലുവിന്റെ മരണത്താൽ, തനിക്കു സാമർത്ഥ്യവും, വിശ്വാസവും വാത്സല്യവും ഉള്ള ഒരു ഉപദേഷ്ടാവിനേയും, പ്രജകൾക്കു സത്യവാനും കാരുണ്യവാനും ആയ ഒരു സ്നേഹിതനെയും നഷ്ടം സംഭവിച്ചിരിക്കുന്നു എന്നു പറഞ്ഞു. താൻ മരിച്ചു് അല്പകാലം കഴിഞ്ഞ ഉടനെ, തന്റെ രാജ്യത്തെ നിലനിർത്തുന്നതിനു വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതിലേക്കായി ബംഗളൂർക്കു കൂടിയ യോഗത്തിൽ, മുമ്പിൽ തന്റെ വിരോധികളായിരുന്ന മൈസൂരുകാർ, തന്നെക്കുറിച്ചു്, അവർക്കുള്ള ബഹുമതിയെ കാണിക്കുന്നതിനായി, വളരെപ്പേർ വന്നു ചേർന്നിട്ടുണ്ടായിരുന്നു.

സി. വി. രംഗനാഥശാസ്ത്രി

കലമൂർ വീരവല്ലി രംഗനാഥശാസ്ത്രി ഫ്രഞ്ചുകാർ-മണ്ടിടിയുടെ ചിറ്റൂർക്കു സമീപത്തുള്ള ഒരു ചെറിയ ഗ്രാമത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ വളരെ ദരിദ്രനായിരുന്നു എങ്കിലും അക്കാലത്തു കേമന്മാരായിരുന്ന സംസ്കൃത വിദ്വാന്മാരുടെ കൂട്ടത്തിൽ ഒരുത്തനാണെന്നുള്ള പ്രസിദ്ധി സമ്പാദിച്ചവനായിരുന്നു. രംഗനാഥനെ പ്രസവിച്ചതും പോറ്റിയതും ദാരിദ്ര്യത്തൊട്ടിലിലായിരുന്നതിനാൽ, അദ്ദേ

ഥത്തെ സംസ്കൃതം പഠിപ്പിക്കുന്നതിനല്ലാതെ, സാരമായ വേറെ യാതൊരു വിദ്യാഭ്യാസവും അദ്ദേഹത്തിനു നൽകുന്നതിനു്, അദ്ദേഹത്തിന്റെ അച്ഛനമ്മമാക്കു കഴിവുണ്ടായില്ല. ബാല്യത്തിൽ രംഗനാഥൻ തന്റെ പ്രായത്തിനു തക്കതായതിലധികമോ എത്രയോ അധികം സാമർത്ഥ്യമുള്ളവനായിരുന്നു. തന്റെ എട്ടാമത്തെ വയസ്സിൽ തനിക്കു സംസ്കൃത ഭാഷ സംസാരിക്കുന്നതിനും, ശരിയായി അതിന്റെ അർത്ഥം മനസ്സിലാക്കുന്നതിനും, കഴിയുമായിരുന്നു. കളിച്ചു നടക്കുന്നതിൽ തനിക്കു കലശലായ ഭ്രമം ഉണ്ടായിരുന്നു. അതിനാൽ കൂട്ടികളോടുകൂടി ഉത്സാഹിച്ചു കളിച്ചോടി നടക്കുന്നതു തനിക്കു വളരെ സന്തോഷമുള്ള ഒരു കാര്യമായിരുന്നു. തന്റെ പത്താമത്തെ വയസ്സിൽ തനിയ്ക്കു് അത്യന്തം പൊക്കമുള്ള മതിലുകളുടെയും മരങ്ങളുടെയും മുകളിൽ കയറുന്നതിനു കഴിയുമായിരുന്നു എന്നുള്ളതു താൻ പിൻകാലങ്ങളിൽ തന്നെക്കുറിച്ചു പ്രശംസിച്ചു പറഞ്ഞ ഒരു സംഗതിയായിരുന്നു.

രംഗനാഥനു പന്ത്രണ്ടു വയസ്സു പ്രായമായപ്പോൾ ഒരു സംഗതി സംഭവിച്ചതു്, അദ്ദേഹത്തിന്റെ മേലാലത്തെ ജീവിതം ഏതു മാർഗ്ഗത്തിലായിരിക്കണമെന്നുണ്ടായിരുന്നോ, ആ മാർഗ്ഗത്തിലേക്കായി അതിനെ തിരിച്ചുവിട്ട ഒരു സംഭവമായി വിചാരിക്കേണ്ടതാണു്. ആ സംഭവം എന്തെന്നാൽ, രംഗനാഥന്റെ അച്ഛൻ ഗവർമ്മേണ്ടിൽ നിന്നു കുറെ ഭൂമി ഏറുവാങ്ങിയിട്ടുണ്ടായിരുന്നു; അതിലെ വിളവു തോഷപ്പെട്ടു പോയതിനാൽ, അതിന്റെ മേലുള്ള ഗവർമ്മേണ്ടുനികുതി അടയ്ക്കുന്നതിനു രംഗനാഥന്റെ അച്ഛനു നിവൃത്തിയില്ലാതെയായി; അതുകൊണ്ടു് അക്കാലത്തെ നടപ്പനുസരിച്ചു് അദ്ദേഹത്തെ സിവിൽ ജയിലിൽ തടുക്കി; ഇങ്ങനെ ജയിലിൽ കിടക്കുമ്പോൾ അദ്ദേഹത്തിന്റെ അച്ഛന്റെ സംവത്സരശ്രാദ്ധം കഴിക്കേണ്ടതായി വന്നു; എന്തു ചെയ്യേണമെന്നായതെ രംഗനാഥന്റെ അമ്മ കരഞ്ഞുതുടങ്ങി. അമ്മ കരയുന്നതു കണ്ടപ്പോൾ രംഗനാഥന്റെ മനസ്സു വളരെ ഇളകി

പ്പോയി. അമ്മയുടെ വ്യസനത്തിന്റെ കാരണം എന്താ
ണെന്നു ചോദിച്ചറിഞ്ഞ ഉടനെ, രംഗനാഥൻ, തന്റെ അ
ച്ഛനെ ജയിലിൽനിന്നു വിടുവിച്ചു കൊണ്ടുവരുന്നതിനാ
യി, ചിറക്കു പോകേണമെന്നു തീച്ചയാക്കി. ആ തീച്ച
പ്രകാരം തൻ ചിറക്കിൽ ഡിസ്ട്രിക്ട് ജഡ്ജിയായ കാ
സമേജർ സായ്പിന്റെ ബംഗ്ലാവിൽ പോയി തന്റെ സങ്ക
ടം ബോധിപ്പിച്ചു. തിരികെ ഫാജരാക്കുന്നതിനു ജാമ്യക്കാ
രുണ്ടായാലല്ലാതെ രംഗനാഥന്റെ അച്ഛനെ വിട്ടയക്കുവാൻ
പാടില്ലെന്ന് ആ ജഡ്ജിസായ്പു പറഞ്ഞു. അതിനു രംഗ
നാഥൻ തന്റെ അച്ഛന്റെ ജാമ്യക്കാരനായി തന്നെത്ത
ന്നെ അല്ലാതെ വേറെ ആരേയും നോക്കിപ്പിക്കുന്നതിനി
ല്ലെന്നും; അതിനാൽ തന്റെ അച്ഛനുവേണ്ടി താൻ ജയി
ലിൽ ഇരുന്നുകൊള്ളാമെന്നും, മറുപടി പറഞ്ഞു. പന്ത്രണ്ടു
വയസ്സു പ്രായമുള്ള ഒരു കുട്ടിയിൽനിന്നു പുറപ്പെട്ടതെന്നു വി
ചാരിക്കുവാൻ പാടില്ലാത്തരായ ഈ മറുപടി കേട്ടിട്ടു ജ
ഡ്ജിസായ്പിനു വളരെ അനുകമ്പ തോന്നി. അതിനാൽ
ആ സായ്പ് ഉടനെതന്നെ രംഗനാഥന്റെ അച്ഛനെ തൽ
ക്ഷണം ജയിലിൽനിന്നു വിട്ടയക്കുന്നതിനു കല്പന കൊടു
ക്കുകയും, രംഗനാഥനോടു വീട്ടിലേക്കു പൊയ്ക്കൊള്ളുന്നതി
നും, പിറേദിവസം രാവിലെ തന്നെ വന്നു കാണുന്നതി
നും, പറയുകയും, ചെയ്തു. തന്റെ അച്ഛനെ വിട്ടയക്കുന്ന
തിനുള്ള കല്പന രംഗനാഥൻതന്നെ കൊണ്ടുപോയി ജയില
ധികാരികൾക്കു കൊടുക്കുകയും, തന്റെ അച്ഛനെ ജയി
ലിൽനിന്നു വിടുവിക്കുകയും, രാത്രി കുറെ ചെന്നപ്പോൾ അ
ച്ഛനോടുകൂടി താൻ ഗൃഹത്തിൽ എത്തുകയും, ചെയ്തു. രം
ഗനാഥന്റെ അമ്മ, തന്റെ ഭർത്താവു മടങ്ങിവന്നതറിഞ്ഞ
തിനെക്കാൾ, വിസ്മയിച്ചുപോയി. അയ്യു തന്റെ ഗുരുതരമുള്ള പു
ത്രന്റെ പ്രയത്നത്താൽ വന്നതാണെന്നറിഞ്ഞപ്പോൾ, ആ
അമ്മ ആ മകനെ അത്യന്തം വാത്സല്യത്തോടുകൂടിയ തന്റെ
ആശ്ലേഷാദികളാൽ അളവില്ലാത്തവണ്ണം ലാളിച്ചു. ത

ന്റെ ജീവിതത്തെ ആകപ്പാടെ മേപ്പെടുത്തിയ സംഗതി സംഭവിച്ചതായ മേല്പറഞ്ഞ ദിവസം രാത്രിയിൽ തന്റെ മാതാപിതാക്കന്മാർ തന്നോടു് എതെല്ലാം വിധത്തിൽ സന്തോഷം പ്രവർത്തിച്ചു എന്നു വിവരിച്ചു പറയുന്നതു്, രംഗനാഥശാസ്ത്രിക്കു തന്റെ വയസ്സുകാലത്തു വളരെ അഭിമാനം തോന്നിയ ഒരു സംഗതിയായിരുന്നു.

പിറേദിവസം രാവിലെ രംഗനാഥൻ രാമനും ചിറക്കു പുറപ്പെട്ടു. നിശ്ചയിക്കപ്പെട്ട സമയത്തു കാസമേജർസായ്പിന്റെ ബംഗളാവിൽ എത്തി. ഗുണവാനായ ആ ജഡ്ജിസായ്പു വളരെ ദയയോടുകൂടി രംഗനാഥനെ കാണുകയും, രംഗനാഥന്റെ കുടുംബത്തിന്റെ സ്ഥിതിയെക്കുറിച്ചു ചോദിച്ചറിഞ്ഞശേഷം, സകല വിലയും താൻ വഹിക്കുന്നതായാൽ, ഇംഗ്ലീഷു പഠിക്കുന്നതിനു് ആഗ്രഹിക്കുമോ എന്നു രംഗനാഥനോടു ചോദിക്കുകയും, ചെയ്തു. അതിനു രംഗനാഥൻ, ഗ്രന്ഥത്തമുള്ള ഒരു പുത്രനെപ്പോലെ തന്റെ അച്ഛനമ്മമാരോടു് ആലോചിച്ചതിനുശേഷമേ മറുപടി പറവാൻ പാടുള്ളൂ എന്നു പറഞ്ഞു. അതു കേട്ടിട്ടു് ആ ജഡ്ജിസായ്പു രംഗനാഥന്റെ അച്ഛനെ വരുത്തി, ആദ്യത്തെ പറഞ്ഞു സമ്മതിപ്പിക്കുകയും, പിറേദിവസം രാവിലെ താൻതന്നെ രംഗനാഥനെ എ, ബി, സി, പഠിപ്പിക്കുകയും, ചെയ്തു. ചെറിയ രംഗനാഥന്റെ പഠനാഭിവൃദ്ധി വിസ്മയിക്കത്തക്കവിധത്തിലുള്ളതായിരുന്നു. അല്പകാലമായ ആറു മാസംകൊണ്ടു രംഗനാഥൻ അബദ്ധംകൂടാതെ ഇംഗ്ലീഷു വായിക്കുന്നതിനു ശേഷിയുള്ളവനായി ഭവിച്ചു. തന്റെ പുതിയ ശിഷ്യനായ രംഗനാഥനെ വേണ്ടുപോലെ പഠിപ്പിക്കുന്നതിനു തനിക്കു സൌകര്യമില്ലാതെ വന്നതിനാൽ, കാസമേജർസായ്പു രംഗനാഥനെ ചിറക്കരയിൽ അക്കാലം താമസിച്ചിരുന്ന എച്ചു്. ഗ്രോവ്സു് എന്നു പേരായ ഒരു പാതിരിസായ്പിനെ ഏല്പിച്ചു. ഗ്രോവ്സു സായ്പു് തന്റെ രാവിലെ സമയം മുഴുവനും തന്റെ പുതിയ ശിഷ്യനെ പഠിപ്പിക്കുന്ന

തിലേക്ക് ഉപനോഗിച്ചു. ഗ്രോവ് സുസായ്പിന്റെ മദാമ്മയ്ക്കും രംഗനാഥന്റെ മേൽ പ്രത്യേകവാത്സല്യമുണ്ടായിരുന്നു. ഗ്രോവ്സുസായ്പിന്റെ ബംഗ്ലാവിൽ നിന്നു രംഗനാഥന്റെ ഗൃഹം ഏകദേശം അഞ്ചു മൈൽ ദൂരത്തായിരുന്നു. ഒരു ദിവസം രാവിലെ രംഗനാഥൻ നടന്നുവരുന്നതു കണ്ടിട്ട് ആ മദാമ്മ, രാവിലെ വിശേഷങ്ങിലും ആഹാരം കഴിച്ചോ എന്നു രംഗനാഥനോടു ചോദിച്ചു. ഉടനെ രംഗനാഥൻ മറുപടി പറഞ്ഞതു കേട്ടിട്ട്, തൽക്ഷണം തന്റെ പാലുകാരനോടു, ദിവസംപ്രതിയും അപ്പപ്പടി പാൽ വീതം രംഗനാഥൻ വന്നുകൂട്ടുമ്പോൾ കൊടുക്കേണമെന്നു് ആജ്ഞാപിച്ചു. ഇതും ഇതുപോലെ സ്നേഹസൂചകങ്ങളായ പേരറ പല കൃത്യങ്ങളും, പിൻകാലങ്ങളിൽ പലപ്പോഴും രംഗനാഥന്റെ സംഭാഷണവിഷയങ്ങളായിരുന്നു. കുറെകിൽ രംഗനാഥന് അസാമാന്യമായ വാസനയുണ്ടായിരുന്നു. ഗ്രോവ് സുസായ്പും ആ വിഷയത്തിൽ പ്രത്യേകശ്രദ്ധ സമ്പാദിച്ചിട്ടുള്ള കാരണമായിരുന്നു. രണ്ടു കൊല്ലത്തിനുള്ളിൽ രംഗനാഥൻ കോണ ഗണിതം വരെ എത്തി ജ്യോതിശ്ശാസ്ത്രം പഠിച്ചുതുടങ്ങി. ജ്യോതിശ്ശാസ്ത്രം തന്റെ ആയുസ്സുകാലത്തിന്റെ അവസാനത്തെ ദിവസംവരെ തനിക്ക് അത്യന്തം രസം തോന്നിയിരുന്ന ഒരു വിഷയമായിരുന്നു. കാലം അധികം കഴിയുതോറും, രംഗനാഥന്റെ അറിവും അധികം വർദ്ധിച്ചുകൊണ്ടുവന്നു. രംഗനാഥനെ നല്ലവണ്ണം പഠിപ്പിക്കുന്നതിനു തുനിഞ്ഞിരുന്ന കാസമേജർസായ്പു രംഗനാഥനെ മദ്രാസിലേക്കയയ്ക്കുന്നതിനു് ആഗ്രഹിച്ചു. അതിനു രംഗനാഥന്റെ മാതാപിതാക്കന്മാർക്കു് ഔത്സുക്യത്തിൽ അശേഷം മനസ്സുണ്ടായിരുന്നില്ല. എന്നാൽ ആ ജഡ്ജിസായ്പ് അവരെ പറഞ്ഞു സമ്മതിപ്പിച്ചു. ക്രിസ്താബ്ദം 1870-ാം വർഷത്തിൽ ആ സായ്പു ബിഷപ്പു കോറിയുടെ ഗ്രാമർ സ്കൂളിൽ അക്കാലം മേലധ്യക്ഷനായിരുന്ന കൈർസായ്പിനു് ഒരു ശിപാർശിക്കത്തോടുകൂടി രംഗനാഥനെ മദ്രാസിലേക്കു് അയച്ചു.

ജ്ഞാനസമ്പാദനവിഷയത്തിൽ തന്റെ പുതിയ ശിഷ്യൻ പ്രദർശിപ്പിച്ച സാമർത്ഥ്യത്തെക്കണ്ടിട്ട്, കെർസായ്ക്ക് വളരെ വിസ്മയം തോന്നി. ഭൂമിശാസ്ത്രം സിഷപ്പ് കോറിയുടെ ഗ്രാമർ സ്കൂളിലെ മേലദ്ധ്യക്ഷനായി മദ്രാസിലും, പിന്നെ ഹിന്ദു ഫൈവ് സ്കൂളിലെ മേലദ്ധ്യക്ഷനായി കല്ക്കത്തയിലും, ഇങ്ങനെ ഇൻഡ്യയിൽ വളരെക്കാലം പണിയെടുത്തിട്ട് ഇംഗ്ലീലേക്ക് മടങ്ങിയതിനുശേഷം, കെർസായ്ക്ക് എഴുതിയുണ്ടാക്കി പ്രസിദ്ധപ്പെടുത്തിയ 'ഇൻഡ്യയിലെ നാട്ടുകാരുടെ ഗാർഹജീവിതക്രമം' എന്ന പുസ്തകത്തിൽ, ആ സായ്പ് തന്റെ ശിഷ്യനായ രംഗനാഥനാട്ടാരിനെപ്പറ്റി ഇങ്ങനെ എഴുതിയിരുന്ന ആദരവിനെക്കുറിച്ച പ്രസ്താവിച്ചിട്ടിരിക്കുന്നു. രംഗനാഥൻ പലപ്പോഴും കെർസായ്പിന്റെ ബംഗ്ലാവിലെ ഭക്ഷണപദാർത്ഥങ്ങളിൽ പ്രധാനിയായിരുന്നു. കെർസായ്പ്, തന്റെ മേല്പറഞ്ഞ പുസ്തകത്തിൽ, രംഗനാഥൻ തന്റെ ബംഗ്ലാവിൽ വന്നു താമസിക്കുന്ന സമയങ്ങളിലൊക്കെയും, താനും രംഗനാഥനും കൂടി, സ്മിത്തിന്റെ 'ജനസമൂഹങ്ങളുടെ ധനം', ലോക്കിന്റെ 'ഗ്രഹണശക്തിയെക്കുറിച്ചുള്ള പ്രസംഗങ്ങൾ', പേലിയുടെ 'സദാചാരികമായ തത്വശാസ്ത്രം', എന്നി പുസ്തകങ്ങളെ വായിക്കാറുണ്ടായിരുന്നു എന്നു പറഞ്ഞിരിക്കുന്നു. പിന്നെയും കെർസായ്പ് മേല്പറഞ്ഞിടത്തു:— 'ഞങ്ങൾ രണ്ടാളും കൂടി നായാട്ടിനുപോകുമ്പോൾ (ഞാൻ ഇപ്പോൾ ഓർക്കുന്നതുപോലെ) ഞങ്ങൾക്കു രണ്ടാൾക്കും ഗ്രന്ഥാഭ്യാസത്തിനുള്ള സമയത്തെ ഞാൻ വിചാരിക്കുന്നു' എന്നു പറഞ്ഞിരിക്കുന്നു. മേല്പറഞ്ഞ നിശ്ചയിക്കപ്പെട്ട പ്രധാനകാര്യം കഴിഞ്ഞതിനുശേഷം, പലപ്പോഴും ഞങ്ങൾ സാധാരണ സംഭാഷണം ചെയ്തുകൊണ്ടിരുന്നു. ആ സമയങ്ങളിൽ രംഗനാഥന്റെ മനസ്സിനുള്ള ബുദ്ധിമാനായ ഒരു യൂറോപ്യന്റെ മനസ്സിനുള്ള അത്രയും ഭേദമില്ലെന്നു കണ്ടു ഞാൻ അത്ഭുതപ്പെട്ടിട്ടുണ്ട്. രംഗനാഥന്റെ മനശ്ശക്തികൾ എനിക്ക് ബോധപ്പെട്ടിട്ടുള്ള അക്കാലത്തെ എല്ലാ യൂറോപ്യന്മാരുടെയും മനശ്ശക്തികളോടും തുല്യമാ

ളായിരുന്നു. രംഗനാഥന്റെ സൌശീല്യവും, സത്യനിഷ്ഠയും, പുരുഷോചിതമായ ആജ്ഞാബലവും എത്രതന്നെ വർണ്ണിച്ചാലും മതിയാകാത്തവിധത്തിലുള്ളവയായിരുന്നു.'

രംഗനാഥൻ മദ്രാസിലായിരുന്നപ്പോൾ രംഗനാഥന്റെ ഉന്നാഭിവൃദ്ധിയിൽ കാസമേജർ സായ്പ് അത്യന്തം തല്പരനായിരുന്നു. ആ സായ്പ് കേർസായ്പിനെപ്പറ്റി താഴെ ചേർക്കുന്ന കുറിപ്പിൽനിന്നു് ആ സായ്പിനു രംഗനാഥനെക്കുറിച്ചുണ്ടായിരുന്ന തല്പരത്വം അസാമാന്യമായിട്ടുള്ളതായിരുന്നു എന്നു കാണാവുന്നതാകുന്നു: — രംഗനാഥനെ എന്തെല്ലാം പഠിപ്പിക്കുവാൻ കഴിയുമോ അതെല്ലാം പഠിക്കുന്നതിനു രംഗനാഥൻ യോഗ്യതയുള്ളവനാണെന്നു ഞാൻ വാസ്തവമായി വിശ്വസിക്കുന്നു. ഈ വിശ്വാസം ഹേതുവായിട്ടു്, രംഗനാഥന്റെ പഠിപ്പു് അല്പമെങ്കിലും വർദ്ധിക്കുന്നതിനിടയുണ്ടാകുന്നതു നിങ്ങൾ വിചാരിക്കുന്ന കാലത്തോളം രംഗനാഥൻ നിങ്ങളുടെ അടുക്കൽതന്നെ പഠിക്കേണമെന്നാണു ഞാൻ അഭ്യർത്ഥിക്കുന്നതു്. ഇതു് എത്ര കാലത്തോളമായിരിക്കേണമെന്നു നിങ്ങളെപ്പോലെ അത്ര നല്ലവണ്ണം നിർണ്ണയിക്കുന്നതിനു വേറെ ആർക്കും കഴിയുമായിരിക്കുന്നതല്ല. രംഗനാഥനെ സംബന്ധിച്ചു നിങ്ങൾക്കു ബോധിച്ചതുപോലെ ചെയ്യുന്നതിനുള്ള പൂർണ്ണാധികാരം നിങ്ങൾക്കു തരുന്നതിനു ഞാൻ എല്ലായ്പ്പോഴും വിചാരിച്ചിട്ടുണ്ടു്. രംഗനാഥന്റെ അഭിവൃദ്ധിക്കു് അത്യന്തം അനുകൂലമായിട്ടുള്ള സ്ഥിതിയിൽ വെക്കുന്നതിനു് എത്രത്തോളം കഴിയുമോ, അത്രത്തോളം ആ സ്ഥിതിയിൽ രംഗനാഥനെ വെച്ചിരിക്കുന്നു എന്നാണു ഞാൻ വിശ്വസിക്കുന്നതു്. ആ സ്ഥിതിയിൽ ഇരുന്നുകൊണ്ടു് എത്രമാത്രം സ്വാഭിവൃദ്ധി വരുത്തുവാൻ കഴിയുമോ, അത്രമാത്രം സ്വാഭിവൃദ്ധി രംഗനാഥൻ വരുത്തിക്കൊള്ളുന്നതിനെന്നു മാത്രമേ എനിക്കൊരു വിചാരമുള്ളൂ. രംഗനാഥനു് ആവശ്യമുള്ള പുസ്തകങ്ങൾ കൊടുക്കേണമെന്നുള്ള എന്റെ അപേക്ഷയെ ഇന്നുവരെ നിങ്ങൾ എത്രത്തോളം

പ്രവർത്തിച്ചിരിക്കുന്നു എന്നു ഞാൻ അറിയുന്നില്ല. ആ അപേക്ഷയെ രംഗനാഥൻ ഏറ്റവും അനുകൂലമായിട്ടുള്ള വിധത്തിൽ നിങ്ങൾ മനസ്സിലാക്കി പ്രവർത്തിക്കണമെന്നായിരുന്നു എന്റെ ആഗ്രഹം. രംഗനാഥൻ ഇപ്പോൾ അധികം പുസ്തകങ്ങൾ ആവശ്യമുള്ളവനായിരിക്കാം. ആ കാര്യത്തിൽ നിങ്ങൾ അശേഷം ലോഭം കാണിക്കരുതെന്നു ഞാൻ അപേക്ഷിക്കുന്നു. എങ്ങനെയെന്നാൽ ഒരു നിഘണ്ടുവും നല്ല നല്ല അകാരാദികളും, അവയെ പ്രണപ്രതിമായി ഉപയോഗിക്കുന്നതുകൂടി കാലം വരുന്നു എന്നു വിചാരിക്കുന്നപക്ഷം, നിങ്ങൾ രംഗനാഥനു വാങ്ങിക്കൊടുക്കുന്നതിൽ എനിക്ക് അശേഷം വിരുദ്ധമില്ല. പുസ്തകങ്ങൾ കൊടുക്കുമ്പോൾ, അവ സ്വന്തമാക്കി വെച്ചുകൊള്ളാമെന്നോ, ആറൽ നാം കൊടുത്തവയാണെന്നോ, നിങ്ങൾ രംഗനാഥനോടു പറയേണ്ടെന്നില്ല. നിങ്ങൾ ഇതിനു മുമ്പിൽ അങ്ങനെ പറഞ്ഞിട്ടുണ്ടായിരിക്കയില്ലെന്നാണു ഞാൻ വിചാരിക്കുന്നതു്. ഇങ്ങനെ ആയാൽ പുസ്തകങ്ങളെല്ലാമേയും നിങ്ങളുടെ വകയാണെന്നു രംഗനാഥൻ വിചാരിക്കുകയും, അവയെ അധികം സൂക്ഷിക്കുകയും ചെയ്യും. പഠിപ്പു മതിയാക്കിപ്പോകുമ്പോൾ രംഗനാഥന്റെ സ്വന്തമാക്കിയായി ആ പുസ്തകങ്ങളെ നിങ്ങൾക്കു കൊടുക്കാവുന്നതാണു്.'

ഫ്രഞ്ചുകാർ-മാനേടിയ്ക്കു കാസനേജർ സായ്പ് മദ്രാസു ഹൈക്കോടതിയിലെ ഒരു ജഡ്ജിയായി മാറിപ്പോയി. കെർസായ്പിനും കല്ക്കത്തയിൽ ഒരു ഉദ്യോഗം കിട്ടി. രംഗനാഥനെ പിന്നെ ബിഷപ്പു കോറിയുടെ ഗ്രാമർ സ്കൂളിൽ പഠിക്കുന്നതിനു സമ്മതിക്കുന്നതു കാസനേജർ സായ്പിനു് ഇഷ്ടമായിരുന്നില്ല. അതിനാൽ ആ സായ്പ്, പെരുവൽ സായ്പിനു് ഒരു ശിപാർശക്കത്തുകൊടുക്കുകയും രംഗനാഥനെ പഴയ ഹൈസ്കൂളിലേയ്ക്കു് അയയ്ക്കുകയും ചെയ്തു. രംഗനാഥനെ വേഗത്തിൽ ആ സ്കൂളിൽ ചേർത്തു. അല്പദിവസംകൊണ്ടു രംഗനാഥൻ എല്ലാവിധത്തിലുമുള്ള ഒരു കുട്ടിയാണെന്നു പെരുവൽ സായ്പു മനസ്സി

ലാക്കി. കുണക്കിൽ രംഗനാഥൻ പ്രദർശിപ്പിച്ച അസാമാന്യനാമത്ഭുതത്തെക്കണ്ടിട്ട്, താനന്ന ക്ലാസ്സിൽ കണക്കു പഠിപ്പിക്കുന്നതിന് ആ സായ്പ് രംഗനാഥനെ നിശ്ചയിച്ച രാജാ സർ, ടി. മാധവരാവർ അക്കാലത്തു രംഗനാഥന്റെ ശിഷ്യന്മാരിൽ ഒരുത്തനായിരുന്നു. പ്രവർത്തനത്തിൽ രംഗനാഥൻ 'പ്രൊഫീഷിയൻറ്' (അഭിജ്ഞൻ) എന്ന സ്ഥാനപരീക്ഷയ്ക്കു ചേരുകയും, ബഹുമതികളോടുകൂടി അതിൽ വിജയിയായി ഭവിക്കുകയും, ചെയ്തു. ആ അവസരത്തിൽ ആ പരീക്ഷയിൽ ജയിച്ചതു രംഗനാഥൻ മാത്രമായിരുന്നു. പ്രൈസിഡൻസി കാളേജിലെ കലണ്ടറിൽ പ്രൊഫീഷിയൻറ് പരീക്ഷ ജയിച്ചവരിൽ ഒന്നാമതായി രംഗനാഥന്റെ പേർ ഇന്നും കാണാവുന്നതാകുന്നു. പ്രൊഫീഷിയൻറ് എന്ന സ്ഥാനം ലഭിച്ച ശേഷം രംഗനാഥൻ കാസമേജർ സായ്പിനെ കാണുന്നതിനായി ആ സായ്പിന്റെ ബംഗ്ലാവിലയ്ക്കു പോയി. രംഗനാഥനെ അത്യന്തം സന്തോഷത്തോടുകൂടി സ്വീകരിച്ചിട്ട് ആ സായ്പ് ഇപ്രകാരം പറഞ്ഞു — 'എന്താ! രംഗനാഥ! നിങ്ങളുടെ നടത്തയാൽ ഞാൻ പൂർണ്ണമായ പ്രതിഫലം ലഭിച്ചവനായി ഭവിച്ചിരിക്കുന്നു. ഈശ്വരൻ നിങ്ങളെ അനുഗ്രഹിക്കട്ടെ.' പിന്നെ രംഗനാഥന്റെ മേലാലത്തെ ജീവിതം ഏതു സ്ഥിതിയിലായിരിക്കണമെന്നുള്ളതിനെക്കുറിച്ച് അവരണ്ടുപേർക്കും തമ്മിൽ ദീർഘമായ ഒരു സംഭാഷണം ഉണ്ടായി. രംഗനാഥന്റെ വലുതായ ആഗ്രഹം ആ സമയം ഏതെങ്കിലുമൊരു കോളേജിൽ പ്രൊഫസ്സറായിരിക്കണമെന്നായിരുന്നു. പ്രൊഫീഷിയൻറ് എന്ന സ്ഥാനം ലഭിച്ച ശേഷം രംഗനാഥൻ കർസായ്പിനയച്ച താഴെ കാണുന്ന എഴുത്തിൽനിന്നു രംഗനാഥന്റെ മനസ്സ് അക്കാലം എത്തിലേക്കു ചായുന്നുണ്ടായിരുന്നു എന്നു കാണാവുന്നതാകുന്നു:— 'പ്രൈസ്കൂളിൽ ഞാൻ പഠിച്ചുകൊണ്ടിരുന്ന മുഖ്യത്തെ രണ്ടു കൊല്ലവും മാത്തമാറ്റിക്സ് (കണക്ക്) പൂർണ്ണമായി അഭ്യസിക്കണമെന്നും, താമസി

ക്കാതെ സ്ഥാപിക്കണമെന്നു വിചാരിക്കപ്പെട്ടിരിക്കുന്ന എൻജിനീയറിങ്ങു കോളെജിൽ ഒരു വാല്യൂവേഷ്യോഗം സംഘടിക്കേണമെന്നും ഞാൻ തിരഞ്ഞെടുത്തിട്ടുണ്ടായിരുന്നു. എന്നു മാത്രമല്ല, ബാംബെയിൽ ഗംഗാധരശാസ്ത്രി എങ്ങനെയൊ അറിഞ്ഞെന ഞാനും ഒരു പ്രൊഫെസ്സറായിത്തീർന്നേക്കുമെന്നു ഊഹിക്കുന്നതിനുള്ള അഭിമാനവും എനിക്കുണ്ടായിരുന്നു.' പെയ്മാസ്റ്റർ സായ്പും, കാസ്മെജർ സായ്പും, അക്കാലം സംസ്കൃതകോളെജിലെ പ്രിൻസിപ്പൽ ആയിരുന്ന ജാഞ്ജി നാട്ടൻ സായ്പും രംഗനാഥനിൽ കൃപാധിക്യപ്പെട്ട ഉദ്യോഗത്തിലേയ്ക്കു് അദ്ദേഹത്തെ വളരെ ശിപാർശചെയ്തു. എന്നാൽ രംഗനാഥന്റെ നിർഭാഗ്യമെന്നേ പറയേണ്ടു, ഗവർമ്മെൻറിൽ നിന്നു് എൻജിനീയറിംഗു കോളെജു സ്ഥാപിക്കുന്ന കാര്യത്തെക്കുറിച്ചുണ്ടായിരുന്ന ആലോചനകളെ മുഴുവനും നിറുത്തിവച്ചുകളഞ്ഞു. അതിൽപിന്നെ സൈസ്കൂളിന്റെ കാര്യത്തിൽ ഗവർമ്മെൻറിലേക്കുണ്ടായിരുന്ന താല്പര്യക്കുറവിനാൽ, ആ സ്കൂളിൽ ഒരു പണി കിട്ടുന്നതാണെന്നുള്ള വിശ്വാസം, പെയ്മാസ്റ്റർ സായ്പും നാട്ടൻ സായ്പും അതിലേക്കു ശ്രമിച്ചു എങ്കിലും, രംഗനാഥനു് അവശേഷം ഉണ്ടായിരുന്നില്ല.

സംഗതികളെല്ലാം ഇങ്ങിനെയായിരുന്നപ്പോൾ, തന്റെ അച്ഛനു ദിനം കലശലാകയാൽ, രംഗനാഥൻ ചിറക്കു പോകേണ്ടിവന്നു. തന്റെ അച്ഛന്റെ വയസ്സുകാലത്തു തന്റെ അദ്ദേഹത്തിന്റെ അടുക്കൽ ഉണ്ടായിരിക്കേണ്ടതു് ആവശ്യകമാകയാൽ, അതിനു തനിക്കു കഴിവുണ്ടായിവരത്തക്കവണ്ണം ചിറയിൽ ഒരു ഉദ്യോഗം കിട്ടേണമെന്നു താൻ ആഗ്രഹിക്കുകയും, ആ ആഗ്രഹം സാധിക്കുമെന്നു തന്നെ നിശ്ചയിക്കുന്നതിനും താൻ കാസ്മെജർ സായ്പിനോടു് അപേക്ഷിക്കുകയും ചെയ്തു. രംഗനാഥനെ സഹായിക്കുന്നതു് ആ ജഡ്ജി സായ്പിനു് അത്യന്തം സന്തോഷകരമായ ഒരു കാര്യമായിരുന്നതേ ഉള്ളൂ. അതിനാൽ ആ സായ്പു കൈക്കുടക്കു ഒരു കത്തു കൊടുക്കയും, ചിറയിക്കു വന്നു് അല്പദിവസം കഴിഞ്ഞു ഉ

ടനന രംഗനാഥന്റെ ഉറപ്പിക മാനപ്പടിയിൽ സബ്ബ് ജഡ്ജിയുടെ കോടതിയിൽ ഫെഡ്ക്ലാക്ക്ദ്യോഗം ലഭിക്കുകയും ചെയ്തു ഈ ഉദ്യോഗത്തിലിരിക്കുമ്പോൾ രംഗനാഥനു പഠിക്കുന്നതിനു ധാരാളം സമയം കിട്ടി. ആ സമയത്തെ തന്റെ അറിവിനെ വർദ്ധിപ്പിക്കുന്നതിലേക്കായി താൻ ഉപയോഗിച്ചു. തെലുങ്കു, ഹിന്ദുസ്ഥാനി, പാർസി, കണ്ണടകം ഈ ഭാഷകൾ പഠിക്കുന്നതിനു തൻ ആരംഭിച്ചു. ഈ വിഷയത്തിൽ തന്റെ അഭിവൃദ്ധി വിസ്മയാവഹമായ തോന്നത്തക്കവിധത്തിലുള്ളതായിരുന്നു. കോടതിയിലെ റെക്കർഡു മിക്കവാറും താൻ ഒരുത്തനായി തർജ്ജമ ചെയ്തു. ആ തർജ്ജമയിൽ താൻ പ്രദർശിപ്പിച്ച സാമർത്ഥ്യത്തെക്കണ്ടിട്ട്, ആ കോടതിയിൽ മാറി മാറി വന്ന സകല ജഡ്ജിമാരും വിസ്മയപ്പെട്ടു. ഹൈക്കോടതിയിൽ ഒരു ഉദ്യോഗം സമ്പാദിക്കുന്നതിനു രംഗനാഥനു കലശലായ മോഹം ഉണ്ടായിരുന്നു. തന്റെ അമ്മാൻ മരിച്ചു പോകയാൽ ചിറ്റൂർ വിട്ടുന്നതിനു രംഗനാഥൻ ആഗ്രഹിച്ചു. ഭാഗ്യവശാൽ ആ സമയം ഹൈക്കോടതിയിൽ 'ഇന്റെർപ്രെട്ടർ' ഉദ്യോഗം ഒഴിവാകുകയും, അതിലേയ്ക്ക് ഒരു പരീക്ഷ നിശ്ചയിച്ച് അതിൽ വിജയിയായി ഭവിക്കുന്നവനെ വേണം ആ ഉദ്യോഗത്തിൽ നിയമിക്കേണ്ടതെന്നു ഹൈക്കോടതി ജഡ്ജിമാർ തീർച്ചപ്പെടുത്തുകയും ചെയ്തു. മേല്പറഞ്ഞ പരീക്ഷയിൽ ചേരുന്നതിനു മദ്രാസി ആയിക്കേണമെന്നു കാസ്റ്റേജർസായ്പു രംഗനാഥനു് എഴുത്തയച്ചു. രംഗനാഥൻ വേഗം അപ്രകാരം ചെയ്കയും, തമിഴ്, തെലുങ്കു, മറാട്ടി, കണ്ണടകം, ഹിന്ദുസ്ഥാനി, പാർസി, ഇംഗ്ലിഷ് ഈ ഭാഷകളിൽ പരീക്ഷിക്കപ്പെടുന്നതിനു സന്നദ്ധനായിത്തീരുകയും, ചെയ്തു. ഈ പരീക്ഷയിൽ രംഗനാഥൻ അനന്യസാധാരണമായ ഉൽകർഷത്തോടുകൂടി ജയിച്ചതിനാൽ മേല്പറഞ്ഞ ഉദ്യോഗം രംഗനാഥനു ലഭിച്ചു.

ഹൈക്കോടതിയിലെ ഇൻറെർപ്രെട്ടറായി രംഗനാഥനു തന്റെ സാമർത്ഥ്യത്തെ പ്രദർശിപ്പിച്ചു പ്രസിദ്ധനാകുന്നു

തിനു ധാരാളം സൌകര്യം സിദ്ധിച്ചു. ജഡ്ജിമാരുമായി മുഖാവിൽ ഇടപെട്ട പരിഭാഷപ്പെടുത്തുന്നതിനു സംഗതി വന്നതിനാൽ, അദ്ദേഹം പ്രയാസംകൂടാതെയും, വാക്കിനു തടവുകൂടാതെയും, രംഗനാഥൻ പരിഭാഷപ്പെടുത്തുന്നതു കണ്ടിട്ടു ജഡ്ജിമാർക്കു വളരെ വിസ്മയം തോന്നി. കാലക്രമം കൊണ്ടു രംഗനാഥനെക്കുറിച്ചു ജഡ്ജിമാർക്കുണ്ടായ അനുകൂലാഭിപ്രായം വലുതായി വന്നു. അതിനെ പ്രത്യക്ഷപ്പെടുത്തി പ്രയോഗിക്കുന്നതിനു സന്ദർഭം ഉണ്ടായപ്പോളൊക്കെയും അപ്രകാരം ചെയ്യുന്നതിനു ജഡ്ജിമാർ മടിച്ചില്ല. ദക്ഷിണേന്ത്യയിലുള്ള സകല ഭാഷകളേയും പഠിച്ചുകഴിഞ്ഞതിനാൽ രംഗനാഥൻ യൂറോപ്പിലുള്ള ഭാഷകളെ പഠിക്കുന്നതിനു് ആരംഭിച്ചു. ഫ്രെഞ്ചിലും, ലാറ്റിനിലും താൻ പേരെത്തിൽ വ്യുല്പന്നനായിത്തീർന്നു. ഒരു ദിവസം കോടതിയിൽ ഒരു ഫ്രെഞ്ചു പരിഭാഷകന്റെ ആവശ്യമുണ്ടായി. രംഗനാഥൻ തൽക്ഷണം ആ ഭാഷാ പരിഭാഷകനായി ഭാജരായി. അതു കണ്ടപ്പോൾ പ്രധാനജഡ്ജിയായ ഗാംബിയർസായ്പിനു് ആശ്ചര്യം തോന്നി. പരിഭാഷപ്പെടുത്തുന്നതിനു ജഡ്ജിസായ്പു രംഗനാഥനോടു പറഞ്ഞു. അല്പം പരിഭാഷപ്പെടുത്തിക്കേട്ട ഉടനെ രംഗനാഥന്റെ ഫ്രെഞ്ചുപരിഭാഷ എത്രയും ശരിയായിരിക്കുന്നു എന്നു കണ്ടിട്ടു ജഡ്ജിസായ്പ് അത്ഭുതപ്പെട്ടുപോയി. ഈ ദിവസംമുതൽ രംഗനാഥൻ ജഡ്ജിമാരുടെ പ്രത്യേക സ്നേഹിതനായിത്തീർന്നു. രംഗനാഥനെ ജഡ്ജിമാർ തങ്ങളുടെ ബംഗളാവുകളിലേക്കു കൂടക്കൂടെ ക്ഷണിച്ചുവരുത്തി. തന്റെ കഴിവുദിവസങ്ങളൊക്കെയും രംഗനാഥൻ ജഡ്ജിമാരുമായി പലതരം വിഷയങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തു കഴിച്ചുകൂട്ടി. ജഡ്ജിമാരിൽ പലരാൽ രംഗനാഥനു കൊടുക്കപ്പെട്ട ഈ താഴെയുള്ള സർട്ടിഫിക്കേറ്റിൽനിന്നു ജഡ്ജിമാർക്കു രംഗനാഥനെക്കുറിച്ചു് എത്രനല്ല അഭിപ്രായമുണ്ടായിരുന്നു എന്നു കാണാവുന്നതാണു്:—

'എന്റെ അറിവിൽ പെട്ടിട്ടുള്ള എല്ലാ പരിഭാഷകന്മാരിലും

വെച്ചു നിങ്ങൾ പ്രഥമഗണനീയനാണെന്നു ഞാൻ നിസ്സംശയമായി പറയുന്നു. ഇൻഡ്യയിൽ നടപ്പുള്ള ഭാഷകളിൽ നിന്നു മാത്രമല്ല, യൂറോപ്പിലെ ഭാഷകളിൽനിന്നും എനിക്കു നിങ്ങൾ പരിഭാഷപ്പെടുത്തി തന്നിട്ടുണ്ട്. എന്നാൽ യാതൊന്നിലും നിങ്ങളെ തിരഞ്ഞെടുക്കുന്നതിന് എനിക്കു യാതൊരിക്കലും ഇടവന്നിട്ടില്ല. ഈ കോടതിയിലെ ഒരു ഉദ്യോഗസ്ഥന്റെ നിലയിൽ നിങ്ങളുടെ ബഹുമാന്യമായ നടത്തയെക്കുറിച്ച് എനിക്കുള്ള പൂർണ്ണമായ അനുകൂലാഭിപ്രായത്തെക്കൂടി ഈ അവസരത്തിൽ ഞാൻ പ്രസ്താവിക്കേണ്ടതായിരിക്കുന്നു.' ഹൈക്കോടതിയിലെ ചീഫ് ഇൻറെർപ്രെട്ടർ ഉദ്യോഗം ഇംഗ്ലീഷുകാരല്ലാത്തവരായിരുന്നില്ല. അക്കാലത്തു് ഇൻറെർപ്രെട്ടർമാർക്ക് കമ്മിഷൻ കൊടുക്കുക പതിവായിരുന്നു. അനേകഭാഷകളിൽ പരിപൂർണ്ണപാണ്ഡിത്യം സമ്പാദിച്ചിരുന്ന രംഗനാഥശാസ്ത്രി മാസം ഒന്നേക്കു ൫൦൦ ഉറുപ്പിക മുതൽ ൬൦൦ ഉറുപ്പികവരെ കമ്മിഷൻ സമ്പാദിച്ചിരുന്നു. രംഗനാഥശാസ്ത്രിക്ക് ഇക്കാലത്തു സംസ്കൃതത്തിലും പരിപൂർണ്ണപാണ്ഡിത്യം ഉണ്ടായിരുന്നു. ആ ഭാഷയിലുള്ള ഓരോ മൂലപ്രമാണങ്ങളെ രംഗനാഥശാസ്ത്രിക്ക് എത്രയോ ചിഗദമായി വ്യാഖ്യാനിക്കേണ്ടതിനു കഴിവുണ്ടായിരുന്നതിനാൽ, അദ്ദേഹത്തിന്റെ അഭിപ്രായം ചോദിക്കാതെകണ്ടു ഹിന്ദുലായെ സംബന്ധിച്ചുള്ള യാതൊരു തർക്കസംഗതികളും തീർപ്പാക്കപ്പെടാറില്ലായിരുന്നു. സർ ക്രിസ്റ്റഫർ റാമിൻസൺ സായ്പിനായിരുന്നു രംഗനാഥശാസ്ത്രിയെക്കുറിച്ച് അത്യന്തം വിസ്മയം തോന്നിയിരുന്നതു്. ആ സായ്പിന്റെ ഉത്സാഹത്താലാണ് ൧൮൫൦ വർഷത്തിൽ മദ്രാസ് സംസ്കൃതകലാശാല സ്ഥാപിക്കപ്പെട്ടപ്പോൾ, രംഗനാഥശാസ്ത്രി ആ സംസ്കൃതകലാശാലയിലെ ഒരു സാമാജികൻ (ഫെല്ലോ) ആയിത്തീർന്നതു്. ൧൮൫൮-൦ വർഷത്തിൽ സർ ചാർളസ് വെൽസ്സായ്പു മദ്രാസു ഗവർണ്ണരായി വന്ന സമയം, ക്രിസ്റ്റഫർ സായ്പു രംഗനാഥശാസ്ത്രിയെ ആ ഗവർണ്ണർസായ്പിന്റെ

അടക്കൽ കൊണ്ടുപോയി, അദ്ദേഹം മദ്രാസിലുള്ള എല്ലാ നാട്ടുകാരിൽവെച്ചും അത്യന്തം പരിഷ്കൃതനാണെന്നു പറഞ്ഞു പരിചയപ്പെടുത്തി. ടൈച്ചർ സായ്പിനു രംഗനാഥശാസ്ത്രിയെക്കുറിച്ചു വേഗത്തിൽ വിസ്മയം തോന്നിത്തുടങ്ങി. അദ്ദേഹത്തെ ആ ഗവർണ്ണർ സായ്പു കൂടക്കൂടെ തന്റെ ബംഗ്ലാവിൽ ക്ഷണിച്ചു വരുത്തുകയും, ഹിന്ദുക്കളുടെ സമുദായസ്ഥിതിയെക്കുറിച്ച് ആലോചിക്കുകയും, ചെയ്യാറുണ്ടായിരുന്നു.

ക്രിസ്തുവർഷം ഏപ്രിൽമാസത്തിൽ മദ്രാസ് സ്മാൾക്കോസ് കോടതിയിൽ ഒരു ജഡ്ജി ഉദ്യോഗം ഒഴിവായി വന്നു. അതിലേക്കു രംഗനാഥശാസ്ത്രിയെ നിശ്ചയിക്കേണ്ടതാണെന്ന് ഒരു ആലോചനയുണ്ടായി. രംഗനാഥശാസ്ത്രി ഒരു നാട്ടുകാരനാകയാൽ അദ്ദേഹത്തെ ആ ഉദ്യോഗത്തിൽ നിശ്ചയിക്കുവാൻ പാടില്ലെന്നു ചിലരുടെ ആക്ഷേപം നടന്നു. ആ ആക്ഷേപത്തെ ടൈച്ചർ സായ്പു ഒട്ടുംതന്നെ ഗണ്യമാക്കാതെ രംഗനാഥശാസ്ത്രിയെത്തന്നെ ആ ഉദ്യോഗത്തിൽ അടുക്കടിങ്ങായി നിശ്ചയിച്ചു. ഈ പുതിയ ഉദ്യോഗത്തിൽ താൻ കാണിച്ച സാമർത്ഥ്യത്താൽ തന്റെ വിരോധികൾപോലും തന്നെക്കുറിച്ചുണ്ടായിരുന്ന മിഥ്യാഭിപ്രായം തെറ്റായിട്ടുള്ളതായിരുന്നു എന്നു വേഗത്തിൽ പ്രത്യക്ഷമായി വന്നു. ഏതു സ്ഥിതിയിൽ കൊച്ചാലും ധൈര്യമായി ശോഭിക്കുന്ന ഒരു അത്ഭുതപുരുഷനാണു രംഗനാഥശാസ്ത്രി എന്നുള്ള പ്രസ്താവം സർവ്വത്ര വ്യാപിച്ചു. ക്രിസ്തുവർഷം വരെ താൻ സ്മാൾക്കോസു കോടതിയിൽ അടുക്കടിങ്ങു ജഡ്ജിയായിരുന്നു. ക്രിസ്തുവർഷം തൊണ്ണൂറാമാണ്ടുതന്നെ ആ ഉദ്യോഗത്തിൽ സ്ഥിരപ്പെടുത്തി. ഇൻകം ടാക്സ് ഉദ്യോഗത്തിൽനിന്നു പിരിഞ്ഞ സമയം രംഗനാഥശാസ്ത്രിക്കു സർ സി. സ്കോട്ട്ലൻഡ് സായ്പും, സർ ആഡംബാർലിസ്റ്റൺ സായ്പും കൂടി ആയച്ച ഒരു എഴുത്തു കിട്ടി. അതിൽ ആ സായ്പന്മാർ ഇപ്രകാരം പറഞ്ഞതിരിക്കുന്നു: "നിങ്ങൾക്കു സ്മാൾ

ക്കോസ് കോടതിയിലെ ജഡ്ജി ഉദ്യോഗം കിട്ടി എന്നും, അതിനാൽ ഹൈക്കോടതിയിലെ ഇൻറർപ്രെട്ടർ ഉദ്യോഗം നിങ്ങൾ രാജിവെക്കണം എന്നും ഞങ്ങളെ അറിയിച്ചതായ നിങ്ങളുടെ എഴുത്തു കിട്ടി. നിങ്ങളുടെ സാമർത്ഥ്യം മൂലമായിട്ട നിങ്ങൾക്ക് ലഭിക്കുന്നതിനു ധാരാളം അധികതയുള്ളതായ ഉദ്യോഗക്കയറ്റം നിങ്ങൾക്ക ലഭിച്ചതുകൊണ്ടു ഞങ്ങൾ സന്തോഷിക്കുന്നു. എന്നാൽ ആ ഉദ്യോഗക്കയറ്റം നിമിത്തം നിങ്ങളുടെ വിലയേറിയ സഹായം ഞങ്ങൾക്ക സിദ്ധിക്കാതെ പോകുന്നുവല്ലോ എന്നോർത്തു ഞങ്ങൾ വ്യസനിക്കുന്നു എന്നു പ്രസ്താവിക്കാതിരിക്കുവാൻ പാടില്ല. എന്നു മാത്രമല്ല, എത്രയോ വർഷം അത്യന്തം സാമർത്ഥ്യത്തോടുകൂടി നിങ്ങൾ പ്രവൃത്തി നടത്തിവന്ന ഉദ്യോഗത്തെ കഴിഞ്ഞു പോകുന്ന സമയം, നിങ്ങൾ എത്തെല്ലാം ജഡ്ജിമാരുടെകീഴിൽ പണിയെടുത്തുവോ ആ ജഡ്ജിമാക്കെല്ലാം നിങ്ങളെക്കുറിച്ച് എല്ലായ്പോഴും വളരെ ബഹുമതിയോടുകൂടിയ അഭിപ്രായമാണ് ഉണ്ടായിരുന്നിട്ടുള്ളതെന്നു നിങ്ങൾക്ക ദൃഢവിശ്വാസം വരുത്തുകയുണ്ടായതിനാൽ പ്രസ്താവിക്കാതിരിക്കുന്നതിനു ഞങ്ങൾക്ക മനസ്സു വരുന്നില്ല."

സൂപ്രണ്ടാസ്കോടതിയിലെ ജഡ്ജിയായിരുന്നപ്പോൾ, രംഗനാഥശാസ്ത്രിക്ക് ഉദ്യോഗസംബന്ധമല്ലാത്ത പ്രവൃത്തി നോക്കുന്നതിനായി ധാരാളം സമയം ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ സൂക്ഷ്മതയുള്ള സാധാരണ ബുദ്ധിയും, വിവിധഭാഷകളിലുള്ള പരിജ്ഞാനവും, ധൈര്യവായിട്ട തന്റെ ജഡ്ജി ഉദ്യോഗത്തെ സംബന്ധിച്ചുള്ള പണികൾ കുറച്ചു സമയംകൊണ്ടു ചെയ്തീർക്കുന്നതിനു തനിക്ക സാധിച്ചു. താൻ എല്ലാവരോടും ഉപചാരമുള്ളവനും, എല്ലാവർക്കും കണ്ടു സംസാരിക്കാമെന്നുള്ളവനും, ആയിരുന്നതിനാൽ, ആ കോടതിയിൽ ഇരുന്നിട്ടുള്ള ജഡ്ജിമാരിൽ അത്യന്തം നല്ലവനായ ഒരു ജഡ്ജിയായിരുന്നു എന്നും ജനങ്ങൾ സ്മരിച്ചുവരുന്നുണ്ട്. ഈ ഉദ്യോഗത്തിലിരിക്കുമ്പോൾ താൻ, അറ

ബിരുദം പഠിക്കുന്നതിനു് അനുമതിക്കുകയും അതിൽ അധികം പരിചയം സമ്പാദിക്കുകയും ചെയ്തു. ഫാഹ്ീസ്സിന്റെയും സാദിയുടേയും ഗ്രന്ഥങ്ങൾ തനിക്കു വളരെ പ്രിയമുള്ള വയായിരുന്നു. ആ ഗ്രന്ഥങ്ങളിലുള്ള വിശേഷഭാഗങ്ങളെ ഹൃദിസ്ഥമാക്കി വെക്കുന്നതിൽ തനിക്കു വളരെ പ്രതിപത്തിയുണ്ടായിരുന്നു. കാലക്രമേണ രംഗനാഥശാസ്ത്രിയുടെ ജ്ഞാനത്തിന്റെ പരിധിയും വർദ്ധിച്ചുകൊണ്ടു വന്നു. ജ്ഞാനസമ്പാദനത്തിനായി തന്നാൽ പ്രവേശിക്കപ്പെട്ട സകല വിഷയങ്ങളിലും തന്റെ അഭിപ്രായം അനിതരസാധാരണമായ വിധത്തിലുള്ളതായിരുന്നു. ചെല്ലുന്ന ദിക്കിലൊക്കെയും തന്നെ എല്ലാവരും വിശേഷബുദ്ധിയായി ബഹുമാനിച്ചു. തന്റെ പാണ്ഡിത്യത്തെക്കുറിച്ചുള്ള പ്രസ്താവനയെ അക്കാലത്തു് എങ്ങും കേൾക്കാറുണ്ടായിരുന്നുള്ളൂ. മാറി മാറി വന്ന എല്ലാ ഗവർണ്ണർമാരുടേയും വിശ്വസ്തനായി താൻ സമ്പാദിച്ചു. അവരിൽ ചിലരൊക്കെ തന്നെ ആ സാധാരണമായ വിധത്തിൽ ബഹുമാനിച്ചു. ബക്കിംഗ്ഹാം പ്രഭുവിനു തന്നെക്കുറിച്ചു വാസ്തവമായ വിസ്മയം തോന്നി. ആ സായ്പിനു മറ്റുള്ള ഭാഷകളെക്കുറിച്ചുള്ള പരിജ്ഞാനത്തോടുകൂടി ജർമ്മൻഭാഷാപരിജ്ഞാനവും ചേർത്തുവെക്കുന്നതിനു രംഗനാഥശാസ്ത്രിയെ ഉത്സാഹിപ്പിച്ചതു്.

ഫ്രഞ്ചുഭാഷയിൽ രംഗനാഥശാസ്ത്രി വച്ചുപ്പുധർമ്മകോയ്മങ്ങളുടെ ഒരു ഭരണാധിയായി നിശ്ചയിക്കപ്പെട്ട ആ കോയ്മയെ നടത്തുന്നതിൽ തനിക്കു വളരെ താല്പര്യം ഉണ്ടായിരുന്നു. ഫ്രഞ്ചുകാർ ഡെൽഹിയിലെ മഹാരാജാവായ ഷാജഹാനുണ്ടായിരുന്നതിനു് ഒരു ക്ഷണനം ലഭിക്കുന്നതിനുള്ള ബഹുമാനം തനിക്കു സിദ്ധിച്ചു. ആ സമയം ഗവർണ്ണർ ജനറലിൽനിന്നു വിശ്വാസസൂചകമായി ഒരു മുദ്രയും സർട്ടിഫിക്കേറ്റും തനിക്കു സമ്മാനം ലഭിച്ചു. ഫ്രഞ്ചുഭാഷയുടെ പ്രൊഫ്രസ്സർ മാസം ഫ്രാങ്കുകൾ രംഗനാഥശാസ്ത്രി പെൻഷൻ വാങ്ങി പണിയിൽനിന്നു പിരിഞ്ഞു. ഫ്രഞ്ചുഭാഷ

മായ തന്റെ ഉദ്യോഗഭരണത്തെ അഭിനന്ദിച്ച മദ്രാസ് ഗവൺമെണ്ടിൽനിന്ന് ആ ഗവൺമെണ്ടിന്റെ നിയമനിർമ്മാണസഭയിൽ ഉദ്യോഗസ്ഥനല്ലാത്ത ഒരു സാമാജികനായി തന്നെ നിശ്ചയിച്ചു. ൧൮൮൨-ാംവർഷം ജൂലായി മാസത്തിൽ ൫൦൦ ഉറുപ്പിക മാസപ്പടിയിൽ തന്റെ പ്രൈവറ്റു സെക്രട്ടറി ഉദ്യോഗത്തിലിരിക്കുന്നതിനു മനസ്സുണ്ടോ എന്നു സർ സാലർജംഗ് രംഗനാഥശാസ്ത്രിയോടു ചോദിച്ചു. തന്റെ ആയുസ്സിന്റെ അവസാനകാലത്തെ തന്റെ പുസ്തകങ്ങളുടെ ഇടയിലും, തന്റെ പൌത്രന്മാരായ കുട്ടികളെ പഠിപ്പിച്ചിട്ടും, കഴിച്ചുകൂട്ടേണമെന്നുള്ള തന്റെ ഉൽകണ്ഠ ഹേതുവായിട്ട് രംഗനാഥശാസ്ത്രി ആ ബഹുമാനത്തെ അംഗീകരിച്ചില്ല. എന്നാൽ മേല്പറഞ്ഞ തന്റെ ഉൽകണ്ഠയെ പൂർണ്ണമായി സാധിക്കുന്നതിനു രംഗനാഥശാസ്ത്രിക്ക് ഇടയായിട്ടു. വലിയവരെയും ചെറിയവരെയും ഒരുപോലെ ബാധിക്കുന്നതായ കലേധർമ്മം, ൧൮൮൫-ാം വർഷം ജൂലായിമാസം ൩-ാംന- രംഗനാഥശാസ്ത്രിയെ പിടികൂടി.

രംഗനാഥശാസ്ത്രിയുടെ ശരീരം സാധാരണത്തിൽ കവിഞ്ഞുതലയെ പൊക്കമുള്ളതായിരുന്നു. തന്റെ ശരീരത്തിന്റെ ഓരോ അംഗങ്ങളുടെ ദാർഢ്യത്തെക്കുറിച്ചു സായ്പന്മാരിൽ പോലും അനേകം അളുകൾക്കു വിസ്മയം തോന്നിയിരുന്നു. ഒരു സായ്പ് തന്റെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— 'ചൊൻഡ്രയിൽ എനിക്കു പരിചയിക്കുന്നതിനിടയായ എല്ലാ ഹിന്തുക്കളെക്കാളും എനിക്ക് അധികം കൌതുകം തോന്നിയിരുന്നതു് എന്റെ സ്നേഹിതനായ രംഗനാഥനെക്കുറിച്ചാണ്. അദ്ദേഹത്തിന്റെ ശരീരപ്രകൃതി തന്നെ ആകർഷകമായിരുന്നു. അദ്ദേഹം ഹിന്തുക്കളിൽ സാധാരണമായതിനെക്കാൾ അധികം പൊക്കമുള്ളവനും, മാംസളനും, ഒരു അംഗങ്ങളോടുകൂടിയവനും, ആയിരുന്നു. അദ്ദേഹത്തിന്റെ നി

റം, ഉച്ചാരണത്തിൽ ചെയ്തിൽകൊണ്ടു കുറഞ്ഞ രണ്ടു ദോഷ വ്യത്യാസത്തിൽനിന്നും അധികം വ്യത്യാസമുള്ളതായിരുന്നില്ല. അദ്ദേഹത്തിന്റെ മുഖത്തിന്റെ എല്ലാ ഭാവങ്ങളും കണ്ണുകളും ബുദ്ധിയെ സൂചിപ്പിച്ചിരുന്ന ശോഭയോടുകൂടിയവയും, നാലാറു ഞാൻ കണ്ടിട്ടുള്ള എല്ലാ ഹിന്ദുക്കളിലുംവെച്ചു വളരെ വിശേഷമായിട്ടുള്ളതും, ആയിരുന്നു. അദ്ദേഹത്തിന്റെ മുഖഭാവം സാധാരണമായി ഗൗരവത്തോടുകൂടിയതായിരുന്നു.' രംഗനാഥശാസ്ത്രി എല്ലാ സഭയിലും പോയാലും അദ്ദേഹത്തെ ശ്രദ്ധാകേന്ദ്രത്തിൽ താമിച്ചിരിയാറായിരുന്നു. എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ ശക്തിയേറിയ സ്വരം അക്കാലം എന്തിനും ചടയാൻ തയ്യാറായ തോന്നാത്ത വിധത്തിലുള്ള അധികാരശക്തിയോടുകൂടിയതായിരുന്നു. താൻ തന്നെ ശരിയെന്നു തനിക്കു ബോധം വരുന്ന സംഗതികളെ സമ്മതിക്കുന്ന കൂട്ടത്തിലായിരുന്നതിനാൽ, ആ പ്രകാരമുള്ള സംഗതികളെ ശരിയെന്നു് അന്യന്മാരെക്കൊണ്ടു സമ്മതിപ്പിക്കുന്നതിൽ താൻ എല്ലായ്പോഴും ശ്രമിക്കുന്നവനായിരുന്നു.

രംഗനാഥശാസ്ത്രിക്കു സിദ്ധിച്ച കായ്വിജയം മുഴുവനും തന്റെ ദിനചര്യകളെ നടത്തുന്നതിൽ തനിക്കുണ്ടായിരുന്ന കൃത്യതയാൽ വന്നിട്ടുള്ളതാണു്. തന്റെ പ്രവൃത്തികളും മുഴുവനും നാഴികമണിപോലെ സമയം തെറ്റാതെ നടന്നതുകൊണ്ടിരിക്കത്തക്കവണ്ണം ഏർപ്പെടുത്തിക്കപ്പെട്ടവയായിരുന്നു. എത്രമണി സമയമായി എന്നു് ആരെങ്കിലും അറിയേണ്ട ആവശ്യം ഉണ്ടെങ്കിൽ, രംഗനാഥശാസ്ത്രി എന്തു പ്രവൃത്തി ചെയ്യുന്നു എന്നു നോക്കിയാൽ മാത്രം മതി. ശരീരത്തിനു വ്യായാമം നൽകേണ്ട കാര്യത്തിൽ രംഗനാഥശാസ്ത്രി അത്യന്തം പ്രതിപത്തിയുള്ളവനായിരുന്നു. രാവിലത്തെ ഏതാനും മണിക്കൂറുകൾ വ്യായാമത്താൽ ശരീരത്തിനു ദാർഢ്യം വരുത്തുന്നതിലേക്കായി താൻ ഉപയോഗിച്ചിരുന്നു. ഇൻഡ്യയിലെ വ്യായാമരീതിയെക്കുറിച്ചു തനിക്കു വളരെ സമ്മതമുണ്ടായിരു

ന്നതിനാൽ, പ്രതിദിവസവും രാവിലെ നാലു മണിക്കും അ ഞ്ചു മണിക്കും ഇടയ്ക്കു കിട്ടുന്ന തെറ്റാത്ത രീതിയിൽ താൻ ഓ രോ വ്യായാമങ്ങളും ചെയ്തുപതിവായിരുന്നു. അഞ്ചു മണി മുതൽ ഏഴു മണിവരെ താൻ കുതിരപ്പുറത്തു സവാരിചെയ്യും. ജീനിന്റെ മുകളിൽ താൻ ഇരിക്കുന്നതിന്റെ സ്ഥിരതയെ ക്കുറിച്ച് ആ നേരം സൂക്ഷ്മപരിശോധനകൾ നടത്തുവാൻ വിസ്മയത്തോന്നിട്ടുണ്ടായിരുന്നു. വൈകുന്നേരം സാധാരണമായി വണ്ടിയെ ടുത്താൻ പോകും. മരിക്കുന്നതുവരെ തന്റെ ദേഹത്തിന് ഈ വിധമുള്ള വ്യായാമം നൽകിയിരുന്നതിനാൽ, ത ന്റെ ആയുഷ്കാലത്തിൽ ഒരു ദിവസംപോലും ദീനമായിക്കിടന്നിട്ടില്ലെന്നുള്ളതു് ആരും അശ്ചര്യമല്ല. പകൽ സമയം ഒരു മണിക്കൂറു നേരം താൻ ക്രമമായി പഠിപ്പിലേയ്ക്കു് ഉപയോഗിച്ചു. നാട്ടുകാരുടെ കൂട്ടത്തിൽ പുസ്തകം കൈയിൽ പിടിച്ചു വായിച്ചുകൊണ്ടിരിക്കുമ്പോൾ മരിച്ചവനായി താൻ ഒരുത്തൻ മാത്രമേ ഉള്ളൂ. തന്റെ പ്രവൃത്തികളെ ല്ലാം പരിപൂർണ്ണതയോടെ ചെയ്യുന്നതിനു താൻ പരിശ്രമിച്ചു. യാതൊരു പ്രവൃത്തിയും അപൂർണ്ണമായി ചെയ്യുന്നതിനു തനിക്കു് അറിഞ്ഞുകൂടായിരുന്നു. താൻ മനസ്സാക്ഷിക്കനുസരിച്ചു മാത്രം പ്രവർത്തിക്കുന്നവനായിരുന്നതിനാൽ, എല്ലാ പ്രകാര ത്തിലുമുള്ള വ്യാജവും തനിക്കു വിരോധമുള്ളതായിരുന്നു. വി ദ്വാന്മാരുടെ കൂട്ടത്തിൽ താൻ ഇൻഡ്യയിൽ അഗ്രഗണ്യനാ യിരുന്നു. ഫ്രഞ്ചുകാർ ഇംഗ്ലാൻഡിൽ കൂടിയ പാർലമേ ന്ററി കമ്മിറ്റി മുമ്പാകെ ജാഫ്നാട്ടൻസായ്പു രംഗനാഥശാ സ്ത്രിയുടെ പാണ്ഡിത്യത്തെക്കുറിച്ചു് ഇപ്രകാരം പ്രസ്താവിച്ചു: 'ഇദ്ദേഹം വളരെ മനശ്ശക്തിയുള്ള ഒരു യൌവനയുക്തനായ പുരുഷനാണു്'. നമുക്കു രണ്ടു കലാശാലകളുള്ളവയിൽ ഏ തിൽ ചേർന്നാലും ഇദ്ദേഹം പ്രസിദ്ധി സമ്പാദിക്കുമെന്നുള്ള വ നാണു്. മനസ്സിന്റെ സ്ഥൈര്യത്തിന്റെയും ശക്തികളുടേ യും വിഷയത്തിൽ ഇദ്ദേഹത്തെ ഏതു യൂറോപ്യനോടും സദൃശപ്പെടുത്തിപ്പറയാവുന്നതാകുന്നു.' തന്റെ ജീവിത ത്തിൽ തനിക്കുണ്ടായിരുന്ന ഒരിക്കലും തെറ്റാത്തതായ കു

ഹൃതയും, എപ്പോഴും തനിക്കുണ്ടായിരുന്ന ഓരോ വിധത്തിലുള്ള സന്തോഷശീലവും, ക്രമമായി പണിയെടുക്കുന്നതിനു തനിക്കുണ്ടായിരുന്ന പതിവും താൻ നിലനിറുത്തി വന്നതിനാലാണു പലരെ അറിവു സമ്പാദിക്കുന്നതിനു രംഗനാഥശാസ്ത്രിക്കു സാധിച്ചതു്.

വാചകരീതിയിൽ ശുദ്ധമായ ഇംഗ്ലീഷിനുള്ള സുഗമതയേയും ഉജ്ജ്വിതത്തേയും ആണു രംഗനാഥശാസ്ത്രി ആഗ്രഹിച്ചതു്. പഠിക്കുന്നതിനായി തന്നാൽ തിരഞ്ഞെടുക്കപ്പെട്ട സകല ദോഷകളിലും ഉൽകൃഷ്ടന്മാരായ ഗ്രന്ഥകർത്താക്കന്മാരുടെ ഗ്രന്ഥങ്ങളെ വായിക്കുന്നതിനാണു താൻ മനസ്സുവെച്ചതു്. ആ ഗ്രന്ഥങ്ങളിലെ വിശേഷാഗങ്ങൾ ശബ്ദം പ്രതി തനിക്കു കാണാപ്പാഠമായിരുന്നു. തന്റെ ഗ്രന്ഥശാലയിൽ മൂവായിരത്തിനു മേൽ ഗ്രന്ഥങ്ങൾ ഉണ്ടായിരുന്നു. അവയിൽ ഓരോന്നും തന്നാൽ നല്ലവണ്ണം പെരുമാറപ്പെട്ടവയാണെന്നു കാണിക്കുന്നവയായ അടയാളങ്ങളോടു കൂടിയതായിരുന്നു. ആ ഗ്രന്ഥങ്ങളുടെ ഓരോ ഭാഗങ്ങളിലും, അന്യഭാഷകളിലുള്ള മറ്റു ഗ്രന്ഥങ്ങളിൽ അതേ വിധത്തിലുള്ള വിചാരങ്ങൾ അടങ്ങിയ ഭാഗങ്ങൾ തന്നാൽ കുറിക്കപ്പെട്ടിട്ടുണ്ടായിരുന്നതിനാൽ, തന്റെ പഠിപ്പു് എത്രയും സൂക്ഷ്മമായിട്ടുള്ളതായിരുന്നു എന്നു ഗ്രഹിക്കാവുന്നതാണു്. പഴയ ഗ്രന്ഥകർത്താക്കന്മാരുടെ കൃതികളെ വായിക്കുന്നതിനായിരുന്നു തനിക്കു് അധികം താല്പര്യമുണ്ടായിരുന്നതു്. സിസെറോ, വർജിൽ, പ്ലോറാ, ആറിസ്റ്റാട്ടിൽ, ഈ ഗ്രന്ഥകർത്താക്കന്മാരെക്കുറിച്ചായിരുന്നു തനിക്കു പ്രത്യേകം ഇഷ്ടമുണ്ടായിരുന്നതു്. സിസെറോവിന്റെ വാചാലതയെത്തുടർന്നുണ്ടായ പ്രസംഗങ്ങളെക്കുറിച്ചു തനിക്കു് അത്യന്തം വിസ്മയം തോന്നിയിരുന്നതിനാൽ, ആ പ്രസംഗങ്ങളിൽ മിക്കവയും തനിക്കു കാണാതെകൊണ്ടു പഠിയാമായിരുന്ന രംഗനാഥശാസ്ത്രി എത്രിനേയെങ്കിലും ഒരിക്കൽ വായിക്കുക മാത്രം ചെയ്താൽ, അതിനെ മനസ്സിലാക്കിക്കഴിഞ്ഞതു; രണ്ടു പ്രാവശ്യം വായിച്ചാൽ

തനിക്ക് അതിനെ കാണാതെ പറവാൻ കഴിയും; മൂന്നാം പ്രാവശ്യം വായിച്ചാൽ, അതിനെ തന്റെ ഹൃദയത്തിൽ നിക്ഷേപിച്ചു വെച്ചു കഴിഞ്ഞു. അറബിയും, പാർസ്സിയും, ആ ഭാഷകളിൽ അതിനിഷ്ണാതന്മാരായ മൗലവികളെപ്പോലെ, തനിക്കു സംസാരിക്കാമായിരുന്നു. ഫാഫ്രിസ്സിന്റെയും സാദിയുടേയും ഗ്രന്ഥങ്ങളിലെ പ്രധാനഭാഗങ്ങളെല്ലാം തനിക്ക് എപ്പോഴും ഹൃദിസ്ഥങ്ങളായിരുന്നു. ഇംഗ്ലീഷുപദ്യങ്ങളിൽ തനിക്ക് അത്ര താല്പര്യമുണ്ടായിരുന്നില്ല. ഇംഗ്ലീഷിൽ പോപ്പിന്റെയും മിൽട്ടന്റെയും പദ്യങ്ങളിൽ മാത്രമേ തനിക്കു പ്രീതിയുണ്ടായിരുന്നുള്ളൂ. ഭൂഗോളത്തിന്റെ പൂർവ്വഭാഗങ്ങളിൽ മാത്രമേ ഉൽകൃഷ്ടന്മാരായ കവികൾ വിഭവികളായി ഭവിച്ചിട്ടുള്ളൂ എന്നായിരുന്നു തന്റെ ദൃഢവിശ്വാസം. താൻ അറിവിനെ അറിവാനായിട്ടു മാത്രം സ്നേഹിച്ചു. തനിക്ക് അറിവു് എന്നുള്ളതു പണം ഉണ്ടാക്കുന്നതിനുള്ള ഒരു ഉപകരണം ആയിരുന്നില്ല. അറിവിനെ അറിവിനായിട്ടു മാത്രം സ്നേഹിക്കേണ്ടതാണെന്നുള്ള അഭിപ്രായം താൻ സ്കൂൾക്കുട്ടിയായിരുന്ന കാലത്താണു തന്നിൽ ഉറപ്പിച്ചതു്. അറിവിനെ കച്ചവടത്തിനു മാത്രം അറിവു സമ്പാദിക്കേണ്ടതാണെന്നുള്ള ഇഴ ആഗ്രഹത്താലായിരുന്നു, മരിക്കുന്നതിനു മുമ്പിൽ താൻ തമിഴ്, തെലുങ്ക്, മലയാളം, കന്നഡം, മറാട്ടി, ഹിന്ദുസ്ഥാനി, പാർസി, അറബി, സംസ്കൃതം, ലാറ്റിൻ, ഗ്രീക്ക്, ഫ്രെഞ്ചു്, ജർമ്മൻ, ഇംഗ്ലീഷ് ഈ പതിന്നാലു ഭാഷകളിൽ പൂർണ്ണമായ പാണ്ഡിത്യം സമ്പാദിക്കുകയും, പതിനഞ്ചാമതായി ഹിബ്രുഭാഷ പഠിച്ചുകൊണ്ടിരിക്കുകയും, ചെയ്തതു്. സംസ്കൃതഭാഷയിലുള്ള ജ്ഞാനനിക്ഷേപത്തെക്കുറിച്ചായിരുന്നു തനിക്ക് അത്യന്തം പ്രേമമുണ്ടായിരുന്നതു്. ആ ഭാഷയിലുള്ള യാതൊരു ഗ്രന്ഥമാകട്ടെ തന്റെ ശ്രദ്ധയെ ആകർഷിക്കാത്തതായി ഉണ്ടായിരുന്നില്ല. ആ ഭാഷയിൽ അച്ചടിക്കപ്പെട്ടിട്ടില്ലാത്തവയായ അനവധ്യം കയ്യെഴുത്തുഗ്രന്ഥങ്ങളെ എത്രയോ അധികം വില കൊടുത്തു താൻ വാങ്ങിയിരുന്നു

എന്നുള്ള സംഗതി, ആ ദോഷത്തെക്കുറിച്ചു തനിക്കുണ്ടായിരുന്ന ആദരവു് അത്യന്തം ഹൃദയപൂർവ്വമായിട്ടുള്ളതായിരുന്നു എന്നു കാണിക്കുന്നു. രംഗനാഥശാസ്ത്രി തന്റെ ഗ്രന്ഥശാലയിൽ ഇരിക്കുമ്പോൾ അദ്ദേഹത്തെക്കുറിച്ചു്, ഒരു ഇംഗ്ലീഷുകവിയുടെ ഈ വാക്കുകൾ ഉപയോഗിക്കാറുണ്ടായിരുന്നു: —

'മരിച്ചുപോയ ആളുകളുടെ കൂട്ടത്തിലാണു തന്റെ ആയുഷ്കാലം മുഴുവനും താൻ കഴിച്ചുകൂട്ടിയതു്. തന്റെ കണ്ണുകൾ യദൃച്ഛയായിട്ടെങ്കിലും തന്റെ ചുറ്റുമുള്ള ഏതു ദിക്കിൽ പതിച്ചാലും, അവിടെയൊക്കെയും താൻ കണ്ടതു പണ്ടുണ്ടായിരുന്ന ചില മഹാന്മാരുടെ ബുദ്ധിവൈഭവഫലങ്ങളെയാണു്. അവർ തന്റെ അനവരതസ്നേഹിതന്മാരായിരുന്നു. അവരുമായിട്ടാണു താൻ ദിവസംപ്രതിയും സംഭാഷണംചെയ്തുകൊണ്ടിരുന്നതു്.'

വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പിക്കുന്ന കാര്യത്തിൽ രംഗനാഥശാസ്ത്രി ഏറ്റം ഉത്സാഹശീലനുള്ളവനായിരുന്നില്ല. ജ്ഞാനസമ്പാദനത്തിൽ തനിക്കുണ്ടായിരുന്ന ശ്രദ്ധാന്തി അന്യന്മാർക്കു ജ്ഞാനദാനം ചെയ്യുന്നതിനായി തന്നെ ഉത്സാഹിപ്പിച്ചു. താൻ അനുഭവിച്ചുപോന്ന വലുതായ ഒരു പ്രമാണം 'കണ്ടുകിൽ പഠിക്കു, അല്ലെങ്കിൽ പഠിപ്പിക്കു' എന്നുള്ളതായിരുന്നു. നാനാഭാഷാപണ്ഡിതന്മാർ തന്റെ ചുറ്റും എപ്പോഴും എത്രയോ പേർ ഉണ്ടായിരുന്നു. അവരുമായി കഴിച്ചുകൂട്ടിയ സമയമായിരുന്നു തനിക്കു് അത്യന്തം ആനന്ദകരമായിരുന്നതു്. അവർക്കു് എപ്പോഴുംതാൻ ധാരാളമായി പ്രതിഫലം നൽകി. ഫ്രെഞ്ചും ലാറ്റിനും പാണ്ഡിത്യമുണ്ടായിരുന്ന ഒരു പ്രസിദ്ധഫ്രഞ്ചുകാരനിൽനിന്നു താൻ പഠിച്ചു. അദ്ദേഹത്തെ താൻ തന്റെ ബംഗ്ലാവിൽ തന്നെ സകല ചിലവും കൊടുത്തു താമസിപ്പിച്ചു, എന്നു മാത്രമല്ല, മാസത്തിൽ നൂറുറുപ്പിക വീതം അദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു. തനിക്കു വളരെ ബഹുമാനം തോന്നിയിരുന്ന ഒരു സംസ്കൃതപണ്ഡിതനു താൻ ചില സമയം അമ്പതുറുപ്പി

കവരെ ഇന്നാം കൊടുത്തിട്ടുണ്ടായിരുന്നു. അന്യന്മാരെ പഠിപ്പിക്കുന്നതിൽ തനിക്ക് എപ്പോഴും താൽപര്യമുണ്ടായിരുന്നു. തന്റെ ബംഗ്ലാവിൽ ഏറു കുട്ടികളെ താമസിപ്പിച്ച് അവരുടെ ഉടുണ്ട്, ഉടുപ്പു മുതലായതെല്ലാം തന്റെ സ്വന്ത ചിലവിന്മേൽ നടത്തി താൻതന്നെ അവരെ പഠിപ്പിച്ചു. മദ്രാസ് സംസ്കൃതകലാശാലയുടെ ആലോചനാസഭയിൽ താൻ എപ്പോഴും ഹാജരായി ഗുണദോഷോപദേശങ്ങളും ചെയ്തിരുന്നു. അവിടെ താൻ ചെയ്ത ഗുണപ്രദമായ പ്രവൃത്തിയെക്കുറിച്ച ജഡ്ജ് നാട്ടൻ സായ്പിന്റെ താഴെ കാണുന്ന വാക്കുകളിൽ നിന്നു ഗ്രഹിക്കാവുന്നതാകുന്നു — 'മദ്രാസ് സംസ്കൃതകലാശാലയുടെ കാര്യദർശനകർത്താക്കന്മാരിൽ ഒരുത്തനായി രംഗനാഥശാസ്ത്രി കഴിഞ്ഞ കാലങ്ങളിൽ ചെയ്തിട്ടുള്ള ഓരോ പ്രവൃത്തികളെക്കുറിച്ച് അദ്ദേഹത്തോടു മുമ്പേതന്നെ കടപ്പെട്ടവരായിരിക്കുന്ന അദ്ദേഹത്തിന്റെ സ്വദേശികളുടെ അവസ്ഥയെ നന്നാക്കുന്നതിനായി ആ ദ്വിഥം ഇനിയും തന്റെ മനശ്ശക്തിയേയും അക്ഷീണയത്നത്തേയും ഉപയോഗിക്കുന്നതാണെന്ന് എനിക്കു പൂർണ്ണവിശ്വാസം ഉണ്ട്.'

ജനസമുദായസ്ഥിതിയെ പരിഷ്കരിക്കുന്ന കാര്യത്തിൽ രംഗനാഥശാസ്ത്രി ഒരു ഉന്നതസ്ഥാനത്തെ പ്രാപിച്ചവനായിരുന്നു. ഹിന്ദുക്കളുടെ നടപടിയിലുള്ള ദോഷങ്ങളെ ചൂണ്ടിക്കാണിച്ചതും, ഹിന്ദുക്കളുടെ അധഃപതനത്തിനു കാരണം ആ ദോഷങ്ങളാണെന്നു പ്രസ്താവിച്ചതും, ആദ്യം രംഗനാഥശാസ്ത്രിയായിരുന്നു. കെർസായ്പ് തന്റെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. — 'രംഗനാഥശാസ്ത്രിയുമായി അദ്ദേഹത്തിന്റെ സ്വദേശികളുടെ സമുദായസ്ഥിതിയെക്കുറിച്ച് ഒരു ദിവസം വൈകുന്നേരം രസകരമായ ഒരു സംഭാഷണം ഉണ്ടായതിനെ ഞാൻ ഓർക്കുന്നു. പൂർവ്വാചാരങ്ങൾ എത്രതന്നെ അസംബന്ധങ്ങളായിരുന്നാലും അവയെക്കുറിച്ചുള്ള ഒരു മൂഢബഹുമാനമാണ് തന്റെ സ്വദേശികളുടെ ദീനാവസ്ഥയ്ക്കു കാരണമായിരിക്കുന്നതെന്ന് അദ്ദേ

ഫത്തിനു ദൃഢബോധമുള്ളതായി ഞാൻ കണ്ടു.' മേല്പറഞ്ഞ ദോഷങ്ങളെ ഉന്മൂലനം ചെയ്യുന്നതിലേക്കായി രംഗനാഥശാസ്ത്രി വളരെ പ്രയത്നം ചെയ്തു. എന്നാൽ ആ പരിശ്രമത്തെ താൻ ഏകാകിയായി ചെയ്യേണ്ടിവന്നതിനാൽ അധികം ഫലിപ്പിക്കുന്നതിനു തന്നാൽ സാധിച്ചില്ല. ഒരു ചെറിയ സംഗതിയാണെങ്കിലും, താനാണു മദ്രാസിൽ നാട്ടുകാരുടെ ഇടയിൽ ആദ്യംപ്രഥമമായി ബൂട്ട്സും ടൈസും ധരിച്ചതു്. ആദ്യത്തിൽ തന്റെ സ്വദേശികളിൽ പലരുംതന്നെ ഈ കാര്യത്തിൽ പരിഹസിച്ചു. എന്നാൽ താൻ സ്ഥിരനിശ്ചയമുള്ള മനസ്സോടുകൂടിയവനായിരുന്നതിനാൽ ആ ശീലത്തെ മാറ്റിയില്ല. ക്രമേണ ആ കാര്യത്തിലുള്ള വിരോധം തീർന്നു. പിന്നെ വളരെ ആളുകൾ താനെപ്പോലെ ബൂട്ട്സും ടൈസും ധരിക്കുവാൻ തുടങ്ങി. സ്ത്രീവിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെക്കുറിച്ചു താനിക്കു വളരെ വിശ്വാസമുണ്ടായിരുന്നു. ബിഷപ്പ് കോറിയുടെ ഗ്രാമർ സ്കൂളിൽ പഠിച്ചുകൊണ്ടിരുന്ന കാലത്തു സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചു് ഒരു പ്രസംഗം ചുരുക്കുന്നതിനു കെർസപ്പ് രംഗനാഥശാസ്ത്രിയോടു പറഞ്ഞു. താൻ പല പുറങ്ങളുള്ള ഒരു പ്രസംഗം എഴുതി. അതിൽ സ്ത്രീവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചു പ്രബലമായി വാദിച്ചുറപ്പിച്ചതിന്റെ ശേഷം, അതിനെ ഇപ്രകാരം അവസാനിപ്പിച്ചു. — 'പുരുഷന്മാർ തന്നെ ആദ്യം നല്ലവണ്ണം പഠിപ്പുള്ളവരായിത്തീർന്നാലല്ലാതെ, നാട്ടുകാർ അവരുടെ സ്ത്രീകളെ പഠിപ്പിക്കുന്ന വിഷയത്തിൽ മനസ്സു വെക്കുന്നതായിരിക്കയില്ലെന്നാണു് എനിക്കു തോന്നുന്നതു്. ഗ്രീസ്, റോപ്പിലുള്ള എല്ലാം പരിഷ്കൃതരാജ്യങ്ങളിലും പുരുഷന്മാരുടെ വിദ്യാഭ്യാസത്തിനു ശേഷമാണു സ്ത്രീകളുടെ വിദ്യാഭ്യാസം തുടങ്ങിയതു്. അതുകൊണ്ടു് ഈ രാജ്യത്തിലും പുരുഷന്മാരുടെ വിദ്യാഭ്യാസം സ്ത്രീകളുടെ വിദ്യാഭ്യാസത്തിനു മുമ്പിൽ വേണ്ടതാണു്.' രംഗനാഥശാസ്ത്രിക്കു് ഒരു മകൾ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ആ മകളെ താൻതന്നെ സംസ്കൃതവും തമിഴും തെലുങ്കും പഠിപ്പിച്ചു. താൻ നല്ലതെന്നു വിചാരിച്ചതു

യാതൊന്നോ അതിനെ താൻ ചെയ്യുമെന്നുള്ള വിശ്വാസം കാണിച്ചുകൊടുത്തു.

ഇങ്ങനെ യൂറോപ്യന്മാർക്കുള്ള വിചാരങ്ങളൊക്കെ തനിക്കുണ്ടായിരുന്നതെങ്കിലും, രംഗനാഥശാസ്ത്രി ഹിന്ദുമതത്തിൽ സ്ഥിരവിശ്വാസമുള്ളവനായിരുന്നു. വേദങ്ങളിലും ബൈബിളിലും കൊറാനിലും തനിക്കു നല്ല പരിചയം ഉണ്ടായിരുന്നു. മതസംബന്ധങ്ങളായ തർക്കങ്ങളിൽ ചേരുന്നതും, തന്റെ സ്വന്തമതത്തിന്റെ മാഹാത്മ്യത്തെ സ്ഥാപിക്കുന്നതും തനിക്കു സന്തോഷകരമായിരുന്നു. ആധുനികപരിഷ്കാരത്തിനു പ്രതികൂലമായിത്തീരാതെ ആതിന്റെ ആവശ്യകതകൾക്കു് അനുകൂലമായി വരത്തക്കവണ്ണം ഹിന്ദുമതത്തെ ശരിപ്പെടുത്തിവെക്കുന്നതിനു തൻ പരിശ്രമിച്ചു. തന്റെ പ്രയത്നത്താലായിരുന്നു ക്രിസ്തുമതത്തിൽ ചേർക്കപ്പെട്ടവനും പാതിരിമാരുടെ കീഴിൽ സൃഷ്ടിക്കപ്പെട്ടവനും ആയ ഒരു ബ്രാഹ്മണക്കുട്ടിയെ വീണ്ടെടുത്തു തിരുമതത്തും ഹിന്ദുമതത്തിൽ ചേർത്തതു്. ജാതിഭേദക്രമത്തെക്കുറിച്ചു തനിക്കു് അധികം ബഹുമാനം ഉണ്ടായിരുന്നില്ല. കർമ്മമാണു സർവ്വനിയാമകം എന്ന സിദ്ധാന്തത്തിൽ തനിക്കു വിശ്വാസമുണ്ടായിരുന്നു. തന്റെ നിഷ്ഠ സത്യമായും നീതിയായും ഇരിക്കുമെന്നുള്ളതായിരുന്നു. സദ്വൃത്തിക്കു് ആതിന്റെ സ്വന്തഫലം ഉണ്ടായിരിക്കുന്നതാണു് എന്നു താൻ എപ്പോഴും പറഞ്ഞിരുന്നു. സത്യത്തെയാണു ദൈവമായി താൻ അധികം വന്ദിച്ചതു്. തന്റെ ആയുഷ്കാലം മുഴുവനും താൻ യാതൊരിക്കലെങ്കിലും കള്ളം പറഞ്ഞിട്ടുള്ളതായി ആരുടേയും അറിവിൽ പെട്ടിട്ടില്ല. തന്നിൽ ഈ ഗുണം ഉണ്ടായിരുന്നു എന്നു തന്റെ ശത്രുക്കൾപോലും സമ്മതിക്കുന്നതാണു്. സത്യം എന്നുള്ളതു തന്റെ സർവ്വസ്വം ആയിരുന്നു. തന്റെ നിഷ്കളങ്കങ്ങളായ സൽഗുണങ്ങൾ സകലർക്കുമറിയായിരുന്ന കാലത്തും തന്നിൽ ശോഭിച്ചിട്ടുണ്ടായിരുന്നു. കെർനായ്യു് തന്റെ പുസ്തകത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. — 'സ്ക്കൂളിൽ

പഠിച്ചിരുന്ന കാലത്തു രംഗനാഥന്റെ ശാന്തതയും, സത്യവും, പുരുഷോചിതമായ ആജ്ഞവും കേവലം അവസ്ഥാനിയതമായിരുന്നു.' രംഗനാഥനെക്കുറിച്ച് ബൌദ്ധീസഭയിലെ ഒരു ശിഷ്യൻ കൊർസായ്ക്ക് ഇപ്രകാരം പറഞ്ഞിരിക്കുന്നു. — 'ഇംഗ്ലീഷുകാരിൽ മറ്റുള്ള ഹിന്ദുക്കളിൽ ഞാൻ കരിക്കലും കണ്ടിട്ടില്ലാത്ത വിധത്തിലുള്ള ഒരു മഹാമനസ്കതയും (ഞാൻ പറയുന്നതു് ഏറിപ്പോകുന്നു എന്നു തോന്നുന്നപക്ഷം എനിക്കു മാപ്പു തരുമെങ്കിൽ) സഭാചാരമാഹാത്മ്യവും ഉണ്ടു്.'

രംഗനാഥശാസ്ത്രി വളരെ അഭിമാനമുള്ളവനായിരുന്നു. അപമാനകരമായി തനിക്കാട്ടു് ആരെങ്കിലും പ്രവർത്തിക്കുന്നതു തനിക്കു സഹിച്ചുകൂടാത്തതായ ഒരു കാര്യമായിരുന്നു. സാധാരണ ജനങ്ങളുമായി ധാരാളം സംസർഗ്ഗം ചെയ്യുന്നതിൽ താൻ മടിയുള്ളവനായിരുന്നു. വളരെ സ്നേഹിതന്മാർ ഉണ്ടായിരിക്കുന്നതു നല്ലതാണെന്നുള്ള വിചാരം തനിക്കുണ്ടായിരുന്നില്ല. കാര്യം കൂടാതെ വെറുതെ അധികം സംസാരിക്കുന്നതു തനിക്കു വിരോധമായ ഒരു കാര്യമായിരുന്നു. കാണുന്ന എല്ലാവരുമായി താനാദ്യം പോക്കാതെ താൻ കരിക്കലും സംസർഗം ചെയ്തില്ല. താൻ അറിഞ്ഞ ആളുകളെ പൂർണ്ണമായി അറിഞ്ഞിരുന്നു. അവരോടു മാത്രമേ തനിക്കു് അടുത്ത സംസർഗ്ഗം ഉണ്ടായിരുന്നുള്ളൂ. തന്റെ മര്യാദ അത്യന്തം പരിഷ്കൃതമായ വിധത്തിലുള്ളതായിരുന്നു. തനിക്കു് അത്യന്തം അമർഷം തോന്നിയിരുന്നതു മര്യാദയില്ലാത്ത ആളുകളെ കാണുമ്പോഴായിരുന്നു. തന്നെ ആദ്യം കാണുന്ന ആളുകൾക്കു താൻ വളരെ ഗർവ്വിഷ്ഠനായ ഒരുത്തനാണെന്നു് എല്ലായ്പോഴും തോന്നിയിരുന്നു. എന്നാൽ തന്നെ നല്ലവണ്ണം അറിയുന്നതിനു് ഇടയായ ഉടനെ ആ വിചാരം അവരിൽനിന്നു പോയ്പോയി. ജനങ്ങളോടു രണ്ടുവിധത്തിൽ വർത്തിക്കുന്നതിനു തനിക്കു് അറിഞ്ഞുകൂടായിരുന്നു. എപ്പോഴത്തോടും താൻ ഒരേവിധത്തിലുള്ള മര്യാദയോടുകൂടി വർത്തിച്ചിരുന്നു. യൂറോ

പ്യന്മാരേയും നാട്ടുകാരേയും താൻ ഒരുപോലെ വിചാരിച്ചു. സാധാരണ രീതിയിൽ കാലക്ഷേപം ചെയ്യേണ്ടതാണെന്നുള്ള പ്രമാണത്തെയായിരുന്നു താൻ അനുഷ്ഠിച്ചുപോന്നത്. തെറ്റായ ഗർവ്വം എന്നുള്ളതിന്റെ ഗന്ധംപോലും തന്നിൽ ഇല്ലായിരുന്നു. ചെറുപ്പം മുതല്ക്കേ താൻ യൂറോപ്യന്മാരുമായി പരിചയിച്ചു വളർന്നതിനാൽ, അവരിൽ സഹജമായി ശോഭിക്കുന്ന 'സ്വാതന്ത്ര്യം' എന്ന വലുതായ ഒരു ഗുണം തന്റെ ഹൃദയത്തിൽ പതിഞ്ഞു വശമായിട്ടുണ്ടായിരുന്നു. കാരോ കാര്യസാധ്യത്തിനായി മറ്റുള്ളവരുടെ സഹായത്തെ കിഴിഞ്ഞു യാചിക്കയെന്നുള്ളതു താൻ ഒരിക്കലും ചെയ്തിട്ടില്ല. തനിക്കു പരിചയമുണ്ടായിരുന്ന സകല യൂറോപ്യന്മാരും തന്നോടു സമതുല്യവിചാരത്തോടുകൂടിയാണു വർത്തിച്ചിരുന്നതു്. ജാഞ്ജ് നാട്ടൻ സായ്പിന്റെ താഴേ കാണുന്ന കത്തിൽ നിന്നു യൂറോപ്യന്മാരാൽ രംഗനാഥശാസ്ത്രി എത്രമാത്രം ബഹുമാനിക്കപ്പെട്ടവനായിരുന്നു എന്നു കാണാവുന്നതാകുന്നു.—

'ഞാൻ ഇൻഡ്യയെ വിട്ടു പോകുന്ന ഈ അവസരത്തിൽ എന്റെ പ്രത്യേകസ്നേഹിതനായ ഇദ്ദേഹത്തിന്റെ കൈവശം, അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ചു് എനിക്കു വലുതായ ആദരവിനേയും, അദ്ദേഹത്തിന്റെ ശ്ലാഘ്യമായും പല ഭാഷകളെ സംബന്ധിച്ചും ഉള്ള പാണ്ഡിത്യത്തെക്കുറിച്ചുള്ള എന്റെ അഭിപ്രായത്തേയും, കാണിക്കുന്നതായ എന്തെങ്കിലും ഒരു ലക്ഷ്യം കൊടുത്തു പോകുന്നതിനായി ഞാൻ ആഗ്രഹിക്കുന്നു. ഇംഗ്ലീഷ് ഭാഷയിൽ മിക്കവാറും ഭാഗങ്ങളിലുള്ള ഇദ്ദേഹത്തിന്റെ അസാമാന്യപാണ്ഡിത്യത്തെക്കുറിച്ചു് എനിക്കുതന്നെ പ്രത്യക്ഷബോധം ഉണ്ടു്. നാനാഭാഷാപരിജ്ഞാനത്തിൽ ഇദ്ദേഹത്തിനു തുല്യനായി ഇൻഡ്യയിൽ മറ്റൊരുത്തനെ ഇല്ലെന്നു വിശ്വസിക്കുന്നതിനു് എനിക്കു് അനേകം കാരണങ്ങൾ ഉണ്ടു്. ഇദ്ദേഹം എല്ലാ സമയങ്ങളിലും പ്രദർശിപ്പിച്ചിട്ടുള്ള സന്മാർഗ്ഗുണങ്ങൾതന്നെ ഇദ്ദേഹം ബഹുമാന്യനായ ഒരു പുരുഷനാണെന്നുള്ളതിനു ശി

പാശ്ചയായിരിക്കുന്നു. നാട്ടുകാക്കു ലഭിക്കാമെന്നുള്ളതായ യാതൊരു ഉദ്യോഗവും ഇദ്ദേഹത്താൽ സമുചിതമായും ബഹുമാനത്തോടുകൂടിയും വഹിക്കപ്പെടാത്തതായി ഉണ്ടായിരിക്കുന്നതല്ല. ഇദ്ദേഹം ശ്ലാഘ്യയായ അഭിവൃദ്ധിയെ പ്രാപിച്ചുകാണുന്നതിനു ഞാൻ ഹൃദയപൂർവ്വമായ അഭിലാഷത്തോടുകൂടിയവനായിരിക്കുന്നു.' രംഗനാഥശാസ്ത്രി മദ്രാസ് ഹൈസ്കൂളിലെ ആദ്യത്തെ പ്രൊഫിഷിയൻറും, മദ്രാസ് സർവ്വകലാശാലയിലെ ആദ്യത്തെ നാട്ടുകാരനായ സാമാജികനും, മദ്രാസ് സ്മാൾക്കോസ് കോടതിയിലെ ആദ്യത്തെ നാട്ടുകാരനായ ജഡ്ജിയും, മദ്രാസിൽ പതിനാലു ഭാഷകൾ അറിഞ്ഞിരുന്ന ആദ്യത്തെ, ഏകനല്ല, ഒരേ പണ്ഡിതനും, ആയിരുന്നു.

———— ഃ.ഃ ————

സർ ടി. മുത്തുസ്വാമിഅയ്യർ.

തിരുവാരൂർ മുത്തുസ്വാമിഅയ്യർ ക്രിസ്തുവർഷം ൧൮൩൫ ജനുവരിമാസം ൨൬-൦നു- തഞ്ചാവൂർ ജില്ലയിൽ വച്ചവാടി എന്ന ഗ്രാമത്തിൽ വളരെ ദാരിദ്ര്യത്തോടുകൂടിയതെങ്കിലും മാന്യതയുള്ള ഒരു കുടുംബത്തിൽ ജനിച്ചു. താൻ വളരെ കുട്ടിയായിരുന്നപ്പോൾ, തന്റെ വലുതായ നിഭാഗ്യമെന്നു പറയേണ്ടു, തന്റെ അച്ഛനായ വെങ്കടനാരായണശാസ്ത്രി മരിച്ചുപോയി. അതിനാൽ തന്നേയും തന്റെ സഹോദരനേയും വളർത്തിക്കൊണ്ടുവരേണ്ട ഭാരം തന്റെ അമ്മയുടെ മേലായിത്തിന്നു. ആ സ്ത്രീ, തനിക്കു സ്വല്പം ധനമുണ്ടായിരുന്നതിനോടുകൂടി, വച്ചവാടിയിൽനിന്നു തിരുവാരൂർ ഗ്രാമത്തിലേക്കു പാർപ്പു മാറി. അവിടെ താമസിക്കുമ്പോൾ ചെറിയ മുത്തുസ്വാമിയും സഹോദരനും, അവരുടെ അമ്മയുടെ മയയോടും സൂക്ഷ്മത്തോടും കൂടിയ മേലനേഷണത്തിൻകീഴിൽ, തമിഴിൽ സ്വല്പം ജ്ഞാനം സമ്പാദിച്ചു. എന്നാൽ ആ സ്ത്രീയുടെ ദാരിദ്ര്യസ്ഥിതി തന്റെ പുത്രന്മാരെ അധികം

നാൽ സ്കൂളിൽ പഠിപ്പിക്കുന്നതിനു തന്നെ അനുവദിച്ചില്ല. അതുകൊണ്ട് അഛോവൃത്തിക്കായി എന്തെങ്കിലും മാർഗ്ഗത്തെ അന്വേഷിക്കുന്നതിനു ചെറിയ മുത്തുസ്വാമി വളരെ ബാല്യത്തിലേ നിർബ്ബന്ധിക്കപ്പെട്ടവനായി ഭവിച്ചു.

മാസം ഒരുറുപ്പിക ശമ്പളത്തിന്മേൽ മുത്തുസ്വാമിഅയ്യർ ഒരു ഗ്രാമക്കണക്കന്റെ അസിസ്റ്റൻറായിത്തീർന്നു. തന്നാൽ സമ്പാദിക്കപ്പെടാൻ സാദ്ധ്യമായ ഈ ചെറിയ മാസപ്പടിയെ വാങ്ങി അനുഭവിക്കുന്നതിനു തന്റെ അമ്മയ്ക്കു സംമതി വന്നില്ല. ആ സ്ത്രീ അല്പം കഴിഞ്ഞ ഉടനെ മരിച്ചുപോയി. ആ സ്ത്രീക്കു ചെറിയ മുത്തുസ്വാമിയെക്കുറിച്ചു അതിമാത്രമായ താൽപര്യം ഉണ്ടായിരുന്നു. മുത്തുസ്വാമി അയ്യർ തനിക്കു പിൽകാലങ്ങളിൽ സിദ്ധിച്ച വിജയം മുഴുവനും പുത്രവത്സലയായ തന്റെ അമ്മയ്ക്കു തന്റെ മേലുണ്ടായിരുന്ന ഗുണപ്രദയായ അധികാരശക്തിയാൽ വന്നിട്ടുള്ളതാണെന്നു താൻ തന്നെ നന്ദിയോടുകൂടി സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. തന്റെ അമ്മയായിരുന്ന തന്റെ വലിപ്പത്തിനൊക്കയും നിദാനമായ പഠനപ്രകൃതിയെ തന്നിൽ അങ്കുരിപ്പിച്ചതു്. ഗ്രാമക്കണക്കന്റെ അസിസ്റ്റൻറായി താൻ ഏകദേശം ഒരു വരെ ഇരുന്നു. എന്നാൽ ഈ പണിയിൽ അധികം നാൾ ഇരിക്കുന്നതിനു തനിക്കു് ഇടവന്നില്ല. എന്തുകൊണ്ടെന്നാൽ "ഡപ്യൂട്ടി തഹസിൽദാർ" എന്നു വിളിക്കപ്പെട്ട (പക്ഷേ, സർ ഫെൻറിമൻഡ് ഗ്രൊമറിസായ്പിന്റെ ഡപ്യൂട്ടിയായി ആദ്യം പണി എടുത്തിരുന്നതുകൊണ്ടായിരിക്കാം ഇങ്ങിനെ വിളിക്കപ്പെട്ടതു) മുത്തുസ്വാമിനായിക്കൻ തഹസിൽദാരുടെ പ്രീതിയെ താൻ വേഗത്തിൽ സമ്പാദിച്ചു. ചെറിയ മുത്തുസ്വാമിയുടെ ബുദ്ധിവൈശിഷ്ട്യത്തേയും പരിശ്രമശീലത്തേയും കണ്ടിട്ടു മേല്പറഞ്ഞ തഹസിൽദാർക്കു വിസ്മയം തോന്നുകയും, ആ കുട്ടി മേലാൽ കേമനായി ഭവിക്കാതിരിക്കയില്ലെന്നു താൻ മുൻകൂട്ടി കാണുകയും, ചെയ്തു. മുത്തുസ്വാമിയുടെ ബുദ്ധിയേയും ശീലത്തേയും കുറിച്ചു വലുതായ ഒരു അ

ഭിപ്രായം മേല്പറഞ്ഞ താസിൽദാക്ക് ജനിക്കുന്നതിനു മുമ്പു തന്നെ ഇടയുണ്ടായി എന്നു താഴെ പറയുന്ന സംഗതികളാൽ പ്രത്യക്ഷപ്പെടുന്നതാണു്: — ഒരു ദിവസം സമീപത്തുള്ള ഒരു നദിയിലുണ്ടായിരുന്ന ചില മുറിഞ്ഞുപോയി എന്ന താസിൽദാക്ക് ഒരു റിപ്പോർട്ടു കിട്ടി. അതിനെക്കുറിച്ച ചില വിവരങ്ങൾ അറിവാൻ ആഗ്രഹിച്ചിട്ട് തന്റെ കച്ചേരിയിലുള്ള ഒരു ഗ്രാമസ്ഥനെ വിളിക്കുവാൻ അദ്ദേഹം ആളെ അയച്ചു. എന്നാൽ ആ സമയം കച്ചേരിയിൽ ഗ്രാമസ്ഥന്മാർ ആരും ഹാജരില്ലാതിരുന്നതിനാൽ, ചെറിയ മുത്തുസ്വാമി താസിൽദാരുടെ അടുക്കൽ ചെന്ന് അദ്ദേഹത്തിന്റെ കല്പനയ്ക്കായി കാത്തു നില്ക്കുന്നതിനു ധൈര്യപ്പെട്ടു. താസിൽദാർ തനിക്കു കിട്ടിയ റിപ്പോർട്ടിനെ മുത്തുസ്വാമിയുടെ കൈയിൽ കൊടുത്തിട്ട്, അതിൽ പറഞ്ഞിട്ടുള്ള സംഗതിയെക്കുറിച്ച് എന്തെങ്കിലും അറിവുണ്ടോ, എന്നു ചോദിച്ചു. അതിന് ആ കുട്ടി, വേഗത്തിൽ ആവശ്യപ്പെട്ട വിവരങ്ങളെല്ലാം അറിഞ്ഞു വരാമെന്നു മറുപടി പറഞ്ഞു്, ആ റിപ്പോർട്ടോടുകൂടി സ്ഥലത്തുചെന്നു, ചില മുറിഞ്ഞതു് എത്ര വിസ്താരത്തിലെന്നും, അതു നന്നാക്കുന്നതിനു വേണ്ട സാമാനങ്ങൾ എവിടെനിന്നു കിട്ടുമെന്നും, തീർച്ചപ്പെടുത്തി, അല്പസമയംകൊണ്ട് ആവശ്യപ്പെട്ട സകലവിവരങ്ങളും കാണിച്ചു്, ഒരു റിപ്പോർട്ടു് എഴുതി താസിൽദാക്കു കൊടുത്തു. കുട്ടിയുടെ ഈ റിപ്പോർട്ടു വിശ്വസിക്കുന്നതിനു താസിൽദാർ ആദ്യം അല്പം മടിച്ചു എങ്കിലും, ഒടിയന്താരമായ ഒരു കായ്മയായിരുന്നതിനാൽ ആ റിപ്പോർട്ടിനെ ഉടനെ ഒപ്പിട്ടു കച്ചേരിക്കയച്ചു. ഇതിനിടയ്ക്കു ഫെഡ ഗ്രാമസ്ഥൻ വന്നു. ആയാളോടു് അപേക്ഷിച്ചതിൽ കുട്ടിയുടെ റിപ്പോർട്ടു ശരിയാണെന്നു താസിൽദാർ കണ്ടു. പിന്നെ കുറിക്കൽ ഒരു മിറാസിദാർ തന്നിൽനിന്നു് എത്ര നികുതിബാക്കി വസൂലാകേണ്ടതുണ്ടെന്നു ഗ്രഹിയുന്നതിനായി മേല്പറഞ്ഞ താസിൽദാരെ വന്നു കണ്ടു. ആ മിറാസിദാക്ക് ഇരുപതിലധികം ഗ്രാമങ്ങളിൽ

ഭ്രമിയുണ്ടായിരുന്നു. ആ താലൂക്കിന്റെ പല ഭാഗങ്ങളിലുമായി ചിതറിക്കിടക്കുകയായിരുന്നു. അവയിലുള്ള നികുതിബാക്കി എത്രയാണെന്നു തന്റെ ഗുമസ്തന്മാരോടു ചോദിച്ചുവല്ലാതെ താസിൽദാർക്കു പറയുന്നതിനു സാധിച്ചില്ല. എന്താൽ ചെറിയ മുത്തുസ്വാമി അടുത്തുനില്ക്കുന്നതുകണ്ടിട്ട് ആ കുട്ടിക്കു മേല്പറഞ്ഞ കാര്യത്തെക്കുറിച്ചു വല്ല വിവരവും ഉണ്ടോ എന്നു താസിൽദാർ ചോദിച്ചു. അപ്പോൾ താസിൽദാർക്കു വിസ്മയംതോന്നത്തക്കവണ്ണം ആ കുട്ടി പറഞ്ഞ ഉത്തരം റെക്കാർഡ് നോക്കിയശേഷം ശേഷവും തെറ്റാത്തതായിരുന്നു. ഈ മാതിരി സംഭവങ്ങളാൽ ചെറിയ മുത്തുസ്വാമിയുടെ സാമർത്ഥ്യത്തെക്കുറിച്ച് ആ താസിൽദാർക്കുണ്ടായിരുന്ന ഉന്നതാഭിപ്രായം പ്രബലീഭവിച്ചു.

താസിൽദാരുടെ കച്ചേരിയിൽ തനിക്കുണ്ടായിരുന്ന താണ തരത്തിലുള്ള ഉദ്യോഗത്തെക്കൊണ്ടു ചെറിയ മുത്തുസ്വാമി സന്തുഷ്ടനായി ഭവിച്ചില്ല. ഈ കാലത്തു തിരുവാരൂരിൽ ചൊക്കലിംഗം എന്നു പേരായ ഒരുത്തനാൽ നടത്തപ്പെട്ട ഒരു ചെറിയ പ്രൈവറി സ്കൂൾ ഉണ്ടായിരുന്നു. ചെറിയ മുത്തുസ്വാമി, തനിക്കു സാധാരണമായി ഉപജീവനത്തിനുതൽ വകയുണ്ടാകുവാൻ പ്രവൃത്തി ഇല്ലാതിരുന്നതിനാൽ, ആ സമയം സ്കൂളിൽ എന്താണു ചെയ്യുന്നതെന്നറിയുന്നതിനായി അവിടെ പല ദിവസവും പോകുക പതിവായിരുന്നു. ഇങ്ങനെ പല പ്രാവശ്യവും പോയിക്കൊണ്ടിരുന്നതിനാൽ, മുത്തുസ്വാമിക്കു കുറേ ദിവസംകൊണ്ടു ഇംഗ്ലീഷ് ഭാഷയിലെ അക്ഷരങ്ങളെ മനസ്സിലാക്കുന്നതിനു സാധിച്ചു. ആ സ്കൂളിൽ ചേർന്നു പഠിക്കുന്നതിനു താൻ വളരെ ആഗ്രഹിച്ചു എങ്കിലും, ആ ആഗ്രഹത്തെ സാധിക്കുന്നതിനു തന്റെ ദാരിദ്ര്യത്താൽ കഴിഞ്ഞില്ല. എന്നാൽ മേല്പറഞ്ഞ താസിൽദാർക്കു, തന്റെ കുമാരിച്ചു താമസിക്കുന്നവനായി, ഒരു അനന്തരവനുണ്ടായിരുന്നു. ആ അനന്തരവന്റെ പഠിപ്പിൽ ആ താസിൽദാർക്കു വളരെ താല്പര്യം ഉണ്ടായിരുന്നു. അതിനാൽ ആ അന

ന്തരാനേയും ചെറിയ മുത്തുസ്വാമിയേയും ആ താസിൽ ദാർ തന്റെ അനദ്ധ്യായ സമയങ്ങളിൽ ഇംഗ്ലീഷ്, ഒന്നാം പാഠപുസ്തകം പഠിപ്പിച്ചു. മേല്പറഞ്ഞ രണ്ടു കുട്ടികളിൽ ഓരോരുത്തനും പഠിക്കുന്നതിലുള്ള ശ്രദ്ധയെ പരീക്ഷിച്ചറിയുന്നതിനായി ഒരു ദിവസം ആ താസിൽദാർ ഓരോ രണ്ടു കുട്ടികൾക്കും ഒരു പാഠം നിശ്ചയിച്ചു, അതു പഠിക്കുന്നതിനായി ഓരോ ഴ്ച ഇട കൊടുത്തു. ആ ആഴ്ചയുടെ അവസാനത്തിൽ അവനെ താൻ പരീക്ഷിച്ചുനോക്കിയപ്പോൾ, വലുതായ വിസ്മയത്തെ തന്നിൽ ജനിപ്പിക്കുന്തക്കവണ്ണം, ആ ബ്രാഹ്മണക്കുട്ടി ആ പുസ്തകം മുഴുവനും പഠിച്ചിരിക്കുന്നതായും, തന്റെ അനന്തരവൻ അതിൽ ഏതാനും ഭാഗങ്ങൾ മാത്രം വായിച്ചിരിക്കുന്നതായും, കണ്ടു. ആ സമയമായിരുന്ന ചെറിയ മുത്തുസ്വാമിയിൽ മേലാൽ കേമനായി വരത്തക്കവണ്ണമുള്ള ഗുണങ്ങൾ എത്രമാത്രം ഉണ്ടെന്നു് ആ താസിൽദാർക്കു ബോധം വന്നതു്. അതിനാൽ ആ കുട്ടിയെ നല്ലവണ്ണം പഠിപ്പിക്കേണ്ടതാണെന്നു് ആ താസിൽദാർ ഉടനെ തീച്ചയാക്കി. നാഗപട്ടണത്തിലുള്ള മിഷൻ സ്കൂളിൽ പോയി പഠിക്കുന്നതിനു മനസ്സുണ്ടോ എന്നു് അദ്ദേഹം ആ കുട്ടിയോടു ചോദിച്ചു. മനസ്സുണ്ടെന്നു പറകയാൽ അദ്ദേഹം മുത്തുസ്വാമിയെ നാഗപട്ടണത്തിൽ പോയി, അവിടെ അദ്ദേഹത്തിനുണ്ടായിരുന്ന ഒരു സഹോദരന്റെ മേലധ്യക്ഷത്തിൽ കീഴിൽ പഠിക്കുന്നതിനു് അയച്ചു. നാഗപട്ടത്തിൽ മുത്തുസ്വാമി ഒന്നരവർഷം താമസിക്കുകയും, ആ കാലത്തിൽ ഒഴിച്ചില്ലാതെ പണിയെടുക്കുന്നതിനുള്ള തന്റെ ശീലത്തെ ധാരാളമായി പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു.

പിന്നെ ആ താസിൽദാർ മുത്തുസ്വാമിയെ മദ്രാസ് ഹൈസ്കൂളിലേക്കു്, അപ്പോൾതന്നെ ആ സ്കൂളിൽ പ്രസിദ്ധിയോടുകൂടി പഠിച്ചുതിന്ന രാജാ സർ ടി. മാധവരായക്കു് ഒരു ശിപാർശക്കത്തോടുകൂടി, അയച്ചു. മുത്തുസ്വാമി ആ സ്കൂളിൽ ചേർന്നു, സർ മാധവരായരുടേയും, തഞ്ചാവൂർ ജി

ല്ലക്കാരെക്കുറിച്ചുള്ള സ്നേഹംകൊണ്ടു മാത്രം അക്കാലം ആ സ്കൂളിലുണ്ടായിരുന്ന തഞ്ചാവൂർ കുട്ടികളുടെ കായ്ത്തിൽ പ്രത്യേകതാല്പര്യം ഉണ്ടായിരുന്ന സർ മൺഡ്രൊമറിസായ്പിന്റെയും, മറുപടലരുടേയും, മേലധ്യക്ഷത്തിൻകീഴിലും ഉപദേശപ്രകാരവും ശ്രുശ്രൂഷിയോടുകൂടി പഠിച്ചു. പ്രസ്തുതകാലത്തിൽ മേല്പറഞ്ഞ സൈസ്കൂളിലെ അദ്ധ്യക്ഷനായിരുന്നതു ദക്ഷിണേന്ത്യയിലേ വിദ്യാഭ്യാസത്തെ അഭിവൃദ്ധിപ്പിക്കുന്ന വിഷയത്തിൽ സഫലമാംവണ്ണം ഭൂരിപരിശ്രമം ചെയ്ത പെഴവൽസായ്പായിരുന്നു. ആ സായ്പിന്റെ ഔദ്യോഗനത്തിൻകീഴിൽ മുത്തുസ്വാമി ഒരു വിസ്മയനീയനായ ബാലനായിത്തീരുകയും, കൊല്ലംതോറും സമ്മാനങ്ങളും സ്കോളർഷിപ്പുകളും സമ്പാദിക്കുകയും, ചെയ്തു. കുണക്കിൽ താൻ സമർത്ഥനാണെന്നു ഗണിക്കപ്പെട്ടു. ജ്യോതിശ്ശാസ്ത്രത്തിലായിരുന്നു തനിക്കു പ്രത്യേകവാസനയുണ്ടായിരുന്നതു്. ഗോളത്രികോണഗണിതത്തിലും തൻ പ്രസിദ്ധി സമ്പാദിച്ചു.

ആധുനികകലേങ്ങളിൽ ക്ലാസ്സിൽ പാഠമെടുക്കുമ്പോഴല്ലാതെ പ്രൊഫ്സർമാരുമായി നേരിട്ടു സംസർഗ്ഗത്തിനു വിദ്യാർത്ഥികൾക്കു സന്ദർഭം സിദ്ധിക്കുന്നില്ല. എന്നാൽ മുത്തുസ്വാമിഅയ്യർ പഠിച്ചുകൊണ്ടിരുന്ന കാലങ്ങളിൽ, ക്ലാസ്സിൽ പാഠമെടുക്കുന്ന സമയം ഗ്രന്ഥനാഥന്മാരിൽനിന്നു സിദ്ധിക്കുന്നതിനെക്കാളും, അവശ്യമായുള്ള ഏകാന്തസംഭാഷണങ്ങളിൽനിന്നു് അറിവു സമ്പാദിക്കുന്നതിനുള്ള ഭാഗ്യം വിദ്യാർത്ഥികൾക്കുണ്ടായിരുന്നു. പെഴവൽസായ്പു തന്റെ ശിഷ്യന്മാരുടെ ബുദ്ധിയെ പരിഷ്കരിക്കയെന്നുള്ള തന്റെ കൃത്യത്തെ അത്യന്തം അദ്ധ്വാനിച്ചും മനസ്സംക്ഷിപ്രകാരവും നടത്തിക്കൊണ്ടിരുന്നതിനോടുകൂടി, അവരുടെ സ്നേഹത്തേയും സമ്പാദിച്ച കരാളായിരുന്നു. മുത്തുസ്വാമി എപ്പോഴും തന്റെ പ്രിയപ്പെട്ട കുട്ടിയായിരുന്നു. സ്കൂളിലെ പ്രവൃത്തി കഴിഞ്ഞശേഷം പെഴവൽസായ്പു് ജ്യോതിശ്ശാസ്ത്രത്തിൽ ചില പാഠങ്ങളെ പഠിപ്പിക്കും. ജ്യോതിശ്ശാസ്ത്രത്തെക്കുറിച്ചു് ആ

കുട്ടിക്ക് അധികമായ താല്പര്യം ഉണ്ടായിരുന്നു. പല ദിവസങ്ങളിലും രാത്രി മൻചത്തുമണിയാകുന്നതുവരെ ആ സായ്പ് ആ കുട്ടിയെ സാധാരണമായി അറിഞ്ഞിരിക്കേണ്ടവയായ വിഷയങ്ങളെക്കുറിച്ചു സംഭാഷണം ചെയ്തുകൊണ്ടു തന്റെ ബംഗ്ലാവിൽ താമസിപ്പിക്കും. ഇന്നു മാത്രമല്ല ആ സായ്പ് ആ കുട്ടിയെ തന്റെ വണ്ടിയിൽ കയറ്റി താൻതന്നെ മൈലാപ്പൂരിൽ ആ കുട്ടിയുടെ ഗൃഹത്തിൽ സുഖമായി കൊണ്ടുചെന്നാക്കും. ആ കുട്ടിയുടെ മേൽ ആ സായ്പിനുണ്ടായിരുന്ന താല്പര്യാതിശയത്താൽ ആ കുട്ടിയുടെ ഗൃഹത്തിൽ മാസംതോറുമുള്ള ചിലവിന്റെ കണക്കുപോലും താൻ പരിശോധിച്ചു ശരിയാക്കിക്കൊടുക്കാറുണ്ടായിരുന്നു.

മുത്തുസ്വാമിക്കു സ്വാഭാവികമായിത്തന്നെ പഠിക്കുന്നതിനു ഒരു വാസനയുണ്ടായിരുന്നു. ഈ വാസനയാൽ സ്കൂളിലെ ചില ഉത്തമസമ്മാനങ്ങളെ സമ്പാദിക്കുന്നതിനു തനിക്കു സാധ്യമായി ഭവിച്ചു. ഫ്രീഷിപ്പ് പരീക്ഷത്തിൽ എഡ്യൂക്കേഷൻ കൌൺസിലിൽ നിന്നു്, ഇംഗ്ലിഷുഭാഷയിൽ നല്ലതായ ഒരു പ്രസംഗം എഴുതുന്നവക്കു ഓരോ—ഉറുപ്പിക സമ്മാനം കൊടുക്കുന്നതാണെന്നും, ആ സമ്മാനത്തിനായി മദ്രാസ് പ്രസിഡൻസിയിലുള്ള എല്ലാ വിദ്യാർത്ഥികൾക്കും ഉത്സാഹിച്ചുകൊള്ളാവുന്നതാണെന്നും, നിശ്ചയിച്ചു. മുത്തുസ്വാമി ആ സമ്മാനത്തിനായി ഉത്സാഹിക്കുകയും അതിനെ സമ്പാദിക്കുകയും ചെയ്തു. പ്രസംഗത്തിന്റെ വിഷയം 'കാരോ ജാതിക്കാക്കുള്ള ദുരാചാരങ്ങളും' അവയെ പരിഷ്കരിക്കുന്നതിനുള്ള ഉപായങ്ങളും' എന്നായിരുന്നു. മുത്തുസ്വാമിയുടെ പ്രസംഗം ഹൈക്കോടതി ജഡ്ജിയായ മരിച്ചുപോയ ഫാളെറോ സായ്പിന്റെ ശ്രദ്ധയെ ആകർഷിക്കുകയും ആ സായ്പ് അതിനെ സംബന്ധിച്ചു് ഇപ്രകാരം പ്രസ്താവിക്കുകയും ചെയ്തു:—'മിസ്റ്റർ. മുത്തുസ്വാമി ഏതു രാജ്യക്കാക്കും താൻ അവരുടെ കൂട്ടത്തിൽ ഒരുത്തനായിരുന്നാൽ, അവർക്കു ന്യായമായി അഭിമാനം തോന്നത്തക്കവിധത്തിലുള്ള ബുദ്ധിവൈദഗ്ദ്ധ്യത്തോടു കൂടിയ ഒരാളാണു്'. സർ അലെക്സാ

ണ്ടർ അർത്തിനട്ട് സായ്പും ഫാളൊവേസായ്പും മേല്പറഞ്ഞ കൊണ്സിലിന്റെ സെക്രട്ടെരിമാരായിരുന്നു. അതിനാൽ അവർക്ക് മുത്തുസ്വാമിയെ കരുസക്കുട്ടിയായി അറിയുന്നതിനും അദ്ദേഹത്തിന്റെ സാമർത്ഥ്യത്തെക്കുറിച്ച് അത്ഭുതപ്പെടുന്നതിനും ധാരാളംസന്ദർഭങ്ങൾ സിദ്ധിച്ചിട്ടുണ്ടായിരുന്നു. എഡ്യൂക്കേഷന്റെ കൌൺസിലിൽനിന്നു, നിശ്ചയിക്കപ്പെട്ട 100 ഉറുപ്പിക സമ്മാനത്തെ മുത്തുസ്വാമിക്കു നൽകുകയും, ഗവർമ്മെൻറിന്റെ കീഴിലുള്ള ഏതു് ഉദ്യോഗത്തിനും മുത്തുസ്വാമി യോഗ്യതയുള്ളവനാണെന്നു ഗസെറ്റിൽ പ്രസിദ്ധപ്പെടുത്തുകയും, ചെയ്തു. മേല്പറഞ്ഞ പണത്തെ മുത്തുസ്വാമിയുടെ കൈവശം കൊടുത്ത സമയം നിങ്ങൾക്കു മേലാൽ സിദ്ധിക്കുവാനിരിക്കുന്ന വിചിത്രമായ ഭാവിതത്തിൽനിന്നു നിശ്ചയമായി ഉത്ഭവിക്കുന്നതായ സമ്പത്തിനു് ഇതു് ഒരു മൂലധനമാണെന്നു ഞാൻ വിശ്വസിക്കുന്നു' എന്നു പെഴവൽ സായ്പു പ്രസ്താവിച്ചു. മുത്തുസ്വാമി ആ വാക്കുകളെ ഭദ്രമായി ഒരു പെട്ടിക്കിൽ സൂക്ഷിച്ചു. അതിൽനിന്നു മരിക്കുന്നതുവരെ താൻ ഒരു ഒറ്റ ഉറുപ്പികപോലും ചിലവു ചെയ്തില്ല.

പെഴവൽ സായ്പു തന്റെ ശിഷ്യന്റെ ബുദ്ധിമാഹാത്മ്യത്തെ അറിഞ്ഞിട്ടു, ഇംഗ്ലണ്ടിൽ പോയി സിവിൽ സെർവ്വീസു പരീക്ഷയ്ക്കു പഠിക്കുന്നതിനു മനസ്സുണ്ടോ എന്നു മുത്തുസ്വാമിയോടു ചോദിച്ചു: എന്തെന്നാൽ, ഇന്ത്യയിലുള്ള മിക്ക യുവാക്കളേയും പോലെ, മുത്തുസ്വാമി ആ സമയം വിവാഹം കഴിച്ചവനായിരുന്നു. അതിനാൽ അപ്രകാരം ചെയ്യുന്നതിനു കഴിവില്ലാത്തവനോ മനസ്സില്ലാത്തവനോ ആയിത്തീർന്നു. ഹൈസ്കൂളിലെ പഠിപ്പു തീർന്ന ഉടനെ മുത്തുസ്വാമി നൂറു ഉറുപ്പിക മാസപ്പടിയിൽ ഒരു വാദ്ധ്യാരായി നിയമിക്കപ്പെട്ടു. പിന്നെ സർ ഫെൻറിമൺഡ് ഗൊമറി സായ്പ് അദ്ദേഹത്തെ തഞ്ചാവൂർ കളക്ടറാപ്പീസ്സിൽ റെക്കർഡ് കീപ്പറായി നിശ്ചയിച്ചു. ഈ ഉദ്യോഗത്തിൽ താൻ ഏകദേശം മാപ്പ് ഫാദർ വരെ ഇരുന്നു. അപ്പോൾ വിദ്യാഭ്യാസഡിപ്പാർട്ട

മെൻറിന്റെ ഡൈറക്ടറായിരുന്ന സർ. അലക്സാണ്ടർ അർബത്നട്ട് സായ്പ് തന്റെ ഡിപ്പാർട്ടുമെൻറിൽ ഫിറം ഉറപ്പിക ശമ്പളത്തിൽ ഒരു ഡെപ്യൂട്ടി സ്ക്രൂം ഇൻസ്പെക്ടറായി മുത്തുസ്വാമി അയ്യരെ എടുത്തു. ആ ഉദ്യോഗത്തിലിരിക്കുമ്പോൾ ഉദ്ദിഷ്ടകാര്യനിർവ്വഹണത്തിനു വേണ്ട ഏർപ്പാടുകൾ ഉണ്ടാക്കി ഉറപ്പിക്കുന്നതിനു തനിക്കുണ്ടായിരുന്ന സാമർത്ഥ്യത്താൽ താൻ നല്ല ഒരുപേരു സമ്പാദിച്ചു എന്നാൽ ഡിപ്ര്യാഭ്യുഡിപ്പാർട്ടുമേൻറിൽ തനിക്കുണ്ടായിരുന്ന സംബന്ധത്തിൽനിന്നു വേർപെടുന്നതിനു താൻ വേഗത്തിൽ നിർബ്ബന്ധിക്കപ്പെട്ടവനായി ഭവിച്ചു. ഇക്കാലത്തായിരുന്ന ഗ്രാസ്സ്വഗവർമ്മേൻറു "വക്കീൽപരീക്ഷ" എന്ന പേരായി ഒരു പരീക്ഷ ആദ്യം ഏർപ്പെടുത്തുകയും, ആ പരീക്ഷയിൽ ജയിക്കുന്നവരെ സദർക്കോടതികളിലും നഗരങ്ങളിലുള്ള മറ്റു കോടതികളിലും വ്യവഹരിക്കുന്നതിനു സമ്മതിക്കുന്നതാണെന്നു ഒരു വ്യവസ്ഥ പ്രസിദ്ധപ്പെടുത്തുകയും, ചെയ്തതു്. ഫ്രഞ്ചുനാം വർഷം ഫെബ്രുവരിമാസത്തിലായിരുന്ന ആദ്യത്തെ വക്കീൽ പരീക്ഷ നടത്തപ്പെട്ടതു. ആ പരീക്ഷ നടത്തപ്പെട്ട പ്രധാന സ്ഥലങ്ങളിൽ ഒന്നു കുംഭകോണമായിരുന്നു. അവിടെ ആ പരീക്ഷ നടത്തുന്നതിനായി സിവിൽ ജഡ്ജിയായ (സിവിൽജഡ്ജിമാരെന്നാണു് അക്കാലം ഡിസ്ട്രിക്ടുജഡ്ജിമാരെ വിളിച്ചു വന്നിരുന്നതു) ജെ. ടി. ബോഷാം സായ്പിനെ നിശ്ചയിച്ചു. അനേകം ആളുകൾ ആ പരീക്ഷയ്ക്കു ചേർന്നിട്ടുണ്ടായിരുന്നു. എന്നാൽ അവരിൽ മൂന്നാളെ മാത്രമേ ജയിച്ചുള്ളു. ജയിച്ചവരിൽ ഒന്നാമൻ മുത്തുസ്വാമി അയ്യരും, രണ്ടാമൻ ടിവാൻ ബഹാദൂർ രഘുനാഥരായരും, ആയിരുന്നു. പരീക്ഷയുടെ ഒരു ഭാഗം, കോടതിയിലെ റെക്കർഡുകളിൽനിന്നു തിരഞ്ഞെടുക്കപ്പെട്ട ഒരു കേസിനെ സംബന്ധിച്ചു് ആവശ്യമായ സകല വിവരവും പരീക്ഷയ്ക്കു ചേർന്നിട്ടുള്ളവരെ കായിച്ചു കേൾപ്പിക്കേണമെന്നും, അവർ അതിനെക്കുറിച്ചു് ഒരു വിധി എഴുതേണമെന്നും, ആയിരുന്നു. കുംഭകോണത്തിൽ

പരീക്ഷയ്ക്കു ചേർന്നവരെ വായിച്ചു കേൾപ്പിച്ച കേസു, രണ്ടു് അവകാശികൾക്കു തമ്മിൽ അവരുടെ വസ്തുവിനെ എങ്ങനെ ഭാഗം ചെയ്യേണ്ടതാണെന്നുള്ളതിനെക്കുറിച്ചു ചെയ്ത ഒരു ഉടമ്പടിയെ സംബന്ധിച്ചുള്ളതായിരുന്നു. അവകാശികൾ തമ്മിൽ ആ ഉടമ്പടിയെക്കുറിച്ചു പിണങ്ങി ഒടുവിൽ കോടതിയിൽ വന്നു. ഹിന്ദുലാവിനു വിരോധമായി കക്ഷികൾ തമ്മിൽ വല്ല ഉടമ്പടിയും ചെയ്യാൻ, ആ ഉടമ്പടി സാധുവായി വരുന്നതാണോ എന്നായിരുന്നു മേല്പറഞ്ഞ കേസിൽ തീർപ്പാക്കപ്പെടേണ്ട ഭാഗം. ഈ കേസിൽ ആദ്യകോടതിയിൽ ഉണ്ടായ വിധിയെ അപ്പീൽക്കോടതിയിൽ അസ്ഥിരപ്പെടുത്തിയതിനാൽ ലായർമാരുടെ സാമർത്ഥ്യപ്രകടനമുണ്ടു് ഈ കേസിൽ ധാരാളം തരമുണ്ടായിരുന്നു. സിവിൽ കോടതിയിലെ ശിരസ്തദാർ ഈ കേസിലെ സംഗതികളെ പരീക്ഷയ്ക്കു ചേർന്നിട്ടുള്ളവരെ വായിച്ചു കേൾപ്പിക്കുമ്പോൾ, വായിക്കുന്നതു വളരെ വേഗത്തിലായിപ്പോകുന്നതിനാൽ മുഴുവനും ശ്രദ്ധവെച്ചു കേൾക്കുവാനുള്ള സമയം കിട്ടുന്നില്ലെന്നുള്ള കാരണത്തിന്മേൽ മുത്തുസ്വാമി അയ്യർക്കും ആ ശിരസ്തദാർക്കും തമ്മിൽ വഴക്കാടം ഉണ്ടായി. ആ വാഗ്വാദത്തെ ബോഷാം സായ്പു കേൾക്കുകയും ശിരസ്തദാർ വേണ്ടതിലധികം വേഗത്തിൽ വായിക്കുന്നുവെന്നറികയും ചെയ്തതിനാൽ, പരീക്ഷയ്ക്കു ചേർന്നിട്ടുള്ളവരോടു ന്യായമായി പ്രവർത്തിക്കുന്നതാണെന്നു വിചാരിച്ചിട്ടു, താൻതന്നെ പരീക്ഷയ്ക്കു ചേർന്നവരിൽ ഒരുത്തനെപ്പോലെ ഇരുന്നു കേസിലെ സംഗതികൾ കൂടി പ്പെട്ടെടുത്തു് ഒരു വിധി എഴുതണമെന്നു തീർച്ചപ്പെടുത്തി. മുത്തുസ്വാമി അയ്യർ എഴുതിയ വിധി ബോഷാം സായ്പു് എഴുതിയ വിധിയോടു് എല്ലാ വിധത്തിലും യോജിച്ചിരുന്നു. ആ വിധി, പ്രസ്താവത്തിലെ ഉടമ്പടി ഹിന്ദുലാവിനു വിരോധമായിട്ടുള്ളതാണെങ്കിലും അതിനെ അനുസരിക്കുന്നതിനു് ഉഭയകക്ഷികളും ബാദ്ധ്യസ്ഥന്മാരാണെന്നായിരുന്നു.

ബോഷാം സായ്പു മുത്തുസ്വാമി അയ്യരെ ടാങ്കുബിബാറി ലെഡിസ്സിക്കു മുൻസിപ്പായി നിശ്ചയിച്ചു. വിദ്യാഭ്യാസവിഭാഗത്തിൽനിന്നു ജുഡിഷ്യൽ ഡിപ്പാർട്ടുമേന്തിലേക്കുള്ള മുത്തുസ്വാമി അയ്യരുടെ ഈ മാറ്റത്തെക്കുറിച്ചു സർ അലക്സാണ്ടർ അർബത്നട്ട് സായ്പു വിരോധം പറഞ്ഞു. എന്നാൽ മുത്തുസ്വാമി അയ്യരെ ജുഡിഷ്യൽ ഡിപ്പാർട്ടുമേന്തിൽ ഒരു ഉദ്യോഗം കൊടുത്തിരുന്നുവെന്നു, ബോഷാം സായ്പിനെപ്പോലെ തന്നെ, ഫാളെറോവേ സായ്പിനും താൽപര്യമുണ്ടായിരുന്നതിനാൽ, ഫാളെറോവേ സായ്പ് അർബത്നട്ട് സായ്പിനെ പറഞ്ഞു സമ്മതിപ്പിച്ചു. മുൻസിപ്പായി മുത്തുസ്വാമി അയ്യർ ചെയ്തിട്ടുള്ള പ്രവൃത്തിയെക്കുറിച്ചു ജില്ലയിലുള്ള സകല ജനങ്ങളും പ്രശംസിച്ചു പറഞ്ഞു. കരിക്കൽ മുത്തുസ്വാമി അയ്യരുടെ കോടതിയെ പരിശോധിക്കുന്നതിനു ബോഷാം സായ്പു ആഗ്രഹിക്കുകയും, അതു പെട്ടന്നു ചെയ്യുന്നതാണെന്നു നിശ്ചയിക്കുകയും, ചെയ്തു. മുൻകൂട്ടി അറിവു കൊടുക്കാതെ താൻ ടാങ്കുബിബാറിൽ പോയി. എന്നാൽ സായ്പു അവിടെ എത്തിയിരിക്കുന്നുവെന്നു കേട്ട ഉടനെ, മുത്തുസ്വാമിഅയ്യർ ആ സായ്പിനെ ബംഗളാവിൽ ചെന്നു കണ്ടുകയും, പരിശോധനയ്ക്കായി തങ്ങളുടെ കോടതികളിൽ ഡിസ്ട്രിക്ടു ജഡ്ജിമാർ വരുന്നുവെന്നു കേൾക്കുമ്പോൾ മുൻസിപ്പന്മാർക്കു സാധാരണമായി ആ കാലങ്ങളിൽ ഉണ്ടാകാറുണ്ടായിരുന്ന ഭയം ലേശവും കൂടാതെ, മുത്തുസ്വാമി അയ്യർ, തന്റെ കോടതിയെ എന്തുകൊണ്ടും സൂക്ഷ്മമായി പരിശോധിക്കുന്നതിനും, തന്റെ കർമ്മമിച്ച കോടതിയിൽ ഇരുന്നു താൻ കേസു വിസ്തരിക്കുന്നതു് എങ്ങനെയാണെന്നു കാണുന്നതിനും, ദയവുണ്ടാകേണമെന്നു് ആ സായ്പിനോടു് അപേക്ഷിക്കുകയും ചെയ്തു. ജഡ്ജിസായ്പു് അപ്രകാരം ചെയ്തുകൊണ്ടും, മുൻസിപ്പു് എന്തുകൊണ്ടും ഭംഗിയായി കേസുകൾ വിസ്തരിക്കുന്നുവെന്നും, അതുപോലെതന്നെ കോടതിയിലെ റെക്കോർഡുകൾ വെച്ചിരിക്കുന്നുവെന്നും കണ്ടിട്ടു് അത്യന്തം തൃപ്തിപ്പെടുകയും, ചെയ്തു. ആ സായ്പു തഞ്ചാവൂരിലേക്കു മടങ്ങിയ ശേഷം, 'മുത്തുസ്വാമി അയ്യർ എ

ന്റെ ഒരുമിച്ച് ഒരേ കോടതിയിൽ ജഡ്ജിയായിരിക്കുന്നതിനു യോഗ്യതയുള്ളവരിൽ ഒരുത്തനാണ്.' എന്നുള്ള തന്റെ ദുരഭിപ്രായത്തെ പ്രസ്താവിച്ചു.

മുത്തുസ്വാമി അയ്യർക്ക് പിന്നെയും തന്റെ ഉദ്യോഗാധിപ്പാർട്ടുമെന്റു മാറുന്നതിനു ഇടവന്നു സർ ചാർളസ് ടെവ്യൽ സായ്പിനാൽ പായപ്പെട്ട പ്രകാരം 'ഇനാംഭൂമികളുടെ അനുഭോഗകാശത്തെ സംബന്ധിച്ചുള്ള തകരാറുകളെ തീർക്കുന്നതിനും ഇനാംദാരന്മാർക്ക് ജന്മാവകാശം കൊടുക്കുന്നതിനുമായി' മദ്രാസു ഗവർമ്മെൻറിൽനിന്നു ഒരു ഇനാം കമ്മിഷൺ നിശ്ചയിച്ചു. ആ കമ്മീഷനിൽ ചേരുന്നതിനു പറ്റിപ്പുള്ളവരായ ഏതാനും യുവാക്കന്മാരോട് അഭ്യർത്ഥിപ്പെട്ടു. അവരിൽ മുത്തുസ്വാമിഅയ്യർ ഒരുത്തനായിരുന്നു. ൧൮൦൬ വർഷം ജൂലായിമാസം ൨൰ാംനു തഞ്ചാവൂർ ഡെപ്യൂട്ടികളക്ടറായി മുത്തുസ്വാമിഅയ്യരെ നിശ്ചയിച്ചു, രണ്ടു താലൂക്കുകളുടെ അദ്ദേഹത്തെ ഭരമേൽപ്പിച്ചു. ഈ പ്രവൃത്തി അദ്ദേഹം സവിശേഷമായ വൈദഗ്ധ്യത്തോടുകൂടി നടത്തി. ൧൮൧൫ ജൂലായിമാസത്തിൽ അദ്ദേഹത്തെ മുദ്രം ആക്കാട്ടിലേയും പിന്നെ തഞ്ചാവൂരിലേയും ഡെപ്യൂട്ടിക്കളക്ടറും മജിസ്ട്രേട്ടുമായി നിശ്ചയിച്ചു. ഡെപ്യൂട്ടിക്കളക്ടറും മജിസ്ട്രേട്ടുമായി, അദ്ദേഹം, റവന്യൂപ്രവൃത്തിക്കായി തനിക്കുള്ള അസാമാന്യയോഗ്യതയെ മാത്രമല്ല, സ്വരാജ്യസംബന്ധമായ ക്രിമിനൽലായെക്കുറിച്ചു തനിക്കുള്ള പരിപൂർണ്ണമായ പരിജ്ഞാനത്തെയും, പ്രദർശിപ്പിച്ചു. കരിക്കൽ ഒരു ധനികനായ സൌക്കാരുടെ മേൽ യഞ്ചനക്കുറ്റം ചുമത്തിയതായ ഒരു കേസുണ്ടായി. ആ കേസിനെ തക്കതായ അന്വേഷണത്തിനായി കളക്ടറായ മാറിസ്സ് സായ്പു മുത്തുസ്വാമി അയ്യർക്ക് അയച്ചു. ജെ. ബി നാർട്ടൻ സായ്പു ആ കേസിൽ വ്യവഹരിക്കുന്നതിനായി മുത്തുസ്വാമി അയ്യരുടെ മുമ്പാകെ ഹാജരായി. ഏകദേശം പതിനഞ്ചുദിവസത്തോളം ദീർഘവിസ്താരം ചെയ്ത ശേഷം മജിസ്ട്രേട്ടു സൌക്കാരെ സെഷൻസ്കോർട്ടിലേക്കു കമ്മിറ്റു ചെയ്തു. മുത്തുസ്വാമിഅയ്യരുടെ സാമർത്ഥ്യത്തെ കണ്ടിട്ടു നാ

ട്ടർ നായ്ക്കിന് അധികമായ അത്ഭുതം തോന്നിയതിനാൽ, ആ സായ്പു മദ്രാസിൽ മാറ്റിപാർപ്പിച്ചിരുന്ന തന്റെ സ്നേഹിതനായ ഫാളെറോവേ സായ്പിനോടും സർ അലെക്സാണ്ടർ ആർബത്നോട്ട് സായ്പിനോടും 'ജൂഡിഷ്യൽ ഡിപ്പാർട്ടുമെന്റിൽ അതിവിശിഷ്ടമായി ശോഭിക്കത്തക്ക ബുദ്ധിസാമർത്ഥ്യമുള്ള ഒരു പുരുഷനെ വേഗത്തിൽ കണ്ടുപിടിച്ചു ഡിപ്പാർട്ടുമെന്റിൽ ഇട്ടു കളിക്കുന്നതിരിക്കുന്നു'. എന്നു പ്രസ്താവിക്കയുണ്ടായി

ഈ സമയത്തിൽ മംഗലാപുരം കോടതിയിൽ ലായസംബന്ധങ്ങളായ നടപടികളെ ഒരുവിധം വശപരിചയമുള്ള വനായ ഒരു ജൂഡിഷ്യൽ ഉദ്യോഗസ്ഥൻ ആവശ്യകതയുണ്ടായി. അതിനാൽ ഫെബ്രുവരി ജൂലായിൽ മിസ്റ്റർ മുത്തുസ്വാമിഅയ്യരെ മിക്കിണനകന്നടജില്ലയിൽ സബ് ജഡ്ജിയായി നിശ്ചയിച്ചു. ഫെബ്രുവരി ജൂലായിമാസത്തിൽ മുത്തുസ്വാമിഅയ്യരെ മദ്രാസിൽ ഒരു പോലീസുമജിസ്ട്രേറ്റായി നിശ്ചയിക്കുകയും, ആ ഉദ്യോഗത്തിൽ മാസ്സ്കൽ സായ്പിന്റെ മരണശേഷം അദ്ദേഹത്തെ സ്ഥിരപ്പെടുത്തുകയും ചെയ്തു. ഈ ഉദ്യോഗത്തിലിരിക്കുമ്പോൾ ലായുടെ മൂലപ്രമാണങ്ങളെ പൂർണ്ണമായി മനസ്സിലാക്കുന്നതിന് ഏറ്റവും നല്ലതായിട്ടുള്ള മാർഗ്ഗം എന്താണെന്നു ഫാളെറോവസായ്പ് മുത്തുസ്വാമിഅയ്യർക്ക് ഉപദേശിക്കുകയും, പ്രസിദ്ധനായ ആ ജഡ്ജിസായ്പിന്റെ ഉപദേശപ്രകാരം മുത്തുസ്വാമിഅയ്യർ 'ജൂറിസ്പ്രൂഡെൻസ്' എന്ന ന്യായനിദാനശാസ്ത്രത്തിലെ പ്രമാണങ്ങളെ സൂക്ഷ്മതയോടുകൂടി എഴുതിവെച്ചു പഠിക്കുകയും, ഈ വിഷയത്തെ സംബന്ധിച്ചു ഇംഗ്ലീഷിൽ എഴുതപ്പെട്ടിട്ടുള്ള ചില ദുർഗ്രഹങ്ങളായ ഗ്രന്ഥങ്ങളെ മനസ്സിലാക്കുന്നതിനു വേണ്ടിടത്തോളം ആ ഭാഷയെ അഭ്യസിക്കുകയും, ചെയ്തു. ജൂറിസ്പ്രൂഡെൻസു മുഴുവനും മനസ്സിലാക്കിയശേഷം മുത്തുസ്വാമിഅയ്യരാട്ടെ, മൈസൂർകോടതിയിലും പ്രിവികൌൺസിലിലും നിന്നുണ്ടായിട്ടുള്ള ജഡ്ജിമെന്റുകളിൽ കാരോന്നിനേയും സാകല്യശരീരത്തെ എഴുന്നതിനും, ആ സാരാം

ശങ്ങൾ ജൂറിസുപ്രൂഡൻസിലെ വ്യവസ്ഥിതങ്ങളായ പ്രമാണങ്ങളോടു പൂർണ്ണമായി യോജിച്ചിരിക്കുന്നുണ്ടോ എന്നു പരീക്ഷിച്ചു നോക്കുന്നതിനും, ഹാളെറ്റ്വേസായ്പു പറഞ്ഞു. മുത്തുസ്വാമി അയ്യർ ഇങ്ങനെ എഴുതിയതിനെ കൂക്കേയും ഹാളെറ്റ്വേസായ്പു സൂക്ഷ്മമായി പരിശോധിച്ചു നന്നാക്കി. ഇങ്ങനെ സംശയംശങ്കാ എഴുതപ്പെട്ട ജഡ്ജിമെൻറുകളിൽ പലതും ജൂറിസുപ്രൂഡൻസിലെ പ്രമാണങ്ങളോടു പൂർണ്ണമായി യോജിക്കാത്തവയായി കാണപ്പെട്ടു. പിൻകാലങ്ങളിൽ ഓരോ കേസുകളുടെ സംശയംശങ്കാ എഴുതുന്നതിനു തനിക്കുണ്ടായിരുന്ന അസാധാരണസാമർത്ഥ്യം മേല്പറയപ്പെട്ട പരിശീലനത്താലുണ്ടായിട്ടുള്ളതാണെന്നു മുത്തുസ്വാമി അയ്യർ തന്നെ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്.

ഒരു ജഡ്ജിയുടെ നിലയിൽ മുത്തുസ്വാമി അയ്യർക്കുണ്ടായിരുന്ന ഒരു പ്രധാനഗുണം, തന്റെ പ്രവൃത്തിയിൽ തനിക്കുണ്ടായിരുന്ന സ്ഥിരയായ ശ്രദ്ധയും, ആരെക്കുറിച്ചും ഭയപ്പെടാതെയും, ആരുടെയുംവേണ്ടിയും ആനുകൂല്യം കാണിക്കാതെയും, തന്റെ മനസ്സാക്ഷിപ്രകാരം ആ പ്രവൃത്തി നടത്തിയതും, ആയിരുന്നു. ഇതിനു ദൃഷ്ടാന്തമായി താഴെ ഒരു സംഗതി പറയാം:—മുത്തുസ്വാമി അയ്യർ പോലീസുമാജിസ്ട്രേറ്റായിരിക്കുമ്പോൾ ഒരു യൂറോപ്യനായ ഫൈക്കോർട്ടുജഡ്ജി, തന്റെ ബംഗ്ലാവിന്റെ പറമ്പിനുള്ളിൽ സമ്മതം കൂടാതെ കടന്നുവെന്നുള്ള കാരണത്തിന്മേൽ ഒരു നാട്ടുകാരനെ അടിക്കയാൽ, ആ നാട്ടുകാരൻ ആ ജഡ്ജിസായ്പിന്റെ മേൽ കയ്യേറ്റക്കുറ്റം ചുമത്തി ഒരു അന്യായം കൊണ്ടുവരികയും, ആ സായ്പിനെ സമൻസ് അയച്ചു വരുത്തി വിസ്തരിക്കേണമെന്നു് അപേക്ഷിക്കുകയും ചെയ്തു. മുത്തുസ്വാമിഅയ്യർ ഉടനെ ഒരു സമൻസ് അയച്ചു. ഇങ്ങനെയുള്ള കയ്യേറ്റങ്ങളിൽ തൽക്കാലികപരിഹാരമായി, സമൻസ് അയക്കാതിരിക്കുന്നതിനു വല്ലകാരണവും ഉണ്ടെങ്കിൽ ബോധിപ്പിക്കേണ്ടതാണെന്നു കാണിച്ചു മറുകക്ഷിക്കു് ഒരു നോട്ടീസ് അ

യയ്ക്കുന്ന സമ്പ്രദായത്തെ താൻ അനുഷ്ഠിച്ചില്ല. തന്റെ മുമ്പാകെ വിസ്താരസമയം ഫാജരാകുന്നതിനു മേല്പറഞ്ഞ ഹൈക്കോർട്ടുജഡ്ജിയെ നിർബ്ബന്ധിക്കുന്നതു് അത്ര നല്ലതല്ലെന്നു തന്റെ കോടതിയിലെ മേൽജഡ്ജി തന്നോടു് ഉപദേശിച്ചു. എന്നിട്ടും, താൻ ആ ഉപദേശത്തെ കൈക്കൊള്ളാതെ, ഹൈക്കോടതി ജഡ്ജിയെ തന്റെ മുമ്പാകെ വരുത്തി വിസ്തരിക്കുകയും, മൂന്നുറുപ്പിക പിഴ കല്പിക്കുകയും, ചെയ്തു.

മജിസ്ട്രേറുദ്യോഗത്തിലിരിക്കുമ്പോൾ മുത്തുസ്വാമി അയ്യർ ബി. എൽ. പരീക്ഷയ്ക്കു പഠിക്കുകയും, ഒന്നാംക്ലാസ്സിൽ ആ പരീക്ഷ പാസ്സാകുകയും, ചെയ്തു. മുത്തുസ്വാമി അയ്യരുടെ ഈ പരീക്ഷാവിജയത്തെക്കുറിച്ചു ജാൺബ്രൂസു നാർട്ടൻ സായ്പു പച്ചപ്പാക്കാളെജ്ജിൽ വെച്ചു ചെയ്ത തന്റെ വാഴ്ത്തുപ്രസംഗങ്ങളിൽ ഒന്നിൽ ഇപ്രകാരം പറഞ്ഞു: "നമ്മുടെ യോഗ്യതയുള്ള നഗരവാസിയും മാജിസ്ട്രേറും ആയ മുത്തുസ്വാമിഅയ്യരെക്കുറിച്ചു ഞാൻ അല്പം പ്രസ്താവിച്ചുകൊള്ളട്ടെ. ഇദ്ദേഹം തന്റെ പാഠപുസ്തകങ്ങളിൽ ഒരിക്കലും മതിയാക്കിട്ടില്ലാത്തവനാണു്. പഠിക്കാനുള്ള കാലം കഴിഞ്ഞുപോയിട്ടും, നിതിന്യായക്കോടതിയിൽ ഒരു ജഡ്ജിയായിരിക്കുന്നവരെങ്കിലും, ബി. എൽ. പരീക്ഷയ്ക്കു ചേരുന്നതിനുള്ള മനോധൈര്യം ഇദ്ദേഹത്തിനുണ്ടായി. പരീക്ഷയിൽ ചോദ്യങ്ങൾക്കു ശരിയായി ഉത്തരങ്ങളെഴുതിയിരിക്കുന്നുവെന്നാണു ജനങ്ങൾ പറയുന്നതു്. ഒന്നാംക്ലാസ്സിൽ ജയിച്ചിരിക്കുന്നുവെന്നാണു ഞാൻ വാസ്തവമായി കേൾക്കുന്നതു്. ഒന്നാംക്ലാസ്സിൽ ഒന്നാമനായി ഇദ്ദേഹം ജയിച്ചിട്ടില്ലെങ്കിലും, ഇപ്രകാരം ജയിച്ചവനിൽനിന്നു് ഇദ്ദേഹത്തിനു കുറച്ചുമാത്രമേ മാർക്കിനു കുറവുള്ളൂ. എന്നാൽ ഇപ്രകാരം മുത്തുസ്വാമിഅയ്യരേക്കാളും മുകളിൽ ജയിച്ചവൻ പെരുപ്രായക്കാരനും, തന്റെ സമയം മുഴുവനും പഠിപ്പിലേക്കായി ഉപയോഗിക്കുന്നതിനു കഴിവുണ്ടായിരുന്നവനും, ആണെന്നും, മുത്തുസ്വാമി അയ്യർക്കു തന്റെ മാജിസ്ട്രേറുദ്യോഗസംബന്ധമായ സകല പണിയും

നോക്കേണ്ടതുണ്ടായിരുന്നുവെന്നും, പരീക്ഷ്യസ്സ് പഠിയ്ക്കുന്നതിനു തന്റെ വിശ്രമസമയത്തെ ഉപയോഗിക്കുന്നതിനു മാത്രമേ കഴിവുണ്ടായിരുന്നുള്ളൂ എന്നും, കാരണമുണ്ട്. ബി. എൽ. പരീക്ഷയിൽ ഇതിനു മുമ്പിൽ ഒന്നാംക്ലാസ്സിൽ ജയിച്ചവർ ഉണ്ട്. എന്നാൽ ഇതിനു മുമ്പിൽ ഈ പരീക്ഷയിൽ ജയം സമ്പാദിക്കുന്നതിനു നിശ്ചയിക്കപ്പെട്ട മാർക്ക്, കഷ്ടിച്ചുള്ള മാർക്കിന്റെ മൂന്നിൽ രണ്ടു ഭാഗം മാത്രമായിരുന്നു. ഇപ്പോൾ അതിനെ നാലിൽ മൂന്നു ഭാഗമാക്കി അധികപ്പെടുത്തിയിരിക്കുന്നു.'

മാജിസ്ട്രേറായി മുത്തുസ്വാമിഅയ്യർ ചെയ്ത അത്യുത്കൃഷ്ടപ്രവൃത്തിയുടെ പ്രതിഫലം അദ്ദേഹത്തെ സ്വാതന്ത്ര്യസമരകോടതിയിൽ ഒരു ജഡ്ജിയായി നിശ്ചയിച്ചതായിരുന്നു. സ്വാതന്ത്ര്യസമരകോടതിയിലെ ഒരു ജഡ്ജിയായി മുത്തുസ്വാമി അയ്യർ മദ്രാസുഗവർമ്മേണ്ടിലേയ്ക്കു പൂർണ്ണത്രുപ്തി നൽകിയതിനാൽ, സർ അലെക്സാണ്ടർ ആർബത്തനട്ട സ്മിത്ത് ആക്കിടിങ്ഗവർണ്ണറായിരിക്കുമ്പോൾ, മുത്തുസ്വാമി അയ്യരെ തഞ്ചാവൂർ ജില്ലാജഡ്ജിയായി നിശ്ചയിക്കുന്നതിന് ആലോചിച്ചു. എന്നാൽ അപ്രകാരം ചെയ്യുന്നതിനെക്കുറിച്ചു മദ്രാസിലും കല്ക്കട്ടായിലും ഉള്ള ലാ ഉദ്യോഗസ്ഥന്മാരോട് അഭിപ്രായം ചോദിച്ചതിൽ, അവർ ഭിന്നാഭിപ്രായക്കാരായി ഭവിക്കയാൽ, അക്കാര്യത്തെക്കുറിച്ചു പിന്നെ ആലോചന ഉണ്ടായില്ല. പുതുവൈ ജനുവരിയിൽ ഡെൽഹിയിൽ കൂടുവാൻ പോകുന്ന മഹാരാജയോഗത്തിൽ ഫാജരാകേണമെന്നു മദ്രാസുഗവർമ്മേൻറിൽനിന്നു ക്ഷണിക്കപ്പെടുന്നതിനുള്ള ബഹുമാനം മുത്തുസ്വാമി അയ്യർക്കുണ്ടായി. അങ്ങനെ ഫാജരായ സമയം, ഗവർണർജനറലിൽനിന്നു തനിക്ക് ഒരു സ്മാരകമുദ്ര ലഭിച്ചു. ഗവർമ്മേൻറുദ്യോഗത്തിലിരുന്നു താൻ ചെയ്തിട്ടുള്ള അനഘല്പകളായ പ്രവൃത്തികളെക്കുറിച്ചു് അഭിനന്ദിച്ചിട്ട്, പുതുവൈ-ൽ റാണിമഹാരാജ്ഞി അവർകളാൽ തനിക്കു കംപാനിയൻ ഓഫ് ദി ഓർഡർ ഓഫ് ദി ഇൻഡ്യൻ

എംപെയർ' എന്ന സ്ഥാനം നൽകപ്പെട്ടു. ആ സ്ഥാനമുദ്ര യെ അദ്ദേഹത്തിനു നൽകിയ സമയം അപ്പോഴത്തെ മദ്രാ സ്ഗവണ്മെന്റായ ഡ്യൂക്ക് ആഫ് ബക്കിങ്ഹാം ആൻഡ് ചാൻഡോസ് സായ്പ് ഇപ്രകാരം പറഞ്ഞു: 'മുത്തുസ്വാമി അയ്യരേ! ഇപ്പോൾ വായിക്കപ്പെട്ട രാജ്ഞിമഹാരാജ്ഞി അവർകളുടെ ദാനപത്രപ്രകാരം 'കമ്പാനിയൻ ആഫ് ദി ആർഡർ ആഫ് ദി ഇൻഡ്യൻ എംപെയർ' എന്ന ബഹുമാനസ്ഥാനമുദ്രയെ നിങ്ങൾക്കു നൽകുന്നതായ സന്തോഷകരമായ കൃത്യത്തെ ഞാൻ ചെയ്യുന്നു. നിങ്ങൾ ഇൻഡ്യാരാജ്യനിവാസികളുടെ ക്ഷേമത്തെ വരുത്തുന്നതിനായി ഉദ്യോഗിക്കുന്ന എല്ലാ ഗവർമ്മെൻറുദ്യോഗസ്ഥന്മാരിലും വെച്ച് അത്യന്തം പ്രാധാന്യമുള്ളതായ ജുഡിഷ്യൽ ഡിപ്പാർട്ടുമേൻറിലെ ഒരു ഉദ്യോഗസ്ഥനായിരിക്കുന്നു. പ്രജകളുടെ സ്വാതന്ത്ര്യം ജുഡിഷ്യൽ ഡിപ്പാർട്ടുമേൻറിലുള്ള ഉദ്യോഗസ്ഥന്മാരുടെ കയ്യിലാകുന്നു. നല്ലനടത്തയേയും, നല്ലസ്വഭാവത്തോടും ശാന്തതയോടും കൂടിയ കയ്യടക്കത്തേയും, ആശ്രയിച്ചിരിക്കുന്നതോടുകൂടിയും, മറ്റു യാതൊരു ഡിപ്പാർട്ടുമേൻറുകളിലുമുള്ള ഉദ്യോഗസ്ഥന്മാരുടെ അവിധമുള്ള ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നില്ല. ഇങ്ങനെയുള്ള ജുഡിഷ്യൽ ഡിപ്പാർട്ടുമേൻറിലെ ഒരു ഉദ്യോഗസ്ഥനായി പ്രസിഡി സ്സാടിച്ച നിങ്ങളെ ഈ ദേശത്തുള്ള ജഡ്ജിമാരുടെ കൂട്ടത്തിൽ അത്യന്തം ഔന്നത്യവും പ്രാധാന്യവും ഉള്ള ഒരു സ്ഥാനത്തിൽ ചെയ്യുന്നതിനു തിരഞ്ഞെടുക്കുന്നതായിക്കണ്ടതിൽ എനിക്കു വളരെ തൃപ്തി തോന്നിയിരിക്കുന്നു. ഈ ബഹുമതിക്കായി നിങ്ങളെ തിരഞ്ഞെടുക്കുന്നതിനു രാജ്ഞി മഹാരാജ്ഞി അവർകൾ തിരുവുള്ളമുണ്ടായി അനുവദിച്ചിരിക്കുന്നു എന്നു ഞാൻ നിങ്ങളെ അത്യന്തസന്തോഷത്തോടുകൂടി അറിയിക്കുന്നു. ഈ ബഹുമതിയെ വളരെക്കാലം അനുഭവിക്കുന്നതിന് ഈശ്വരൻ നിങ്ങൾക്ക് ആയുസ്സു തരട്ടേ.'

മേല്പറഞ്ഞ വർഷത്തിൽ തന്നെ മുത്തുസ്വാമിഅയ്യരെ

ഹൈക്കോടതി ജഡ്ജിയായി നിശ്ചയിച്ചു. ആ നിശ്ചയത്തെക്കുറിച്ചു ഗവണ്മെന്റായ ഡ്യൂക്ക് ഓഫ് ബക്കിങ്ങ് ഹാം ആൻഡ് ചാൻഡാസ് സായ്പ് തന്റെ പബ്ലിക് പ്രസംഗങ്ങളിൽ മുന്നിൽ ഇപ്രകാരം സൂചിപ്പിച്ചു പറഞ്ഞു: — "ആ ണ്ടറബിൾ ശേഷയ്യശാസ്ത്രിയെ ഗവണ്മെന്റ് ജനറലിന്റെ ആലോചനാസഭയിലെ ഒരു മെംബറായും, ആണ്ടറബിൾ മിസ്റ്റർ ജസ്റ്റിസ് മുത്തുസ്വാമി അയ്യരെ നമ്മുടെ സ്വന്തം സ്ഥാനത്തെ ഹൈക്കോടതിയിൽ ഒരു ജഡ്ജിയായും നിശ്ചയിച്ചതിൽ അവർക്ക് നല്ലവണ്ണം അഭിമതമില്ലാത്തതായ ബ്രാഹ്മണസ്ഥാനത്തിലാകട്ടെ, അവരിൽ നല്ലവണ്ണം വഹിക്കപ്പെടുവാൻ കഴിയാത്തതായ ഉദ്യോഗത്തിലാകട്ടെ, അവരെ കയറി വെച്ചിട്ടില്ലെന്ന് എനിക്ക് അറിയാം. ഇവരെപ്പോലേയുള്ള പുരുഷന്മാരാണ് മേലാൽ നമുക്കു വളരെ ആവശ്യമുള്ളത്. കണ്ടു പഠിക്കുന്നതിനുള്ള ദൃഷ്ടാന്തങ്ങളായി ഇവരെ നിങ്ങളുടെ ഹൃദയങ്ങളിൽ വെച്ചുകൊള്ളേണ്ടതാണ്." മുത്തുസ്വാമിഅയ്യരെ ഹൈക്കോടതി ജഡ്ജിയായി നിശ്ചയിച്ചപ്പോൾ അദ്ദേഹത്തിന് ആ ഉദ്യോഗസംബന്ധമായ പ്രവൃത്തി നടത്തുന്നതിന തന്നാൽ സാധ്യമാകുമോ എന്നു വളരെ സംശയമുണ്ടായിരുന്നു. ഇത്ര ഉയർന്നതായ ഒരു ഉദ്യോഗത്തിൽ ഇൻഡ്യയിലെ ഒരു നാട്ടുകാരനെ നിശ്ചയിച്ചതു് ഇതാദ്യമായിട്ടായിരുന്നു. ഹൈക്കോടതി ജഡ്ജിയായ ശേഷം തന്റെ മുമ്പാകെ വന്ന ആദ്യത്തെ കേസു വിസ്തരിച്ചസമയം തനിക്കു വളരെ ഭയസംഭ്രമം തോന്നിയിരുന്നുവെന്നു മുത്തുസ്വാമി അയ്യർതന്നെ സമ്മതിച്ചു പറഞ്ഞിട്ടുണ്ട്. തന്റെ ധൈര്യത്തെ അശേഷവും പോക്കുന്നതിനായിട്ടെന്നപോലെ, തന്റെ മുമ്പാകെ ആദ്യം വന്ന കേസു വിവാഹസംബന്ധമായ ഒരു വാശത്തലംഘനക്കേസായിരുന്നു ഒരു ഹിന്ദുവാകയാൽ തനിക്കു യൂറോപ്യന്മാരുടെ ആചാരങ്ങളേയും നടപടികളേയും കുറിച്ചു പൂർണ്ണജ്ഞാനം ഇല്ലായിരുന്നു. അതിനാൽ യൂറോപ്യന്മാരുടെ ജീവിതക്രമത്തെ

ക്കുറിച്ചുള്ള തന്റെ പരിചയക്കുറവു വലുതായ വല്ല അബദ്ധങ്ങളിലും തന്നെ ചാടിക്കുമെന്നു താൻ ഭയപ്പെട്ടു. എന്നാൽ കേസിലെ തെളിവുകളെ താൻ വളരെ സൂക്ഷ്മതയോടുകൂടി പഠിക്കുകയും, ജഡ്ജിമെൻറു പറയുന്നതിനു മുമ്പിൽ അതിനെ മാറി മാറി എഴുതുകയും, ചെയ്തു. വാസ്തവമായ ഭയത്തോടും സംഭ്രമത്തോടും കൂടി തന്റെ ജഡ്ജിമെൻറിനെ താൻ തുറന്ന കോടതിയിൽ വായിച്ചു. അതിനെ സകല വക്കീലന്മാരും വളരെ പ്രശംസിച്ചതിനാൽ തനിക്കു വലുതായ ആശ്വാസവും തൃപ്തിയും തോന്നി.

ഇതു കഴിഞ്ഞ ശേഷം സപ്രയത്നത്താൽ സമ്പാദിക്കപ്പെട്ടവയായ മറ്റു കയ്യുവിജയങ്ങൾ ഓരോന്നു മുത്തുസ്വാമി അയ്യർക്കു തുടരെത്തുടരെ ഉണ്ടായി. കുറച്ചു കാലംകൊണ്ടു, ഹൈക്കോടതിയിൽ ഇരുന്നിട്ടുള്ള സമർത്ഥന്മാരായ ജഡ്ജിമാരുടെ കൂട്ടത്തിൽ ഒരുത്തനായി ഗണിക്കപ്പെടേണ്ടവനാണു മുത്തുസ്വാമി അയ്യർ എന്നു സർവ്വജനങ്ങൾക്കും സമ്മതമായി. കോടതിയിലിരിക്കുമ്പോഴുള്ള തന്റെ ശാന്തമായും അപക്ഷപാതമായും ഉള്ള ചേഷ്ടിതവും, തന്റെ നിസ്സന്ദിഗ്ധമായും വ്യവസ്ഥിതമായും ഉള്ള ശീലവും, തന്റെ അത്ഭുതമായ ധാരണാശക്തിയും, തന്റെ മുമ്പാകെ വരുന്ന കേസുകളെക്കുറിച്ചു വളരെ സൂക്ഷ്മങ്ങളായിട്ടുള്ള വിവരങ്ങളെപ്പോലും ഗ്രഹിക്കുന്നതിനുള്ള തന്റെ ബുദ്ധിശക്തിയും, ഇവയെ ഒക്കെക്കാളും, ഇരുഭാഗത്തേക്കുമുള്ള തെളിവുകളുടെ പരിമാണം എത്രതന്നെ വലുതായിരുന്നാലും, വ്യാജത്തിൽനിന്നു സത്യത്തെ വിവേചനം ചെയ്യുന്നതിനുള്ള തന്റെ സാമർത്ഥ്യവുംകൊണ്ടു, മുത്തുസ്വാമി അയ്യർ, ഒരു ജഡ്ജിയിൽ എന്തെല്ലാം ഗുണങ്ങളാണു് ഉണ്ടായിരിക്കേണ്ടതെന്നു കാണിക്കുന്നതായ ഒരു ദൃഷ്ടാന്തമായിത്തീർന്നു. തന്റെ മുമ്പാകെ വരുന്ന കാര്യങ്ങളെക്കുറിച്ചു മുത്തുസ്വാമി അയ്യർക്കുണ്ടായിരുന്ന ന്യായജ്ഞാനം, എൽഡൺ പ്രഭുവിനെപ്പോലെ, വളരെ ശരിയായിട്ടുള്ളതായിരുന്നു. തന്റെ വിധികളും, മഹാനായ

ഗ്വന്മാരായ ഇംഗ്ലിഷ് ജഡ്ജിമാരുടെ വിധികളുടെ കൂട്ടത്തിൽ ഗണിക്കപ്പെടത്തക്ക യോഗ്യതയോടുകൂടിയവയാണെന്നു സർവ്വസമ്മതമാണു്. ഹൈക്കോടതിയിലേക്കു തിരഞ്ഞെടുക്കുന്നതിനായി വരുന്ന കേസ്സുകളിൽ വളരെ കുഴപ്പമുള്ളവയെ മുത്തുസ്വാമി അയ്യർക്കായി പ്രത്യേകം തിരഞ്ഞെടുത്തു വെക്കുന്നതു പതിവായിരുന്നുവെന്നു പറയുന്നതിൽ അശേഷവും അതിശയോക്തിയില്ല. ഒരു ജഡ്ജിയുടെ കൃത്യം ദൈവീകമായിട്ടുള്ളതാണെന്നു മുത്തുസ്വാമി അയ്യർ ദൃഢമായി വിശ്വസിച്ചിരുന്നു. അതിനെക്കുറിച്ചു ഒരിക്കൽ മദ്രാസ് സർവ്വകലാശാലയിലെ സ്ഥാനാരോഹണോത്സവസമയം താൻ ചെയ്ത പ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:—'നീതിന്യായകോടതി ദൈവികമായ ഒരു ക്ഷേത്രമാകുന്നു. അതിലെ അദ്ധ്യാസനസ്ഥന്മാരായ ജഡ്ജിമാർ, മനുഷ്യരാണെങ്കിലും, സത്യപരിപാലനത്തിനുള്ള ഉപകരണങ്ങളാകുന്നു. ഈ ദൈവിക സ്ഥലത്തിൽ അശുദ്ധമായ വിചാരത്തോടുകൂടി കടക്കുകയോ, അനുചിതകളായ പ്രവൃത്തികളെക്കൊണ്ടു് ഈ സ്ഥലത്തെ അശുദ്ധപ്പെടുത്തുകയും ചെയ്യുന്നവർ, അവരുടെ ഇഹപ്രാപ്തിയും രാജ്യനീതിയും ഭ്രോഹിക്കുന്നു. നിങ്ങളിൽ ജഡ്ജിമാരായിത്തീരുവാൻ സംഗതി വരുന്നവർ മഹാരാജ്ഞി അവർകളുടെ നാമധേയത്തിൽ നിങ്ങളാൽ നടത്തപ്പെടേണ്ടി വരുന്ന അധികാരം, നിങ്ങളുടെ പൂർവ്വികന്മാരിൽ മറെറാരാളിന്റെ അഭിപ്രായപ്രകാരം, ദൈവികമായിട്ടുള്ള ഒരു അധികാരമാണെന്നു നിങ്ങൾക്കു് ഓർമ്മയുണ്ടായിരിക്കേണ്ടതാണു്.'

മുത്തുസ്വാമി അയ്യർ ഏതെല്ലാം യൂറോപ്യന്മാരുടെ കക്ഷിചേർന്നിരുന്നു കേസുകൾ വിചാരിച്ചുവോ, അവരെല്ലാവരും അദ്ദേഹത്തെ, സകല ലാഭപ്രമാണങ്ങളോടേയും നിശ്ചയമുള്ള ഒരു പ്രാമാണികനായി ഗണിച്ചു. തന്റെ അഭിപ്രായത്തോടു യോജിക്കാത്തവയായ അഭിപ്രായങ്ങൾ അപൂർവ്വങ്ങളായിരുന്നു. തന്റെ ജഡ്ജിമെൻറുകൾ പലപ്പോഴും വളരെ ദീ

ഗ്രന്ഥങ്ങളായിരുന്നുവെങ്കിലും എല്ലായ്പ്പോഴും പൂർണ്ണങ്ങളായിരുന്നു. അവ ഇൻഡ്യയിലെ ചാരസംബന്ധങ്ങളായ പ്രമാണങ്ങളിൽ വിലയേറിയ ഒരു ഭാഗമായിരുന്നു. വിൻസേന്റ് സ്മിത്ത് എന്ന സായ്പിന്റെ 'ആക്സ്ഫോർഡ് ഇൻഡ്യൻ കോഡ്' എന്ന പുസ്തകത്തിന്റെ മുഖവുരയിൽ ആ സായ്പ് ഇപ്രകാരം എഴുതിയിരിക്കുന്നു:—'ഈ പുസ്തകം എഴുതുന്നതിൽ എന്നെ മുഖ്യമായി സഹായിച്ചതു് ക്വ്വന്നാമതൽ ക്വ്വവന്ന വരെ ഉള്ള ഇൻഡ്യൻ ലാ റിപ്പോർട്ടുകളിൽ പ്രസിദ്ധപ്പെടുത്തിട്ടുള്ള ഹൈക്കോർട്ട് ജഡ്ജിമാരുടെ വിധികളാണു്. ഈ വിധികൾ ഇന്ത്യയിലുള്ള ജനങ്ങളുടെ ആചാരങ്ങളെയും വിചാരങ്ങളേയും വിശദപ്പെടുത്തുന്നു എന്നു മാത്രമല്ല, ഞാൻ പറയുന്നതു് അധികപ്രസംഗമാണെന്നു വിചാരിക്കാത്ത പക്ഷം, അവ സാധാരണമായി പാണ്ഡിത്യത്തേയും അനുമാനസാമർത്ഥ്യത്തേയും അത്ഭുതകരമാംവണ്ണം കാണിക്കുകയും ചെയ്യുന്നു. ഈ ജഡ്ജിമെന്റുകളുടെ കൂട്ടത്തിൽ ഹിന്ദുവായ മുത്തുസ്വാമി അയ്യരുടെയും മഹമ്മദീയനായ സയ്യദ് മഹമൂദിന്റേയും ജഡ്ജിമെന്റുകളോളം അധികം സന്തോഷത്തോടുകൂടിയാകട്ടെ കായ്യജ്ഞാനലാഭത്തോടുകൂടിയാകട്ടെ വായിക്കപ്പെടുന്നതാകട്ടെ ജഡ്ജിമെന്റുകൾ മറ്റു യാതൊന്നും ഇല്ല. ഈ വിധത്തിലുള്ള ന്യായശാസ്ത്രജ്ഞന്മാരെ ഉത്പാദിപ്പിക്കുന്ന സൂക്ഷ്മബുദ്ധികളായ ജാതിക്കാർക്കു യാതൊരു ന്യായപ്രമാണവും വേണ്ടതിലധികം പരിഷ്കൃതമായിപ്പോയി എന്നോ, യാതൊരു നീതിന്യായത്തെ നടത്തുന്നതിനും വേണ്ടതിലധികം ശ്രമം ചെയ്യണ്ടാക്കപ്പെട്ടുപോയി എന്നോ വിചാരിക്കുവാൻ പാടില്ലാത്തതാകുന്നു. മുത്തുസ്വാമി അയ്യർ പതിനഞ്ചു കൊല്ലത്തിലധികം ന്യായാസനത്തെ അലങ്കരിച്ചു. തന്നോടു് ഇടപ്പെട്ടിട്ടുള്ള സകല ആളുകൾക്കും തന്നെക്കുറിച്ചു വളരെ നല്ല അഭിപ്രായമുണ്ടായിരുന്നു. ക്വ്വർന്നാം വർഷത്തിൽ മൂന്നു മാസംവരെ ചീഫ് ജസ്റ്റിസായി ആക്കുടെ ചെയ്ത സമയം, ഈ രാജ്യത്തുള്ള ജുഡിഷ്യൽ ഡിപ്പാർട്ടുമെ

ണ്ടിൽ ഒരു നാട്ടുകാരനെ സമ്പാദിക്കുവാനുള്ള എല്ലാ ഉദ്യോഗങ്ങളിലുംവെച്ചു വലുതായ ഉദ്യോഗത്തെ താൻ സമ്പാദിച്ചു. ഇതു കഴിഞ്ഞ ഉടനെ തനിക്കു 'കേ. സി. ഐ. ഇ.' എന്ന സ്ഥാനം കിട്ടി. ആ സമയം താൻ സകല നാട്ടുകാരാലും യൂറോപ്യന്മാരാലും അഭിനന്ദിക്കപ്പെട്ടു. ഇന്ത്യയിൽ ഒരു ജഡ്ജിയായിരിക്കുന്നവനാൽ ചെയ്യപ്പെടേണ്ടുവയായ കൃത്യങ്ങളുടെ അധികതരവും പ്രയാസവുംകൊണ്ടു മുത്തുസ്വാമിഅയ്യരുടെ ശ്ലാഘ്യമായ ജീവിതം ദീർഘമായി വരിക്കുന്നതിനു് ഇടയായില്ല. ൧൮൭൫-ാം വർഷത്തിന്റെ ആരംഭത്തിൽ, സ്വരാജ്യവാസികൾക്കെല്ലാം വ്യസനം തോന്നത്തക്കവണ്ണം, മുത്തുസ്വാമിഅയ്യർ പെട്ടെന്നു ദിനത്തിലാകുകയും മരിച്ചുപോകുകയും ചെയ്തു.

ജഡ്ജി ഉദ്യോഗത്തിലിരുന്നപ്പോൾ മുത്തുസ്വാമിഅയ്യർക്കു് ആ ഉദ്യോഗകാര്യങ്ങളെ സംബന്ധിച്ചല്ലാതെ ഇതരകാര്യങ്ങളെ സംബന്ധിച്ച യാതൊന്നും പ്രവർത്തിക്കുന്നതിനുള്ള സമയം വളരെ ചുരുക്കമായിരുന്നു. എന്നാൽ മദ്രാസ് സർവ്വകലാശാലയെ സംബന്ധിച്ചുള്ള കാര്യങ്ങളിൽ തനിക്കു് എല്ലായ്പോഴും താല്പര്യമുണ്ടായിരുന്നു. ൧൮൭൫-ാം വർഷത്തിൽ തനിക്കു 'മദ്രാസ് സർവ്വകലാശാലാ സാമാജികൻ' എന്ന സ്ഥാനം ലഭിച്ചു. ൧൮൭൫-ൽ താൻ ആ സർവ്വകലാശാലയിലെ സിൻഡിക്കേറിലെ (നിർവ്വാഹകസംഘത്തിലെ) ഒരു അംഗവുമായി. അനേകം സംവത്സരം താൻ ബി-എൽ, എം-എൽ, എന്നി പരീക്ഷകൾക്കു് ഒരു പരീക്ഷകനായിരുന്നു. വിദ്യാഭ്യാസസംബന്ധമായി മദ്രാസ് സർവ്വകലാശാലയിലെ സെനെറ്റിൽ (കാര്യാലോചനാസഭയിൽ) നടന്നിട്ടുള്ള സകല വാദപ്രതിവാദങ്ങളിലും താൻ ഉത്സാഹത്തോടുകൂടെ ചേർന്നിരുന്നു. മദ്രാസ് ഗവർമേണ്ടിന്റെ ആലോചനാസഭയിലെ ഒരു മെമ്പരായിരുന്ന കാർമൈക്കേൽ സായ്പിന്റെ പേരിൽ ഒരു സമ്മാനം ഏർപ്പെടുത്തിയ സർവ്വകലാശാലയിൽ താൻ ഏർപ്പെടുത്തി. സ്ഥാനപരീക്ഷാവിജയികളായ

സ്ഥാനഭാരോത്സവസമയം പ്രസംഗിക്കുന്നതിനായി മദ്രാസ് സംസ്ഥാനത്തിൽ നാട്ടുകാരായ യോഗ്യന്മാരുടെ കൂട്ടത്തിൽ മുത്തുസ്വാമി അയ്യരോടാണ് ആദ്യം ആവശ്യപ്പെട്ടതു്. താൻ ആ കൃത്യത്തെ അത്യന്തം ശ്ലാഘ്യമായും വിജയത്തോടുകൂടിയും നടത്തി. പബ്ലിക്കു് സദസ്സുകളിൽ വെച്ചു വാചാപ്രസംഗം ചെയ്യുന്നതിനു സർ. ടി. മുത്തുസ്വാമി അയ്യർ പഠിചയിച്ചിട്ടില്ലായിരുന്നു. എന്നാൽ താൻ എഴുതി വഹിച്ചിട്ടുള്ള പ്രസംഗങ്ങൾ എല്ലാം എളുപ്പത്തിൽ മനസ്സിലാകത്തക്കവയും നന്നായി തിരഞ്ഞെടുക്കപ്പെട്ടവയും ആയ വാക്കുകളിൽ പറയപ്പെട്ട ബുദ്ധിപൂർവ്വകങ്ങളായ സൂചനകളാൽ നിബിഡങ്ങളായിരുന്നു.

തന്റെ കാലത്തു ജീവിച്ചിരുന്ന ചില പ്രധാനപുരുഷന്മാരെക്കുറിച്ചു മുത്തുസ്വാമിഅയ്യർക്കുണ്ടായിരുന്ന അഭിപ്രായങ്ങളെ അറിയുന്നതു രസകരമായിരിക്കും. തന്റെ വഴിപ്പത്തിനുമേലേയും നിഷ്പാനമായിരുന്നതു തന്റെ ശുദ്ധനർഥനായ പയൽസായ്പികൾനിന്നു തനിക്കു ലഭിച്ച പഠിപ്പുകയാൽ, ആ സായ്പിനെക്കുറിച്ചു സ്നേഹത്തെയും ബഹുമാനത്തെയും സൂചിപ്പിക്കുന്നവയായ വാക്കുകളെ താൻ എപ്പോഴും പ്രയോഗിച്ചിരുന്നു. മദ്രാസ പ്രസിഡൻസിയിൽ നാട്ടുകാരെക്കുറിച്ചു് ആ സായ്പിന്റെ അത്ര ഉത്തമസ്ഥാനമുള്ളവരായി വേറെ യാതൊരാളും യാതൊരിക്കലും ഉണ്ടായിട്ടില്ലെന്നായിരുന്നു തന്റെ അഭിപ്രായം. വിദ്യാഭ്യാസസംബന്ധമായി താൻ ചെയ്ത യാതൊരു പ്രസംഗത്തിലും തന്റെ ബഹുമാനഭാജനമായ മേല്പറഞ്ഞ ശ്രീനാഥനോടുള്ള തന്റെ കൃതജ്ഞതയെക്കുറിച്ചു താൻ പ്രസ്താവിക്കാതിരുന്നിട്ടില്ല. റായി ബഹാദർ ടി. ഗോപാലരായരെക്കുറിച്ചു് 'എന്റെ ആയുഷ്കാലം മുഴുവനും എനിക്കു വിസ്മയം തോന്നിയിരുന്നതു് ഈ ദ്വേഷത്തെക്കുറിച്ചു മാത്രമായിരുന്നു' എന്നു താൻ പറയുകപതിവായിരുന്നു. മൈസൂർ ദിവാൻജിയായ രംഗചാർലുവിനെക്കുറിച്ചു് 'അദ്ദേഹം വാസ്തവമായി, ആസാധാരണബു

ബുദ്ധിശക്തിയും, ഉദ്ദിഷ്ടകാര്യങ്ങളെ സാധിക്കുന്നതിനു വേണ്ട ഏർപ്പാടുകളെ ആലോചിച്ചുണ്ടാക്കി ഉറപ്പിക്കുന്നതിനു് അത്ഭുതകരമായ സാമർത്ഥ്യവും, ഉള്ള ഒരു മഹാനായിരുന്നു് എന്നു താൻ പ്രസ്താവിച്ചിരുന്നു. മരിച്ചുപോയ പ്രൊഫെസ്സർ രംഗനാഥമുതലിയാരെക്കുറിച്ചും തനിക്കു വളരെ ബഹുമാനമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചു വ്യസനിക്കുന്നതിനായി കൂടിയ സംഘത്തിൽവെച്ചു സർ. ടി. മുത്തുസ്വാമി അയ്യർ അദ്ദേഹത്തെ ഉദ്ദേശിച്ചു് ഇപ്രകാരം പറഞ്ഞു:—'ഞങ്ങൾക്കു തമ്മിലുണ്ടായ ആദ്യത്തെ സംഭാഷണത്തിൽവെച്ചുതന്നെ അദ്ദേഹത്തെക്കുറിച്ചു് എനിക്കു വലുതായ ബഹുമാനവും ആദരവും തോന്നി. ഈ ബഹുമാനവും ആദരവും, പിന്നീടു് അദ്ദേഹവുമായി പരിചയിക്കുന്നതിനു് എനിക്കുണ്ടായ കാരോ അവസരങ്ങളിലും, അധികമധികമായി ഭവിക്കുകയും, അവസാനം അവ സുദൃഢമായ ഒരു പ്രത്യേകസ്നേഹമായിത്തീരുകയും ചെയ്തു എന്നു ഞാൻ നിങ്ങളോടു പറയേണ്ടതാണു.'

മദ്രാസിലെ ജനസമുദായത്തിന്റെ ആചാരപരിഷ്കാരത്തെ വരുത്തുന്നതിനായി മുത്തുസ്വാമി അയ്യർ യാതൊന്നും പ്രവർത്തിച്ചിട്ടില്ലെന്നു പലപ്പോഴും പ്രസ്താവിച്ചുകേൾക്കുന്നുണ്ടു്. എന്നാൽ ആ കാരണത്താൽ, ഹിന്തുജനസമുദായത്തിന്റെ ആചാരങ്ങളിൽ ചില വിഷയങ്ങളിൽ പരിഷ്കരിക്കപ്പെടേണ്ടതു് ആവശ്യകമാണെന്നുള്ളതിനെക്കുറിച്ചു മുത്തുസ്വാമി അയ്യർ ബോധമില്ലാത്തവനായിരുന്നുവെന്നു വിചാരിച്ചുകൂടാത്തതാകുന്നു. ഹിന്തുജനസമുദായത്തിന്റെ ആചാരങ്ങളെ നന്നാക്കുന്നതു സാവധാനത്തിലും കുറേശ്ശയായും വേണ്ടതാണെന്നായിരുന്നു തന്റെ വിശ്വാസം. തന്റെ അഭിപ്രായങ്ങൾ താൻ വളരെ മനോധൈര്യശാലിതയുള്ളവനാണെന്നു കാണിക്കുന്നവയായിരുന്നു. എന്നാൽ പ്രവർത്തിക്കുന്നതിൽ താൻ വളരെ കരുതലുള്ളവനായിരുന്നു. പബ്ലിക് സർവ്വീസുകളിൽ താൻ ചെയ്തിട്ടുള്ള പ്രസംഗങ്ങൾ ഈ വാ

സ്വയത്തെ തെളിയിക്കുന്നുണ്ട്. ഹിന്ദുസ്ത്രീകളുടെ സ്ഥിതിയെക്കുറിച്ചു പ്രസംഗിക്കുമ്പോൾ, താൻ ഇപ്രകാരം പറഞ്ഞു:—'ഹിന്ദുസ്ത്രീകളുടെ സാമുദായികസ്ഥിതിയെക്കുറിച്ച് ആലോചിക്കുന്ന യാതൊരുത്തനും അതു വളരെ പരിഷ്കരിക്കപ്പെടത്തക്കതായിരിക്കുന്നുവെന്നു അഭിപ്രായപ്പെടാതിരിക്കുന്നതു് അസാദ്ധ്യമാണ്.' സ്ത്രീവിദ്യാഭ്യാസത്തെക്കുറിച്ചു തന്റെ അഭിപ്രായം താഴേ പറയുന്നതായിരുന്നു:—'നിങ്ങളെല്ലാവരും നിങ്ങളുടെ സംരക്ഷണയിലും ശാസനയിലും വന്നുചേരുന്ന ചെറുപ്രായക്കാരായ സ്ത്രീകൾക്കു വിദ്യാഭ്യാസത്തിന്റെ ഗുണഫലങ്ങളെ നൽകുന്നതിനു ശ്രമിക്കേണ്ടതാണു്. അങ്ങനെ ചെയ്യുന്നതായാൽ, അതിനെക്കുറിച്ചുള്ള വിരോധം, പെൺകുട്ടികൾക്കു യാതൊരു വിദ്യാഭ്യാസവും പാടില്ലെന്നുണ്ടായിരുന്ന വിരോധംപോലെ ക്രമേണ തേഞ്ഞുമാഞ്ഞുപോകുന്നതാണു്.'

പരരാജ്യങ്ങളിലേക്കു പ്രയാണം ചെയ്യുന്നതു പാടില്ലെന്നുള്ള അഭിപ്രായം മുത്തുസ്വാമി അയ്യർക്കില്ലായിരുന്നു. 'നിങ്ങളിൽ യൂറോപ്പിൽ കുറേ പോയ്വരുന്നതിനു ശേഷിയുള്ളവരോടു്, അപ്രകാരം ചെയ്യുന്നതിനും, സാങ്കേതികവിദ്യാഭിവൃദ്ധി വരുത്തണമെന്നുള്ള ഉദ്ദേശ്യത്തോടുകൂടി പരിഷ്കൃതരാജ്യങ്ങളിൽ കുറേനാൾ താമസിക്കുന്നതിൽവെച്ചു തീച്ചയായി ഉണ്ടാകാവുന്ന പരിഷ്കൃതാചാരപരിചയത്തിന്റെ ഗുണഫലങ്ങളെ നിങ്ങളുടെ ജ്ഞാനഭണ്ഡാരത്തോടുകൂടി യോജിപ്പിച്ചുവെക്കുന്നതിനും, ഞാൻ നിങ്ങളോടു് ഉപദേശിക്കുന്നു.' എന്നു് അദ്ദേഹം ഒരു സദസ്സിൽ പ്രസംഗിച്ചിട്ടുണ്ടു്. ശിശുവിവാഹത്തെക്കുറിച്ചു് ഇദ്ദേഹം പ്രസ്താവിച്ചിട്ടുള്ളതിനെ താഴേ എഴുതുന്നു:—'പ്രായപൂർത്തിയായതിനു മേൽ സ്ത്രീയുടെ വിവാഹം നടത്തുന്നതു പാപമാണെന്നുണ്ടെങ്കിൽ അതു് അച്ഛന്റെ മേലായിരിക്കെ, അതിനു മകളെ ശിക്ഷിക്കുന്നതാണു ജനസമുദായത്തിന്റെ സാധാരണ നടപടിയായിത്തീർന്നിരിക്കുന്നതെങ്കിലും, പ്രായപൂർത്തിയായതിനു ശേഷം വിവാഹം കഴിക്കുന്നതു നീതിവിരുദ്ധ

മാണെന്നുള്ള വിശ്വാസത്തിനു യാതൊരു അടിസ്ഥാനവും ഇല്ല.' വിധവകളുടെ പുനർവിവാഹത്തെക്കുറിച്ചുള്ള ഇദ്ദേഹത്തിന്റെ അഭിപ്രായം ഇതിലും അധികം വ്യക്തമായി പറയപ്പെട്ടിരിക്കുന്നു: —'ഒരു സ്ത്രീക്ക് ഒരിക്കൽ മാത്രമേ വിവാഹം കഴിക്കുവാൻ പാടുള്ളൂ എങ്കിലും, ഒരു പുരുഷന്, അനേകം ഭാര്യമാർ ജീവിച്ചിരിക്കുമ്പോൾപോലും, തന്റെ ഇഷ്ടപ്രകാരം എത്ര പ്രാവശ്യമെങ്കിലും വിവാഹം കഴിക്കുന്നതിന് അവകാശമുണ്ട്. വിവാഹത്തെ സംബന്ധിച്ചുള്ള അവകാശങ്ങളിലും ബാദ്ധ്യതകളിലും പുരുഷന്മാർക്കും സ്ത്രീകൾക്കും തമ്മിലുള്ള ഈ സാമ്യമില്ലായ്മ, കുടുംബകാലക്ഷേപത്തിന്റെ എപ്പോഴിൽനിന്നു സംഭവിക്കുന്ന ഓരോ സംഗതികളാൽ അധികം ദോഷപ്രദമായിത്തീർന്നിരിക്കുന്നു. ഇങ്ങനെയിരിക്കയാൽ പരിഷ്കാരപ്രിയന്മാരായ ജനങ്ങൾ, മേല്പറഞ്ഞ ആചാരവും അതിനു ആസ്പദമായ പ്രമാണവും, സ്ത്രീകളെ സംബന്ധിച്ചു ക്രൂരമായിരിക്കുന്നു എന്നു പറയുന്നതിനെക്കുറിച്ച് അത്ര അത്ഭുതപ്പെടുവാനില്ല. സദാചാരത്തെ ഉപപ്പിക്കുന്നതിനു് ആവശ്യകങ്ങളായ കാര്യങ്ങളിൽ മുഖ്യമായി വിചാരിക്കുന്ന പക്ഷം, പുനർവിവാഹം, ഭർത്തൃസംയോഗം ഉണ്ടായിട്ടില്ലാത്ത കന്യകകളായ വിധവകളെ സംബന്ധിച്ച് എത്രത്തോളം ആവശ്യകമായിരിക്കുന്നുവോ, അത്രത്തോളം ഭർത്തൃസംയോഗം ഉണ്ടായിട്ടുള്ള ചെറുപ്രായക്കാരായ വിധവകളെ സംബന്ധിച്ചും ആവശ്യകമായിരിക്കുന്നുവെന്നു പറയാതിരിക്കുവാൻ പാടില്ല.'

ഒരു ജഡ്ജിയുടെ നിലയിൽ തനിക്കു സിദ്ധിച്ചിട്ടുള്ള സന്ദർഭങ്ങളെ, ജനസമുദായാചാരത്തെ പരിഷ്കരിക്കുന്ന പ്രവൃത്തിയെ ലഘുപ്പെടുത്തുന്നതിലേക്കായി മുത്തുസ്വാമിഅയ്യർ ഉപയോഗിച്ചിട്ടില്ലെന്നു പലപ്പോഴും പ്രതിപാദിക്കപ്പെട്ടിട്ടുണ്ട്. ഈ വിഷയത്തിൽ ഇദ്ദേഹത്തിന്റെ അഭിപ്രായം താഴെ പറയുംപ്രകാരമായിരുന്നു: —'കോടതികളാൽ നടത്തപ്പെടേണ്ടതായ ഹിന്ദുലാ, ഹിന്ദുജനസമുദായത്താൽ ഇ

പ്പോൾ സ്വീകരിക്കപ്പെട്ടിരിക്കുന്നതായ ഹിന്ദുലായല്ലാതെ, ആ സമുദായത്തിന്റെ ചരിത്രപ്രകാരം വേദങ്ങളും സ്മൃതികളും നടപ്പായിരുന്ന കാലത്തു് അനുഷ്ഠിക്കപ്പെട്ടിരുന്നതായ ഹിന്ദുലായെല്ലെന്നും, കോടതിയാൽ നടത്തപ്പെടേണ്ടതായ ഹിന്ദുലായെ പ്രകാരാന്തരമെന്ന നിരൂപിക്കുന്നതു നീതിക്കും യുക്തിക്കും വിരുദ്ധമായിത്തീരുന്നതാണെന്നും, കാക്കേണ്ടതാണു്.' ഇതായിരുന്നു തന്റെ അഭിപ്രായമെങ്കിലും, ജനസമുദായത്തിന്റെ അഭിവൃദ്ധിയിൽ തനിക്കു താല്പര്യമുണ്ടായിരുന്നു. അതുചരിച്ചാരത്തെ ഉദ്ദേശിച്ചു ഗവർമ്മേണ്ടിൽനിന്നു് കാരോ ചട്ടങ്ങൾ പാസ്സാക്കേണ്ടതാണെന്നുള്ള വിവിധാഭിപ്രായവിഷയമായ സംഗതിയെക്കുറിച്ചു താൻ ഇപ്രകാരം പറഞ്ഞു:—'എല്ലാ ജാതിക്കാരെയും കരുപോലെ സംബന്ധിക്കുന്നതായ വിധത്തിൽ പ്രവർത്തിക്കുന്നതും, ഒരു ജാതിക്കാർക്ക് അനുകൂലമായും മറൊരു ജാതിക്കാർക്ക് പ്രതികൂലമായും ഉള്ള വിധത്തിൽ പ്രവർത്തിക്കാതിരിക്കുന്നതും ആണ് എല്ലാ നിയമനിർമ്മാണകൃത്യങ്ങളിലും രാജ്യഭരണകൃത്യങ്ങളിലും മുഖ്യമായി അനുഷ്ഠിക്കപ്പെടേണ്ട പ്രമാണമെന്നും, തങ്ങളുടെ അധികാരത്തിൻകീഴിൽ എത്ര വളരെ വിവിധജാതിക്കാരുണ്ടോ അത്ര വളരെ വിധങ്ങളായ വിവാഹക്രമങ്ങൾ തങ്ങളാൽ ആലോചിക്കപ്പെടേണ്ടവയായിട്ടുണ്ടെന്നും, വിചാരിക്കുന്ന ഒരു ഗവർമ്മേണ്ടു, ജനസമുദായാഭിവൃദ്ധിമാർഗ്ഗങ്ങളിൽ യാതൊരു പ്രതിബന്ധങ്ങളും വരുത്തിവെക്കാതിരിക്കുന്നതും, ജനസമുദായാഭിവൃദ്ധിക്കായി പരിശ്രമപ്രിയന്മാർ അതാതുകാലങ്ങളിൽ ഏർപ്പെടുത്തുന്ന കാരോ വിവാഹക്രമങ്ങളെ അംഗീകരിക്കുന്നതും, ന്യായമാണെന്നുള്ള വാസ്തവത്തെ പ്രാചീനാചാരപ്രിയന്മാർ കാക്കുന്നില്ല. അതുപോലെ തന്നെ, പുരാതനമായ ജാത്യാചാരത്തെ അനുസരിച്ചു കഴിക്കപ്പെട്ടുന്ന വിവാഹങ്ങളെ ദുർബ്ബലപ്പെടുത്തുന്നവയായ വല്ല നിയമങ്ങളേയും നടപ്പാക്കുന്നതിനു യാതൊരു രാജ്യഭരണതന്ത്രജ്ഞനോടും ആവശ്യപ്പെടുവാൻ പാടില്ലെന്നും, അങ്ങനെ ചെയ്യുന്ന പക്ഷം,

ആതു, റാണിമഹാരാജ്ഞി അവർകളുടെ പ്രജകളിൽ ഹിന്തുക്കളായിട്ടുള്ളവരിൽ അധികപക്ഷക്കാരുടേയും സ്വഗൃഹകാര്യങ്ങളിൽ എല്ലാവരിലുംവെച്ചു പ്രധാനമായ ഒരു കാര്യത്തിൽ രസക്ഷയം വരുത്തത്തക്കവണ്ണമുള്ള ഒരു പ്രവേശമായിത്തിരുന്നതാണെന്നും, പരിഷ്കാരപ്രിയന്മാരും കാക്കുന്നില്ല.'

മതസംബന്ധമായി സർ ടി. മുത്തുസ്വാമിഅയ്യർക്കു തിച്ചപ്പെട്ടതപ്പെട്ട ഒരു അഭിപ്രായമുണ്ടായിരുന്നു. ഈശ്വരവിചാരം മനുഷ്യന് അവശ്യം അപേക്ഷിതമാണെന്നുള്ള വിശ്വാസത്തോടുകൂടിയായിരുന്നു താൻ സദാ പ്രവർത്തിച്ചുവ്. സകലസൽഗുണങ്ങൾക്കും നിദാനമായി സർവ്വത്തിനും ഉപരിയായി ഒരു ദൈവം ഉണ്ടെന്നുള്ളതായിരുന്നു തന്റെ വിശ്വാസം. എന്നാൽ, ആ ദൈവത്തോടു തനിക്കുള്ള കൃതജ്ഞതയെ പ്രദർശിപ്പിക്കുന്നതിനായി കേവലം സൌകര്യത്തെ ഉദ്ദേശിച്ചു് എപ്പോഴുത്തപ്പെട്ടിട്ടുള്ള അനുഷ്ഠാനമുറകളെപ്പോലും താൻ സ്വീകരിക്കാതേയും, ദിവസംപ്രതിയും താൻ ഹൃദയപൂർവ്വമായി ഈശ്വരപ്രാർത്ഥന ചെയ്യാതേയും ഇരുന്നിട്ടില്ല. ഒരു ബ്രാഹ്മണനാൽ ദിവസം പ്രതിയും ചെയ്യപ്പെടേണ്ടതായ പൂജയെ താൻ ചെയ്തു. ഈ പൂജയ്ക്കായി തന്നെ ഉത്സാഹിപ്പിച്ചതു തന്റെ ഹൃദയത്തിൽനിന്നുണ്ടായ പ്രബലയായ ഒരു പ്രേരണയായിരുന്നു. അതിനാൽ ഈ പൂജയെ താൻ അനുഷ്ഠിച്ചതു, സ്വജാതിക്കാർ എല്ലാവരും അനുഷ്ഠിക്കുന്നതുകൊണ്ടു താനും അനുഷ്ഠിക്കേണ്ടതാണെന്നുള്ള സാധാരണ മര്യാദയെ അനുസരിച്ചുമല്ല; പ്രമാണത്തേയും തന്റെ ദൃഢമായ വിശ്വാസത്തേയും അനുസരിച്ചായിരുന്നു. വേദപരിജ്ഞാനമുള്ളവരെക്കുറിച്ചു തനിക്കു വളരെ ആദരവുണ്ടായിരുന്നു. ശാസ്ത്രങ്ങളേയും മറ്റു ദൈവികവിഷയങ്ങളായ ഗ്രന്ഥങ്ങളേയും അഭ്യസിക്കുന്ന കാര്യത്തിലുള്ള അഭിരുചിയെ ഉദ്ദീപിപ്പിക്കുന്നതിനായി താൻ ഒരു പാഠശാലയെ ഏർപ്പെടുത്തി സംരക്ഷിച്ചുവന്നിരുന്നുവെന്നുള്ളതു പ്രസ്താവനയാശ്യ

മായിരിക്കുന്നു. ഹിന്ദുമതത്താൽ നിർബ്ബന്ധിക്കപ്പെട്ടിട്ടുള്ള നാനാവിധങ്ങളായ വ്രതങ്ങളേയും കർമ്മങ്ങളേയും അനുഷ്ഠിക്കുന്നതിൽ താൻ അത്യന്തം നിഷ്ഠയുള്ളവനായിരുന്നു. ആ മതം അതിന്റെ നേരായും ശുദ്ധമായും ഉള്ള രീതിയിൽ അഭിവൃദ്ധിപ്പെടുകാണുന്നതിനു താൻ അത്യന്തം ആകാംക്ഷയുള്ളവനായിരുന്നു.

സർ ടി. മുത്തുസ്വാമിഅയ്യരുടെ പഠനപ്രസക്തിയെക്കുറിച്ചു മുമ്പു പ്രസ്താവിച്ചുവല്ലൊ. ഇദ്ദേഹത്തിനു പ്രിയം തോന്നിയിരുന്ന പുസ്തകങ്ങളിൽ ചിലതിനെ ഇവിടെ പഠനയോഗ്യം. ഷേക്സ്പീയർ തനിക്ക് അത്യന്തം പ്രിയമുള്ള ഗ്രന്ഥകർത്താക്കന്മാരിൽ ഒരുത്തനായിരുന്നു. താനും റായിബഹാദർ ടി. ഗോപാലരായരും ഒരുമിച്ചുകൂടുന്ന സമയങ്ങളിലൊക്കെയും ആ ഗ്രന്ഥകർത്താവിന്റെ നാടകങ്ങളിൽ ഒന്നിനെ രണ്ടാളുംകൂടി വായിക്കുകയും അതിൽ ചില ഭാഗങ്ങളുടെ അർത്ഥത്തെക്കുറിച്ചു പലപ്പോഴും തർക്കിക്കുകയും ചെയ്യുക പതിവായിരുന്നു. ചില സമയങ്ങളിൽ രണ്ടാളും തമ്മിൽ വളരെ ശഠിച്ചു തർക്കിക്കും. എന്നാൽ ഈ ചെറിയ തർക്കങ്ങൾ എല്ലാപ്പോഴും വളരെ ഉപദേശപ്രദങ്ങളായിരുന്നു. മിൽട്ടനെക്കുറിച്ചു തനിക്കു വിശേഷതാല്പര്യം ഉണ്ടായിരുന്നില്ല. ആധുനികകാലങ്ങളിലെ ഗദ്യഗ്രന്ഥകർത്താക്കന്മാരിൽ താൻ പലപ്പോഴും കാർലൈലിനേയും, എല്ലാപ്പോഴും ആല്ഫ്രിഡ് ഗോൾഡ്സ്മിത്തിനേയും, പുസ്തകങ്ങളെയാണു വായിച്ചതു്. ഒടുവിൽ പറഞ്ഞതു ഗ്രന്ഥകർത്താവു തന്റെ മുഖ്യപ്രേമപാത്രമായിരുന്നു. ആ ഗ്രന്ഥകർത്താവിന്റെ 'വിക്കർ ആഫ് വേക്ഫീൽഡ്' എന്ന പുസ്തകത്തെ താൻ ഒരു അമ്പതു പ്രാവശ്യത്തിൽ കുറയാതെ വായിച്ചിട്ടുണ്ടു്. ഗിബ്ബൺ മരിച്ചുപോയ രാജാ സർ മാധവരായരുടേയും, ആഡിസൺ ശേഷയ്യാശാസ്ത്രിയുടേയും, ഷെല്ലിയും ഷേക്സ്പീയറും റായിബഹാദർ ടി. ഗോപാലരായരുടേയും മുഖ്യപാഠങ്ങളായിരുന്നു എന്നു താൻ പറയുക പതിവായിരുന്നു. പരന്മാർക്ക് അസൂ

യ തോന്നത്തക്കവണ്ണം തനിക്കു സിദ്ധിച്ച വലിപ്പത്തിനൊ
ക്കേയും പ്രധാനകാരണം തൻറെ അത്ഭുതാവഹയായ ധാ
ണാശക്തിയായിരുന്നുവെന്നു പറയാവുന്നതാകുന്നു. ഓരോ
പുസ്തകങ്ങളെ പഠിക്കുന്നതിലും കേസുകളെ വിസ്തരിക്കുന്നതി
ലും തൻറെ ധാരണാശക്തി തന്നേ വളരെ സഹായിച്ചു.
എപ്പോഴെങ്കിലും കാര്യത്തിൽ വരുത്തുവാൻ വല്ല സംഗതിയേയും
മനസ്സിലാക്കി വെക്കേണമെന്നു തനിക്കു ആഗ്രഹം തോന്നു
ന്ന പക്ഷം, ആ ആഗ്രഹം നിമിത്തം ആ സംഗതിയെ മൂന്നു
പ്രാവശ്യം വായിക്കമാത്രമേ താൻ ചെയ്യേണ്ടതുണ്ടായിരുന്നു
ള്ളൂ. ഒരു കേസ്സു വിസ്തരിച്ചതിനു ശേഷം ആറു മാസം കഴി
ഞ്ഞാലും വിധിയെഴുതുന്നതിനു തനിക്കു കഴിയുമായിരുന്നു.
സർ ടി. മുത്തുസ്വാമിഅയ്യർ സ്കൂൾക്കുട്ടിയായിരുന്ന കാല
ത്തു ധാരണാശക്തിയെ അഭിവൃദ്ധിപ്പിക്കുന്നതു സ്കൂൾക്കുട്ടി
കൾ, സാധാരണ ശില്പവിദ്യകളിൽ ഒന്നിനെപ്പോലെ, പ്ര
ത്യേകമായി അഭ്യസിച്ച ഒരു വിഷയമായിരുന്നു. ഓരോ സ്കൂൾ
കുട്ടികളും ഓരോ പുസ്തകങ്ങളെ തിരഞ്ഞെടുത്തു് അവയെ
നോക്കാതെകണ്ടു മുഴുവനും എഴുതുവാൻ കഴിയത്തക്കവണ്ണം
ഹൃദിസ്ഥമാക്കി ചെയ്കു പതിവായിരുന്നു.

സർ ടി. മുത്തുസ്വാമിഅയ്യർ തൻറെ ബാല്യം മുതല്ക്കേ
വ്യവസായശീലവും, ക്ഷമയും, നല്ല നടത്തയും ഉള്ളവനാ
യിരുന്നു. തൻറെ സകല സ്നേഹിതന്മാരും മാസ്റ്റർമാരും ത
ന്നിൽ വളരെ വാത്സല്യം കാണിച്ചതിനാൽ, സ്കൂളിൽ പ
ഠിച്ച കാലത്തു താൻ സ്വാഭാവികമായി കുറച്ചു് അഹംഭാവ
മുള്ള ഒരു കുട്ടിയായിരുന്നു. എന്നാൽ ഉദ്യോഗസംബന്ധമാ
യ കൃത്യഭാരത്താലും, അധികമായ ജ്ഞാനസമ്പാദനത്താ
ലും പ്രായം അധികമാകുന്തോറും അധികമായി സിദ്ധിച്ച
പരിചയത്താലും, താൻ മേലധികാരികളെ ആദരിക്കുകയും
അനുസരിക്കുകയും, സമന്മാരെ സ്നേഹിക്കുകയും ഉപചരിക്ക
കയും, ചെറുപ്രായക്കാരെ ധൈര്യപ്പെടുത്തുകയും ഉപദേശി
ക്കുകയും ചെയ്യുന്നവനായി ഭവിച്ചു. തനിക്കു സിദ്ധിച്ച വ

ലിപ്പത്തിന്റെ പ്രധാനകാരണങ്ങൾ തന്റെ താഴ്മയും അനുസരണശീലവും ആയിരുന്നു. കണ്ണൽ ഹ്യൂഗീസ് ഫാലെറ് സായ്പ് ഫ്രഞ്ചുകാർ-ൽ മദ്രാസ് സർവ്വകലാശാലയിലെ സ്ഥാനപരീക്ഷാവിജയികളോട് ചെയ്ത പ്രസംഗത്തിൽ താഴെ പറയുംപ്രകാരം സൂചിപ്പിച്ചു പറഞ്ഞതു മറ്റാരെക്കുറിച്ചും ആയിരിക്കുവാൻ പാടില്ല: 'ഈ പട്ടണത്തിൽ നിങ്ങളുടെ സ്വന്തനാട്ടുകാരുടെ കൂട്ടത്തിൽ അത്യന്തം സാമർത്ഥ്യവും അത്യന്തം വ്യവസായശീലവും ഉള്ള ഒരുത്തൻ അത്യന്തം താഴ്മയുള്ളവനും ആയിരിക്കുമെന്നും, അങ്ങനെ അത്യന്തം താഴ്മയുള്ളവനായിരുന്നാലും ആ താഴ്മ ബഹുജനങ്ങൾ തന്നെ അത്യന്തം ഇഷ്ടപ്പെടുന്നതിനും അത്യന്തം ഉൽകൃഷ്ടമായ ഗവർമ്മേണ്ടുദ്യോഗം തനിക്കു ലഭിക്കുന്നതിനും, ബാധകമായിത്തീരുന്നതല്ലെന്നും, നിങ്ങൾക്കു പ്രത്യക്ഷബോധം വരുത്തുന്ന ഒരു ദൃഷ്ടാന്തമായി,— ഒരു പുരുഷൻ ജീവിച്ചിരിക്കുന്നുണ്ട്.' മുത്തുസ്വാമി അയ്യർ തന്റെ മേലധികാരികളുടെ ബഹുമതിക്കു പാത്രീഭവിച്ചതു തന്റെ സ്വഭാവസ്ഥൈര്യംകൊണ്ടും ആയിരുന്നു.

മുത്തുസ്വാമി അയ്യർക്കു പ്രകൃതിപദാർത്ഥങ്ങളെക്കുറിച്ചും ശില്പവിദ്യകളെക്കുറിച്ചും പ്രതിപത്തിയുണ്ടായിരുന്നു. സംഗീതത്തിൽ തനിക്കു അതിയായ ഭ്രമം ഉണ്ടായിരുന്നുവെന്നുള്ളതു ബാംബേ ഗവർണ്ണരായ റീയേപ്രഭു മദ്രാസ്സ് സന്ദർശിച്ച സമയം പബ്ലിക്കു പ്രസംഗത്തിൽവെച്ചു താൻ ചെയ്ത വിശേഷമായ പബ്ലിക്കു പ്രസംഗത്തിൽനിന്നു കാണാവുന്നതാകുന്നു. അതിനെ സൂചിപ്പിച്ചു. സർ. എം. ഈ ഗ്രാൻറ് ഡഫ് സായ്പ് താഴെ പറയുംപ്രകാരം പറഞ്ഞു:— "ഇക്കഴിഞ്ഞ എതാനും വർഷങ്ങൾക്കിടയിൽ എന്റെ ബഹുമാനപ്പെട്ട സ്നേഹിതന്റെ അനേകവിധങ്ങളായ സാമർത്ഥ്യങ്ങളെക്കുറിച്ചു് അത്ഭുതപ്പെടുന്നതിനു ധാരാളം കാരണം എനിക്കുണ്ടായിട്ടുണ്ടു്. എന്നാൽ മറെറല്ലാ ശില്പവിദ്യകളും അവസാനിക്കുന്നേടത്തു് ആരംഭിക്കുന്നതും, കൊത്തുപണി, ചിത്രമെഴുത്തു, കവിത, ഇവയിൽ ക്രമപ്രകാരം ഓരോന്നിനെക്കൊണ്ടു സാധിക്കാവുന്നതൊക്കെയും സാധിച്ചശേഷം

നമ്മുടെ ശ്രദ്ധയെ, ഈ ലോകത്തിൽ ഈ സ്ഥിതിയിൽ നാം ജീവിച്ചിരിക്കുമോ, എത്രത്തോളം ആകർഷിച്ചുകൊണ്ടുപോകുവാൻ കഴിയുമോ അത്രത്തോളം അതിനെ ആകർഷിച്ചുകൊണ്ടുപോകുന്നതും, ആയ ആ സംഗീതവിദ്യയിലും ഇദ്ദേഹം ഒരു പ്രാമാണികനാണെന്നു ഞാൻ ഇതുവരെ അറിഞ്ഞിരുന്നില്ല.'

തണ്ഡലം ഗോപാലരാവു.

തണ്ഡലം ഗോപാലരാവു ഫ്രഞ്ചുവാഴ്ചയിൽ കുംഭകോണത്തിനടുത്ത കാവേരിതീരത്തുള്ള ഗണപതി അഗ്രഹാരം എന്ന ഗ്രാമത്തിൽ ജനിച്ചു. ഇദ്ദേഹം പടിഞ്ഞാറെ ഇൻഡ്യയിൽനിന്നു പണ്ടു തഞ്ചാവൂർക്കു വന്നവരായ ചില മഹാരാഷ്ട്രാബ്രാഹ്മണരുടെ കൂടെ വന്ന ഒരു കുടുംബത്തിൽ ചേർന്ന ആളായിരുന്നു. രാമചന്ദ്രപണ്ഡിതൻ എന്നു വിളിക്കപ്പെട്ടവന്നിരുന്ന ഇദ്ദേഹത്തിന്റെ മുത്തച്ഛനായ തണ്ഡലം ജിവണ്ണ എന്ന ആൾ ആദ്യം തഞ്ചാവൂർ രാജാവിന്റെ കീഴിൽ ഒരു ഉദ്യോഗസ്ഥനായിട്ടും, പിന്നെ ഇംഗ്ലീഷുകാരുടെ കീഴിൽ ഒരു തഹസിൽദാരായിട്ടും പണി എടുത്തുകൊണ്ടിരുന്നു. രാമചന്ദ്രപണ്ഡിതരുടെ മകനും, ഗോപാലരായരുടെ അച്ഛനുമായ, രാഘവപണ്ടിത് എന്നു വിളിക്കപ്പെട്ടവന്നിരുന്ന ബാവപണ്ഡിതർ ഗണപതി അഗ്രഹാരത്തിൽ തഞ്ചാവൂർ രാജാവിന്റെ കീഴിലുണ്ടായിരുന്ന ഒരു റവന്യൂ കച്ചേരിയിൽ ആയിരുന്ന ഉദ്യോഗം. ഗോപാലരായർ ബാവപണ്ഡിതരുടെ അഞ്ചു കുട്ടികളിൽ രണ്ടാമൻ ഇളയവനായിരുന്നു. ബാവപണ്ഡിതർ, ഗോപാലരായരുടെ ജനനസ്ഥലമായ ഗണപതി അഗ്രഹാരത്തിൽ മൂന്നു സംവത്സരത്തോളം താമസിച്ചതിന്റെ ശേഷം, തിരുവടിയിലേക്കു കുടുംബസഹിതം മാറി താമസിച്ചു. രാജാ സർ. ടി. മാധവരായരുടെ അച്ഛൻ

നായ ദിവാൻ രങ്കറായർ ക്ഷണിച്ചതിനാൽ അവർ തിരുവടിയിൽനിന്നു തിരുവിതാംകൂറിലേക്കു പോകുകയും, ഉടനെ തന്നെ ബാവപണ്ഡിതരുടെ രണ്ടു പുത്രന്മാർക്ക് അവിടെ പണി കിട്ടുകയും ചെയ്തു. ബാവപണ്ഡിതർ അവിടെവെച്ചു മരിച്ചതിന്റെ ശേഷം, അദ്ദേഹത്തിന്റെ കുടുംബക്കാർ തഞ്ചാവൂർക്കുതന്നെ മടങ്ങി.

ഗോപാലരായരും ഇദ്ദേഹത്തിന്റെ ജ്യേഷ്ഠന്മാരും അവരുടെ അമ്മാൻ മറാട്ടിയും സംസ്കൃതവും നല്ലവണ്ണം പഠിപ്പിച്ചു. ഗോപാലരായർക്ക് ഇംഗ്ലീഷിൽ പ്രാഥമിക വിദ്യാഭ്യാസം സിദ്ധിച്ചതു 'ഇംഗ്ലീഷു' ദേവജിരായർ എന്നു വിളിക്കപ്പെട്ടവന്നിരുന്ന കരാളിൽ നിന്നായിരുന്നു. എന്നാൽ ഈ ഭാഷയിൽ ഇദ്ദേഹത്തിനു പിന്നീടുണ്ടായിരുന്ന പാണ്ഡിത്യം സിദ്ധിച്ചതു് ഇദ്ദേഹത്തിന്റെ സ്വന്ത പ്രയത്നങ്ങളെക്കൊണ്ടുതന്നെയാണു്. ഇദ്ദേഹം മരിക്കുന്നതിനു നാലു വർഷം മുമ്പു് ഇപ്രകാരം പറകയുണ്ടായി:— 'എന്റെ വിദ്യാഭ്യാസത്തിനു യാതൊരു പാഠശാലയും കാരണമായിരുന്നിട്ടില്ല. മുപ്പത്തഞ്ചു കാലത്തിനു മുമ്പിൽ ഗ്രാമങ്ങളിൽ സ്വകാര്യമായി പഠിക്കുന്നതിനാൽ കിട്ടാവുന്ന അത്യല്പമായ ഇംഗ്ലീഷു പരിജ്ഞാനത്തോടുകൂടിയ എന്നെ എന്റെ പതിനഞ്ചാമത്തെ വയസ്സുമുതൽ, വിദ്യ അഭ്യസിപ്പിക്കേണ്ട ചുമതല എനിക്കുതന്നെയായിരുന്നു. പാശ്ചാത്യസാഹിത്യത്തിനേയും ശാസ്ത്രങ്ങളേയും എത്രത്തോളം എനിക്കു പ്പോളുണ്ടോ, അതെല്ലാം എനിക്കു സിദ്ധിച്ചിട്ടുള്ളതു യാതൊരു സഹായവും കൂടാതെയാണു. എന്റെ ഗുരുനാഥന്മാർ പുസ്തകങ്ങൾതന്നെയായിരുന്നു.' പതിനേഴാമത്തെ വയസ്സിൽ തഞ്ചാവൂർ കലക്ടരുടെ ആപ്പീസ്സിൽ ഇദ്ദേഹത്തിനു് ഒരു ഉദ്യോഗം കിട്ടുകയും, രണ്ടു കൊല്ലത്തിനിടയിൽ സക്കാരു മരാമത്താപ്പീസ്സിലെ മാനേജരായി പണി കയറാം കിട്ടുകയും ചെയ്തു. ഇദ്ദേഹം ഈ പണി മുന്നോട്ടോളം നോക്കി. അതിനിടയ്ക്കു് ഇദ്ദേഹം ധൈര്യത്തോടുകൂടി സക

ല ദുർഗ്ഗങ്ങളേയും അനീതികളേയും എതിർത്തു ഗവർമ്മേണ്ടി
നെ പലരെ സഹായിച്ചു. പിന്നിട് ഒരു ഹൈക്കോടതി ജ
ഡ്ജിയായ അന്നത്തെ തഞ്ചാവൂർ കളക്ടർ, മിസ്റ്റർ.
ഹോളോവെ ഇദ്ദേഹത്തിന്റെ സാമർത്ഥ്യത്തോടും നന്ദി
യോടും കൂടി ചെയ്തിട്ടുള്ള പ്രവൃത്തികളെപ്പറ്റി വളരെ പ്ര
ശംസിച്ചിട്ടുണ്ട്. ഫൂർദ്ദ-ൽ, ഗോപാലരായർ കുംഭകോ
ണത്തു സർക്കാർ പാഠശാലയിൽ ഒരു അദ്ധ്യാപകന്റെ ജോ
ലി സ്വീകരിച്ചു. ഫൂർദ്ദേൽ മദിരാശി സർവ്വകലാശാല
എപ്പെട്ടത്തി ആ ആണ്ടുതന്നെ ഗോപാലരായർ മെട്രിക്യു
ലേഷൻ പരീക്ഷയിൽ വിജയിയായി. ഫൂർദ്ദൻ-ൽ ഇദ്ദേഹം
ബി. എ. പരീക്ഷയ്ക്കു പോവുകയും, അതിൽ ഒന്നാമനായി
ജയിക്കുകയും ചെയ്തു. ഇദ്ദേഹം മാത്രമേ ആ വർഷത്തിൽ
ഒന്നാംക്ലാസ്സിൽ ജയിച്ചിരുന്നുള്ളൂ. ഇദ്ദേഹത്തിന്റെ ഈ
ജയം അത്ഭുതകരമായിട്ടുള്ളതായിരുന്നു; എന്തുകൊണ്ടെ
ന്നാൽ, ഇദ്ദേഹം പ്രതിദിനം പള്ളിക്കൂടത്തിൽ ഏകദേശം
ആറു മണിക്കൂറോളം പണി എടുത്തുകൊണ്ടിരുന്ന ഒരു ആ
ളായിരുന്നു. ഗവർണ്ണർ ജനറാളുടെ നിയമനിർമ്മാണസഭ
യിൽ ഒരു സാമാജികനായിരുന്ന മിസ്റ്റർ ഫോർബ്സ് സാ
യ്പ് കത്തുകളിൽനിന്നു ഇപ്രകാരം ഇദ്ദേഹത്തിനു് എഴുതി
അയച്ചു.— "നിങ്ങൾ എനിക്കു നേരിട്ട് എഴുതിട്ടില്ലെങ്കിലും,
നിങ്ങൾതന്നെയാണ് ഇയ്യിടെ ബി. എ. പരീക്ഷയിൽ ജ
യിച്ചതു് എന്ന സംഗതിയിൽ എനിക്കു സംശയമില്ല. ഇ
തിനെപ്പറ്റി നിങ്ങളെ അഭിനന്ദിക്കുവാൻ മാത്രം സ്നേഹം
നിങ്ങളിൽ എനിക്കില്ലെന്നു വിചാരിക്കേണ്ട. ഈ ജയം
ശ്ലാഘിക്കത്തക്ക നിങ്ങളുടെ ബുദ്ധിപരിശ്രമങ്ങളുടെ ഫലം ത
ന്നെ. ഇനിയും യത്നിക്കുവാൻ ഇതു നിങ്ങളെ പ്രോത്സാ
ഹിപ്പിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു." മിസ്റ്റർ ഹോളോ
വേ ഇദ്ദേഹത്തിനു് ഇപ്രകാരം എഴുതുക പതിവായി. 'ഞാൻ
വളരെ കുറച്ചും എഴുതുന്നില്ല; എന്നാൽ നിങ്ങളുടെ ഈ ജയ
ത്തിൽ എത്രത്തോളം ഞാൻ സന്തോഷിക്കുന്നു എന്നും, നിങ്ങ

ളുടെ സുഖത്തിനും ശ്രേയസ്സിനും എത്രതന്നെ ഞാൻ ആഗ്രഹിക്കുന്നു എന്നും നിങ്ങളെ അറിയിക്കുവാനുള്ള എന്റെ ഈ ഗ്രഹം തട്ടിക്കൂട്ടിയതല്ല എന്നു മാത്രം ഞാൻ നിങ്ങളെ അറിയിക്കുന്നു.'

ഗോപാലരായർ തന്റെ ജീവിതശേഷത്തെ വിദ്യാഭ്യാസവിഷയത്തിൽതന്നെ കഴിച്ചുകൂട്ടി. അധികം കാലം കുംഭകോണവിദ്യാശാലയിലുണ്ടു ജോലിനോക്കിയതു്. ഈ വിദ്യാശാലയുടെ കിത്തിക്കു കാരണഭൂതന്മാർ മിസ്റ്റർ പോർട്ടരും ഗോപാലരായരും ആയിരുന്നു. തെക്കെ ഇൻഡ്യയിലെ ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്റെ മാർഗ്ഗോപദേശകനായ മിസ്റ്റർ പെയ്നൽ, ഗോപാലരായരുടെ പണി ആരാലും അതിശയിക്കപ്പെട്ടിട്ടില്ലെന്നു പറകയുണ്ടായി. ൧൮൬൦—മുതൽ ൧൮൬൨-വരെ ഗോപാലരായർ ഒരു പാഠശാലാ പരിശോധകനായിരുന്നു. ഒരു നാട്ടുകാരനു വിദ്യാവിഷയത്തെ സംബന്ധിച്ചു് ഇത്ര ചുമതലയുള്ള ഒരു ഉദ്യോഗം ആദ്യം കൊടുത്തതു് ഇദ്ദേഹത്തിനായിരുന്നു. ഈ കാലങ്ങളിൽ ഇദ്ദേഹം തന്റെ കൃത്യത്തെ സൂക്ഷ്മതയോടും ശുദ്ധമതിയോടും കൂടി നടത്തുകയും, തന്റെ കീഴിലുള്ള പള്ളിക്കൂടങ്ങളിലെ വിദ്യാഭ്യാസം സാരവത്താക്കിത്തീർക്കുന്നതിനു തന്നാൽ കഴിയുന്നേടത്തോളം ശ്രമിക്കുകയും ചെയ്തു. മദിരാശി ഗവർമ്മേണ്ടു് ഒരു നാട്ടുകാരനെ പാഠശാലാപരിശോധകനായി വെക്കുന്നതു കാര്യത്തിൽ ഇതാദ്യപ്രഥമമായി പരീക്ഷിച്ചുനോക്കി എന്നും, ആ പരീക്ഷ വളരെ സഫലമായി തീർന്നിരിക്കുന്നു എന്നും എഴുതിയിരിക്കുന്നു. ഇദ്ദേഹത്തിന്റെ അസാമാന്യമായ സമർത്ഥ്യം ഹേതുവായിട്ടു്, ഇദ്ദേഹത്തെ മദിരാശി സർവ്വകലാശാലയിലെ ഒരു സംമാജികനായി നിയമിച്ചു.

൧൮൬൨ മുതൽ ൧൮൭൫ വരെ, കുംഭകോണത്തെ പാഠശാല ഇദ്ദേഹത്തിന്റെ കീഴിലായിരുന്നു. മിസ്റ്റർ പോട്ടരുടെ കാലത്തുകൂടി ഈ വിദ്യാശാല ഇത്ര അഭിവൃദ്ധിയുള്ളതായിരുന്നില്ല. വിദ്യാഭ്യാസമേലധ്യക്ഷൻ ഗവർമ്മേണ്ടിലേ

ക്കുള്ള തന്റെ റിപ്പോർട്ടിൽ ഇപ്രകാരം അഭിപ്രായപ്പെട്ടിരിക്കുന്നു.— 'ഈ ദേശവിഭാഗത്തിലെ ഒരു പാഠശാലാദ്ധ്യക്ഷതയ്ക്കു ഒഴിവുണ്ടാകുമ്പോൾ, അതിലേക്കു തനിക്കു യോഗ്യതയുണ്ടെന്നു മിസ്റ്റർ ഗോപാലരായർ നല്ലവണ്ണം തെളിയിച്ചിട്ടുണ്ട്.' എന്നാൽ പള്ളിക്കൂടത്തിന്റെ അദ്ധ്യക്ഷനായി ഇദ്ദേഹത്തെ സ്ഥിരപ്പെടുത്തുവാൻ സംഗതി വന്നില്ല. പ്രവൃത്തിയിൽ ഇദ്ദേഹത്തെ പ്രെസിഡൻസി കോളേജിൽ ചരിത്രത്തിന്റെയും, അന്തശാസ്ത്രത്തിന്റെയും ഉപാദ്ധ്യായനാക്കി നിയമിച്ചു. ഇത്ര യോഗ്യനായ ഒരു പണ്ഡിതന് ഇങ്ങനെ ഉള്ള ഒരു ഉദ്യോഗം ഇത്രയധികം കൊടുക്കാതിരുന്നതുകൊണ്ടു നാട്ടുകാർക്കു വ്യസനമുണ്ടായിരുന്നു. ഇൻഡ്യാഗവർമെണ്ടു്, ഇദ്ദേഹത്തിന്റെ വിദ്യാവിഷയത്തെ സംബന്ധിച്ച പ്രവൃത്തികളെക്കൊണ്ടു്, ഇദ്ദേഹത്തിനു 'റായ് ബഹദൂർ' എന്ന സ്ഥാനപ്പേർ കൊടുത്തു.

ഗോപാലരായർ തന്റെ അവസാനകാലം പ്രെസിഡൻസി കോളേജിൽ ചരിത്രാദ്ധ്യാപകനായിട്ടാണു കഴിച്ചുകൂട്ടിയതു്. പ്രവൃത്തിയിൽ, മനസ്സിന്റെ അത്യായാസം ഹേതുവായിട്ടു്, ഇദ്ദേഹത്തിനു കലശലായി ഒരു പനി പിടിച്ചു. അതിൽപിന്നെ ഇദ്ദേഹത്തിനു തന്റെ ആദ്യത്തെ ശക്തി വീണ്ടും ലഭിച്ചില്ല. രണ്ടു സംവത്സരവും കൂടി അദ്ധ്യാപകനായി പണി എടുത്തതിന്റെ ശേഷം, തന്റെ ശരീരം ക്ഷീണിച്ചു വരുന്നതായി കണ്ടതിനാൽ, ആറു മാസത്തെ അവധി എടുത്തു കാലാവസ്ഥാവിത്യാസത്തിനായി കാംഭേകോണത്തേക്കു പോയി. നിർഭാഗ്യവശാൽ ഇദ്ദേഹത്തിനു പിന്നെ പണിയിൽ പ്രവേശിക്കുന്നതിനു തരമായില്ല. അധികം താമസിയാതെ ക്ഷീണം കലശലായതിനാൽ ഇദ്ദേഹത്തിനെ മദിരാശിക്കു തന്നെ കൊണ്ടുപോയി. പ്രവൃത്തമാണ്ടു മേയ്മാസം പ്രഥമനു്, ഇദ്ദേഹം പരലോകം പ്രാപിച്ചു.

ഇദ്ദേഹത്തിന്റെ മരണവർത്തമാനം എല്ലാവരാലും ഒരുപോലെ വ്യസനകരമായി വിചാരിക്കപ്പെട്ടു. പ്രെസിഡൻ

സി കോളേജ് സഭ 'ഇദ്ദേഹം ജനങ്ങൾക്കുവേണ്ടി ചെയ്ത അനവധം പ്രവൃത്തികളേയും ഇദ്ദേഹത്തിന്റെ നല്ല പ്രകൃതിഭയും കുറിച്ച് എഴുതീട്ടുണ്ട്. മദിരാശി സംസ്ഥാനത്തെ വിദ്യാഭ്യാസമേലധ്യക്ഷനായ ഡാക്ടർ ഡി. ഡങ്കൻ, ഇദ്ദേഹത്തിന്റെ മരണവർത്തമാനത്തെ ഗവർമ്മെണ്ടിനെ അറിയിച്ചപ്പോൾ, ഒരു അദ്ധ്യാപകന്റെ നിലയിൽ ഇദ്ദേഹം ചെയ്ത പ്രവൃത്തികളെപ്പറ്റി ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ഇദ്ദേഹം ഈ ഡിപ്പാർട്ടുമെണ്ടിൽ പ്രവേശിച്ചതിൽ ചേർന്നകയും, നാലു വർഷത്തോളം വണ്ണി എടുക്കുകയും ചെയ്തു. ഈ കാലത്തിനിടയ്ക്ക് ഇദ്ദേഹം ഗവർമ്മെണ്ടിനും ജനങ്ങൾക്കും വളരെ ഗുണകരങ്ങളായ ഉപകാരങ്ങളെ ചെയ്തിട്ടുണ്ട്. ഗോപാലരായർ ഒരു നല്ല ഗണിതശാസ്ത്രജ്ഞനായിരുന്നു എങ്കിലും, ഒരു വിദ്യാർത്ഥിയായിട്ടാണ് അധികം കേൾവിപ്പെട്ടിട്ടുള്ളത്. ഇംഗ്ലീഷ് വിദ്യോപദേഷ്ടാവിന്റെ നിലയിൽ, ഈ വിഷയത്തെ തന്നെ പഠിപ്പിച്ചിരുന്ന വളരെ യോഗ്യരായ ഇംഗ്ലീഷുകാരും കൂടി ഇദ്ദേഹത്തേക്കാൾ ഒട്ടും തന്നെ ഉപരിയായിരുന്നില്ല. പ്രെസിഡൻസി കോളേജിലും സവ്വകലാശാലയിലും വെച്ച് ഇദ്ദേഹത്തോട് നല്ലവണ്ണം പരിചയമാകുവാൻ എനിക്കു സംഗതിവന്നതുകൊണ്ട്, ഈ ഡിപ്പാർട്ടുമെണ്ടിനു് ഇദ്ദേഹത്തിന്റെ മരണത്താൽ വന്നിരിക്കുന്ന നഷ്ടം എത്രമാത്രമുണ്ടെന്ന് എനിക്കു നിർണ്ണയിക്കാറായിട്ടുണ്ട്.' ഈ മഹാൻ തന്നെ ഗോപാലരായരുടെ മൃത്തമകനു്, പ്രവൃത്തന മേയിൽ ഇപ്രകാരം എഴുതി: — "ഞാൻ ഇദ്ദേഹത്തെ വളരെ കാലമായിട്ടറിയും. ഇദ്ദേഹത്തിന്റെ ബുദ്ധിവിശിഷ്ടതകൊണ്ടും, സാത്വികഗുണങ്ങൾകൊണ്ടും ഇദ്ദേഹത്തെ ഞാൻ വളരെ ബഹുമാനിച്ചിരുന്നു. ഇയ്യിടെയായിട്ട പ്രെസിഡൻസി കോളേജിൽവെച്ച് ഇദ്ദേഹത്തിനോട് എനിക്കു നല്ലവണ്ണം പരിചയമാകുവാൻ സംഗതിവന്നു. ഇതുവരെ കഴിഞ്ഞ ഞങ്ങളുടെ പരസ്പരസംസർഗ്ഗത്തെ ആലോചിച്ചുനോക്കുമ്പോൾ, ഞാൻ മുക്കുള്ള പരസ്പരസ്നേഹത്തിനു വിരുദ്ധമായി

യാതൊരു സംഗതിയും ഇന്നോതിയ്യതിവരെ സംഭവിച്ചതായി ഞാൻ കാക്കുന്നില്ല. ഇദ്ദേഹം ഒരു അലങ്കാരമായിരുന്ന ആ ഡിപ്പാർട്ടുമേന്റിലെ സാമാന്യികന്മാർ നിങ്ങളോടുകൂടി വ്യസനിക്കുകയും, നിങ്ങളുടെ നഷ്ടം അവരുടേതും ആണെന്നു വിചാരിയ്ക്കുകയും ചെയ്യുന്നുണ്ട്.'

ഇദ്ദേഹത്തെ നല്ലവണ്ണം അറിഞ്ഞിരുന്ന മറെല്ലാവരുടെയും അഭിപ്രായവും ഇങ്ങനെ തന്നെ ആയിരുന്നു. രായ് ബഹദൂർ പി രങ്കനാഥമുതലിയാർ, ഗോപാലരായരുടെ മകന്നു് ഇങ്ങനെ എഴുതിയിരിക്കുന്നു: 'ഇദ്ദേഹത്തിന്റെ അകാലമരണംകൊണ്ടു തെക്കെ ഇൻഡ്യയിലെ നാട്ടുനാടായത്തിന്നു വന്നിരിക്കുന്ന നഷ്ടം നിങ്ങളുടെ അച്ഛന്റെ ഏറ്റവും അടുത്ത സ്നേഹിതന്മാരിൽ ആർക്കും എന്നപ്പോലെ അറിഞ്ഞുകൂടാ.' സർ ടി. മുത്തുസ്വാമിഅയ്യരുടെ അഭിപ്രായം തന്റെ നാട്ടുകാരിൽവെച്ചു ഗോപാലരായരേക്കാൾ അധികം തഞ്ചാവൂരിൽ പൊതുജനബഹുമാനത്തെ ആകർഷിച്ചവനൊ, വിദ്യാഭ്യാസവിഷയത്തിൽ ഇദ്ദേഹത്തേക്കാൾ അധികം യത്നിച്ചിട്ടുള്ളവനൊ ആയ യാതൊരുത്തനും ഉണ്ടായിരുന്നില്ലെന്നാണു്. ആ മഹാൻതന്നെ ഇങ്ങനെ പറഞ്ഞിട്ടുണ്ടു്. 'ആദ്യമായി ഞാൻ ഇദ്ദേഹത്തെ കണ്ടതു പ്രൊമോഷൻ-ൽ ആണു്. അന്നുമുതൽ ഇന്നോളം ഇദ്ദേഹത്തെ ഒരുപോലെ ബഹുമാനിക്കുകയും, ഇദ്ദേഹത്തിന്റെ ഗുണങ്ങളെ വിസ്മയത്തോടുകൂടി വിചാരിക്കുകയും ചെയ്തിട്ടുണ്ടു്. മുപ്പതുകൊല്ലമായി നല്ലവണ്ണം അഭ്യസിപ്പിച്ചുപോന്ന തന്റെ വിശിഷ്ടമായ മനസ്സിന്നും, പള്ളിക്കൂടങ്ങളുടേയും മറ്റും സഹായം കൂടാതെ തന്റെ പരിശ്രമത്താൽ തന്നെ സമ്പാദിച്ച വിദ്യാലാഭത്തിന്നും പുറമെ, ഇദ്ദേഹത്തിന്നു ഒരു നിർമ്മലസ്വഭാവവും, തന്റെ കൃത്യനിർവ്വഹണത്തിൽ നല്ല പ്രസക്തിയും കൂടി ഉണ്ടായിരുന്നു. പല പ്രകാരത്തിലും, യോഗ്യന്മാരായ വിദ്യാർത്ഥികൾക്കു് ഒരു ശ്രേഷ്ഠമായ ദൃഷ്ടാന്തമായിട്ടാണു് ഞാൻ ഇദ്ദേഹത്തെ വിചാരിച്ചിരുന്നതു്. ഇദ്ദേഹം കാര

കോണത്തു് അദ്ദേഹം മിസ്റ്റർ. ചോർട്ടന്റെ സഹായകനായിട്ടും പിന്നീടു് അയാളുടെ അനുഗാമിയായിട്ടും ഇരുന്ന കാലത്തെ ജീവചരിത്രം എല്ലാവർക്കും നല്ലവണ്ണം അറിയാമല്ലൊ. അതു തഞ്ചാവൂരിലെ സാഹിബിയകാര്യസചരിത്രത്തിന്റെ ഒരു ഭാഗമാകുന്നു. ആ ചരിത്രത്തിൽ ഇദ്ദേഹം ഒരു ഉന്നതസ്ഥിതിയെ അവലംബിച്ചിരിക്കുന്നു. ഇദ്ദേഹം കുറേക്കൂടെ ജീവിച്ചിരിപ്പാൻ ഈശ്വരൻ സംഗതി വരുത്തിയിരുന്നു എങ്കിൽ, തന്റെ ഇടപോലെ നമ്മുടെ ശാസ്ത്രസമൂഹത്തെ ഒന്നുകൂടി ഉയർത്തുന്നതിന്നു വല്ലതും ചെയ്യുമെന്നു വിചാരിക്കുന്നതിന്നു് എനിക്കു കാരണങ്ങളുണ്ടു്. തഞ്ചാവൂർ നിവാസികൾ ഇദ്ദേഹത്തിന്റെ അകാലമരണത്താൽ തങ്ങളുടെ ഏറ്റവും പ്രീതിപാത്രമായ ഒരു അലങ്കാരം നഷ്ടം വന്നവരായി ഭവിച്ചിരിക്കുന്നു; വിദ്യാർത്ഥികൾ സ്വകാര്യനിലയിലും ഉദ്യോഗനിലയിലും ബുദ്ധിചാതുര്യത്തിന്റെയും യോഗ്യതയുടേയും മൂർത്തിമത്തായ ഒരു ഉദാഹരണം തങ്ങൾക്കു വിയുക്തന്മാരായിരിക്കുന്നു. ഇദ്ദേഹത്തിന്റെ ശിഷ്യന്മാർക്കു മെസ്സർസ് പവലിനേയും, പോട്ടേരേയും വിസ്മരിപ്പിച്ച ഒരു അദ്ധ്യാപകനും ഇല്ലാതെയായിരിക്കുന്നു.' മദിരാശി ക്രിസ്ത്യൻ കോളേജിലെ അദ്ധ്യക്ഷനും, വിശ്രുതനും ആയ ബഹുമാനപ്പെട്ട ഡാക്ടർ മില്ലർ ഗോപാലറാവുയുടെ മരണത്തെ പറ്റി ആ കോളേജ് മാസികയിൽ ഇപ്രകാരം എഴുതിയിട്ടുണ്ടു്: 'നാട്ടുസമുദായങ്ങളാലും അതിൽവെച്ചു പ്രത്യേകിച്ചു് ഇതുവരെ ഇൻഡ്യക്കുണ്ടായിട്ടുള്ള ഉല്കൃഷ്ടത്തിൽനിന്നും ഉണ്ടാകുവാൻ ഇരിക്കുന്നതിനെ ദൃഷ്ടിവെച്ചു നോക്കുന്നവരാലും യഥാർത്ഥമായും ബഹുമാനിക്കപ്പെട്ടുപോരുന്ന ഇദ്ദേഹം കുറെ കാലം നമ്മുടെ ഇടയിൽനിന്നു പോയതുകൊണ്ടു ഞങ്ങളും മറുള്ളവരോടുകൂടി വ്യസനിക്കുന്നു. തെക്കെ ഇൻഡ്യയിൽ ഉയർന്ന സ്ഥിതിയെ പ്രാപിച്ചിട്ടുള്ള നാട്ടുകാരിൽവെച്ചു, നാട്ടുകാരേയും യൂറോപ്യന്മാരേയും ഒരുപോലെ വിചാരിക്കുന്നതിൽ ഇദ്ദേഹത്തെപ്പോലെയുള്ളവർ ചുരുക്കമാണെന്നും പറയുന്നതുകൊണ്ടു കിത്തിയെ വഹിക്കുന്ന മറു നാമധേയങ്ങൾക്കെല്ലാ

ഘവമെന്നും വരുവാനുണ്ടെന്നു തോന്നുന്നില്ല. ഭാവിയായ വംശത്തെ സംസ്കരിപ്പിക്കുന്നതിനു് ഇയ്യിടെ മരിച്ചുപോയ ഇദ്ദേഹത്തെപ്പോലെ യത്നിച്ചിട്ടുള്ളവർ വളരെ ചുരുക്കംതന്നെയാണു്. തന്റെ ജോലിയിൽ സ്ഥിരോത്സാഹിയായും, ആത്മാഭിമാനിയല്ലാതേയും യശസ്കാമനല്ലാതേയും ഉള്ള ഗോപാലരായ്ക്കു്, ഇദ്ദേഹത്തെക്കാൾ കീർത്തിപ്പെട്ടവരായ പലരേക്കാളും അധികം സഹനസാമർത്ഥ്യവും ദൃഢമായ ജനസ്വാധീനമഹിമയും ഉണ്ടായിരുന്നു. ഒരു പരീക്ഷകന്റെ നിലയിലും സർവ്വകലാശാലയിലെ സാമാജികന്റെ നിലയിലും, പാഠശാലാപരിശോധകന്റെ നിലയിലും, ഒരു ഉദ്യോഗസ്ഥന്റെ നിലയിലും തന്റെ ജോലിയെ കഴിയുന്നത്ര നല്ലവണ്ണം നിർവ്വഹിച്ചു തന്റെ മുറയെ ചെയ്യുന്നതായിരുന്നു ഇദ്ദേഹത്തിനു സകല കാര്യങ്ങളിലും വെച്ചു് ഏറ്റവും പ്രധാനമായിരുന്നതു്. ഏതു സംഗതിയിലും തന്റെ മനസ്സാക്ഷിയെ അനുസരിച്ചു പ്രവർത്തിക്കേണമെന്നായിരുന്നു ഇദ്ദേഹം നിശ്ചയിക്കിയിരുന്നതു്. ജനസമ്മതിന്റെ ചേതോവികാരത്തേയും കാലോചിതപക്ഷക്കാരുടെ ഉദ്യോഗത്തേയും ഇദ്ദേഹം അധികം വിലവെച്ചില്ല. താൻ തിരഞ്ഞെടുത്തമാർഗ്ഗം തനിക്കു ശരിയാണെന്നു തോന്നിയാൽ, തന്നെ സംബന്ധിച്ചേടത്തോളം ജനങ്ങൾക്കു പ്രീതിതോന്നിയാലും അപ്രീതിതോന്നിയാലും ഇദ്ദേഹം ഒന്നിനെ വകവെച്ചിരുന്നില്ല. ഇദ്ദേഹത്തെപ്പറ്റി പറയേണ്ടതായ മറ്റു പലതും ഉണ്ടെങ്കിലും, മേല്പറഞ്ഞ സംഗതികളാൽ ഇദ്ദേഹത്തിന്റെ ഉദാഹരണത്തെ തെക്കെ ഇൻഡ്യയിലെ വിനീതന്മാരായ ജനങ്ങൾ അനുസരിക്കുന്നതിലധികം അത്യാവശ്യമായ സംഗതി ഇപ്പോൾ വേറെ ഒന്നും ഉണ്ടെന്നു തോന്നുന്നില്ല. ഞാൻ തെറ്റിദ്ധരിക്കുന്നില്ലെങ്കിൽ, ഉത്തമബുദ്ധിമാനും സത്യസന്ധനും ആയ കാര്യക്കാർക്കു് ഇഹലോകത്തിൽ ഇതിലധികം ഉന്നതസ്ഥിതിയും കീർത്തിയും സിദ്ധിക്കുകയില്ലെന്നു ഗോപാലരായരുടെ ചില ഇംഗ്ലീഷുകാർ വിചാരിച്ചേക്കാം. എന്നാൽ

ഈ അഭിപ്രായത്തോടുകൂടി ഞങ്ങൾ യോജിക്കുന്നില്ല. അവ്യാകുലമായി ഒഴുകുന്ന നദിയാണു തന്റെ തീരങ്ങളെ നല്ല വണ്ണം ഫലവത്താക്കിത്തീർക്കുന്നതു്. ഇദ്ദേഹത്തിന്റെ ശിഷ്യന്മാരിൽ ചിലരെങ്കിലും തങ്ങളുടെ മരിച്ചുപോയ ഗുരുനാഥനുണ്ടായിരുന്ന സ്വകൃത്യനിർവ്വഹണതല്പരതയേയും, നിസ്സാരമായ സംഗതികളിൽകൂടി കാണിച്ച ബുദ്ധിശൈഥില്യത്തേയും, എല്ലാ വിഷയങ്ങളേയും നല്ലവണ്ണം ആലോചിച്ചു വേണ്ടവിധം തിരുമാനിക്കുവാനുള്ള ബുദ്ധിശക്തിയേയും മേലാൽ കാണിക്കുമെങ്കിൽ ഇദ്ദേഹത്തിന്റെ ജീവിതം സഫലമായിത്തീരുകയും ദേശാന്തരങ്ങളിൽകൂടി കേൾവിപ്പെട്ടവരായ പലരുടെ നാമധേയങ്ങളേക്കാളും ഇദ്ദേഹത്തിന്റെ പേർ അധികംബഹുമാനിക്കപ്പെടത്തക്കതായിത്തീരുകയുംചെയ്യും. ഇദ്ദേഹം അധികംകാലം കഴിച്ചുകൂട്ടിയ നഗരത്തിൽ ഇദ്ദേഹത്തിന്റെ കമ്മട്ടയെ സ്ഥിരീകരിക്കുന്നതിനുവേണ്ടി ചില ഏർപ്പാടുകൾ ചെയ്യുന്നുണ്ടെന്നു കേൾക്കുന്നതിൽ ഞങ്ങൾ വളരെ സന്തോഷിക്കുന്നു. ഇതു വേണ്ടതുതന്നെ; എന്നാൽ ഇദ്ദേഹത്തിന്റെ ശിഷ്യന്മാർ, ഇദ്ദേഹത്തിന്റെ ജീവിതത്തെ ഉന്നതപഥത്തിലേക്കു പ്രോത്സാഹിപ്പിച്ച സാത്വികഗുണങ്ങളെ അനുകരിച്ചു്, അവരുടെ കീഴിൽ വരുന്നവരെ ആ ഗുണങ്ങൾക്കു് അധിനന്മാരാക്കിത്തീർക്കുന്നതായിരുന്നാൽ അതുകൊണ്ടു് അധികം ഉൽകൃഷ്ടമായും അധികം നിലനില്ക്കുന്നതായും ഉള്ള ഒരു സ്മാരകം സ്ഥാപിക്കപ്പെട്ടും.

ഇദ്ദേഹത്തിന്റെ ഒരു വിജയിയായ ശിഷ്യൻ കുംഭകോണത്തുവെച്ചു ചെയ്ത പ്രസംഗത്തിൽ ഗോപാലരായരെപ്പറ്റി ഇപ്രകാരം പറയുകയുണ്ടായി: 'ഒരു ഗുരുനാഥന്റെ നിലയിൽ ഇദ്ദേഹം സംപൂർണ്ണനായിരുന്നു. ഇദ്ദേഹത്തിന്റെ എല്ലാ പ്രവൃത്തികളും വാക്കുകളും നിർവ്യാജങ്ങളായിരുന്നു. ഇദ്ദേഹം പാഠപുസ്തകങ്ങൾക്കു പുറമെ, മറ്റു പല ഗ്രന്ഥങ്ങളിലെ സംഗതികളേയും പഠിപ്പിച്ചു. ഇതിന്റെ പരമാർത്ഥമായുള്ള ഗുണത്തെ മറക്കുവാൻ കഴിയുന്നതല്ല. രോമാഞ്ചജനകങ്ങളായ ഉപന്യാസങ്ങളേയും, രസകരങ്ങളായ കഥകളേയും ഉ

ജ്ജിതാശ്രയങ്ങളായ വൃത്താന്തങ്ങളേയും, യോഗ്യന്മാരായ പണ്ഡിതന്മാരുടെ വചനങ്ങളേയും, ഇദ്ദേഹം കൂടക്കൂടെ പറഞ്ഞുതരാറുണ്ട്. ചിലപ്പോൾ ലോകത്തിൽവെച്ച് ഏറവും ബുദ്ധിമാനായിരുന്ന അരിസ്റ്റോട്ടലിനെ പറഞ്ഞിയും, പിന്നെ ചിലപ്പോൾ ഷെല്ലിയെ പറഞ്ഞിയും, മറെറാരിക്കൽ കവിയും തത്വജ്ഞാനിയും ആയ വേർഡ്സ്വർത്തിനെക്കുറിച്ചും, പിന്നെ പോസ്കൽ എന്ന മഹാന്റെ ബുദ്ധിചാതുര്യത്തെ പറഞ്ഞിയും, മറു ചിലപ്പോൾ ഗ്രീസിലും റോമിലും ഉണ്ടായിരുന്ന വിദ്വാന്മാരെക്കുറിച്ചും സംസാരിക്കും. ചിലപ്പോൾ മദിരാശി സർവ്വകലാശാലയിലുണ്ടായിരുന്ന യോഗ്യന്മാരായ പിസേഷാദ്രി, സഞ്ജീവറാവു, സുബ്രഹ്മണ്യയ്യർ, രങ്കനാഥൻ മുതലായവരെപ്പററി പറയുകയും, തന്റെ ശിഷ്യന്മാരോട് അവരെ അനുകരിക്കുവാൻ ഉപദേശിക്കുകയും ചെയ്യും. ഇദ്ദേഹം ഞങ്ങൾക്ക് ഉന്നതിവരുവാൻ ഉതകുന്നതായ സകല മാർഗ്ഗങ്ങളേയും ഉപദേശിക്കാറുണ്ട്. ഒരു പക്ഷി അഭിനവ സംജാതപക്ഷങ്ങളോടുകൂടിയ തന്റെ കുഞ്ഞിനെ ആകാശത്തിൽ പറപ്പിക്കുന്നതിന്ന് അത്യുത്സാഹത്തോടുകൂടി ശ്രമിക്കുന്നതുപോലെ, അദ്ദേഹം എല്ലാ കൌശലങ്ങളേയും പരീക്ഷിക്കുകയും, മന്ദങ്ങളായ സകലവിലംബങ്ങളേയും നിന്ദിക്കുകയും അധികം ജ്ഞാനപ്രകാശമുള്ള വിഷയങ്ങളിലേക്ക് ആകർഷിക്കുകയും അവകളിലേക്കുള്ള മാർഗ്ഗങ്ങളെ കാട്ടിക്കൊടുക്കുകയും ചെയ്യും.

ചെറുപ്പം മുതൽക്കുതന്നെ ഗോപാലരായക്ക് ചിത്രമെഴുത്തിൽ താല്പര്യമുണ്ടായിരുന്നു. അച്ഛന്റെ അടുക്കൽ നിന്നു തനിക്കു കിട്ടിയ മറാട്ടിഭാഷാനൈപുണ്യം ഇദ്ദേഹത്തിന്റെ മരണംവരെ നിലനിന്നു. ആദ്യകാലങ്ങളിൽ ഇദ്ദേഹം മറാട്ടിഭാഷയിൽ ഉണ്ടാക്കിയ കവിതകളെല്ലാം ഇപ്പോൾ നശിച്ചുപോയിരിക്കുന്നു. ഇദ്ദേഹം ഒരു ഉപദേഷ്ടാവായിരുന്ന കാലത്തു് ചിലരോ ഇംഗ്ലീഷ്കവികളാൽ ഉണ്ടാക്കപ്പെട്ട പുസ്തകങ്ങളിൽനിന്നു് ചിലരോ ഭാഗങ്ങളെ ചൊല്ലി ശിഷ്യരെ രസിപ്പിച്ചിരുന്ന മാതിരിതന്നെ, സംസ്കൃതത്തി

ലും മറാട്ടിയിലും ഉള്ള അനേക കവിതകളെ ചൊല്ലി ഇ
ദ്ദേഹം തന്റെ കുടുംബക്കാരേയും രസിപ്പിച്ചിരുന്നു. ഇദ്ദേ
ഹത്തിന്നു സംഗീതത്തിൽ നല്ല വാസനയുണ്ടായിരുന്നു. ഇ
ദ്ദേഹത്തിന്നു് ഇഷ്ടമുള്ള ഇംഗ്ലീഷ് കവികളെപ്പറ്റിയും, പ്ര
ത്യേകിച്ചു ഷെല്ലിയെപ്പറ്റിയും ഇദ്ദേഹം സംസാരിക്കുന്നതു
കേൾക്കുന്നതു് ഒരു വിനോദംതന്നെയായിരുന്നു. ഇദ്ദേഹം
ഒരു വാചാലനായിരുന്നില്ലെങ്കിലും, ഇദ്ദേഹത്തിന്റെ സം
വാദങ്ങൾ ശ്രോതാക്കളുടെ ഹൃദയങ്ങളെ ആകർഷിക്കുന്നവ
കളും ബോധാവഹങ്ങളും ആയിരുന്നു. മിസ്റ്റർ പോർട്ടർ
ആയാളുടെ ഒരു ഇഷ്ടരുള്ള എഴുത്തിൽ പറഞ്ഞിരിക്കുന്നതു
പോലെ, 'ഗോപാലരായർ തന്റെ നാട്ടുകാരെ സംവാദ
ങ്ങളേക്കൊണ്ടു, ശരിയായ വിദ്യാഭ്യാസം ചെയ്യിക്കുന്നതുപോ
ലെതന്നെ, പഠിപ്പിച്ച തന്റെ ജീവിതത്തെ കഴിച്ചുകൂട്ടി.'
ഇദ്ദേഹം ഇംഗ്ലീഷ് ഭാഷയെ ഉത്തമമായും, നിർമ്മലമായും
സ്പഷ്ടമായും ഉച്ചരിച്ചിരുന്നു. ചിലപ്പോൾ ഇതിൽ താൻ കാ
ണിച്ചിരുന്ന വാഗ്വൈഭവം ശ്രോതാക്കന്മാരെ വളരെ
ശ്രദ്ധയുള്ളവരാക്കിത്തീർത്തിരുന്നു. ഇദ്ദേഹത്തിന്റെ ബു
ദ്ധി എല്ലാ സമയത്തും വിമലമായിട്ടുള്ളതായിരുന്നു. ഇ
ദ്ദേഹം പറയുന്നതെല്ലാം നല്ല ആലോചനാപൂർവ്വവും
ന്യായാനുസൃതവുമായിരുന്നു. ഇദ്ദേഹം തനിക്കു പരിച
യമുള്ളവരായ എല്ലാവരിൽനിന്നും കാരോ സംഗതികളെ
പഠിച്ചു; തന്റെ അഭിപ്രായങ്ങളെ മറുള്ളവരിൽ കഠി
ക്കലും ബലാൽക്കാരേണ പ്രവേശിപ്പിച്ചിരുന്നില്ല. ജീവാ
വസാനംവരെ ഇദ്ദേഹം ഒരു വിദ്യാർത്ഥിയായി തന്നെയി
രുന്നു.

ഗോപാലരായരുടെ ബുദ്ധിചാതുര്യം നിസ്സാരമായിട്ടു
ള്ളതല്ലായിരുന്നു. ഇദ്ദേഹത്തിന്റെ പേരിനെ എല്ലാവരും
ബഹുമാനിച്ചതിന്നും ശ്ലാഘിച്ചതിന്നുമുള്ള കാരണം, ഇദ്ദേ
ഹത്തിന്റെ നിർമ്മലമായ സ്വഭാവമഹിമയായിരുന്നു. 'ഗോ
പാലരായർ' എന്ന പേർ തന്നെ കുംഭകോണത്തും ഇദ്ദേഹ
ത്തിന്റെ ശിഷ്യന്മാർത്താടികളുടെ ഇടയിലും, ന്യായമായും, സ

രളമായും, നിവ്വ്യാജമായും ഉള്ള എല്ലാത്തിന്റേയും ഒരു പ
വ്വായമായിത്തീന്നിരിക്കുന്നു. ചിലരോ കൃത്യങ്ങളെ ചെയ്യുവാനു
ള്ള വിചാരംകൊണ്ടു ചിലപ്പോൾ മറുള്ളവരുടെ തെറുകു
കളെ ഇദ്ദേഹം ക്ഷമിച്ചിരുന്നില്ല. അതു കാരണം, ചില
പ്പോൾ ഇദ്ദേഹം ഒരു കോപിഷ്ഠനും ഭയങ്കരനുമായിട്ടുള്ള ആളും
ആണെന്നു മറുള്ളവർക്കു തോന്നിപ്പോയിരുന്നു. എന്നാൽ
സാധാരണയായി ഇദ്ദേഹത്തിന്റെ ഔദാര്യത്തോടും പ്രസ
ന്നതയോടും കൂടിയ സ്വഭാവം, ഇദ്ദേഹത്തെ അവരുടെ മാർഗ്ഗ
ദർശിയായിട്ടും, തത്പോപദേഷ്ടാവായിട്ടും, ഇഷ്ടനായിട്ടും വി
ചാരിച്ചുപോന്നവരെ ആകർഷിച്ചു.

ഗോപാലരായർ നവീനസമ്പ്രദായത്തിൽ ഒരു സാമൂ
ഹ്യപരിഷ്കാരപ്രിയനായിരുന്നില്ല. ഈ സംഗതിയെ പ
റ്റിയുള്ള ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഇവിടെ എടു
ത്തു പറയത്തക്കവയാണ്. ഇദ്ദേഹത്തിനു് അത്യാവശ്യമാ
യി തോന്നിയ പരിഷ്കാരങ്ങൾ താഴെ പറയുന്നവകളാകുന്നു:
സ്ത്രീകളുടെ വിദ്യാഭ്യാസം; ശൈശവവിവാഹംനിൎത്തൽ
ചെയ്യൽ; നിർബ്ബന്ധമായുള്ള വൈധവ്യത്തെ ഇല്ലാതെ ആ
ക്കൽ; ഒരേ ജാതിയിലുള്ള ആളുകളെത്തന്നെ ഭേദഗതിയോ
ടുകൂടി വിചാരിക്കുന്നതും, ശാസ്ത്രരഹിതമല്ലാത്തതും ആയ
വ്യത്യാസങ്ങളെ ഇല്ലാതെ ആക്കൽ.' ഇതിൽവെച്ചു് ഏറ
വും നാശകരമായിട്ടുള്ളതു ശൈശവവിവാഹമാണെന്നായി
രുന്നു ഇദ്ദേഹത്തിന്റെ അഭിപ്രായം. അതു ഹിന്ദുസമുദാ
യത്തിന്റെ നാശമൂലവും, അതിനു സർവ്വദുഃഖകരമായിട്ടു
ള്ളതും ആകുന്നു. ഇതു പ്രത്യക്ഷത്തിൽ ഹിന്ദുക്കളെ ക്ഷയി
പ്പിക്കുന്നു; അതിൽവെച്ചു, ബ്രാഹ്മണരുടെ ഇടയിൽ ഇ
തിനധികം പ്രചാരമുള്ളതുകൊണ്ടു് അവരെയാണു വളരെ
ക്ഷയിപ്പിക്കുന്നതു്. അവരവരുടെ മാതാപിതാക്കന്മാരെ
പ്പോലെ പൊക്കമുള്ളവരും ശക്തിയുള്ളവരും ആയ സ്ത്രീപു
രുഷന്മാരെ ഇവരുടെ ഇടയിൽ അധികം കാണുക ഇല്ല. ഇ
ക്കാലത്തുള്ള ബ്രാഹ്മണർക്കു വളരെ തേജസ്സില്ല. അവരിൽ
അധികം ആളുകൾക്കു മനസ്സുകൊണ്ടും ദേഹംകൊണ്ടും

പ്രബലമായി പ്രവൃത്തി ചെയ്യുന്നതിന്നും കഴിയുന്നില്ല. കൃ
ത്രിമകാലത്തെ പഠിപ്പുകൊണ്ട് അവരുടെ ദേഹം ക്ഷയിച്ചു
പോകുന്നു. വളരെ ആളുകൾ കാലേ മരിച്ചുപോകുന്നു. പ
തിനാറും പതിനേഴും വയസ്സിലുള്ള ആൺകുട്ടികളും; പന്ത്ര
ണ്ടും പതിമൂന്നും വയസ്സിലുള്ള പെൺകുട്ടികളും. പരിപക്വ
മായ സന്താനത്തെ ഉൽപാദിപ്പിക്കുന്നതിനു ത്രാണിയുള്ള
വരല്ലെന്നു് അറിയുവാൻ ദേഹശാസ്ത്രജ്ഞന്റെ വചിയ പരി
ജ്ഞാനമൊന്നും വേണ്ടല്ലൊ. കൃഷിക്കാരൻ, താൻ വിത
യ്ക്കുവാൻ പോകുന്ന വിത്തു നല്ലവണ്ണം മൂത്തതായിരിപ്പാനും
വിതയ്ക്കുന്നതിനു മുമ്പു ഭൂമി നല്ലവണ്ണം ഉഴുത, വളമിട്ടതാ
യിരിപ്പാനും, ദൃഷ്ടി വെക്കുന്നു. അതിബുദ്ധിമാന്മാരും, പ്ര
ത്യുല്പന്നമതികളും ആയ ഇക്കാലത്തുള്ള ഹിന്ദുക്കൾ ഈ
സംബന്ധം മനുഷ്യദേഹത്തോടും യോജിക്കുമെന്നു മനസ്സി
ലാക്കുന്നില്ല.' നിർബ്ബന്ധമായി വിധവയാക്കിയിരുത്തുന്നതു
നിസ്സംശയം വളരെ പാപത്തേയും അറിച്ചുതയേയും സം
വിപ്പിക്കുന്നതാണു്; അനേകരുടെയായ അംഗങ്ങളിൽ ഉണ്ടാ
ക്കിത്തീർക്കുന്നതായ ഈ ദുരിതങ്ങളെപ്പോലുള്ളതും അവരെ ഈ
പാപത്തിലേക്കു് ആകർഷിക്കുന്നതും ആയ സമുദായത്തിലെ
ക്രൂരകൃത്യം, ശൈശവത്തിൽതന്നെ വിധവയാക്കിപ്പോകു
ന്നതു മിക്ക സംഗതികളിലും ശൈശവവിവാഹത്തിന്റെ
ഫലമാണെന്നു നാം കാണ്കുന്നതായിരുന്നാൽ, അത്യന്തം കു
റിനമായിത്തീരുന്നു. ശൈശവവിവാഹകാര്യത്തിൽ ഭാഗ്യാ
ഭിത്താക്കന്മാർ ഒരുവിധത്തിലും ഉത്തരവാദികളല്ലെന്നു് ആ
യാമല്ലൊ' എന്നാണു് അദ്ദേഹം വിചാരിച്ചിരുന്നതു്.

രംഗനാഥമുതലിയാർ.

രംഗനാഥമുതലിയാർ ഫ്രഞ്ച്-ൾ മദിരാശിയിൽ ജനിച്ചു. ഇദ്ദേഹം ഒരു ആയ്കുലത്തിൽ ജനിച്ചവനായിരുന്നു. ഒരുമാതിരി ഇംഗ്ലീഷ് പരിജ്ഞാനമുണ്ടായിരുന്ന ഇദ്ദേഹത്തിന്റെ അച്ഛൻ സുബ്ബരായമുതലിയാർ കുറേകാ

ലം കൃഷിയുടെ ആവശ്യത്തിനു തോടുകൾ കുഴിച്ചിരുന്ന ക
രു കമ്പനിയുടെ അദ്ധ്യക്ഷനായിരുന്നു. ഇദ്ദേഹം ഇംഗ്ലീഷ്
വിദ്യാഭ്യാസത്തിന്റെ ഗുണങ്ങളെ നല്ലവണ്ണം അറിഞ്ഞിരു
ന്നതിനാൽ, ചെറുപ്പത്തിൽതന്നെ അപൂർവ്വബുദ്ധിശക്തി
യെ കാണിച്ചിരുന്ന രംഗനാഥനെ വീട്ടിൽ ഇരുത്തി നല്ലവ
ണ്ണം വിദ്യാഭ്യാസം ചെയ്യിപ്പിച്ചു. രംഗനാഥൻ കുട്ടിയായി
രിക്കുമ്പോൾ, അദ്ദേഹത്തിന്റെ അച്ഛനെ അവനാശിയി
ലേക്കു മദിരാശി തിവഭിക്കമ്പനിയിൽ പ്രധാന എഴുത്തു
കാരനായി മാറി. ഇദ്ദേഹം അവിടെ വളരെക്കാലം ഉറു
ന്നില്ല. ഒരു ദിവസം രാത്രി കള്ളന്മാർ ഇദ്ദേഹത്തിന്റെ
ചെറിയ ഗൃഹത്തെ ആക്രമിച്ചു അവിടെ ഉണ്ടായിരുന്ന സം
ധനങ്ങളെ കവർന്നുകൊണ്ടുപോയതിനാൽ, പിറ്റെ ദിവസം
രാവിലെ തന്നെ ഇദ്ദേഹം മദിരാശിക്കു തിരിച്ചു പോന്നു, അ
വിടെ താമസം തുടങ്ങി.

രംഗനാഥനെ വീട്ടിൽവെച്ചു വിദ്യ അഭ്യസിപ്പിക്കേണ്ട
സംഗതിയിൽ ഇദ്ദേഹത്തിന്റെ അച്ഛൻ വളരെ ശ്രദ്ധവെ
ച്ചു. ഇദ്ദേഹത്തിനു വീട്ടിൽവെച്ചു സിദ്ധിച്ച ഇംഗ്ലീഷ് വി
ദ്യാഭ്യാസം വളരെ നല്ല മാതിരിയിലായിരിക്കുവാൻ സംഗ
തിയില്ലെങ്കിലും, ഇദ്ദേഹത്തിനുണ്ടായിരുന്ന തമിഴ് ഭാഷ
യിലുള്ള പ്രീതിക്കു കാരണം, തന്റെ പ്രിയപിതാവിന്റെ
അദ്ധ്യക്ഷതയിൻകീഴിൽ വീട്ടിൽവെച്ചു കിട്ടിയ വിദ്യാഭ്യാ
സമാണെന്നുള്ളതിലേക്കു സംശയമില്ല. രംഗനാഥനു ഏക
ദേശം പ്രായമായപ്പോൾ ഇദ്ദേഹത്തെ പച്ചയ്യപ്പാസ് ഹൈ
സ്കൂളിൽ മൂന്നാംക്ലാസ്സിൽ ചേർത്തു. ഇവിടെ ഇദ്ദേഹത്തി
ന്റെ ഗുരുനാഥൻ പിന്നീടു കുറെ കൈക്കോടതി വക്കീലാ
യി വന്ന പാർത്ഥസാരഥി അയ്യങ്കാരായിരുന്നു. അന്നത്തെ
മൂന്നാംക്ലാസ്സ് ഇപ്പോഴത്തെ ഫാലാം ഫോറത്തിനോടു തുല്യ
മായിരുന്നു. ഈ പ്രസിഡൻസിയിലെ വിശ്രുതന്മാരായ വി
ദ്യാവിഷയപ്രവർത്തകന്മാരിൽ ഒരുവനായ ബേസിൽ ലവറി
യുടെ കീഴിലായിരുന്ന ഈ പാഠശാലയിൽ വളരെ ഫിന്തു

ക്കുണ്ടായിരുന്നു. ഇതിലെ എല്ലാ ക്ലാസ്സിലും ഉണ്ടായിരുന്ന കുട്ടികളേയും പ്രത്യേകം പ്രത്യേകം ദൃഷ്ടിവെച്ചിരുന്ന പാഠശാലാദ്ധ്യക്ഷൻ രംഗനാഥന്റെ അനിതരസാധാരണങ്ങളായ വൈഭവങ്ങളെ അറിഞ്ഞു. മൂന്നാംക്ലാസ്സിൽ വെച്ചു രങ്കനാഥന് മറുവടി തുപ വിദ്യാനൈപുണ്യസൂചകമായി കൊല്ലന്തോറും കൊടുക്കപ്പെട്ടിരുന്നു. കൊല്ലാവസാനത്തിലെ പരീക്ഷയിൽ വളരെ നല്ലവണ്ണം ജയിച്ചതിനാൽ പിറെറ കൊല്ലം ഇദ്ദേഹത്തിനു മെട്രിക്കുലേഷൻ ക്ലാസ്സിലേക്കു കയറാം കിട്ടി. ഈ ക്ലാസ്സിൽ രംഗനാഥൻ ലവറിയുടെ കീഴിൽ തന്നെയായിരുന്നതുകൊണ്ടു, പഠിത്തത്തിൽ അധികം ശ്രദ്ധവെക്കുകയും, കണക്കിലും ഇംഗ്ലീഷിലും പാണ്ഡിത്യത്തിനു രാജാ സർ. ടി.മാധവരായരാൽ ഏർപ്പെടുത്തപ്പെട്ട സമ്മാനവും, വേറെ പല സമ്മാനങ്ങളും രംഗനാഥനു കിട്ടുകയും ചെയ്തു. ഇദ്ദേഹം പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തുണ്ടായ കരു സംഭവം മരണാവധി നിലനിന്നു ഇദ്ദേഹത്തിന്റെ സ്ഥൈര്യം, ധൈര്യം, സ്വാതന്ത്ര്യം ഇവയെ നല്ലവണ്ണം തെളിയിക്കുന്നുണ്ട്. കരിക്കൽ സ്ത്രീകളുടെ വിദ്യാഭ്യാസത്തെ പററി എഴുതുന്ന പ്രബന്ധങ്ങളിൽ ഏറവും നല്ലതിന്നു കരു സമ്മാനം നിശ്ചയിച്ചു. രംഗനാഥനും കരു കൂപ്പരാമശാസ്ത്രിയും അവരുടെ പ്രബന്ധങ്ങളെ പരീക്ഷകന്മാർക്കു് അയച്ചിരുന്നു. പരീക്ഷകന്മാർക്കു് ഇവരുടെ രണ്ടുപേരുടെയും ഏണ വളരെ നല്ലതായി തോന്നിയതു്. അപ്പോൾ ഇവരുടെ പ്രബന്ധങ്ങളെ മെയിൻ സയ്യിനയും നോർട്ടൻസായ്പിനേയും കാണിച്ചു. കാരോരുത്തർ കാരോരുത്തരുടെ പ്രബന്ധങ്ങളെ പുരസ്കരിച്ചു. പിന്നെ ഇവയെ ജഡ്ജിയായിരുന്ന ഫോളോവയ്യരെ കൊടുത്തു. അദ്ദേഹം രംഗനാഥനനുകൂലമായിട്ടാണു നിർണ്ണയിച്ചതു്. എന്നാൽ എന്തൊ കരു തെറുകൊണ്ടു സമ്മാനം മറേറാരാൾക്കു കൊടുക്കപ്പെട്ടു. ഈ തീപ്പു രംഗനാഥനു തൃപ്തികരമല്ലാതെയിരുന്നതിനാൽ, ഇതിനെ ന്യായമായി തീർച്ചയാക്കിപ്പിക്കുന്നതിനു തന്നാൽ കഴിയുന്നേടത്തോളം ശ്രമിപ്പാൻ തീർച്ചയാ

ക്കി. അന്നത്തെ ഗവണ്മെന്റായ ഫാരിസ് പ്രഭുവിന്റെ ആധിപത്യത്തിൽ നടന്ന ആ പാഠശാലയിലെ ഒരു സഭയിൽവെച്ചു രംഗനാഥൻ ഗവണ്മെന്റുടെ അടുക്കൽനിന്നുതന്നെ ന്യായമായ തീപ്പു സിദ്ധിക്കുവാൻ വേണ്ടി താൻ ഇരുന്നിരുന്ന സ്ഥലത്തുനിന്നെഴുന്നിറു. അപ്പോൾ ഗ്രന്ഥനാഥന്മാർക്കു് ഇദ്ദേഹത്തിന്റെ ഉദ്ദേശങ്ങളെ മനസ്സിലായതിനാൽ വളരെ പ്രയാസത്തോടുകൂടി അവർ ഇദ്ദേഹത്തെ ഒരുവിധം സമാധാനപ്പെടുത്തി.

ഫ്രഞ്ചുഭാഷയിൽ രംഗനാഥൻ പ്രസിഡൻസിയിൽ ഒന്നാമനായി മെട്രിക്കുലേഷൻ പരീക്ഷയിൽ ജയിച്ചു. ആ സംവത്സരം തന്നെ ഇദ്ദേഹം പച്ചപ്പാസ് കോളേജിലെ അധികാരികളുടെ അടുക്കൽനിന്നു് ഒരു ശമ്പളത്തോടുകൂടി പ്രസിഡൻസി കോളേജിൽ ചേർന്നു. ഇവിടെ പഠിക്കുന്ന കാലത്തു് ഇദ്ദേഹത്തിന്റെ ജീവിതം ആദ്യത്തേക്കാൾ അധികം പ്രശോഭിതമായിരുന്നു. ഇദ്ദേഹം ചേർന്നപ്പോൾ ആ മഹാപാഠശാലയുടെ അദ്ധ്യക്ഷനും, ഇംഗ്ലീഷ് ഭാഷയുടെ അദ്ധ്യാപകനും ആയ മിസ്റ്റർ എഡ്മൺഡ് തോംസന്റെ കീഴിൽ ആ പള്ളിക്കൂടം അഭിവൃദ്ധിയെ പ്രാപിക്കുവാൻ തുടങ്ങിയിരുന്നു. ഇവിടെ ഇദ്ദേഹംവളരെ യോഗ്യരായവീസോൾഡ്, സ്നെൽ, നെവിൻസ് മുതലായവരെയും കൂടി അതിശയിച്ചു. ഇദ്ദേഹം സ്വയമേവ അതിശയിക്കത്തക്ക [illegible] മഹാനായിരുന്നു. കണക്കിലും, ഇംഗ്ലീഷിലും, തത്വശാസ്ത്രത്തിലും, തമിഴിലും ഇദ്ദേഹത്തെക്കാൾ യോഗ്യനായ യാതൊരു വിദ്യാർത്ഥിയും അവിടെ ഉണ്ടായിരുന്നില്ല. തോംസനും, അദ്ദേഹത്തിന്റെ കൂടെയുള്ള മറ്റു അദ്ധ്യാപകന്മാരും പ്രകൃത്യാ ബുദ്ധിമാനായ ഇദ്ദേഹത്തിന്റെ ബുദ്ധിശക്തികൾ വിടരുന്നതു ശ്രദ്ധയോടുകൂടി സൂക്ഷിച്ചുകൊണ്ടിരുന്നു. രംഗനാഥൻ കണക്കാണ പ്രത്യേകിച്ചു പഠിച്ചിരുന്നതെങ്കിലും, ഇംഗ്ലീഷ് കാരായ അദ്ധ്യാപകന്മാരോടു സമമായി ഇദ്ദേഹത്തിനു് ഇംഗ്ലീഷിലും പാണ്ഡിത്യം സിദ്ധിച്ചു. ഇദ്ദേഹം യോഗ്യരായ ഇംഗ്ലീഷുകാരെപ്പോലെ ആ ഭാഷ സംസാരിക്കുകയും അതിൽ എഴുതുകയും

യും ചെയ്തിരുന്നു. തിരുവിതാംകൂർ തമ്പുരാനായ സർ. രാമവർമ്മ, ഫ്രഞ്ചുഭാഷയിൽ, ബി. എ. പരീക്ഷയിൽ, ഒന്നാംക്ലാസ്സിൽ ഒന്നാമനായി ജയിക്കുന്ന വിദ്യാർത്ഥിക്കു സമ്മാനംകൊണ്ടു് ഒരു മുദ്ര കൊടുപ്പാൻവേണ്ടി മദിരാശി സർവ്വകലാശാലയിലേയ്ക്കു മുന്നൂറു രൂപ അയച്ചുകൊടുത്തു. ഫ്രഞ്ചുഭാഷയും, ഫ്രഞ്ചുസാഹിത്യവും ആരും ഒന്നാം ക്ലാസ്സിൽ ജയിക്കാഞ്ഞതുകൊണ്ടു് ഈ മുദ്ര ആർക്കും കിട്ടിയില്ല. എന്നാൽ ഫ്രഞ്ചുഭാഷയിൽ അതു രംഗനാഥനു കിട്ടി. ആ ആണ്ടുതന്നെ മിസ്റ്റർ ജോൺ ബ്രൂസ്സ് നോർട്ടൻ പച്ചയ്യപ്പാസ്സ് കോളേജിൽ ഒരു പ്രസംഗത്തിൽ രംഗനാഥനെ ഇപ്രകാരം പ്രശംസിച്ചു: "ബി. എ. പരീക്ഷയ്ക്കു ഫസ്റ്റ് ക്ലാസ്സ് ജയിച്ചതിൽ രണ്ടു പേരുടെ വിദ്യാഭ്യാസം ഇവിടെയാണു തുടങ്ങിയതു്; ഇവരിൽ വെച്ചു പി. രംഗനാഥമുതലിയാരാണു് ഒന്നാമൻ. ഇദ്ദേഹം വലിയൊരു പരീക്ഷയിൽ ശ്ലാഘ്യമായ വിധത്തിൽ ജയിച്ചിരിക്കുന്നു; സർ രാമവർമ്മ തിരുമനസ്സുകൊണ്ടു് ഏർപ്പെടുത്തിയ സ്വർണ്ണമുദ്ര ഇദ്ദേഹത്തിനാണു കിട്ടിയതു്. കാലക്രമേണ ഇദ്ദേഹം യോഗ്യനായിത്തീരുമെന്നു വിശ്വാസയോഗ്യരായ ആളുകൾ പറയുന്നുണ്ടു്." തോംസൺ ഇദ്ദേഹത്തിൽ വളരെ പ്രീതി തോന്നിയതിനാൽ, ബി എ. പരീക്ഷയിൽ ജയിച്ച ഉടനെ ഇദ്ദേഹത്തെ തന്റെ വിദ്യാലയത്തിൽ ഒരു അദ്ധ്യാപകനായി നിയമിച്ചു.

ഈ ഉദ്യോഗകാര്യത്തിൽ, വിദ്യാവിഷയത്തിൽ യത്നിക്കുന്നവരും യൂറോപ്യന്മാരും ആയ തന്റെ ഇഷ്ടന്മാരാൽ രംഗനാഥൻ പ്രേരിക്കപ്പെട്ടതുകൂടാതെ, തനിക്കു, മറ്റുള്ളവർക്കു് ഇതുകൊണ്ടു വളരെ ഉപകാരം ചെയ്യുവാൻ സംഗതി വരുമെന്നു് ഇദ്ദേഹത്തിനുതന്നെ ബോദ്ധ്യമുണ്ടായിരുന്നു; ആയതുകൊണ്ടു്, മറ്റു പല ഉദ്യോഗങ്ങളും ഇദ്ദേഹത്തിനു കൊടുക്കാമെന്നു വലിയവർ പലരും പറഞ്ഞു എങ്കിലും, ഒരു ഉപദേഷ്ടാവിന്റെ നിലയിൽതന്നെ മരണംവരെ കഴിച്ചുകൂട്ടുവാൻ ഇദ്ദേഹം തീർച്ചയാക്കി. മദിരാശി ഗവർമ്മേണ്ടു് ഇദ്ദേഹത്തിന്റെ പ്രവൃത്തികളെ സാവധാനത്തിൽ മാത്രമേ ഗ്ര

യിച്ചുള്ളൂ എങ്കിലും, ഇദ്ദേഹത്തിന്റെ സാമർത്ഥ്യത്തേയും വിദ്യാവിഷയത്തിൽ ചേർന്ന ഒരു ഉദ്യോഗസ്ഥന്റെ നിലയിൽ പലപ്രകാരത്തിലും ചെയ്ത വിശിഷ്ടങ്ങളായ സഹായങ്ങളേയും വർണ്ണിക്കാതെ ഇരുന്നില്ല. പ്രസിഡൻസികോളേജിൽ ഗണിതശാസ്ത്രാധ്യാപകനായിട്ടു സ്ഥിരപ്പെടുത്തുന്നതിനു മുമ്പിൽ, ഈ നാ കൊല്ലത്തോളം ഇദ്ദേഹത്തിന്നു് ഓരോ നിലയിൽ അദ്ധ്യാപകനായി ഇരിക്കേണ്ടിവന്നു.

ഫ്രവ്വെൽ രംഗനാഥമുതലിയാർ മദിരാശി സർവ്വകലാശാലയിലെ ഒരു അംഗമായി നിയമിക്കപ്പെട്ടു. ആ സഭയിലെ എല്ലാ കാര്യവിചാരങ്ങളിലും ഇദ്ദേഹം നല്ലവണ്ണം ശ്രദ്ധവെച്ചിരുന്നു. സർവ്വകലാശാലയെ സംബന്ധിച്ച എല്ലാ കാര്യങ്ങളിലും രംഗനാഥമുതലിയാരുടെ അഭിപ്രായത്തെപ്പോലെ, ഇൻഡ്യയിൽ വേറെ ആരുടേയും അഭിപ്രായത്തെ ബഹുമാനിച്ചിരുന്നില്ല. ആ സഭയിലും ഇദ്ദേഹം തന്റെ വശീകരണശക്തിയെ പ്രകടപ്പിച്ചു. ഈ ശക്തിയെ പ്രത്യേകിച്ചു് ഓരോരുത്തർക്കോ, ഓരോ ഭാഗക്കാർക്കോ വേണ്ടിയല്ല, എന്നാൽ പൊതുജനങ്ങളുടെ ക്ഷേമത്തിന്നു വേണ്ടിയാണു് ഉപയോഗിച്ചതു്. ഒരു സാമാജികന്റെ നിലയിൽ ഇദ്ദേഹത്തെ കൂടാതെ വിദ്യാവിഷയസംബന്ധമായ യാതൊരു നിവ്വാഹസംഘവും ഏർപ്പെടുത്തപ്പെട്ടിട്ടില്ല. ഫ്രവ്വൻറ്റ്. ൽ ഇദ്ദേഹത്തെ ഗവർമ്മേണ്ടിലെ തമിഴ് ഭാഷാന്തരകാരനായും, ഫ്രവ്വൻറ്റ്. ൽ മദിരാശിയിലെ ഷെരിഫ്ഫായും നിയമിച്ചു. ഇദ്ദേഹം ഒരു നാട്ടുകാരന്റെ നിലയിലും ജനങ്ങൾക്കുവേണ്ടി വളരെ ഉപകാരങ്ങളെ ചെയ്തിട്ടുണ്ടു്. വിദ്യാവിഷയങ്ങളിൽ നാട്ടുകാരുടെ അഭിപ്രായങ്ങളെ അറിയേണ്ടതിന്നു ഗവർമ്മേണ്ടിൽനിന്നു് ഇദ്ദേഹത്തോടാണു സാധാരണ ചോദിച്ചിരുന്നതു്. മദിരാശി മുൻസിപ്പാലിട്ടിയെ സംബന്ധിച്ച കാര്യങ്ങളിലും ഇദ്ദേഹം വളരെ പരിശ്രമിച്ചു. കോസ്മോപ്പൊളിറ്റൻ ക്ലബ്ബിൽ സാമാജികന്മാർക്കു സന്തോഷത്തിനു കാരണം ഇദ്ദേഹത്തിന്റെ വശ്യവാക്കുകളായിരുന്നു. മദിരാശി സർവ്വകലാശാലയിൽ ഫ്രവ്വൻറ്റ്. ൽ ഇദ്ദേഹം ചെയ്ത പ്ര

സംഗം ഗാംഭീര്യംകൊണ്ടും ഭാഷാലാവണ്യംകൊണ്ടും അദ്വിതീയമായിരുന്നു. യൂറോപ്യന്മാരും ഇൻഡ്യാനിവാസികളും ഇതിനെ വളരെ പ്രശംസിച്ചു പറഞ്ഞു. 'ന്യൂ ഇൻഡ്യാ' എന്ന പുസ്തകത്തിന്റെ കർത്താവായ മിസ്റ്റർ കാട്ടൻ ഇതിനെ വായിച്ചതിന്റെ ശേഷം, ഈ പ്രസംഗത്തെ വളരെ പ്രശംസിച്ചു രംഗനാഥമുതലിയാർക്ക് എഴുതിട്ടുണ്ട്.

രംഗനാഥൻ നാട്ടുസമുദായത്തിന്റെ ഒരു അലങ്കാരമായിരുന്നു. അത്യായാസം ഹേതുവായി ഇദ്ദേഹം കുറെ ദിവസം പനിപിടിച്ചു കിടക്കുകയും ഫ്യൂർസ്സാമാണ്ടു്, ഡിസമ്പർ ഫാഷനും മരിക്കുകയും ചെയ്തു. ഈ യൂറോപ്യന്മാർക്കും ഇൻഡ്യാനിവാസികൾക്കും വളരെ വ്യസനകരമായ ഒരു സംഗതിയായിരുന്നു. മരിക്കുന്നതിനു മുമ്പു നാലു ദിവസംമുമ്പുവരെ ഇദ്ദേഹം പള്ളിക്കൂടത്തിൽ പൊയ്ക്കൊണ്ടിരുന്നു. ഇദ്ദേഹത്തിന്റെ അകാലമരണം പ്രസിഡൻസി കോളേജിലേക്കു ഒരു വലിയ നഷ്ടം തന്നെയായിരുന്നു. ഇദ്ദേഹത്തിന്റെ ഒരു ഇച്ഛനായ ഡാക്ടർ ഡങ്കൻ ഇദ്ദേഹത്തിന്റെ മൃത്യു പുത്രന്നയച്ച കത്തിൽ ഇദ്ദേഹത്തിന്റെ ശുദ്ധമായും സാത്വികമായും ഉള്ള സ്വഭാവഗുണത്തെയും പ്രശോഭനമായ ബുദ്ധിവൈഭവത്തെയും, രാജഭക്തിയെയും പ്രശംസിച്ചിട്ടുണ്ട്.

ഡാക്ടർ മില്ലർ ഇദ്ദേഹം വിദ്യാവിഷയയോഗത്തിലെ ഒരു സാമാജികന്റെ നിലയിൽ ചെയ്ത പ്രവൃത്തികളെ ഇപ്രകാരം വർണ്ണിച്ചിരിക്കുന്നു. 'ഒരു സംഗതിയുടെ ഒരു ഭാഗത്തെപ്പറ്റി മാത്രം സംസാരിക്കുവാൻ കഴിയുന്നവരായ പലരും നമ്മുടെ ഇടയിലുണ്ടെങ്കിലും, ന്യായാധിപതിയുടെ നിലയിൽ ഒരു കാര്യത്തിന്റെ എല്ലാ ഭാഗങ്ങളെയും വിചാരിച്ചു ന്യായമായി തീർച്ചയാക്കുവാൻ കഴിയുന്നവർ വളരെ ചുരുക്കം തന്നെ; എന്നാൽ രംഗനാഥൻ മേല്പറഞ്ഞ വൈഭവമുള്ള ഒരു മഹാനായിരുന്നു. ഈ യോഗത്തിൽ ഓരോ ഭാഗത്തെപ്പറ്റി വളരെ പറഞ്ഞിട്ടുള്ളതും, സ്വീകാരയോഗ്യമായി തീർന്നിട്ടുള്ളതും ആയ പല സംഗതികളും തിരുത്തപ്പെട്ടതുമാ

നണ്ടായിരുന്നു എങ്കിലും, ഇദ്ദേഹം ഇവയേ കട്ടംതന്നെ വകവെച്ചില്ല. ഇദ്ദേഹത്തിന്റെ അഭിപ്രായങ്ങളെല്ലാം നിഷ്പക്ഷപാതിയായ ഒരു ന്യായധിപതിയുടെ അഭിപ്രായങ്ങളേപ്പോലെയുള്ളവയായിരുന്നു. ഈ യോഗത്തിൽ വിദ്വാന്മാരും, വളരെ പ്രായംസമുള്ളവയും ആയ പല സംഗതികളും തിർച്ചയാക്കുവാനുണ്ടായിരുന്നു എങ്കിലും, ഈ നിയോഗത്തിന്റെ തീർപ്പുകളുടെ അതിശയിക്കത്തക്ക ഐകമത്യത്തിനു് ഇദ്ദേഹത്തിന്റെ പരിശ്രമങ്ങൾ തന്നെയാണു് അധികം കാരണമായിത്തിന്നിട്ടുള്ളതു്. ഈ യോഗത്തിൽ യോഗ്യരായ വളരെ ആളുകളുണ്ടായിരുന്നു എങ്കിലും, ശാന്തിയോടും സ്ഥിരതയോടും ഇതിലേക്കുവേണ്ടി ഇദ്ദേഹത്തെപ്പോലെ ആരും തന്നെ യത്നിച്ചിട്ടുണ്ടെന്നു തോന്നുന്നില്ല.

രംഗനാഥമുതലിയാർ ഒരു ഹൈന്ദവനായിരുന്നു എങ്കിലും, മനുഷ്യരുടേയും അവരുടെ പ്രവൃത്തികളുടേയും ഗുണദോഷങ്ങളെ പക്ഷപാതം കൂടാതെ അറിയുന്ന കാലത്തിന്റെ നിലയിലാണു്, മില്ലർ ഇദ്ദേഹത്തെ ബഹുമാനിച്ചിരുന്നതു്. സർ ടി. മുത്തുസ്വാമി അയ്യരുടെ അഭിപ്രായത്തിൽ ഇദ്ദേഹം ഏറ്റവും വിശിഷ്ടഗുണങ്ങളോടുകൂടിയ ഒരുദ്യോഗസ്ഥനും, പൊതുജനങ്ങൾക്കും വിദ്യാവിഷയത്തിനും വേണ്ടി അത്യൽകൃഷ്ടങ്ങളായ വളരെ ഉപകാരങ്ങളെ ചെയ്തിട്ടുള്ളവനും, നന്നാമതായി തന്റെ കൃത്യങ്ങളിലും പിന്നെ അദ്ധ്യയനവിഷയത്തിലും അത്ഭുതകരമായ പ്രസക്തിയോടുകൂടിയവനും, ആയിരുന്നു. വിദ്വാന്മാരായ ഹിന്ദുക്കളുടെ സമുദായത്തിൽ ഇദ്ദേഹത്തിനു പ്രാധാന്യം സിദ്ധിച്ചതിനു, തന്റെ പരിശ്രമത്തെക്കാൾ ബുദ്ധിവൈഭവമാണു കാരണമായിരുന്നതു്. ഇദ്ദേഹത്തിന്റെ ബുദ്ധിവിലാസത്തിൽ എല്ലാവരും വിസ്മയിച്ചിരുന്നു. ഇദ്ദേഹം ഒരു വാചാലനായിരുന്നില്ലെങ്കിലും, വൈഭവത്തോടും ഭംഗിയോടും കൂടി എളുപ്പത്തിൽ സംസാരിക്കുന്ന കാരണമായിരുന്നു. ഇദ്ദേഹത്തിനു് ഇംഗ്ലീഷ്, തമിഴ് എന്നീ ഭാഷാസാഹിത്യങ്ങളിൽ വളരെ പ്രീതിയുണ്ടായിരുന്നു. ഇംഗ്ലീഷ് ഗ്രന്ഥകർത്താക്കന്മാ

രിൽവെച്ചു ഷേക്സ്പിയർ, ലസ്ലി സ്റ്റിഫൻ, റസ്കിൻ, മാർലി മുതലായവർ ഇദ്ദേഹത്തിന്റെ പ്രത്യക പ്രീതിക്കു പാത്രങ്ങളായിരുന്നു. രാമായണത്തിൽനിന്നു കാരോ ഭാഗങ്ങളെ ഇഷ്ടന്മാക്ക് പറഞ്ഞുകൊടുക്കുന്നതു രംഗനാഥമുതലിയാക്ക് വളരെ രസകരമായിട്ടുള്ളതായിരുന്നു. ഇപ്പോഴുള്ള വിദ്യാർത്ഥികൾ അവരവരുടെ സ്വന്തഭാഷകളിൽ ശ്രദ്ധവെക്കാത്തതു വളരെ ശോചനീയമായിട്ടാണു് ഇദ്ദേഹം വിചാരിച്ചിരുന്നതു്.

രംഗനാഥമുതലിയാർ എല്ലാംകൊണ്ടും ഒരു ശ്രീമാനായിരുന്നു. വിനീതനും കരുണാശാലിയും ധർമ്മിഷ്ഠനും ആയ ഈ മഹാൻ സാധുക്കളായും അർഹിക്കുന്നവരായും ഉള്ളവരെ സഹായിച്ചിരുന്നു. എന്നാൽ ഇതെല്ലാം മറ്റുള്ളവരുടെ അറിവോടുകൂടിയല്ലാ ചെയ്തതു്. മറ്റുള്ളവരുടെ ഗുണങ്ങളേയും ബുദ്ധിസാമർത്ഥ്യത്തേയും പറഞ്ഞു ഇദ്ദേഹം കൂടക്കൂടെ പ്രശംസിച്ചിരുന്നു. മിസ്റ്റർ ടിലാങ്ങ്, സർ ടി. മുത്തുസ്വാമി അയ്യർ മുതലായവരെ ഇദ്ദേഹം വളരെ ബഹുമാനത്തോടുകൂടിയാണു വിചാരിച്ചിരുന്നതു്. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ബുദ്ധിവിശാലതയെ സംബന്ധിച്ചേടത്തോളം മുത്തുസ്വാമിഅയ്യരോളം യോഗ്യനായി ഇൻഡ്യയിൽ ആരും തന്നെ ഉണ്ടായിരുന്നില്ല എന്നായിരുന്നു.

രംഗനാഥമുതലിയാരുടെ സ്വന്തകൃതിയായിട്ടു തമിഴിൽ 'കവികലണ്ഡകം' എന്നൊരു കവിതയല്ലാതെ വേറൊരു കാണുന്നില്ല. ഇദ്ദേഹം സമുദായപരിഷ്കരണത്തെക്കുറിച്ചു തനിക്കുള്ള അഭിപ്രായം, ഒരു പ്രസംഗത്തിൽ ഇങ്ങനെ പറഞ്ഞിരിക്കുന്നു. ജനസാമാന്യത്തേയും നിങ്ങളോടുകൂടി ഉദ്ധരിപ്പിക്കുന്നതു നിങ്ങളുടെ കൃത്യമാണെന്നുള്ളതിനെ ആരും മറന്നുപോകരുതു്. അതുകൊണ്ടു ചില പരിഷ്കാരങ്ങളെ സ്വീകരിക്കുവാൻ പഠിപ്പുള്ളവരായ ചിലർ യോഗ്യരായിരുന്നാലും പൊതുജനങ്ങൾക്കു വേണ്ടി അവരെ നീട്ടിവെക്കേണ്ടിവരും. ബുദ്ധിമാന്മാരും ലോകഹിതാനുകരണകാംക്ഷയോടുകൂടിയവരും ആയ ജനങ്ങൾ വേണ്ടവിധം ക്ഷ

യുവാൻ യത്നിക്കുകയും, അപരന്റെ അഭിപ്രായങ്ങളെ തടവില്ലാതെ പറയുകയുംചെയ്യുമെങ്കിലും, അവരെപ്പോലെ തന്നെ യോഗ്യരല്ലാത്ത മറ്റുള്ളവർക്കുകൂടെ അനുസരിച്ചു പ്രവർത്തിക്കുന്നതുകൂടെയധികം പ്രയത്നിക്കും. അവനവന്റെ അഭിപ്രായങ്ങൾക്കു വിരുദ്ധമായി പ്രവർത്തിക്കുന്ന സ്വഭാവത്തെ ഞാൻ അഭിനന്ദിക്കുന്നില്ല. ഈ സ്വഭാവം ഉൽകൃഷ്ടമായും പരിശുദ്ധമായും ഉള്ള സ്വഭാവത്തെയും നശിപ്പിക്കും. നിങ്ങളുടെ മനസ്സാക്ഷിയെ അനുസരിച്ചു നിങ്ങൾക്കു ശരിയാണെന്നു തോന്നുന്നതിനെ മാത്രമെ സ്വീകരിക്കാവു. ദോഷകരങ്ങളായ സമ്പ്രദായങ്ങളേയും അധോഗതിയെ പ്രാപിപ്പിക്കുന്ന ആചാരങ്ങളേയും നിങ്ങൾ ന്യായമായി വിചാരിക്കുന്നില്ലെന്നു നിങ്ങളുടെ പ്രവൃത്തികളെക്കൊണ്ടുതന്നെ സ്പഷ്ടമായി തെളിയിക്കണം. വിദ്യാഭ്യാസത്താൽ സിദ്ധിച്ചിട്ടുള്ള പാശ്ചാത്യന്മാരുടെ അഭിപ്രായങ്ങൾ മുമ്പോട്ടു പോകുന്നതിനു നിങ്ങളെ പ്രേരിപ്പിക്കും; എന്നാൽ ഇഹലോകവിഷയങ്ങളിലെല്ലാം ഗുണവും ദോഷവും സമ്മിശ്രമായിരിക്കുന്നതുകൊണ്ടും, കരുകാര്യം സിദ്ധിക്കുവാനുള്ള ആഗ്രഹം അതു സിദ്ധിച്ചാൽ വേണ്ടവിധം ഉപയോഗിക്കുമെന്നതിലേക്കു ബാധകമായി തീരാത്തതുകൊണ്ടും, പ്രവർത്തിക്കുന്നതിനുമുമ്പിൽ നല്ലവണ്ണം ആലോചിക്കേണ്ടതാണു്. ഇപ്പോഴുള്ള അനിഷ്ടതകളെ അനുഭവിക്കുവാനുള്ള മനസ്സില്ലായ്മകൊണ്ടു്, നാം അറിയാത്തതും ഇപ്പോഴുള്ളതിലധികം ദുസ്സഹമായും ഉള്ള ആപത്തിൽ ചെന്നു ചാടാതെ ഇരിക്കുന്നതിനുവേണ്ടി നല്ലവണ്ണം ആലോചിച്ചു പ്രവർത്തിക്കുവാൻ ഞാനുപേക്ഷിക്കുന്നു.'

സേലം രാമസ്വാമി മുതലിയാർ.

സേലം രാമസ്വാമി മുതലിയാർ ക്രിസ്താബ്ദം ൧൮൫൭ാമാണ്ടു സെപ്തംബർമാസം ൨൦ാംതീയതി സേലത്തു് ഒരു ഉൽകൃഷ്ടകുലത്തിൽ ജനിച്ചു. രാമസ്വാമി മുതലിയാരുടെ പ്രപിതാമഹനായിരുന്ന വേങ്കടാചലമുതലിയാർ ഈസ്റ്റ് ഇൻഡ്യാകമ്പനിക്കാരു

ടെ ഒരു ചിത്രവും, അദ്ദേഹത്തിന്റെ അച്ഛനായിരുന്ന ഗോപാലസ്വാമി മുതലിയാർ നാംകാൽ എന്ന സ്ഥലത്തെ തഹശിൽദാരും ആയിരുന്നു.

ആറാമത്തെ വയസ്സിൽ രാമസ്വാമി മുതലിയാർ വിദ്യാഭ്യാസത്തിനായിട്ട് മദ്രാസിൽ അയയ്ക്കപ്പെട്ടു. അദ്ദേഹം പ്രസിദ്ധനായ കാഞ്ചിപുരം സഭാപതി മുതലിയാരുടെ പുത്രനായ നാഗലിംഗമുതലിയാരുടെ രക്ഷയിൽ ആയിരുന്നുമദ്രാസിൽ താമസിച്ചത്. അദ്ദേഹത്തിന്റെ ദ്വിവിധഭാഷാധ്യയനത്തെ പരിശോധിച്ചവന്നതു ഫലിതക്കാരനും വിദ്വാനും ആയ കതിർവേലു വാദ്ധ്യാർ എന്നൊരാൾ ആയിരുന്നു.

മുതലിയാർ ആദ്യം പഠിച്ചതു മദ്രാസ് ഹൈസ്കൂളിലും പിന്നീട് പച്ചപ്പാ സ്കൂളിലും ആയിരുന്നു. പ്രസിഡൻസി കാളേജിൽ വന്നു ചേർന്നതോടുകൂടി അദ്ദേഹം വളരെ ഉത്സാഹത്തോടെ പഠിത്തം തുടങ്ങുകയും വളരെ സമ്മാനങ്ങൾ വാങ്ങിക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹം മെട്രിക്കുലേഷൻ, എഫ്-എ, എന്നീ പരീക്ഷകളിൽ വളരെ ഉൽകൃഷ്ടത്തോടുകൂടി ജയിക്കുകയും വളരെ സമ്മാനാന്വിതനായിത്തീരുകയും ചെയ്തു. അദ്ദേഹത്തിനു പ്രത്യേകം പാണ്ഡിത്യം സിദ്ധിച്ച വിഷയങ്ങൾ തമിഴ്, ഇംഗ്ലീഷ്, ഗദ്യരചന, ചരിത്രം ഇവയായിരുന്നു. ഫസ്റ്റ്ടൈൽ അദ്ദേഹം, പ്രസിഡൻസിയിൽ വെച്ച് കനാമനായിട്ട് ബി. എ. ജയിച്ചു. അന്നത്തെ പ്രസിഡൻസി കാളേജു പ്രിൻസിപ്പാൾ ആയിരുന്ന മിസ്റ്റർ തോംസൺ രാമസ്വാമി മുതലിയാരുടെ ശ്രദ്ധ, ഉത്സാഹം മുതലായ ഗുണങ്ങളെ ആലോചിച്ചു് ആ കാളേജിലെ ഒരു ഇംഗ്ലീഷ് പ്രൊഫെസർ സ്ഥാനം അദ്ദേഹത്തിനു കൊടുക്കാമെന്നു പറഞ്ഞു. എന്നാൽ ആ വേലയ്ക്കു് അടുത്ത അവകാശിയായിരുന്ന ആൾക്ക് അതു കിട്ടിയാൽ അയാൾക്കൊരു വലിയ ഉപകാരമായിത്തീരുന്നതാണെന്നു് അറിഞ്ഞതിനാൽ രാമസ്വാമി മുതലിയാർ അതിനു സമ്മതിച്ചില്ല. പിന്നീട് സംസ്കൃതവും തത്ത്വശാസ്ത്രവും പഠിച്ചു ഫസ്റ്റെൽ എം. എ. പരീക്ഷയിൽ ജയിച്ചു. ബി. എ. ബി. എൽ. പരീക്ഷ

യിൽ അദ്ദേഹം കന്നാമനായിട്ടാണു ജയിച്ചതു്. ജസ്റ്റിസ് ഫാള്ക്നറുടെ അഭിമതപ്രകാരം അദ്ദേഹം മിസ്റ്റർ പി. കെ. സളിവൻ എന്ന ധനികനോടുകൂടി വക്കീൽവേലയിൽ പരിചയിച്ചു. പ്രവുന്നെ-ൽ അദ്ദേഹം മദ്രാസു ഹൈക്കോട്ടിൽ സന്നദ്ധവാങ്ങിക്കുകയും സേലത്തുവന്നു വക്കീലായി വ്യവഹരിച്ചുതുടങ്ങുകയും ചെയ്തു.

അദ്ദേഹത്തിന്റെ അനഹങ്കാരത്താലും കേസ്സുകൾ നടത്തുന്നതിൽ പ്രദർശിപ്പിച്ച ബുദ്ധിവൈഭവത്താലും നാട്ടുകാർക്കും സേലത്തെ ജഡ്ജിക്കും അദ്ദേഹത്തിന്റെ പേരിൽ ഒരുപോലെ ബഹുമാനം ജനിച്ചു. വക്കീലിന്റെ വേലയിലേക്കാൾ ന്യായാധിപതിയുടെ വേലയിൽ അദ്ദേഹം അധികം ശോഭിക്കുമെന്നു തന്റെ മനോഗതിയാൽ പ്രത്യക്ഷീകരിച്ചു. സ്വബുദ്ധിവൈഭവത്തെ ഗവർമ്മേണ്ടുകാര്യങ്ങളിൽ ഉപയോഗിക്കുന്നതിലുള്ള താൽപര്യത്താൽ ജുഡിഷ്യൽഡിപ്പാർട്ടുമെൻറിൽ ഒരു ഉദ്യോഗത്തിന്നു് അദ്ദേഹം അപേക്ഷിച്ചു. നിയമപരിചയത്താലും സ്വഭാവഗ്രഹണത്താലും ഉദ്യോഗഭരണത്തിനു അദ്ദേഹത്തിനു നല്ല യോഗ്യതയുണ്ടെന്നു ഡിസ്ട്രിക്ടുജഡ്ജി അഭിപ്രായപ്പെട്ടു. പ്രവുന്നെൽ, അദ്ദേഹം തൃശ്ശിനാപ്പിള്ളി ഡിസ്ട്രിക്ടു് മുൻസിപ്പായി നിയമിക്കപ്പെട്ടു. അദ്ദേഹത്തിന്റെ കാര്യവിചാരം എപ്രകാരവും നിഷ്പക്ഷപാതമായും സത്യമായും ആയിരുന്നു. സക്കാർകാര്യങ്ങളെ നിർവ്വഹിക്കുന്നതിൽ അന്യാഭിപ്രായങ്ങളെ ആശ്രയിച്ചു് പ്രവർത്തിക്കാതിരിക്കുന്നതു് ഒരു പുണ്യകൃത്യമായിട്ടാണു് അദ്ദേഹം വിചാരിച്ചുവന്നതു്. ഒരു കേസ്സു സംബന്ധമായി ഒരിക്കൽ ഒരു കക്ഷി മുതലിയാരുടെ ഒരു വലിയ സ്നേഹിതന്റെ അടുക്കൽനിന്നു ഒരു ശിപാർശ എഴുത്തു വാങ്ങിക്കൊണ്ടുവന്നു. തന്റെ സ്നേഹിതൻ പരിചയപ്പെടുത്തിയ ആളെ അദ്ദേഹം നല്ലപോലെ ആദരിച്ചു അദ്ദേഹം കോടതിക്കു പോയ സമയം തന്റെ പുതിയ സ്നേഹിതനെ സ്വന്തവണ്ടിയിൽ കയറ്റിക്കൊണ്ടു പോകുകയും ചെയ്തു. ഇപ്രകാരമൊക്കയും കണ്ടപ്പോഴേക്കും കേസ്സു തനിക്കു പ്രയാസമായിപ്പോയി എന്നു് അയാൾ തീർച്ചയാക്കി. വക്കീ

കേസ്സിന്റെ വിധി കേട്ടസമയം നമ്മുടെ സ്നേഹിതൻ തിരി
യെയും മൻസിപ്പ് കരമിച്ച വണ്ടിയിൽ കേറി പോകുവാൻ
താമസിച്ചില്ല. ഒരുവക ശിപാശ്ശക്കുള്ള കൊടുക്കുന്നതു് എത്ര
യോ നികൃഷ്ടമെന്നും ന്യായപദ്ധതിയെ നിരോധിക്കുന്നതിനു
പ്രോത്സാഹിപ്പിക്കുന്ന ഒരുവക കൃത്യം എത്രയോ നിന്ദ്യമെ
ന്നും അദ്ദേഹം ചലപ്പോഴും പറയാറുണ്ടായിരുന്നു. ന്യായാസ
ന്നിയിൽ അദ്ദേഹം ഇടവും വലവും തിരിഞ്ഞുനോക്കാതെ
ചിരകാലം. അദ്ദേഹത്തിന്റെ കൃത്യങ്ങളും സദാ ഹൃദയപൂർവ്വക
മായും യഥാശക്തി നിർവിഘ്നമായും നിർവഹിക്കപ്പെട്ടു. കമി
ക്കൽ തന്റെ ആപ്പീസ്സിൽനടന്ന വണമചഹാണക്കേസ്സിൽ
കരോഹരി അദ്ദേഹവും കെട്ടിചെക്കേണ്ടിവന്നു.

ലോകത്തിൽ ഖ്യാതി സമ്പാദിക്കുന്നതിനു് ഉദ്യോഗത്തി
ലിരുന്നാൽ അത്ര സൌകര്യമോ സ്വാതന്ത്ര്യമോ ഇല്ലെ
ന്നു് അദ്ദേഹം തീർച്ചയാക്കി. 'അഹംഭാവരഹിതമായ
സ്വഭാവവിശേഷംകൊണ്ടും നിഷ്പക്ഷപാതമായ ചിത്തവൃ
ത്തികൊണ്ടും സത്യസന്ധതകൊണ്ടും അദ്ദേഹം സകല ജന
ങ്ങളുടെ ചിത്തത്തെയും ആകർഷിച്ചിരിക്കുന്നു' എന്നും, 'അ
ദ്ദേഹം കരംഗമായിത്തിന്നുള്ള മദ്രാസ് സർവ്വകലാശാലയ്ക്കു
ടി കരുത്ത വലിപ്പത്തെ ഉണ്ടാക്കിത്തീർത്തിരിക്കുന്നു' എന്നും,
'അദ്ദേഹത്തിനു് ഉദ്യോഗപദവിയിൽ ഏറ്റവും വലുതായ
കൃതാർത്ഥത്വം ലഭിക്കാനിരിക്കുന്നു' എന്നും ശേഷയാശംസ്സി
കൾ അദ്ദേഹത്തെക്കുറിച്ചു് അഭിപ്രായപ്പെട്ടു. പക്ഷെ ഉ
ദ്യോഗപദവിയിൽ പടികയറുന്നതിനായിരുന്നില്ല അദ്ദേഹ
ത്തിന്റെ യോഗം. ഫ്രവ്വറ്റ് മുതലിയാർ ഉദ്യോഗം രാ
ജിവെച്ച മദിരാശി ഹൈക്കോർട്ടിൽ വ്യവഹരിക്കുവാൻ തീ
ർച്ചപ്പെടുത്തി. ഹൈക്കോർട്ടിൽ അദ്ദേഹം സാധാരണയായി
വാദിഭാഗം വക്കാലത്താണു പിടിക്കാറുണ്ടായിരുന്നതു്. ആ
ദ്യവ്യവഹാരങ്ങളും നടത്തുന്ന സമയങ്ങളിൽ ഒരു ജൂനിയർ
വക്കീലിനെക്കൂടി സഹായത്തിനു വെച്ചിരുന്നു. അദ്ദേഹത്തി
ന്റെ നിയമപരിജ്ഞാനം, ഉടനെ പ്രത്യക്ഷപ്പെട്ടു. അദ്ദേ

ഥം കേവലം ഉപജീവനാപേക്ഷയോടെ നിയമാദികൾ പഠിക്കുന്നവരുടെ കൂട്ടത്തിലല്ലായിരുന്നു. നിയമതത്വങ്ങളുടെ ജിജ്ഞാസ അദ്ദേഹത്തെ ഒരു 'ലാ ജർനല്' ആരംഭിക്കുന്നതിനു പ്രോത്സാഹിപ്പിച്ചു. ൧൮൫൭ ൽ അദ്ദേഹം തന്നെ അതിന്റെ പത്രാധിപത്യം വഹിക്കുകയും ചെയ്തു. അദ്ദേഹത്തിന്റെ നിയമപഠിപ്പിന്റെ അടിസ്ഥാനത്തിൽ സർവ്വകലാശാല അദ്ദേഹത്തെ ബി. എൽ., എം. എൽ. എന്നീ പരീക്ഷകൾക്കു പരീക്ഷകനായി നിശ്ചയിച്ചു. തമിഴ്ഭാഷയിലും അദ്ദേഹം പരിക്ഷകനായിരുന്നു. സകലകലാശാലയ്ക്കുവേണ്ടി അദ്ദേഹംചെയ്തിട്ടുള്ള കൃത്യങ്ങൾ വളരെ ശ്ലാഘ്യങ്ങളായിരുന്നു. ൧൮൭൫ൽ അദ്ദേഹം ഒരു ഫെല്ലോ ആയി നിയമിക്കപ്പെട്ടു.

ഇന്ത്യയുടെ ആധുനികസ്ഥിതിയെ ൧൮൫൭ൽ ഇരുന്നതിൽനിന്നു വ്യത്യസ്തമാക്കിയ സംഭവങ്ങളിൽ രാമസ്വാമിമുതലിയാർ ഒട്ടും അപ്രധാനമല്ലാത്ത ഒരു ഭാഗം എടുത്തിരുന്നു. ദക്ഷിണ ഇന്ത്യയിൽ പ്രത്യേകിച്ചും ജനക്ഷേമതൽപ്പരന്മാരിൽ മുതലിയാർ അഗ്രഗണ്യനായിരുന്നു. ഒരു പ്രത്യേകവർഗ്ഗക്കാരെയോ ജാതിക്കാരെയൊ അനുകൂലിക്കേണമെന്നുള്ള വിചാരത്തോടുകൂടാതെ നിഷ്പക്ഷപാതമായി അദ്ദേഹം പ്രവർത്തിച്ചു.

ഉദ്യോഗസ്ഥന്മാരുടെ അഴിമതികൾക്കു് ഇപ്പോൾ ഉണ്ടായിട്ടുള്ള കുറവും നാട്ടുകാരു് സ്വരാജ്യഭരണകാര്യങ്ങളിൽ സ്വല്പമെങ്കിലും അവകാശമുണ്ടെന്നുള്ള ബോധവും വന്നിരിക്കുന്നതു മദിരാശി മഹാജനസഭയുടെ പരിശ്രമം കൊണ്ടാണെന്നു് ആക്ഷേപം സമ്മതിക്കാതെ കഴിയുകയില്ല. ആ സഭയിൽ രാമസ്വാമിമുതലിയാർ ഒരു പ്രമാണിയായിരുന്നു. ദക്ഷിണഇൻഡ്യയിലെ അന്നത്തെ സ്ഥിതികളെപ്പറ്റി ചരിത്രമെഴുതുന്നതിനു തുനിയുന്നവർ രാമസ്വാമിമുതലിയാരുടെ രാജഭക്തി, മിതാഭിപ്രായങ്ങൾ, സ്വാതന്ത്ര്യപ്രേമത്തിന്റെ അഭാവം—ഇത്യാദി ഉത്തമഗുണങ്ങൾ അദ്ദേഹത്തിന്റെ

സകല പ്രവൃത്തികളുടെയും അടിസ്ഥാനമായിരുന്നു എന്നു സ്പഷ്ടമായി പറയുന്നതാകുന്നു. റിപ്പൺപ്രഭുവിന്റെ കാലത്തിനുശേഷം, ജനങ്ങളുടെ കാര്യം സങ്കടനിവൃത്തി വരുത്തുന്നതിലേക്ക് ആലോചിച്ച മാർഗ്ഗങ്ങളിൽ ഉത്തമമെന്നു വിചാരിക്കപ്പെട്ടതു് ഇന്ത്യയിൽ കാര്യം സംസ്ഥാനത്തിൽ നിന്നു കാര്യാന്തരത്തെ തിരഞ്ഞെടുത്തു ശിമയ്ക്ക് അയച്ചു് ആവലാതികളെ ഇംഗ്ലിഷുകാരെ നേരിട്ടു ധരിപ്പിക്കുക എന്നതായിരുന്നു. മദിരാശിയിൽനിന്നു് അയയ്ക്കപ്പെട്ടതു രാമസ്വാമിമുതലിയാരായിരുന്നു. പ്രവൃത്തപ്രകാരമുള്ള ജനറൽ ഇലെക്ഷൻ (സാധാരണ തിരഞ്ഞെടുക്കൽ) നടന്ന കാലത്തു മുതലിയാരും മറ്റും ഇംഗ്ലണ്ടിലെത്തി,) ലണ്ടൻ മുതലായ പല സ്ഥലങ്ങളിലും വെച്ചു പ്രസംഗങ്ങൾ നടത്തി. ബർമിങ്ങാമിൽ കൂടിയ ലിബറൽ സംഘത്തിൽ മിസ്റ്റർ ജാൺ ബ്രൈറ്റ് ഇന്ത്യയെപ്പറ്റി ഒരു പ്രസംഗം ചെയ്തു. അതു മഹത്തായ ഒരു സമാജവും പ്രസംഗവും മുതലിയാർ കണ്ടിട്ടും കേട്ടിട്ടും ഇല്ലെന്നു് അദ്ദേഹം പിന്നീടു പറഞ്ഞിട്ടുണ്ടു്. അബർഡീനിലേക്കു വരുന്ന വഴിക്കു് അവിടത്തെ വലിയ സംഗീതശാലയിൽ വെച്ചാണു് അദ്ദേഹം മിസ്റ്റർ ഗ്ലാഡ്സ്റ്റണിന്റെ പ്രസംഗം കേട്ടതു്. രാമസ്വാമിമുതലിയാരുടെ സമാഗമം കഴിയുന്നതും ഫലവത്താക്കിച്ചെയ്യേണമെന്നുള്ള ഉദ്ദേശത്തോടുകൂടെ ഡാകുടർ ഡബ്ല്യു. എ. ഫൺടറും പ്രോഫ്സർ ബ്രൈസും കൂടി, ഇൻഡ്യയെ പറ്റിയുള്ള പരിജ്ഞാനത്തെ വർദ്ധിപ്പിക്കുന്നതിലേക്കു്, ഒരു സമാജം ഏർപ്പെടുത്തി.

മുതലിയാർ മുതലായവരുടെ ആ ശ്ലേഷപ്രസംഗങ്ങൾ ഇംഗ്ലിഷുകാർക്കു നമ്മോടു ചില വലിയ കടമകൾ ഉണ്ടെന്നുള്ള ബോധം അവരുടെ മനസ്സിൽ അങ്കുരിപ്പിച്ചു. രാമസ്വാമി മുതലിയാരുടെ പേരിൽ അവർക്കു് അന്യാദൃശമായ ഒരു സന്തോഷം ജനിച്ചു. അദ്ദേഹത്തിന്റെ സുന്ദരമായ മുഖവും വലിയ കണ്ണുകളും ചെത്തി കൂർപ്പിച്ചതുപോലേയുള്ള ആകൃതിയും മറ്റും കൊണ്ടു ഇംഗ്ലിഷുകാർ അദ്ദേഹത്തിനു് ഒരു പ്ര

ത്യേക യോഗ്യതയെ നിർദ്ദേശിച്ചു. ആകൃതിയുടെ എന്നപോലെ അദ്ദേഹത്തിന്റെ വാക്പ്രയോഗത്തിന്റെ രീതിയും അനന്യസാധാരണമായിരുന്നു. പ്രശാന്തമായ ഗാംഭീര്യംകൊണ്ടും ശക്തികൊണ്ടും ശ്രോതാക്കൾക്ക് സഹതാപവിശ്വാസമുണ്ടാക്കാനോന്നിക്കത്തക്ക മാധുര്യംകൊണ്ടും അദ്ദേഹത്തിന്റെ വാഗ്വിലാസത അന്യാദൃശരാൽ ഏറ്റവും ആദരിക്കപ്പെട്ടു.

മുതലിയാർ ശീമയ്ക്ക് പോയപ്പോൾ ജാതിഭ്രഷ്ട് വരുത്തുക വിധത്തിൽ യാതൊന്നും പ്രവർത്തിക്കാതിരിക്കുന്നതിന് അദ്ദേഹം ശ്രമിച്ചു. അദ്ദേഹത്തിന്റെ ഭക്ഷണത്തെ പാചകം ചെയ്യുന്നതിനു സ്വജാതിയിൽ ഒരുവനെ കൊണ്ടുപോയിരുന്നു. സസ്യാദികൾ കൊണ്ടുള്ള സദ്യകളെ അല്ലാതെ മറ്റു സഹഭോജനത്തോടുകൂടിയ സൽക്കാരങ്ങളെ അദ്ദേഹം സ്വീകരിച്ചിട്ടില്ല. യാതൊരു പ്രായശ്ചിത്തവുംകൂടി ചെയ്യിക്കാതെ അദ്ദേഹത്തിന്റെ കൂട്ടുകാർ അദ്ദേഹത്തിനെ ജാതിയിൽ ചേർത്തു അദ്ദേഹം തിരിയെ മദിരാശിയിലും സേലത്തും വന്നപ്പോൾ വളരെ ആഡംബരങ്ങളോടുകൂടി സബഹുമാനം സ്വീകരിക്കപ്പെട്ടു.

വിദേശന്മാരായ നാട്ടുകാരെ പൂർവ്വാധികമായി രാജ്യഭാരവിഷയങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിനു ഗവർമ്മേന്റുകാർ മാർഗ്ഗം ഉണ്ടാക്കേണ്ടതിലേക്കായി ഫ്രൂഡ്സന്റ്-ൽ എപ്പെട്ടിയിച്ച പബ്ലിക്ക് സർവ്വീസുകമീഷനിൽ മദിരാശിയിൽ നിന്നെടുക്കപ്പെട്ട സാമാജികൻ രാമ സ്വാമി മുതലിയാരായിരുന്നു. മറ്റു ഔദ്യോഗസ്ഥസാമാജികന്മാരായി ബംഗാളിൽനിന്നു സർ. രമേശചന്ദ്രമിത്രനും ബോംബെയിൽനിന്നു ആണറബിൾ കെ. എൽ. നൗക്കറും ബിഹാരാജാവും, അഗ്രാസനാധിപതിയായി സർ. ചാൾസ് എച്ചിസനും നിയമിക്കപ്പെട്ടിരുന്നു. ആദ്യമേതന്നെ ഉദ്യോഗസ്ഥസാമാജികന്മാരുടെ വാദമുണ്ടായത് ആ കമീഷനിലുള്ള സകല സാമാജികന്മാരും തമ്മിൽ യാതൊരഭിപ്രായഭേദവും കൂടാതെ ഐക

കണ്ടെത്തുന്ന അഭിപ്രായങ്ങൾ മാത്രമെ ഗവണ്മെണ്ടിൽ നിന്നു സ്വീകരിക്കുന്നുള്ളൂയെന്നിരിക്കയുള്ളൂ എന്നായിരുന്നു. ഭിന്നാഭിപ്രായക്കാരായ സാമാജികന്മാരുടെ ഇടയിൽ ഇതു് എത്രത്തോളം സാധിക്കുമെന്നു് ഊഹിക്കാമല്ലൊ. സിവിൽ സെർവ്വീസു പരീക്ഷകൾ ഒരേകാലത്തിൽ ഇംഗ്ലാന്തിലും ഇന്ത്യയിലും നടത്തുന്ന സംഗതിയെ കുറിച്ചു സാമാജികന്മാർക്കു് അഭിപ്രായഭേദമുണ്ടായിരുന്നതിനാൽ അതിനെപ്പറ്റി അദ്ദേഹം നിഷ്കർഷ ചെയ്തില്ല.

രാമസ്വാമി മുതലിയാർ രണ്ടു പ്രാവശ്യമേ കോൺഗ്രസ്സു യോഗത്തിൽ ഹാജരായിട്ടുള്ളൂ. ഒരിക്കൽ മദ്രാസ്സിൽവെച്ചും മറ്റൊരിക്കൽ അല്ലഹബാദിൽവെച്ചും ഉണ്ടായ യോഗങ്ങളിലാണു് അദ്ദേഹം ചേർന്നതു്. കോൺഗ്രസ്സു സംബന്ധിച്ചുള്ള അദ്ദേഹത്തിന്റെ ശ്രമങ്ങൾ വളരെ അഭിനന്ദനീയങ്ങളായിരുന്നതുകൊണ്ടു് ഒരിക്കൽ അതിന്റെ അദ്ധ്യക്ഷതയെ വഹിക്കുന്നതിനു് അദ്ദേഹം പ്രാർത്ഥിതനായി. ആ അപേക്ഷയെ അദ്ദേഹം സ്വീകരിച്ചില്ല. അതിനുതക്ക യോഗ്യത സമ്പാദിച്ചു കഴിഞ്ഞില്ല എന്ന വിചാരത്താലും വിനയത്താലും അല്ലാതെ ചുമതലയിൽ ഏർപ്പെടുന്നതിനുള്ള വൈമനസ്യം കൊണ്ടല്ല അദ്ദേഹം ആ വിധം പ്രവർത്തിച്ചതു്.

ചെങ്കൽപ്പാകാളേജിലെ ട്രസ്റ്റിയുടെ നിലയിലും മദ്രാസു മ്യൂനിസിപ്പൽ കൗൺസിലിലെ സാമാജികന്റെ നിലയിലും അദ്ദേഹം നല്ലവണ്ണം പ്രയത്നിച്ചു. ഫ്രീസ്കൂളിലെ ഇന്ത്യൻ കൈമൻസിൽസ് ആക്ടിനെ ഉദ്ദേശിച്ചു് അദ്ദേഹം ചെയ്ത ശ്രമങ്ങൾ സഫലമായി കാണുന്നതുവരെ അദ്ദേഹം ജീവിച്ചിരുന്നുവെങ്കിൽ, നിയമനിർമ്മാണസഭയിൽ ഒരു സാമാജികനായി അദ്ദേഹം നിയമിക്കപ്പെട്ടേനെയായിരുന്നു. പക്ഷേ, അദൃഷ്ടയോനുഖന്മാരായ പലരുടെയും വിധിപോലെ രാമസ്വാമി മുതലിയാർക്കും സംഭവിച്ചു. ഫ്രീസ്കൂൾ മാണ്ടു മാർച്ചുമാസം ൨൰൦൯-ാം തീയതി അദ്ദേഹം കാലവശംഗതനായി.

മദിരാശിയിലെ 'കാസ്മോപ്പോളിറ്റൻ' സഭയ്ക്കു രംഗനാഥമുതലിയാരെപ്പോലെ തന്നെ രാമസ്വാമിമുതലിയാരും ഒരു ജീവനായിരുന്നു. അവരുടെ ശ്രേഷ്ഠമായും വിശ്വാസജനകമായും ഇരുന്ന വാഗ്വൈഭവത്താൽ ആ ക്ലബ്ബ് എപ്പോഴും സ്പൃഹണീയമാക്കി ചെയ്യപ്പെട്ടു. കാമ്പു വികസിതമല്ലാമായും സൌരഭ്യപ്രസാരിയായും വിടർന്നു വിലസുന്ന പുഷ്പംപോലെ ആയിരുന്നുവെങ്കിൽ, മറെറാരാൾ, ഈ ഗുണങ്ങളെ എല്ലാം അന്തർഭാഗത്തിൽ വഹിച്ചുകൊണ്ടു വികാസോന്മുഖമായ പുഷ്പമുകുളംപോലേയും വിനയം മൂർത്തിമത്തായ എന്നു തോന്നത്തക്ക വിധത്തിലും വർത്തിച്ചിരുന്ന രാമസ്വാമി മുതലിയാരുടെ വാക്കുകളേയും കൃത്യങ്ങളേയും സേചനം ചെയ്തുകൊണ്ടു കരുമകരന്ദകൃച്ച് അദ്ദേഹത്തിന്റെ ഹൃദയപരിസരങ്ങളിൽ സദാ പ്രവാഹിച്ചിരുന്നു എന്നു തോന്നും. അദ്ദേഹം ജനങ്ങളുടെ ഇടയിൽ പ്രഭവിച്ചും, ഗാഢമായ നിയമപരിജ്ഞാനവും സഭാവഹനവും ഉള്ള കരാൾ ആയിരുന്നു എങ്കിലും അദ്ദേഹത്തിന്റെ സ്വന്തവ്യക്തിത്വം നിദാനമായിത്തീർന്ന പൊതുജനോപകാരികളിൽ അദ്ദേഹത്തിനു സിദ്ധിച്ചിട്ടുള്ള സ്ഥാനം മാത്രമാണ്.

അദ്ദേഹത്തിനു തന്റെ സൌമ്യശീലത്തിന്റെ അനന്തരഫലമായി ഒരു സ്ഥിരനിശ്ചയത്തോടു കൂടിയ വാക്പ്രകടന സ്വഭാവം കൂടിയുണ്ടായിരുന്നു. ഈ സ്വഭാവം ചിത്തമാർദ്ദവത്തെ അവലംബിച്ചാൽ പരിണമിക്കുന്നതു ശാഠ്യമായിട്ടാകുന്നു. സൂക്ഷ്മാലോചനയോടു കൂടിയ നല്ല മാർദ്ദവത്തെ ആശ്രയിച്ചിരുന്നാൽ ഇതു യോഗ്യന്മാർക്കു ഒരുത്തമഗുണമായി ഭവിക്കുന്നതാണ്! അശേഷം ഡംഭോടു കൂടാത്തതായ ഒരു ശീലമായിരുന്നു അദ്ദേഹത്തിന്റെ ജീവിതത്തിനു പ്രത്യേകം ഒരു അലങ്കാരമായിരുന്നതു്. ഒരു കാര്യസാദ്ധ്യത്തിനു് അവശ്യം വേണ്ടതിലധികം സംസാരിക്കുകയൊ തന്റെ ശക്തിയിൽ അടങ്ങാത്ത കാര്യത്തെ ചെയ്യാൻ ആഗ്രഹിക്കുകയോ അദ്ദേഹം ചെയ്തിരുന്നില്ല. അദ്ദേഹം വളരെ താഴ്മയോടുകൂടിയിരുന്നു എങ്കിലും, ശാസിക്കുവാൻ ശ്രേണിയുള്ളവനായിരു

ന്നു; മറുള്ളവരെക്കുറിച്ചു വളരെ കൗടില്യശീലത്തോടെ ഗൂ ണദോഷവിചാരം ചെയ്തിരുന്നു് എങ്കിലു, അവരുടെ തെറ്റു കളെ സഹിക്കാത്തവനായിരുന്നു. അദ്ദേഹം സ്വതന്ത്രനാ യിരുന്നു; എന്നാൽ കഴിക്കലും അതിസാമർത്ഥ്യം നടിക്കാറു ണ്ടായിരുന്നില്ല. മറുള്ളവരുടെ അഭിപ്രായങ്ങൾക്കു ചില പ്പോൾ അദ്ദേഹം കീഴടങ്ങിയാൽ അതു ദുഢയായ പര്യാലോ ചനയോടുകൂടിയായിരുന്നു. അദ്ദേഹത്തിന്റെ സകല പ്രവൃ ത്തികൾക്കും വാക്കുകൾക്കും മുഖ്യഗുണമായിരുന്ന സ്വയുക്തിക തവും സ്വഭാവവൈശിഷ്ട്യത്തിന്റെ എന്നപോലെ ത ന്നെ അദ്ദേഹത്തിന്റെ സ്ഥിരനിശ്ചയത്തിന്റേയും ഫ ലമായിരുന്നു.

ലക്ഷ്മീനരസുച്ചെട്ടി.

ലക്ഷ്മീനരസുച്ചെട്ടി ക്രിസ്താബ്ദം ൧൮൦൪-ൽ മദിരാശിയിൽ വെച്ചാണു ജനിച്ചതു്. ഇദ്ദേഹത്തിന്റെ അച്ഛനായ സി ദ്ധലുച്ചെട്ടി ധനവാനായ ഒരു കച്ചവടക്കാരനായിരുന്നു. അ ന്നു് ഇംഗ്ലീഷു പള്ളിക്കൂടങ്ങൾ വളരെ ദുർല്ലഭമായിരുന്നു. നാട്ടുകാരുടെ പരിശ്രമത്താൽ ഏർപ്പെടുത്തപ്പെട്ടിരുന്ന ചില പള്ളിക്കൂടങ്ങളിൽ വായന, എഴുത്തു്, കണക്കു് ഇത്രകാര്യ മാത്രമേ പഠിപ്പിച്ചിരുന്നുള്ളു. ഇങ്ങിനെ ഉള്ള പള്ളിക്കൂടത്തിലാ ണു ലക്ഷ്മീനരസുവിന്നു പ്രഥമികവിദ്യാഭ്യാസം സിദ്ധിച്ചതു്. ഇദ്ദേഹത്തിന്നു പിന്നീടുണ്ടായിരുന്ന സ്വാതന്ത്ര്യം, പൌരു ഷം മുതലായ ഗുണങ്ങളെ ചെറുപ്പത്തിൽതന്നെ ഇദ്ദേഹം കാണിച്ചിരുന്നു. പള്ളിക്കൂടത്തിൽ പഠിക്കുന്ന കാലത്തുംകൂടി അന്നത്തെ രാജ്യഭരണകാര്യങ്ങളിൽ ഇദ്ദേഹം വളരെ ശ്രദ്ധ വെച്ചിരുന്നുവത്രെ.

സിദ്ധലുച്ചെട്ടിക്കു തന്റെ കുട്ടിയെ തന്നെപ്പോലെ ഒരു കച്ചവടക്കാരനാക്കേണമെന്നായിരുന്നു വിചാരം. അതുകൊ ണ്ടു വിദ്യാഭ്യാസം കഴിഞ്ഞ ഉടനെ, ലക്ഷ്മീനരസുവിനെ കു

ച്ചവടത്തിന്നു വേണ്ട ഉപായങ്ങളെ ശീലിപ്പിച്ചു. രാമുനായ്കനും മകനുംകൂടി 'സിദ്ധലുച്ചെട്ടി ആൻഡ് കമ്പനി' എന്ന പേരോടുകൂടി കച്ചവടം തുടങ്ങി. ഈ കച്ചവടം കാലക്രമേണ നല്ല സ്ഥിതിയിൽ വന്നു. ഇക്കാലത്തു് അമേരിക്കയിൽ ഒരു കലഹമുണ്ടായതിനാൽ, അവിടത്തെ പാണ്ഡിക്കച്ചവടം പെട്ടെന്നു നിന്നുപോയപ്പോൾ, ഇൻഡ്യയിലെ പണ്ഡിക്കു നല്ല ചിലവുണ്ടായിരുന്നു. ഇതിനിടക്കു സിദ്ധലുച്ചെട്ടി മരിച്ചുപോയി. ലക്ഷ്മിനരസു ഈ അവസരത്തിൽ പണ്ഡിക്കച്ചവടം തുടങ്ങുകയും അല്പകാലത്തിനിടയിൽ വളരെ പണം സമ്പാദിക്കുകയും ചെയ്തു. കാലക്രമേണ ഇദ്ദേഹത്തിനു ധനം സമ്പാദിക്കുന്നതിൽ ശ്രദ്ധ കുറഞ്ഞു. അതിൽപിന്നെ ജനങ്ങളുടെ ക്ഷേമത്തിനുവേണ്ടിത്തന്നെ മാനസം വരെ യത്നിച്ചുകൊണ്ടിരുന്നു. ഇതിനുവേണ്ടി ദേഹംകൊണ്ടും ദ്രവ്യംകൊണ്ടും ഇദ്ദേഹം ചെയ്ത യത്നങ്ങൾ വളരെ പ്രശംസാവഹങ്ങൾ ആയിരുന്നു. നാട്ടുകാരുടെ സങ്കടങ്ങളെ ന്യായമായി തീർക്കുന്നതിനുവേണ്ടി യോഗ്യരായ പല സാമാജികന്മാരോടുംകൂടി മേലിരാശിനേറിവ് അസോസിയേഷൻ' എന്ന സഭയെ ഇദ്ദേഹം ഏർപ്പെടുത്തി.

ഒന്നാമതായി ഇദ്ദേഹം പാതിരിമാർ ചെയ്തുവന്നിരുന്ന അനീതികരമായ ചില പ്രവൃത്തികളെ നിർത്തൽ ചെയ്യുവാനാണ് ശ്രമിച്ചതു്. ഇവർ ഇംഗ്ലീഷുപള്ളിക്കൂടങ്ങളേർപ്പെടുത്തി ഹിന്തുക്കൾക്കു പാശ്ചാത്യവിദ്യാഭ്യാസം കൊടുക്കുന്നതോടുകൂടി വളരെ കുട്ടികളെ ക്രിസ്ത്യാനികളാക്കി. വന്നിരുന്നു. ഇവരുടെ ഈ പ്രവൃത്തിയിൽ ചില ഗവർമ്മേണ്ടുദ്യോഗസ്ഥന്മാർ ഇവരെ സഹായിച്ചിരുന്നു. ഗവർമ്മേണ്ടിന്റെ ചില ന്യായമല്ലാത്ത കല്പനകളെ അനുസരിക്കാഞ്ഞതിനാൽ, അവർ ഒരു ജഡ്ജിയെ പിരിച്ചു. ഈ ജഡ്ജിക്കു നാട്ടുകാർ കൊടുത്ത ഒരു മംഗളപത്രത്തിനു് അദ്ദേഹം കൊടുത്ത മറുവടിയിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു. 'ഗവർമ്മേണ്ടിനു ജഡ്ജിമാരെക്കൊണ്ടു്, അവരുടെ ന്യായമല്ലാ

ത്ത കല്പനകളെ അനുസരിപ്പിക്കുവാൻപ്രയാസമില്ലായിരുന്നു എങ്കിൽ, അവർ ക്രമേണ ഹിന്തുക്കളെ (ബലാല്കാരമായി) ക്രിസ്ത്യാനികളാക്കുവാൻ തുടങ്ങുമായിരുന്നു.

പാതിരിമാർ ഇങ്ങനെ ഹിന്തുക്കളെ ക്രിസ്തുമതത്തിൽ ചേർത്തിരുന്നതും ഗവർമ്മേണ്ടു് അവരെ സഹായിച്ചിരുന്നതും മറും ഹിന്തുസമുദായത്തിനു വളരെ ഉസ്സഹമായിട്ടുള്ള അവസ്ഥയായിരുന്നു. ഇങ്ങനെ ഉള്ള അനീതികളെ നിർത്തൽചെയ്യുവാൻ തന്നാൽ കഴിയുന്നേടത്തോളം ശ്രമിപ്പാൻ ലക്ഷ്മിനരസു തീർച്ചയാക്കി. ഫ്രവർ൪_ൽ ഹിന്തുക്കളുടെ സ്ഥിതിയെ ഉയർത്തുന്നതിനുവേണ്ടി ഇദ്ദേഹം 'ക്രിസൻ൪' എന്ന ഒരു പത്രം തുടങ്ങി. ഈ പത്രത്തിനു് ആരംഭം ചില ബുദ്ധിമുട്ടുകൾ ഉണ്ടായിരുന്നു എങ്കിലും, കുറച്ചു കാലത്തിനിടയ്ക്കു് അതു വളരെ അഭിവൃദ്ധിയെ പ്രാപിച്ചു.

ക്രിസ്തുമതം അവലംബിച്ചവരായ ഹിന്തുക്കൾക്കു് അവരുടെ കുടുംബസ്വത്തുക്കളിൽ അവകാശമുണ്ടെന്നു് ഒരു നിയമം ഏർപ്പെടുത്തുവാൻ ഗവർമ്മേണ്ടു തീർച്ചയാക്കി. ഹിന്തുസമുദായം ഇതിനെ വിരോധിച്ചു. ഫ്രവർ൪_ൽ ലക്ഷ്മിനരസുവിന്റെ അദ്ധ്യക്ഷതയിൻ കീഴിൽ ഒരു സഭകൂടി ഇവരുടെ സങ്കടനിവൃത്തിക്കുവേണ്ടി ബ്രാത്തിക്കു് ഒരു ഹജ്ജി അയച്ചു. ഇംഗ്ലീഷുഗവർമ്മേണ്ടും മദിരാശി ഗവർമ്മേണ്ടും തമ്മിൽ ചില എഴുത്തുകുത്തുകൾ നടന്നതിന്റെ ശേഷം, ഈ നിയമം ഏർപ്പെടുത്തേണ്ടതെന്നു തീർച്ചയാക്കി.

മദിരാശി സർവ്വകലാശാലയുടെ കീഴിലുള്ള വിദ്യാലയങ്ങളിൽ ബൈബിൾ പഠിപ്പിക്കേണ്ടതെന്നൊരു നടപ്പു് ഏർപ്പെടുത്തുവാൻ ചിലർ ശ്രമിച്ചു തുടങ്ങി. ഫ്രവർന്ന_ൽ നാട്ടുകാർ ലക്ഷ്മിനരസുവിന്റെ കീഴിൽ ഒരു സഭകൂടി ബ്രാത്തിയിൽ ബഹുമാനപ്പെട്ട കോർട്ടു് ഓഫ് ഡയറക്ടേർസ്' എന്ന സഭയിലേക്കു് ഒരു ഹജ്ജി അയച്ചു. പാതിരിമാർ ഗവർമ്മേണ്ടിന്റെ സഹായത്തോടുകൂടി ഹിന്തുക്കളെ ക്രിസ്ത്യാനികളാക്കിയിരുന്നതും, കോടതികളിലെ അനീതികളും ജന

ങ്ങളുടെ ഭാഗം പല സങ്കടങ്ങളും ഇതിൽ കാണിച്ചിരുന്നു. ഈ പത്രം മദിരാശി ഗവർമ്മേണ്ടു വഴിക്കാണ് അയച്ചതു്. ഇതിൽ പറഞ്ഞിരുന്ന സംഗതികളെല്ലാം ഗവർമ്മേണ്ടിന്റെ പ്രവൃത്തികളെ തെറ്റിധരിച്ചും അറിയാതെയും കളവായി പ്രസിദ്ധപ്പെടുത്തിട്ടുള്ള ലേഖനങ്ങളെ അടിസ്ഥാനപ്പെടുത്തിട്ടുള്ളവയാണെന്നുള്ള ഗവണ്മെന്റുടെ അഭിപ്രായവും ഇതിനോടുകൂടി അയച്ചിരുന്നതിനാൽ, 'കോർട്ടഫ് ഡയറക്ടേർസ്' ഇതിൽ അത്ര ശ്രദ്ധപ്പെച്ചില്ല. ഫ്രഞ്ചുകാർ പാതിരിമാർ പിന്നേയും എല്ലാ സ്ക്കൂളുകളിലും ബൈബിൾ എപ്പെടുത്തുവാൻ ശ്രമിച്ചു എങ്കിലും; ലക്ഷ്മിനരസു, നോർട്ടൻസായ്പു മുതലായവരുടെ ഉത്സാഹത്താൽ ഈ ശ്രമം ഫലിച്ചില്ല.

ഫ്രഞ്ചുകാർ പാർലിമേണ്ടു സഭയിലെ സാമാജികനായിരുന്ന ഡാൻബിസെയർ എന്ന സായ്പ് ഈ രാജ്യം കാണുവാൻ ഇൻഡ്യയിലേക്കു വന്നു. സെയർ മദിരാശിയിൽ ലക്ഷ്മിനരസുവിന്റെ അതിഥിയായിരുന്നു. അന്നു സെയർ സായ്പിന്നു് അവിടെ നടന്നിരുന്നു വർത്തമാനങ്ങളെല്ലാം മനസ്സിലായി. പിന്നെ ലക്ഷ്മിനരസുവും സെയറും കൂടി തെക്കെ ഇൻഡ്യയിലേക്കു പോയി. ഈവിടങ്ങളിൽ കരം പിരിക്കുന്നതിലുംകൂടി ജനങ്ങളെ കഠിനമായി ഉപദ്രവിക്കുന്നതു് ഇവർ കണ്ടു സെയർ ഇൻഡ്യയിൽ താൻ കേട്ടിട്ടുള്ളതും കണ്ടിട്ടുള്ളതും ആയ എല്ലാ സംഗതികളേയും എഴുതി എടുത്തു ബ്ലാത്തിക്കു മടങ്ങിപ്പോയി.

സെയർ ബ്ലാത്തിയിൽ ചെന്നു് ഇൻഡ്യയിൽ അന്നു നടന്നിരുന്ന സംഗതികളെപ്പറ്റി പാർലിമേണ്ടിൽ പ്രസംഗിച്ചു. എന്നാൽ സാമാജികന്മാരിൽ വളരെ പേർ ഇദ്ദേഹം പറഞ്ഞതിനെ സമ്മതിച്ചില്ല. ആ വർഷംതന്നെ ഈ സംഗതിയെപ്പറ്റി അന്വേഷണം നടത്തുന്നതിന്നു് ഒരു സംഘത്തെ ഏർപ്പെടുത്തി. ഈ സംഘം അധികം താമസിക്കാതെ ഇതിനെപ്പറ്റി തെളിവെടുത്തു പാർലിമേണ്ടിലേക്കു റിപ്പോർട്ടുചെയ്തു. ആ ഇടയ്ക്കു ലക്ഷ്മിനരസുവും നാട്ടുകാരെക്കൊ

ണ്ടു് മദിരാശിയിൽനിന്നു് ഒരു ഫർജി അയപ്പിച്ചു. പാർ ളിമെണ്ടു് മദിരാശിയിൽ ഇങ്ങനെ ജനസമ്മതം ചെയ്യുവ ന്നിരുന്ന നടപ്പിനെ തിരസ്കരിച്ചു.

ഫ്രഞ്ചുകാർ മദിരാശിയിലെ 'സ്വദേശിയസമജ്ഞം' ലക്ഷ്മിനരസുവിന്റെ ഉപദേശപ്രകാരം തെക്കെ ഇൻഡ്യയിലെ നിവാസികളുടെ സങ്കടനിവൃത്തിക്കുവേണ്ടി പാർല്ലി മേണ്ടിലേക്കു് ഒരു ഫർജി അയച്ചു. അതിൽ അവർക്കുണ്ടായി രുന്ന സങ്കടങ്ങളുടെ കാരണങ്ങളേയും അവരുടെ ആവശ്യ ങ്ങളേയും വിസ്തരിച്ചു പറഞ്ഞിരുന്നു. ജോൺ ബ്രൈറ്റു മു തലായ മഹന്മാർ ഇതിന്നനുകൂലമായിട്ടാണു് അഭിപ്രായ പ്പെട്ടതു്. ഫ്രഞ്ചുകാർ, ഏകദേശം പതിനാലായിരം ആളു കളെക്കൊണ്ടു് കൊച്ചിടവിച്ചു് ഇൻഡ്യയിലെ രാജ്യഭരണം ബ്രിട്ടിഷു ഗവർമ്മേണ്ടിന്റെ കീഴിലാക്കുവാൻ വേണ്ടി, ലക്ഷ്മി നരസു വേറെ ഒരു ഫർജ്ജി അയച്ചു. വലിയ കലാപത്തോടു കൂടി 'ഇൗസ്റ്റ് ഇൻഡ്യാകമ്പനി'യെ നിഷ്കർഷ ചെയ്തു്, ഇൻഡ്യയിലെ രാജ്യഭരണം ബ്രിട്ടിഷു ഗവർമ്മേണ്ടിന്റെ കീ ഴിൽ തന്നെയാക്കി.

ഈ കാലത്തു ലക്ഷ്മിനരസുവിനെ പലരും തെറ്റിദ്ധരി ക്കുകയും, ഇദ്ദേഹത്തെ കുറ്റം പറയുകയും ചെയ്തിരുന്നു. മദ്രാ സു ഗവർമ്മേണ്ടിലെ വലിയ ചില അധികാരികൾ ഇദ്ദേഹ ത്തെ ഒരു രാജദ്രോഹിയായിട്ടാണു വിചാരിച്ചിരുന്നതു്. അ തുകൊണ്ടു് ഇദ്ദേഹത്തിന്റെ പ്രവൃത്തികളെ എല്ലാം സൂക്ഷ്മ മായി അറിയുവാൻവേണ്ടി പോലീസ്സുകാരെ ഏർപ്പെടുത്തിയി രുന്നു. ഇദ്ദേഹത്തിന്റെ പ്രസംഗങ്ങളിലും അവർ പ്രത്യേകം ദൃഷ്ടിവെച്ചിരുന്നു.

ഫ്രഞ്ചുകാരുടെ സൈന്യങ്ങളുടെ കലഹം കഴിഞ്ഞതി ന്റെ ശേഷം, ലക്ഷ്മിനരസു 'സ്വദേശിയസംഘ'ത്തിന്റെ അ ദ്ധ്യക്ഷന്റെ നിലയിൽ, ഗവർമ്മേണ്ടു ഹിന്തുക്കളുടെ മതസം ബന്ധമായ കാര്യങ്ങളിൽ പ്രവേശിക്കാതെ ഇരിക്കുന്നതിന്നു വേണ്ടി, ഇംഗ്ലാണ്ടിലേക്കു് ഒരു ഫർജ്ജി അയച്ചു. അതിന്നു്

അനുകൂലമായ ഒരു മറുവടിയും കിട്ടി. കാലക്രമത്തിൽ യൂറോപ്യന്മാരും കൂടി ഇദ്ദേഹത്തെ ബഹുമാനത്തോടും ആശ്ചര്യത്തോടുംകൂടി ആദരിച്ചുതുടങ്ങി. ഈ മഹാൻ തന്റെ രാജ്യത്തിനു വേണ്ടി വളരെ യത്നിച്ചിട്ടുള്ളതുകൊണ്ടു, ഗവർമ്മേണ്ടു് ഇദ്ദേഹത്തിനു സി. എസ്സ്. ഐ.' എന്ന സ്ഥാനം കൊടുത്തു. ൧൮൬൮-ൽ ഇദ്ദേഹത്തെ നിയമനിർമ്മാണസഭയിലെ ഒരു സാമാജികനായി നിയമിച്ചു.

മൈസൂർ രാജ്യം നാട്ടുരാജാവിനു മടക്കിക്കൊടുക്കാത്തപക്ഷം, ഇംഗ്ലീഷുകാക്കും നൈസാമിനുംകൂടി പങ്കിട്ടെടുക്കാമെന്നു് അവർ തമ്മിൽ ഒരു ഉടമ്പടിയുണ്ടായിരുന്നു. ലക്ഷ്മിനരസു മൈസൂരിൽ പോയി, ഒരു കുട്ടിയെ ദത്തെടുക്കുവാനും, തന്റെ രാജ്യം മടക്കിത്തരുവാൻ ഇംഗ്ലീഷുകാരോടു് അപേക്ഷിക്കുവാനും മൈസൂർ രാജാവിനോടു് ഉപദേശിച്ചു. പിന്നെ ഇദ്ദേഹം ഹൈദരാബാദിൽ പോയി അവിടുത്തെ മന്ത്രിയായ സാലർജങ്ങു് എന്ന മഹാനെക്കൊണ്ടു്, മൈസൂർ രാജാവിനു രാജ്യം കൊടുക്കാത്തപക്ഷം, നൈസാമിനും ആ രാജ്യത്തിന്റെ ഒരു ഭാഗം കൊടുക്കേണ്ടതാണെന്നു പറയിപ്പിച്ചു. അതു നിമിത്തം ഇംഗ്ലീഷുകാർ മൈസൂർ രാജാവിനു തന്നെ രാജ്യം മടക്കിക്കൊടുത്തു. നോർട്ടന്റെ സഹായത്തോടുകൂടി ലക്ഷ്മിനരസു തഞ്ചാവൂർ രാജാവിന്റെ വിധവകളെ നല്ല സ്ഥിതിയിലാക്കുവാനും, കർണ്ണാടകരാജ്യത്തെ രാജാവിന്റെ കുടുംബത്തിലെ അരിഷ്ടതകളെ തീർക്കുവാനും യത്നിച്ചു.

ഇതിനിടയ്ക്കു ലക്ഷ്മിനരസു ഒരു ദരിദ്രനായിത്തീർന്നു. 'ക്രിസന്റ്' എന്ന പത്രം നടത്തുവാൻ തന്നെ ഇദ്ദേഹത്തിനു വളരെ പണം ചിലവായിരുന്നു. ധനമില്ലായ്കകൊണ്ടു് ഈ പത്രം നിർത്തൽ ചെയ്യേണ്ടിവന്നു. ഇദ്ദേഹത്തിന്റെ പുത്രന്റെ കീഴിൽ നടത്തിവന്നിരുന്ന കച്ചവടവും നഷ്ടത്തിൽ അകപ്പെട്ടു. ൧൮൭൮-ൽ ഇദ്ദേഹം പരലോകം പ്രാപിക്കുകയുംചെയ്തു.

ഇദ്ദേഹത്തെപ്പോലെ നാട്ടുകാക്കുവേണ്ടി ബുദ്ധിമുട്ടിയിട്ടുള്ളവർ വളരെ ചുരുക്കമാണ്. നാർട്ടൻ സായ്പ് ഇദ്ദേഹത്തിന്റെ വിശിഷ്ടഗുണങ്ങളായ ഉണ്മകളെക്കുറിച്ചു പലപ്പോഴും പ്രശംസിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ സ്മാരകമായി പച്ചപ്പാസ്ഹാളിൽ ഇദ്ദേഹത്തിന്റെ ഒരു ഛായ എടുത്തു വെക്കുകയും, പ്രസിഡൻസി കോളജിൽ ഇദ്ദേഹത്തിന്റെ പേരിൽ സംസ്കൃതത്തിന്നു് ഒരു സമ്മാനം ഏർപ്പെടുത്തുകയും ചെയ്തു. ഇദ്ദേഹം വളരെ പഠിച്ചറിവുള്ളവനും, അതിബുദ്ധിമാനും ആയ ഒരു സ്വദേശാഭിമാനിയായിരുന്നു. ഇദ്ദേഹത്തിന്റെ ബുദ്ധിവൈഭവത്തെയും സമ്പത്തിനേയും ജനങ്ങളുടെ ഉപകാരത്തിന്നു വേണ്ടിയാണു സമർപ്പിച്ചതു്. ഇദ്ദേഹത്തിന്റെ മരണത്താൽ നാട്ടുകാർക്കു നേരിട്ടതായ നഷ്ടം തീർക്കുവാൻ കഴിയുന്നതല്ലെന്നു് എല്ലാവർക്കും സമ്മതമായിരുന്നു.

സ്ത്രീകളെ വിദ്യ അഭ്യസിപ്പിക്കേണമെന്നായിരുന്നു ലക്ഷ്മിനരസുവിന്റെ അഭിപ്രായം. അദ്ദേഹത്തിന്റെ സ്വന്ത ചിലവിന്മേൽ തന്നെ പല പെൺപള്ളിക്കൂടങ്ങളെ ഇദ്ദേഹം സ്ഥാപിച്ചു. വിധവകൾ രണ്ടാമതും കല്യാണം കഴിക്കുന്നതിന്നു് അവരെ ഇദ്ദേഹം ഉത്സാഹിപ്പിച്ചിരുന്നു. വിദ്വാന്മാരോടുള്ള സംസർഗ്ഗം ഇദ്ദേഹത്തിന്നു വളരെ ഇഷ്ടമായിട്ടുള്ളതായിരുന്നു. ദരിദ്രന്മാരായ പല വിദ്യാർത്ഥികളേയും ഇദ്ദേഹം സഹായിച്ചിട്ടുണ്ട്. ഇദ്ദേഹത്തിന്റെ ജീവിതത്തേയും സമ്പത്തിനേയും തന്റെ നാട്ടുകാരുടെ സ്ഥിതിയെ ഉയർത്തുന്നതിന്നുതന്നെയാണു ഇദ്ദേഹം ഉപയോഗിച്ചിരുന്നതു്. ഇദ്ദേഹത്തിന്റെ നാമം തെക്കേ ഇൻഡ്യയിലുള്ളവർ എന്നും നന്ദിയോടുകൂടി സ്മരിച്ചുകൊണ്ടിരിക്കുന്നതാകുന്നു.

സർ ശേഷയ്യാശാസ്ത്രി.

തഞ്ചാവൂർ ഡിസ്ട്രിക്ടിൽ, കാവേരിയുടെ ഒരു മുഖമായ വെട്ടാറിന്റെ കരയിൽ അമരാവതി എന്നൊരു ഗ്രാമമുണ്ട്. അവിടത്തെ അഗ്രഹാരത്തിൽ, ക്രി.വ. ൧൮൫൦ മാർച്ച് മാസം ൨൨-൦൦നു, ശേഷയ്യാശാസ്ത്രി ജനിച്ചു. ഇദ്ദേഹത്തിന്റെ അച്ഛൻ അമരാവതിയിലും അതിനടുത്ത മറ്റു ചില ഗ്രാമങ്ങളിലും വാദ്ധ്യാർപ്പണി എടുത്തിരുന്ന ഒരു വൈദികബ്രാഹ്മണനായിരുന്നു. ശേഷയ്യാശാസ്ത്രി ഇദ്ദേഹത്തിന്റെ ആറു പുത്രന്മാരിൽ അഞ്ചാമത്തെ ആളായിരുന്നു. ദിവസവൃത്തി കഴിച്ചുകൂട്ടുന്നതിനല്ലാതെ, വാദ്ധ്യാർക്കു തന്റെ പുത്രന്മാർക്കു വേണ്ടുന്ന വിദ്യാഭ്യാസം കൊടുക്കുന്നതിനും മറ്റും വലിയ സമ്പത്തൊന്നും ഉണ്ടായിരുന്നില്ല.

എന്നാൽ ശേഷയ്യാ ശാസ്ത്രിയുടെ അമ്മാമനായി ഗോപാലയ്യൻ എന്നൊരു രത്നക്കച്ചവടക്കാരൻ മദിരാശിയിൽ ഉണ്ടായിരുന്നു. ശേഷയ്യനെ ഗോപാലയ്യൻ പരിപാലിച്ചു പഠിപ്പിച്ചുകൊള്ളാമെന്നു പറഞ്ഞു മദിരാശിക്കു കൂട്ടിക്കൊണ്ടുപോയി. അമ്മയ്ക്കു് ഈ മകനെ പിരിഞ്ഞിരിക്കുന്നതിനു വലിയ വിസമ്മതമുണ്ടായിരുന്നു എന്നു പറയേണ്ടതില്ലല്ലൊ.

ശേഷയ്യൻ ഒരു മുതലിയാരുടെ അടുക്കൽ കുറച്ചു തമിഴും റൊഡ്രിഗ്സ് എന്നൊരു പറങ്കിയുടെ അടുക്കൽ ഇംഗ്ലീഷും കണക്കും പഠിച്ചു.

ഇപ്പോൾ ക്രിസ്ത്യൻകാളേജ് എന്നു പ്രസിദ്ധമായിത്തീർന്നിട്ടുള്ള ആ പാഠശാലയുടെ മൂലമായ സ്കൂൾ തുടങ്ങിയതു് ക്രി.വ. ൧൮൫൯ ഏപ്രിൽമാസത്തിലായിരുന്നു. അതിന്റെ ജന്മഹേതു ആൻഡർസൻപാതിരിയായിരുന്നു. ഈ സ്കൂൾ തുറന്നതോടുകൂടി ശേഷയ്യൻ അതിൽ ചെന്നുചേർന്നു.

എന്നാൽ ഇവിടെ അധികകാലം ശേഷയ്യനു പഠിപ്പാൻ സംഗതിവന്നില്ല. ക്രി.വ. ൧൮൬൦-ൽ, ഈ പള്ളിക്കൂടത്തിലെ ചില കുട്ടികൾ ക്രിസ്തുമതത്തെ അംഗീകരിക്കുക കാര

ണം, ഇതിനെ പല കുട്ടികളും വിട്ടുപിരിഞ്ഞതോടുകൂടി ശേഷയ്യനും ഇതിൽനിന്നു പോയി.

ഫ്രഞ്ച് എപ്പിസ്കോപ്പൽ, മിഷനറിമാരുടെ വകയായി ഒരു ഹൈസ്കൂൾ ആരംഭിച്ചു. ഇതാകുന്നു കാലാന്തരത്തിൽ പ്രസിദ്ധമായ പ്രസിഡൻസികാളേജ് ആയിത്തീർന്നത്. ഹൈസ്കൂളിലെ ആദ്യത്തെ ഹെഡ്മാസ്റ്റർ ആയിരുന്ന പെയ്വൽസായ്പിന്റെ ശിലാപ്രതിമ പ്രസിഡൻസികാളേജിനു് ഇന്നും ഒരു അലങ്കാരമായി ശോഭിച്ചുകൊണ്ടിരിക്കുന്നു.

ഒരു ഉത്തമനായ ഉപദേഷ്ടാവിനു വേണ്ട സകല ഗുണങ്ങളും ഇദ്ദേഹത്തിനു പൂർത്തിയായി ഉണ്ടായിരുന്നു. വിദ്വത്വം, അന്യാദൃശമായ പരിശ്രമശീലം, പഠിപ്പിക്കുന്നതിനുള്ള സാമർത്ഥ്യം, ശിഷ്യന്മാരോടു കാണിച്ചുവന്ന സ്നേഹം, ഇവക്കു് ഔന്നത്യം വരുവാനായി ഇദ്ദേഹം ചെയ്തുകൊണ്ടിരുന്ന പ്രയത്നം എന്നിവകളെക്കൊണ്ടു പെയ്വൽസായ്പ് അനന്യസാധാരണമായ യശസ്സിനെ സമ്പാദിച്ചിട്ടുണ്ട്. രംഗനാഥശാസ്ത്രി, മാധവരായർ, രാമയ്യങ്കാർ, രംഗാചാർലു, ശേഷയ്യാശാസ്ത്രി എന്നിവർ ഈ ഹൈസ്കൂൾവഴിക്കിഞ്ഞി സമ്പാദിച്ചവരും ഹൈസ്കൂളിനു് ഒരു വിശേഷമാഹാത്മ്യം ഉണ്ടാക്കിട്ടുള്ളവരും ആകുന്നു. ഇവർക്കു പെയ്വൽസായ്പിന്റെ പേരിൽ ഉണ്ടായിരുന്ന സ്നേഹവും ബഹുമാനവും എത്രയാണെന്നു വിചാരിക്കുവാൻ പ്രയാസമാകുന്നു.

ഹൈസ്കൂളിൽ ചേർന്ന ഉടനെ ശമ്പളം കൊടുപ്പാൻ ശേഷയ്യനു വകയില്ലെന്നറിഞ്ഞു്, അതു പെയ്വൽസായ്പു കൊടുത്തുവന്നു. എന്നാൽ കുറച്ചുകാലം കഴിഞ്ഞപ്പോഴേയ്ക്കും, ശമ്പളത്തിനു മാത്രമല്ല, മാത്തിലെ ചിലവിനും അയപ്പാൻകൂടി ശേഷയ്ക്കു സമ്പാദ്യം ഉണ്ടായിത്തുടങ്ങി. ഫ്രഞ്ച്-ൽ പരീക്ഷകളിലെല്ലാം പ്രശംസാവഹമായ വിധത്തിൽ ജയിച്ചു ഹൈസ്കൂൾ വിട്ടതുവരെ, ശേഷയ്യൻ കിട്ടിട്ടുള്ള സമ്മാനങ്ങൾക്കു കണക്കില്ല. ഇദ്ദേഹം പഠിച്ചിരുന്ന ക്ലാസ്സുകളിൽ ഓരോ വിഷയങ്ങളിൽ ഒന്നാമനായി നിശ്ചയിച്ചിരുന്ന

സമ്മാനം ശേഷയ്യനല്ലാതെ വേറെ വല്ലവക്കും കിട്ടിട്ടുണ്ടോ എന്നു സംശയമാകുന്നു. ഇംഗ്ലീഷുഭാഷയിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പാണ്ഡിത്യം ഇംഗ്ലീഷുകാരെക്കൂടി വിസ്മയിപ്പിച്ചിട്ടുണ്ട്.

ശേഷയ്യാശാസ്ത്രി പഠിക്കുന്ന കാലത്തുതന്നെ വലിയൊരു ഉത്സാഹിയും നേരമ്പോക്കുകാരനുമായിരുന്നു. എന്നാൽ പഠിക്കേണ്ട സമയത്തു കളിക്കുകയോ കളിപ്പാനായി നിശ്ചയിച്ചിട്ടുള്ള സമയത്തു പഠിക്കുകയോ ഇദ്ദേഹം ഒരിക്കലും ചെയ്തിരുന്നില്ല. സാരവത്തും രസകരവും ഫലിതമയവും ആയ ഇദ്ദേഹത്തിന്റെ സംഭാഷണംകൊണ്ട് ഇദ്ദേഹം പല സഭകളുടേയും ജീവനായിരുന്നു. എല്ലാ കച്ചാരിച്ചട്ടങ്ങളെയും തീരെ ഗണിക്കാത്തതായും നീചവിചാരങ്ങൾ അടുക്കാത്തതായും ഉള്ള ഒരു ധൈര്യമുള്ള മനസ്സ് ഇദ്ദേഹത്തിന്റെ ചെറുപ്പംമുതൽക്കുതന്നെ പ്രകാശിച്ചുകൊണ്ടിരുന്നു.

മദിരാശിക്കുപോന്ന ഉടനെ ശാസ്ത്രിയുടെ അച്ഛനും ഫ്വർട്ടൽ ഗോപാലയ്യനും മരിച്ചു. തന്റെ മറ്റൊരു അമ്മാമനായ രാമസ്വാമി അയ്യന്റെ മകൾ സുന്ദരി അമ്മാളെ ഇദ്ദേഹം ഫ്വർട്ടൽ വിവാഹം കഴിച്ചു.

ഫൈനാൻഷ്യൽ വിട്ടതിനുശേഷം, ഒരു പണി കിട്ടേണ്ടതിലേക്കു മൺറോസായ്പിന്റെ പടിക്കൽനിന്നു ശേഷയ്യാശാസ്ത്രി വളരെ ബുദ്ധിമുട്ടി. അതുകൊണ്ടൊന്നും ഫലമുണ്ടായില്ല. ഒടുക്കം ജാഞ്ഞു നോർട്ടൻസായ്പിന്റെ ദയകൊണ്ടു റവന്യൂബോർഡ് ആപ്പീസിൽ ഫൊർത്ത് ഗ്രേഡ് ശമ്പളത്തിനു ഒരു ക്ലർക്കുപകരമായി ശാസ്ത്രിയെ വെച്ചു. കാലതാമസംകൂടാതെ അവിടെത്തന്നെ ഫർസ്റ്റ് ഗ്രേഡ് ഒരു ഗുമസ്തന്റെ പണി കിട്ടി. ശേഷയ്യാശാസ്ത്രിയുടെ സതീർത്ഥ്യന്മാരിൽ സദാശിവൻപിള്ള, ദീനദയാലുനായഡു, രാമയ്യങ്കാർ, മാധവരായർ എന്നിവരും ആ ഡിപ്പാർട്ടുമെന്റിൽ പണിയുണ്ടായിരുന്നു. ജോലിത്തിരക്കൊഴിഞ്ഞാൽ, ഇവരെല്ലാവരുംകൂടി പല കാര്യങ്ങളേയും സംബന്ധിച്ചു സംസാരിക്കുക പതിവായിരുന്നു.

തന്റെ സ്നേഹിതന്മാരുമായിട്ടുള്ള സഹവാസം ശാസ്ത്രിക്ക് അധികം നാൾ അനുഭവിപ്പാൻ സംഗതിവന്നില്ല.

അക്കാലത്തു മദിരാശി സംസ്ഥാനത്തിന്റെ പൂർവ്വോത്തരഭാഗത്തുള്ള ജില്ലകളിൽ പല അഴിമതികളും നടന്നിരുന്നു. കരുംകൂടി ശരിയായി പരിപ്പാൻ സാധിച്ചിരുന്നില്ല എന്നുമാത്രമല്ല, അവിടങ്ങളിലെ പല ഉദ്യോഗസ്ഥന്മാരെപ്പറ്റി പല ആക്ഷേപങ്ങളും നടന്നിരുന്നു. ഇതിന്റെ പരമാർത്ഥം അറിയുന്നതിനും മേലിൽ സർക്കാർകാര്യങ്ങൾ ശരിയായി നടക്കുവാൻ വേണ്ട പരിപാടികൾ ചെയ്യുന്നതുമായി സർ വാൾട്ടർ എലിയട്ടിനെ ഗവർമ്മെണ്ടിൽനിന്നു് ഒരു കമിഷണരായി നിയമിച്ചയച്ചു: എലിയട്ടു സായ്പിന്റെ കൂടെ ശേഷയ്യനും പോകേണ്ടിവന്നു.

ശേഷയ്യന്റെ പരിപ്പും വിനയവും ഇദ്ദേഹം പണിയിൽ കാണിച്ച സാമർത്ഥ്യവും നിമിത്തം സായ്പിനു് ശാസ്ത്രിയുടെ പേരിൽ വളരെ തൃപ്തിതോന്നി, ക്രമേണ, ശാസ്ത്രിക്കു മസൂലിപട്ടണത്തിലെ തഹശിൽദാരുടെ പണി കൊടുത്തു.

അക്കാലത്തു് ഒരു തഹശിൽദാർക്കു് ഇന്നത്തെ ഒരു കലക്ടരുടെ അവസ്ഥയുണ്ടായിരുന്നു. ആ ഉദ്യോഗസ്ഥന്റെ അധികാരസ്ഥലത്തു് ആ ദിവസത്തിനെ ഒരു ദേവനെ എന്നപോലെ ആളുകൾ പൂജിച്ചുവന്നു. സങ്കീർത്തനങ്ങൾ ഘോഷയാത്രകളായിരുന്നു. തഹശിൽദാർ, സത്യധർമ്മാദി ഗുണങ്ങളെ അത്ര ഗണിക്കാത്തവരാണെങ്കിൽ, ആയാൾക്കു് അന്യായലാഭത്തിനു നല്ല വഴിയുമുണ്ടായിരുന്നു. മസൂലിപട്ടണത്തിൽ കൈക്കുലിയും കൂലവും കൊള്ളയും കുറെ അധികമായിത്തീർന്നതുകൊണ്ടാണു് അവിടേക്കു ശേഷയ്യരെ വെച്ചതു്. ഇദ്ദേഹം പണിയിൽ പ്രവേശിച്ചതോടുകൂടി അതെല്ലാം തീരെ നിന്നു. കച്ചേരി രാത്രി ചെയ്തിരുന്ന പതിവു നിർത്തി, അതു പകലാക്കി, കയ്യിട്ടുകൊണ്ടിരുന്ന ഇദ്ദേഹത്തെ എഴുതിത്തുടങ്ങി. വക്കീലന്മാരുടെ സങ്കടങ്ങളെ നേരിട്ടു കേട്ടു് അവരെ സമാ

ധാന്യപ്പെട്ടുത്തുക പതിവായി; അവിടെ പലകളവുകളും ചെയ്തു നടന്നിരുന്നവരെ പിടിച്ചു കഠിനമായിശിക്ഷിച്ചു. ഇതെല്ലാംകൊണ്ടു ജനങ്ങൾക്കും ശേഷയ്യരുടെ മേലധികാരികൾക്കും വളരെ സന്തോഷമായി.

ഫ്രഞ്ചുവർ ശേഷയ്യർ മസൂലിപട്ടണത്തിലെ ഒരു കാനേഷുമാരി കണക്കെടുത്തു. ഈ കണക്കു് എടുക്കുന്നതുകൊണ്ടുള്ള ഗുണങ്ങളെ കണ്ടു ഫ്രഞ്ചുകാർ ആകുന്ന ഇൻഡ്യാഗവർമ്മേണ്ടു് ആദ്യമായി ഈ കണക്കു് എടുക്കൽ നടപ്പാക്കിയതു്.

ശേഷയ്യർ തന്റെ പണിയിൽ കാണിച്ച ഉത്സാഹവും സാമർത്ഥ്യവും കൃത്യനിഷ്ഠയും എല്ലാം പെരുതെ പോയില്ല. ഫ്രഞ്ചുകാർ ഇദ്ദേഹത്തിനെ വിശാഖപട്ടണത്തിലെ കലക്ടരുടെ ഹെഡ് ശിരസ്തായായി നിശ്ചയിച്ചു. ശിരസ്ത എന്നവെച്ചാൽ, കലക്ടരുടെ വിശ്വസ്തനായ മന്ത്രിയും വാസ്തവത്തിൽ ആ ജില്ലയെ ഭരിക്കുന്ന ആളും എന്നു പറയാം.

ശേഷയ്യർ ശിരസ്തദാരായ ഉടനെ കലക്ടരുടെ കച്ചേരിയിലും തന്റെ കീഴുദ്യോഗസ്ഥന്മാരുടെ കീഴിലുള്ള സകല കച്ചേരികളിലും പണി എടുക്കുന്ന സമയം രാത്രിയല്ലാതെ പകൽ മുഴുക്കിയതുകൊണ്ടു വിളക്കുവെയ്പിനുള്ള ഒരു എണ്ണത്തിൽതന്നെ സർക്കാരിലേക്കു് അനേകായിരം രൂപ ആദായമുണ്ടായി. ഈ മാർഗ്ഗം ജനങ്ങൾക്കു് എത്ര ഉപകാരപ്രദമായിത്തീർന്നു എന്നു പറയേണ്ടതില്ലൊ.

ശേഷയ്യർ തന്റെ കലക്ടരുടെ കീഴിലുള്ള സകലഉദ്യോഗസ്ഥന്മാരും ശരിയായി പണിയെടുക്കുന്നുണ്ടോ എന്നു പ്രത്യേകം സൂക്ഷിക്കുകയും നല്ലവരെ പലപ്രകാരത്തിലും സഹായിക്കുന്നതിൽ കഴിയുന്നതും ശ്രമിക്കുകയും ചിത്തവരെ പിരിച്ചയക്കുന്നതിൽ യാതൊരു ദാക്ഷിണ്യം കാണിക്കാതിരിക്കുകയും ചെയ്തു.

അക്കാലത്തു് അതാതു ദിക്കിൽ കൃഷി ചെയ്തുവന്നിരുന്ന ധാന്യത്തെയായിരുന്നു നികുതിയായി വസൂൽ ചെയ്തിരു

ന്നതു്. ഇതു കാരണം സർക്കാരിലേക്കും ജനങ്ങൾക്കും വളരെ നഷ്ടം നേരിട്ടിരുന്നതിനുപുറമെ, പിഴിക്കുന്നവരും പലവിധം ബുദ്ധിമുട്ടുകളിൽ അകപ്പെട്ടിരുന്നു. ശേഷയ്യരുടെ ഉത്സാഹത്തിനാൽ ഈ നടപ്പു നിന്ന്, നികുതി പണമായി പിരിച്ചുതുടങ്ങി.

ഈവക പ്രവൃത്തികളാൽ ഇദ്ദേഹത്തെ ജനങ്ങളും മേലധികാരികളും സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്തുവന്നു എന്നതിൽ ആശ്ചര്യപ്പെടാനില്ല. കരിക്കൽ മാധവരായർ എഴുതിയിരുന്നപ്രകാരം 'ഇത്ര സമർത്ഥനും സാതപികനും സത്യവാനും ദയാലുവും ആയ ഒരാളെ ഇദ്ദേഹത്തിന്റെ മേലധികാരികൾ അധികമായി സ്നേഹിക്കുകയും മാനിക്കുകയും ചെയ്യാതിരിക്കയില്ല'.

ഭവനത്തിൽ കച്ചേരികാര്യങ്ങളെ സംബന്ധിച്ചു സംസാരിപ്പാൻ ഭാര്യയെയും ഇദ്ദേഹം അനുവദിച്ചിരുന്നില്ല. ഔദ്യോഗികകൃത്യങ്ങളെക്കുറിച്ചു് ഇദ്ദേഹത്തിനു യാതൊരു ക്ലേശവുമുണ്ടായിരുന്നില്ല. അതെല്ലാം ഭാര്യ നോക്കിപ്പോന്നു. കച്ചേരിയിൽനിന്നു വന്നാൽ, കുറഞ്ഞതു മണിക്കൂറുനേരം ഒരു പണ്ഡിതന്റെ അടുക്കൽ ഓരോ സംസ്കൃതഗ്രന്ഥങ്ങളെ രസമായി വായിക്കുക പതിവായിരുന്നു. മരിക്കുന്നതുവരെ ഇതിനൊരു മാറ്റവുമുണ്ടായില്ല.

൧൮൫൩-ൽ ഇദ്ദേഹത്തിന്റെ ഉത്സാഹത്തിനാൽ മസൂലിപട്ടണത്തിൽ ഒരു ഹൈസ്കൂൾ സ്ഥാപിച്ചു. ൧൮൫൯ വരെ ശേഷയ്യർ ഈ സ്കൂൾസംബന്ധമായ നിർവ്വാഹകസംഘത്തിലെ അദ്ധ്യക്ഷനായിരുന്നു. ഈ സ്കൂളിനെപ്പറ്റി ൧൮൫൮-ൽ അന്നത്തെ ഗവർണ്ണരായിരുന്ന സർ ആർതർ ഹാവലോക്ക് ഇപ്രകാരം പറകയുണ്ടായി. "ഈ സ്കൂളിന്റെ കാര്യത്തിൽ ഞാൻ താല്പര്യം വെക്കുവാൻ മറ്റു കാരണങ്ങളൊന്നും ഇല്ലെങ്കിലും, ഇതു് എന്റെ സ്നേഹിതൻ ശേഷയ്യാശാസ്ത്രി സ്ഥാപിച്ചതാണെന്നുള്ള ഏകകാരണം മതിയായുന്നതാകുന്നു. കുറച്ചു ചില ആഴ്ചകൾക്കു മുമ്പു കുംഭ

കോണത്തുള്ള അദ്ദേഹത്തിന്റെ സ്വന്തഭവനത്തിൽ വെച്ചു ശേഷയ്യാശാസ്ത്രിയുടെ പരിചയം ലഭിക്കുവാൻ എനിക്കു സംഗതിയായി. ഒരു മണിക്കൂറിലധികം അദ്ദേഹത്തിന്റെ പാദസന്നിധിയിലിരുന്നു തെക്കേ ഇൻഡ്യയിലെ രാജ്യതന്ത്രവിഷയങ്ങളായും മറ്റുമുള്ള വിഷയങ്ങളെ സംബന്ധിച്ചു അത്യന്തം ഉപകാരപ്രദമായ അറിവു സമ്പാദിപ്പാൻ എനിക്കു സംഗതിയായി."

ട്രവൻകൂർ ശേഷയ്യരെ ഒരു ഡെപ്യൂട്ടി കലക്ടരായും ട്രവൻകൂർ സാഗ്രഫ ശബ്ദമഞ്ജരിക്കുടി ഇനാം കമിഷണരുടെ അസിസ്റ്റന്റായും നിശ്ചയിച്ചു.

ശാസ്ത്രിമാരായി, ശാമധാനിമാരായി, വേദവിദ്വാന്മാരായി, വിദ്വാന്മാരായിട്ടുള്ള ബ്രാഹ്മണക്കായിക്കൊണ്ടു പണ്ടുള്ള രാജാക്കന്മാർ നിലവും പറമ്പും ചിലസമയം ഒരു ഗ്രാമസ്ഥലം മുഴുവനും കരൊഴിവായി കൊടുക്കാറുണ്ടു്. ഇങ്ങനെയുള്ള പുണ്യശ്ലോകന്മാർ അവരുടെ സമയത്തെ ജ്ഞാനത്തെ സമ്പാദിപ്പാനും അവരുടെ അറിവിനെ ലോകത്തിൽ കഴിയുന്നത്ര പ്രചരിപ്പിക്കുവാനും ഉപയോഗിച്ചു. ഇങ്ങനെ കൊടുത്തിട്ടുള്ള വസ്തുക്കൾ ഏതെല്ലാമെന്നും അവ അങ്ങനെ കൊടുപ്പാൻ ശരിയായി അധികാരമുള്ളവരാണോ കൊടുത്തിട്ടുള്ളതെന്നും തീർച്ചയാക്കി കരം കഴിവാക്കി കൊടുക്കേണ്ടവയെ അങ്ങനെ ചെയ്യാനും അല്ലാത്തവയുണ്ടെങ്കിൽ അവയ്ക്കു കരം പതിപ്പാനും മറുമായിട്ടാകുന്നു ഈ ഇനാം കമിഷ്യൻ ഏർപ്പെടുത്തിയതു്.

ഇതു് അവസാനിച്ചതോടുകൂടി, ശേഷയ്യരുടെ അപേക്ഷപ്രകാരം ഇദ്ദേഹത്തിനു തഞ്ചാവൂർക്കു് ഒരു മാറ്റം കിട്ടി. അവിടെ ഇരിക്കുമ്പോൾ അചിരത്തെ നഗരശുചീകരണത്തിൽ ഇദ്ദേഹം പ്രത്യേകം മനസ്സുവെച്ചു് ഉള്ള വഴികളെ നന്നാക്കിക്കുകയും വളരെ വഴികളെ പുതുതായി ഉണ്ടാക്കിക്കുകയും ശിവഗംഗയിൽനിന്നു കുടിപ്പാനുള്ള വെള്ളം കൊണ്ടുവന്നിരുന്നതോടിനെ പുതുക്കിയായി കെട്ടിക്കുകയും ചെയ്തു.

ക്രസ്തുവ്-ൽ ചരിത്രപ്രസിദ്ധയായ ഇദ്ദേഹത്തിന്റെ അമ്മ പരലോകം പ്രാപിച്ചു. അവരുടെ അന്ത്യകാലത്തിൽ ശേഷയ്യർ അടുത്തിരുന്ന് അവരുടെ സകലാഭീഷ്ടങ്ങളെയും സാധിപ്പിച്ചുകൊടുത്തു.

ക്രിസ്തുൻ-ൽ ക്ര000 രൂപ ശമ്പളത്തിന്മേൽ ശേഷയ്യാശാസ്ത്രിയെ റവന്യൂബോർഡിലെ ശിരസ്തദാരായി നിശ്ചയിച്ചു. ബോർഡിൽ ഇദ്ദേഹത്തിനുണ്ടായിരുന്ന പ്രവൃത്തി ഭാരമേറിയതും അത്യദ്ധ്വാനത്താൽ മാത്രം നിവൃത്തിച്ചുപോരാവുന്നതുമായിരുന്നു. ശേഷയ്യർ തന്റെ പണി ശരിയായി ചെയ്തിവസവും ചെകുന്നൂരമ്മുമ്പേഴ്സ്, ഫാർബ്രോവേ സായ്പ്, മുത്തുസ്വാമിഅയ്യർ, രാമയ്യങ്കാർ, രഘുനാഥരായർ, ചെൻസൽരായർ എന്നിവരായി സ്വൈരസല്ലാപത്തിനു കടൽപ്പുറത്തു തെയ്യാറായിരിക്കുക പതിവായിരുന്നു. എന്നാൽ ഇങ്ങനെ വളരെക്കാലം സുഖമായിരിപ്പാൻ സാധിച്ചില്ല.

ക്രിസ്തുവെ മേയ്മാസത്തിൽ ഇദ്ദേഹത്തിനെ തിരുവിതാംകൂർ ദിവാനായി നിശ്ചയിച്ചു. അന്നത്തെ മഹാരാജാവായിരുന്ന ആയില്യം തിരുനാൾ തമ്പുരാൻ സമർത്ഥനായിരുന്നു എന്നുള്ളതു ലോകസമ്മതമായിട്ടുള്ള കാര്യസംഗതിയാണല്ലോ. എന്നാൽ തനിക്ക് അഹിതമായി ആരും പറയുന്നതു് അവിടെയ്ക്കു് ഇഷ്ടമായിരുന്നില്ല. തന്റെ മന്ത്രി രാജ്യം നല്ലപോലെ ഭരിക്കുകയും തന്റെ ശാസനകളെ അനുസരിച്ചു പ്രവർത്തിക്കുകയും വേണമെന്നായിരുന്നു തിരുമനസ്സിലെ നിശ്ചയം. ശേഷയ്യാശാസ്ത്രിയുടെ ബുദ്ധിവൈഭവത്തിനും കൌശലത്തിനും ഈ വകയൊന്നും കാര്യവലിയ പ്രയാസമായി തോന്നിച്ചില്ല.

ശാസ്ത്രികൾ തിരുവനന്തപുരത്തു ചെന്ന ഉടനെ നടന്നതാഴെ വിവരിക്കുന്ന സംഭവം ഇദ്ദേഹത്തിന് അവിടെ നേരിട്ട വൈഷമ്യങ്ങളേയും ഇവയെ ദൂരീകരിക്കുന്നതിന് ഇദ്ദേഹം ഉപയോഗിച്ച പ്രത്യുപായങ്ങളേയും വിശദമായി കാണിക്കുന്നതാകുന്നു.

മഹാരാജാവിന്റെ സേവനാർത്ഥിട്ട് ഒരു ബ്രാഹ്മണനുണ്ടായിരുന്നു. അദ്ദേഹത്തിനു് എഴുതുവാനും വായിക്കുവാനും അറിഞ്ഞിരുന്നില്ലെങ്കിലും, അദ്ദേഹത്തിന്റെ മോഹം അവസ്ഥയും അധികാരവുമുള്ള ഒരു സർക്കാർ പണി കിട്ടേണമെന്നായിരുന്നു. മാധവരായരോട് ഇതിനെപ്പറ്റി തമ്പുരാൻ ഒന്നുരണ്ടു തവണ കല്പനയായി എങ്കിലും, അദ്ദേഹം അതിനെ കട്ടും ഗണ്യമാക്കിയില്ല. ശേഷയ്യാശാസ്ത്രി ചെന്ന ഉടനെ ഒരു മുൻസിപ്പു മഠിച്ചു. മരിച്ചാൽക്കു കണ്ണു കാണുമെന്നു പാടില്ലായിരുന്നു എങ്കിലും, അദ്ദേഹം നല്ല നിയമപരിജ്ഞാനമുള്ള ആളും, സത്യസന്ധനും സമർത്ഥനുമായിരുന്നു. ആ കഴിവിനു് മഹാരാജാവു നമ്മുടെ ബ്രാഹ്മണനെ വെച്ചു; തീർച്ചയും ശരിയായ വഴിക്കു് അദ്ദേഹത്തിനു് അയച്ചുകൊടുപ്പാൻ ദിവാനു് അയച്ചുകൊടുക്കുകയും ചെയ്തു.

ഇതു കിട്ടിയപ്പോൾ, ശേഷയ്യാശാസ്ത്രി ആലപ്പുഴയായിരുന്നു. ഇദ്ദേഹം ആ ബ്രാഹ്മണന്റെ പൂർവ്വാശ്രമത്തെപ്പറ്റി അന്വേഷിച്ചറിഞ്ഞു തീർച്ചയും സർക്കോടതിക്കയയ്ക്കാതെ പെട്ടിയിൽ വെച്ചു പൂട്ടി. ഒരാഴ്ച കഴിഞ്ഞതിനുശേഷം, ഇദ്ദേഹം തിരുവനന്തപുരത്തു ചെന്ന സമയം, ആ ബ്രാഹ്മണനെ വരുത്തി കുശലപ്രശ്നങ്ങളെല്ലാം കഴിഞ്ഞതിൽ പിന്നെ, 'പിഡിന്യായങ്ങൾ മലയാളത്തിലാണല്ലോ എഴുതേണ്ടതു്. അതു് എഴുതുവാനും വായിപ്പാനുമെങ്കിലും അങ്ങേക്കു് അറിയാമോ?' എന്നു ദിവാൻ ചോദിച്ചു. 'ഇല്ല. ഇരുപതു കൊല്ലമായി രണ്ടു കണ്ണും കാണാത്ത ആ മുൻസിപ്പു് എങ്ങനെ പണി എടുത്തിരുന്നു? എനിക്കു രണ്ടു കണ്ണിനും കാഴ്ചക്കുറവില്ലല്ലോ. ജഡ്ജി വിധിന്യായങ്ങളെല്ലാം എഴുതിത്തുടങ്ങിയാൽ രായസത്തിനു പിന്നെയെന്താ പണിയുണ്ടാവുക? പഠിപ്പും വായനയുമുള്ളവർക്കു പണി കിട്ടുവാൻ സേവ വേണ്ടല്ലോ. എന്നെപ്പോലെയുള്ള നിസ്സഹായന്മാർക്കല്ലേ അതു് ആവശ്യം. ഇത്രവളരെ നാൾ കാത്തുകെട്ടിക്കിടന്നു. സേവിച്ചിട്ടും ഒരു മഹാരാജാവിനു് ഇത്രമാത്രം എനിക്കു ചെയ്യാൻ

പ്രാപ്തിയില്ലെങ്കിൽ, അദ്ദേഹത്തിന്റെ ശക്തിക്കും പദവിക്കും എന്തൊരു വിലയാണുള്ളത്?' എന്നൊക്കെയും സ്വാമി രോഷിച്ചു തുടങ്ങി.

ബ്രാഹ്മണനു പഠിപ്പില്ലെങ്കിലും മിടുക്കനാണെന്നു ശാസ്ത്രിക്കു മനസ്സിലായി. പിന്നെ മഹാരാജാവിനെ കണ്ട സമയം, 'എന്താ, ശാസ്ത്രി, ആ തിട്ടൂരം ഇനിയും സദർ കോടതിക്കയയ്ക്കാഞ്ഞതു്? ഇത്ര നിസ്സാരമായ സംഗതിയിൽ ഇത്ര താമസമോ?' എന്നു തമ്പുരാൻ ദിവാനോടു കല്പിച്ചു ചോദിച്ചു.

'അതു കീറിക്കളയേണ്ടെന്നു ഞാൻ പ്രാർത്ഥിക്കുന്നു.'

'എന്തു്? എന്റെ തിട്ടൂരം ഞാൻ കീറിക്കളയുകയോ? ഇതു നല്ല കായ്യം! അതു ഞാൻ കൊടുക്കുന്നതോടുകൂടി പിൻവലിക്കുന്നതാണെങ്കിൽ, പിന്നെ എന്റെ വാക്കിനു് എന്തൊരു വിലയാണുള്ളതു്? പൌവ്വലിന്റെ ശിഷ്യന്മാരെല്ലാം എങ്ങനെയാണു് ഇങ്ങിനെ ഒരു തരത്തിൽ വന്നതു്?'

'ആ ബ്രാഹ്മണന്റെ സമ്മതംകൊണ്ടും ജനങ്ങളുടെ അഭിപ്രായപ്രകാരവും അദ്ദേഹം ഒരു മുൻസിപ്പു ഉദ്യോഗത്തിനു തീരെ അപ്രാപ്തനാണെന്നു കാണുന്നു. ആ സ്ഥിതിക്കു് അദ്ദേഹത്തിനെ വെക്കുന്നതു സ്വാമിയുടെ രാജ്യഭരണത്തിനു് ഒരു മാലിന്യമായി തീരുന്നതാകുന്നു. അദ്ദേഹത്തിനു തക്കതായ ഒരു പണി ഞാൻ കൊടുത്തുകൊള്ളാം'

'എങ്ങനെയാണതു്?'

'പദ്മനാഭസ്വാമി ക്ഷേത്രത്തിലെ അർത്ഥശാലയിൽ, തക്കതായ മേലനേഷണം ഇല്ലായ്കകൊണ്ടു്, അനവധി പണം വ്യർത്ഥമായി പോകുന്നുണ്ടെന്നും ആയതു കായ്യങ്ങളെ നോക്കുന്നതിനു് ആ ബ്രാഹ്മണനെ നിയോഗിക്കുന്നതു് ഉചിതമായിരിക്കു'മെന്നും ശാസ്ത്രി ബോധിപ്പിച്ചു. ഇതു തമ്പുരാനു വളരെ സമ്മതമായി പൌവലിന്റെ ശിഷ്യന്മാരെ സ്തുതിക്കുകയും ചെയ്തു.

ഈ വിധമുള്ള പല ദുഷ്കടഘട്ടങ്ങളേയും ശാസ്ത്രികൾ

മാനത്തോടുകൂടെ കടന്നു, ഫ്രഞ്ചുകാർ പണി രാജി വെച്ചതു കരെ ദിവാനുദ്യോഗം ഭരിച്ചു. ഇതിനിടയ്ക്കു രാജ്യത്തിലെ മുതലെടുപ്പു വർദ്ധിച്ചു; ഉദ്യോഗസ്ഥന്മാരുടെ പണിയും പ്രാപ്തിയുമറിഞ്ഞു് അവർക്കു യഥാവിധി ശമ്പളം കൂട്ടിക്കൊടുത്തതു കൊണ്ടും അവരുടെ ജോലി ശരിയായി നടന്നുവന്നതൊഴിയെന്നു നല്ലപോലെ മേലന്വേഷണം ചെയ്തുകൊണ്ടും രാജ്യഭരണം ക്രമമായി നിർവഹിച്ചു പോന്നു; അന്യായമായ നികുതികളെ നിർത്തൽ ചെയ്തു. ഉണ്ടായിരുന്ന വഴികളേയും ജലാശയങ്ങളേയും നന്നാക്കിക്കുകയും ആവശ്യമുള്ള ദിക്കുകളിൽ ഇവ ഇല്ലാതിരുന്നാൽ ഉണ്ടാക്കിക്കുകയും ചെയ്തു. ക്ഷേത്രങ്ങളിലേയും ഊട്ടുകളിലേയും പല അഴിമതികളേയും നിർത്തൽ ചെയ്തു, വിദ്യാലയങ്ങൾക്കു സർക്കാരിൽനിന്നു സഹായധനം കൊടുത്തു തുടങ്ങി; എന്നുവേണ്ടാ, മഹാരാജാവും ഇദ്ദേഹവുമായി പലപ്പോഴും സംവേചിയില്ലായിരുന്നിട്ടു ഇദ്ദേഹത്തിനാൽ കഴിയുന്നവിധം രാജ്യത്തിനു ഗുണം ചെയ്വാൻ ഇദ്ദേഹം ശ്രമിച്ചിട്ടുണ്ടു.

ഈ ഉദ്യോഗത്തിൽനിന്നു പിരിഞ്ഞ ഉടനെ ക്ഷാമനിവാരണസംഘത്തിലെ കരു ഉപാദ്ധ്യക്ഷനായി നിയമിച്ചു് അഗതികളെ രക്ഷിപ്പാനായി കണ്ണാലക്ഷം രൂപ ഇദ്ദേഹത്തിനെ ഏല്പിച്ചു. ഈ തിരക്കു് അവസാനിച്ചതോടുകൂടി, ഇദ്ദേഹത്തിനെ മദിരാശി ഗവർണ്ണരുടെ സഭയിലേയും പിന്നെ പൈസറായിയുടെയിലെയും കരു സാമാജികനായി നിശ്ചയിച്ചു.

ഇങ്ങനെ ഇരിക്കുന്ന കാലത്താണു പുതുക്കോട്ടയിലെ രാജാവു് തന്റെ ദിവാനായി ഇരിക്കേണമെന്നു് ഇദ്ദേഹത്തിനോടു് അഭ്യർത്ഥിച്ചതു്. അവിടത്തെ കാര്യങ്ങളെല്ലാം വലിയ കുഴപ്പത്തിലാണെന്നും അല്പമായി താൻ സമ്പാദിച്ചിട്ടുള്ള മനസ്സമാധാനത്തെ പുതുക്കോട്ടയിൽ കൊണ്ടുപോയി കളവാൻ താൻ വിചാരിക്കുന്നില്ലെന്നും മറ്റും ഇദ്ദേഹം തന്റെ സ്നേഹിതന്മാരോടു പ്രസ്താവിച്ച കഴിഞ്ഞുകൂടലുകളൊന്നും വകവെക്കാതെ അവർ

ഈ ഉദ്യോഗം സ്വീകരിക്കേണമെന്നു് ഇദ്ദേഹത്തെനിർബ്ബന്ധിച്ചതേയുള്ളൂ. രാജാവും വിടാനുള്ളഭാവം കാണിച്ചില്ല. അതിനാൽ ഫ്രഞ്ചു്-ൽ അന്നത്തെ രാജാവു മരിക്കുന്നതുവരെ ദിവാനായും ഫ്രഞ്ചർ-ൽ ഇപ്പോഴത്തെ രാജാവിനു പ്രായപൂർത്തിവന്നു രാജ്യഭാരം ഏല്പിക്കുന്നതുവരെ ദിവാൻ റീജന്റു് എന്ന സ്ഥാനപ്പേരോടു കൂടിയും ശേഷയ്യാശാസ്ത്രി പുതുക്കോട്ടയെ ഭരിച്ചു.

ദിവാനായ ഉടനെ ഇദ്ദേഹം സക്കാരുദ്രമിയുടെ വിസ്തീർണ്ണവും തരവും നിർണ്ണയിച്ചു പണനികുതി തീർച്ചപ്പെടുത്തി. അതിനുമുമ്പിൽ സക്കാരുനിലങ്ങൾ കുടിയാന്മാർ നടന്നിരുന്നതു വാരമായിട്ടായിരുന്നു. വാരമായിട്ടു നടക്കുന്നതുകൊണ്ടു കുടികൾക്കു നേരിടുന്ന അസൗകര്യോപദ്രവങ്ങളേയും സക്കാരിലേക്കു വരുന്നവലുതായ നഷ്ടത്തേയും ഇദ്ദേഹം ഒരുറിപ്പോർട്ടിൽവിശദമായി കാണിച്ചിട്ടുണ്ടു്. വെള്ളക്കേടും വെയിൽക്കേടും കൊണ്ടു കൃഷിക്കു വലുതായ ദോഷം തട്ടിയ കാലങ്ങളിൽ ഇദ്ദേഹം ഏറക്കുറെ നികുതി വിട്ടുകൊടുക്കുകയും ചെയ്തിട്ടുണ്ടു്. നികുതി വാങ്ങിക്കുന്നതിനു് അതാതു സമയം രശീതി പതിച്ചു കൊടുക്കേണമെന്നും പിരിവുമുതലായതിനു നാൾവഴി, പേരേടു്, മാസാന്തം കണക്കുകൾ ചെക്കേണമെന്നുമുള്ള പതിവു് ഏർപ്പെടുത്തി. പുതുക്കോട്ടയിൽ ആവശ്യമുള്ള ഉപ്പു് അവിടെ സക്കാരിൽനിന്നു് ഉണ്ടാക്കി വില്ക്കുകയായിരുന്നു പതിവു്. ബ്രിട്ടീഷ് ഗവർമ്മെണ്ടു് ഇതിനെ വിരോധിച്ചുതുടങ്ങി. ശേഷയ്യാശാസ്ത്രി വളരെ തടുത്തു് എഴുതിട്ടും അവർ സമ്മതിച്ചില്ല. മേലിൽ ഉപ്പു് ബ്രിട്ടീഷ് ഇൻഡ്യയിൽനിന്നു വാങ്ങേണമെന്നും അതിനാലുണ്ടാകുന്ന നഷ്ടം വകയ്ക്കു് പുതുക്കോട്ടയ്ക്കു് ആണ്ടിൽ രൂപ ൫൦൦൦ വകവെച്ചു കൊടുക്കാമെന്നും തീർച്ചയാക്കി. കലാശ കൃത്തകയുടെ കാര്യത്തിലും ഇദ്ദേഹം മനസ്സുവെച്ചു. എന്തിനു വളരെ പറയുന്നു? ഇദ്ദേഹം രാജ്യഭരണം തുടങ്ങിയ സമയം മൂന്നാലക്ഷം രൂപ പിരിവുണ്ടായിരുന്നതു് രണ്ടുമൂന്നു സംവത്സരംകൊണ്ടു് എട്ടു ലക്ഷമായി.

ഉദ്യോഗസ്ഥന്മാക്ക് ശമ്പളം കൂട്ടി. ചിത്ത ആളുകളെ പിരിച്ചു കളയുകയും നല്ലവരെ വെക്കുകയും ചെയ്തു. കൃഷി ക്കാവശ്യമായും മറും പല തോടുകളും കുളങ്ങളും ഉണ്ടാക്കി ക്കിച്ചു. മനോഹരവും രാജ്യത്തിന് അലങ്കാരവുമായി പല കച്ചേരിസ്ഥലങ്ങളും ആസ്പത്രി, ജേലു്, ഇതുകളും ജനങ്ങൾ ക്ക വിശ്രമിക്കുന്നതിന് ആരാമങ്ങളും ഉണ്ടാക്കിച്ചു. ശേഷ യ്യാശാസ്ത്രികൾ ഉണ്ടാക്കിച്ച വഴികളെക്കുറിച്ചു് ഇന്നും ആ ടിക്കുകാർ സ്തുതിച്ചുകൊണ്ടിരിക്കുന്നു. ബ്രിട്ടീഷിലുള്ള നിയമ ങ്ങളെ ഉചിതമായ ഭേദഗതികളോടുകൂടി പുതുക്കോട്ടയിൽ ഏർപ്പെടുത്തി. കോടതികൾ പരിഷ്കരിക്കുകയും ഒരു കാളേജ് സ്ഥാപിക്കുകയും ചെയ്തു. ഇവയൊക്കെപ്പോലെ ചെറിയ രാ ജാവിന്റെ വിദ്യാഭ്യാസവിഷയത്തിൽ ശേഷയ്യാശാസ്ത്രികൾ പ്രത്യേകം മനസ്സുവെച്ചു. ഫ്രഡറിക്-ൽ രാജകുമാരൻ രാജാവാ യി സിംഹാസനാരോഹണം ചെയ്തതോടുകൂടി ശാസ്ത്രികൾ തന്റെ പണിയും രാജിവെച്ചൊഴിഞ്ഞു. കടംകൊണ്ടു കാ ടുകയറി എല്ലാ പ്രകാരത്തിലും അശ്രീകരമായിരുന്ന പുതു ക്കോട്ടയെ രാജ്യലക്ഷ്മിയുടെ വാസഭൂമിയാക്കിയാണ് ഇദ്ദേഹം പോന്നതെന്നു ലോകപ്രസിദ്ധമായ സംഗതിയാണല്ലൊ.

പുതുക്കോട്ടയിൽനിന്നു പോന്നതിനുശേഷം കാലഗതി യെ പ്രാപിക്കുന്നതുവരെ ഇദ്ദേഹം കുംഭകോണത്തു കാവേരി നദീതീരത്തുകൽ താൻ പണിയിച്ചിട്ടുള്ള അതിവിശേഷമാ യ ഭവനത്തിൽ എല്ലാ ജനങ്ങളാലും പൂജിതനായി സകല സുഖസമ്പൽസമൃദ്ധിയോടുംകൂടി കാലയാപനം ചെയ്തു.

സർ. കെ. ശേഷാദ്രിഅയ്യർ.

തെക്കേ ഇൻഡ്യയിൽ മലബാർ ഡിസ്ട്രിക്ടിൽ പാല ക്കാടിനു സമീപത്തിൽഉള്ള കുമാരപുരം എന്ന ചെറിയ ഗ്രാമത്തിൽ ശേഷാദ്രിഅയ്യർ ക്രി൪ ൧൭൫൫ാമാണ്ടു ജൂൺമാസം ൧൦നു ജനിച്ചു. അദ്ദേഹം ആദ്യം പഠിച്ചതു കോഴിക്കോ

ട്ടീ ഉണ്ടായിരുന്ന പഴയപ്രൊവിൻഷ്യൽ പള്ളിക്കൂടത്തിൽ ആയിരുന്നു. ആ പള്ളിക്കൂടത്തിന്റെ ഭിത്തികളിൽ അദ്ദേഹത്തിന്റെ പേരു് ഇപ്പോഴും സപ്ലൻഡവണ്ണത്തിൽ അങ്കിതമായിരിക്കുന്നു. പിന്നീടു് അദ്ദേഹം മദ്രാസിൽ പോയി പ്രസിഡൻസികാളേജിൽ ചേർന്നു പഠിച്ചു് ഫ്രൊന്റ-ൽ സർവ്വകലാശാലയിൽ ഒന്നാമനായി ബി എ. പരീക്ഷജയിച്ചു. പിന്നെയുവാങ്ങിച്ചു കൊവെഷ്ങ്ങൾ കഴിഞ്ഞതിന്റെശേഷം അദ്ദേഹം ബി. എൽ പരീക്ഷജയിച്ചു. എന്നാൽ ഏതോ ഒരുകാരണത്താൽ അദ്ദേഹം പിന്നെയുവാങ്ങിക്കുന്നതിനു ശ്രദ്ധിച്ചില്ല. കോഴിക്കോട്ട കലക്ടരുടെ ആപ്പീസിൽ അദ്ദേഹം ആദ്യമായി ജോലിയിൽ പ്രവേശിച്ചു. അയിടെ ഒരു പരിഭാഷകനായി അദ്ദേഹത്തിനെ മിസ്റ്റർ ബല്ലാർഡ് സായിപ്പു നിയമിച്ചു. എന്നാൽ യുവാവായ ശേഷാദ്രിഅയ്യർ അധികകാലം ആ ജോലിയിൽ ഇരുന്നില്ല. അക്കാലത്തു പേപ്പർകാൻസി ആപ്പീസിൽ ജോലിക്കാരനായും പിന്നീടു മൈസൂരിലെ ഒന്നാമത്തെ ദിവാനായും ഇരുന്ന രംഗചാർലുവിന്റെ പരിചയം മദ്രാസിൽ വെച്ചു് അദ്ദേഹം സമ്പാദിച്ചിട്ടുണ്ടായിരുന്നു. ബ്രിട്ടീഷ്കാരുടെ ഭരണത്തിലിരുന്ന മൈസൂരിലേക്കു രംഗചാർലു ഫ്രൊന്നവ-ൽ സ്ഥലം മാറിപ്പോയതിനാൽ ശിഷ്യനായ ശേഷാദ്രിഅയ്യരെ ആ ആണ്ടിൽതന്നെ മൈസൂരിലേക്കു വരുത്തി അച്ചുഗ്രാമം ഡിവിഷനിലെ സൂപ്രണ്ടിന്റെ കീഴിൽജൂഡിഷ്യൽ ശിരസ്തദാരായി രംഗചാർലു നിയമിപ്പിച്ചു. മൈസൂരിൽ പ്രസിദ്ധി സമ്പാദിക്കുവാൻ ശേഷാദ്രിഅയ്യക്കു ധാരാളംഇടയുണ്ടായി. വലിയ ഉത്സാഹശക്തിയും വ്യവസായ ശീലവും ഗഹനങ്ങളായ വിഷയങ്ങളെ കൂടെ വേഗത്തിൽ ഗ്രഹിക്കുവാൻ ബുദ്ധിസാമർത്ഥ്യവും ഉണ്ടായിരുന്നതുകൊണ്ടു് ശേഷാദ്രിഅയ്യർ തന്റെ ജോലികളെ ശ്രദ്ധാപൂർവ്വമായും വൈമുഖ്യം കൂടാതെയും ചെയ്തു. അദ്ദേഹം മൈസൂരിൽ ജോലി ഏറ്റതുമുതൽ രാജ്യാധികാരം വിട്ടുകൊടുത്തതു വരെയുള്ള ഏഴു വർഷത്തിനിടയിൽ, അദ്ദേഹം പല കിഴിക്കിയനങ്ങളിൽ ജോലി

ക്കുകയും അതുമൂലം രാജ്യഭാരസംബന്ധങ്ങളായ സകല കാ
ര്യങ്ങളിലും പൂർണ്ണമായ പരിചയവും വൈദഗ്ദ്ധ്യവും സമ്പാ
ദിക്കുകയും ചെയ്തു. ഫ്രവുനെ-ൽ ജുഡിഷ്യൽ കമ്മീഷണരായ
സർ ജെംസ് ഗാർഡൺ തന്റെ കോട്ടിലെ പ്രധാന ശിര
സ്തദാരായി അദ്ദേഹത്തെ നിയമിച്ചു. പിന്നീടു അദ്ദേഹം മൈ
സൂരിലെ അസിസ്റ്റൻറ് കമ്മിഷണരായി മൂന്നു വർഷം ജോലി
നോക്കി. കുറച്ചു കാലത്തേക്കു മഹാരാജാവിന്റെ കൊട്ടാര
ത്തിൽ സഹ്യാധികാര്യക്കാരായി അദ്ദേഹം വേല ചെയ്തു.
ഫ്രവുനെ-ൽ തുംകൂർ ഡിസ്ട്രിക്ടിലെ ഡിസ്ട്രിക്ട് മജിസ്ട്രേ
റരായും ഡിപ്യൂട്ടി കമ്മീഷണരായും നിയമിക്കപ്പെട്ടപ്പോൾ,
താൻ ഒരു സമർത്ഥനായ ന്യായാധിപതിയാണെന്നു ശേഷാ
ദ്രി അയ്യർക്കു തോന്നിപ്പെടുത്താൻ അവസരം ഉണ്ടായി. തുംകൂ
റിൽ അദ്ദേഹം ഇരുന്ന രണ്ടു വർഷത്തിനിടയിൽ ഉയർന്ന
തരത്തിലുള്ളതും കൂടുതൽ ചുമതലയുള്ളതും ആയ ഉദ്യോ
ഗങ്ങളെ ഭരിക്കുവാൻ സമർത്ഥനാണെന്നുള്ളതിനു ധാരാ
ളം തെളിവു കൊടുത്തു. രാജ്യാധികാരം വിട്ടു കൊ
ടുത്തതോടുകൂടെ മിസ്റ്റർ രംഗചാർലുവിനു ദിവാനായി
കയറാറംകിട്ടി. പുതിയ രാജ്യഭാരത്തെ ശരിയായി
നടത്തിക്കുന്നതിനു നിയമങ്ങളും ചട്ടങ്ങളും തയ്യാറാക്കേണ്ടതു്
ആവശ്യമായിരുന്നതിനാൽ, ഭാരമേറിയതും പ്രയാസമുള്ള
തും ആയ ആ ജോലിക്കു മിസ്റ്റർ രംഗചാർലു മിസ്റ്റർ ശേഷാ
ദ്രി അയ്യരെ തിരഞ്ഞെടുത്തു. രംഗചാർലുവിന്റെ ജോലി
വളരെ പ്രയാസമുള്ളതായിരുന്നു. എന്നാൽ അദ്ദേഹം കേവ
ലം ശേഷിയുള്ള ആൾ മാത്രമല്ല, കാര്യസിദ്ധിയിൽ വളരെ
താൽപര്യമുള്ള ആളുമായിരുന്നു. അതിനാൽ അദ്ദേഹം മൈ
സൂരിൽ രാജ്യഭരണം ആരംഭിച്ചതു സുസ്ഥിരങ്ങളായ അടി
ത്തറകളോടുകൂടി ആയിരുന്നു. രാജ്യത്തിലുള്ള ഖജനാവിന്റെ
ഭരണരീതിയെ പരിഷ്കരിക്കുന്നതിനും മറ്റു നൂതനങ്ങളായ
വല എപ്പാടുകൾ നടത്തുന്നതിനും അദ്ദേഹം അനവധി
കെയശലങ്ങളും മാർഗ്ഗങ്ങളും കണ്ടുപിടിച്ചവനായിരുന്നു. അദ്ദേഹം

ദിവാനായിരുന്ന അല്പകാലത്തിനിടയിൽ മേൽക്കാലം അദ്ദേഹത്തിങ്കൽനിന്നു ലഭിക്കാവുന്ന അനുഗ്രഹങ്ങൾ എപ്പിധങ്ങളായിരിക്കുമെന്ന് അറിയുവാൻ രാജ്യനിവാസികൾക്കു അദ്ദേഹം ഇടയുണ്ടാക്കിക്കൊടുത്തു. എന്നാൽ, നിർഭാഗ്യവശാൽ, രണ്ടുവർഷത്തിനകം അദ്ദേഹം മരിച്ചുപോയതിനാൽ, രാജ്യകാര്യങ്ങളെ നടത്തുന്നതിനു പ്രാപ്തിയുള്ള ഒരു ആൾ മൈസൂരിൽ ഉണ്ടാകേണ്ടതു് അത്യാവശ്യമായിത്തീർന്നു. രംഗചാർലു ഉറപ്പായി വിശ്വസിച്ചിട്ടുള്ള യുവാക്കന്മാരിൽ ഒരാൾ ശേഷാദ്രിഅയ്യർ തന്നെ ആയിരുന്നു എന്നു മാത്രമല്ല, അദ്ദേഹത്തിന്റെ മനോഗതിയെ മറയ്ക്കുകയാതെ ശേഷാദ്രിഅയ്യരെ ധരിപ്പിച്ചിട്ടുമുണ്ടായിരുന്നു. എങ്കിലും രംഗചാർലുവിനു തക്ക അനുഗാമിയായിരിക്കുമോ ശേഷാദ്രിഅയ്യർ എന്നു് ഒരു സംശയം ഉണ്ടായി. കാലം ശങ്കകളെ എപ്പോഴും നീക്കുകയും പ്രതീക്ഷകളെ പിന്നീടു വർണ്ണം സാധുകരിക്കുകയും ചെയ്തു.

൧൮൮൫ മാണ്ടു ഫെബ്രുവരിമാസം ൨൨ നു രംഗചാർലുവിനു പകരം ദിവാനായി ശേഷാദ്രിഅയ്യർ നിയമിക്കപ്പെട്ടു. അദ്ദേഹം പ്രധാനമന്ത്രിയായപ്പോൾ യൌവ്വനം, നിശ്ചിതമായ രാജ്യഭരണകൌശലം, എന്നുള്ള രണ്ടു ഗുണങ്ങളും അദ്ദേഹത്തിനുണ്ടായിരുന്നു. അപ്പോൾ അദ്ദേഹത്തിനു സുമാർ വയസ്സു പ്രായമായിരുന്നുള്ളു. അദ്ദേഹത്തിന്റെ പരിഷ്കാരങ്ങളിൽ പലതിനേയും ഫലവത്താക്കുവാൻ വേണ്ടിടത്തോളം കാലം അദ്ദേഹം ദിവാനായിരുന്നു. പെട്ടെന്നു രാജ്യതന്ത്രത്തിന്റെ പ്രധാനധുരീണനായി നിയമിക്കപ്പെട്ടു എങ്കിലും, പുതുതായ ഒരു ഭരണസമ്പ്രദായത്തെ നടപ്പാക്കുന്നതിനുള്ള ആവശ്യമില്ലായിരുന്നു. പ്രധാനങ്ങളായ ഭരണമാർഗ്ഗങ്ങളെ വിശാലമാക്കുവാനും രംഗചാർലു വെട്ടിത്തെളിച്ചു വെച്ചിരുന്നതിനാൽ, സചേതസ്സുകളായ പരിഷ്കാരങ്ങളെ ഏർപ്പെടുത്തുവാൻ ഉള്ള അവസരം ഉണ്ടായതിനുമുമ്പിൽ ശേഷാദ്രിഅയ്യർക്ക് ആ മാർഗ്ഗങ്ങളിൽക്കൂടെ ച

രിച്ചാൽ മതിയാകുമായിരുന്നു. രാജ്യാധികാരം രാജാവിനു വിട്ടുകൊടുത്ത കാലത്തു്, ഫ്രഞ്ചുകാരുടെ വലിയ ക്ഷാമം നിമിത്തം മൈസൂർ രാജ്യത്തിൽനിന്നു് ഇൻഡ്യാഗവർമ്മേണ്ടിനു സംഭലക്ഷം രൂപാ കടംവീട്ടുവാനുണ്ടായിരുന്നു. ഇതിനും പുറമെ, മേലാൽ ഒരു ക്ഷാമം ഉണ്ടാകുന്നതായാൽ വരുന്ന ദോഷങ്ങളെ തടുക്കുന്നതിലേക്കു് ആവശ്യകങ്ങളായ ഏർപ്പാടുകളെ ചെയ്യുന്നതിനു് അക്കാലത്തു തന്നെ ഒരു വലിയ സംഖ്യ ചിലവു ചെയ്യേണ്ടതായും ഇരുന്നു. ഇതിലേക്കു് ഒരു ഏകനിവൃത്തിയായി റെയിൽവെ സംബന്ധിച്ച മുതലെടുപ്പുകായ്ങ്ങളിൽ നിഷ്കൃഷ്ടത്തോടുകൂടെ മേൽവിചാരം നടത്തുവാൻ വേണ്ട ഏർപ്പാടുകളെ രംഗചാർലു തന്നെ ആരംഭിച്ചിട്ടുണ്ടായിരുന്നു. ശേഷാദ്രിഅയ്യരും അതിനെ പിൻതുടർന്നു് ആ ഏർപ്പാടുകളെ ശ്ലാഘ്യമാകംവണ്ണം പൂരിപ്പിച്ചു. ദിവാൻഭാഗ്യോഗം തുടങ്ങി രണ്ടു വർഷം കഴിഞ്ഞപ്പോഴത്തേക്കു് അന്നത്തെ മുതലെടുപ്പുകൊണ്ടും കടംവാങ്ങിയ ഇരുപതു ലക്ഷം രൂപകൊണ്ടും ഫർമയിൽ സർക്കാർ റെയിൽവെ ആരംഭം ഉണ്ടാക്കിച്ചു. ഈ റെയിൽവെ മൂലം ഉണ്ടായ ധനം കൊണ്ടു് ഫ്രവുൻ-ൽ കച്ചവടത്തിനു പല വകുപ്പുകളെ സ്ഥാപിക്കുവാൻ അദ്ദേഹത്തിനു സൌകര്യം ഉണ്ടായി. നാലുവർഷം കഴിഞ്ഞപ്പോൾ, ബങ്കളൂർ-ഹിന്ദുപ്പൂർ തീവണ്ടിപ്പാത വണ്ണിതിന്നതിനാൽ, ക്ഷാമംകൊണ്ടു കഠിനമായി സങ്കടപ്പെട്ട ഭാഗങ്ങളിൽ നിവൃത്തിക്കു വഴിയുണ്ടായി. ഫ്രവുൻ-ൽ ആകെ ഉള്ള റെയിൽവെയുടെ നീളം സഫർ മയിൽ ആയി. ഫർഫാം വർഷത്തിന്റെ ആരംഭത്തിൽ അദ്ദേഹം വേലയിൽനിന്നു പിരിഞ്ഞപ്പോൾ, കച്ചവടത്തിനു സൌകര്യം ചെയ്യുന്നതായി ർറ മയിൽ നീളത്തിൽ റെയിൽവെ ഉണ്ടായിരുന്നു. പുന്നാൽ രാജ്യാധികാരം വിട്ടുകൊടുത്ത കാലത്തു്, ഇവ മയിലേ ഉണ്ടായിരുന്നുള്ളൂ. കൃഷിക്കു് ഉപയോഗമായിട്ടുള്ള മരാമത്തു നടത്തുന്നതു കയ്യത്തിലും ശ്രദ്ധയും കുറവില്ലായിരുന്നു. അദ്ദേഹം മന്ത്രിസ്ഥാനത്തിരുന്ന ഫർ വർഷ

ത്തിനകം കരുകൊടി രൂപാ ചിലവുചെയ്ത കൃഷി മരാമത്തു പണികൾ നടത്തിച്ചു. അതിനാൽ മുമ്പുള്ളതിൽ നാലിരട്ടി ചതുരശ്രമയിൽ സ്ഥലം കൂടുതലായി പുഞ്ചക്കൃഷിക്ക് ഉപയോഗപ്പെടുകയും വൻ ലക്ഷം രൂപാ മുതലെടുപ്പിൽ കൂട്ടുകയും ചെയ്തു. കാരോ വകുപ്പിലും പുതിയ ഏർപ്പാടുകളെ നടത്തുകയും ചിലവു ചുരുക്കുകയും നിഷ്കർഷയോടെ ചെയ്തിരുന്നു. ഈവിധമുള്ള ഭരണസമ്പ്രദായംകൊണ്ടുണ്ടായ ധനവർദ്ധന ആശ്ചര്യകരമായിരുന്നു. എഡ്വേർഡ്-ൻ, മിസ്റ്റർ ശേഷാദ്രിഅയ്യർ മന്ത്രിയായപ്പോൾ, മൈസൂർ രാജ്യത്തിനു നാം ലക്ഷം രൂപാ കടം ഉണ്ടായിരുന്നു. എഡ്വേർഡ്-ൽ ആ കടം മുഴുവനും കൊടുത്തുതീർന്നു. എഡ്വേർഡ്-ൻ നിയമനിർമ്മാണസഭയിൽ പ്രസംഗിച്ച സമയം രാജ്യത്തിൽ എന്നെ ലക്ഷം രൂപാ മുതലെടുപ്പുണ്ടെന്നു ദിവാനു പ്രസ്താവിക്കുവാൻ കഴിഞ്ഞു. എഡ്വേർഡ്-ൽ എന്നു ലക്ഷം രൂപാ മുതലെടുപ്പുണ്ടായിരുന്നു. എൻ൦൦-ലെ മുതലെടുപ്പ് എഡ്വേർഡ് ലക്ഷമാകുന്ന വലിയ സംഖ്യയിൽ എത്തി.

അത്ഭുതകരങ്ങളും വളരെ മനോഹരങ്ങളും ആയ ഈ പരിണാമങ്ങൾ കരുക്കൂട്ടുതൽകൊണ്ടോ പിശുക്കുകൊണ്ടോ സാധിക്കപ്പെട്ടവയല്ല. നേരേ മറിച്ച്, മിസ്റ്റർ ശേഷാദ്രിഅയ്യർക്ക് അഭ്യുദയത്തിൽ ദൃഷ്ടി ഉണ്ടായിരുന്നു. രാജ്യത്തിൽ ധനവും വ്യവസായവും വർദ്ധിപ്പിക്കുന്നതിനുവേണ്ടുന്ന ഉപായങ്ങൾ ഉല്ലേഖിക്കുന്ന വിഷയത്തിൽ അദ്ദേഹം മനോധർമ്മം കുന്നു കടന്നു പോയിട്ടു ചിലപ്പോൾ സാഹസത്തിലേക്കു കൂടി പ്രവേശിച്ചു. അദ്ദേഹത്തേക്കാൾ കൂടുതൽ കൂട്ടുന്നവരും ധൈര്യം കാണുന്നവരും ആയ ഒരു രാജ്യതന്ത്രജ്ഞൻ അനുവർത്തിക്കുവാൻ മടിക്കുമായിരുന്ന വേലകളെ നടത്തുവാൻ ഇൻജിനീയർ വകുപ്പിലുള്ള ഉദ്യോഗസ്ഥന്മാരെ അദ്ദേഹം പ്രോത്സാഹിപ്പിച്ചു. അദ്ദേഹം ഈവിധം ധൈര്യവും ഉത്സാഹവും പ്രവൃത്തിച്ചില്ലായിരുന്നെങ്കിൽ, ബങ്കളൂരിൽ നിർമ്മലമായ വെള്ളത്തെ വഹിക്കുന്ന ഫാസ്സർഗാരംജലസ്തുപ്പണി ഒരിക്കലും

നടക്കുകയില്ലായിരുന്നു. ഹംഗരിനദിയിൽ കെട്ടി വരുന്നതും മുഴുവൻ പണിതീർന്നാൽ അസംഖ്യം ഏക്കർ ഭൂമിയെ നനയ്ക്കുമാറു നദിമുതൽ ചുറ്റളവുള്ള ഒരു തടാകത്തെ ഉണ്ടാക്കുന്നതും ആയ വലിയ മരിക്കെൻഅണ്ണയെ അദ്ദേഹം ഉത്സാഹിപ്പിച്ചില്ലെങ്കിൽ, ഒരിക്കലും ആരംഭിക്കുകയില്ലായിരുന്നു. എല്ലാറ്റിലും പ്രധാനമായി കാവേരിനിർഝരങ്ങളെ കെട്ടിത്തടുക്കുന്നതിനായി അദ്ദേഹം കടവിൽ തുടങ്ങിച്ചിട്ടുള്ള വേലകൾ വളരെ ആദായത്തെ തരുന്നതാണെന്നു വിശ്വസിക്കപ്പെട്ടിരിക്കുന്നു. കുറെ വർഷങ്ങൾ കഴിയുമ്പോൾ ഇപ്പോഴുള്ളതിൽ രണ്ടിരട്ടി മുതലെടുപ്പു മൈസൂരിൽ ഉണ്ടാകുന്നതാകുന്നു. ശേഷാദ്രിഅയ്യർ ദിവാനായിരുന്ന കാലത്തിൽ ഇപ്രകാരം വേലകൾക്കു ഏതാണ്ടു ലക്ഷം പവൻ ചിലവുചെയ്തിട്ടുണ്ടെന്നു് അറിയുമ്പോൾ രാജ്യത്തിൽ ഉന്നപ്രദങ്ങളായ മറ്റുപല പണികളെ ഉത്സാഹിപ്പിച്ചു നടത്തിച്ചിട്ടുള്ളതു് എത്രയോ വലുതായ ഔദാര്യത്തോടുകൂടെ ആയിരുന്നു എന്നു നിർണ്ണയിക്കാം.

കാലാവസ്ഥയ്ക്കു തക്കവണ്ണം ശേഷാദ്രി അയ്യർ രാജ്യഭരണത്തിനു പല വകുപ്പുകളും ഉണ്ടാക്കുകയും ഭാവികാലത്തിൽ അഭിവൃദ്ധിമാർഗ്ഗത്തിലൊന്നിലും മൈസൂർ രാജ്യം താഴ്ന്നു പോകാതിരിക്കുന്നതിനായി സമർത്ഥന്മാരും ശാസ്ത്രജ്ഞന്മാരും ആയവരെ ആവശ്യംപോലെ അന്യനാട്ടിൽനിന്നു വരുത്തി അവർക്കു് ഉദ്യോഗം കൊടുക്കുകയുംചെയ്തു. ഭൂഗർഭശാസ്ത്രം, ആണകുമിഴ് ജ്ഞാനീയം, പുരാണവിജ്ഞാനീയം, കാഷ്ഠിവലം സർവ്വേ, അന്തരിക്ഷവിജ്ഞാനീയം, ശുചീകരണം ഇവയ്ക്കു് ഓരോ വകുപ്പു് ഏർപ്പെടുത്തി. പഴയ വകുപ്പുകളെ മുഴുവനും പരിശോധിച്ചും പുതിയ ആളുകളെ നിയമിച്ചും പൂർണ്ണമായി അദ്ദേഹം പരിഷ്കരിച്ചു. രാജ്യത്തിലുള്ള മുതലെടുപ്പിനെ വർദ്ധിപ്പിക്കുവാൻ അദ്ദേഹം കോളാർസ്വർണ്ണഖനികളിലുള്ള വേലകളെ പ്രോത്സാഹിപ്പിച്ചു. അതിനാൽ ആരംഭത്തിൽ അരലക്ഷം ഗ്രായുടെ ആദായം രാജഭോഗമായി കിട്ടിക്കൊണ്ടി

ത്തതിനു പകരം, ആണ്ടൊന്നുക്കു ഏതാ ലക്ഷം രൂപാടെ ആദായം സർക്കാരിലേക്കു കിട്ടത്തക്കതിനു നടപടി ആയി. മനുഷ്യർക്കു പൂർണ്ണജയം പ്രാപിക്കുവാൻ സാധിക്കുകയില്ല. ശേഷാദ്രിഅയ്യർക്കും അബദ്ധങ്ങൾ പറ്റിട്ടുണ്ടെന്നു സമ്മതിക്കേണ്ടിയിരിക്കുന്നു. ദൃഷ്ടാന്തം പറയുന്നതായാൽ ട്രവൻകൂർ-ൽ തുടങ്ങിച്ച കൃഷിവക ബാങ്കുകളുടെ എല്ലാടെ പൂർണ്ണഫലത്തെ ചെയ്യുന്നതായി വിചാരിക്കപ്പെട്ടുന്നില്ല. ഇതു ഫലിച്ചിടത്തോളം തന്നെ ഫലിച്ചിട്ടില്ലാത്ത മറു പുതിയ പരിഷ്കാരങ്ങളുണ്ടായിരിക്കാം. എന്നാൽ അദ്ദേഹത്തിന്റെ ജയങ്ങളുടെ ആധിക്യത്തെ വിചാരിച്ചാൽ, അദ്ദേഹത്തിന്റെ പരാജയങ്ങൾ കുറ്റംതന്നെ പ്രസ്താവവിഷയമായിത്തീരുന്നില്ല. അത്യുത്തമമായ മൈസൂർ രാജ്യത്തിന്റെ പ്രതിഷ്ഠാപകന്മാരിൽ ഒരു ഉയർന്ന സ്ഥാനത്തിന് അദ്ദേഹം അർഹനാകുന്നു എന്നു നിസ്സംശയമായി പറയാം.

ശേഷാദ്രിഅയ്യരുടെ വിജയപ്രയിഷ്ഠമായ ഭരണനൈപുണ്യത്തെ ഇൻഡ്യാഗവർമ്മേണ്ടു് അറിഞ്ഞു വേണ്ടതുപോലെ അദ്ദേഹത്തെ മാനിക്കാതിരുന്നില്ല. ട്രവുവൻ-ൽ ഫെബ്രുവരി മാസത്തിൽ ലാർഡ് ഡഫ്റിൻ മൈസൂരിനെ സന്ദർശിച്ചതിൽ പിന്നീടു് അധികം താമസിക്കാതെ അദ്ദേഹത്തിനു സി. എസ്. ഐ. എന്ന സ്ഥാനം ലഭിച്ചു. ട്രവൻകൂർ-ൽ ലാർഡ് എൽജിൻ വൈസറായി ആയിരുന്നപ്പോൾ, ശേഷാദ്രി അയ്യരെ കെ. സി. എസ്. ഐ. ആക്കി. അദ്ദേഹത്തിന്റെ മഹാരാജാവു 'രാജധുരന്ധരൻ' എന്ന ഒരു സ്ഥാനത്തെ ശേഷാദ്രിഅയ്യർക്കു നൽകി. മഹാരാജാവു മരിച്ചപ്പോൾ, ദിവൻസ്ഥാനത്തിനും പുറമെ, റിജൻസികൗൺസിലിന്റെ അധ്യക്ഷനായും അദ്ദേഹം നിയമിക്കപ്പെട്ടു. ട്രവുവൻ-ൽ അദ്ദേഹത്തെ മഹിമശ്രീ സുബ്ബലാശാല ഒരു ഫെല്ലോ ആയി അംഗീകരിച്ചു. മൈസൂർ ജീവനത്തിൽ ഇരുന്ന നാല വർഷത്തിൽ ഏഴു വർഷം ദിവാനുദ്യോഗം ഭരിച്ചതിന്റെ ശേഷം, ട്രവൻകൂർ-മേണ്ടു് ഭീരുത്വത്തിൽ ഇടവിടാതുള്ള രോഗംനിമി

ത്തം അദ്ദേഹം സർക്കാർ ജോലിയിൽനിന്നു വിരമിച്ചു. വള രേക്കാലമായി ആഗ്രഹിച്ചിരുന്ന വിശ്രമവും ഉദ്യോഗസം ബന്ധമായ ജോലിയിൽനിന്നുള്ള പൂർണ്ണമായ മോചനവും ഉ ണ്ടായതിനാൽ, അദ്ദേഹം വളരെക്കാലം പിന്നെയും ജീവി ച്ചിരിക്കുമെന്നും അതിനിടയിൽ വൈസ്രായിയുടെ ആലോ ചനാസഭയിൽ കൂടി അംഗമായിരുന്നു ജോലിചെയ്യുന്നതിനാ ജനങ്ങളുടെ പ്രാർത്ഥനപ്രകാരം നാട്ടുകാര്യങ്ങളുടെ ഭരണം ന ടത്തുന്നതിനും ഇടയായേക്കാമെന്നും എല്ലാവരും ആശിച്ചി രുന്നു. എന്നാൽ സ്വദേശികളായ എല്ലാവർക്കും വലിയ വി ഷാദത്തിനിടയാകുമാറു സർ കെ. ശേഷാദ്രി ഫൻഫ-ാംവ ഷം നെപ്തംബർമാസം ഫനു-ാംനു പരലോകപ്രാപ്തനായി.

സർ കെ. ശേഷാദ്രി വാസ്തവത്തിൽ കൂടി വിശിഷ്ടനാ യ പുരുഷനായിരുന്നു. അദ്ദേഹത്തിന്റെ വിശിഷ്ടമായ ച രിത്രവും നമുക്ക് ഉപകാരപ്രദമാകുന്നു. തെക്കേ ഇൻഡ്യ രാ ജ്യതന്ത്രജ്ഞന്മാരുടെ കൂടി വിളനിലമാണെന്നു കീർത്തിപ്പെട്ടിരി കുന്നു. എന്നാൽ തെക്കേ ഇൻഡ്യയിലുള്ള രാജ്യതന്ത്രജ്ഞ ന്മാരുടെ കൂട്ടത്തിൽ സർ കെ. ശേഷാദ്രി കൂടി പ്രത്യേകസ്ഥാ നത്തിന് അർഹനാകുന്നു. ഏതാദ്ദേഹം രാജ്യങ്ങളിൽ കൂടി രാ ജ്യതന്ത്രജ്ഞന് അധികകാലം പ്രധാനമന്ത്രിയായിരിപ്പാൻ അവസരം ഉണ്ടാകുന്നതു് അപൂർവ്വമാകുന്നു ഈ സംഗതിയി ൽ രംഗാചാർലു പ്രത്യേകിച്ചു മന്ദഭാഗ്യനായിരുന്നു. അദ്ദേഹം മൈസൂരിൽ രണ്ടുവർഷമേ പണിചെയ്തുള്ളൂ. മിസ്റ്റർ രാഘവ യ്യങ്കാർ ഏഴു വർഷമേ തിരുവിതാംകൂർ ദിവാനായിരുന്നുള്ളൂ. സ ർ മാധവരാവുവിനുകൂടെ ഏഴ് വർഷത്തെ പണി കഴിഞ്ഞ പ്പോൾ തിരുവിതാംകൂർ രാജ്യം വിട്ടുപോകേണ്ടതായിവന്നു. പിന്നെ അദ്ദേഹം ബറോഡായിൽ ജോലിയെറ്റു. എന്നാൽ കൂടി രാജ്യത്തിൽ അദ്ദേഹത്തിനു നൽകിയിട്ടുള്ള അധികച്ചുരുക്കമായ ജീവനകാലം നിശ്ചയമായി സർ കെ. ശേഷാദ്രിയുടെ ജീവന കാലത്തോളം ദീർഘമല്ല. ഇപ്രകാരം സർ കെ. ശേഷാദ്രി യുടെ ഗതവൃത്തം അന്യാദൃശമായിട്ടുള്ളതാകുന്നു.

സർ കെ. ശേഷാദ്രിയും തെക്കേ ഇൻഡ്യയിൽ ആദ്യം ഉണ്ടായിരുന്ന രാജ്യതന്ത്രജ്ഞന്മാരും തമ്മിൽ ഇനി ഒരു ഭേദം കൂടെ ഉണ്ട്. അദ്ദേഹത്തിനേക്കാൾ മുമ്പിരുന്നിട്ടുള്ള തെക്കേ ഇൻഡ്യാക്കാരായ എല്ലാ രാജ്യതന്ത്രജ്ഞന്മാരും ഇൻഡ്യയുടെ മറ്റു ഭാഗങ്ങളിൽ ഉണ്ടായ സർ സാലർജംഗ്, സർ മിനകാറാവു എന്നു പ്രസിദ്ധന്മാരായ രണ്ടു രാജ്യതന്ത്രജ്ഞന്മാരെപ്പോലെ സർവ്വകലാശാലയുടെ പ്രതിഷ്ഠയ്ക്കുമുമ്പിൽ ഉള്ളവരായിരുന്നു. സർ മാധവറാവുവും രംഗചാർലുവും രാമയ്യങ്കാരും സർവ്വകലാശാലയുടെ പ്രതിഷ്ഠയ്ക്കുമുമ്പിൽ ഉണ്ടായിരുന്ന മദ്രാസ്സിലെ പഴയ ഗവർമ്മെണ്ടു പള്ളിക്കൂടത്തിൽ പഠിച്ചിട്ടുള്ളവരായിരുന്നു. എന്നാൽ സർ കെ. ശേഷാദ്രി സർവ്വകലാശാലയുടെ കാലത്തിൽ ചേർന്നവനാകുന്നു. അദ്ദേഹം ഇൻഡ്യയിലെ ആദ്യത്തെ സർവ്വകലാശാലയുടെ ഒരു ഫലമാകുന്നു. സർവ്വകലാശാലയുടെ ഫലങ്ങളായ രാജ്യതന്ത്രജ്ഞന്മാരിൽവെച്ച് അദ്ദേഹം ഏറ്റവും പഴയവനും ആയിരുന്നു.

സർ കെ. ശേഷാദ്രിയുടെ രാജ്യതന്ത്രത്തിന്റെ സ്വഭാവത്തേയും തെക്കേ ഇൻഡ്യയിലെ ആദ്യത്തെ തരക്കാരുടെ രാജ്യതന്ത്രത്തിന്റെ സ്വഭാവത്തേയും തമ്മിൽ താരതമ്യപ്പെടുത്തി നോക്കുന്നതു വിഷമമാകുന്നു. ഈ രണ്ടു തരത്തിലുള്ള രാജ്യതന്ത്രജ്ഞന്മാരെ തമ്മിൽ വ്യത്യസ്തപ്പെടുത്തുന്നതായി സ്പഷ്ടമായ ഏതെങ്കിലും ഒരു സംഗതി ഉണ്ടെങ്കിൽ, ആദ്യത്തെ തരക്കാർ കുഴപ്പം തീർത്തു ക്രമപ്പെടുത്തുവാനും ഭരിച്ച രാജ്യത്തിൽ വ്യവസ്ഥയും ഭരണരീതിയും നടപ്പാക്കുവാനും പ്രത്യേകം ജാഗ്രതകന്മാരായിരുന്നു എന്നും, സർ കെ. ശേഷാദ്രി രാജ്യത്തിൽ ദ്രവ്യവും വ്യവസായവും വർദ്ധിപ്പിക്കുവാൻ പ്രത്യേകം ശ്രമിച്ചു എന്നും ഉള്ളതാകുന്നു. ആദ്യത്തെ തരക്കാരുടെ പ്രധാനമായ ജോലി പൊളിക്കുകയായിരുന്നു. ദുഷ്ടമായും ചീത്തയായും ഉള്ളതിനെ പൊളിച്ചു കളയുന്നതിനല്ലാതെ കെട്ടി ഉണ്ടാക്കുന്നതിനു് അവക്ക് അധികം പ്രസക്തി ഇല്ലായിരുന്നു. സർ ശേഷാദ്രിയുടെ ജോലി പ്രധാനമായി കെട്ടി

ഉണ്ടാക്കുക ആയിരുന്നു മുമ്പിലത്തേതിലും അധികമായ ആദായം ഉണ്ടാകത്തക്കവിധം വ്യത്യനുഖമായ ഒരു സ്ഥിതിയിൽ രാജ്യത്തെ ഉറപ്പിക്കുകയായിരുന്നു സർ ശേഷാദ്രി ചെയ്തത്.

സർ കെ ശേഷാദ്രി വളരെ ധൈര്യമുള്ള പുരുഷനായിരുന്നു. അദ്ദേഹത്തിനു നല്ല മനക്കരുത്തുണ്ടായിരുന്നു. എങ്കിലും അദ്ദേഹത്തിനെ എതിർക്കുവാൻ പുറപ്പെട്ടാൽ, ആരംഭിച്ച കാര്യത്തെ ഉദ്ദേശിച്ചതുപോലെ കലാശിപ്പിക്കുന്നതിനുള്ള സിദ്ധാന്തം അദ്ദേഹത്തിനു ബലവത്തായി തീരുകയെയുള്ളൂ അന്യന്മാരുടെ സ്വഭാവത്തെ കണ്ടറിയുന്നതിനുള്ള സാമർത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. അതിനാൽ അദ്ദേഹത്തിന്റെ സഹായികളായി യോഗ്യന്മാരായ ആളുകളെ തിരഞ്ഞെടുക്കുവാൻ അദ്ദേഹത്തിനു സാധിച്ചു. അവരെ അദ്ദേഹം പൂർണ്ണമായി വിശ്വസിക്കുകയും ചെയ്തു. അദ്ദേഹത്തിനു തുച്ഛങ്ങളായ വൈരസ്യങ്ങളില്ലായിരുന്നു. എന്നാൽ ഉദ്യോഗത്തിന് ആളുകളെ എടുക്കുന്നസമയം അന്യരാജ്യങ്ങളിൽനിന്നു വന്നവരോട് അദ്ദേഹത്തിനു സ്പഷ്ടമായ പക്ഷപാതം ഉണ്ടായിരുന്നു. ബ്രിട്ടീഷ് സർവ്വീസിൽ ഉദ്യോഗങ്ങളിൽ ഇരുന്നു പരിചയിച്ചിട്ടുള്ളവർ സ്വദേശീയരേക്കാൾ കൊള്ളാവുന്നവരാണെന്നും നാട്ടുകാർക്കുള്ള സ്വഭാവദൂഷ്യങ്ങളില്ലാത്തവരാണെന്നും സർ കെ. ശേഷാദ്രിക്കു ബോധം വന്നിട്ടുണ്ടായിരുന്നിരിക്കാം. അദ്ദേഹത്തിന്റെ ഈ തന്ത്രത്തിന് എന്തുതന്നെ സമാധാനം ഉണ്ടായിരുന്നാലും, ഇതുനിമിത്തം രാജ്യത്തിൽ ജനസ്വാധീനം അദ്ദേഹത്തിനു വളരെ കുറവായിത്തീർന്നു. അദ്ദേഹം ദിവാനായിരുന്നകാലം മുഴുവനും 'മൈസൂർക്കാർക്കു മൈസൂർ' എന്ന ഉൽഘോഷിച്ചുകൊണ്ടു ജനങ്ങളുടെ ബലമുള്ള ഒരു കക്ഷി അദ്ദേഹത്തിനെ എതിർത്തുകൊണ്ടിരുന്നു. എന്നാൽ സ്വാർത്ഥപരത എന്നുള്ള ദോഷം അദ്ദേഹത്തിനു ഇല്ലായിരുന്നു എന്നു അദ്ദേഹത്തിന്റെ ശത്രുക്കൾപോലും സമ്മതിക്കുന്നതാണു്. അദ്ദേഹത്തിന്റെ ജനസ്വാ

ധീനമില്ലാത്തവനാക്കി ചെയ്ത മരണസമ്പ്രദായത്തെ സ്വീകരിപ്പാൻ പ്രേരിപ്പിച്ച കാരണങ്ങൾ എന്തായിരുന്നാലും, ആ രീതിയിൽ സ്വാതന്ത്ര്യവാദത്തെ തെളിഞ്ഞുകൊണ്ടിരുന്നു എന്നു് ഒരിക്കലും പറയുവാൻ പാടില്ല. അദ്ദേഹം സാമാന്യത്തിലധികം നേതൃഗുണമുള്ളവൻ ആയിരുന്നു. രാജ്യകാര്യങ്ങളോടുകൂടെ സ്വന്തകാര്യങ്ങൾകൂടി കലരുന്നതിനു് അദ്ദേഹം അനുവദിച്ചിട്ടില്ല. അദ്ദേഹത്തിനു നല്ല വിശ്വാസമുണ്ടായിരുന്ന സർക്കാർ ബാങ്കുകളിലൊന്നിലും സ്വന്തമായ പണത്തെ അദ്ദേഹം വച്ചിട്ടില്ല. സ്വന്തമായ പണം ഇടപെട്ട കാര്യങ്ങളിൽ അദ്ദേഹത്തിനു ഭാഗ്യം കുറവായിരുന്നു സർക്കാർജോലിയിൽനിന്നു പിരിഞ്ഞപ്പോൾ, അദ്ദേഹം സമ്പന്നൻ ആയിരുന്നു. മാസം തന്നിരുന്ന 2൦൦൦ രൂപാ അടുത്തുണ്ടിരുന്നും പുറമെ ര് ലക്ഷം രൂപാ സമ്മാനം കൊടുത്തതു് അദ്ദേഹം ചെയ്തിട്ടുള്ള ജോലികൾക്കു് അധികമായ ഒരു പ്രതിഫലമായിപ്പോയി എന്നു മേൽപറഞ്ഞ വസ്തുത അറിഞ്ഞിട്ടുള്ളവർ വിചാരിക്കുകയില്ല. എല്ലാറ്റിലും വിശേഷമായി സർ കെ. ശേഷാദ്രി മറ്റു രാജ്യതന്ത്രജ്ഞന്മാർ ചെയ്യാത്ത വിധത്തിൽ അദ്ദേഹത്തെ സ്വീകരിച്ച നാട്ടിൽ തന്നെ വസിക്കുകയും സ്വന്തമായ സമ്പത്തിനെ ജനങ്ങളുടെ പ്രയോജനത്തിനായി ചിലവു ചെയ്യാൻ നിശ്ചയിക്കുകയും ഒരു സാധാരണ മൈസൂർക്കാരനെപ്പോലെ അവിടെ കാലക്ഷേപം ചെയ്തു മരിക്കുകയും ചെയ്തു.

അദ്ദേഹം പാശ്ചാത്യപരിഷ്കാരത്തിന്റെ ഒരു വിശിഷ്ടഫലമാണെങ്കിലും, അദ്ദേഹത്തിനു നല്ല വണ്ണം സ്വമതത്തിൽ വിശ്വാസമുണ്ടായിരുന്നു എന്നുള്ളതു് ആ മനുഷ്യന്റെ ഒരു ഗുണവിശേഷമാകുന്നു. ഫ്രൗൺസ്-ൽ ടൈംസ് പത്രത്തിലെ ഒരു ലേഖനത്തിൽ അദ്ദേഹത്തെക്കുറിച്ചു സർ വില്യം ഹണ്ടർ എഴുതിയിരുന്നതുപോലെ, അദ്ദേഹം ശിശുകേവാലത്തെ ഹെർബർട്ട് സ്പെൻസറായിട്ടും ഹൃദയത്തെ പരബ്രഹ്മത്തിനായിട്ടും അഭ്യസിച്ചിട്ടുള്ള രാജ്യതന്ത്രജ്ഞനായിരുന്നു. ഈ വി

ഷയത്തിൽ അദ്ദേഹം സർ ടിനകരാവുവിനു തുല്യനായിരുന്നു. രാജ്യകാര്യങ്ങളിൽനിന്നു വിരിഞ്ഞതിന്റെശേഷം സർ ടിനകരരാവു മരണാന്തം മതകാര്യങ്ങളിൽ ആസക്തനായിരുന്നു. എന്നാൽ സർ ടിനകരരാവുവിനു് ഇംഗ്ലീഷിൽ പരിചയം വളരെ കുറവായിരുന്നു. അദ്ദേഹത്തിന്റെ ഹൃദയം പരബ്രഹ്മത്തിലായിരുന്നിരിക്കാം. അദ്ദേഹത്തിന്റെ ബുദ്ധിക്കു ഫെർബട്ട് സ്പെൻസറുടെ സിദ്ധാന്തത്തെ ഗ്രഹിക്കുവാൻ ശക്തിയില്ലായിരുന്നു. മതസംബന്ധമായും മറ്റും ഉള്ള ആലോചനകളെ വകവക്കാതെ രാജ്യക്ഷേമത്തിനു് ഉപയുക്തങ്ങളായ എപ്പാട്ടുകളെ ഉദാരമാകുംവണ്ണം അനുവദിപ്പാൻ സന്നദ്ധനായും ജാതിസ്പൃക്കുകളിൽനിന്നു വിമുക്തനായും ഇരുന്ന സർ കെ. ശേഷാദ്രി ഉദ്യോഗജോലികൾ ചെയ്യുന്നതു കണ്ടിട്ടുള്ളവർ ഈ മനുഷ്യൻ ഉടുപ്പുകളെ അഴിച്ചുവെച്ചു കഴിഞ്ഞതാൽ വ്യാഘ്രചർമ്മത്തെ ധരിച്ചു് അന്തർഗൃഹത്തിലിരുന്നു ബ്രഹ്മധ്യാനത്തെ ചെയ്യുന്നതിനു തൽപരനായിരുന്നു എന്നു് ഒരിക്കലും വിശ്വസിക്കുകയില്ല. അദ്ദേഹത്തിന്റെ ചരമകാലത്തിലുള്ള അപേക്ഷയെ അനുസരിച്ചു് അദ്ദേഹത്തിന്റെ മൃതശരീരം വ്യാഘ്രചർമ്മം കൊണ്ടു മൂടി സംസ്കരിക്കപ്പെട്ടു.

പണ്ഡിതൻ അയോധ്യാനാഥൻ

— —

അയോധ്യാനാഥൻ ഫെബ്രുവരി ഏപ്രിൽ [illegible] ആഗ്രായിൽ ജനിച്ചു. ജാതിയിൽ അദ്ദേഹം കാശ്മീരബ്രാഹ്മണനായിരുന്നു. അദ്ദേഹത്തിന്റെ അച്ഛൻ കേശവനാഥൻ ആഗ്രായിൽ ഒരു വലിയ കച്ചവടക്കാരനും കുറെ കാലം ജാഫ്ഫാറിലെ നവാബിന്റെ മന്ത്രിയുമായിരുന്നു. ബാല്യത്തിൽ തന്നെ അയോധ്യാനാഥനു പെയ്ന്റിനിലും അംബിക്കിലും വിശേഷവാസനയുണ്ടായിരുന്നു. പതിമൂന്നാം വയസ്സിൽ അദ്ദേഹം ആഗ്രായിലെ കലാശാലയിൽ ചേർന്നു. ആ സം

സ്ഥാനത്തെ പ്രവൃത്തനം...ന്നത്. ഈ വർഷങ്ങളിലെ വിദ്യാഭ്യാസം വകുപ്പ് റിപ്പോർട്ടിൽ അദ്ദേഹത്തിനെ ഒരു ബുദ്ധിമാനായ അദ്ധ്യേതാവെന്നു പ്രസ്താവിച്ചിരുന്നതും, ദേശചരിത്രം തത്ത്വശാസ്ത്രം ഈ വിഷയങ്ങളിൽ അദ്ദേഹത്തിന്റെ ഉത്തരങ്ങൾ അസാധാരണമായ സൂക്ഷ്മജ്ഞാനത്തേയും ആലോചനയേയും പ്രദർശിപ്പിച്ചിരുന്നതായി വിചാരിച്ചിരുന്നതും, അദ്ദേഹം ഒരു അദ്ധ്യേതാവിന്റെ നിലയെ എത്രവിധം നിവർത്തിച്ചു എന്നുള്ളതിനെ തെളിയിക്കുന്നു. പ്രവൃത്തനത്തിൽ അദ്ദേഹം കലാശാല വിട്ട് വക്കീൽപണിയിൽ പ്രവേശിച്ചു. ആഗ്രായിൽ പ്രധാനികളായുള്ളവരുടെ ഉത്സാഹത്തിനാൽ ഏർപ്പെടുത്തപ്പെട്ട വിക്ടോറിയാ കലാശാലയെ സ്ഥാപിക്കുന്നതിൽ അദ്ദേഹം നന്നായി പരിശ്രമിച്ചു. എന്നാൽ ഗവർമ്മേണ്ടിന്റെ തലസ്ഥാനം ആഗ്രായിൽനിന്നും അലഹബാദിലേക്കു മാറ്റപ്പെട്ടതിനോടുകൂടി, അയോധ്യാനാഥനും തന്റെ വസതിയെ അങ്ങോട്ടു മാറ്റി. പ്രവൃത്തൻ-ൽ അദ്ദേഹം ആഗ്രായിൽ ഒരു ലാപ്രാക്ടീസ്സുകാരനായി നിയമിക്കപ്പെട്ടു

വക്കീലായി അയോധ്യാനാഥൻ പരാജയമില്ലാതനായിരുന്നതുകൊണ്ട്, ആ പണിയിൽ വളരെ സമ്പാദിച്ചു. സർവ്വഥാ കാര്യവ്യഗ്രനായിരുന്നു എങ്കിലും, അദ്ദേഹം പേർഷ്യനിലും അറബിക്കിലും ഗ്രന്ഥപരിശ്രമം ചെയ്യുന്നതിൽ കുറച്ചും ഉപേക്ഷ വെച്ചില്ല. നല്ല ഇംഗ്ലീഷ് പുസ്തകങ്ങളും അനവധി വായിച്ചു. പ്രവൻ-ൽ 'ഇൻഡ്യൻ ഹെറൽഡ്' എന്നൊരു മൈനന്ദിനപത്രം അലഹാബാദിൽ ആരംഭിക്കപ്പെട്ടതിൽ പ്രധാനിയായി അയോധ്യാനാഥനായിരുന്നു. ഈ പത്രം അധികനാൾ നിലനിന്നില്ല. പ്രവൻ-ൽ അദ്ദേഹം നാട്ടുകാരുടെ ഇടയിൽ സമ്മതിക്കപ്പെട്ടിരുന്ന 'ഇൻഡ്യൻ യൂണിയൻ' എന്ന പത്രത്തെ സ്ഥാപിച്ചു. വടക്കുപടിഞ്ഞാറു രാജ്യങ്ങളിൽ അദ്ദേഹം ഒരു പ്രാമാണികനായിരുന്നതിനാൽ, ആ സംസ്ഥാനത്തിലെ നി

യമനിർമ്മാണസഭയിൽ ഒരു സാമാജികനായി ഗവർമ്മേ
ണ്ടിൽ നിന്നും നിയമിക്കപ്പെട്ടു. ആ നാട്ടിൽ ഈ ബഹുമ
തി ലഭിച്ചിട്ടുള്ള നാട്ടുകാരിൽ അദ്ദേഹം ഒന്നാമനാകുന്നു. അ
ദ്ദേഹത്തിനു കൽക്കത്താ, അലഹാബാദ് ഈ സർവ്വകലാശാ
ലകളിലെ ഫെല്ലൊസ്ഥാനമുണ്ടായിരുന്നു. എന്നാൽ നാ
ഷണൽ കൺഗ്രസ്സിനുവേണ്ടി ചെയ്തിട്ടുള്ള ശ്രമങ്ങളാ നി
മിത്തമാണ് അദ്ദേഹത്തിനു് അധികം പ്രസിദ്ധിയുണ്ടായ
തു്. അദ്ദേഹം കൺഗ്രസ്സ് സഭയുടെ ഉത്ഭവത്തിനു കാ
രണഭൂതന്മാരിൽ ഒരുവനല്ല എങ്കിലും മരണപര്യന്തം അ
തിനുവേണ്ടി ഇത്രയും ശ്രമപ്പെട്ടിട്ടുള്ള ആരും ആരുമില്ല.
1892-ൽ അലഹാബാദിൽവെച്ചു നടന്ന കൺഗ്രസ്സു സ
ഭംഗിയായി കഴിഞ്ഞതു് അയോധ്യാനാഥന്റെ അശ്രാ
ന്തപരിശ്രമം നിമിത്തമാണ്. അന്നു സൽകാരസംഘത്തി
ന്റെ നേതാവായി അദ്ദേഹം ഒരു നല്ല പ്രസംഗം ചെയ്തു.
അദ്ദേഹം അശ്രാന്തമായി കൺഗ്രസ്സിനുവേണ്ടി വേലചെ
യ്തതു കൂടാതെ ജനങ്ങളുടെ മനസ്സിനെ വശീകരിക്കത്തക്കവി
ധം പ്രസംഗങ്ങളേയും ചെയ്തുകൊണ്ടാണ് വടക്കുപടിഞ്ഞാറു
രാജ്യങ്ങളിലെ ജനങ്ങളെ കൺഗ്രസ്സിനു സഹായികളായി
ത്തീർത്തതു്. പബ്ലിക്കു സംഘങ്ങളിൽ പ്രസംഗം ചെയ്യു
മ്പോൾ അദ്ദേഹത്തിനു് ഒരു വിലക്ഷണസ്വഭാവമുണ്ടായി
രുന്നു. ബംഗാളത്തിലെ പ്രധാനമായ പത്രം ഒരവസര
ത്തിൽ ഇപ്രകാരം എഴുതി:—'അയാളുടെ വാക്കുചാതുര്യ
ത്തിൽ കൃത്രിമമായി ഒന്നുമില്ലായിരുന്നു. പുത്തൻ സമ്പ്ര
ദായത്തിൽ നിർമ്മിക്കപ്പെട്ട വാക്യങ്ങളിലല്ല അയാൾ സം
സാരിച്ചതു്'. അയാൾ മനസ്സിൽ തോന്നിയതിനെ പറ
ഞ്ഞതേയുള്ളു. അയോധ്യാനാഥപണ്ഡിതന്റെ ഉൽകണ്ഠ
യെ തെറ്റി ധരിക്കുന്നതു പ്രയാസമാണ്. അയാൾക്കു്
ഉൽകണ്ഠ വേണ്ടതിലധികമുണ്ടായിരുന്നു. ചെറിയ സംഘ
ങ്ങളിലായാലും ശരി, വലിയ സദസ്സുകളിലായാലും ശരി,
അയാൾ കാണെപ്പോഴും കുഴങ്ങുമാണെങ്കിലും അത്യന്തം വി

ശമായ പ്രസംഗംകൊണ്ടും ഉത്സാഹസൂചകങ്ങളായ ആംഗികങ്ങൾകൊണ്ടും ജനങ്ങളുടെ മനസ്സിനെ ആകർഷിച്ചു. ചിലപ്പോൾ അയാളുടെ ആംഗികങ്ങൾ കുറെ കവിഞ്ഞും അഭംഗിയായും വന്നുപോകുന്നതു, മനസ്സിൽ പ്രതിക്ഷണം അധികമായി ഉദിക്കുന്ന സ്ഫോടങ്ങൾകൊണ്ടത്രെ.

മിസ്റ്റർ. എ. ക. ഹ്യൂം ഇംഗ്ലണ്ടിലേക്കു പോയതിന്റെ ശേഷം, അയോധ്യാനാഥൻ കാൺഗ്രസ്സു സഭയുടെ ജനറൽ സിക്രട്ടറിയായി തിരഞ്ഞെടുക്കപ്പെട്ടു. കാൺഗ്രസ്സുകാരിൽ പ്രധാനികൾക്കു മിസ്റ്റർ. ഹ്യൂമിന്റെ സ്ഥാനത്തിൽ നല്ല ശേഷിയും പരിശ്രമശീലവും സ്വദേശാഭിമാനവുമുള്ള ഒരു നാട്ടുകാരനെ ആക്കിയാൽ കൊള്ളാമെന്നു താല്പര്യമുണ്ടായിരുന്നു. അതിൻപ്രകാരം സംശയം കൂടാതെ അയോധ്യാനാഥൻ തിരഞ്ഞെടുക്കപ്പെട്ടു. നാഗ്പൂരിൽവെച്ചു നടന്ന കാൺഗ്രസ്സിൽ അദ്ധ്യാസനാധിപത്യം അയോധ്യാനാഥനു കൊടുക്കുന്നതിനു മിക്കവാറും തീർച്ചപ്പെടുത്തിയിരുന്നു. പക്ഷേ ഒടുക്കം മദ്രാസിലെ കരാർക്കു് ഒരു ബഹുമതി കൊടുക്കാൻ തീർച്ചയാക്കുകയും, അടുത്ത വർഷത്തിൽ അയോധ്യാനാഥൻതന്നെ അദ്ധ്യാസനാധിപത്യം വഹിക്കേണമെന്നു സർവ്വസമ്മതമായി തീരുമാനിക്കപ്പെടുകയും ചെയ്തു. എന്നാൽ കഷ്ടകാലംകൊണ്ടു് അതിനിടയായില്ല. നാഗ്പൂരിലെ കാൺഗ്രസ്സു കഴിഞ്ഞു തിരിച്ചു പോയതിന്റെ ശേഷം, അധികം താമസിയാതെ അദ്ദേഹത്തിനു സുഖക്കേടായി; ഫ്രുവരി ൨൨-൦൦ാം അദ്ദേഹം മരിച്ചു.

അദ്ദേഹത്തിന്റെ മരണം നിമിത്തം വടക്കുപടിഞ്ഞാറു രാജ്യങ്ങളിലെ ജനങ്ങൾക്കു് ഒരു സ്വതന്ത്രനും ധീരനുമായ നേതാവും, ഗവർമ്മേണ്ടിലേക്കു് ഒരു വിശ്വസ്തനും അവഹിതനുമായ ഉപദേഷ്ടാവും, കൽക്കത്താ, അലഹാബാദ് ഈ സർവ്വകലാശാലകൾക്കു് ഒരു നല്ല സമർത്ഥനായ സാമാജികനും ഇല്ലാതെയായി. അദ്ദേഹത്തിന്റെ മരണത്തെക്കുറിച്ചു് അലഹാബാദ് സർവ്വകലാശാലയിലെ വൈസ് ചാൻസലർ

ഇപ്രകാരം പറഞ്ഞു:—"അയാൾ വിദ്യാഭ്യാസവിഷയത്തിൽ അത്യന്തം ശ്രദ്ധാലുവായ ഒരാളായിരുന്നു. അയാൾ ഞങ്ങളുടെ സമാഗമങ്ങളിലെല്ലാം സന്നിഹിതനായിരിയ്ക്കുകയും തന്റെ അസാധാരണബുദ്ധിശക്തിയെ തത്സംബന്ധമായ എല്ലാ വിഷയത്തിലും പ്രവർത്തിപ്പിക്കുകയും ചെയ്തുവന്നു. ഏതു രാജ്യവും ഏതു ജാതിയും ഇപ്രകാരം ഒരാൾ ഉള്ളതിനെക്കുറിച്ചു വന്മുള്ളവരായിരിക്കും. അയാളുടെ സ്വഭാവം ഉത്തമവും ശേഷി അസദൃശവും അറിവു് അനേകവിഷയാനുഭവുമായിരുന്നു." അലഹാബാദ് ഹൈക്കോർട്ടുകാര്യം അദ്ദേഹം വളരെ ബഹുമതനായിരുന്നു. മിസ്റ്റർ നാക്സ് എന്ന ജഡ്ജി അദ്ദേഹത്തിന്റെ ശവകുടീരത്തിനു് അലങ്കാരമായി ഒരു പുഷ്പമാല അയച്ചു. പ്രധാന ജഡ്ജി അദ്ദേഹത്തെക്കുറിച്ചു് ഇപ്രകാരം പറഞ്ഞു:— 'അയോധ്യാനാഥപണ്ഡിതൻ സംസാരിക്കുന്നതു കേൾക്കുവാൻ വളരെ രസമുണ്ടെന്നു മാത്രമല്ല, അയാളുടെ ന്യായവാദങ്ങളിൽനിന്നു ഞങ്ങൾ അറിവു സമ്പാദിച്ചിട്ടുമുണ്ടു്. ദുഷ്കടങ്ങളായ ഘട്ടങ്ങളിൽ അയാൾ പ്രദർശിപ്പിച്ച ന്യായപരിജ്ഞാനവും സൂക്ഷ്മബുദ്ധിയും ആവജ്ഞനശക്തിയും പലപ്പോഴും എന്നെ അയാൾക്കു വശംവദനാക്കിത്തീർത്തിട്ടുണ്ടെന്നു ഞാൻ സമ്മതിക്കുന്നു.'

അയോധ്യാനാഥൻ ഒരു വിശേഷപുരുഷനായിരുന്നു. അദ്ദേഹത്തിന്റെ വ്യവസായശീലം വിസ്മയിക്കത്തക്കതായിരുന്നു. വിരോധികൾ അസംഖ്യമുണ്ടായിരുന്നതു നോക്കുമ്പോൾ അലഹാബാദിൽ ഉണ്ടുണ്ടായിരുന്ന കോൺഗ്രസ്സ് അദ്ദേഹമല്ലാതെ മറെറാരാൾ വിചാരിച്ചാൽ ഭംഗിയായി നടത്തിക്കുവാൻ കഴിയുന്നതല്ലായിരുന്നു. "എന്റെ നാട്ടുകാർ ഇതിനു സഹായിക്കാത്തപക്ഷം ഞാൻ എന്റെ കയ്യിൽനിന്നു തന്നെ ●൦,൦൦൦ രൂപാ ചിലവുചെയ്തു കോൺഗ്രസ്സ് നടത്തും." എന്നു നാട്ടുകാർ കുറെ വൈമനസ്യം നടിച്ചപ്പോൾ അയോധ്യാനാഥൻ അവരോടു പറഞ്ഞു. അദ്ദേഹം വിചാരിച്ചതുപോലെ നടത്തുകയും ചെയ്തു. അദ്ദേഹം അശ്രദ്ധ

ന്മാരായ നാട്ടുകാരുടെ ഉന്മേഷത്തെ ഉദ്ദീപ്പിച്ചു; ഏകനായി എതിരുകക്ഷിയോടു വാദിച്ചു. ധീരനും അസാധാരണനും ആയ ഈ പണ്ഡിതൻ ഇപ്രകാരം ഉദ്യുക്തനായിരുന്നില്ലെങ്കിൽ ആയാണ്ടത്തെ കാൺഗ്രസ്സ് അത്രമാത്രം വിരോധികളുണ്ടായിരുന്ന സ്ഥിതിക്കു നേരെ നടക്കുകയില്ലായിരുന്നു.

ഗോപാലറാവു ഹരിഭൈദി.

ഗോപാലറാവു ഹരിഭൈദി ബാംബെ പ്രസിഡൻസിയിൽ താനാഡിസ്ട്രിക്ടിൽ മഹാപദ എന്ന ദേശക്കാരനായിരുന്നു. അദ്ദേഹം പൂവ്വർ-ൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛൻ പ്രാചീനരീതിയിൽ പഠിപ്പുള്ള ഒരു ബ്രാഹ്മണനായിരുന്നു. ഭാര്യയും മൂന്നു പുത്രന്മാരുമുള്ള തന്റെ കുടുംബത്തെ ഒരുവിധം ഭംഗിയായി ഒരിച്ചുകൊണ്ടുപോകുന്നതിനു മാത്രം അദ്ദേഹത്തിനു സ്വത്തില്ലായിരുന്നു. അവർ കല്യാൺ എന്ന സ്ഥലത്തേക്കു മാറി പാർത്തു, ഒടുവിൽ അവിടെത്തന്നെ സ്ഥിരതാമസമാക്കി. അദ്ദേഹത്തിന്റെ മൂത്ത മകനു പൂനായിൽ ഒരു എഴുത്തുവേല കിട്ടി. ഇംഗ്ലീഷ് അഭ്യസിക്കുന്നതിനായി യുവാവായ ഗോപാലറാവു അവിടെ പോയി. ജ്യേഷ്ഠന്റെ ശമ്പളം സല്പമായിരുന്നതുകൊണ്ടു്, ആദ്യം മറ്റുള്ളവരുടെ ധർമ്മത്താൽ പള്ളിക്കൂടത്തിലും പിന്നീടു പ്രൈവെറ്റായും അദ്ദേഹം ഇംഗ്ലീഷു പഠിച്ചു. ഫർ-ാം വയസ്സിൽ അദ്ദേഹം പൂനായിൽ സിഗ്നെല്ലർ ക്ലാസിൽ ചേർന്നു് അതിനു വേണ്ട പരീക്ഷ കഴിച്ചതിന്റെ ശേഷം, തിവണ്ടിവകയായി ബിറാറിൽ ജോലിയ്ക്കു അയയ്ക്കപ്പെട്ടു. പൂനായിൽ-നാഗ്പൂരിലേക്കു മാറ്റപ്പെട്ടതുമുതൽക്കാണു് അദ്ദേഹത്തിന്റെ സ്ഥിതി ഭേദപ്പെടുവാൻ തുടങ്ങിയതു്. നാഗ്പൂരിൽ ഇരിക്കുമ്പോൾ ഒരു രാജ്യ ഉദ്യോഗസ്ഥനായ ദിനകരാവന്ദ റാവു ഗോപാലറാവുവിന്റെ അസാമാന്യമായ ബുദ്ധിവൈഭവത്തെക്കണ്ടു, തിവണ്ടി ആപ്പീസിലെ ജോലി വിട്ടു ലാ പഠി

ക്കുന്നതിൻ അദ്ദേഹത്തിനോട് ഉപദേശിക്കുകയും നാഗ്പൂർ ഡിസ്ട്രിക്ട് മജിസ്ട്രേറിനെ വായിച്ചു കേൾപ്പിക്കാനുള്ള ഗ്രന്ഥം സ്കൂൾനെറ പണി അദ്ദേഹത്തിനു സമ്പാദിച്ചുകൊടുക്കുകയും ചെയ്തു. രണ്ടു വർഷത്തിനുള്ളിൽ അദ്ദേഹം കോടതിയിൽ എഴുത്തുകാരനായി. ഇതിനിടയ്ക്കു നിയമപരീക്ഷകളും ജയിച്ച് പ്ലീഡ്രൻ-ൽ അദ്ദേഹം ഒരു വക്കീലായിത്തീർന്നു. വക്കീൽപണിയിൽ അദ്ദേഹം ക്ഷണേന പ്രബലനായി. കേസുകളെ നല്ലവണ്ണം പഠിച്ചുവന്നതുകൂടാതെ, ജയിക്കുമെന്നു തനിക്കു വിശ്വാസമുള്ളവയെ മാത്രമേ അദ്ദേഹം എടുത്തുള്ളു വക്കീലന്മാരിൽ അദ്ദേഹം സ്വതന്ത്രബുദ്ധിയുള്ള ആളായിരുന്നു. അക്കാലത്തിൽ മദ്ധ്യരാജ്യങ്ങളിലുള്ള മിക്ക ഉദ്യോഗസ്ഥന്മാരും പട്ടാളത്തിൽ ചേർന്നവരായിരുന്നതിനാൽ, നിയമപരിജ്ഞാനം കുറയുന്നവരായിരുന്നു. പട്ടാളക്കാരുടെ പകരം സിവിൽ സർവ്വീസിലുള്ളവരെ ഉദ്യോഗസ്ഥന്മാരായി അവിടെ അയക്കുന്നതുടങ്ങിട്ടു പതിനഞ്ചു വർഷമേ ആയുള്ളു, അവർ മുറ്റുമാതിരിയിലാണു ന്യായങ്ങൾ നടത്തിയതു്. ചിലപ്പോൾ അക്രമങ്ങളും അവർ പ്രവർത്തിച്ചില്ലെന്നില്ല. ഗോപാലറാവു വക്കീലന്മാരിൽ പ്രധാനിയായിത്തീർന്നിരുന്നു എങ്കിലും, അദ്ദേഹത്തിന്റെ സ്വതന്ത്രബുദ്ധിയും, രാജ്യഭരണം സംബന്ധിച്ച കാര്യങ്ങളിൽ അദ്ദേഹം ഉൾപ്പെട്ടവനു എന്നുള്ളതും പട്ടാളക്കാരായ ഉദ്യോഗസ്ഥന്മാർക്കു രസിച്ചില്ല. നാഗ്പൂർ ഡിപ്യൂട്ടി കമീഷണരായ കർണ്ണൽ ല്യൂസി സ്മിത്തിന്റെ മുൻപാകെ നടന്ന ഒരു പ്രധാനകേസ്സിൽ ഗോപാലറാവു കള്ളപ്രമാണങ്ങളെ ഉണ്ടാക്കി എന്നും സാക്ഷികളെ ഉപദേശിച്ചു എന്നും ഒരു കുറ്റം അദ്ദേഹത്തിന്റെ മേൽ ചുമത്തപ്പെട്ടു. ഡിപ്പ്ടി കമീഷണർ ആ കേസു കേൾക്കുന്ന മദ്ധ്യനിയമത്തിനും നടപടിക്കും വിരുദ്ധമായി ഈ കുറ്റങ്ങളെ ചുമത്തി, അദ്ദേഹത്തിന്റെ നടത്തയേപ്പറ്റി ഒരു ക്രമരഹിതമായ വിചാരണയേ നടത്തി. മറ്റുള്ള വക്കീലന്മാർ എല്ലാവരും പോയതിന്റെ ശേഷം, സന്ധ്യയ്ക്കു ആരംഭിച്ചു രാത്രി ഏഴു മണിവരെ കോടതിയുടെ വാതിലുകളെ

ല്ലാം അടച്ചുകൊണ്ടാണ് ആ വിചാരണയെ നടത്തിയത്. പതിവുപോലെ അല്ലാതെ എന്തോ നടക്കുന്നുണ്ടെന്നു ജനങ്ങൾക്ക് അറിവു കിട്ടിയതിനാൽ, അദ്ദേഹത്തിന്റെ കൂട്ടാളികളായി സമർത്ഥന്മാരായ വക്കീലന്മാർ അദ്ദേഹത്തിനെ സഹായിക്കുവാനായി വന്നുകൂടി. എന്നാൽ ഗോപാലറാവു തനിക്കു സഹായം ആരും വേണ്ടെന്നു പറഞ്ഞു തന്നത്താനെ തന്റെ ഭാഗം വാദിച്ചു. ആ കേസു സാധാരണമല്ലാതെ പോയതിൽവെച്ച് അദ്ദേഹത്തിനു ധീരനെന്നും സത്യവാദിയെന്നും പൂർവ്വാധികമായി പ്രശസ്തി സിദ്ധിച്ചു.

ഗോപാലറാവു് ഏറ്റവും പരിഷ്കാരപ്രിയനായിരുന്നു. മദ്ധ്യരാജ്യങ്ങളിൽ വിധവാവിവാഹത്തിനു പ്രചാരമുണ്ടാക്കുന്നതിൽ അദ്ദേഹം പ്രധാന പ്രവർത്തകനായിരുന്നു. സ്ത്രീവിദ്യാഭ്യാസവും വേണ്ടതാണെന്ന് അദ്ദേഹം വാദിച്ചു. അദ്ദേഹം ഒരു പെൺപള്ളിക്കൂടം ഏർപ്പെടുത്തി. അതിനു ഗവർമ്മെൻറു സഹായധനം കൊടുക്കാമെന്നു പറഞ്ഞു. സാധുക്കളുടെ കാര്യം നടത്തുന്നതിൽ അദ്ദേഹം തൽപരനായിരുന്നു. കൈവിധേനയുള്ള അക്രമത്തേയും അദ്ദേഹം അനുവദിച്ചില്ല. രാജ്യകാര്യസംബന്ധമായും സാമുദായികമായുമുള്ള പരിഷ്കാരം വരുത്തുന്നതിനുവേണ്ടി കൂട്ടം കൂട്ടുന്നതിനേക്കാൾ നാട്ടിലുള്ള കൈത്തൊഴിലുകളുടെയും സാധനങ്ങളുടെയും വർദ്ധിപ്പിക്കുന്നതാണു നല്ലതെന്നു് അദ്ദേഹത്തിനു് ഒടുവിൽ തോന്നിത്തുടങ്ങി. വിദ്വാന്മാരുടെ ശ്രദ്ധയെ കച്ചവടം, കൃഷി, കൈത്തൊഴിൽ ഈ വിഷയങ്ങളിൽ പ്രവർത്തിപ്പിക്കുന്നതിനു് അദ്ദേഹം താൽപ്പര്യപ്പെട്ടു. അപ്രകാരം ചെയ്യുന്നതിനു് അദ്ദേഹംതന്നെ ദൃഷ്ടാന്തം കാണിച്ചുകൊടുത്തു. നാഗ്പൂരിൽ അദ്ദേഹം വിസ്തീർണ്ണമായ ഒരു തരിശുഭൂമി വിലയ്ക്കു വാങ്ങി, അവിടെ കുളം, തോട്ട മുതലായവയെ ഉണ്ടാക്കി, കുഴലുകൾ വെച്ചു ചരിഷ്കൃതരീതിയിൽ കൃഷിചെയ്തു് ഒരു നല്ല ഫലവൃക്ഷവാടികയുണ്ടാക്കി. ദിവസം മൂന്നു മണിക്കൂർ ഈ തോട്ടത്തിലെ വേല പരിശോധിക്കുവാനായി അദ്ദേഹം

ചിലവുചെയ്തു. കൃഷിവിഷയത്തിൽ പശു, മാടു്, ഇവയുടെ നല്ല ജാതികളെ ഉണ്ടാക്കുന്നതിൽ വളരെ പരിശ്രമത്തിനു മാർഗ്ഗമുണ്ടെന്നു കണ്ടു്, അക്കാലത്തു് ഇൻഡ്യായിൽ പശുക്കളുടെ സംരക്ഷണത്തിനായി ഒരു ഉദ്യമം ആരംഭിച്ചിരുന്നതിനെ അനുവർത്തിച്ചു നാഗ്പൂരിൽ അദ്ദേഹം ഒരു ഗോരക്ഷാസംഘം ഏർപ്പെടുത്തി, അതിനു പുതിയ ജീവൻ കൊടുത്തു. കന്നുകാലികളെ കുറെക്കൂടെ നല്ലവണ്ണം സൂക്ഷിക്കേണ്ടതാണെന്നും ചാണകം മുതലായതു വളത്തിനു വളരെ നല്ലതാണെന്നും മറും അദ്ദേഹം കൃഷിവലന്മാർക്കു ബോധം ജനിപ്പിച്ചു. കൃഷിവർദ്ധനയ്ക്കായി അദ്ദേഹം പണം ശേഖരിക്കുകയും കൃഷിക്കാർക്കു് ആവശ്യംപോലെ കടം കൊടുക്കുകയും ചെയ്തു. ദരിദ്രന്മാരായ കൃഷിക്കാരെ സഹായിക്കുന്നതുകൊണ്ടു വളരെ ഗുണമുണ്ടെന്നും മറു സ്ഥലങ്ങളിൽ ഗോരക്ഷാസംഘക്കാർ ചെയ്യുന്നതുപോലെ മാംസവിക്രയത്തിനായി കൊല്ലാൻ കൊണ്ടുപോകുന്ന ഉപയോഗമില്ലാത്ത പശുക്കളെ വളരെ വിലകൊടുത്തു വാങ്ങിക്കുന്നതുകൊണ്ടു പ്രയോജനമൊന്നുമില്ലെന്നും അദ്ദേഹം ജനങ്ങളെ മനസ്സിലാക്കി. കിം ബഹുനാ, ഈ ആരംഭം കേവലം മതസംബന്ധമായുള്ളതല്ലെന്നും ധനതത്വശാസ്ത്രസംബന്ധമായുള്ളതാണെന്നും അദ്ദേഹം സ്പഷ്ടീകരിച്ചു. ഈ നല്ല ഉദ്യമത്തിൽ മരിച്ചുപോയ റായിബഹാദർ നാരായണസ്വാമി നായിഡു അദ്ദേഹത്തിനെ വളരെ സഹായിച്ചു. എന്നാൽ ഗോപാലറാവുവിനു് അയാളേക്കാൾ ഇതിൽ അധികശ്രദ്ധയുണ്ടായിരുന്നു. അദ്ദേഹം ഗ്രാമന്തോറും ഇതിനായി സഞ്ചരിച്ചു വളരെ ധനസഹായം ചെയ്തു. ഈ സംഘത്തിന്റെ ആപ്പീസ്സു് അദ്ദേഹത്തിന്റെ ഗൃഹത്തിൽതന്നെ ആയിരുന്നു. ഈ ഉദ്യമത്തിന്റെ അഭിവൃദ്ധിക്കുവേണ്ടി അദ്ദേഹം ഒരു മുദ്രാലയവും ഒരു പത്രവും ഏർപ്പെടുത്തി തൻ തന്നെ ആ ഏർപ്പാടിനെ എല്ലാം ശേഷിയോടുകൂടെ ഭരിച്ചുകൊണ്ടുപോന്നു.

നാഗ്പൂരിൽ ഒരു നൂലാപ്പിസ്സു് ഉണ്ടാക്കുന്നതിനും

കാരണഭ്രതൻ ഗോപാലറാവു ആയിരുന്നു. അവിടെ വച്ചു തന്നെ പഞ്ഞി ഉൽഭവിച്ചിരുന്നതുകൊണ്ടു തന്നെ യന്ത്രശാലയുടെ അത്യാവശ്യകതയുണ്ടായിരുന്നു. അവിടെയുള്ള പ്രധാനികൾ യന്ത്രശാല പണിയിക്കുന്നതിന് വിരോധിച്ചു കുറെ തുപയുണ്ടാക്കി ഒരു കെട്ടിടത്തിന്റെ പണി ആരംഭിക്കുകയും യന്ത്രങ്ങൾക്കു എഴുതി അയയ്ക്കുകയും ചെയ്തു. എന്നാൽ കച്ചവടക്കാരും പഠിപ്പുള്ളവരും മാറിനിന്നതിനാൽ ഈ ഉദ്യമം നിഷ്ഫലമായിത്തീരുവാൻ ഭാവിച്ചു. ഗോപാലറാവുവിന്റെ ഉത്സാഹം നിമിത്തം അപ്രകാരം സംഭവിച്ചില്ല. പഞ്ചുകാരെ എപ്പിട്ടുത്തിയും സ്വയമേവേലകളുടെ മേൽവിചാരം വഹിച്ചും അദ്ദേഹം ആ "സ്വദേശയന്ത്രശാല"യെ സഫലയാക്കിത്തീർത്തു.

ഫ്രുവർന്നു ജനുവരി ൪-൦൦ൽ ക്ഷയരോഗത്താൽ അദ്ദേഹം മരിച്ചു.

സർ. സാലാർജംഗ നബാബ്.

സാലാർജംഗ് എന്നു സാധാരണമായി പ്രസിദ്ധനായ മിർതുറാ ആലിഖാൻ ഫ്രുവരി-ൽ ഹൈദരാബാദിൽ ജനിച്ചു. അദ്ദേഹം അറേബിയായിലെ മെദീനാ എന്ന നഗരത്തിൽ നിന്നും ഹൈദരാബാദിൽ ആദ്യം കുടിയേറിപ്പാർത്തുവന്ന ഒരു പ്രഭുകുടുംബത്തിൽ ചേർന്ന ആളായിരുന്നു. ടിപ്പുസുൽത്താനുമായി ഉണ്ടായ യുദ്ധകാലത്തിൽ അദ്ദേഹത്തിന്റെ പ്രപിതാമഹനായ ആലം നൈസാമിന്റെ പ്രധാനമന്ത്രിയായിരുന്നു. അദ്ദേഹത്തിന്റെ പിതാമഹൻ മുനിർലമ്മുല്ലും ചന്ദുലാലും ചേർന്നു നൈസാമിന്റെ കാര്യങ്ങൾ ഭരിച്ചുവന്നു. ചന്ദുലാലു ഉദ്യോഗം ഒഴിഞ്ഞതിന്റെ ശേഷം സാലാർജംഗിന്റെ പിതൃവ്യനായ സുരാജുൽമുല്ക്ക് മന്ത്രിയാക്കപ്പെട്ടു. അതുകൊണ്ട് പാരമ്പര്യമായി ഹൈദരാബാദിലെ മന്ത്രിപദത്തിലേക്കു സാലാർജംഗിനു അവകാശ

മുണ്ടായിരുന്ന എങ്കിലും കൊടുക്കപ്പെട്ട കാലത്തിൽ അതു കിട്ടുമെന്ന് അദ്ദേഹം തീരെ വിചാരിച്ചിരുന്നില്ല.

സാലാർജംഗിനു് പള്ളിക്കൂടത്തിൽ പഠിത്തമുണ്ടായിട്ടില്ല. അദ്ദേഹം അറിഞ്ഞിരുന്നതെല്ലാം വീട്ടിലിരുന്നു പഠിച്ചതാണു്. ബാല്യത്തിൽതന്നെ പെഷ്യനും അറബിക്കും പഠിച്ചതുകൂടാതെ, ഇംഗ്ലീഷിലും അല്പമായ ജ്ഞാനം സമ്പാദിച്ചു. ചെറുപ്പത്തിൽതന്നെ പിതാവും പിതാമഹനും മരിച്ചുപോയതു് അദ്ദേഹത്തിന്റെ പഠിത്തത്തിനു ഒരു വിഘാതമായിത്തിന്നിരിക്കാം. അദ്ദേഹം പ്രൈവറായി ഏകദേശം ഏഴുവഷ്ടത്തോളം പഠിച്ചു. എന്നാൽ അപ്പോൾ കായ്യോഗത്തിലൊ വിദ്യാവിഷയത്തിലൊ പ്രത്യേകവാസനയെ അദ്ദേഹം പ്രദർശിപ്പിച്ചില്ല. അദ്ദേഹത്തിന്റെ പഠിത്തങ്ങൾ അവ്യവസ്ഥിതങ്ങളും പിന്നിട പ്രത്യക്ഷീഭവിച്ച കായ്യപ്രാപ്തിയെ പോഷിപ്പിക്കുന്നതിനു സവ്വഥാ അപര്യാപ്തങ്ങളും ആയിരുന്നു. അദ്ദേഹത്തിന്റെ അമ്മമ്മ തന്റെ ഗ്രാമങ്ങളുടെ കണക്കുകളെ അദ്ദേഹത്തിനു നോക്കി മനസ്സിലാക്കുവാനായി കൊടുക്കാറുണ്ടായിരുന്നു. എങ്കിലും, കണക്കുകളിൽ അദ്ദേഹത്തിനു് അത്ര രസമുണ്ടായിരുന്നില്ല. എന്നാൽ ഹൈദരാബാദിൽ പ്രഭുക്കളുടെ മക്കൾക്കു മറുള്ളവരേക്കാൾ രാജ്യത്തിലെ വലിയ ഉദ്യോഗങ്ങൾക്കു് അധികാവകാശമുണ്ടായിരുന്നതിനാൽ, സാലാർജിംഗിനു് ഇരുപതു വയസ്സായപ്പോൾ താലൂക്കുദാർഉദ്യോഗം കൊടുക്കപ്പെട്ടു. എട്ടുമാസകാലം ഈ പണിയിലിരുന്ന ഇടകൊണ്ടു ഹൈദരാബാദിലുള്ള റവന്യൂക്കായ്യങ്ങളെ അദ്ദേഹം മനസ്സിലാക്കി. അദ്ദേഹത്തിന്റെ പിതൃവ്യൻ മീർതുറാബ് മരിച്ച ഉടനെ അദ്ദേഹം മന്ത്രിസ്ഥാനത്തേക്കു് ഉന്നായി കയറപ്പെട്ടു. ഈ വർത്തമാനം കേട്ടപ്പോൾ അദ്ദേഹത്തിന്റെ മനോഗതം എന്തായിരുന്നു എന്നുള്ളതു് ഒരു സ്നേഹിതനു് അദ്ദേഹം അക്കാലത്തിൽ എഴുതിയ കത്തിൽ നല്ലവണ്ണം വിവരിക്കപ്പെട്ടിട്ടുണ്ടു്:— "നിവൃത്തമുണ്ടെങ്കിൽ എന്റെ

പിതൃവ്യന്റെ വസ്തുവകകളെ നിബ്ബാധമായി അനുഭവിച്ചു കൊണ്ടു ഇവ ദുഷ്ടഘട്ടത്തിലുള്ള രാജ്യഭരണക്ലേശത്തെ ഏല്ക്കാതെ ഞാൻ സുഖമായി കാലം കഴിച്ചുകൊള്ളുമായിരുന്നു. എന്നാൽ യൂറോപ്യന്മാരും നാട്ടുകാരുമായ സ്നേഹിതന്മാരുടെ ധിക്കരിക്കാൻ പാടില്ലാത്ത ഉപദേശം, ഞാൻ ഈ ഉദ്യോഗത്തെ നിരസിക്കുന്നതു എനിക്കും എന്റെ കുടുംബത്തിനും വളരെ ഹാനികരമായിരിക്കുമെന്നായിരുന്നു..... ഈശ്വരകാരുണ്യമുണ്ടെങ്കിൽ, ഞാൻ കഴിയുന്നതും ശ്രമപ്പെട്ടു ഈ രാജ്യത്തിലെ കാര്യങ്ങളെ ശരിപ്പെടുത്തുകയും ഗവർമ്മേണ്ടിലുള്ള കുഴപ്പങ്ങളെ തിക്കുകയും ചെയ്യാം."

അദ്ദേഹം അപ്രകാരം തന്നെ ചെയ്തു. അക്കാലത്തിൽ ഹൈദരാബാദിലെ കാര്യങ്ങൾ ഇതിലധികം ചിന്തനീയമാകുവാൻ പാടില്ലെന്നുള്ള സ്ഥിതിയിലായിരുന്നു. മുതലെടുപ്പുകാര്യം കഷ്ടസ്ഥിതിയിലും ഖജനാ ശൂന്യശൂന്യവും ആയിരുന്നു. ബിറാർ, റായിച്ചൂർ, ഔറാങ്ങ്, മൽഗുഡി ഈ താലൂക്കുകൾ ഇംഗ്ലീൻഡ്യാകമ്പനിക്കാർക്ക് അപ്പോൾ പാട്ടുകൊടുത്തു തീർന്നതുള്ളൂ. ഈ ഭൂമികളെ അനുഭവിച്ചുവന്ന ജാഗീർദാരന്മാർ അവയെ വിട്ടൊഴിയുന്നതിനു ആജ്ഞാപിക്കപ്പെട്ടപ്പോൾ, സർക്കാരിൽനിന്നും പ്രതിഫലം കിട്ടുന്നമെന്നു അവകാശപ്പെട്ടു. നൈസാമിന്റെ സംബന്ധികൾക്കുള്ള ശമ്പളങ്ങളെ കൊടുക്കുന്നതിനു മുതലെടുപ്പില്ലായിരുന്നു. നൈസാമിന്റെ ആഭരണങ്ങൾകൂടി പണയമായി ഇംഗ്ലണ്ടിൽ കൊണ്ടുപോകപ്പെട്ടിരുന്നു. മൂന്നുകോടി രൂപാ സർക്കാരിനു കടമുണ്ടായിരുന്നു. ഈ ഈ കുഴപ്പത്തിൽനിന്നും ശരിയായ രീതിയിൽപ്പാട്ടു വരുത്തുന്നതിനു് അസാധാരണ ധീരതയോടും ശേഷിയോടും സാലാർജംഗ് തുനിഞ്ഞു.

ആദ്യമായി അദ്ദേഹം ചെയ്ത പരിഷ്കാരം നാട്ടിൽ പ്രബലന്മാരായിത്തീർന്നിരുന്ന അറബികളുടെ ഉൽകർഷത്തെ നിയന്ത്രിക്കുകയായിരുന്നു. രാജ്യത്തിലുള്ള മുതലെടുപ്പിൽ ഒ

ൽ വലിയ ഭാഗം ചിലവുചെയ്തു രക്ഷിക്കപ്പെട്ടവന്ന അറബിപ്പട്ടാളങ്ങളെ അദ്ദേഹം പിരിച്ചയച്ചു. ശമ്പളക്കാരായ അറബികളേയും, റോഹില്ലന്മാരേയും, പട്ടാണികളേയും തള്ളിക്കുന്നതിന്ന താലൂക്ദാരന്മാർക്കും ജാഗീർദാരന്മാർക്കും ഉത്തരവയയ്ക്കപ്പെട്ടു. അറബികളുടെ അവകാശങ്ങളെപ്പറ്റി തീരുമാനിക്കുന്നതിന്ന് ഒരു കോടതി ഏർപ്പെടുത്തി. ഗവർമേൻറിൽ നിന്ന കിട്ടേണ്ട അവകാശങ്ങൾക്ക പകരം പുഴുക്കാൽ ലഭിച്ചിട്ടുള്ളവയും, പ്രജകളാൽ പണയമായി കൊടുക്കപ്പെട്ടവയുമായ ഭൂമികളെ എല്ലാം അറബികളുടേയും പട്ടാണിമാരുടേയും പക്കൽനിന്ന വണ്ടെടുക്കാൻ പിന്നീട് അദ്ദേഹം ആരംഭിച്ചു. ഫസ്ലി ൧൨൫൦ാം വർഷം അവസാനിക്കുന്നതിന്ന മുമ്പെ, സാലാർജംഗ് അന്യാധീനപ്പെടുത്തിയിരുന്ന വകയിൽ നാല്പതു ലക്ഷം രൂപാ സർക്കാരിലേക്ക പിണ്ടെടുക്കുകയും രണ്ടായിരം അറബികളേയും, പട്ടാണികളും റോഹില്ലന്മാരും മറ്റു പട്ടാളക്കാരും കൂടി അത്രയും ആളുകളേയും, പിരിച്ചയയ്ക്കുകയും ചെയ്തു. പിന്നീട ഹൃദിരാബാദിൽ മുതലെടുത്തുവന്ന ഏപ്പാടിനെ നിറുത്തി, ജനങ്ങൾക്ക ദ്രോഹകരമായ ആ ഏർപ്പാടിന്ന വകരം വിശ്വസ്ഥന്മാരായ ഉദ്യോഗസ്ഥന്മാരെ ഏർപ്പെടുത്തി കരം പിരിപ്പിച്ചു. താലൂക്ദാരന്മാർ ജനങ്ങളുടെ അടുക്കൽനിന്ന പിരിക്കുന്ന സർക്കാർകരത്തിന്ന കാൽഭാഗംമുതൽ അരഭാഗം വരെ സ്വന്തമായി എടുത്തുവരിക പതിവായിരുന്നു. സാലാർജംഗ് കൈക്കൂലിക്കാരെത്തിരയാതെ ഇവരെ വേലയിൽനിന്ന തള്ളി. അക്രമത്തെ കഠിനദണ്ഡനകാം കൊടുത്തു ശമിപ്പിച്ചു. ഫസ്ലി ൧൨൫൦ാം വർഷത്തോടെ രാജ്യത്തിൽ മുതലെടുപ്പു വർദ്ധിക്കയും, ഒരു പൊതുവായ ക്ഷാമം ഏർപ്പെടുത്തപ്പെടുകയും, രാജ്യത്തിലെ മുതലിൽ കുഴപ്പടക്കാക്ക വിശ്വാസം ജനിക്കയും, എന്നുവേണ്ടാ, ഒരുകൂപ്പാടെ നാട്ടിൽ ക്ഷേമം വർദ്ധിക്കയും ചെയ്തു.

ഫസ്ലി൧൨൫൧ൽ ഇൻഡ്യായിലെ മഹത്തായ സേനാസംക്ഷോഭം ആരംഭിച്ചു. ഈ സന്ദർഭത്തിൽ ബ്രിട്ടീഷ്കാർക്ക സം

ലാർജംഗ് ചെയ്ത സഹായത്തിനു വിലമതിക്കാവതല്ല. വടക്കൻ ഇൻഡ്യാ മുഴുവൻ ഒരു യുദ്ധക്കളമായിത്തീർന്നു. മദ്ധ്യ ഇൻഡ്യായും ദക്ഷിണദേശവും ഹൈദരാബാദിൽനിന്നു സംഖ്യ കിട്ടിട്ടുവേണം അക്രമം ആരംഭിക്കാൻ എന്നു സന്നദ്ധമായിരുന്നു. ഹൈദരാബാദിലുള്ള ജനങ്ങൾ തെരുവുകളിൽ കൂട്ടംകൂടിനിന്നു യുദ്ധം വേണമെന്നു നിലവിളിച്ചു. നൈസാം കൂടി പുറപ്പെടുകയാണെങ്കിൽ, എല്ലാം നശിച്ചുപോകും., എന്നു ബാംബെഗവർണർ ഹൈദരാബാദിലെ റസിഡൻറിനു കമ്പി അയക്കത്തക്കവണ്ണം അപ്പോഴത്തെ ഘട്ടം വളരെ ദുർഘടമായിരുന്നു. എന്നാൽ നൈസാമിൻെറ സൗഭാഗ്യമായി സാലാർജംഗ് ഉണ്ടായിരുന്നു. അദ്ദേഹം എല്ലാ സംഗതികളേയും നന്നായി ആലോചിച്ചു കലുഷമില്ലാതെ സ്ഥിരനായി നിന്നു. അപ്പോൾ അതിക്ലേശകരമായ ഒരു സന്ദർഭമായിരുന്നു. ഇത്രയും മുൻകരുതലും തന്ത്രപുമില്ലാത്ത ഒരു മന്ത്രിയായിരുന്നെങ്കിൽ, അന്യഥാ പ്രവർത്തിക്കുമായിരുന്നു. സാലാർജംഗ് ആകട്ടെ ഇംഗ്ലീഷ്കാർക്കു സഹായിയായി നില്ക്കുവാനാഗ്രഹിച്ചു. ആ നിശ്ചയം നന്നാകുകയും ചെയ്തു. ക്ഷോഭകാലത്തിൽ ഇത്രയും സഹായിച്ചതിനു മുപ്പതിനായിരം രൂപാപ്രതിഫലമുള്ള ഒരു ഖില്ലത്തു, ബ്രിട്ടീഷ് ഗവർമേർ സാലാർജംഗിനു സമ്മാനം കൊടുത്തതു കൂടാതെ നൈസാമിനോടും ബ്രിട്ടീഷ് ഗവർമേൻറിനോടും തൻെറ കൃത്യത്തെ ചെയ്തു സ്ഥിരചിത്തനായിനിന്നു തൻെറ സ്വാമിക്കു ഹാനിയും കുറച്ചിലുമായിത്തീരുമായിരുന്ന അസദുപദേശങ്ങളെ നിരാകരിച്ചതിനെ ഇൻഡ്യാഗവർമേൻറ് അഭിനന്ദിക്കുകയും അതിനു കൃതജ്ഞന്മാരായിരിക്കുകയും ചെയ്തു. എന്നു ഗവർണർജനറൽ അദ്ദേഹത്തിനെ അറിയിക്കുകയും ചെയ്തു.

ഫ്രഞ്ചുകാർ ഹൈദരാബാദിൽവെച്ചു് അദ്ദേഹത്തിനെ ദ്രോഹപ്പെടുത്തുവാൻ ചില ആളുകളെ ഉദ്യമിച്ചു. ക്ഷോഭകാലത്തിൽ അദ്ദേഹം സ്ഥിരചിത്തനായിരുന്നതു ജനങ്ങൾക്കു വിശ്വാസത്തിനു ഒരു കാരണമായിരുന്നു. ഫ്രഞ്ചുകാ

ച്ച് ൧൮൫൫- സാലാർജംഗ് ബ്രിട്ടിഷ് റസിഡൻറായിരുന്ന കേർണൽ ഡേവിഡ് സണ്ണോട്ടുകൂടി നൈസാമിൻെറ കൊട്ടാരത്തിൽനിന്നും ഒരു കുടിക്കാഴ്ച കഴിഞ്ഞു പുറത്തു വന്നപ്പോൾ, ജെഹാംഗിർഖാൻ എന്നൊരുവൻ സാലാർജംഗിൻെറ നേരെ ഒരു വെടിവെച്ചു. ഭാഗ്യവശാൽ അദ്ദേഹത്തിൻെറ മേൽ കൊണ്ടില്ല. വെടി ഫലിച്ചില്ലെന്ന് കണ്ട ഉടനെ അവൻ വാളുരിക്കൊണ്ട് അദ്ദേഹത്തിൻെറ നേക്ക് പാഞ്ഞുചെന്നു. എന്നാൽ, അദ്ദേഹത്തിനെ വെട്ടാൻ കഴിയുന്നതിനുമുമ്പിൽ, അവൻ വെട്ടിക്കൊല്ലപ്പെട്ടു. കടക്കടി ശിക്ഷ്യപ്പേണ്ടി ബ്രിട്ടിഷ്കാർ കണ്ടു കെട്ടിയിരുന്ന ഷോലാപൂർ, ധാരാസസ്, റായിച്ചൂർ, ദൊവബ്, ഇഡിസ്ട്രിക്റുകളെ ഫ്രഞ്ചുകാർ അവർ നൈസാമിനു വിട്ടുകൊടുത്തു. സാലാർജംഗിനെ മന്ത്രിസ്ഥാനത്തിരുന്നിന്നും നീക്കുന്നതിൻ ഫ്രഞ്ചുകാർ ഒരു കുതിരം ആരംഭിക്കപ്പെട്ടു. റസിഡൻറിനു സാലാർജംഗിനെ മന്ത്രിപദത്തിൽനിന്നും നിക്കുന്നതിനു താൽപര്യമുള്ളതായി നൈസാമിനെ ചിലർ പറഞ്ഞു ബോധിപ്പിച്ചു. റസിഡൻറുമായി ഉണ്ടായ ഒരു സംഭാഷത്തിൽ അപ്രകാരം ചെയ്യുന്നതു തനിക്കും മനസ്സുതന്നെ എന്നു നൈസാം റസിഡൻറിനോടു പറഞ്ഞു. റസിഡൻറ് ഇതുകേട്ട് ആശ്ചര്യപ്പെട്ടു. ഇപ്രകാരം കുതിരങ്ങൾ നടന്നിട്ടും സാലാർജംഗ് മന്ത്രിസ്ഥാനം വഹിച്ചുവന്നു. അദ്ദേഹം പിന്നെയും പരിഷ്കാരങ്ങളെ ചെയ്തുകൊണ്ടിരുന്നു. രാജ്യത്തെ അഞ്ചു ഡിവിഷനും പതിനേഴു ഡിസ്ട്രിക്റുകളുമായി വിഭജിച്ച് 'സില്ലബന്ദി' എന്ന ഏർപ്പാടു സ്ഥാപിക്കപ്പെട്ടു. സാമന്തന്മാരായി കരം തിരുന്ന ഏർപ്പാടു നിറുത്തപ്പെട്ടു. വസൂക്കളുടെ അളവുകൾ തിട്ടപ്പെടുത്തപ്പെട്ടു. അവിടത്തെ ഒരു റസിഡൻറ് മിസ്റ്റർ സാൻഡേഴ്സ് ഫ്രഞ്ചുകാരുടെ സാലാർജംഗ് നടത്തിയ പരിഷ്കാരങ്ങളെ അഭിനന്ദിച്ച് ഇപ്രകാരം പറഞ്ഞിരിക്കുന്നു:—'ഹൈദരാബാദ് രാജ്യം ഫ്രഞ്ചുകാരുടെ ഇരിക്കുന്ന സ്ഥിതിയും, എൻെറ പൂർവ്വഗാമിയായ (പിന്നീടു

പ്രഭുവായ) സർ ചാർൾസ് മെറ്റ്കാഫിന്റെ എഴുത്തുകുത്തുകളിൽനിന്നു വ്യക്തപ്പെട്ടുന്ന അതിന്റെ പ്രവർത്തനത്തിലെ സ്ഥിതിയും തമ്മിൽ, ഇക്കാലത്തിലെ ഇംഗ്ലണ്ടിന്റെയും സ്കൂൾപേട്ട് രാജാക്കന്മാരുടെ കാലത്തിലെ ഇംഗ്ലണ്ടിന്റെയും സ്ഥിതികളും തമ്മിൽ എന്നപോലെ വ്യത്യസ്തമായിരിക്കുന്നു എന്നു പറഞ്ഞാൽ അതു കേട്ടും അതിശയോക്തിയാകയില്ല. ഇതു് ഇപ്പോഴത്തെ മന്ത്രിയായ സർ സാലാർജംഗ് എന്റെ പൂർവ്വഗാമികളുടെ സഹായത്തോടുകൂടി നടത്തിയ രാജ്യഭരണത്തിന്റെ ഫലമാണെന്നു ഗവർമ്മെൻറിന് അറിവുള്ളതാണല്ലൊ. ഖജനാവിൽ വളരെ രൂപാ ഉരിപ്പുണ്ടെന്നു മാത്രമല്ല, ചിലവിനേക്കാൾ മുതലെടുപ്പ് ഏതൊന്നിന്റെ ഏകദേശം എട്ടുലക്ഷം രൂപാ കൂടുതലായിരിക്കുന്നതിനാൽ, ഗവർമ്മെന്റിൽ ജനങ്ങൾക്ക് വിശ്വാസവും ജനിച്ചിരിക്കുന്നു. കരപ്പിരിവിനു മുമ്പിൽ നടന്നുവന്ന ദ്വേഷകരമായ കരാർ എടുപ്പാട് നിറുത്തിയതു കൊണ്ടു് ഉൾനാട്ടുകളിൽ കലശലുകളും ചുരുക്കമേയുള്ളു.' എന്നാൽ ഹൈദരാബാദിലെ ജനങ്ങൾ അപ്പോഴും അപരിഷ്കൃതന്മാരായിരുന്നതിനാൽ, സാലാർജംഗ് ആ നാട്ടിലേക്കു ചെയ്ത ഗുണങ്ങളെ അറിയുവാൻ ശക്തന്മാരല്ലായിരുന്നു. അതുകൊണ്ടു് അദ്ദേഹത്തിനു ജനരഞ്ജനം കുറഞ്ഞു തന്നെവന്നു. പ്രവൃത്തിയിൽ അദ്ദേഹം കൂടിക്കാഴ്ചയ്ക്കായി നൈസാമിന്റെ കൊട്ടാരത്തിലേക്കു പോകുമ്പോൾ, അദ്ദേഹത്തിനെ അപായപ്പെടുത്തുന്നതിനു് കരുത്രമം ചെയ്യപ്പെട്ടു. കരുതിക്കൂട്ടി കാത്തിരുന്നു ചെച്ച വെടിയുണ്ടയും അദ്ദേഹത്തിന്റെമേൽ കൊണ്ടില്ല. അവനെ പിടിച്ചു മരണശിക്ഷയ്ക്കു വിധിച്ചു. തൂക്കുന്നതിനു പകരം തടവു മതിയെന്നു സാലാർജംഗ് നിർബ്ബന്ധിച്ചു പറഞ്ഞതിനെ നൈസാം സമ്മതിച്ചില്ല; അതിനാൽ അവൻ തൂക്കപ്പെട്ടു.

പ്രവൃത്തിയിൽ നൈസാം അഫ്ഗാനുകളിലൊരാൾ മരിച്ചു. പിൻവാഴ്ചയ്ക്കു് അദ്ദേഹത്തിന്റെ ബാലനായ മകനേ ഉണ്ടാ

യിരുന്നുള്ളൂ. അതിനാൽ ഗവൺമെൻറിന്റെ ആലോചനയിൽ സാലാർജംഗ്ഗും ഷംസുൽ ഉലാമാ അമീറികബീറും കൂടി രാജപ്രതിനിധികളായി നിയമിക്കപ്പെട്ടു. അവർ രണ്ടു പേരും ചേർന്നു ബിറാർ തിരിച്ചുകിട്ടേണമെന്നും പണം കൊടുക്കാമെന്നും ഫ്രഞ്ചുകാർ ഇൻഡ്യൻ ഗവൺമെൻറിനോടു് അപേക്ഷിച്ചു. അന്നും പിന്നീടും ഗവൺമെൻറു് അതിനെ അനുവദിച്ചില്ല. ഫ്രഞ്ചുകാർ പ്രിൻസ് ആഫ് വേൽസ് ഇൻഡ്യയിൽ വന്നപ്പോൾ, സാലാർജംഗ് ബാംബേയിൽ ചെന്നു് അദ്ദേഹത്തിനെ കണ്ടു. അപ്പോൾ സർ ചാൾസ് ഡ്യൂക്ക് അദ്ദേഹത്തിനെ ഇംഗ്ലണ്ടിൽ വരേണമെന്നു ക്ഷണിച്ചു. ഫ്രാൻസുകാർ അദ്ദേഹം ഇംഗ്ലണ്ടിൽ ചെല്ലുകയും വളരെ സൽകരിക്കപ്പെടുകയും ചെയ്തു. ഇംഗ്ലണ്ടിൽ പോയാൽ ബിറാർ തിരികെ കിട്ടുമെന്നുള്ള കാര്യത്തെ സാധിക്കാമെന്നുകൂടി അദ്ദേഹം ആഗ്രഹിച്ചിരുന്നു. മരണപര്യന്തം അദ്ദേഹം ആഗ്രഹിച്ചിരുന്ന ഈ സംഗതി സാധിച്ചില്ലെന്നു വരികിലും ഇൻഡ്യയിലുള്ള രാജാക്കന്മാർക്കുപോലും സിദ്ധിക്കാത്ത ബഹുമാനങ്ങൾ അദ്ദേഹത്തിനു് അവിടെ ലഭിച്ചു. പല സംഘക്കാരും മംഗളപത്രങ്ങൾ അയച്ചിരുന്നതു കൂടാതെ, ആക്സ്ഫോർഡ് സർവകലാശാല ഡി. സി. എൽ. എന്ന മാന്യപദത്തെയും, ലാർഡ് മേയർ ലണ്ടൻപട്ടണത്തിലെ സ്വാതന്ത്ര്യവും അദ്ദേഹത്തിനു കൊടുത്തു. ഫ്രഞ്ചുരാജ്ഞി ഫ്രാൻസിലെ കൽകത്തായിൽവെച്ചു നടന്ന ഗ്രാൻഡ് ബാളിൽ അദ്ദേഹം സന്നിഹിതനായിരുന്നു. ഫ്രഞ്ചുരാജാവു് ഫ്രാൻസിൽ നടന്ന രാജസദസ്സിൽ അദ്ദേഹം കൂടെ ഉണ്ടായിരിക്കുകയും അദ്ദേഹത്തിനു് ഫൈവിങ്കിവെടി ബഹുമാനമായി കൊടുക്കപ്പെടുകയും ചെയ്തു.

സാലാർജംഗ് തിരിച്ചു് ഇൻഡ്യയിൽവന്നു് ഫ്രഞ്ചുനാടുവരെ രാജ്യകാര്യം ഭരിച്ചു. ആയാണ്ടിൽ അദ്ദേഹം വിഷൂചിക പിടിപെട്ടു് പെട്ടെന്നു മരിച്ചു. മരിച്ചപ്പോൾ അദ്ദേഹത്തിനു് ഏകദേശം വയസ്സു പ്രായമുണ്ടായിരുന്നുള്ളൂ. അദ്ദേഹത്തിന്റെ മരണ

ണം സകലർക്കും ശോകപ്രദമായിരുന്നു. ഇംഗ്ലണ്ടിൽ നിന്നും റാണി, യുവരാജാവു് മുതലായ വേണ്ട പ്രസിദ്ധന്മാരായ അനേകം വലിയ ആളുകൾ അനുതാപപത്രങ്ങളെ അയച്ചു. ഇൻഡ്യാഗവർമ്മേണ്ടു് ഇപ്രകാരം കരുപരന്യത്തോടുകൂടി കരുവിശേഷാൽ ഗസെറ്റിനെ പ്രസിദ്ധപ്പെടുത്തി:—'ഹൈദരാബാദ് രാജ്യത്തിലെ രാജപ്രതിനിധിയും മന്ത്രിയുമായിരുന്ന നബാബു് സർ സാലാർജംഗ് ജി. സി. എസ്. ഐ. അവർകൾ ഈ മാസം വ്യാഴനു വൈകുന്നേരം വിഷൂചികാരോഗത്താൽ മരിച്ചുപോയിരിക്കുന്നു എന്നുള്ള വിവരം സാമാന്യികസമേതനായ ഗവർണർ ജെനറൽ ഏറ്റവും ദുസ്സഹത്വം പ്രസിദ്ധപ്പെടുത്തുന്നു. ഈ കഷ്ടസംഭവം നിമിത്തം ബ്രിട്ടിഷ് ഗവർമ്മേണ്ടിലേക്ക് കരു നല്ല മിത്രവും നൈസാമിനു കരു വിശ്വസ്തമന്ത്രിയും ഇന്ത്യയിലുള്ള ജനങ്ങൾക്കു കരു മഹാനായ പ്രതിനിധിയും ഇല്ലാതായിരിക്കുന്നു.'

സാലാർജംഗിന്റെ ദേഹം, മെലിഞ്ഞതും ഇടമട്ട പൊക്കമുള്ളതുമായിരുന്നു. എങ്കിലും അദ്ദേഹത്തിനു നായകലക്ഷണമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ ദിവ്യച്ചയും വേഷവും സാധാരണരീതിയിലായിരുന്നു. കൂടികാഴ്ചകൾ മുതലായ വിശേഷങ്ങൾ ഉള്ള ദിവസങ്ങളിലല്ലാതെ അദ്ദേഹം ആഭരണങ്ങൾ ധരിക്കാറില്ലായിരുന്നു. അയാൾ നല്ല സരളസ്വഭാവനും ആക്ഷേപിക്കുന്നതിനു വിരോധമില്ലാത്തവനും ആയിരുന്നു. ഉദ്യാനങ്ങൾ ഉണ്ടാക്കുന്നതിൽ അദ്ദേഹത്തിനു വളരെ താല്പര്യമുണ്ടായിരുന്നു. യൂറോപ്യന്മാരുടെ മതിരികളിലും അവരുമായുള്ള സംസർഗ്ഗത്തിലും അദ്ദേഹത്തിനു പ്രതിപത്തിയുണ്ടായിരുന്നു. ഹൈദരാബാദിലേക്കു ചെയ്ത ഉണ്ണങ്ങളെക്കൊണ്ടു മാത്രമല്ല, എത്രമാത്രം പ്രതിബന്ധങ്ങൾ നേരിട്ടു എന്നുള്ളതുകൊണ്ടും വേണം രാജ്യഭരണത്തിൽ സാലാർജംഗിന്റെ സാമർത്ഥ്യത്തെ പരിച്ഛേദിക്കുന്നതു്. സർ റിച്ചേഡ് ടെംപിൾ ഹൈദരാബാദ്, കാശ്മീരം സിക്കിം, നേപാളം, ഇവിടങ്ങളിൽ ചെന്നു് എഴുതിട്ടുള്ള വു

ത്തനന്തപത്രത്തിന്റെ മുഖവുരയിൽ കാപ്പൻ ടെംപിൾ ഇപ്രകാരം പറഞ്ഞിരിക്കുന്നു: —'അസൂയാനിധികളും പ്രബലന്മാരുമായ വിരോധികൾ എല്ലായ്പോഴും ഇടഞ്ഞുനിന്ന് ഉപദ്രവങ്ങൾ ചെയ്തുകൊണ്ടിരുന്നതിനിടയ്ക്കാണ സാലാർജംഗ് പരിഷ്കാരങ്ങളെ ഏർപ്പെടുത്തിയത്'. ഇതുകൂടാതെ നൈസാമും അനാവശ്യമായി ഇടയ്ക്കുനിന്നു പ്രതിബന്ധങ്ങളെ ചെയ്തിരുന്നു.' .....'നൈസാമിന്റെ സ്വഭാവവൈവിലക്ഷണ്യം നിമിത്തം തന്റെ മന്ത്രിയുടെ വേലകളെ താൻ സ്വയമായി അഭിനന്ദിക്കേണ്ടതുപോയിട്ട് തീരെ ഗണിക്കാതെ ഇരുന്നാൽ, സാലാർജംഗ് ചെയ്ത ഗ്രന്ഥമെല്ലാം ഉറക്കത്തിൽ കാലുപിടിച്ച മട്ടിലായിപ്പോയി.' സാലാർജംഗ മന്ത്രിയായിരുന്നപ്പോൾ, അദ്ദേഹത്തിനു് എത്രമാത്രം ക്ലേശങ്ങളെ സഹിക്കേണ്ടിവന്നു എന്നുള്ളതു സർ റിച്ചേർഡ് ടെംപിളിന്റെ 'എന്റെ കാലത്തിൽ ഇൻഡ്യായിലെ ജനങ്ങളും സംഭവങ്ങളും' എന്ന പുസ്തകത്തിൽ നിന്നു് അറിയാവുന്നതാകുന്നു. സർ റിച്ചേർഡ് ഇപ്രകാരം എഴുതിയിരിക്കുന്നു:—സാലാർജംഗിനെ ബാല്യത്തിൽ തന്നെ യൂറോപ്യന്മാരുടെ മേൽവിചാരത്തിൽ വിദ്യ അഭ്യസിപ്പിക്കുകയും, വലിയ ഉദ്യോഗത്തിനു വേണ്ട കാര്യങ്ങളെ പഠിപ്പിക്കുകയും ചെയ്തുവന്നു. അതിനാൽ ആ മാന്യപദത്തിനു് അനിതരസാധാരണിയായ യോഗ്യത അയാൾക്ക് ഉണ്ടായിരുന്നു. രാജ്യകാര്യങ്ങളെ സത്യത്തോടും ശേഷിയോടും നടത്തുന്നതിൽ അയാൾ അത്യന്തം ശ്രമിച്ചു. ഇതുയും സാമർത്ഥ്യത്തോടുകൂടി ദക്ഷിണദേശത്തിൽ ആരും ഇതിനുമുമ്പിൽ കാര്യങ്ങൾ നടത്തീട്ടില്ല. മഹാരാജാവിനു് എന്നുള്ള പേരിനു് അദ്ദേഹം സർവ്വഥാ അർഹനായിരുന്നു. അദ്ദേഹത്തിന്റെ വിവേകപൂർവ്വകങ്ങളായ വൃവഹാരങ്ങൾ തന്റെ മനോഭാവത്തെ പ്രകാശിപ്പിച്ചു.....ഞാൻ (ഹൈദരാബാദിൽ റസിഡെൻറായിരുന്നപ്പോൾ) ഇൻഡ്യയിൽ പരിചയിച്ചിട്ടുള്ള മറ്റു നാട്ടുകാരനേയും അയാളോളം ബഹുമാനിച്ചിട്ടില്ല. എ

ന്നിട്ടും നൈസാം സർ സാലാർജംഗിനെ കേവലം ഒരു അടിമയുടെ നിലയിലാണ വെച്ചിരുന്നത്. തന്റെ ഗൃഹത്തിനു പുറത്തിറങ്ങണമെങ്കിൽ കല്പന കിട്ടണം. നഗരത്തിനു വെളിയിൽ തന്റെ ഗ്രിഷ്മഗൃഹത്തിൽവെച്ച് ഒരു വിരുന്നുകൊടുക്കയോ, ബ്രിട്ടീഷുപട്ടാളം കവാത്തുചെയ്യുന്നതു കാണാൻപോകുകയോ റസിഡൻറിനെ സന്ദർശിക്കുകയോ ചെയ്യുന്നതിനു തല്പര്യമുണ്ടായിരുന്നാൽ, അതിലേക്കു കല്പന വാങ്ങണം. ഈ അനുവാദം ചോദിക്കുന്നതു കേവലം ഉപചാരമാത്രമായിട്ടല്ല; കിന്തു, ഒരു അപേക്ഷയായിട്ടുതന്നെ ആണ്; എന്നാൽ ആ അപേക്ഷയെ ധിക്കരിക്കാനും മതി; അഥവാ അനുവദിക്കുന്നപക്ഷം വൈമനസ്യത്തോടു കൂടിയാണ് അപ്രകാരം ചെയ്യുന്നതു്. എനിക്ക് അയാളുമായി പല കാര്യങ്ങളും ആലോചിക്കാനുണ്ടായിരുന്നു. അതു നടത്തിക്കുള്ളുന്നതു വളരെ പ്രയാസമായിരുന്നു. എന്തെന്നാൽ അയാളെ കൂടെക്കൂടെ ചെന്നു കാണുക എന്നു വെച്ചാൽ അതു നൈസാമിനു് അസൂയയ്ക്കു കാരണമാകും. റിക്കാർട്ടുകളെ പെട്ടിയിലിട്ടു അയയ്ക്കാമെന്നാൽ അതും അപ്രകാരം തന്നെ. ഈ നിർബ്ബന്ധം തനിക്കു ക്ലേശകരമാണെന്നു് അയാൾക്കു തോന്നിയില്ല. എന്തെന്നാൽ നാട്ടുകാരെക്കൊല്ലുവക്കും ഉള്ളതുപോലെ അയാൾക്കും തന്റെ സ്വാമിയെക്കുറിച്ചു ഭക്തിയുണ്ടായിരുന്നു. അപൂർവ്വമായിട്ടേ അയാൾക്കു നൈസാമിന്റെ സന്നിധിയിൽ പ്രവേശം ലഭിക്കയുള്ളൂ. അപ്രകാരം രാജസന്നിധിയിൽ ചെന്നുകഴിഞ്ഞാൽ പരിഭ്രമം നിമിത്തം അയാളുടെ മുഖം വിളറിപ്പോകും. തന്റെ സ്വാമിക്കു തന്റെ മേൽ പ്രീതിയും ജനിപ്പിക്കുന്നതു് അസാധ്യമെന്നു് അയാൾ തീർച്ചപ്പെടുത്തിയിരിക്കണം. എങ്കിലും അയാൾ എപ്പോഴും സ്വാമിഭക്തനായിരുന്നു. എങ്കിലും തന്റെ സ്വാമിക്കു ക്ഷേമം വരുത്തുന്ന വിഷയത്തിൽ ഏതു ശ്രമവും അയാൾ സഹിക്കുമായിരുന്നു..... ഫ്രഞ്ചുകാരാണു് വരാ അയാൾ ഹൈദരാബാദ് വിട്ടു മറ്റൊരു ദിക്കും കണ്ടിട്ടില്ല. ഇ

ഞനെ കരേസ്ഥാനത്തിൽ തന്നെ അടച്ചിട്ടിരുന്നതു് രാജ്യഭര
ണവിഷയത്തിൽ അദ്ദേഹത്തിനു പ്രയോജനകരമല്ലായിരുന്നു.
കരേസ്ഥലത്തിൽ താമസിച്ചിരുന്നിട്ടും അയാളുടെ ബുദ്ധിയു
ടെ വിശാലത ഇത്രമാത്രമുണ്ടായിരുന്നുവെന്നു് ഞാൻ ആശ്ച
യ്യപ്പെടുന്നു. എന്നാൽ കൂടെക്കൂടെ പ്രധാനിയായുള്ള ആൾ
അവിടവിടെ സഞ്ചരിച്ചു പരിശോധിക്കാത്ത പക്ഷം ഇൻഡ്യ
യിൽ ഒരു രാജ്യഭാരവും നന്നായി നടക്കയില്ല. അതുകൊണ്ടു്
അയാൾ നാട്ടിലുള്ള എല്ലാ സ്ഥലങ്ങളിലും സഞ്ചരിച്ചുപോയി കീ
ഴുദ്യോഗസ്ഥന്മാരുടെ വേലകളെ പരിശോധിച്ചു മേൽ പരി
ഷ്കാരം ചെയ്യേണ്ട ഭാഗങ്ങളെ ധരിച്ചു ജനങ്ങളുടെ സങ്ക
ടങ്ങൾ കേട്ടു വരേണ്ടതു് അത്യാവശ്യകമായിരുന്നു. പക്ഷേ
ബ്രിട്ടീഷുഗവർമ്മേണ്ടിന്റെ നിർബ്ബന്ധംകൂടാതെ നൈസാം
ഇതു് ഒരിക്കലും അനുവദിക്കയില്ല. എന്നാൽതന്നെയും വ
ളരെ വൈരസ്യത്തോടുകൂടി വ്യവഹാരങ്ങൾ പറഞ്ഞല്ലാ
തെ സമ്മതിക്കയില്ല. . . . . കരപ്പിരിവു്, ന്യായക്കോടതി
കൾ, പോലീസ്സു്, സർവ്വോപരി മുതലെടുപ്പു്, ഈ വക എല്ലാ
വിഷയങ്ങളേയും ആ മന്ത്രി ശ്രമപ്പെട്ടു പരിഷ്കരിച്ചു.
അധികമായ കാജസ്സിനെ പ്രദർശിപ്പിക്കാതെ അയാൾ ഉ
ത്സാഹത്തോടുകൂടി എല്ലാ കായ്യങ്ങളേയും നടത്തി. ക്ഷണ
ത്തിൽ പരിഭ്രമവും വികാരങ്ങളും വന്നു ബാധിക്കുന്ന സ്വ
ഭാവമുണ്ടായിരുന്നെങ്കിലും ആപത്തുകളിൽ മഹാകൃപ്ര
സൂതന്മാർക്കു വേണ്ടതായ സ്ഥൈര്യത്തേയും ആത്മസംയമന
ത്തേയും അയാൾ വ്യഞ്ജിപ്പിച്ചു. അയാളുടെ ദേഹം ദുർബ്ബ
ലമായിരുന്നെങ്കിൽ മനസ്സിനു വികാരഹേതുക്കളായ അനേ
കം ക്ലേശങ്ങൾ അതിനെ ക്ഷീണിപ്പിക്കുമായിരുന്നു. എന്നാൽ
ദുഃഖാത്രനല്ലായിരുന്നു എങ്കിലും അയാളുടെ ദേഹം
ശ്രമക്ഷമവും ബലമുള്ളതും ആയിരുന്നു. രാജ്യഭരണനിർ
ഹകനായി അയാൾ തന്റെ സമകാലീനന്മാരായ ഗവർമ്മി
യറിലെ മിനകരായവരേയും ബൈറോഡായിലെ മാധവരായ
രേയും അപേക്ഷിച്ചു് ഉൽകൃഷ്ടനായിരുന്നില്ല; അവരോടു

തുല്യനായിട്ടതന്നെയും വളരെപ്പേർ അയാളെ ഗണിക്കയില്ല. എന്നാൽ മുതലെടുപ്പുകാര്യങ്ങളിൽ അയാളെക്കാൾ സമർത്ഥനായി നാട്ടാരിൽ ഒരാളുണ്ടായിട്ടില്ല. പ്രത്യേക സംഗതികളുടെ നിശ്ചയവും പരിശ്രമശീലവും ആ യോഗ്യതയെ ഒന്നുകൂടി ബലപ്പെടുത്തി. പൂർവ്വദേശങ്ങളിലെ മാതിരിയിൽ അപൂർവ്വകല്പനയ്ക്കുള്ള സാമർത്ഥ്യം അയാൾക്കുണ്ടായിരുന്നൊ എന്നുള്ളതു തീർച്ചപ്പെടുത്താൻ പ്രയാസമാണ്; എന്തെന്നാൽ യൂറോപ്യന്മാരുടെ സംസർഗ്ഗത്താൽ അയാളുടെ മനസ്സു വളരെ ഭേദപ്പെട്ടുപോയിരുന്നു, എന്നുമാത്രമല്ല, അനുകരണത്തിനുള്ള വാസനയും അയാൾക്കു നല്ല വണ്ണമുണ്ടായിരുന്നു. എതെല്ലാം പരിഷ്കാരങ്ങളെ ബ്രിട്ടിഷുഗവർമ്മേണ്ടു് ഏർപ്പെടുത്തുന്നൊ അതിനെ അയാളും ഏറെക്കുറെ താമസിയ്ക്കാതെ ഏർപ്പെടുത്തും. കുറെ താമസം വന്നുപോയാലും ഫലത്തിൽ വ്യത്യാസം വരികയില്ല. രാജവീഥികളും, സത്രങ്ങളും, വൈദ്യപാഠശാലകളും, പാലങ്ങൾ, അണകൾ മുതലായവയിലെല്ലാം അദ്ദേഹത്തിന്റെ ബുദ്ധി എത്തി. ഉദ്യോഗസ്ഥന്മാരെ ആക്കുന്നതിൽ തനിക്കുള്ള അധികാരത്തെ നല്ലമാതിരിയിൽ ഉപയോഗിച്ചു. യോഗ്യന്മാരേയും ശേഷിയുള്ളവരേയും സിവിൽ ഉദ്യോഗങ്ങളിൽ ആക്കി. സത്യവന്മാരായിരിക്കുന്നതെന്നുള്ള വിചാരത്തെ എല്ലാ ജീവനക്കാരുടേയും മനസ്സിൽ ഉറപ്പിച്ചു. ബ്രിട്ടിഷുഗവർമ്മേണ്ടിന്റെ ശ്രമംകൂടി ഈ വിഷയത്തിൽ പൂർണ്ണമായി ഫലിച്ചിട്ടില്ലെന്നുള്ളതു വിചാരിക്കുമ്പോൾ, അദ്ദേഹത്തിന്റെ പ്രയത്നം എത്രമാത്രം ഫലിച്ചു എന്നു ഗ്രഹിക്കാവുന്നതാണ്. എന്നാൽ രണ്ടിടത്തും ഈ താരതമ്യമുണ്ടു്. ബ്രിട്ടിഷുഅധികാരികൾക്കു് ആരുടേയും ബാധയില്ല; സാലാർജംഗിനാകട്ടെ, പ്രത്യക്ഷമായും അപ്രത്യക്ഷമായും ധാരാളം ശത്രുക്കളും, വിരോധികളും, അസൂയയുള്ള കൂട്ടുകാരും, പ്രതിബന്ധികളുമായുണ്ടായിരുന്നു. അദ്ദേഹത്തിനുനേരിട്ട ക്ലേശങ്ങളെ എല്ലാം കൂട്ടിക്കൂടുമ്പോൾ ഇത്രമാത്രം, അദ്ദേഹം സാധിച്ചതു് ആശ്ചര്യകരമായി തോന്നുന്നു".

സാലാർജംഗ് ഒരു വിശിഷ്ടപുരുഷനായിരുന്നു എന്ന് എല്ലാവരും സമ്മതിച്ചിട്ടുണ്ട്. സർ മാന്നിയർ വില്യംസ് ഒരിക്കൽ ഇൻഡ്യയിൽ വന്നപ്പോൾ, സർ സാലാർജംഗിനേയും, സർ മാധവരായരേയും കണ്ടിട്ട് "മാഡർൺ (ആധുനിക) ഇൻഡ്യാ" എന്ന തന്റെ പുസ്തകത്തിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:—"രണ്ടും മൂന്നും ശതവർഷങ്ങളിൽ ഒരിക്കലല്ലാതെ സർ സാലാർജംഗിനേയും സർ മാധവരായരേയും പോലെ ഉള്ള ആളുകൾ ഇൻഡ്യയിൽ ഉണ്ടാവുന്നതല്ല. അല്പകാലത്തിനു മുമ്പിൽ ഞാൻ അവരെ രണ്ടുപേരേയും അവരവരുടെ ഗൃഹത്തിൽ (ഒരാളെ ഹൈദരാബാദിലും മറ്റെയാളെ ബറോഡായിലും) വെച്ചു കണ്ടു സംസാരിച്ചു. എനിക്കൊപ്പം നല്ല ഇംഗ്ലിഷിൽ അവർക്ക് ഏതു കാര്യത്തെപ്പറ്റിയും സംസാരിക്കുവാൻ കഴിയും".

രാജാ സർ ദിനകരറാവു.

ദിനകരറാവു ക്രിസ്തുവർഷം ൧൮൩൫-ാമത്തെ ഗിരിയിൽ ദേവറ്റ് എന്ന ജില്ലയിൽ ജനിച്ചു. ഇദ്ദേഹത്തിന്റെ അച്ഛന്റെ പേർ രഘുനാഥറാവു എന്നായിരുന്നു. ദിനകരറാവുവിന്റെ പൂർവ്വന്മാരിൽ ഏകദേശം മൂന്നു നാലു തലമുറകളായിട്ടും ഉള്ളവർ ഗവർമ്മെന്റിലായിരുന്നു അധികാരസിച്ചിരുന്നത്; എന്നു തന്നെയല്ല, അവിടത്തെ പ്രധാനസ്ഥലങ്ങളിലെ സുപ്രധാനോദ്യോഗം ഇവർക്കുതന്നെ പരമ്പരയായി കിട്ടിക്കൊണ്ടിരുന്നു. ദിനകരറാവു തന്റെ അഞ്ചാമത്തെ വയസ്സിൽ വിദ്യാഭ്യാസം തുടങ്ങി. മാതൃഭാഷയും പുറമെ സംസ്കൃതവും പേർഷ്യനുംകൂടെ ഉപഭാഷകളായി ആദ്യം മുതല്ക്കുതന്നെ അച്ഛൻ മകനെ പഠിപ്പിച്ചുവന്നു. മതവിഷയങ്ങളിൽ പ്രത്യേകം വേണ്ട ഉപദേശങ്ങൾ അദ്ദേഹം മകനു കൊടുത്തു. അതുകൊണ്ട് ഇദ്ദേഹം

വളരെ ദൈവഭക്തിയുള്ളവനും മതസംബന്ധമായ കൃത്യങ്ങൾ നടത്തുന്നതിൽ വളരെ വിശ്വാസവും ജാഗ്രതയുമുള്ളവനും ആയി വളർന്നുപോന്നു. ഇദ്ദേഹത്തിന്നു ഹിന്തുക്കളുടെ സംഗീതത്തിൽ വളരെ അഭിരുചിയുണ്ടായിരുന്നു. അതിന്നും പുറമെ, ദിനകരരായക്ക് ഹിന്തുവൈദ്യവിഷയത്തിൽ അസാധാരണമായ നൈപുണ്യവും സിദ്ധിച്ചിരുന്നു. ഇദ്ദേഹത്തിന്റെ ഗ്രഹണശക്തിക്ക് അതിരില്ലായിരുന്നു. സാവകാശമുള്ള സമയങ്ങളിലെല്ലാം ഇദ്ദേഹം തന്റെ അറിവിനെ വർദ്ധിപ്പിപ്പാൻ ശ്രമിക്കുകയും ചെയ്തു. തന്റെ നാല്പതാമത്തെ വയസ്സിലായിരുന്നു ഇദ്ദേഹം ഇംഗ്ലീഷ് ഭാഷ പഠിക്കുവാൻ ആരംഭിച്ചത്. അതിൽ സംസാരിപ്പാനുള്ള സാമർത്ഥ്യം സമ്പാദിപ്പാൻ വളരെക്കാലം വേണ്ടിവന്നില്ല. ദിനകരറാവു തന്റെ അസാധാരണമായ കാര്യശക്തിക്ക് കീർത്തികേട്ട ആളായിരുന്നു.

പതിനഞ്ചാമത്തെ വയസ്സിൽ ഇദ്ദേഹത്തിന്നു ഗ്വാളിയറിൽ ഒരു കണക്കപിള്ളയുടെ സ്ഥാനം ലഭിച്ചു. ആ പ്രവൃത്തിയിൽ ദിനകരരായർ കാണിച്ച അനന്യസാധാരണമായ നിപുണതകൊണ്ട്, ഇദ്ദേഹത്തിന്റെ അച്ഛന്റെ ശേഷം ടറവറഗാറിലെ സുബ്രോദ്യോഗം ദിനകരറാവുവിന്നു ലഭിപ്പാനിടയായി. ടറവറഗാർ ഭരിക്കുന്നതു വളരെ പ്രയാസമായ കാര്യമായിരുന്നതു കാരണം, ദിനകരറാവുവിന്നു രാജ്യകാര്യങ്ങളെ നടത്തുന്നതിലുണ്ടായിരുന്ന അസാധാരണസാമർത്ഥ്യത്തെ മുഴുവൻ അതിൽ പ്രയോഗിക്കേണ്ടിവന്നു. പോലീസുസൈന്യത്തെ പരിഷ്കരിച്ചു ക്രമപ്പെടുത്തുക, അവക്ക് വേണ്ട സ്ഥലങ്ങളെ പണിയിക്കുക, ക്രമമായും തക്ക സമയത്തും നികുതി പിരിക്കേണ്ടതിന്നു വേണ്ട നിയമങ്ങളെ ഉണ്ടാക്കുക, കീഴുദ്യോഗസ്ഥന്മാർക്ക് വേണ്ട നടപടിക്രമങ്ങൾ കൂട്ടിച്ചേർക്കുക മുതലായ പല ഉചിതപ്രവൃത്തികൾമൂലം രാജാവിന്റെയും റസിഡന്റിന്റെയും പ്രീതി ദിനകരറാവുവിന്നു സമ്പാദിപ്പാൻ സംഗതി വന്നു.

ദിനകരറാവുവിനു പിന്നിട്ട സകല ഐശ്വര്യങ്ങളേയും ഈ കഷ്ട അടിസ്ഥാനത്തിലുണ്ടാകുന്ന കെട്ടി കയറിയതു്.

എന്നാൽ കഷ്ട വലിയ രാജ്യത്തിലെ കഷ്ട ഭാഗത്തെ മാത്രം ക്രമമായി നോക്കിപന്നതുകൊണ്ടു് ആ രാജ്യത്തിലെ സകല കാര്യങ്ങളും നന്നായി നടക്കുന്നുണ്ടെന്നു വരില്ലല്ലൊ. ഫ്രഞ്ചു് മുതൽ രാജ്യകാര്യങ്ങളെല്ലാം വളരെ അതൃപ്തികരമായ വിധത്തിൽ നടന്നു തുടങ്ങി. മഹാരാജാവു പ്രായം തികയാത്ത കുട്ടിയായിരുന്നതു ഗത്യന്തരമായിട്ടു കോവിലകത്തുതന്നെ പലപ്പോഴും കലഹമുണ്ടായിക്കൊണ്ടിരുന്നു. രാജ്യഭരണവും വളരെ ശോചനീയാവസ്ഥയിൽ ആയിത്തീർന്നു. കുറഞ്ഞാൽ ദിനംപ്രതി വർദ്ധിച്ചുവന്നു. ഉദ്യോഗസ്ഥന്മാരുടെ അക്രമങ്ങൾ ദുസ്സഹങ്ങളുമായിത്തീർന്നു. നികുതി പിരിവു ചുരുങ്ങിയതിനാൽ ഖജനാവിൽ പണമില്ലാതെയായി. ആ സമയത്തു് ആ രാജ്യത്തിലെ പ്രധാന ഉദ്യോഗത്തിനു പ്രാപ്തിയുള്ള കാരാളെ കിട്ടുന്നതു് അത്യാവശ്യമായിരുന്നു. ഫ്രഞ്ചുകാർക്കിടയിൽ അവിടത്തെ മന്ത്രിപദം കഴിഞ്ഞായ ഉടനെ ദിനകരറാവുവിനു് ആ സ്ഥാനം ലഭിച്ചു.

രാജ്യത്തിലെ വാസ്തവസ്ഥിതി ആരും കുറഞ്ഞുപോകുന്നു എന്നു ഇദ്ദേഹം അറിഞ്ഞതിനാൽ, രാജ്യത്തിന്റെ കഷ്ടാവസ്ഥയെ മോചന മാനാവശ്യപ്പെടുകയും നിഷ്കർഷചെയ്യുന്നതിനുള്ള മാർഗ്ഗത്തെപ്പറ്റി മായിരുന്നു. ഇതിനുവേണ്ടി ഇദ്ദേഹം ചെയ്ത ചിലഏർപ്പാടുകൾ തന്റെ സ്വാഭാവികങ്ങളായ ഗുണങ്ങൾക്കനുസരിച്ചവയായിരുന്നു. കണ്ണാമതായി ഇദ്ദേഹത്തിന്റെ ശരീരം അയ്യായിരം രൂപയിൽ നിന്നു രണ്ടായിരമാക്കി. ഈ പ്രവൃത്തി മറ്റു ധനാവശ്യപ്പെടലുകളെല്ലാം കുറയ്ക്കുന്നതിനുള്ള ഒരു എളുപ്പവഴിയായിത്തീർന്നു. നികുതി പിരിക്കുന്ന കാര്യത്തിൽ ഇദ്ദേഹം പ്രത്യേകം മനസ്സുവെച്ചു. ഇതിനുശേഷം ഇദ്ദേഹം റവന്യൂ ഡിപ്പാർട്ടുമേന്റു പരിഷ്കരിച്ചു് അതിന്റെ, മേലധികാരിയായി ഒരു യോഗ്യനായ ഉദ്യോഗസ്ഥനെ നി

യമിക്കുകയും ചെയ്തു. അധോഗതിയെ പ്രാപിച്ചിരുന്നതായ ആ രാജ്യത്തിലെ നികുതി മൂന്നു സംവത്സരംകൊണ്ടു വർദ്ധിക്കുവാൻ തുടങ്ങി. ആ രാജ്യത്തിലെ എല്ലാ ഉദ്യോഗസ്ഥന്മാരും നടക്കേണ്ട ക്രമങ്ങളെപ്പറ്റി ഇദ്ദേഹം ഒരു നിയമം ഉണ്ടാക്കി പ്രസിദ്ധപ്പെടുത്തി. ഈ കോഡ് വളരെ ഉപകാരപ്രദമായിത്തീർന്നു കണ്ടു് ഇതിനെ മൈസൂരിന്റെ രാജ്യങ്ങളിൽ നടപ്പാക്കി. ഇദ്ദേഹം ഗവാളിയറിൽ ഏകദേശം അറുപതു പള്ളിക്കൂടങ്ങളെ ഏർപ്പെടുത്തുകയും വിദ്യാഭ്യാസകാര്യങ്ങൾക്കായി ഒരു ഡിപ്പാർട്ടുമെന്റു സ്ഥാപിക്കുകയും ചെയ്തു. ഇതിന്നും പുറമെ, പോലീസു, മരാമത്തു, തപാൽ, കോടതി ഇത്യാദികളെ പരിഷ്കരിക്കുകയും കൈവടത്തിന്നു ദോഷകരമായ ചുങ്കങ്ങളെ നിർത്തൽ ചെയ്കയും ചെയ്തു. എന്നു വേണ്ട, പ്രജകളുടെ ക്ഷേമാഭിവൃദ്ധിക്കുവേണ്ടി തന്നാൽ ചെയ്വാൻ കഴിയുന്നതെല്ലാം ഇദ്ദേഹം ചെയ്തു.

ഫ്രഞ്ചുകാർ ഇൻഡ്യയിലുണ്ടായ വലിയ കലാപകാലത്തു ദിനകരറാവു ഇൻഡ്യാഗവർമ്മേണ്ടിനായിക്കൊണ്ടു ചെയ്ത ഉപകാരങ്ങൾക്ക് അതിരില്ലായിരുന്നു. ഇവയെ ചെയ്യുന്നതിനു് ഇദ്ദേഹം സാമാന്യത്തിലധികം ബുദ്ധിമുട്ടീട്ടുണ്ടു്. മദ്ധ്യഇൻഡ്യയിൽ ബ്രിട്ടീഷ്കാക്കുണ്ടായിരുന്ന അധികാരം മിക്കതും നശിച്ചുപോയതിനാൽ, ഗവണ്മെന്റ് ജനറാലുടെ പ്രതിനിധിക്കു ചില കീഴ്ദ്യോഗസ്ഥന്മാരോടുകൂടി ഇൻഡോറിൽനിന്നു ബോപ്പാലിലേക്കു പോകേണ്ടിവന്നു. ഇൻഡ്യയുടെ പശ്ചിമോത്തരഭാഗങ്ങളെ സിൻഡ്യാസ്സു പിടിച്ചടക്കുവാൻ ഒരു പ്രയാസവും ഉണ്ടായിരുന്നില്ല. എന്നാൽ ദിനകരറാവുടെ മൂപ്പുലോചനയുടേയും വിവേകത്തിന്റേയും പ്രാബല്യതകൊണ്ടു് അക്കാലത്തു സിൻഡ്യാസ്സു ബ്രിട്ടീഷ്കാക്കു വിരോധമായി യാതൊന്നും പ്രവർത്തിപ്പാൻ മനസ്സുണ്ടായില്ല. സൈന്യങ്ങളെ വേണ്ടവിധം നയിപ്പിക്കുന്നതിനോ, ഗവാളിയറിൽ ഇടയ്ക്കിടയ്ക്കു് അവിടവിടെ ഉണ്ടായിക്കൊണ്ടിരുന്ന ചില്ലറക്കലഹങ്ങളിൽനിന്നു് ഇവരെ നിരോധിക്കുന്നതിനോ

ഇദ്ദേഹത്തിന്നു കഴിഞ്ഞില്ല. എങ്കിലും അവരെ ഓരോ കഴി കഴിവുകൾ പറഞ്ഞു് അവർ ഒന്നാന്തരിച്ചുന്ന കലാപത്തിൽ ചെന്നു ചേരാതെ കഴിച്ചുകൂട്ടി. തന്റെ ഉപദേശംകൊണ്ടും ബുദ്ധിചാതുര്യംകൊണ്ടും തന്റെ യജമാനനെ ദിനകരറാവു രക്ഷിച്ചു എന്നു് അവിടെ അന്നു റസിഡന്റായിരുന്ന സർ റിച്ച്മണ്ഡ് ഷേക്സ്പിയർ പറഞ്ഞിട്ടുണ്ടു്. ൧൮൫൭ മുതൽ ൧൮൫൯ വരെ ഉള്ള ഭയങ്കരകാലം മുഴുവനും ദിനകരറാവു തന്റെ യജമാനന്റെ നേരെ കാണിച്ച ഭക്തിയും തക്ക സമയങ്ങളിൽ ചെയ്ത ഉപകാരങ്ങളും പ്രശംസാവഹങ്ങളായിരുന്നു എന്നു സർ റിച്ചാർഡ് മീഡ് എന്ന മഹാന്റെ എഴുത്തിൽനിന്നു നാം അറിയുന്നു. നേക്കു ചെല്ലുന്ന സകലത്തെയും പൊടിപോലെ പറപ്പിക്കത്തക്ക മാതിരി ഭയങ്കരരൂപത്തോടെ എല്ലാ ദിക്കിലും വ്യാപിച്ചിരുന്നതായ അരാജകത്വത്തിന്നിടയിൽ ഇദ്ദേഹം സ്വാമിഭക്തി മൂർത്തികരിച്ചു അവതരിച്ചവിധം ഇതത്രേ. ൧൮൫൭-ൽ ലാർഡ് കാനിംങ്ങിന്റെ ഉത്സാഹത്തിന്മേൽ ആഗ്രയിൽ കൂടിയ മഹാജനസഭയിൽ വെച്ചു, ഗവർണ്ണർ ജനറാൽ ദിനകരറായരെ ഇദ്ദേഹം ചെയ്ത ഉപകാരങ്ങൾക്കായിട്ടു നന്ദിപൂർവ്വമായ വാക്കുകളാൽ സല്ക്കരിച്ചു എന്നതന്നെയല്ല കാശിയിൽ ഒരു വലിയ വസ്തുകരമൊഴിവായി ഇദ്ദേഹത്തിനു കൊടുക്കുകയും ചെയ്തു.

ആ ആണ്ടിൽതന്നെ ഗ്വാളിയരിലെ മന്ത്രിസ്ഥാനം ഇദ്ദേഹം രാജിവെച്ചു. പിന്നെ ഇദ്ദേഹത്തിനെ ഡോൾപ്പൂരിലെ സുപ്രിൻറൻഡൻറ് ആയി നിയമിച്ചു. ൧൮൫൮-ൽ വൈസറോയിയുടെ ആലോചനസഭ വലുതാക്കിയപ്പോൾ ദിനകരറാവുവിനെ അതിലെ ഒരു സഭാംഗമായി തിരഞ്ഞെടുത്തു. ഇദ്ദേഹം ൧൮൫൯ വരെ ഈ സ്ഥാനം വഹിച്ചു. ൧൮൫൯-ൽ ഇദ്ദേഹത്തിന്നു കെ. സി. എസ്സ്. ഐ. എന്ന സ്ഥാനം ലഭിച്ചു. ഡൽഹിയിൽ ഉണ്ടായ രാജസഭയിൽ വെച്ചു ഡഫ്റിൻപ്രഭു ഇദ്ദേഹത്തിന്നു രാജാ എന്ന സ്ഥാനം കൊടുത്തു. ഇദ്ദേഹം ൧൮൮൭ ജനുവരിമാസം ൯-൦൦നു കാലഗതിയെ പ്രാപിച്ചു.

ചെറുപ്പകാലങ്ങളിൽ, ദിനകരരായരെ കരിക്കൽ കണ്ട വക്ക് പിന്നെ മറക്കുവാൻ പാടില്ലാത്തവിധം ഇദ്ദേഹത്തിന്റെ ഒരു മുഖകാന്തിയുണ്ടായിരുന്നു. സർ റിച്ചാർഡ് ടെമ്പിൾ ദിനകരരായരെപ്പറ്റി പറഞ്ഞിട്ടുള്ളത് ഏറ്റവും ശരിയായിട്ടുള്ളതാകുന്നു. ദിനകരരായർ ഒരു നല്ല മഹാരാഷ്ട്രബ്രാഹ്മണന്റെ ശരിയായ മാതൃകയായിരുന്നു. ഇദ്ദേഹം കൃശശരീരനും അംഗസൗഭാഗ്യമുള്ളാളും ആയിരുന്നു. ഇദ്ദേഹത്തിന്റെ പ്രകൃതി പിറവും മര്യാദയോടുകൂടിയതും വാക്കു വളരെ മധുരവും ആയിരുന്നു. ഉത്തമബ്രാഹ്മണർക്ക് സ്വാഭാവികമായിട്ടുള്ള ശാന്തമായ ഗാംഭീര്യം ഇദ്ദേഹത്തിന്റെ മുഖത്തു് എപ്പോഴും പ്രകാശിച്ചുകൊണ്ടിരുന്നു. ഇദ്ദേഹം വളരെ പ്രായമായതിന്നുശേഷമേ ഇംഗ്ലിഷു പഠിച്ചിട്ടുള്ളൂ എന്നു പറഞ്ഞുവല്ലൊ. പാശ്ചാത്യപരിഷ്കാരത്തിന്നനുസരിച്ചുള്ള ആചാരങ്ങളേയും വിചാരങ്ങളേയും ഇദ്ദേഹം കരിങ്കലും കൈക്കൊള്ളുക ഉണ്ടായിട്ടില്ല. സ്ത്രീവിദ്യാഭ്യാസം മുതലായ വിഷയങ്ങളിൽ ഇദ്ദേഹം കുറെ വിരോധിയുമായിരുന്നു. എന്നാൽ രാജ്യതന്ത്രവിഷയങ്ങളിൽ ഇദ്ദേഹം ആലോചനയോടുകൂടിയവനും സമർത്ഥനും ആയിരുന്നു.

സർ സയഡ് അഹമഡ്.

സയഡ് അഹമഡ്ഖാൻ ക്രിസ്തുവർഷം ൧൮൧൭-ാമാണ്ടു ഡൽഹിയിൽ മുഗൾചക്രവർത്തിയുടെ കീഴിൽ പരമ്പരയായി ഉദ്യോഗം ഭരിച്ചുവന്ന ഒരു കുടുംബത്തിൽ ജനിച്ചു. അദ്ദേഹത്തിന്റെ അച്ഛനായ സയഡ്മഹമഡ്ടാക്കി ഡൽഹിയിൽ ചക്രവർത്തിയായ അക്കബർ രണ്ടാമന്റെ അത്യന്തസ്നേഹിതന്മാരിൽ ഒരാളായിരുന്നു. സയഡ് മഹമഡിന്റെ ഭാര്യയുടെ അച്ഛനായ കാജെഹ്മീറിഡുഡിൻ ചക്രവർത്തിയുടെ മന്ത്രിയായിരുന്നു. കാജെഹ്മീറിഡുഡിൻ മ

രിച്ചപ്പോൾ അദ്ദേഹത്തിന്റെ സ്ഥാനം മഹമ്മദ്ടാക്കിക്ക കൊടുക്കണമെന്നു ചക്രവർത്തിയായ ഷാ ആലം പറഞ്ഞു. എന്നാൽ മഹമ്മദ്ടാക്കി ഒരു ഏകാന്തവാസപ്രിയൻ ആയിരുന്നതുകൊണ്ട്, ഈ സ്ഥാനത്തെ നിരസിച്ചു. പ്രവനാൽ, അദ്ദേഹം മരിച്ചപ്പോൾ, സയ്ഡ് അഹമ്മദിനു പത്തൊൻപതു വയസ്സേ പ്രായമുണ്ടായിരുന്നുള്ളുവെങ്കിലും, അദ്ദേഹത്തിന്റെ പിതാമഹന്റെ സ്ഥാനമാനങ്ങളെല്ലാം അപ്പോഴത്തെ ചക്രവർത്തിയായിരുന്ന ബഹദൂർഷാ സയ്ഡ് അഹമ്മദിനു കൊടുത്തു.

യുവാവായ അഹമ്മദ് ബാല്യത്തിൽ അദ്ദേഹത്തിന്റെ മാതാവിന്റെ അടുക്കൽനിന്നാണു വിദ്യാഭ്യാസം ചെയ്തത്. അദ്ദേഹം പകൽ പഠിക്കുന്നതിനെയെല്ലാം അദ്ദേഹത്തിന്റെ അമ്മ രാത്രിയിൽ ഒരിക്കൽകൂടെ ചൊല്ലിക്കാറുണ്ടായിരുന്നു. അദ്ദേഹം ഇംഗ്ലീഷ് ഒട്ടുംതന്നെ പഠിച്ചിട്ടുണ്ടായിരുന്നില്ല. അദ്ദേഹത്തിന്റെ വിദ്യാഭ്യാസം പ്രവനാൽ നിറുത്തിയ ഉടനെതന്നെ ബ്രിട്ടീഷ് സർവ്വീസിൽ ചേർന്നു ഡൽഹിയിലുള്ള സഡർ അമീൻ ആപ്പീസിലെ ക്രിമിനൽ ഡിപ്പാർട്ടുമെണ്ടിന്റെ ശിരസ്തദാരായി അദ്ദേഹം നിയമിക്കപ്പെട്ടു. അപ്പോൾ തുടങ്ങി പേഗത്തിൽ വലിയ ഉദ്യോഗങ്ങൾ കിട്ടിത്തുടങ്ങി. ഈ ജോലി കിട്ടി രണ്ടു വർഷം കഴിഞ്ഞയുടനെ അദ്ദേഹത്തെ ആഡിവിഷണിലുള്ള കമ്മീഷണരുടെ ആപ്പീസിലേക്കു നായിബ് മുൻഷിയായും പ്രവർത്തൽ ഫ്രാങ്ക്പൂർ സിക്രിയിലെ മുൻസിപ്പായും നിയമിച്ചു. പ്രവർനാൽ അദ്ദേഹം അതേ ഉദ്യോഗത്തിൽതന്നെ ഡൽഹിയിലേക്കും പ്രവർത്തൽ സബാർഡിനേറ്റ് ജഡ്ജിയായിട്ടു റോട്ടക്കിലേക്കും പോയി. ഇൻഡ്യയിലുണ്ടായ വലിയ കലാപത്തിനു രണ്ടുവർഷം മുമ്പെ അദ്ദേഹത്തെ ബിജ്നൂരിലേക്കു സ്ഥലം മാറ്റി. ലഹള കഴിയുന്നതുവരെ അദ്ദേഹം അവിടെത്തന്നെയായിരുന്നു. അവിടെവച്ചു ബ്രിട്ടീഷ്കാർക്കു വളരെ ഉപകാരങ്ങൾ ചെയ്കയാൽ, അദ്ദേഹത്തിന്റെ കീർത്തി പെട്ടന്നു് ഇൻഡ്യയിൽ പ്രസിദ്ധമായി.

കലാപത്തിന്റെ വിവരം ബിജ്നൂരിൽ അറിഞ്ഞ പ്പോൾ, അവിടെ സ്ത്രീകളായിട്ടും പുരുഷന്മാരായിട്ടും കുട്ടികളായിട്ടും ആകപ്പാടെ ഇരുപതു ബ്രിട്ടീഷ്കാരോളം ഉണ്ടാ യിരുന്നു. ഷേക്സ്പിയർ എന്നു പേരായിട്ട് കരാളായിരുന്ന സ്ഥലത്തെ പ്രധാന ഉദ്യോഗസ്ഥൻ. അദ്ദേഹം സയ്ദ് അ ഹമ്മദിന്റെ സഹായത്തോടുകൂടെ ൧൦൦ അശ്വാരൂഢികളേ യും ൧൦൦ പദാതികളേയും ചേർത്തു് ഒരു ചെറിയ സൈ ന്യം ശേഖരിച്ചു. അവിടെത്തന്നെ വിശ്വാസയോഗ്യങ്ങളാ യ വർത്തമാനങ്ങൾ ശേഖരിക്കുന്നതിനു് ഒരു ഡിപ്പാർട്ടുമെ ൻറും ഏർപ്പെടുത്തി. എന്നാൽ പട്ടാണികൾ ലഹളക്കാരോ ടു ശുദ്ധമായ പക്ഷപാതമുള്ളവരായിരുന്നു. ഒരു ദിവസം രാത്രിയിൽ ൧൦൦ ഭടന്മാർ കൂടെക്കൂടിയ ഒരു സൈന്യം സ്ഥല ത്തുള്ള എണ്ണത്തിൽ ചുരുങ്ങിയ ഇംഗ്ലീഷുകാരെ കൊന്നു. സ യ്ദ് അഹമ്മദ് ഈ വർത്തമാനമറിഞ്ഞയുടനെ തന്നെ ശു ദ്ധമായി ആ സ്ഥലത്തു പ്രവേശിച്ചു ധൈര്യപൂർവ്വം ഒരു ആ ലോചന നടത്തി. അതിന്റെ ശേഷം, നിരായുധനായിട്ടു ലഹളക്കാരിൽ പ്രധാനിയെ ചെന്നു കണ്ടു്, ഇംഗ്ലീഷ്കാർ രാജ്യം നബാബിനു വിട്ടുകൊടുക്കാമെന്നു് ഉടമ്പടി ചെയ്യു ന്നപക്ഷം, അവരെ ഉപദ്രവമൊന്നും കൂടാതെ വിട്ടയയ്ക്കാമെ ന്നു സമ്മതം വാങ്ങി. പ്രമാണം എഴുതിയപ്പോൾ സയ്ദ് അഹമ്മദ് കൌശലത്തിൽ, ഇംഗ്ലീഷ്കാർ രാജ്യം തിരിച്ചു വാങ്ങിക്കാൻ വരുന്നതുവരെ എന്നു കൂടെ ഒരു വാചകം ചേ ർത്തു. നഗരം വിട്ടുകൊടുത്തതുകൊണ്ടു് ഇംഗ്ലീഷ്കാർ ആ പത്തൊന്നും കൂടാതെ അവിടെനിന്നു പോകുകയും ചെയ്തു. സയ്ദ് അഹമ്മദ് അദ്ദേഹത്തിന്റെ ജാതിയിലുള്ള വളരെ പേരുടെ വിരോധം സമ്പാദിച്ചതുകൊണ്ടു് ഉടനെതന്നെ വേഗത്തിൽ ഫാറൂഖാബാദിലേക്കുപോയി. അവിടെനിന്നും മീററിലേക്കും, ഇംഗ്ലീഷ്കാർ ഡൽഹി വീണ്ടെടുത്തപ്പോൾ, ആ നഗരത്തിലേക്കും പോയി. സയ്ദ് അഹമ്മദ് ലഹള ക്കാലത്തു് ഇംഗ്ലീഷ്കാർക്കു ചെയ്ത ഉപകാരങ്ങളുടെ പ്രതിഫ

ലമായി അദ്ദേഹത്തിനു രണ്ടു തലമുറകൾ നിലനില്ക്കുന്നതായ മാസം ഇരുനൂറു രൂപ അടുത്തുണ്ടാ വേറെ അനേകം സ്ഥാനമാനങ്ങളും കൊടുക്കപ്പെട്ടു. ഈ അവകാശങ്ങളും പദവികളും മറ്റും കൊടുക്കുന്നതിനു ശിപാർശിചെയ്യുന്നതിൽ മിസ്റ്റർ ഷേക്സ്പിയർ സയ്ഡ് അഹമ്മഡിനെക്കുറിച്ച് ഇങ്ങനെ എഴുതിയിരുന്നു:—

'അഭിനന്ദനീയനായിട്ട് ഒരുവനെ പ്രത്യേകം ചൂണ്ടിക്കാണിക്കേണമെന്ന് ആവശ്യപ്പെടുന്നപക്ഷം, ഞാൻ സയ്ഡ് അഹമ്മഡിന്റെ പേരുവേണം പറയുവാൻ. അദ്ദേഹത്തിന്റെ വിശദവും നിശ്ചയങ്ങളിൽ സ്ഖലിക്കാത്തതുമായ ജാഗ്രതയും അപൂർവ്വമായ ആജ്ഞാവും അനന്യസാധാരണങ്ങളാകുന്നു. ഈ അത്യാപത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള ഉപകാരങ്ങൾക്കു പുറമെ അദ്ദേഹത്തിന്റെ ഉദ്യോഗസംബന്ധമായ യോഗ്യത പ്രധാനമായ 'സർദാരിൻ' സ്ഥാനം സമ്പാദിക്കുന്നതിനു മതിയായതാണെന്നുള്ളതിലേക്കു സംശയമില്ല. അദ്ദേഹത്തിനു് അതു ലഭിക്കുമെന്നു ഞാൻ വിശ്വസിക്കുകയും ചെയ്യുന്നു. ഇതു കൂടാതെ, അദ്ദേഹത്തിനു പ്രത്യേകമായുള്ള പ്രതിഫലാവകാശങ്ങളെ ആലോചിക്കുന്നതു സന്ദർഭത്തിൽ ബിഷ്ണുരിലുണ്ടായിരുന്ന യൂറോപ്യന്മാരെ രക്ഷപ്പെടുത്തുന്നതിൽ പ്രധാന സഹായിയായിരുന്നതിനും, പിന്നീടു് ആ താലൂക്ക ഡിപ്യൂട്ടിക്കമ്മീഷണർ തുടങ്ങിയുള്ള അദ്ദേഹത്തിന്റെയും ഭരണത്തിൻ കീഴിൽ സമർപ്പിക്കപ്പെട്ടപ്പോൾ, ആ ജോലിയെ വേണ്ടുംവണ്ണം നിർവ്വഹിപ്പുതിനുമായിട്ടു് അദ്ദേഹത്തിനു ശാശ്വതമായിട്ടോ, അല്ലാത്തപക്ഷം അദ്ദേഹത്തിനു ജീവപര്യന്തവും പിന്നിട്ട മൂന്നുതലമുറകളും ആയിട്ടോ, ഇരുനൂറു രൂപ അടുത്തുണ്ടാ കൊടുക്കേണമെന്നു ഞാൻ ശിപാർശിചെയ്യുന്നു.'

ലഫ്ടനന്റ് കഴിഞ്ഞയുടനെ, സയ്ഡ് അഹമ്മഡ് സ്വാതന്ത്ര്യപ്രായത്തിൽ അതിന്റെ വാസ്തവകാരണങ്ങൾ ഇന്നതെന്നു വിവരിച്ചു് ഉർദുഭാഷയിൽ ഒരു ചെറിയ പുസ്തകമെഴുതി

പ്രസിദ്ധപ്പെടുത്തി. 'ഗവർമ്മേണ്ടിന്റെ ഉദ്ദേശങ്ങളെ ജനങ്ങൾ തെറ്റിദ്ധരിച്ചതു; ഗവർമ്മേറു ജനങ്ങളുടെ ഇടയിൽ പണ്ടു പണ്ടേ എപ്പെട്ടിട്ടുള്ള ആചാരങ്ങൾക്കും ശട്ടങ്ങൾക്കും വിരുദ്ധമായിട്ടുള്ള നീതികൾ നടത്തിയതു്; ജനങ്ങളുടെ സ്വഭാവത്തേയും അവരുടെ ബുദ്ധിഗതികളേയും ഉപജീവനസമ്പ്രദായങ്ങളേയും പറ്റി ഗവർമ്മേൻറു് ആലോചിക്കാഞ്ഞതു്; ഹിന്ദുസ്ഥാനത്തെ വേണ്ടുംവണ്ണം ഭരിയ്ക്കുന്നതിൽ ഇംഗ്ലീഷ്കാർ കാണിച്ച കഴിവുകേടു്; സൈന്യത്തിനു ഭരണത്തിലുള്ള ന്യൂനതയും അപരാധവും; ഇവകളെയാണു് അദ്ദേഹം കലാപത്തിന്റെ കാരണങ്ങളായി ഗണിച്ചതു്.

കലാപത്തിന്റെ ഇടയിൽ ചെയ്ത ഉപകാരങ്ങളെക്കൊണ്ടു് സയ്ഡ് അഹമദിനു വേഗത്തിൽ പ്രസിദ്ധി സിദ്ധിച്ചു എങ്കിലും, അദ്ദേഹത്തിന്റെ കീർത്തിയുടെ മുഖ്യകാരണം അദ്ദേഹത്തിന്റെ പുസ്തകരചനയിൽ പ്രകൃത്യാ ഉണ്ടായിരുന്ന ഉത്സാഹവും, ഇൻഡ്യയിലുള്ള സ്വജാതിക്കാരുടെ ആധിരാഷ്ട്രീകങ്ങളായും ആധിഭൌതികങ്ങളായും ഉള്ള യോഗക്ഷേമങ്ങളെ നിരീക്ഷിക്കുന്നതിൽ അദ്ദേഹം സഫലമായി ചെയ്ത ശ്രമങ്ങളുമാകുന്നു. രാജ്യത്തിന്റെ പൂർവ്വചരിത്രമറിവാൻ അദ്ദേഹത്തിനു ചെറുപ്പത്തിലെ തന്നെ വളരെ കൌതുകമുണ്ടായിരുന്നു. പ്രവർത്തിൽ 'ഡൽഹിയുടെ ജീർണ്ണാവശേഷങ്ങളെക്കുറിച്ചുള്ള പൂർവ്വചരിത്രം' എന്നൊരു പുസ്തകം എഴുതി പ്രസിദ്ധപ്പെടുത്തി. ഈ പുസ്തകത്തെ മിസ്റ്റർ എം. ഗാരിയൻ ഡിടാസ്സി ഫ്രഞ്ചുഭാഷയിൽ തർജ്ജമ ചെയ്തതു് അദ്ദേഹത്തിനു ലണ്ടനിലെ എഷ്യാറ്റിക്ക് സംഘത്തിലെ സ്ഥാനം കിട്ടുന്നതിനു കാരണമായി. സയ്ഡ് അഹമദിന്റെ എല്ലാത്തിലും പ്രധാനമായ ഗ്രന്ഥം സപ്തദശസ്സന്ധം ആയിരുന്നു. അദ്ദേഹം ബ്രിട്ടീഷ് ഗവർമ്മേണ്ടിന്റെ ശ്രദ്ധയെ ആകർഷിക്കുന്നതിനു ചെയ്തിട്ടുള്ള പ്രവൃത്തികളിൽ ഒന്നു്, പ്രവർത്തനത്തിൽ 'ഇൻഡ്യയിലെ രാജഭക്തന്മാരായ മഹമദന്മാർ' എന്ന പേരായിട്ടു് ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തുകയായിരുന്നു. ഇങ്ങനെ

ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതിന്റെ പ്രധാന ഉദ്ദേശം കലാപകാലത്തു മുസൽമാന്മാർ ഇംഗ്ലീഷുകാർക്ക് എത്ര വലിയ ഉപകാരങ്ങളെ ചെയ്തിട്ടുണ്ടെന്നു കാണിക്കുകയായിരുന്നു. അദ്ദേഹം സ്വജാതിക്കാരോടു കുറെ അടുത്തു പരിചയിച്ചുനോക്കിയപ്പോൾ, അവർ പിന്നെയും ഈ താഴ്ന്ന സ്ഥിതിയിൽതന്നെ കിടക്കുന്നതു വിദ്യാഭ്യാസമില്ലായ്മകൊണ്ടാണെന്നു മനസ്സിലായി. അദ്ദേഹത്തിന്റെ മതം 'പഠിക്കണം', 'പഠിക്കണം', 'പഠിക്കണം' എന്നായിരുന്നു. ഈ ബോധത്തിന്റെ ഫലമായിട്ട് ഉപന്യാസത്തിൽ മൊറാദാബാദിൽ അവ്വാചീനചരിത്രം പഠിക്കുവാനായി അദ്ദേഹം ഒരു പ്രത്യേക പള്ളിക്കൂടം സ്ഥാപിച്ച ഉർദുഭാഷയിൽ ഈ ആവശ്യത്തിലേക്കു പുസ്തകങ്ങൾ മുതൽക്കൂട്ടായിരുന്നതുകൊണ്ട് അദ്ദേഹം ഒരു തർജ്ജിമസംഘം ഏർപ്പെടുത്താൻ നിശ്ചയിച്ചു. ഉപന്യാസത്തെ ഗാസിപ്പൂരിൽ സബ്ജഡ്ജിയായിട്ട് നിയമിക്കുകയുണ്ടായി. അവിടെവെച്ചാണ് ബൈബിളിന്റെ വ്യാഖ്യാനങ്ങൾ എഴുതുവാൻ തുടങ്ങിയത്. അദ്ദേഹം ഇംഗ്ലീഷു പഠിച്ചിട്ടില്ലായിരുന്നതുകൊണ്ട്, അദ്ദേഹം ആ വേലയ്ക്ക് ആരംഭിക്കുന്നതിനുമുമ്പ് ആ വിഷയത്തിലുള്ള എല്ലാ പുസ്തകങ്ങളും ഇംഗ്ലീഷിൽനിന്ന് ഉർദുഭാഷയിലേക്കു തർജ്ജമ ചെയ്തിച്ചു. ഉപന്യാസം 1-ാം നു ഗാസിപ്പൂരിൽ തർജ്ജമ സംഘം ഏർപ്പെടുത്തി; എന്നാൽ ആ സംഘം 'ശാസ്ത്രീയസംഘം' എന്ന പേരോടുകൂടെ അലിഗ്ഢിലേക്കു നീക്കപ്പെട്ടു. ആ സംഘം ഇംഗ്ലീഷിലുള്ള നല്ല പുസ്തകങ്ങളെ ഉർദുഭാഷയിലേക്കു തർജ്ജിമചെയ്യുന്നതിനു കാരണഭൂതമായിരുന്നു. ആ വർഷത്തിൽതന്നെ സയ്യിദ് അഹമദ്ദ് അലിഗ്ഢിലേക്കു സ്ഥലം മാറ്റപ്പെട്ടു. ആ സ്ഥലമായിരുന്നു അദ്ദേഹത്തിന്റെ മേലാലുള്ള എല്ലാ വ്യവസായങ്ങൾക്കും രംഗമായിത്തീർന്നത്. ആ സ്ഥലത്തിനു അദ്ദേഹത്തിന്റെ പേരിനോടുള്ള ബന്ധം എന്നെന്നേക്കും നിലനില്ക്കുകയും ചെയ്യും. അദ്ദേഹം വിദ്യാഭ്യാസവിഷയത്തിൽ ചെയ്തിട്ടുള്ള ശ്രമങ്ങളെ

അഭിനന്ദിച്ചു, ഫ്രഞ്ചുനു നവംബർ മാസത്തിൽ ഇൻഡ്യയിലെ വൈസ്രോയി സയ്ദ് അഹമ്മദിനു് ഒരു സച്ഛ്നമുദ്രയും മെക്കാളിയുടെ കൃതികളുടെ ഒരു പ്രതിയും സമ്മാനിച്ചു. സച്ഛ്നമുദ്രയിൽ ഇപ്രകാരം കൊത്തിയിരുന്നു:—

"രാജഭക്തനും ഗവൺമ്മെണ്ടുദ്യോഗസ്ഥനുമായ സയ്ദ് അഹമ്മദിനു് അദ്ദേഹത്തിന്റെ സ്വജാതിക്കാർക്കിടയിൽ അറിവും വിദ്യയും പ്രചരിപ്പിക്കുന്നതിനായി അദ്ദേഹം വളരെ ബുദ്ധിമുട്ടി ചെയ്തിട്ടുള്ള ഫലവത്തുകളായ പ്രയത്നങ്ങളെ അഭിനന്ദിച്ചു കൂടിക്കാഴ്ചയിൽവെച്ചു് ഇന്ത്യയിലെ വൈസ്രോയിയാൽ സമ്മാനിക്കപ്പെട്ടതു് എന്നു്. മെക്കാളിയുടെ കൃതികളുടെ പ്രതിയിൽ ലാർഡ് ലാൻസ്ഡൗ ഇപ്രകാരം എഴുതിയിരിക്കുന്നു:

"അലിഗഢിലെ സർദീനായ സയ്ദ് അഹമ്മദിനു സ്വദേശികളിൽ ജ്ഞാനത്തിനേറയും ലോകപരിജ്ഞാനത്തിനേറയും പ്രചാരണത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള പരിശ്രമങ്ങളുടെ ബഹുമാനചിഹ്നം" എന്നു്. സയ്ദ് അഹമ്മദിനു് അദ്ദേഹത്തിന്റെ പ്രവൃത്തികളുടെ അഭിനന്ദനചിഹ്നങ്ങൾ കിട്ടിയതു പാശ്ചാത്യവിദ്യാഭ്യാസത്തെപ്പറ്റി അറിയുന്നതിനുള്ള കൌതുകത്തിനു്, ഒരു ഉദ്ദീപനമായിരിക്കുകയും ഫ്രഞ്ചുൻ മൂപ്പിൽമാസത്തിൽ അദ്ദേഹം ഇംഗ്ലണ്ടു സന്ദർശിക്കുവാനായി ഇന്ത്യയിൽനിന്നു പുറപ്പെടുകയും ചെയ്തു. ലണ്ടനിൽവെച്ചു് അദ്ദേഹത്തിനു 'കമ്പാനിയൻ ഓഫ് ദിസ്റ്റാർ ഓഫ് ഇന്ത്യാ' എന്ന സ്ഥാനം ഇന്ത്യയിലെ അപ്പോഴത്തെ സ്റ്റേറു സ്ക്രട്ടറിയായിരുന്ന ആർഗ്ഗിൽപ്രഭുവിനാൽ കൊടുക്കപ്പെട്ടു. ഇതു കൂടാതെ, അവധി സമയത്തുള്ള ശമ്പളത്തോടുകൂടെ അദ്ദേഹത്തിനു മറ്റൊരു നാലു മാസം കൂടി പോവാൻ വിധവും രണ്ടു വർഷത്തേക്കു കൊടുക്കുവാൻ അനുവാദമുണ്ടായി. ഇംഗ്ലണ്ടിൽ താമസിക്കുമ്പോൾ 'ഇന്ത്യയുടെ തൽക്കാലഭരണത്തെപ്പറ്റിയുള്ള അഭിപ്രായങ്ങൾ' എന്നും 'മഹമ്മദിന്റെ ജീവചരിത്രത്തെയും അതിനെ സംബന്ധിച്ച വിഷയ

ങ്ങളെയും പറ്റിയുള്ള പ്രസംഗങ്ങൾ' എന്നും രണ്ടു പുസ്തകങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തി. ഈ പുസ്തകങ്ങൾ പ്രസിദ്ധപ്പെടുത്തുന്നതിനു മുമ്പുതന്നെ ഇംഗ്ലീഷിൽ ഭാഷാന്തരീകരിക്കപ്പെട്ടു. സയ്ഡ് അഹമ്മദ് ഇംഗ്ലീഷുകാരേയും അവരുടെ ഏർപ്പാടുകളേയും കണ്ടറിഞ്ഞു വളരെ അഭിനന്ദിച്ചു. ഇന്ത്യയിൽ പ്രസിദ്ധപ്പെടുത്തുന്നതിനു ലണ്ടനിൽനിന്നും അദ്ദേഹം അയച്ചിട്ടുള്ള എഴുത്തുകളിൽ ഒന്നിൽ ഇങ്ങനെ എഴുതിയിരുന്നു:

"ഇംഗ്ലീഷുകാക്കു നമ്മെ മൂഢന്മാരായ കാട്ടുമൃഗങ്ങളാണെന്നു വിചാരിക്കുന്നതിനു മതിയായ കാരണങ്ങൾ ഉണ്ട്. എന്റെ നാട്ടുകാർ എന്റെ ഈ അഭിപ്രായത്തെ കഠിനമാണെന്നും എന്നെ ഇപ്പകാരം എഴുതുവാൻ പ്രേരിപ്പിക്കുന്നതും അവക്കില്ലാത്തതുമായ എന്തൊരു ഗുണങ്ങൾ ആണ് ഇംഗ്ലീഷുകാക്കുള്ളതെന്നും വിചാരിച്ച് വിസ്മയിക്കുമായിരിക്കും. എന്നാൽ അവർക്ക് ഇവിടെയുള്ള സാധനങ്ങൾ ഉരഹിച്ചറിയുവാൻപോലും കഴിയാത്തതുകൊണ്ടാണ് ഈ ആശ്ചര്യം തോന്നുന്നത്. ഞാൻ ഇവിടെവച്ചു കണ്ടിട്ടുള്ളതും ചതിവായിട്ടു കാണുന്നതുമായ വസ്തുക്കൾ ഇന്ത്യയിലെ ഒരു സഞ്ചാരിയുടെ ഉല്ലേഖനശക്തിക്കു വിഷയങ്ങളല്ല. ഞാൻ പറയുന്നതിനെ എന്റെ നാട്ടുകാരിൽ ആരെങ്കിലും വിശ്വസിക്കാതെയിരിക്കുന്നുവെങ്കിൽ, അവരെ മത്സ്യങ്ങളുടേയും മാക്രികളുടേയും കൂട്ടത്തിൽ തള്ളിക്കളയാം. ജന്മനാ അന്ധനായിരിക്കുന്ന ഒരുവനു വെയിലിന്റെ പ്രകാശത്തേയോ ചന്ദ്രികയുടെ മാഹാത്മ്യത്തേയോ ഉരഹിച്ചറിയുവാൻ കഴിയുമോ?"

സയ്ഡ് അഹമ്മദ് ഫൂറൈ-ൽ തന്റെ പുത്രനും പിന്നീടു അലഹബാദ് ഹൈക്കോർട്ടിലെ ജഡ്ജിയായി വന്നവനുമായ സയ്ഡ് മഹമ്മദിനെ കേംബ്രിഡ്ജിൽ പഠിക്കുവാൻ ആക്കി ഇന്ത്യയിലേക്കു തിരിച്ചുവന്നു. അന്ന് അദ്ദേഹം കാശിയിലെ ജഡ്ജിയായിരുന്നു. അദ്ദേഹത്തിന്റെ ഇം

ഗ്ലണ്ടുസന്ദർശനം അദ്ദേഹത്തെ കരുസമുദായപരിഷ്കാരത്തിൽ നിഷ്കർഷയുള്ളവനാക്കിത്തീർത്തുകൊണ്ടു വന്നയുടനെ തന്നെ "മഹമ്മദീയസമുദായപരിഷ്കാരിണി" എന്നു പേരായിട്ടു കരുപത്രം തുടങ്ങി. അതിൽ അദ്ദേഹം സ്വജനങ്ങൾക്കു യൂറോപ്യൻശാസ്ത്രങ്ങളെ അഭ്യസിക്കുന്നതിലുള്ള ദുർഭിപ്രായങ്ങളെ എതിർക്കുന്നതിനു ശ്രമിച്ചു. അദ്ദേഹത്തിന്റെ നിർഭയമായും നിഷ്പക്ഷപാതമായും പ്രകടീകരിക്കപ്പെട്ടിട്ടുള്ള സ്വാഭിപ്രായങ്ങൾ അദ്ദേഹത്തെ സ്വജനങ്ങളുടെ അസംതൃപ്തിക്കു പാത്രമാക്കിച്ചെയ്തു. എങ്കിലും ക്ലേശക്കൂടാതെ പത്തുവർഷം ഈ പത്രം നടത്തിയപ്പോൾ, വടക്കെ ഇന്ത്യയിലുള്ള മഹമ്മദന്മാരുടെ പ്രവൃത്തികളിലും അഭിപ്രായങ്ങളിലും വളരെ ഭേദം കണ്ടുതുടങ്ങി എന്നുള്ള സംഗതി അനപലപനീയമാകുന്നു. അദ്ദേഹം സ്വജാതിക്കാരിൽ ഏതൊരുവനിലെങ്കിലും രാജഭക്തിയില്ലെന്നുള്ള ദോഷം ആരോപിക്കപ്പെട്ടാൽ അതിനെ എതിർക്കുന്നതിന് എപ്പോഴും സന്നദ്ധനായിരുന്നു. ഭവ്വെ. ൽ ഡാകുടർ സർ വില്യം ഹണ്ടർ "ഇന്ത്യൻ മുസൽമാന്മാർ അവർക്കു അവരുടെ ഉത്തമവിശ്വാസപ്രകാരം റാണിക്കു കീഴടങ്ങുവാൻ പാടില്ലെന്നു നിർബ്ബന്ധമുണ്ടോ?" എന്നു പേരായി ഒരു പുസ്തകം പ്രസിദ്ധപ്പെടുത്തിയതിൽ, സർ വില്യം ഹണ്ടർ മുസൽമാന്മാർക്കു രാജഭക്തി നിർബ്ബന്ധമാണെന്നു പഠഞ്ഞിരുന്നു. സയ്ഡ് അഹമ്മദ് ഉടനെ അതിനെ ഖണ്ഡിച്ചു് ഒരു മറുപടി എഴുതി പ്രസിദ്ധപ്പെടുത്തി. ഇംഗ്ലണ്ടിൽനിന്നു തിരിച്ചുവന്നപ്പോൾ മുതൽ മുസൽമാന്മാർക്കു ചേർന്നതായ ഒരു കോളേജ് കെയിംബ്രിഡ്ജ് വിദ്യാമന്ദിരത്തിൻ കീഴിലുള്ള കോളേജുകളുടെ തോതിൽ സ്ഥാപിക്കേണമെന്നു സയ്ഡിനു മോഹം തുടങ്ങി. ഇതിലേക്കായി അദ്ദേഹത്തിന്റെ ഒന്നാമത്തെ പ്രവൃത്തി "ഇൻഡ്യയിലുള്ള മഹമ്മദന്മാരിൽ പഠിപ്പും അറിവും പ്രചരിപ്പിക്കുവാനായി ഒരു കമ്മിറ്റി" എപ്പെടുത്തുകയായിരുന്നു. ഭവ്വെ ഏപ്രിൽമാസം ൧൮൬൯-ാമ- ഈ സംഘത്തെ "മഹമ്മഡൻ ആംഗ്ലോ ഓറി

യൻ ഓൾ കാളജ് ഫണ്ട് കമ്മിറ്റി" എന്ന നാമകരണം ചെയ്ത് അതിന്റെ ഉദ്ദേശങ്ങളെ കൂപ്പപ്പെടുത്തി 1869 മേമാസം ഡന്യാംതീയതി കാളജ് ചുരുങ്ങിയമട്ടിൽ ആരംഭിച്ചു വെന്നു പേരു വരുത്തി. എന്നാൽ സയ്യിദിന്റെ ആലോചന കൂടാതെ കാളജിനെ വിസ്തരിപ്പിച്ചാക്കേ വേണ്ടാമെന്നായിരുന്നതുകൊണ്ട് അതിലേക്ക് ദ്രവ്യശേഖരത്തിനു് ആരംഭിച്ചു. ഗവർമ്മേണ്ടു ദ്യോഗം ഉപേക്ഷിച്ചാൽ ആയുഷ്കാലസാദ്ധ്യമായ സ്വമനോരഥം പൂരിപ്പിക്കുന്നതിനു കൂടാതെ സൌകര്യമുണ്ടെന്നു തോന്നുകയാൽ അദ്ദേഹം 1867-ൽ അടുത്തുൺവാങ്ങിച്ചു് ഉദ്യോഗത്തിൽനിന്നും മുഴിഞ്ഞു. 1867-ൽ അന്നത്തെ വൈസരോയിയായിരുന്ന ലാർഡ് മിട്ടൻ മഹാമഡൻ ആംഗ്ലോ ഓറിയൻറൽ കാളജിനു് അടിസ്ഥാനക്കല്ലു സ്ഥാപിച്ചു.

1867-ൽ സയ്യിദ് അഹമ്മദ് വൈസറായിയുടെ സഭയിൽ രണ്ടുവർഷത്തേക്കു് അംഗമായി നിയമിക്കപ്പെട്ടു. 1869-ൽ രണ്ടാമതും നിയമിക്കപ്പെട്ടു. ഡക്കാനിലെ കൃഷിക്കാരെ സഹായിക്കുന്നതിനുള്ള ബിൽ, ശേവസ്ഥിരിപ്രയോഗം നിർബ്ബന്ധമാക്കുന്നതിനുള്ള ബിച്ചു് (വസ്തു വരാതിരിപ്പാൻ നിർബന്ധിച്ചു കെട്ടിവെക്കൽ) ഈ രണ്ടു വിഷയങ്ങളെക്കുറിച്ചാണു് അദ്ദേഹം അധികമായി പ്രസംഗിച്ചതു്. ലാർഡ് റിപ്പണ് ഏർപ്പെടുത്തിയ എഡ്യൂക്കേഷൻ കമ്മീഷണിലും അദ്ദേഹം ഒരു അംഗമായിരുന്നു. അദ്ദേഹം ആ കമ്മീഷൻമുമ്പാകെ മുസൽമാന്മാരുടെ വിദ്യാഭ്യാസത്തെക്കുറിച്ചു വിലയേറിയ തെളിവുകൾ കൊടുത്തു.

സയ്യിദിന്റെ പിടിപാടുള്ള ജീവിതകാലത്തിലെല്ലാം കാളജിനു ദ്രവ്യം ശേഖരിക്കുകയായിരുന്നു പ്രവൃത്തി. 1869-മേ മാസത്തിൽ ഹൈദരാബാദിലെ പ്രധാനമന്ത്രിയായ സർ സാലർജംഗ് ആ കാളജിനെ സന്ദർശിച്ചു. സയ്യിദ് അഹമ്മദ് അനന്തരം പ്രധാനമന്ത്രിയെ പ്രതിസന്ദർശിക്കുവാനായി പോയ അവസരത്തെ കാളജ് വകയ്ക്കു ദ്രവ്യശേഖരത്തി

നുകൂടെ ഉപയോഗപ്പെടുത്തി. ഫ്രഞ്ചുകാർക്കിടയിൽ അദ്ദേഹം പണം പിരിവിനായി പഞ്ചാബിൽക്കൂടെ യാത്രചെയ്തു. അദ്ദേഹം പോയേടത്തെല്ലാം അഭിനന്ദനസൂചകങ്ങളായ മംഗളപത്രങ്ങളും സ്വീകരിച്ചു. എന്നാൽ വൃദ്ധനായ സേട്ട് അവരുടെ ആദരവുകളെല്ലാം ധനത്രുപത്തിലാക്കുന്നതിനു ശ്രമിച്ചു. ആ വർഷത്തിൽത്തന്നെ ലാർഡ് റിപ്പൺ ആലിഗ്ഢിനെ സന്ദർശിക്കുകയും സേട്ടിന്റെ പ്രവൃത്തിയെ വളരെ പ്രശംസിക്കുകയും ചെയ്തു. ഫ്രഞ്ചുകാർക്ക് 'നൈറ്റ്ഹുഡ് ഓഫ് ദി ആർഡർ ഓഫ് ദി സ്റ്റാർ ഓഫ് ഇന്ത്യാ' എന്ന സ്ഥാനമാനങ്ങളിൽ ഉയർന്നതാംവിരുത്തു സയ്ഡ് അഹമദിനു ലഭിച്ചു. അദ്ദേഹം അദ്ദേഹത്തിന്റെ ഗുണകരമായ പ്രവൃത്തിയെ നിറവേറുന്നതിനു പിന്നെ പത്തു വർഷംകൂടെ ജീവിച്ചിരുന്നു. ഫ്രഞ്ചുമാർച്ച് മാസം ൨൬-നു ഇന്ത്യയിലുള്ളവരെ ഒക്കെ വ്യസനിപ്പിച്ചുകൊണ്ടു പരലോകം പ്രവേശിച്ചു.

ആലിഗ്ഢിൽ ഒരു കോളജ് സ്ഥാപിച്ചതു നിമിത്തം സയ്ഡ് അഹമദ്ഖാൻ സ്വജാതിക്കായ് ചെയ്തിട്ടുള്ള ഉപകാരത്തെ ഫ്രഞ്ചുകാർക്ക് സർ വില്യം ഹണ്ടർ ആലിഗ്ഢിൽവെച്ചു ചെയ്ത ഒരു പ്രസംഗത്തിൽ വളരെ ഭംഗിയായും ചുരുക്കമായും പ്രസ്താവിച്ചിരിക്കുന്നു: 'മഹമ്മദീയവിദ്യാഭ്യാസത്തെക്കുറിച്ചു രണ്ടു വലുതായ ചോദ്യങ്ങൾ, ഒന്നാമതു, മഹമ്മദീയരുടെ സംഘത്തിൽനിന്നും അവരുടെ ആസ്തിക്യനാത്രുപമായി വണം പിരിച്ചെടുത്തു് അവരുടെ ഇടയിൽ ഉൽകൃഷ്ടവിദ്യാഭ്യാസം നടപ്പാക്കേണ്ടതെങ്ങനെ; രണ്ടാമതു, വിദ്യാഭ്യാസവിഷയത്തിൽ മതവിഷയങ്ങളെ ലൌകികവിഷയങ്ങളോടു യോജിപ്പിക്കേണ്ടതെങ്ങനെ? മഹാജനങ്ങളേ! ആലിഗ്ഢിലെ ഈ കോളജ് ഈ രണ്ടു ചോദ്യങ്ങൾക്കും സമാധാനം ചെയ്യുന്നു. ഈ കോളജ് വടക്കുപടിഞ്ഞാറുദേശത്തുള്ള മഹമ്മദീയരിൽ വിദ്യാഭ്യാസത്തെ പ്രചരിപ്പിക്കുന്നതിനു പുറമെ ലൌകികമായുംവൈദികമായും ഉള്ള വിഷയങ്ങളെ തങ്ങളിൽയോജിപ്പിക്കുന്നതിലേക്ക് ഇന്ത്യയൊട്ടുക്കു ദൃഷ്ടാന്തഭൂതമായി നില്ക്കു

ന്നു. ഇതു മഹമ്മദീയർക്കു പ്രത്യേകമായി വേണ്ടുന്നതുകൂടാതെ കവിഷയങ്ങളെ വേണ്ടും വണ്ണം ഗവുനിക്കുന്നതോടു കൂടെത്തന്നെ ഇതിലെ പാഠിതിയുടെ അടിസ്ഥാനം പാശ്ചാത്യസമ്പ്രദായത്തിനു അനുരൂപപ്പെടുത്തുകയും സഭയിലും പ്രവൃത്തിയിലും നമ്മുടെ രാജ്ഞിമഹാരാജ്ഞിയോടു പരിപൂർണ്ണമായ രാജഭക്തിയെ പ്രദർശിപ്പിക്കുകയും ചെയ്യുന്നു. മനുഷ്യനു ഭൂമിയിൽ ചെയ്യാവുന്ന പ്രവൃത്തികളിൽ ഏറവും ഉൽകൃഷ്ടമായ കർത്താണിയു്. ഈ കാര്യങ്ങൾ ഇന്ത്യയിലെ സഭാപരിശ്രമത്തിന്റെ മാത്രമല്ല കുറെ നല്ല കാര്യത്തിലുള്ള സ്വലിക്കാത്തതായ വിശ്വാസം മനുഷ്യരുടെ മനസ്സിൽ വ്യാപരിപ്പിക്കുന്ന ശക്തിവിശേഷത്തിന്റെയും ദൃഷ്ടാന്തമാകുന്നു. സയഡ് അഹമഡിന്റെ ജീവിതത്തിലുള്ള ഏറവും വിശേഷമായ ഗുണം അദ്ദേഹം ഇംഗ്ലിഷു പഠിച്ചിട്ടില്ലായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ വിചാരങ്ങളും അഭിപ്രായങ്ങളും ഉദാരങ്ങളായിരുന്നു എന്നുള്ളതാണു്. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളെല്ലാം കുറെ വിശാലബുദ്ധിയും വാസ്തവത്തിൽ ഉയർന്തരം ജ്ഞാനം ലഭിച്ചിട്ടുള്ളവനുമായ കുറെയാളുടെ അഭിപ്രായങ്ങളാണെന്നു സ്പഷ്ടമായിരുന്നു. ഭാരതമഹാജനസഭയോടു് അദ്ദേഹം അനുകമ്പയെ പ്രദർശിപ്പിച്ചില്ല. അതുനിമിത്തം അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഇന്ത്യയിലെ അഭ്യുത്സായികളായ അഭ്യുല്പത്തിഷ്ണുക്കളുടെ സംഘത്തിന്റെ അഭിപ്രായങ്ങളോടു വിരുദ്ധങ്ങളാണെന്നു ചിലരും വിശ്വസിച്ചു. എന്നാൽ അദ്ദേഹത്തിന്റെ പ്രസംഗങ്ങളെ മനസ്സിരുത്തി വായിക്കുന്നതായാൽ അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ ഭാരതമഹാജനസഭയുടെ അംഗങ്ങളിൽ ഏതൊരുവന്റെയും അഭിപ്രായങ്ങളായിട്ടു ചേർക്കുന്നതിനു യാതൊരു വിരോധവുമില്ലാ എന്നു തീർച്ചപ്പെടും. ദൃഷ്ടാന്തമായിട്ടു്, ഇന്ത്യയെ സംബന്ധിച്ചുള്ള കാര്യങ്ങളെ ബ്രിട്ടീഷു പാർല്ലിയമെന്റു കുറെക്കൂടെ ദൃഷ്ടി ചെലുത്തേണ്ടതാണെന്നുള്ള സംഗതിയെക്കുറിച്ചു പ്രവുന്നത്തിൽ അദ്ദേഹം ചെയ്ത കുറെ പ്രസംഗത്തിൽനിന്നും കുറെ ഭാഗമെടുത്തു

കാണിക്കാം. 'മിസ്റ്റർ ജാൺ സ്മാർട്ടമിൽ' ധനത്തെ നിർവ്വചണം' എന്ന അദ്ദേഹത്തിന്റെ പുസ്തകത്തിൽ ഇങ്ങനെ പറയുന്നു. 'കോടാനുകോടിയോ അല്ലെങ്കിൽ കുറഞ്ഞ തോതിലോ അവകാശങ്ങളും പ്രയോജനങ്ങളും ആവശ്യക്കാരൻ അതുകളുടെ രക്ഷയ്ക്കുവേണ്ടി ജാഗ്രതകനായി നിന്നാൽ മാത്രമെ അന്യന്മാരുടെ അവധിയെന്നിയ്ക്കു പാത്രീഭവിക്കാതെയിരിക്കയുള്ളു. രണ്ടാമതു, പൊതുവേയുള്ള സമൃദ്ധി അതിനെ താങ്ങുന്നതിനു കോടാനുകോടി പ്രദർശിപ്പിക്കുന്ന ഉദ്യമശക്തിക്കു ചേന്ന ഉൽകൃഷ്ടത പ്രാപിക്കുകയും അധികം അധികം വ്യാപകമായിത്തീരുകയും ചെയ്യുന്നു.' സ്നേഹിതന്മാരേ! ഈ സിദ്ധാന്തങ്ങൾ അന്യരാജ്യക്കാരെക്കുറിച്ചപോലെ ഇൻഡ്യാക്കാർക്കും യോജിക്കുന്നതാണു്. അവയെ പ്രയോഗത്തിൽ കൊണ്ടുവരേണ്ട ചുമതല നിങ്ങളുടെ അധീനത്തിൽതന്നെ ആണു്. നിങ്ങൾ നിങ്ങളെ സഹായിച്ചില്ലെങ്കിൽ മറ്റാരും അതു ചെയ്യുകയില്ലെന്നു് ഉറപ്പാണു്. നിങ്ങൾ എന്തിനു ഭയപ്പെടുന്നു? മനസ്സിൽ രാജഭക്തിയോടുകൂടെ ഇരിപ്പിൻ; നിങ്ങളെ ഭരിക്കുന്നവരെ വിശ്വസിപ്പിൻ; നിങ്ങളുടെ സങ്കടങ്ങളേയും ആശകളേയും ഭയങ്ങളേയും വെളിവായും സത്യമായും വിനയപൂർവ്വമായും വെളിപ്പെടുത്തുവിൻ; നിങ്ങളുടെ വൃത്തി ഈ മാതിരി ആയാൽ നിങ്ങൾക്കു ന്യായമായുള്ള സകല അവകാശങ്ങളും ലഭിക്കാതെ പോകയില്ല. ഈ മാതിരി വൃത്തി പാരമാർത്ഥികമായ രാജഭക്തിക്കു പര്യായംതന്നെയാണു് എന്നുള്ള സംഗതി എല്ലാ യോഗ്യന്മാരും സമ്മതിക്കുന്നതാണു്".

സയ്ഡ് അഹമ്മദ് നല്ല സൌമ്യതയോടു കൂടിയ ആകൃതിഗാംഭീര്യമുള്ള ആളായിരുന്നു. അദ്ദേഹം അനശ്വരമായ സത്യത്തിനു് അക്ഷയപാത്രമാണു് എന്നു പ്രസിദ്ധനായിരുന്നു. അദ്ദേഹം ഏതു മാതിരി ജോലിയുടേയും ക്ഷുദ്രാംശങ്ങളിൽ കൂടെ ശ്രദ്ധിച്ചുകൊണ്ടിരുന്നു. വ്യാമിശ്രമായി പേലചെയ്യുന്നതു് അദ്ദേഹത്തിനു വളരെ വിരോധമായിരുന്നു. ല

ഫ്റ൪നൻറ് കണ്ണൽ ഗ്രേ ഹേയിം താനെഴുതിയ "സയ്സ് അഹമദ് ഖാന്റെ ജീവചരിത്രവും കൃത്യങ്ങളും" എന്ന പുസ്തകത്തിൽ സയ്ദിന്റെ ആകൃതിയെ ഇപ്രകാരം വർണ്ണിച്ചിട്ടുണ്ട്.

"അദ്ദേഹത്തിന്റെ ആകൃതി ഇടത്തരം ഉയരമുള്ളതും സ്ഥൗല്യപ്രധാനവും ആയിരുന്നു. അദ്ദേഹത്തിന് വടവരാത്തൽ തുക്കമുണ്ടായിരുന്നു. അദ്ദേഹത്തിന്റെ മുഖം സ്ഥിരനിശ്ചയത്തേയും സതപ്രൌഷ്ഠ്യത്തേയും സൂചിപ്പിക്കുന്നതും സിംഹസമാനവും ആയിരുന്നു. സ്വസ്ഥതയിൽ സപ്തം പരുഷവും ഉഗ്രവും ആണെങ്കിലും, അദ്ദേഹത്തിന്റെ മുഖരേഖ സാധാരണയിൽ സംസാരിച്ചുതുടങ്ങുമ്പോൾ, ഉള്ളിൽ പുഷ്കലമായിത്തിങ്ങിവിങ്ങുന്ന അനുകമ്പയെ പ്രതിഫലിപ്പിച്ചുകൊണ്ടു പ്രസന്നതയോടുകൂടെ തെളിയുന്നു. അദ്ദേഹം പൊട്ടിച്ചിരിക്കുകയും നേരമ്പോക്കുകളുടെ ഫലിതത്തെ നല്ലപോലെ ആസ്വദിക്കുകയും ചെയ്യും. അദ്ദേഹം ഉണ്ണാനിരിക്കുമ്പോൾ തന്റെ വടിയെ മേശയുടെ അടിയിൽ ഇട്ട് ഒരു പാമ്പിനെ കണ്ടതുപോലെ നടിച്ച് അടുക്കലുള്ളവരെ ഭയപ്പെടുത്തും. ഒരിക്കൽ അദ്ദഹം സ്വജാതിക്കാരുടെ ആചാരപരിഷ്കാരത്തെപ്പറ്റി സംസാരിക്കുന്ന സമയം അദ്ദേഹത്തിന്റെ ശ്രോതാക്കളിൽ ഒരുവൻ ഉറക്കം തൂങ്ങുന്നു. എല്ലാവരും ശ്രദ്ധിച്ചുകേൾക്കേണമെന്നാണ് സേട്ടുവിന്റെ നിർബ്ബന്ധം. ഉറക്കംതൂങ്ങി രാത്രിയെല്ലാം കേൾക്കുണ്ടെന്നു പറയുന്നു. എന്നാൽ അയാൾ പിന്നെയും ഉറങ്ങുന്നു. പെട്ടെന്ന് ഒരു ഭയങ്കരശബ്ദം കേട്ട് ആ ഉറക്കംതൂങ്ങിയും മറ്റെല്ലാവരും ഞെട്ടുന്നു. എന്നാൽ, അവർ നോക്കുമ്പോൾ, വൃദ്ധനായ സേട്ടു പൊട്ടിച്ചിരിക്കുന്നതല്ലാതെ, മറ്റൊന്നും കാണുകയില്ല."

രാജാകേശവദാസ്.

(കേശവപിള്ള ദിവാൻ)

കുറിക്കൽ ആരോ കുറാൽ കുറേ വയോധികയോട് പരേതരായ മഹാന്മാരുടെ ജീവചരിത്രം സശ്രദ്ധം പഠിക്കുവാനുപദേശിച്ചു. അപ്പോൾ "കഴിഞ്ഞ കഥയൊക്കെ പോകട്ടെ" എന്നും "ആരെങ്കിലും ചത്ത കുട്ടിയുടെ ജാതകം നോക്കാറുണ്ടോ?" എന്നും മാറുമാണത്തെ ആ സ്ത്രീ മറുപടി പറഞ്ഞത്രേ. എന്നാൽ ഇപ്പോഴത്തെ പരിഷ്കൃതകാലങ്ങളിൽ ഈ അഭിപ്രായക്കാർ വളരെ പേർ ഉണ്ടാകുമെന്നു തോന്നുന്നില്ല. "മഹാജനോയേന ഗതഃ സ പന്ഥാഃ" എന്നുള്ള ആപ്തവാക്യം കുറിക്കലും വിസ്മരണീയമല്ല. സുപ്രസിദ്ധനായ ലോങ്ങ്ഫെല്ലോ എന്ന ആംഗലകവിയും ഈ തത്വത്തെത്തന്നെ അടിസ്ഥാനപ്പെടുത്തിയാണു മഹാന്മാരുടെ ജീവചരിത്രങ്ങൾ നമുക്കു നമ്മുടെ ജീവിതത്തെ ഉത്തമനിലയിൽ നയിക്കുവാൻ സഹായിക്കുന്ന മാർഗ്ഗദർശികളാണെന്നു അഭിപ്രായപ്പെട്ടിരിക്കുന്നതു്. മഹാന്മാരുടെ ജീവചരിത്രങ്ങൾ പഠിക്കുന്നതുകൊണ്ടും അവരെ മനസാ ബഹുമാനിച്ചു പൂജിക്കുന്നതുകൊണ്ടും നിശ്ചയമായും നമ്മുടെ മനോഭീഷ്ടവികാസം സിദ്ധിക്കുകയും നമുക്കു പലേ ഉത്തമഗുണങ്ങളും ഗ്രഹിക്കുവാൻ സാധിക്കുകയും ചെയ്യുന്നതാകുന്നു ഈ വിധത്തിൽ മാത്രമേ ലോകരംഗത്തിൽ വേഷംകെട്ടി പ്രവേശിക്കുന്ന മാനുഷനടന്മാർക്കു തങ്ങളുടെ മാഹാത്മ്യമറിയ ജീവിതോദ്ദേശത്തെ എളുപ്പത്തിൽ നിർവ്വഹിക്കുവാൻ സാധിക്കയുള്ളൂ.

നമുക്കും "കഴിഞ്ഞകഥകളേ"പ്പറ്റി അല്പം ഒന്നാലോചിച്ചു നോക്കുകതന്നെ. ക്രിസ്ത്വബ്ദം പതിനെട്ടിൽ വിശ്വവിശ്രുതനായ മാർത്താണ്ഡവർമ്മമഹാരാജാവു വേണാടിന്റെ അധിപനായി സിംഹാസനാരോഹണം ചെയ്തിട്ട് അധികകാലമായിരുന്നില്ല. രാജ്യത്തിലെല്ലാം ഇടത്തും പലേവിധക്ഷോഭങ്ങളും വിപ്ലവങ്ങളും വർദ്ധിച്ചു നിറഞ്ഞുകൊണ്ടിരുന്നു.

അന്നും എട്ടുവീട്ടിൽ പിള്ളമാർ രാജകുടുംബത്തെ ഉന്മൂലനം ചെയ്യുന്നതിന്നു ബദ്ധകൃതകൃത്യരായി നാടെങ്ങും തേടിനടന്നുകൊണ്ടുതന്നെയിരുന്നു. വേണാട് സത്രുപക്ഷത്തിന്റെ അടുത്ത അവകാശിപോലും കേവലം അപ്രസിദ്ധമായ ഒരു കുഗ്രാമത്തിൽ അജ്ഞാതവാസം ചെയ്കയായിരുന്നു.

ഈക്കാലത്തു് ഒരുദിവസം അതിരാവിലെ കാത്തികപ്പിള്ളി താലൂക്കിൽ കരിമ്പാലി എന്ന സ്ഥലത്തു സുകുമാരനായ ഒരു ചെറുബാലകൻ ഒരു കുളത്തിൽ കുളിക്കുകയായിരുന്നു. ഒരു വൃദ്ധനായ വിശിഷ്ടബ്രാഹ്മണനും അതേ കടവിൽ തന്നെ കുളിക്കുവാൻ വന്നിറങ്ങി. കുട്ടിയുടെ വിനയാദരങ്ങളും ലക്ഷണയുക്തമായ മനോഹരവദനവും ബ്രാഹ്മണന്റെ മനസ്സിനെ എന്തെന്നില്ലാതെ ആകർഷിച്ചു. താൻ പൊന്മലൈപ്പുർ അടിതിരിയാണെന്നും തന്റെ പത്തു കന്യകമാരിൽ ഒരാളെയെങ്കിലും വിവാഹം ചെയ്തുകൊടുക്കുന്നതിന്നു യാതൊരു മാർഗ്ഗവുമില്ലാതിരിക്കയാണെന്നും അതിന്നായി മഹാരാജാവിനെ കാണുവാൻ തിരുവനന്തപുരത്തേക്കു പോകുകയാണെന്നും അദ്ദേഹം ആ കുട്ടിയോടു തുറന്നു പറഞ്ഞു.

"എന്നാൽ ഭക്ഷണം കഴിഞ്ഞുപോകാം" എന്നു കുട്ടി ബ്രാഹ്മണനോടു വിനയപൂർവ്വം പ്രാർത്ഥിച്ചു. ഭക്ഷണം കഴിഞ്ഞ ഉടനെ കുട്ടി അദ്ദേഹത്തിനോടു വീണ്ടും ഇങ്ങിനെ പറഞ്ഞു: — "അങ്ങുന്നു രണ്ടു യാഗം ചെയ്തിട്ടുള്ള ഒരു പൂജ്യനാണല്ലൊ. എന്റെ ഈ നിസ്സാരമായ ഭക്ഷിണകൂടി സ്വീകരിച്ചു് എന്നെ അനുഗ്രഹിപ്പാനപേക്ഷ". ഇങ്ങിനെ പറഞ്ഞു്, പത്തു കിഴികൾ പത്തു പട്ടുകഷണങ്ങളിൽ അടിതിരിയുടെ മുമ്പിൽ വെച്ചു; അദ്ദേഹത്തിനെ ഇങ്ങിനെ വഞ്ചിച്ചതിന്നു മാപ്പു ചോദിച്ചുകൊണ്ടു് ആ ചെറുബാലൻ അദ്ദേഹത്തിന്റെ കാൽക്കൽ സാഷ്ടാംഗം നമസ്കരിച്ചു.

ഈ ബാലൻ അജ്ഞാതവാസം ചെയ്തിരുന്ന യുവരാജാവല്ലാതെ മറ്റാരുമായിരുന്നില്ല. അടിതിരി രാജകുമാരനെ

വാരിയെടുത്തു മടിയിലിരുത്തി ആനന്ദാശ്രുക്കൾ കൊണ്ടഭിഷേകം ചെയ്തു നിഷ്കളങ്കമനസ്സോടുകൂടി ശിരസ്സിൽ കൈകൾ വെച്ചനുഗ്രഹിച്ചു. ഈ വർത്തമാനമറിഞ്ഞ മാർത്താണ്ഡവർമ്മ മഹാരാജാവും ഭാഗിനേയനെ പിന്നെ കണ്ട അവസരത്തിൽ രാജകുമാരൻ കഷ്ടശയിലും കുലധർമ്മം പാലിച്ചതുകൊണ്ടുണ്ടായ സന്തോഷംകൊണ്ടു മതിമറന്നു് അദ്ദേഹത്തെ അശ്രുധാരയിൽ കുളിപ്പിച്ചനുഗ്രഹിക്കുകയുണ്ടായി. ഈ യുവരാജാവാണു പിന്നീടു "കാർത്തിക തിരുനാൾ രാമവർമ്മ മഹാരാജാവു്" എന്നു വിഖ്യാതനായതു്. അദ്ദേഹം സപ്രജകളുടെ "രാമരാജാവും" നേപാളം മുതൽ കന്യാകുമാരിവരെ യാത്രചെയ്തു നടന്നിരുന്ന തീർത്ഥാടികളുടെ "ധർമ്മരാജാവും" ആയിരുന്നു. കുറേകാലത്തിനുശേഷം ടിപ്പുവിന്റെ ആക്രമം അലുവാ നദിയിലെ വെള്ളപ്പൊക്കത്താലും മിവാൻ കേശവദാസിന്റെ യുക്തികൌശലങ്ങളാലും നിവാരണം ചെയ്യപ്പെട്ട അവസരത്തിൽ, കാർത്തിക തിരുനാൾ മഹാരാജാവു തന്റെ ശൈശവത്തിലെ ഈ സംഭവത്തെ പറഞ്ഞു ഇങ്ങനെയാണു പ്രസ്താവിച്ചതു്. "അന്നു അമ്മാമനും അടിതിരിയും എന്റെ ശിരസ്സിൽ പാഴിച്ച കണ്ണുനീരിന്റെ മാഹാത്മ്യം ഇന്നാണു ഞാൻ അറിയുന്നതു്."

ത്രൈവ്വർഷികത്തിൽ രാമവർമ്മ രാജാവു സിംഹാസനാരോഹണം ചെയ്തു. പുരുഷാഗ്രേസരനായ തന്റെ അമ്മാമൻ ഉദ്ദേശിച്ചിരുന്നതുപോലെ രാജ്യഭരണസമ്പ്രദായം ക്രമീകരിക്കുന്നതിനും ദൃഢീകരിക്കുന്നതിനുമായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ പരിശ്രമം. പിന്നീടു കണ്ണാടകത്തിലെ നബാബിന്റെയും ഇംഗ്ലീഷുകാരുടേയും സൈന്യങ്ങളോടു കിടപിടിക്കത്തക്കനിലയിൽ അദ്ദേഹം തന്റെ സൈന്യങ്ങളെ പരിഷ്കരിക്കുവാനും ശ്രമം ചെയ്തുതുടങ്ങി. ചുരുക്കിപ്പറയുകയാണെങ്കിൽ, അദ്ദേഹം ഗവർമ്മെണ്ടിലെ കാര്യവകുപ്പുകളും പരിഷ്കരിക്കുകയും, ഉദ്യോഗസ്ഥന്മാർ നിർഭയമായും നിർവ്വിഘ്നമായും തങ്ങളുടെ കൃത്യങ്ങളെ നിർവ്വഹിക്കത്തക്കവണ്ണം അവരുടെ ശ

മ്പത്തും അവസ്ഥയും ഭേദപ്പെടുത്തുകയും, പെരുമ്പടപ്പിനോടു കാരപ്രതിജ്ഞകളും മതപ്രചരണപരങ്ങളുമായ പലേ ഏർപ്പാടുകളും രാജ്യമെങ്ങും സ്ഥാപിക്കുകയും ചെയ്തു.

മഹാരാജാവ് ഇപ്രകാരം പരിഷ്കരണവിഷയങ്ങളിൽ ശ്രദ്ധിച്ചുകൊണ്ടിരിക്കുമ്പോൾ, സാമൂതിരിപ്പാട് കൊച്ചിരാജ്യമാക്രമിച്ച് അതിലെ പല ഭാഗങ്ങളും പിടിച്ചടക്കുകയായിരുന്നു. സാമൂതിരിയെ ബഹിഷ്കരിക്കുന്നതിനു കൊച്ചിരാജാവ് ഉടനെ അദ്ദേഹത്തോടു സഹായമാവശ്യപ്പെട്ടു. കൊച്ചി തിരുവിതാംകൂർ സൈന്യങ്ങൾ സംയോജിച്ച് സാമൂതിരിയെ തോല്പിച്ചോടിച്ചു. സാമൂതിരി തന്നെ സന്ധിക്കു യാചിക്കേണ്ടിയും വന്നു. സമാധാനമായപ്പോൾ കൊച്ചിരാജാവിനെ താൻ മേലാൽ ഉപദ്രവിക്കുന്നതല്ലെന്നും രക്കുള്ള സംഗതികളിലെല്ലാം തിരുവിതാംകൂർ മഹാരാജാവിന്റെ തീർപ്പനുസരിച്ചു കൊള്ളാമെന്നും സാമൂതിരി സമ്മതിച്ചു. ഈ സമയോചിതമായ സഹായത്തിനു കൃതജ്ഞതാപൂർവ്വമായ പ്രതിഫലമായിട്ടെന്നപോൽ കൊച്ചിരാജാവു കരപ്പുറം, പറവൂർ, ആലങ്ങാട് എന്നീ ദേശങ്ങൾ തിരുവിതാംകൂറിലേക്കു വിട്ടുകൊടുത്തു.

ഈ യുദ്ധകാലത്താണു തിരുവിതാംകൂർ മന്ത്രിയായിരുന്ന മാത്താണ്ടപിള്ള ദളവയും ഡിലനോയികപ്പിത്താനും തിരുവിതാംകൂറിന്റെ വടക്കെ അതൃത്തി രക്ഷാപോരായതും ബലഹീനമായിരിക്കുന്നുവെന്നു മനസ്സിലാക്കിയത്. മഹാരാജാവു തന്നെ ഉടനെ സ്ഥലത്തെഴുന്നള്ളി പരിശോധിക്കുകയും ഒരു നദിമുഖത്തിനു കിഴക്കേ പർവ്വതനിരയെ ചുറ്റി നഗരികനിലത്തിലും ഏഴടി ഉയരത്തിലും ഏഴടി വണ്ണത്തിലും ഒരു മതിൽ പണിയിപ്പിക്കുവാൻ ദളവയെയും കപ്പിത്താനേയും സംസ്ഥാനസിക്രട്ടറിയേയും നിയോഗിക്കുകയും ചെയ്തു. ഇടക്കിടയ്ക്കു കോട്ടമതിലുകളേക്കൊണ്ടും കാവൽപുരകളേക്കൊണ്ടും മതിലിന്റെ നെടുനീളത്തിൽ ഒരു വലിയ കിടങ്ങുകൊണ്ടും ബലമുള്ള മുള്ളുവേലികൊണ്ടും മതിലിനെ അവർ പിന്നും ബലപ്പെടുത്തി. ഇതിനു തിരുവിതാംകൂർ "നെടു

ങ്കോട്ട്" എന്നു പറയപ്പെടുന്നു. ഇതിന്റെ ഉദ്ദേശം മലബാറിൽനിന്നുള്ള ആക്രമങ്ങൾ തടയുവാനാണെന്നു പറയേണ്ടതില്ലല്ലൊ. ഇപ്രകാരോപായത്തെ പൂർണ്ണമാക്കുന്നതിനു് അവർ കരിയാപ്പിള്ളിൽ ഒരു കോട്ട പണിയിക്കുകയും അഴിക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും ലന്തക്കാരോടു വിലയ്ക്കുവാങ്ങുകയും ചെയ്തു.

ഇങ്ങിനെയുള്ള രാജ്യസംരക്ഷണോപായങ്ങൾ ഒട്ടും അസ്ഥാനത്തായിരുന്നില്ല. എന്തെന്നാൽ ഫ്രെന്നസ്സിൽ ഹൈദരാലി മലയാളത്തെ ആക്രമിച്ചു. തന്നോടെതിർത്തുനിന്നിരുന്ന നായന്മാരെ ഭിഷണിപ്പെടുത്തുന്നതിനുവേണ്ടി ഹൈദർ ചിലരെയെല്ലാം ശിരഃഛേദം ചെയ്യുകയും അനവധിപേരെ മൈസൂറിലേക്കു നാടുകടത്തുകയും ചെയ്തു. ഇപ്രകാരം മിക്കവരും മൈസൂറിൽകിടന്നു തന്നെ ഭക്ഷണമില്ലാതെയും പലകഷ്ടങ്ങളിലൂടെയും പരലോകം പ്രാപിക്കേണ്ടിവന്നു. പരാജയത്തേയും അപമാനത്തേയും ഭയപ്പെട്ടു സാമൂതിരിപ്പാട് തന്റെ ഗൃഹത്തിനു തീ കൊളുത്തി ആ ഹോമകുണ്ഡത്തിൽ തന്നെ തന്റെ ശരീരത്തെ ഹോമിച്ചു. കൊച്ചിരാജാവും പാലക്കാട്ടധികാരിയും വിജയിയായ ഹൈദരുടെ സഖ്യത്തെ സ്വീകരിക്കുവാൻ നിർബ്ബന്ധരായി. കടക്കോട്ട തന്നെ പിന്നേയും ആക്രമിച്ചു കയറുവാൻ, തന്റെ തലസ്ഥാനത്തേക്കു് തിരിയെ തിരിച്ചുപോകേണ്ടിവന്നതുകൊണ്ടു്, ഹൈദരിനു സാധിച്ചില്ല.

ഫ്രെന്നസ്സിൽ ഒരു ഉത്തമ ഉദ്യോഗസ്ഥനായിരുന്ന സുബ്ബയ്യൻ മരിച്ചപ്പോൾ, പിന്നത്തെ സ്ഥാനാവകാശിയായിരുന്നതിനാൽ ഒരു ശ്രാണിയുള്ള ആളായിരുന്നില്ലെങ്കിലും ഗോപാലയ്യൻ ആ സ്ഥാനത്തു നിയമിക്കപ്പെട്ടു. ഡെപ്യൂട്ടി മന്ത്രിയായിരുന്ന ചെമ്പകരാമൻപിള്ളയെയായിരുന്ന മല്ലയുടെ ജോലികൾ തന്റെ ജോലിക്കു വിഘ്നം കൂടാതെ നിർവ്വഹിക്കുന്നതിനു നിയോഗിച്ചിരുന്നതു്. അന്നു സംസ്ഥാനസിക്രട്ടരിയായി നിയമിക്കപ്പെട്ട ആളാണു കേശവപിള്ള.

കേശവപിള്ളയുടെ സ്വദേശം തിരുവനന്തപുരത്തുനിന്നു ൭ നാഴിക അകലെയുള്ള കുന്നത്തൂർ ഗ്രാമമായിരുന്നു. ആ ദേഹത്തിന്റെ അമ്മ ഒരു ഭൃത്യയും അച്ഛൻ ദരിദ്രനായ ഒരു ജ്യോത്സ്യനുമായിരുന്നു. തന്റെ കണ്ണിലുണ്ണിയായിരുന്ന കേശവനെ അമ്മ തനിക്കു കിട്ടിയിടത്തു സ്വല്പശമ്പളവും ചോറുംകൊണ്ടു കഴിയുംപോലെ പോറ്റി വളർത്തിപ്പോന്നു: കേശവന്റെ കുശാഗ്രബുദ്ധിയും സർവ്വജനാകർഷകമായ സത്സ്വഭാവവും കണ്ടു് ആ പ്രദേശത്തെ ആശാൻ കേശവനെ ശമ്പളംകൂടാതെ പഠിപ്പിക്കുവാൻ സമ്മതിച്ചു. ഗുരുനാഥന്റെ കീഴിൽ പഠിച്ചുകൊണ്ടിരുന്ന കാലംമുഴുവനും കേശവൻ ഏറ്റവും ഉപയോഗപ്രദമായിത്തന്നെ കഴിച്ചുകൂട്ടി. മലയാളത്തിൽ എഴുതുവാനും വായിക്കുവാനും പഠിച്ചതുകൂടാതെ ബാലൻ കണക്കിലുള്ള തന്റെ പ്രത്യേക സാമർത്ഥ്യത്തെയും ബുദ്ധിമുട്ടുള്ള കണക്കുകൾ നിഷ്പ്രയാസം ചെയ്യുന്നതിലുള്ള തന്റെ പാടവത്തെയും വിശിഷ്യതന്നെയും തന്നെ പ്രദർശിപ്പിച്ചുതുടങ്ങി. എന്നാൽ വല്ലതുമാൽ ഇങ്ങിനെ ഗുരുപാദങ്ങളിൽ കഴിച്ചുകൂട്ടുവാൻ അദ്ദേഹത്തിനു സാധിച്ചില്ല. ദാരിദ്ര്യദേവതയെ അകറ്റിനിർത്തുവാൻ അമ്മ ചെയ്തിരുന്ന അതിപ്രയത്നങ്ങളും അനുഭവിച്ചിരുന്ന കഷ്ടപ്പാടുകളും ബുദ്ധിമുട്ടുകളും നല്ലപോലെ മനസ്സിലാക്കിട്ടുണ്ടായിരുന്ന നമ്മുടെ ചെറുവിദ്യാർത്ഥി തന്റെ പന്ത്രണ്ടാമതായ വയസ്സിൽ തന്നെ ഉപജീവനമാർഗ്ഗോപായമായി സഹായമപേക്ഷിച്ചു രാജ്യത്തിന്റെ തലസ്ഥാനത്തേക്കു തിരിച്ചു. മാർഗ്ഗമദ്ധ്യത്തിൽ പൂവാറിൽ വെച്ചു് അദ്ദേഹം ഒരു കച്ചവടക്കാരനുമായി പരിചയപ്പെടുകയും ആ കച്ചവടക്കാരൻ, അദ്ദേഹത്തിന്റെ കഷ്ടാവസ്ഥയറിഞ്ഞു ദയയുതോന്നി, രാജാ മൂന്നാം തിരുവാ ശമ്പളത്തിന്മേൽ അദ്ദേഹത്തിനെ തന്റെ കീഴിൽ ഒരു കണക്കെഴുത്തുകാരനായി നിയമിക്കുകയും ചെയ്തു. കേശവന്റെ ജാഗ്രതയും പ്രയത്നവും കൊണ്ടു കച്ചവടവും അഭിവൃദ്ധി കച്ചവടക്കാരനും അദ്ദേഹത്തിനോടുണ്ടായിരുന്ന പ്രതിപത്തിയും മുഖേന

രി വാർത്തയെ പ്രാപിച്ചുകൊണ്ടുവന്നു. ഒരിക്കൽ കുച്ചവടക്കാരൻ മഹാരാജാവിനെ മുഖം കാണിപ്പാൻ പോയിരുന്ന അവസരത്തിൽ, കണക്കെഴുത്തുകാരനെയുംകൂടെ കൊണ്ടുപോയിട്ടുണ്ടായിരുന്നു. രാത്രി വളരെ വൈകുന്നതുവരെ കുച്ചവടക്കാരൻ തിരുമുമ്പിലായിരുന്നു. താൻ പുറത്തേക്കു വന്നപ്പോൾ കേശവൻ സുഖമായി കിടന്നുറങ്ങുന്നതു കണ്ടു് അദ്ദേഹത്തിനെ വിളിക്കാതെ തന്നെ വ്യാപാരി സ്വഭവനത്തിലേക്കുപോയി. പിറ്റെ ദിവസം രാവിലെ മഹാരാജാവു കണി കണ്ടതു് ഉറങ്ങിക്കൊണ്ടിരുന്ന ഈ അജ്ഞാതബാലനെത്തന്നെയായിരുന്നു. കണി കണക്കല്ലെന്നു തോന്നുകയാൽ, മഹാരാജാവിനു കഠിനമായ തിരുവുള്ളക്കേടുണ്ടാവുകയും അതിനു കാരണഭൂതനായ ബാലൻ ബന്ധനസ്ഥനാക്കപ്പെടുകയും ചെയ്തു. എന്നാൽ ഉടനെതന്നെ അനവധി സാമാനങ്ങൾ നിറച്ചുള്ള ഒരു കപ്പൽ തുറമുഖത്തടുത്തിരിക്കുന്നുവെന്നുള്ള സന്തോഷവർത്തമാനമാണു രാജകർണ്ണങ്ങളിൽ പതിച്ചതു്. ഈ വർത്തമാനം കേശവനു മോചനത്തിനു മാത്രമല്ല, കോവിലകത്തു ഒരു വലിയ ഉദ്യോഗലാഭത്തിനുകൂടെ കാരണമായിത്തീർന്നു. വിനയാദി സൽസ്വഭാവങ്ങളെക്കൊണ്ടും കൃത്യനിർവ്വഹണത്തിൽ താൻ പ്രദർശിപ്പിച്ച പ്രാപ്തി, നിഷ്പക്ഷപാതം, പരിശ്രമശീലം മുതലായ ഗുണങ്ങളെക്കൊണ്ടും നമ്മുടെ കഥാനായകൻ മഹാരാജാവിനെ അനായാസേന അപഹരിച്ചുവശീകരിച്ചിരുന്നു. ആ വിധേന സംസ്ഥാനസിക്രട്ടറിയുടെ കീഴിൽ അദ്ദേഹം ഒരു ഗുമസ്തപദം പ്രാപിച്ചു. തദനന്തരം കേശവപിള്ളക്കു് അതിവേഗത്തിൽ പ്രമോഷനും സിദ്ധിക്കയും, ഔദ്യോഗികമായ വിഷയങ്ങളിലെല്ലാം ശ്രീമാന്റെ അഭിപ്രായം ചോദിപ്പാനും സ്വീകരിപ്പാനും തുടങ്ങുകയും ചെയ്തു.

കേവലം ഒരു ഗുമസ്തന്റെ നിലയിൽ ഇരുന്നിരുന്ന കേശവപിള്ള രാജ്യത്തിലെ കുച്ചവടസംബന്ധികളായ വർദ്ധിച്ച

ധിപ്പാനും അവസ്ഥ ഉന്നമനമാർഗ്ഗങ്ങൾ കണ്ടുപിടിപ്പാനും പെട്ടെന്നു നിശ്ചന്ത്രിതനായി. ഉടനെതന്നെ അദ്ദേഹം സംസ്ഥാനത്തിനു സമീപം കച്ചവടസ്ഥലങ്ങളുണ്ടായിരുന്ന ലന്തക്കാരോടും പൂവ്വേൻഡ്യാസംഘക്കാരോടും ഈ വിഷയത്തെപ്പറ്റി എഴുത്തുകുത്തുകൾ നടത്തുവാൻ തുടങ്ങി. തൽഫലമായി തിരുവിതാംകൂറിലേക്കു പലേ ഗുണങ്ങളും സിദ്ധിച്ചു. ഈ ജോലിയിലേർപ്പെട്ടിരിക്കുമ്പോളാണു കേശവപിള്ളതന്റെ യഥാർത്ഥഗുണങ്ങളെയെല്ലാം നല്ലപോലെ പ്രകാശിപ്പിച്ചതു്. അദ്ദേഹം സകല കാര്യങ്ങളിലേയും മർമ്മജ്ഞനാണെന്നും, ഏതു സന്ദർഭത്തിലും അദ്ദേഹത്തിന്റെ മനസ്സു നിശ്ചഞ്ചലവും പ്രത്യുൽപന്നമതിയുമാണെന്നും, അദ്ദേഹത്തിന്റെ ഭരണസാമർത്ഥ്യം അപാരമാണെന്നും ഈ അവസരത്തിൽ സർവ്വർക്കും സമ്മതമായി. ബുദ്ധിപൂർവ്വമായി ധനവും സമയവും വ്യയംചെയ്തു, പര്യാപ്തമായ പ്രതിഫലം കൊടുത്തു വേലക്കാരെക്കൊണ്ടു സമയോചിതമായ പ്രവൃത്തികൾ വേണ്ടപോലെ ചെയ്യിക്കുന്നതുകൊണ്ടു മാത്രമേ പൊതുജനാരോഗ്യവും രാജ്യാഭിവൃദ്ധിയും ഉൽകൃഷ്ടത്തെ പ്രാപിക്കയുള്ളൂ എന്നായിരുന്നു അദ്ദേഹത്തിന്റെ സിദ്ധാന്തം.

കേശവപിള്ളയും പൂവ്വേൻഡ്യാ സംഘവുമായുണ്ടായ ഉടമ്പടിയിൽ ഒരു സംഗതി നമ്മുടെ പ്രത്യേകശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടതാണു്. തിരുവിതാംകൂറിൽനിന്നു കമ്പനിക്കാർക്കു കൊടുക്കുന്ന കച്ചവടസാധനങ്ങൾക്കു പകരമായി മറ്റു സാമാനങ്ങൾക്കു പുറമെ ഇരിമ്പു, ചെമ്പു്, ആയുധങ്ങൾ മുതലായ യുദ്ധസാമഗ്രികൾകൂടി തിരുവിതാംകൂറിലേക്കു കൊടുക്കുവാൻ അവർ സമ്മതിച്ചു. അന്നു വളരെ ലഹളയുള്ള കാലമായിരുന്നതിനാൽ എപ്പോഴാണു യുദ്ധമുണ്ടാകുന്നതെന്നു് എല്ലാവരും ഭയപ്പെട്ടിരിക്കേണ്ടിയിരുന്നു. യുദ്ധക്രമം പരിശീലിപ്പിച്ചു സർവ്വസംഭാരങ്ങളോടും കൂടിയ ഒരു നല്ല സൈന്യത്തെ രാജ്യത്തിൽ എപ്പോഴും നിലനിന്നുണ്ടു് ഒരു പ്രത്യേക ആവശ്യംതന്നെയായിരുന്നു. കേശവപിള്ളയുടെ ഈ നയമാകട്ടെ ഡിലനോയിക്കുപ്പിന്താന്റെ കീഴിലുണ്ടായിരു

ന്ന തിരുവിതാംകൂർ സൈന്യത്തെ എറവും പരിഷ്കരിക്കുന്നതിനുള്ള കരു സുഖാർത്ഥമായിബ്ബ് ചെയ്തു.

ഫ്രെഞ്ചുകാർ കൊളച്ചലിൽവെച്ചുണ്ടായ യുദ്ധത്തിൽ തടവുകാരനായി പിടിക്കപ്പെട്ട കരാളായിരുന്ന ഡിലനോയി. തിരുവിതാംകൂർ ഗവർമ്മേണ്ടു് അയാളുടെ നേരെ ദയാപൂർവ്വം പെരുമാറുകയാൽ അവിടെത്തന്നെ ഉദ്യോഗം സ്വീകരിക്കുവാൻ അയാൾ തീർച്ചപ്പെടുത്തി. തന്റെ അശ്രാന്ത പരിശ്രമംകൊണ്ടും നിർവ്യാജമായ ഉദ്യോഗഭരണംകൊണ്ടും അയാൾ ക്രമേണ തിരുവിതാംകൂർ സൈന്യാധിപതിയും സകലരുടെയും സ്നേഹബഹുമാനഭാജനവും ആയിത്തീരുകയും ജനങ്ങൾ അയാളെ "വലിയ കപ്പിത്താൻ" എന്നു വിളിച്ചുവരികയും ചെയ്തു. ഒരു ദീർഘകാലം ഈ ഉദ്യോഗത്തിലിരുന്നതിനു ശേഷം, ഫ്രൈഞ്ചു് സർവ്വസമ്മാന്യനായിരുന്ന അയാൾ പരലോകം പ്രാപിച്ചു. ഉദയഗിരിയിലുള്ള അയാളുടെ ശവകുടീരം ഇന്നും രാജഭക്തന്മാരായ സകല ഉദ്യോഗസ്ഥന്മാർക്കും അത്യുപദേശജനകമായ ഒരു പുണ്യവസ്തുവായി പ്രശോഭിച്ചുകൊണ്ടിരിക്കുന്നു.

കേശവപിള്ള ഡിലനോയിയുടെ കരാപ്പനിത്രമായിരുന്നു. അയാളുടെ അടുക്കൽനിന്നും അദ്ദേഹം യുദ്ധതന്ത്രങ്ങളിൽ അപാരമായ പാണ്ഡിത്യവും ലന്തഭാഷയിലും പോർത്തുഗീസു ഭാഷയിലും സാമാന്യപരിചയവും സമ്പാദിച്ചതിനു പുറമെ, പട്ടാളത്തിലുള്ള പട്ടാണി ഉദ്യോഗസ്ഥന്മാരുടെ സഹായത്തോടുകൂടി പേഷ്വാരും ഹിന്തുസ്ഥാനിയും സുദൃഢമായി അഭ്യസിച്ചു. സമയമല്ലാതെകിലും സ്വാർത്ഥപരമായി സുഖാനേഷണങ്ങളിൽ ദ്രവ്യം ചെയ്യാതെ സർവ്വാ പരിശ്രമശീലനായിത്തന്നെ ഇരുന്നതുകൊണ്ടു്, അദ്ദേഹത്തിനു തന്റെ കൃത്യങ്ങൾക്കു യാതൊരു വിഘ്നവും കൂടാതെതന്നെ ഈവക വിഷയങ്ങളിൽ പ്രത്യേകമൈപുണ്യം സമ്പാദിക്കുവാൻ സാധിച്ചു.

ഫ്രെബ്രുവരി-ൽ കാർത്തിക തിരുനാൾ മഹാരാജാവു മാരേ

ശ്രദ്ധയിലേക്ക് എഴുന്നള്ളി. ഈ അവസരം കേശവപിള്ളയ്ക്ക് തന്റെ അറിവും പരിചയവും വർദ്ധിപ്പിക്കുന്നതിലേക്ക് ഏറ്റവും ഉപയോഗപ്പെട്ടു. തിരുനൽവേലി, മധുര മുതലായ ദിക്കുകളിൽ കൃഷിസ്ഥലങ്ങളിലേക്ക് വെള്ളം വിട്ടു കാടുകുന്ന സമ്പ്രദായങ്ങളും അവിടങ്ങളിലുള്ള വ്യാപാരങ്ങളുടെയും ഗതാഗതമാർഗ്ഗങ്ങളുടേയും സ്ഥിതികളും അദ്ദേഹം സൂക്ഷ്മദൃഷ്ട്യാ പരിശോധിച്ചു മനസ്സിലാക്കി. രാജ്യസ്ഥിതികൾകൊണ്ടും കൊള്ളക്കാരുടേയും ലഹളക്കാരുടേയും ഭയംകൊണ്ടും വലിയ ഒരു സൈന്യവും പരിവാരങ്ങളും മഹാരാജാവിനെ അനുഗമിക്കേണ്ടിവന്നു. തന്മൂലം എഴുന്നള്ളത്തു വളരെ സാവധാനത്തിലായിരുന്നതിനാൽ, കേശവപിള്ളയ്ക്ക് ഈ പ്രദേശങ്ങളിൽ മനസ്സിരുത്തി അവയെ നല്ലപോലെ ഗ്രഹിപ്പാൻ ധാരാളം സമയം കിട്ടി. ഈ അവസരത്തിൽ ഉണ്ടായ ഒരു സംഭവം ഇവിടെ പ്രത്യേകം പ്രസ്താവയോഗ്യമാണ്. രാമേശ്വരത്തു് എഴുന്നള്ളിയിരിക്കുമ്പോൾ, അവിടെ മന്ത്രിയും കൊട്ടാരം കാര്യക്കാരും ചെയ്തിട്ടുണ്ടായിരുന്ന ഏർപ്പാടുകളെക്കൊണ്ടു് ഏറ്റവും സന്തുഷ്ടനായ മഹാരാജാവു് അവർക്കു വല്ല അഭീഷ്ടങ്ങളും തന്നോടു ചോദിപ്പാനുണ്ടോ എന്നു് അവരോടു കല്പിച്ചു ചോദിക്കുകയുണ്ടായി. തന്റെ സന്തതികൾ അവർക്കു ലഭിക്കുന്ന ധനത്തെ നിഷ്പ്രയോജനമായി അനുഭവിക്കുമാറാകേണമെന്ന ഒരു മോഹം മാത്രമേ തനിക്കുള്ളൂ എന്നു രാജമന്ത്രി ബോധിപ്പിച്ചു. എന്നാൽ കേശവപിള്ള തിരുമനസ്സറിയിച്ചതു് ഇപ്രകാരമായിരുന്നു. "അടിയന്റെ മോഹവും ജഗദീശ്വരനോടുള്ള പ്രാർത്ഥനയും തിരുമനസ്സുകൊണ്ടു പൂർണ്ണസുഖത്തോടുകൂടി സ്വരാജ്യത്തേക്കു തിരിച്ചെഴുന്നള്ളി പ്രജാപരിപാലനം ചെയ്തരുളണമെന്നു മാത്രമാണ്." കേശവപിള്ളയുടെ ഈവിധത്തിലുള്ള രാജഭക്തി കൊണ്ടും നിഷ്ഫലമായിരുന്നില്ല. ക്രൈസ്തവർഷം ൧൭൯൫ തിയ്യതി അദ്ദേഹം തിരുവിതാംകൂർക്കു കന്നിമാസത്തു ദിവാനായി നിയമിക്കപ്പെട്ടു

കയും ഒരു മാസം കഴിഞ്ഞപ്പോഴക്കും ടിപ്പുവിന്റെ സൈന്യം നെടുങ്കോട്ടയുടെ സമീപത്തിൽ എത്തുകയും ചെയ്തു.

പടിഞ്ഞാറെ കടൽതീരം മുഴുവനും തന്റെ അധീനത്തിൽ പെടുത്തുന്നതിനും ആ വിധത്തിൽ ഇംഗ്ലീഷുകാരോടു യുദ്ധം ചെയ്യുന്നതിൽ വിജയം നേടുന്നതിനും ടിപ്പു മലയാളം മുഴുവനും കീഴടക്കണമെന്നു മോഹിച്ചുകൊണ്ടാണിരുന്നിരുന്നതു്. ഇതിനു് അയാൾക്കു തിരുവിതാംകൂർ പിടിച്ചടക്കേണ്ടിയിരുന്നു. തന്റെ സാമന്തരാജാവിന്റെ അതിത്തിയിൽ കോട്ടകൾ പണിയിച്ചതും, മലബാറിൽ നിന്നു ഭയപ്പെട്ടോടി അഭയം പ്രാപിച്ചവരെ സ്വരാജ്യത്തിൽ തിരിച്ചുകൊണ്ടുപോയി രക്ഷിച്ചതും, ലന്തക്കാരോടു് അഴീക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും വിലയ്ക്കു വാങ്ങിയതും തിരുവിതാംകൂർ പ്രദേശങ്ങളെ ആക്രമിക്കുവാൻ അയാൾക്കു മതിയായ കാരണങ്ങളായിരുന്നു. സുൽത്താൻ രണ്ടാമതായി മഹാരാജാവിനെ നയോപായങ്ങളെക്കൊണ്ടും വിചാരിച്ച സംഭാവനകളെക്കൊണ്ടും സ്വാധീനപ്പെടുത്തുവാൻ ശ്രമിച്ചു. എന്നാൽ ഇംഗ്ലീഷുകാരുടേയും കണ്ണാടകനവാബിന്റേയും ആവിവു കൂടാതെ ടിപ്പുവുമായി താൻ യാതൊരുടമ്പാടും ചെയ്യുന്നതല്ലെന്നു മഹാരാജാവു ഖണ്ഡിച്ചു മറുപടി പറഞ്ഞു. കോപാന്ധനായ ടിപ്പു ഉടനെ ഒരു വലിയ സൈന്യശേഖരം ചെയ്തു മഹാരാജാവുമായി യുദ്ധത്തിന്നൊരുമ്പെട്ടു. വിവരം മനസ്സിലാക്കിയ കേശവപിള്ള ഉടനെ നെടുങ്കോട്ടയുടെ സമീപമെത്തിച്ചേരുകയും മദ്രാസു ഗവർണ്ണരോടു സൈന്യത്തെ യുദ്ധമഭ്യസിപ്പിക്കുവാനും വേണ്ടിവന്നാൽ ശത്രുക്കളുടെ നേരെ സൈന്യത്തെ നയിക്കുവാനും ചില ഇംഗ്ലീഷുദ്യോഗസ്ഥന്മാരുടെ സഹായമാവശ്യപ്പെടുകയും ചെയ്തു. മുമ്പുണ്ടായിരുന്ന ഉടമ്പടികളനുസരിച്ചും തിരുവിതാംകൂറും കമ്പനിക്കാരും തമ്മിലുണ്ടായിരുന്ന മിത്രഭാവമനുസരിച്ചും മദ്രാസു ഗവർമ്മേണ്ടു തിരുവിതാംകൂറിലേക്കു് ഈ സഹായം ചെയ്തുകൊടുക്കേണ്ടതായിരുന്നു. എന്നാൽ ഉദ്യോഗസ്ഥന്മാരോ ഇങ്ങിനെ

കടം കൊടുക്കുന്നതു ദുർന്നയമാണെന്നും, തിരുവിതാംകൂറിൽ നിന്നു പണമായിട്ടോ കുരുമുളകായിട്ടാ ചിലവിനുള്ള വക കൊടുക്കുന്നപക്ഷം, ഒന്നോ രണ്ടോ ഇൻഡ്യൻ കാലാൾ പട്ടാളങ്ങളെ അയച്ചുകൊടുക്കാമെന്നും ഗ്രാസുഗവമ്മേണ്ടു കേശവപിള്ളയെ അറിയിച്ചു. ശത്രുക്കൾ ഏറ്റവും സന്നിഹിതരായിരുന്നതുകൊണ്ടു ദിവാൻ യാതൊരു താക്കീതിനും തുനിയാതെ ഗവർണ്ണരുടെ മതത്തെത്തന്നെ തല്ക്കാലം സ്വീകരിച്ചു. ഈ വിഷയം സുപ്രധാന്യമുള്ള ഒന്നാകയാൽ ഇതിനെപ്പറ്റി അല്പം കൂടി സവിസ്തരം പഠനം ചെയ്തിരിക്കുന്നു. ലിവർണ്ണർ എന്ന മഹാൻ ഇങ്ങിനെയാണു പ്രസ്താവിച്ചിരിക്കുന്നതു്. "ട്രവെൻകൂർ-ൽ തിരുവിതാംകൂർ മഹാരാജാവു ബ്രിട്ടീഷ് ഗവർണ്ണരോടു ചെയ്തതും ഗവർണ്ണർ നിരസിച്ചതും ആയ അപേക്ഷ തന്നെയാണു ഡഫറിൻ പ്രഭു ഇൻഡ്യാഭരണത്തിൽ ഉപയോഗപ്പെടുത്തിയ നയം. ആ കൊല്ലം ജൂൺ ഫ്രഞ്ചതിയ്യതി മഹാരാജാവു ഗവർണ്ണർക്കെഴുതിയിരുന്നതു് ഇങ്ങിനെയാണു്. ദേയവുന്നായിട്ടു നാം തമ്മിലുള്ള സ്നേഹബന്ധമനുസരിച്ചു സൈന്യങ്ങളെ പരിശീലിപ്പിക്കുന്നതിലും ഭരിക്കുന്നതിലും സമർത്ഥന്മാരായ നാലു് ഉദ്യോഗസ്ഥന്മാരേയും പന്ത്രണ്ടു കീഴുദ്യോഗസ്ഥന്മാരേയും നമ്മുടെ ആവശ്യത്തിലേക്കായി അയച്ചുതരുവാനപേക്ഷ.' ഗ്രാഗസ്റ്റ് ഫ്രഞ്ചതിയ്യതി 'ഞങ്ങളുടെ കീഴിലും ശമ്പളത്തിലും ഉള്ള ഒരു സൈന്യങ്ങളെ കഴിച്ചു മറ്റു സൈന്യങ്ങളെ ഭരിക്കുവാൻ ഞങ്ങളുടെ ഉദ്യോഗസ്ഥന്മാരെ അയച്ചുകൊടുക്കുന്നതു കമ്പനിയുടെ നിയമത്തിനും നടപ്പിനും വിരോധമാണു്.' എന്നു ഗവർണ്ണർ മറുപടിയും കൊടുത്തു. എന്നാൽ ഈ മറുപടിക്കുള്ളിൽ ഇംഗ്ലീഷുകാരും നാട്ടുകാരും തമ്മിൽ സഹകരണവും അന്യോന്യവിശ്വാസവും ഉൾപ്പെട്ടതായിരുന്നുവെന്നും ഇംഗ്ലീഷുകാരുടെ നയം അവരുടെ കയ്യും മാത്രം നോക്കിക്കൊണ്ടിരിക്കുക എന്നതായിരുന്നുവെന്നും മാത്രമേ കാണിക്കുന്നുള്ളൂ. ഇപ്പോഴാകട്ടെ, രാഷ്ട്രീയമായും സൈന്യസംബന്ധമായും മറ്റുമുള്ള സ

കല സംഗതികളിലും അന്യോന്യവിശ്വാസവും സഹകരണവും ബന്ധവും ഏറ്റവും പ്രബലതയെ പ്രാപിച്ചുണ്ടിരിക്കുന്നതു്." ബ്രിട്ടിഷുഗവർമ്മേണ്ടിന്റെ നയത്തെ ഇങ്ങിനെ പരന്തപ്പിയും സാധൂകരിച്ചും ഉള്ള ലീവാർണരുടെ ലേഖനം കേശവപിള്ളയുടെ രാഷ്ട്രീയനയത്തെപ്പുണ്യത്തിനു് ഒരു താഴികക്കുടംവച്ചപോലെയായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

തിരുവിതാംകൂർ സൈന്യാധിപതിയുടെ നിലയ്ക്കു കേശവപിള്ളതന്നെ യുദ്ധസ്ഥലത്തെത്തി കാര്യങ്ങൾ കയ്യേറു നടത്തിത്തുടങ്ങി. കേശവപിള്ളയും സൈന്യവും അതിധീരതയോടുകൂടെ ശത്രുക്കളോടെതിർത്തു നിന്നുവെങ്കിലും, ടിപ്പുവിന്റെസൈന്യസംഖ്യവളരെ വലുതായിരുന്നതിനാൽ, അവക്കു ഒരു ഉറപ്പുള്ള സ്ഥാനമെടുത്തുനിന്നതുവരെ പിൻമാറേണ്ടിവന്നു. ഈ സ്ഥാനം കിട്ടിയതോടുകൂടി യുദ്ധത്തിന്റെ ഗതിയും തിരിഞ്ഞു. ഇവിടെ നിന്നു തിരുവിതാംകൂർ സൈന്യത്തെ ഇളക്കുവാനോ അവരുടെ വ്യൂഹം ഭേദിപ്പാനോ ടിപ്പുവിനു കഴിഞ്ഞില്ലെന്നു മാത്രമല്ല, അയാളുടെ സൈന്യം തോറ്റോടേണ്ടതായിട്ടും വന്നു. ടിപ്പു തന്നെയും തിരക്കിൽ ചേന്നോടിക്കളഞ്ഞു. കിടങ്ങു ശവശരീരങ്ങൾകൊണ്ടു നിറഞ്ഞു. പിന്നിട്ടുണ്ടായ ഭയങ്കര ലഹളയിൽ ടിപ്പുവിന്റെ വാളും പരിചയും തെറിച്ചുപോയി. അയാൾ ജീവനോടുകൂടി രക്ഷപ്പെട്ടതുതന്നെ തന്റെ വിശ്വസ്തപ്പടയാളികളിൽ ചിലരുടെ സാഹസപ്രയത്നംകൊണ്ടു മാത്രമാണു്.

ഈ പരാജയം കൊണ്ടു ടിപ്പു സുൽത്താനു യാതൊരു കുലുക്കവുമുണ്ടായില്ല: 'തുമ്മുമായ ആ ചെറുമതിൽ' പിടിച്ചടക്കുവാൻ സാധിക്കാത്തതുകൊണ്ടു് അയാളുടെ വാശിയും കോപവും വർദ്ധിക്കുകയാണു ചെയ്തതു്. ഉടനെ അയാൾ തന്റെ ഉദ്ദിഷ്ടസിദ്ധിക്കായുള്ള പരിശ്രമങ്ങളെ ദ്വിഗുണീകരിക്കുകയും സൈന്യത്തെ പൂർവ്വാധികം ബലപ്പെടുത്തുകയും ചെയ്തുവീണ്ടുംതിരുവിതാംകൂറിലോടെത്തിത്തു നെടുങ്കോട്ടയെ ഭേദിച്ചു ശത്രുസൈന്യങ്ങളെ അവിടെനിന്നോടിച്ചു കളഞ്ഞു.

ടിപ്പു നെടുങ്കോട്ടയെ നിരോധിച്ചു യുദ്ധം ചെയ്തുകൊണ്ടിരിക്കുമ്പോൾ, സമീപസ്ഥലത്തു നിന്നായിരുന്ന ബ്രിട്ടീഷു പട്ടാളങ്ങൾ, രക്ഷസ്സായിട്ടുപോലും യുദ്ധം ചെയ്യുകയെന്നു ഗവർണ്ണരുടെ പ്രത്യേകശാസനയുണ്ടായിരുന്നതിനാൽ യാതൊന്നും പ്രവർത്തിക്കാതെ നോക്കിനിന്നതേയുള്ളൂ. അന്നത്തെ ഗവർണ്ണറായിരുന്ന മിസ്റ്റർ ഹോളൻറു തിരുവിതാംകൂർ ഗവർണ്മെണ്ടു് ആഴിക്കോട്ടയും കൊടുങ്ങല്ലൂർ കോട്ടയും വിലയ്ക്കു വാങ്ങിയതു് ആദ്യമേതന്നെ മദ്രാസു ഗവർമ്മേണ്ടിനു വിരോധമായിരുന്നു എന്നൊരാക്ഷേപം പുറപ്പെടുവിച്ചു തന്റെ പ്രവൃത്തിയെ സാധൂകരിപ്പാൻ ശ്രമിച്ചു. പക്ഷേ ഈ കോട്ടകൾ വാങ്ങിയതു ടിപ്പുവിന്റെയും ഫ്രെഞ്ചുകാരുടേയും മേൽ കേശവപിള്ള സമ്പാദിച്ച ഒരു നയോപായ വിജയമാണെന്നു യുദ്ധതന്ത്രജ്ഞന്മാർ ഐകകണ്ഠ്യേന സമ്മതിക്കുന്നതാകുന്നു. കോട്ടകൾ വാങ്ങിയതു മേജർ ബാനർമാൻ എന്ന ആളുടെ സാന്നിദ്ധ്യത്തിലും സഹായത്തോടുകൂടിയുമായിരുന്നുവെന്നു കേശവപിള്ളയും വാദിച്ചു. പിന്നീടു കോറൺവാലീസ് പ്രഭുവിന്റെ അടുക്കൽവരെ എത്തി. ഡയറക്ടർമാരുടെ സഭ കേശവപിള്ളയുടെ വാദം ശരിയാണെന്നു കാണുകയും അതനുസരിച്ചു കോട്ടകൾ വാങ്ങിയതിനെ സമ്മതിക്കുകയും ചെയ്തു. സർ തോമസ്‌റോ എന്ന മഹാൻ മിസ്റ്റർ ഹോളൻറിന്റെ ഈ സന്ദർഭത്തിലുണ്ടായ മറെറാരു വാദത്തെപ്പറ്റി ഇങ്ങിനെ പറഞ്ഞിരിക്കുന്നു. "പുരാതനസ്ഥലങ്ങളെന്നും നൂതനസമ്പാദ്യങ്ങളെന്നും വ്യത്യാസപ്പെടുത്തി ആയാൾ പറയുന്നതു സമാധാനോച്ചാവ്യാജേന യുദ്ധഭയത്തെ മറയ്ക്കുവാൻ മാത്രമാണു്". ബ്രിട്ടീഷു ഗവർമ്മേണ്ടിന്റെ ഉത്തരവുകളെ നിരസിച്ചും ആംഗലസാമ്രാജ്യത്തിന്റെ ബഹുമതിയെ കെടുത്തിയും തങ്ങളുടെ വിശ്വസ്തചിത്തവും സുഹൃത്തുമായിക്കണ്ടവനുമായ തിരുവിതാംകൂർ മഹാരാജാവിന്റെ രാജ്യത്തെ ദുഷ്ടബുദ്ധിയും നിഷ്ഠുരനുമായ ഒരു ശത്രു സച്ഛിദ്രം ആക്രമിച്ചു നശിപ്പിക്കുവാൻ ഇങ്ങിനെ ആരംഭിച്ചതിനു

കോൺവാലിസ് പ്രഭു മദ്രാസ് ഗവണ്മെന്റിനെ കഠിനമായി ശകാരിച്ചു. ബ്രിട്ടീഷു സൈന്യത്തെ തിരുവിതാംകൂറിൽ നിന്നിയിരുന്നതിനും മൈസൂരുമായുണ്ടായ യുദ്ധത്തിനും വേണ്ട ചിലവുകൾക്കായി മദ്രാസ് ഗവണ്മെന്റ് ആവശ്യപ്പെട്ടതായ തുലേശം വലിയ സംഖ്യയേ കേശവപിള്ളയുടെ അപേക്ഷയനുസരിച്ചു അദ്ദേഹം കുറവുചെയ്തു കൊടുക്കുകയും ചെയ്തു.

തന്റെ ജയംകൊണ്ടു സന്തുഷ്ടനായ ടിപ്പു സുൽത്താൻ സമീപസ്ഥലങ്ങളെ കീഴടക്കുന്നതിനു സൈന്യത്തിൽ ചില ഭാഗങ്ങളെ ആജ്ഞാപിച്ചു, ബാക്കിസൈന്യത്തോടുകൂടി ആലുവയ്ക്കു നേരെ പുറപ്പെട്ടു. സഹായംകൂടാതെ ടിപ്പുവിന്റെ വലിയ സൈന്യത്തോടു പൊരുതി നില്ക്കുന്നതു കേവലമസാദ്ധ്യമാണെന്നു പൂർണ്ണബോധ്യമുണ്ടായിരുന്ന മിവാൻ കായൽത്തീരങ്ങളിലും മറ്റു സ്ഥലങ്ങളിലും ശത്രുവിന്റെ യാത്രയെ തടയുവാൻ വേണ്ട സകല ഏർപ്പാടുകളും ചെയ്തിട്ടുണ്ടായിരുന്നതിനാൽ, ടിപ്പുവിനു കുറേദിവസം മുമ്പോട്ടു ചെല്ലുവാൻ ഭഗീരഥപ്രയത്നം തന്നെ വേണ്ടിവന്നു. ഉടനെ തന്നെ വഷ്കാലവുമാരംഭിച്ചു. തന്മൂലമുണ്ടായ വെള്ളപ്പൊക്കത്തിനും മറ്റു തടസ്ഥങ്ങൾക്കും പുറമെ ഇംഗ്ലീഷുകാർ തന്റെ മൈസൂരിലേക്കുള്ള യാത്ര തടയുവാൻ ഭാവമുണ്ടെന്നും ടിപ്പുവിനു മനസ്സിലായി. ടിപ്പുവിന്റെ അപാരമായ ഗർവ്വു ശമിപ്പിക്കുന്നതിനും തങ്ങൾക്കും തങ്ങളുടെ മിത്രങ്ങൾക്കും അയാൾ ചെയ്തിട്ടുള്ള ഉപദ്രവങ്ങൾക്കു മതിയായ വിധത്തിൽ പകരം ചോദിക്കുന്നതിനും ഇംഗ്ലീഷുകാർ അയാളോടു യുദ്ധത്തിലേർപ്പെടുകയും ചെയ്തു. ഈ കാരണങ്ങളെക്കൊണ്ടു ടിപ്പുവിനു കൊച്ചിയും തിരുവിതാംകൂറും വിട്ടു മനസ്സാപത്തോടെ പിന്തിരിയ്ക്കുകയല്ലാതെ ഗത്യന്തരമുണ്ടായിരുന്നില്ല.

സുൽത്താന്റെ ആക്രമത്തിന്റെ ഭയങ്കരഘോഷങ്ങൾ തിരുവിതാംകൂറിൽ അനേകകാലത്തോളം നിലനിന്നു. അയാൾ കുറേ വലിയ വേട്ടക്കാരനും അയാളുടെ മൃഗങ്ങൾ മനുഷ്യരെപ്പോലെയിരുന്നു എന്നുപറഞ്ഞാൽ വരയുവാൻ, അയാളുടെ

യാത്രാഘോഷങ്ങൾ ഇന്നും രാജ്യത്തെങ്ങും മാറ്റൊലിക്കൊണ്ടു തന്നെയിരിക്കുന്നു. ടിപ്പുവും തന്റെ അനുചരന്മാരും നിർദ്ദാക്ഷിണ്യം നടത്തിട്ടുള്ള ക്രൂരകൃത്യങ്ങളുടെ കാഠിന്യത്തിനു കയ്യും കണക്കുമില്ല. അവ "മൈസൂർ പുലി" എന്ന അയാളുടെ നാമത്തെ അനുപമമാക്കുക മാത്രമാണു ചെയ്യുന്നതു്. അയാൾ അനേകക്ഷേത്രങ്ങളും പള്ളികളും കൊള്ളയിട്ടു നശിപ്പിയ്ക്കുകയും ഹിന്ദുക്കളേയും ക്രിസ്ത്യാനികളേയും ഇസ്ലാംമതം സ്വീകരിക്കുവാൻ നിർബ്ബന്ധിക്കുകയും മടികാണിച്ചവരെയെല്ലാം വെട്ടിക്കൊന്നു കളയുകയും ചെയ്തു. അനേകായിരം ജനങ്ങൾ പൈദാഹങ്ങൾ സഹിച്ചു മരിച്ചു. അനേകായിരം പേർ സർവ്വസമ്പേക്ഷിച്ചു, വനമൃഗങ്ങളും ഗജങ്ങളും ടിപ്പുവിനേക്കാൾ ദയാലുക്കളായിരിക്കുമെന്നു കരുതി അവയെത്തന്നെ ശരണം പ്രാപിച്ചു വനങ്ങളിൽ പോയി കഴിച്ചു താമസിച്ചു. ശത്രുവിന്റെ നിർഗ്ഗമനാനന്തരം ജനങ്ങൾ നാടുകളിൽ തിരികെ വന്നു താമസം തുടങ്ങിയപ്പോൾ, ക്ഷാമം, വസൂരി, തലെഞരുക്കി മുതലായ ഭയങ്കരബാധകൾ അവരെ പിടികൂടുകയും സംഖ്യയില്ലാതെ ജനങ്ങളെ നശിപ്പിക്കുകയും ചെയ്തു. വ്യസനവും മൈന്ധ്യവും രാജ്യമെങ്ങും വ്യാപിച്ചു. പിന്നീടു അനേകവർഷാന്തരങ്ങൾകൊണ്ടു മാത്രമേ ആ രാജ്യം സ്വസ്ഥതയെ പ്രാപിച്ചുള്ളൂ. ഇന്നും കൊടുങ്കാറ്റുകൊണ്ടും ഇടിമിന്നൽകൊണ്ടും ഭയങ്കരങ്ങളായ വർഷനിശാസമയങ്ങളിൽ മുത്തശ്ശിമാർ ഭയവിഹ്വലരായി കേട്ടുകൊണ്ടിരിക്കുന്ന കുഞ്ഞുങ്ങളോടു പുരാതനകാലത്തെ സങ്കടകഥകൾ പറഞ്ഞു കേൾപ്പിക്കുക പതിവാണു്.

ഇംഗ്ലീഷുകാർ ടിപ്പുവുമായി ചെയ്ത യുദ്ധത്തിൽ അവർക്കു സഹായിച്ചതിനാൽ കേശവപിള്ളയുടെ കീഴിലുണ്ടായിരുന്ന തിരുവിതാംകൂർ സൈന്യത്തിന്റെ ഛാർദ്ദമായ സഹായസഹകരണങ്ങളുണ്ടായിരുന്നു. കേശവപിള്ളയുടെ ഭാര്യ പെണ്ണാറുകുഞ്ഞമ്മ എന്നായ ഒരു നായർ സ്ത്രീയായിരുന്നു. ധീരയോദ്ധാക്കളുടെ വധൂജനങ്ങൾക്കു യോഗ്യമായ സദ്ഗുണവൈശിഷ്ട്യത്തോടുകൂ

ടി ഈ സ്ത്രീരത്നവും ശ്രീരംഗപട്ടണ നിരോധത്തിങ്കൽ ത
ന്റെ പ്രാണനാഥനെ അനുഗമിച്ചു് എത്തിച്ചേർന്നിരുന്നു. യു
ദ്ധാനന്തരം ശ്രീരംഗപട്ടണത്തിൽ വെച്ചുണ്ടായ ഉടമ്പടിക്കു
ശേഷം മാത്രമേ കേശവപിള്ള തിരുവനന്തപുരത്തേക്കു തിരി
ച്ചുപോയുള്ളൂ. ഉടമ്പടിക്കു മുമ്പുണ്ടായ കൂടിയാലോചനകളി
ലെല്ലാം ദിവാൻ സന്നിഹിതനായിരിക്കുകയും എല്ലാ വിഷയ
ങ്ങളിലും അദ്ദേഹത്തിന്റെ അഭിപ്രായങ്ങൾ കൂടി ഗണിക്ക
പ്പെടുകയും ചെയ്തിരുന്നു.

കേശവപിള്ള തിരിച്ചെത്തിയപ്പോൾ സന്തുഷ്ടനായ
മഹാരാജാവും കൃതജ്ഞരായ രാജ്യനിവാസികളും അദ്ദേഹ
ത്തിനു യഥായോഗ്യം സ്വീകരിച്ചു. എന്നാൽ അദ്ദേഹത്തി
ന്റെ വിശ്രമസുഖം ജോലിയുടെ ഒരു വ്യത്യാസം മാത്രമായി
ട്ടേ കരുതിയുള്ളൂ. അനേകം രാജാക്കന്മാരും പ്രധാനികളും ധ
നികന്മാരും തിരുവിതാംകൂറിൽ ചെന്നഭയം പ്രാപിച്ചു വ
സിച്ചിരുന്നു. അവരെയെല്ലാം ഗവർമ്മെണ്ടിൽനിന്നവസ്ഥാനു
രണം സൽക്കരിച്ചും രക്ഷിച്ചും വന്നിരുന്നു. അവരുടെരാ
ജ്യങ്ങളും സ്വത്തുക്കളും ടിപ്പു തന്റെ സേവകന്മാർക്കു സമ്മാ
നിച്ചിട്ടുണ്ടായിരുന്നതിനാൽ ഇപ്പോൾ അവരെയെല്ലാം അ
വരവരുടെ സ്ഥാനങ്ങളിൽ വീണ്ടുമവരോഹിക്കുന്നതിനു മദ്രാ
സ് ഗവർമ്മെണ്ടു തിരുവിതാംകൂർ മഹാരാജാവിനോടപേക്ഷി
ച്ചു. മഹാരാജാവു് ഈ അധികാരം കേശവപിള്ളക്കാണു
കൊടുത്തതു്. ഒരു മനുഷ്യനില്ലാത്തവനായിരുന്നുവെങ്കിൽ
കേശവപിള്ളക്കതുപോലും നിഷ്പ്രയാസം ഒരു വൈശ്രവണ
നാകാമായിരുന്നു. യാതൊരു വിധത്തിലുമുള്ള തടസ്ഥങ്ങ
ളോ അനൌചിത്യങ്ങളോ കൂടാതെ നിഷ്ക്കളങ്കമായി ഈ കാ
ര്യങ്ങളെല്ലാം നടന്നുകിയെന്നുള്ള സംഗതി കേശവപിള്ളയുടെ
കൃത്യനിർവ്വഹണത്തിലുള്ള ഉദാരബുദ്ധിയേയും പരിശ്രമശീല
ത്തേയും നിർവ്യാജതയേയും ധാരാളം വിളിച്ചു പറയു
ന്നുണ്ടു്.

ദിവാൻ കേശവപ്പിള്ളയുടെ നിരന്തരശ്രമങ്ങളുടെ ഫലമായി ഫ്രെഞ്ചുകാർ തിരുവിതാംകൂർ മഹാരാജാവും ഇംഗ്ലീഷുകാരും തമ്മിൽ ശാശ്വതസഖ്യസൂചകമായി കരുതപ്പെടുന്നുണ്ടായി. അതുകൊണ്ടു തിരുവിതാംകൂറിലേക്കു പലവിധത്തിലുള്ള ഗുണങ്ങൾ സിദ്ധിക്കുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ, അതിനുശേഷമാണ് രാജ്യത്തിൽ സമാധാനവും സമൃദ്ധിയും പാശ്ചാത്യപരിഷ്കാരവും മേൽക്കുമേൽ വർദ്ധിച്ചതു്.

കേശവപിള്ള പിന്നീടു് അനന്തപുരിഷ്ഠാനങ്ങളിലാണു ദൃഷ്ടിയെത്തിച്ചതു്. ഒന്നാമതായി അദ്ദേഹം രാജ്യത്തിലെ കൈത്തൊഴിലുകളും കച്ചവടവും നന്നാക്കുവാനും വർദ്ധിപ്പിക്കുവാനും വേണ്ട സകല ശ്രമങ്ങളും ചെയ്കയും കടൽത്തീരം പരിശോധിച്ചു് അവിടെ നല്ല ചില തുറമുഖങ്ങൾ സ്ഥാപിക്കുകയും ചെയ്തു. അക്കാലത്തു് ആലപ്പുഴ ക്വയിലോൺ കുരുമുളകു കടികയറ്റിപ്പോന്നിരുന്ന ഒരു കമ്പോളമായിരുന്നു. ദിവാൻ ആ പ്രദേശമെല്ലാം വെട്ടിത്തെളിയിച്ചു് അവിടെ ഒരു ക്ഷേത്രവും കോവിലകവും പാന്ഥികശാലയും സത്രവും മറ്റും പണിയിച്ചു തിരുനൽവേലി, ലങ്ക, കച്ചവടക്കാരെ ക്ഷണിച്ചുവരുത്തി. ഇതിന്റെ ഫലമെന്തായിരുന്നെന്നു നമുക്കു തന്നെ ഇപ്പോൾ അനുഭവമാണല്ലൊ. ദീർഘദർശിയായ ആ മന്ത്രിപുംഗവന്റെ പ്രയത്നഫലമായിട്ടാണ് ഇന്നത്തെ ആലപ്പുഴ, ധനികന്മാരായ കച്ചവടക്കാരുടേയും പ്രധാനപ്പെട്ട ആപ്പീസുകളുടേയും ഉത്തുംഗസൌധങ്ങളുടേയും ഇരിപ്പിടമായി പ്രശോഭിക്കുന്നതു് എന്നു നിസ്സംശയം പ്രസ്താവിക്കാം. നിസ്സാരതയിൽനിന്നു സമൃദ്ധിയുള്ള ഒരു കച്ചവടസ്ഥലമായി അദ്ദേഹം ഉയർത്തിക്കൊണ്ടുവന്ന മറെറാരു സ്ഥലമാകുന്നു കൊട്ടാരക്കര. ഇവിടത്തെ ഇന്നിച്ചരക്കുകൾ അന്നത്തെപ്പോലെ ഇന്നും ഇതരരാജ്യക്കാരുടെ അത്ഭുതാസൂയകൾക്കു പാത്രമായിത്തന്നെ വിളങ്ങുന്നു. കാട്ടുമരങ്ങളേപ്പോലും കേശ

വപിള്ള ബുദ്ധിപൂർവ്വം ഉപയോഗപ്പെടുത്തി, സർക്കാർ ചെലവിന്മേൽ കപ്പലുകൾ പണിയിച്ചു അന്യരാജ്യങ്ങളിലേക്കു കച്ചവടത്തിന്നയച്ചു ഇതിനൊല്ലാം പുറമെ, അദ്ദേഹം അന്നുണ്ടായിരുന്ന വഴികളും കച്ചവടസ്ഥലങ്ങളും നന്നാക്കിക്കുകയും പല സ്ഥലങ്ങളിലും പുതിയ റോഡുകളും അങ്ങാടികളും തുറക്കുകയും അനവധി പുഴകളുടെ മീതെ പാലങ്ങൾ പണിയിപ്പിക്കുകയും ചെയ്തു. ഈ നാട്ടിലെ ഫലപുഷ്ടിയുള്ള വയലുകൾ ദിവാൻ കേശവപിള്ളയുടെ ജ്ഞാനയത്നത്തെപുണ്യപ്രവർത്തികളുടെയും തൽഫലങ്ങളുടെയും ഉത്തമദൃഷ്ടാന്തങ്ങളാകുന്നു.

തിരുവിതാംകൂറിലെ സകല ക്ഷേത്രങ്ങളും ഉടനെ കേടുപാടുകൾ തീർത്തു നന്നാക്കപ്പെട്ടു. കച്ചേരികളും മറ്റു സർക്കാർ കെട്ടിടങ്ങളും നാടെങ്ങും നിറഞ്ഞുതുടങ്ങി. ഭരണകാര്യങ്ങൾക്കായി രാജ്യം അംശങ്ങളായും ഡിസ്ട്രിക്ടുകളായും വില്ലേജുകളായും തിരിക്കപ്പെടുകയും കാരാഴിക്കിലും മുതലെടുപ്പു, നീതിന്യായവിചാരണ മുതലായവ വേണ്ടുപോലെ നടത്തുവാൻ മജിസ്ട്രേട്ടിയും പ്രൊപ്പീയുമുള്ള ഉദ്യോഗസ്ഥന്മാർ നിയമിക്കപ്പെടുകയും ചെയ്തു. ഇവരുടെ ഉപയോഗത്തിന്നായി ഈ ദിവാൻ കേശവപിള്ള ക്രമീകരിച്ചിട്ടുള്ള നിയമങ്ങളും വ്യവസ്ഥകളും പിന്നീടു തിരുവിതാംകൂറിലെ എല്ലാ ദിവാൻമാരേയും അനുസരിപ്പാൻ നിർബന്ധിച്ചിരുന്നു. ഇതിനിടയിൽ രാജ്യരക്ഷാമാർഗ്ഗങ്ങൾ ഉപേക്ഷിക്കപ്പെട്ടില്ല. അവയെ പിന്നും ബലപ്പെടുത്തുകയും ഉദയഗിരിയിലെ ആയുധശാലയിൽ തിരക്കോടെ പണി നടത്തിക്കൊണ്ടിരിക്കുകയും ചെയ്തു. നാണ്യങ്ങൾ ധാരാളമായടിപ്പിച്ചു ദിവാൻ രാജ്യമെങ്ങും പ്രചരിപ്പിച്ചു ജനങ്ങൾക്കു വ്യാപാരസൗകര്യം തുലോം വർദ്ധിപ്പിച്ചു. സംഗീതം, നാട്യം മുതലായിട്ടുള്ള കലകൾക്കുടി കേശവപിള്ളയുടെ പ്രത്യേകശ്രദ്ധക്കും സഹായത്തിന്നും വിഷയീഭവിച്ചിരുന്നു. അനശ്വരങ്ങളായ തുള്ളലുകളുടെ കർത്താവായ കുഞ്ചൻനമ്പ്യാരും നളചരിതം ആട്ടക്കഥയുടെ നിർമ്മാ

രുവായ ഉണ്ണായിവാരിയരും മറ്റനേകം കലാകുശലന്മാരും രാജമന്ത്രിയുടെ സഹായമവലംബിച്ചു ഉൽക്കർഷത്തെ പ്രാപിച്ചു വിഖ്യാതരായിത്തീർന്നിട്ടുണ്ട്.

അന്നത്തെ ശമ്പന്നർ ജന്മവായിരുന്ന മൊണ്ണിങ്ങ്ടൺ പ്രഭുദിവാൻ കേശവപ്പിള്ളയുടെ ശുദ്ധസാമർത്ഥ്യവും രാഷ്ട്രീയനയജ്ഞതയും ഭരണനൈപുണ്യവും കണ്ടു സന്തുഷ്ടനായി അദ്ദേഹത്തിന്നു രാജാകേശവദാസ് എന്ന ബഹുമാനനാമം കല്പിച്ചുകൊടുത്തു. എങ്കാൽ കേശവപ്പിള്ളയും സന്താനങ്ങളും അനുഭവിക്കേണ്ടതായ ദുരവസ്ഥയിൽ കുറെ ഭ്രംശത്തു് അദ്ദേഹത്തിനെക്കൊണ്ടു സഹികഴിപ്പിക്കുവാൻ മഹാരാജാവു ചെയ്ത പ്രയത്നമെല്ലാം നിഷ്ഫലമായിപ്പോയി. അദ്ദേഹം തന്റെ സ്ഥിതിയും സ്വസ്വവും മഹാരാജാവിന്റെ കാരുണ്യത്തിന്റെ ഫലങ്ങളാണെന്നും അതുതന്നെ തനിക്കു് ഏറ്റവും വലുതായ പാരിതോഷികമാണെന്നും പറഞ്ഞു് ഒഴിഞ്ഞു കളഞ്ഞു. കേശവപിള്ളയുടെ ഈ ത്യാഗബുദ്ധിയുടെ ശക്തി നല്ലപോലെ വെളിവാകുന്നതു നാം മറ്റൊരു സംഗതി മനസ്സിലാക്കുമ്പോളാണു്. അദ്ദേഹം തനിക്കു മാസംതോറും ചിലവിന്നു മാത്രം അത്യാവശ്യമായിട്ടുള്ള സംഖ്യയല്ലാതെ സർക്കാരിൽനിന്നു സ്ഥിരമായി യാതൊരു ശമ്പളവും വാങ്ങിയിരുന്നില്ല.

ഇങ്ങിനെ സപാത്രചിതനായ ഈ മഹാൻ തന്റെ കൃത്യനിഷ്ഠയെ എപ്പോഴും പുരസ്കരിച്ചുകൊണ്ടു രാജ്യത്തിലെല്ലാ വിഷയങ്ങളിലും പരിഷ്കാരങ്ങൾ വരുത്തി തന്റെ രാജ്യത്തെ പരിഷ്കൃതരാജ്യങ്ങളുടെ മുന്നണിയിലേക്കു കൊണ്ടുവന്നു. എന്നാൽ തന്റെ മാതൃകാപുരുഷനായിരുന്ന മഹാരാജാവിന്റെ സ്വർഗ്ഗാരോഹണം കേശവപിള്ളയുടെ പ്രവൃത്തികൾക്കെല്ലാം ഒരു യവനികാതടസ്ഥമായിത്തീർന്നു. അതിന്നു ശേഷം, അദ്ദേഹത്തിന്നുതന്നെ ഒരു വലിയ മാറ്റം സംഭവിച്ചപോലെയിരുന്നു എന്നാണു പറഞ്ഞു കേട്ടിട്ടുള്ളതു്.

നാല്പതു സംവത്സരത്തെ രാജ്യഭാരത്തിന്നുശേഷം കാ

ത്തികതിരുനാൾ രാമവർമ്മ മഹാരാജാവു ഹിസ്സ് ഹൈനസ് ഫ്രീമ്പ്രുവ രി ഹൈദരാബാദിയ്ക്കു സപത്നീകനായി സപ്തംബർമാസം ഇരുപത്തൊന്നാം തീയതി പുറപ്പെട്ടു. തിരുമനസ്സിലെ രാജ്യഭാരകാലം തിരുവിതാംകൂർ ചരിത്രത്തിലെ സുവർണ്ണകാലമായിരുന്നുവെന്നാണ് എല്ലാവരും ഇന്നും വിചാരിച്ചുവരുന്നതു്. തിരുമനസ്സുകൊണ്ടു കേരളത്തമഹിന്ദു രാജാവായിരുന്നു. സർ. ടി. മാധവരാവു എന്ന മഹാൻ അദ്ദേഹത്തെപ്പറ്റി ഇങ്ങിനെയാണു പറയുന്നതു്. "ഇക്കാലത്തെ സ്ഥിതികളനുസരിച്ചു നോക്കുന്നതായാൽ കൂടി പ്രജാപാലനചതുരന്മാരായ രാജാക്കന്മാരുടെ കൂട്ടത്തിൽ തിരുമനസ്സുകൊണ്ടു് എത്രയും ഉയർന്ന ഒരു സ്ഥാനത്തെയാണലങ്കരിക്കുന്നതു്."

ഈ മഹാപുരുഷനെ പിന്തുടർന്നതു കേവലം ഒരു ബാലനായിരുന്നു. രാജ്യകാര്യത്തിൽ ശക്തിഹീനനും സേവന്മാരുടെ ഒരു വെറും കളിപ്പാവയും മാത്രമായിരുന്നു. സേവന്മാരിൽ പ്രധാനി ഒരു ജയന്തൻ ശങ്കരൻനമ്പൂതിരിയായിരുന്നു. അദ്ദേഹം ദിവാൻപദത്തെ കാംക്ഷിച്ചുകൊണ്ടിരിക്കുകയും തരമുള്ളപ്പോളൊക്കെയും കേശവപിള്ളയെപ്പറ്റിയുള്ള ദുരുപദേശങ്ങളാകുകൊണ്ടു രാജകുമാരന്റെ മനസ്സിനെ ദുഷിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. തീപ്പെട്ട മഹാരാജാവിന്റെ പള്ളിത്തണ്ടു് ഒരു ഘോഷയാത്രയ്ക്കുപയോഗിച്ചതിനും തിരുവിതാംകൂറിലെ ഫലപുഷ്ടിയുള്ള ഒരു പ്രദേശം ഏതോ ഒരു പ്രധാനിക്കു രാജാവിനെക്കൊണ്ടു നീട്ടെഴുതിക്കൊടുപ്പിച്ചതിനും ദിവാൻ കേശവപിള്ള നമ്പൂതിരിയെ പരസ്യമായിത്തന്നെ ശകാരിച്ചു. ഒരു ദിവസം മുഴുവനും പിന്തുടർന്നു ദിവാൻ തന്നെ നമ്പൂതിരിയുടെ കൂട്ടുകാരന്റെ കയ്യിൽനിന്നു നിർബന്ധപൂർവ്വകമായി കാര്യങ്ങളെല്ലാം ഒരു പിഷാരടിയുടെ കൂട്ടത്തിലെത്തി. ഉദ്ദിശിക്കുന്നവനായിരുന്ന നമ്പൂതിരിയുടെ ഉദ്ദേശമല്ലായിരുന്നില്ല. അദ്ദേഹത്തിന്റെ ഉപദേശപ്രകാരം രാജാകേശവദാസ് ജോലിയിൽനിന്നൊഴിയുവാൻ നിർബന്ധിതനായി. സപ്തംബർ പത്തൊമ്പതിൽത്തന്നെ താമസിച്ചിരുന്ന അദ്ദേഹം വളരെ താമസിയാതെ ഒരു ദിവസം

തന്റെ കിടപ്പറയിൽ നഷ്ടജീവനായി കിടക്കുന്നതു കാണപ്പെട്ടു. കേശവപിള്ളയുടെ മരണവൃത്താന്തം നാടെങ്ങും പരന്നു. ദുഃഖാന്ധകാരം സർവ്വദിക്കുകളിലും വ്യാപിച്ചു. ജനങ്ങളുടെ വ്യസനം അവർണ്ണനീയമായിരുന്നുവെന്നു മാത്രമെ പറയുവാൻ സാധിക്കയുള്ളൂ. വൻമാനമറിഞ്ഞ സർവ്വരും കുരുപോലെ കണ്ണുനീർ വാർത്തു കരഞ്ഞുതുടങ്ങി. ചിലർ കോപാന്ധരായി ലഹളയ്ക്കുകൂടി കരുമ്പെട്ടു. തിരുവിതാംകൂറുകാരുടെ പൂർവ്വസ്വത്തായ രാജ്യസ്ഥാനം മാത്രമാണ് അന്നു വലുതായിരുന്ന ഒരു ആപത്തിനെ തടഞ്ഞുനിർത്തിയതു്.

കേശവദാസ് വിഷപ്രയോഗംകൊണ്ടാണ് മരിച്ചതെന്നു ശങ്കിക്കുവാൻ തക്ക കാരണങ്ങളുണ്ടായിരുന്നു. ബ്രിട്ടീഷ് റസിഡേണ്ടു നമ്പൂതിരിയുടെമേൽ കുലക്കുറ്റം പരസ്യമായിത്തന്നെ ചുമത്തി കേസു നടത്തുവാനാരംഭിച്ചു. എന്നാൽ അല്പദിവസത്തെ ബന്ധനത്തിനുശേഷം ഒരു വിചാരണയെല്ലാം നടത്തിയെന്നു വരുത്തി നമ്പൂതിരിയെ വിട്ടയയ്ക്കുകയാണുണ്ടായതു്. അദ്ദേഹം വീണ്ടും കോവിലകത്തു വന്നുചേരുകയും മഹാരാജാവിന്റെ പ്രധാനസേവനായിത്തന്നെ ഇരിക്കുകയും ചെയ്തു. താമസിയാതെ രാജാവു നമ്പൂതിരിയെ ദിവാനാക്കി നിശ്ചയിച്ചു. പുതിയ ദിവാൻ തന്നെ ഭരണകാര്യങ്ങളിൽ സഹായിക്കുവാനായി തന്നെപ്പോലെ തന്നെ മര്യാദയില്ലാത്തവരായ രണ്ടുപേരെക്കൂടി തിരഞ്ഞെടുത്തു. അജ്ഞാനത്തിന്റെയും ദുർമ്മാർഗ്ഗങ്ങളുടെയും ദുഃഖത്തിന്റെയും നിവാസസ്ഥാനികളായിരുന്ന ഈ ത്രിമൂർത്തികൾ തങ്ങളുടെ രാജ്യഭാരമാരംഭിച്ചതു് എല്ലാ ജനങ്ങളുടെ പേരിലും ഖജനാവു നിറയ്ക്കുവാനെന്നു പറഞ്ഞു് ഒരു പ്രത്യേകവിധം ചുമത്തിക്കൊണ്ടാണ്. പണം പോയതു് അവരുടെ മടിശ്ശീലകളിലേക്കാണെന്നു പറയേണ്ടതില്ലല്ലൊ. വിധി കൊടുക്കാത്തവരെയെല്ലാം നമ്പൂതിരിദിവാന്റെ ശമ്പളക്കാർ കഠിനമായി ദ്രോഹിക്കയും ഉപദ്രവം സഹിപ്പാൻ കഴിയാതെ ജനങ്ങൾ വേലുത്തമ്പിയുടെ കീഴിൽ സംഘോജിച്ചു ലഹളകൊരുങ്ങുകയും ചെയ്തു. ശ്രീ

മുത്തികളെ പന്നിയിൽനിന്നു പിരിച്ചയച്ചതിനുശേഷം മാത്രമെ ജനങ്ങൾ സമാധാനപ്പെട്ടുള്ളൂ.

ഇന്നു ഈ നമ്പൂതിരിയുടെ പേർ ജനങ്ങൾ മറക്കുന്നുണ്ടെങ്കിൽ തന്നെ ആ പേർ രാജാകേശവദാസിന്റെ പേരോടുകൂടി അല്പം ബന്ധിച്ചിരിക്കുന്നതുകൊണ്ടു മാത്രമാണ്. ആ മഹാപുരുഷന്റെ നാമധേയമോ? തിരുവിതാംകൂർ സംസ്ഥാനത്തിൽ അതൊരു ദിവ്യമന്ത്രം തന്നെയാണ്. സ്വർഗ്ഗികളിൽനിന്നും അദ്ദേഹത്തിന്റെ ശ്രുതിഘോഷങ്ങളെയാണു നാം സ്വർഗ്ഗാ ശ്രവിക്കുന്നതു്. കാലം കഴിഞ്ഞുപോകുന്തോറും അദ്ദേഹത്തിന്റെ കീർത്തി മേൽക്കുമേൽ വർദ്ധിച്ചും പൂർവ്വാധികം പാവനമായുമാണു വരുന്നതു്.

നിഷ്കളങ്കമാഹാത്മ്യത്തിനു ദാരിദ്ര്യം ഒരിക്കലും ഒരു പ്രതിബന്ധമാകുകയില്ലെന്നുള്ള തത്വത്തിനു രാജാ കേശവദാസിന്റെ ജീവചരിത്രം പര്യാപ്തമായ ഒരുദാഹരണമാകുന്നു. കുലം, ധനം മുതലായ സഹായങ്ങൾ യാതൊന്നും കൂടാതെ ഇദ്ദേഹം എബ്രഹാംലിങ്കണെപ്പോലെയും ജെംസ് ഗാർഫീൽഡിനെപ്പോലെയും സ്വപ്രയത്നമഹിമകൊണ്ടു തന്നെ രാജ്യചരിത്രത്തിൽ മഹനീയപദം പ്രാപിച്ചു. കേവലം ഒരു ക്ഷത്രിയയുടെ പുത്രനായിരുന്നു, തിരുവിതാംകൂർ സംസ്ഥാനത്തിന്റെ സൈന്യാധിപതിയും രാജമന്ത്രിയുമായി. ഇദ്ദേഹത്തിന്റെ ജീവിതം ഒരു വലിയ ആത്മപരിത്യാഗംതന്നെയായിരുന്നു. രാജ്യത്തെ അപമാനത്തിൽനിന്നും ഒരു മുഹമ്മദീയ ആക്രമണത്തിൽനിന്നും രക്ഷിക്കുകയും മറ്റു രാജ്യങ്ങളുടെ ദുരാക്രമണത്തിനു പാത്രമാക്കി ഏറ്റവും ഉന്നതമായ ഒരു പദത്തെ പ്രാപിപ്പിക്കുകയും ചെയ്തു.

രണത്തിൽമുമ്പനവണ്ണം ഭൂമിപാലസദസ്സിലും
അനാഡംബരഭാവത്തിലുത്തമനാമിലുത്തമൻ.

ഇങ്ങനെ നിഷ്കളങ്കമായ ധീരമനസ്സിനോടുചേർന്ന ബുദ്ധിമാഹാത്മ്യം ഇത്രയധികം കീർത്തിയുള്ളതായിത്തീർന്നതിനെ ഇല്ലെന്നു പറയാം.

ഒരു സമയം അദ്ദേഹത്തിന്റെ ചരിത്രം വർണ്ണിച്ചു വരാൻ ആരാലും സാധിക്കയില്ലായിരിക്കാം. എങ്കിലും അദ്ദേഹം കാണിച്ചുതന്നിട്ടുള്ള വിശിഷ്ടോദാഹരണത്തെ ഇക്കാലത്തുള്ള അല്പന്മാരായ നമ്മളും സന്തോഷപൂർവ്വം അനുകരിക്കുവാൻ ശ്രമിക്കേണ്ടതാണ്. അദ്ദേഹത്തിന്റെ രാജഭക്തിയും ആജീവനാന്തമുണ്ടായിരുന്ന കൃത്യനിഷ്ഠയും സഹോദര്യസ്നേഹവും എന്നും എല്ലാവർക്കും മാതൃകാപാഠങ്ങളായിരിക്കട്ടെ. സത്യത്തിനും സത്തിനും അദ്ദേഹത്തിനുണ്ടായിരുന്ന പ്രതിപത്തിയാണു നാം പ്രത്യേകം പഠിച്ചിരിക്കേണ്ടതു്. കള്ളകളെപ്പോലെ ജീവിതം വ്യർത്ഥമാക്കിക്കളയാതെ സല്കർമ്മങ്ങളും ചെയ്തു സൽഫലങ്ങൾ സമ്പാദിപ്പാൻ ശ്രമിക്കയാണ് എല്ലാവരും വേണ്ടതെന്നുള്ള മഹത്തത്വമാണ് ഈ മഹാനായ ദേശാഭിമാനിയുടെ ജീവചരിത്രം നമ്മെ പഠിപ്പിക്കുന്നതു്.

ഭ്രവാസത്തെവെടിഞ്ഞു ഭ്രമിഹ്രണപുരൻ
തൽകൃത്യമെല്ലാംകഴി-
ഞ്ഞാപുരനിൽ പരിപൂർണ്ണവിശ്രമസുഖം
സേവിച്ചു ശോഭിക്കയാം
ശ്രീവാച്ചിങ്കു വിളങ്ങിടുന്ന നിതരാ-
മെന്നാകിലും സദ്യശോ-
ഭാവാപ്തിക്കൊരുമാർഗ്ഗദർശി മഹിതാ-
നന്ദാസ്പദം തൽപഥം.